

# സുബ്രഹ്മണ്യദാസ്—ഇന്നും

സമാഹരണം: പി. കെ. അശോക് കുമാർ

# സുബ്രഹ്മണ്യദാസ്—ഇന്നും

സമാഹരണം:

പി. കെ. അശോക് കുമാർ

സായാഹ്ന ഫൗണ്ടേഷൻ

തിരുവനന്തപുരം

2020

Subrahmaniadas–innum
Compilation, politics
By P. K. Ashok Kumar
First published: 2013

Copyright ©, 2013-2020, P. K. Ashok Kumar.

First published: 2013 May.

Second edition: 2020 April.

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Drawn One, a painting by Paul Klee (1879–1940). The image has been taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

കെ. ജി. സുബ്രഹ്മണ്യദാസ് (1958–1982)
1958-ൽ തൃശ്ശൂർ ജില്ലയിൽ പെരിഞ്ഞനത്ത് ജനിച്ചു.
കുടക്കര ഗോപാലകൃഷ്ണൻ–പാർവതി എന്നിവരുടെ ഏകമകൻ.
അച്ഛൻ, സ്വയം വിശേഷിപ്പിക്കാറുള്ളതു പോലെ ജവാനായിരുന്നു.
അമ്മ എ. എം. എൽ. പി. സ്കൂളിൽ അദ്ധ്യാപികയായിരുന്നു.
ദാസ് ആദ്യം അവിടേയും പിന്നീട് ആർ. എം. ഹൈസ്കൂൾ,
ക്രൈസ്റ്റ് കോളേജ് (ബി. എസ്സി. കെമിസ്ട്രി).
1978-ൽ സി. പി. ഐ. (എം. എൽ) പാർട്ടിയിൽ ചേർന്നു.
1981-ൽ വയനാട്ടു ജില്ലാ സെക്രട്ടറിയായിരിയ്ക്കെ
പാർട്ടിയിൽ നിന്നും പോന്നു.
1982 വരെ സജീവമായ വായനയും എഴുത്തും.

# ഉള്ളടക്കം


ഉള്ളടക്കം v

ദാസ് ഇന്നും vii

വായനാനുഭവം ix

അധികാരം, പ്രതിരോധം, ഓർമ്മ x

ദാസിനെക്കുറിച്ച് xvii

ആത്മവേദനയുടെ പിടച്ചിൽ xxi

1 കേരളത്തിന്റെ ദേശീയ പ്രശ്നം 2
- 1.1 സാമ്പത്തികാടിത്തറയിലെ മാറ്റങ്ങൾ . . . 3
- 1.2 ഉപരിഘടനയിലെ പ്രശ്നങ്ങൾ . . . 4
- 1.3 സാമൂഹ്യ അപചയത്തിന്റെ ഘട്ടം . . . 5
- 1.4 വൈരുദ്ധ്യാധിഷ്ഠിത രീതിയുടെ പ്രാധാന്യം . . . 6

2 നമ്മുടെ കാലഘട്ടത്തിന്റെ ആത്മീയ പ്രതിസന്ധി 7
- 2.1 ആത്മീയതയിൽ നിന്ന് ആശയങ്ങളിലേക്ക് . . . 11

3 തലശ്ശേരിയിലെ ആർ. എസ്. എസ്.–സി. പി. എം. സംഘട്ടനം 13

4 പുത്തൻ കോളനിയിലെ മനുഷ്യാവസ്ഥയ്ക്ക് ഒരാമുഖം 25
- 4.1 സ്ത്രീയും പുരുഷനും . . . 28

5 കാഞ്ചനസീത 32

6 ഈ കുറ്റബോധത്തെ നിങ്ങൾ എന്തുചെയ്യും? 36

7 ഭാരതിപുരം 39

8 ഒരു രീതിക്കായുള്ള അന്വേഷണം 42

9 സാംസ്കാരികവിപ്ലവം: പരസ്പരവിരുദ്ധമായ രണ്ടു വീക്ഷണങ്ങൾ 45

10 രീതിയുടെ പ്രശ്നത്തെക്കുറിച്ച് 53

11 രീതിയെക്കുറിച്ചു തന്നെ 56

12 പോളെമിക്സ് അല്ല 62

13 ആദ്യം രീതിയുടെ പ്രശ്നം തന്നെ തീരുമാനിക്കുക 65

14 കത്തുകൾ 70
14.1 രീതിയെക്കുറിച്ചു വീണ്ടും . . . . . . . . . . . . . . . . . . . . . . . . . . 70

15 ദാസിന്റെ കത്തുകൾ 78

അനുബന്ധങ്ങൾ 164

കെ. ജി. സുബ്രഹ്മണ്യദാസ് 165

ഒഴിഞ്ഞമുറി 168

ക്രൈസ്റ്റ് കോളേജ് മാഗസിൻ 1978: വിദ്യാഭ്യാസചർച്ച 181
15.1 Communist International . . . . . . . . . . . . . . . . . . . . . . . . . 232

# ദാസ് ഇന്നും

ദാസ് ബാക്കിവെച്ച കുറിപ്പുകളും മുമ്പു പ്രസിദ്ധീകരിച്ച ലേഖനങ്ങളും, ബ്രഹ്മപുത്രനും സച്ചിദാനന്ദനും വെങ്കിടേശ്വരനും എഴുതിയ കത്തുകളും ചേർത്ത് ഒരു ആൽബം മുപ്പതുവർഷംമുമ്പ് ഹരിഃശ്രീ പ്രസ്സിൽ അച്ചടിച്ചിരുന്നു. അതിനുശേഷം പലപ്പോഴും പലരും അതിന്റെ പുനഃപ്രകാശനത്തിനുവേണ്ടി ശ്രമിച്ചിട്ടുണ്ട്. അവന്റ മരണം ഒരു സൗകര്യമായി കണ്ട് അവൻ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കാത്ത കാര്യങ്ങൾ പ്രസിദ്ധീകരിക്കുന്നത് ശരിയല്ല എന്നചിന്ത എല്ലാശ്രമങ്ങളേയും തടഞ്ഞു. മൂന്നുവർഷം മുമ്പ് പ്രസക്തി പബ്ലിഷേഴ്സിലെ സജു കുറെ പ്രിന്റ്ഔട്ടുകളുമായിവന്നു. പതിവുപോലെ പിരിച്ചുവിടാനുള്ള ശ്രമത്തിനിടെ ഒരു പേജ് വായിച്ചുനോക്കാനിടയായി. തീരുമാനം മാറിയത് പെട്ടെന്നായിരുന്നു. ആവർത്തിച്ചുള്ള വായനകൾക്കുശേഷം ഈ പുസ്തകം പുതിയ തലമുറയ്ക്കായി വിപുലീകരിച്ചു പ്രസിദ്ധീകരിക്കണം എന്നു തോന്നി. കാർട്ടൂണിസ്റ്റ് ഉണ്ണിയും വെങ്കിടേഷ് രാമകൃഷ്ണനും സഹായത്തിനെത്തി—അങ്ങനെ ഈ പുസ്തകം.

> ഈ പുസ്തകം യാഥാർത്ഥ്യമാകാൻ സഹായിച്ചവർ:
> കെ. എച്ച്. ഹുസൈൻ: തനതു മലയാളം ലിപിയിലേയ്ക്ക് എത്തിച്ചു; കവിയൂർ ബാലൻ: പ്രേരണയുടെ ആവശ്യമുള്ള ഏതാണ്ട് എല്ലാ ലക്കങ്ങളും സംഘടിപ്പിച്ചുതന്നു; പ്രസാദ്: ഒരിയ്ക്കലും കിട്ടില്ലെന്നുറപ്പിച്ച ആർ. എസ്. എസ്. – മാർക്സിസ്റ്റ് സംഘട്ടനത്തെപ്പറ്റിയുള്ള ലേഖനത്തിന്റെ പിഡിഎഫ് അയച്ചു തന്നു.

പൂർണ്ണരൂപത്തിലുള്ള ലേഖനങ്ങൾ പുനഃപ്രസിദ്ധീകരണങ്ങളാണ്. ‘കാഞ്ചനസീത’ ആദ്യമായി വരുന്നത് ക്രൈസ്റ്റ് കോളേജിന്റെ 1978-79 മാഗസിനിൽ കെ. പി. ജോസ് എന്ന പേരിലാണ്. കത്തുകളിൽ ചിലത് 1977-79 കാലത്തും ബാക്കിയുള്ളവയെല്ലാം പാർട്ടിവിട്ടതിനുശേഷം എഴുതിയവയുമാണ് (1981 മുതൽ 82 ജൂലൈ 14). 1982 ജൂലൈ 14-ാംനു വടക്കാഞ്ചേരിക്കടുത്ത് ഓട്ടുപാറ എന്ന സ്ഥലത്ത് വൈകുന്നേരം ഏഴുമണിക്ക് കൊച്ചിൻ മദ്രാസ് എക്സ്പ്രസ്സ് അവന്റെ ചിന്തകൾക്ക് വിരാമമിട്ടു.

അനുബന്ധമായി ചേർത്തിരിക്കുന്ന ശീർഷകമില്ലാത്ത കുറിപ്പ് മരണത്തിനു ശേഷം പോലീസുകാർ തന്നതാണ്. ചെറുകുറിപ്പുകൾ തന്റെ രാജിക്കത്തിനു വേണ്ടി തയ്യാറാക്കിക്കൊണ്ടിരുന്ന നോട്ടുകളാണ്. ആ കത്ത് ഒരിയ്ക്കലും അയയ്ക്കുകയുണ്ടായില്ല.

മൂന്നാം വർഷ ബിരുദപഠനത്തിനു ശേഷം പരീക്ഷ എഴുതാതെ ദാസ് സി.പി.ഐ. (എം.എൽ.) പാർട്ടിയിൽ ചേർന്നു. വയനാടുജില്ലയായിരുന്നു പാർട്ടി നിശ്ചയിച്ച പ്രവർത്ത

നമണ്ഡലം. ഒരു വർഷത്തോളം ക്വാറിയിൽ കല്ലുടച്ചും എസ്റ്റേറ്റുകളിൽ കൂലിവേലചെയ്തും പാർട്ടി കെട്ടിപ്പടുക്കാനുള്ള പ്രാഥമിക നടപടികൾ കൈക്കൊണ്ടു. അക്കാലത്തെ രാഷ്ട്രീയ ഉണർവ്വിന്റെ ഫലമായി വയനാട്ടുജില്ലയിൽ ശക്തമായ അടിത്തറകെട്ടിപ്പടുക്കാനുള്ള ശ്രമത്തിൽ ദാസ് സജീവ പങ്കുവഹിച്ചു. കേണിച്ചിറയിലെ രണ്ട് ഉന്മൂലനസമരങ്ങളിലും നേതൃത്വത്തിലുണ്ടായിരുന്നു. പാർട്ടിവിടുമ്പോൾ വയനാട്ടു ജില്ലാ സെക്രട്ടറിയായിരുന്നു. സമൂഹത്തിലുയരുന്ന ഓരോ ചോദ്യത്തിനും ഉത്തരം കണ്ടെത്താനുള്ള ബാദ്ധ്യത തനിക്കുണ്ടെന്നു ദാസ് ഉറച്ചു വിശ്വസിച്ചിരുന്നതായി തോന്നിയിട്ടുണ്ട്. ശരിയായ അർത്ഥത്തിൽ ഒരു നേതാവിന്റെ മാനസികഘടനയായിരുന്നതിനാലായിരിക്കണം, അണിയായി അഴുകിത്തീരാൻ അവൻ വിസമ്മതിച്ചു. തനിക്ക് ഉത്തമബോദ്ധ്യമില്ലാത്ത ഉത്തരങ്ങൾ സമൂഹത്തിനുമേൽ അടിച്ചേല്പിക്കാനും ഒരുക്കമല്ലായിരുന്നു. തന്റെ ജീവിതകാലത്ത് അങ്ങനെയൊരുത്തരത്തിലേയ്ക്കെത്തിച്ചേരാനുള്ള വിദൂരസാദ്ധ്യതപോലുമില്ലെന്ന് അവന്റെ തീക്ഷ്ണവായനയാലും മനനങ്ങളാലും ബോദ്ധ്യപ്പെട്ടപ്പോഴായിരിക്കണം തന്റെ മരണം ഒരു പൊള്ളലായെങ്കിലും അനുഭവപ്പെട്ട് ഈ സമൂഹം ഒന്നു ചിന്തിച്ചുതുടങ്ങുകയെങ്കിലും ചെയ്യട്ടെ എന്നവൻ കരുതിയത്.

ആത്മഹത്യയെക്കുറിച്ച് ഒരാഴ്ചമുമ്പ് എന്നോടു പറഞ്ഞപ്പോഴും, അതേസ്ഥലത്തുപോയി മടങ്ങിവന്ന് ‘too beautiful a place for suicide’ എന്നു റിപ്പോർട്ടുചെയ്തപ്പോളും അവനെപ്പിന്തിരിപ്പിയ്ക്കാൻ വേണ്ടത്ര ജ്ഞാനം എനിയ്ക്കില്ലെന്ന് ബോദ്ധ്യമുണ്ടായിരുന്നു. (ശേഷമുള്ള മുപ്പതു വർഷക്കാലത്തെ കേരളത്തിലെ സാമൂഹ്യരംഗം എനിയ്ക്കു മറിച്ചുതോന്നാനിടതന്നിട്ടുമില്ല) കേരളത്തിലെ ദേശീയപ്രശ്നത്തെക്കുറിച്ചും പാർട്ടിയിലെ സൈദ്ധാന്തികപ്രശ്നങ്ങളെക്കുറിച്ചും ദാസ് തയ്യാറാക്കിയ ലേഖനങ്ങൾ, ഒരു എക്സർസൈസ് എന്ന നിലയിൽ, കെ.വേണുവിനു സമർപ്പിച്ചിരുന്നു. അതിന്റെ മറുപടിയ്ക്കുവേണ്ടി, ചിയ്യാരത്ത് ഒരു യോഗത്തിൽ പങ്കെടുത്തിരുന്ന വേണുവിനെ കാത്തുനില്ക്കുമ്പോൾ ദാസിന്റെ കൂടെ ഞാനുമുണ്ടായിരുന്നു. എത്ര ധാർഷ്ട്യത്തോടെയാണ്, ആ ലേഖനങ്ങളുടെ മടക്കിയ കടലാസുകൾ പുറങ്കൈകൊണ്ടു തിരിച്ചുകൊടുത്ത് “നൃലെഫ്റ്റുകാർ പറയുന്നതിലപ്പുറമൊന്നും ഇതിലില്ല” എന്ന നാലു വാക്കുകൾ ഉച്ചരിച്ചത് എന്ന് ഞാൻ ഇപ്പോഴും ഓർക്കുന്നു. രണ്ടോ മൂന്നോ വർഷങ്ങൾക്കുശേഷം ഇരിഞ്ഞാലക്കുടയിൽവെച്ച്, മത്തായി മാഞ്ഞൂരാൻ ജന്മശതാബ്ദി ആഘോഷച്ചടങ്ങിൽ ബാഡ്ജു ധരിച്ചുനിന്ന് കെ. വേണു തന്നെ കേരളത്തിന്റെ ദേശീയപ്രശ്നങ്ങളെക്കുറിച്ച് പ്രസംഗിയ്ക്കുന്നതു കേൾക്കാനും കഴിഞ്ഞു.

തത്ത്വചിന്ത, രാഷ്ട്രീയം, ചിത്രകല, സിനിമ, സാഹിത്യം… ഇങ്ങനെ ദാസിന്റെ വായനയുടെ മേഖല വിപുലവും വൈവിദ്ധ്യമാർന്നതുമായിരുന്നു. ഈ പുസ്തകത്തിൽ ഉപയോഗിച്ചിരിയ്ക്കുന്ന എല്ലാ ചിത്രങ്ങളും, ദാസ് സംഭാഷണങ്ങൾക്കിടയിൽ എന്റെ കോളേജ് നോട്ടുപുസ്തകങ്ങളുടെ മാർജിനിലും മറ്റും കോറിയിട്ടിരുന്നവയാണ്.

— പി. കെ. അശോക് കുമാർ

# വായനാനുഭവം

— ഉണ്ണി, ഇ. പി.[1]

സുബ്രഹ്മണ്യദാസ് എഴുതിയകാര്യങ്ങളിൽ താല്പര്യമുണ്ട്. എഴുതിയതൊന്നും വായിച്ചിട്ടില്ല. സ്വയം പീഡനത്വര ഒട്ടുമില്ല. ഇവ മൂന്നംതികഞ്ഞ വായനക്കാരെ തേടിയിറങ്ങിയ അശോക്കുമാറാണ് ഈ ലേഖനങ്ങളും കത്തുകളും എന്നെ ഏല്പിച്ചത്. ഇവ മിക്കവാറും 1980-കളുടെ തുടക്കത്തിൽ എഴുതിയതാണ്. അതിനു മുമ്പേ അന്നത്തെ വിദൂരകേരളത്തിനു പുറത്തു ജോലി ചെയ്യുന്ന എനിക്ക് ദാസിനെപ്പറ്റി കേട്ടറിവെ ഉള്ളൂ. പുനർവായനയുടെ സങ്കീർണ്ണതകളില്ലാത്ത ആദ്യവായനയ്ക്കൊടുവിൽ തോന്നിയ ചിലതു കുറിക്കുന്നു.

ദാസിന്റെ എഴുത്തിൽ അസ്വസ്ഥമായ ഒരു കാലം ഉണ്ട്. അടിയന്തിരാവസ്ഥയ്ക്കുശേഷം ഇരുട്ടിവെളുത്ത ഇടതുപ്രത്യാശകൾ ദിക്കറ്റുപോയ അനുഭവം. ഈ ദുരവസ്ഥയ്ക്ക് ആനുപാതികമായ അപ്രസന്നത ദാസിന്റെ ഗദ്യത്തിൽ ഇല്ല. സംഘർഷം ഉണ്ട്. അതു പക്ഷേ, ദാസിനെ കൂടുതൽ വായിക്കാനും കൂട്ടുകൂടാനും പ്രേരിപ്പിച്ചതായി കാണാം. സാംസ്കാരിക അറിവാളി എന്ന സ്വയം ബോധത്തേക്കാൾ ഒരു സാമൂഹികജീവിയുടെ വിനിമയവാഞ്ഛയും.

ദാസ് പോയിട്ടു കൊല്ലം മുപ്പതായി. ഇതിനിടെ ജനിച്ച ഒറ്റ പെൺ-ആൺതരിയെ നാട്ടിലെ ഇന്നത്തെ ഇടതുസദസ്സുകളിൽ കാണുന്നില്ല. കാലാകാലമായി കനംവെച്ചുവരുന്ന ഭാഷയിലാണ് ഇടതുസംവാദം നടക്കുന്നത്. എഴുത്തുപോയിട്ട് ടി.വി. ചാനലിലെ ഇടപെടലുകളിൽപോലും ഈ ഗരുഡൻരുക്കം കാണാം.

ചെറുപ്പക്കാരെ അരാഷ്ട്രീയത്തിൽനിന്നു വീണ്ടെടുക്കണം എന്ന സദുദ്ദേശം പരക്കെയുണ്ട്. ഇതിനുതകുന്ന ഭാഷാസാദ്ധ്യതകൾ ദാസിലുണ്ട്.

ചൂടേറിയ ഒരു കാലത്തു നടന്ന, ആത്മീയംമുതൽ അതിവിപ്ലവംവരെ സർവ്വരാഷ്ട്രീയച്ചുരുക്കെഴുത്തുകളെയും ചെറുത്തുനിന്ന, ഇരുപത്തിനാലാം വയസ്സിൽ അവസാനിച്ച, ഈ എഴുത്തിൽ ഹിംസ അശേഷമില്ല.

ന്യൂഡെൽഹി
03.06.2012.

[1] ചീഫ് പൊളിറ്റിക്കൽ കാർട്ടൂണിസ്റ്റ്, ഇന്ത്യൻ എക്സ്പ്രസ്സ്, ന്യൂഡെൽഹി.

# അധികാരം, പ്രതിരോധം, ഓർമ്മ

— വെങ്കിടേഷ് രാമകൃഷ്ണൻ[2]

2012 ജൂലായ് മാസത്തിന്റെ ആദ്യവാരം ലണ്ടനിലെ 'ദി ഗാർഡിയൻ' പത്രം പ്രസിദ്ധീകരിച്ച രാഷ്ട്രീയ വിശകലനങ്ങളിൽ പ്രധാനപ്പെട്ട ഒന്ന് 'എന്തുകൊണ്ട് മാർക്സിസം വീണ്ടും ഉയർന്നുകൊണ്ടിരിയ്ക്കുന്നു' (Why Marxism is on the rise again?) എന്നുള്ളതായിരുന്നു. നൂറ്റിയറുപത്തിനാലുവർഷംമുമ്പ് മാർക്സും എംഗൽസും ചേർന്ന് സർവ്വരാജ്യ തൊഴിലാളികളെ സംഘടിയ്ക്കാൻ ആഹ്വാനംചെയ്യുകയും നഷ്ടപ്പെടാൻ വിലങ്ങുകൾമാത്രം, കിട്ടാനുള്ളത് പുതിയൊരുലോകം എന്നുദ്ഘോഷിയ്ക്കുകയും ചെയ്യുമ്പോൾ നിലവിലുണ്ടായിരുന്ന ലോകവ്യവസ്ഥയും അതിൽനിന്നുയിർകൊണ്ട വർഗ്ഗസമരസിദ്ധാന്തവും അക്കാലത്ത് നിലനിന്നിരുന്നത്ര ലളിതമായല്ല ഇന്നു നിലനില്ക്കുന്നത് എന്നു ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ലേഖനം ആരംഭിയ്ക്കുന്നതുതന്നെ. 'വർഗ്ഗസമരം അന്ന് നേരെ വാ നേരെ പോ രീതിയിലായിരുന്നു' എന്ന് സ്റ്റുവാർട് ജഫ്രീസ് എടുത്തുപറയുന്നു. ഇന്നു തൊഴിലാളിവർഗ്ഗം മുതലാളിത്തത്തെ കുഴിച്ചുമൂടുന്നതിനുപകരം 'അതിന്റെ ജീവൻനിലനിർത്താനുള്ള സഹായം ചെയ്തുകൊടുക്കുകയാണ്' എന്നും ജഫ്രീസ് ചൂണ്ടിക്കാട്ടി. "ലോകത്തിലെ ഏറ്റവും വലിയ, അക്ഷരാർത്ഥത്തിൽ ഭൂമിശാസ്ത്രപരമായും ജനസംഖ്യാപരമായും അതിബൃഹത്തായ, ചൈനയിലെ സോഷ്യലിസ്റ്റ് വിപ്ലവത്തിനുകീഴിൽ അമിത അദ്ധ്വാനഭാരത്തോടെയും കൂലികുറവോടെയും പണിയെടുത്തുകൊണ്ടിരിക്കുന്ന ലക്ഷക്കണക്കിനു തൊഴിലാളികളാണ് ഇന്നു പടിഞ്ഞാറൻ രാജ്യങ്ങളിലെ മദ്ധ്യവർഗ്ഗത്തിന്റെയും ഉപരിവർഗ്ഗത്തിന്റെയും ഐ-പാഡുകൾ ചലിപ്പിച്ചുകൊണ്ടിരിയ്ക്കുന്നത്; മറ്റുവാക്കുകളിൽപറഞ്ഞാൽ 'ചൈന'യുടെ പണമാണ് പാപ്പരായ അമേരിക്കയെ നിലനിർത്തിക്കൊണ്ടിരിയ്ക്കുന്നത്." ഗാർഡിയൻ ലേഖനം നിരീക്ഷിയ്ക്കുന്നു. ഈ വിരോധാഭാസം ആഗോളതലത്തിൽതന്നെയുള്ള മാർക്സിസ്റ്റ് ചിന്തകർ ഉൾക്കൊള്ളുകയും പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ട്. ഫ്രഞ്ച് മാർക്സിസ്റ്റ് ചിന്തകനായ ജാക്വസ് റാഞ്ചിയർ ഇങ്ങനെ പറയുന്നു: "ഇന്നു മുതലാളിത്തത്തിന്റെ ആഗോള അധീശത്വം ആശ്രയിക്കുന്നത് ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടി തദ്ദേശീയമല്ലാത്ത മുതലാളിത്തസംരംഭങ്ങൾക്കുനല്കുന്ന കുറഞ്ഞ കൂലിയുള്ള തൊഴിൽപടയിലാണ്."

[2] അസ്സോസ്സിയേറ്റ് എഡിറ്റർ, ദ ഹിന്ദു/ഫ്രണ്ട്ലൈൻ, ന്യൂ ഡൽഹി.

ഒരുപക്ഷേ, ഈ വിരോധാഭാസം തന്നെയാവണം മാർക്സിലേയ്ക്കും അദ്ദേഹത്തിന്റെ രാഷ്ട്രീയ മൂലധനമാസ്റ്റർപീസായ ദാസ് കാപിറ്റലിലേയ്ക്കും കൂടുതൽ കൂടുതലായി ജനശ്രദ്ധ ഈ അവസരത്തിൽ തിരിച്ചുവിടുന്നത്. ലോകവ്യാപകമായി ദാസ് കാപിറ്റലിന്റെ വില്പനയും പഠനവും വർധിച്ചുവരുന്നതായി കണക്കുകൾ കാണിക്കുന്നുണ്ട്. ആഗോളവത്കരണത്തിന്റെ സാർവ്വദേശീയമായ വ്യാപനവും സമീപകാലത്ത് Occupy Wall Street പോലുള്ള ചെറുത്തുനില്പപ്രസ്ഥാനങ്ങളുമൊക്കെ മാർക്സിന്റെ പ്രസക്തി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലാവസ്ഥയിലേയ്ക്കു തന്നെയാണ് വിരൽചൂണ്ടുന്നത്. ഗാർഡിയൻ ലേഖനത്തിൽ ഈ കാലാവസ്ഥയുടെ മൂർത്തമായ മറ്റുചില പ്രതിഫലനങ്ങളിലേയ്ക്കുകൂടി വിരൽചൂണ്ടുന്നുണ്ട്. ജൂലായ് 2012-ൽ തന്നെ ലണ്ടനിൽ സോഷ്യലിസ്റ്റ് വർക്കേഴ്സ് പാർട്ടി ആസൂത്രണം ചെയ്തു നടത്തുന്ന 'പഞ്ചദിന മാർക്സിസം ഫെസ്റ്റിവ'ലിൽ പങ്കെടുക്കുന്ന യുവതീയുവാക്കളുടെ എണ്ണം മുൻവർഷങ്ങളേക്കാൾ വർദ്ധിച്ചുവരികയാണെന്നുള്ളത് ഈ മൂർത്ത പ്രതിഫലനത്തിന്റെ ദൃഷ്ടാന്തമാണെന്നും ഗാർഡിയൻ ചൂണ്ടിക്കാട്ടുന്നു. മാർക്സിസം ഫെസ്റ്റിവലിൽ പങ്കെടുക്കുന്ന യുവതീയുവാക്കളിൽ ചിലർ പാർലമെന്ററി ജനാധിപത്യത്തിനപ്പുറത്ത് അറബ്നാട്ടുകളിലെ മുല്ലപ്പൂവസന്തത്തിലും മറ്റും കണ്ടതുപോലെ ജനകീയപ്രക്ഷോഭത്തിലൂടെ അധികാരമാറ്റം വികസിത-വികസ്വര യൂറോപ്പിലും സാദ്ധ്യമാണ് എന്നു വിശ്വസിക്കുന്നതായും ഗാർഡിയൻ കണ്ടെത്തി.

ഗാർഡിയൻ ലേഖനം തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്റ്റുവാർട് ജഫ്രീസ് നിരവധി ചെറുപ്പക്കാരെ ഇന്റർവ്യൂ ചെയ്യുകയുണ്ടായി. ഈ ഇടപഴകലുകൾ പലതലങ്ങളിൽ ശ്രദ്ധേയമായിരുന്നു എന്നു ജഫ്രീസ് സൂചിപ്പിച്ചിട്ടുണ്ട്. ഇക്കൂട്ടത്തിൽ സംസാരിച്ച ജസ്വീന്ദർ ബ്ലാക്വൽപാൽ എന്ന ഇരുപത്തിരണ്ടുകാരി മാർക്സിസത്തെ താനും കൂട്ടുകാരും ഇപ്പോൾ എങ്ങിനെയാണു കാണുന്നതെന്നു വെളിവാക്കുന്നുണ്ട്. സോവിയറ്റ് യൂണിയൻ നിലനിന്നിരുന്നകാലത്ത് അതിനു മാർക്സിസവുമായുണ്ടായിരുന്ന ബന്ധത്തിന്റെ തലത്തിലല്ല ഇപ്പോഴത്തെ ചെറുപ്പക്കാർ ഇതിനെ കാണുന്നതും വിലയിരുത്തുന്നതും എന്ന് ജഫ്രീസുമായുള്ള അഭിമുഖത്തിൽ ജസ്വീന്ദർ വ്യക്തമാക്കുന്നുണ്ട്. മറിച്ച്, "ഞങ്ങൾ ഇപ്പോൾ നടക്കുന്ന കാര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള ഒരു വഴിയെന്ന നിലയിലാണ് കൂടുതലായി മാർക്സിസത്തെ കാണുന്നത്. ഈജിപ്തിൽ നടന്നത് എന്താണെന്നു നോക്കൂ. മുബാറക്ക് ഭരണം നിലംപതിച്ചപ്പോൾ എത്രയെത്ര മുൻവിധികളാണു തകിടം മറിഞ്ഞത്. മുസ്ലിം ലോകത്ത് ജനാധിപത്യത്തിനു വേണ്ടി ആരെങ്കിലും പൊരുതും എന്ന് ആരു കരുതി? നിസ്സംശയം, വിപ്ലവം എന്ന പ്രക്രിയയുടെ സാധൂകരണമാണത്. വിപ്ലവത്തെ ഒരു സംഭവം എന്ന നിലയിൽ നോക്കിക്കാണാനല്ല അതു പ്രേരിപ്പിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ ഈജിപ്തിൽ ഒരു വിപ്ലവമുണ്ടായി, പിന്നെ ഒരു പ്രതിവിപ്ലവവും അതിനുപിന്നെ ഒരു പ്രതി-പ്രതിവിപ്ലവവും. ഇതെല്ലാം അടിവരയിടുന്നത് സംഘടനയുടെ പ്രാധാന്യത്തിലേയ്ക്കു തന്നെയാണ്." ഇംഗ്ലീഷുഭാഷയും നാടകകലയുംപഠിയ്ക്കുന്ന ആ ഇരുപത്തിരണ്ടുകാരി മാർക്സിസത്തിന്റെ അനുഭവത്തെ പുതിയതലമുറ എങ്ങിനെയാണു സ്വീകരിക്കുന്നതും സ്വാംശീകരിയ്ക്കാൻ ശ്രമിയ്ക്കുന്നതും എന്നു വെളിപ്പെടുത്തുന്നു.

താത്ത്വികതലത്തിൽ ഫ്രഞ്ച് മാവോയിസ്റ്റ് ചിന്തകൻ അലൈൻ ബദിയു കമ്മ്യൂണിസ്റ്റ് ചിന്തകളുടെ ആഗോളവ്യാപനത്തിന്റെ മൂന്നാംവരവിനും ഈ കാലാവസ്ഥയെ മുൻനിറുത്തി ആഹ്വാനംചെയ്യുന്നു. ബദിയുവിന്റെ അഭിപ്രായത്തിൽ 1792-ലെ ഫ്രഞ്ചുവിപ്ലവം മുതൽ 1871-ൽ പാരീസ് കമ്മ്യൂൺ വിപ്ലവകാരികൾ കൊല്ലപ്പെടുന്നതുവരെയുള്ള കാലം കമ്മ്യൂണിസ്റ്റ് ആശയങ്ങളുടെ ഒന്നാംവരവിനെ കുറിക്കുന്നു. രണ്ടാംവരവ് സോവിയറ്റ് വിപ്ലവം നടന്ന 1917-ൽ തുടങ്ങി മാവോ

സേദോങ്ങിന്റെ സാംസ്കാരികവിപ്ലവം തകർന്ന 1976-വരെ നിലനിന്നു. സമകാലിക ആഗോള സ്ഥിതി സുവിദിതമായ ഒരു മൂന്നാംവരവിലേയ്ക്കു നയിക്കേണ്ടതാണ് എന്നു തന്നെയാണ് ബദിയുവിന്റെ പക്ഷം.

മാർക്സിസത്തിൽ താല്പര്യം ഉയർന്നുവരുന്ന ഈ പുതിയ സ്ഥിതിവിശേഷത്തെ പരാമർശിച്ചുകൊണ്ട് മാർക്സിസ്റ്റ് ചരിത്രകാരനായ എറിക് ഹോബ്സ്ബ്വാം പറയുന്നത് ഈ താല്പര്യം സോഷ്യലിസത്തിന്റെ പരമ്പരാഗത മാതൃകകളിലോ സോവിയറ്റ് കാലഘട്ടത്തിൽ നിലനിന്നിരുന്ന സോഷ്യലിസ്റ്റ് സമ്പ്രദായങ്ങളോടുള്ള അനുകൂലപ്രതികരണമായോ വളർന്നുവരാൻ സാദ്ധ്യതയില്ല എന്നാണ്. ഹോബ്സ്ബ്വാമിന്റെ അഭിപ്രായത്തിൽ സ്വകാര്യമൂലധനത്തിന്റെ കുമിഞ്ഞുകൂടലിന് എതിരായും ആഗോളതലത്തിലുള്ള സാമൂഹിക-സാമ്പത്തിക നിർവ്വഹണത്തിലേയ്ക്കുള്ള ഒരു നീക്കത്തിനനുകൂലമായുമുള്ള വരുന്ന സാഹചര്യം സൃഷ്ടിക്കുന്നതായിരിക്കും ഈ പുതിയ താല്പര്യം. "എന്തെല്ലാം രീതികളിലും രൂപങ്ങളിലുമാണിതു പ്രതിഫലിക്കുക എന്നോ മാർക്സും എംഗൽസും വിഭാവനംചെയ്ത കമ്മ്യൂണിസത്തിന്റെ മാനുഷികമൂല്യങ്ങൾ അവ എത്രമാത്രം ഉൾക്കൊള്ളുമെന്നോ ഇപ്പോൾ ഉറപ്പിച്ചുപറയാൻ കഴിയില്ല. ഈ താല്പര്യത്തിന്റെ ഭാഗമായി വളർന്നുവന്നേക്കാവുന്ന രാഷ്ട്രീയനീക്കങ്ങളെയാണ് അത് ആശ്രയിച്ചിരിക്കുക" — ഹോബ്സ്ബ്വാം പറയുന്നു.

ഈ സമകാലിക അവസ്ഥയിൽ ദാസിന്റെ രചനകളിലേയ്ക്കും കത്തുകളിലേയ്ക്കും മറ്റുമുള്ള ഒരു തിരിഞ്ഞുപോക്ക് അത്യന്തം പ്രസക്തമാണ്. സോഷ്യലിസ്റ്റ് പ്രയോഗത്തിന്റെയും അതുമായി ബന്ധപ്പെട്ട താത്ത്വികസംവാദങ്ങളുടെയും ഇന്ത്യയിലെ, പ്രത്യേകിച്ചു കേരളത്തിലെ അവസ്ഥകളെ അത്ഭുതകരമായ ദീർഘദർശിത്വത്തോടെ പ്രതിപാദിക്കുന്നവയാണ് ദാസ് എൺപതുകളുടെ തുടക്കത്തിൽചെയ്ത കൃതികൾ. ഏതാണ്ട് മൂന്നുപതിറ്റാണ്ടിനുശേഷം വർദ്ധിതമായ സാമൂഹികരാഷ്ട്രീയ പ്രസക്തിയോടെ, പുതിയ തലമുറയുടെ, സാർവ്വദേശീയതലത്തിൽതന്നെ, മാർക്സിസത്തോടുള്ള സമീപനത്തെ മുൻകണ്ടും സ്വാംശികരിച്ചും ഉള്ളതാണീ രചനകൾ.

അടിസ്ഥാനപരമായി മൂന്നുതലങ്ങളിലാണ് സുബ്രഹ്മണ്യദാസിന്റെ രചനകൾ സ്ഥിതിചെയ്യുന്നത്. ഒന്ന്, ആധുനികജീവിതത്തിന്റെ വ്യത്യസ്തമാനങ്ങളുടെ മാർക്സിയൻ വിശകലനങ്ങളുടെ തലത്തിൽ. വിവിധങ്ങളായ സാമൂഹിക ജീവിതപ്രക്രിയകൾ, മതം, സാംസ്കാരികപ്രശ്നങ്ങൾ, സാഹിത്യം, സിനിമ എന്നിവയോടെല്ലാമൊപ്പം ദൈനംദിനജീവിതത്തിലെ സാധാരണ കൊടുക്കൽവാങ്ങലുകൾവരെ പരാമർശവിഷയമാവുന്നു. രണ്ടാമതായി, മാർക്സിസത്തോടുതല്പരരായ പുതുതലമുറയിലെ ജസ്വിന്ദർ ബ്ലാക്വെൽപാലുമാർ പറയുന്നതുപോലെ സംഘടനയുടെ പ്രാധാന്യം തിരിച്ചറിയുകയും അതിനെ വിശകലനംചെയ്യുകയുംചെയ്യുന്ന രചനകൾ. എൺപതുകളിൽ നിലനിന്നിരുന്ന വിവിധങ്ങളായ ഇന്ത്യൻ ഇടതുപക്ഷ സംഘടനാരൂപങ്ങളിൽ നടമാടിയ വ്യത്യസ്തങ്ങളായ വരട്ടുതത്ത്വവാദത്തേയും ഏകാധിപത്യ-സ്വേച്ഛാധിപത്യ പ്രവണതകളേയും തുറന്നുകാട്ടുന്നതാണ് ഈ വിഭാഗത്തിൽപെട്ട രചനകൾ. മൂന്നാമത്തെ തലം ഇതുമായിചേർന്നുതന്നെ വികസിക്കുന്ന രാഷ്ട്രീയസംഘടനാരീതികളെക്കുറിച്ചുള്ള ചർച്ചയാണ്. രാഷ്ട്രീയക്രിയാത്മകതയുടെ ഏറ്റവും ഉയർന്നരൂപങ്ങളിലേയ്ക്കുയരുന്ന ഈ രചനകൾ നടേ പരാമർശിച്ച ദീർഘദർശിത്വത്തിന്റെ ദൃഷ്ടാന്തങ്ങളാണ്.

ഈ രചനകളുടെയെല്ലാം വ്യക്തതയും മൂർച്ചയും സംവേദനശേഷിയുമൊക്കെ ആത്യന്തികമായി നിലയുറപ്പിക്കുന്നത് ദാസിന്റെ സമഗ്രമായ ചരിത്രബോധത്തിലാണ്. അക്കാദമിക പുസ്തകങ്ങളിൽനിന്നോ താത്ത്വികഗ്രന്ഥങ്ങളിൽനിന്നോ യാന്ത്രികമായി ഒപ്പിയെടുത്ത ചരിത്രബോ

ധമല്ല ഇതെന്ന് ഓരോ രചനയിലേയും nuances വ്യക്തമാക്കുന്നു. ആശയപരവും ഭാഷാപരവുമായ കാറ്റഗറികളുടെ നവീനമായ ഉപയോഗത്തിലും സ്വകീയമായ ഒരു ചിന്താധാര ദാസിന്റെ രചനകളിൽ ആവർത്തിച്ചു വെളിവാകുന്നുണ്ട്.

താൻ കടന്നുപോവുന്ന സാമൂഹിക-ജീവിതാവസ്ഥകളിൽ പൂർണ്ണമായും ആമഗ്നനായി, അതിൽനിന്നുയർന്നുവരുന്ന പ്രവണതകളുമായും ആശയ-സാംസ്കാരിക സരണികളുമായും നിരന്തരം സംവദിച്ചുകൊണ്ടുമാത്രമേ ഇടതുപക്ഷരാഷ്ട്രീയപ്രവർത്തനവും സാംസ്കാരികപ്രവർത്തനവും ക്രിയാത്മകമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയൂ എന്ന ബോദ്ധ്യവും ഈ രചനകളിൽ ആവർത്തിച്ചു ദൃശ്യമാവുന്നുണ്ട്. 'കേരളത്തിന്റെ ദേശീയപ്രശ്നം' എന്ന ചെറുലേഖനത്തിൽ നല്കിയിട്ടുള്ള അടിക്കുറിപ്പിൽപോലും സ്വന്തംജീവിതാവസ്ഥകളുടെ ഉൾക്കൊള്ളലിന്റെ (involvement) പ്രാധാന്യം ദാസ് ഊന്നുന്നുണ്ട്. ലേഖനത്തിന്റെ ആമുഖത്തിൽ ഇങ്ങനെ പറയുന്നു: "മുതലാളിത്തരാജ്യങ്ങളിൽനിന്നും വ്യത്യസ്തമായ സാമൂഹ്യവികാസഗതിയാണ് അധിനിവേശിതരാജ്യങ്ങൾക്കും പുത്തൻ അധിനിവേശിതരാജ്യങ്ങൾക്കും ഉള്ളത്. ഈ രാജ്യങ്ങളുടെ വിപ്ലവസമരങ്ങളിൽത്തന്നെ രണ്ടു വ്യത്യസ്തപ്രവണതകൾ കാണാനാവും. വിപ്ലവപൂർവ്വചൈനയിലോ, അല്ലെങ്കിൽ ദേശീയസ്വയംനിർണ്ണായവകാശത്തിനായി സമരംചെയ്യുന്ന നാഗാമിസോ ദേശീയ ജനവിഭാഗങ്ങൾക്കിടയിലോ സാമ്രാജ്യത്വശക്തികൾക്ക് തങ്ങളുടെ സ്വാധീനം നിർണ്ണായകമാക്കാൻ കഴിഞ്ഞിട്ടില്ല. ഇത്തരം പ്രദേശങ്ങളിൽ സാമ്രാജ്യത്വത്തിന് തകർക്കാനോ, ആഴത്തിൽ സ്വാധീനംചെലുത്താനോ കഴിഞ്ഞിട്ടില്ലാത്ത സ്വന്തം ദേശീയ ഐക്യത്തിൽ ഊന്നിനിന്നുകൊണ്ടാണ് വിപ്ലവശക്തികൾ സാമ്രാജ്യത്വത്തിനും ജനവിരുദ്ധശക്തികൾക്കുമെതിരായ പോരാട്ടങ്ങൾ നടത്തുന്നത്. മാത്രമല്ല, ഈ പോരാട്ടത്തിലൂടെ തങ്ങളുടെ ദേശീയതയെ വികസിപ്പിക്കുകകൂടി ചെയ്യുന്നുണ്ട് അവർ." ഈ വരികളുടേതായ അടിക്കുറിപ്പിൽ ദാസ് ഇങ്ങനെ കൂട്ടിച്ചേർക്കുന്നു: "റഷ്യയുടേയോ ചൈനയുടേയോ വിപ്ലവചരിത്രങ്ങൾക്കു കൊടുക്കുന്നത്രപോലും പ്രാധാന്യം നാം കേരളത്തെക്കുറിച്ചുള്ള പഠനങ്ങൾക്കു നല്കുന്നില്ല എന്നതാണ് കയ്പുനിറഞ്ഞ യാഥാർത്ഥ്യം. നാം ഗോർക്കിയെയും ബ്രെഹ്റ്റിനെയും ലൂഷുണിനെയും കുറിച്ച് ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നു. കുമാരനാശാനെയും ഉറൂബിനെയും ഇടശ്ശേരിയെയും അവഗണിക്കുന്നു. കഴിഞ്ഞ മൂന്നുവർഷത്തിനിടയ്ക്ക് പുറത്തിറങ്ങിയ പ്രേരണയുടെ താളുകൾതന്നെ ഇതിനു സാക്ഷി."

ബാഹ്യമായ മാനദണ്ഡങ്ങളും വിശകലന-സംവേദനരീതികളും വെച്ചുകൊണ്ട് ഇടതുപക്ഷരാഷ്ട്രീയം ജനങ്ങളിലേക്കെത്തിയ്ക്കാൻ ശ്രമിയ്ക്കുന്നതിന്റെ അപചയസാദ്ധ്യതകൾ ദാസ് നിരന്തരമായി തിരിച്ചറിഞ്ഞിരുന്നു. ദാസിന്റെ രചനകളിലൂടെ വീണ്ടും കടന്നുപോവുമ്പോൾ ഈ തിരിച്ചറിവ് ഇത്രയും ശക്തമായരീതിയിൽ പ്രതിഫലിച്ച മറ്റൊരു ഇടതുപക്ഷ സൈദ്ധാന്തികൻ നമുക്കുണ്ടായിരുന്നോ എന്നുള്ള സംശയംതന്നെ മുൻനില്ക്കും. 'നമ്മുടെ കാലഘട്ടത്തിന്റെ ആത്മീയപ്രതിസന്ധി' എന്ന ലേഖനത്തിലെ ആദ്യവാചകങ്ങൾതന്നെ ഈ സവിശേഷതയുടെ ദൃഷ്ടാന്തമാണ്. "ആത്മീയം എന്ന വാക്ക് ഞാനുപയോഗിക്കുന്നത് ബോധപൂർവ്വം തന്നെയാണ്. ആശയം, ആദർശം, പ്രത്യയശാസ്ത്രം എന്നീ പദങ്ങളാണ് സാമൂഹ്യശാസ്ത്രത്തിൽ ഇതിനു പകരം നില്ക്കേണ്ടത്. പക്ഷേ, ഒരു പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കേരളത്തിന്റെ ഇന്നത്തെ സാമൂഹ്യവ്യവസ്ഥ ഈ പദങ്ങളുടെ സമൂർത്തപ്രകാശനത്തെ അനുവദിക്കാത്തവിധം സംഘർഷപൂർണ്ണമാണ്. നമ്മുടെ എല്ലാ പ്രകാശനവിധങ്ങളും ഛേദിച്ചുകളയുന്ന വർത്തമാന അവസ്ഥ പലപ്പോഴും ഏതെങ്കിലും രൂപത്തിലുള്ള ഭീകരതയിലൂടെയാണ് അതിന്റെ വിഘ

ടനത്തെ അതിജീവിക്കുന്നത്. 1981 ഏപ്രിലിന്റെ തുടക്കത്തിൽരാഷ്ട്രീയ സ്വയം സേവക് സംഘും സി.പി.ഐ.എമ്മും തമ്മിൽ തുടർസംഘട്ടനങ്ങൾ നടന്ന തലശ്ശേരിയിലെയും പ്രാന്തപ്രദേശങ്ങളിലെയും തെരുവുകളിലൂടെയും ഗ്രാമങ്ങളിലൂടെയും സഞ്ചരിച്ചുകൊണ്ട് ദാസ് എഴുതിയ 'തലശ്ശേരിയിലെ ആർ.എസ്എസ്.- സി.പി.എം. സംഘട്ടനം' എന്ന ലേഖനം ഈ അവസ്ഥയുടെ നിത്യജീവിത പ്രതിഫലനത്തിന്റെ ഒരു പരിച്ഛേദം അവതരിപ്പിക്കുന്നുണ്ട്. ഒരേസമയം സൂക്ഷ്മവും വസ്തുനിഷ്ഠവുമായ പത്രപ്രവർത്തനത്തിന്റയും ആഴത്തിലുള്ള സാമൂഹിക ശാസ്ത്രവിശകലനത്തിന്റെയും ചരിത്ര ആഖ്യാനത്തിന്റെയും ഉദാത്തമായ ഒരു കൂടിച്ചേരൽ നാം കാണുന്നു. സമകാലികചരിത്രത്തിൽ ഈ പ്രദേശത്തെ സംഘർഷങ്ങൾ ഉണ്ടാക്കിയിട്ടുള്ള പുതിയമാനങ്ങളുടെ വിവരണം കൊണ്ട് ഈ ചരിത്ര ആഖ്യാനം സവിശേഷമാകുന്നു. ലേഖനം ആരംഭിക്കുന്നതു തന്നെ സാമൂഹികപ്രതിസന്ധിയും ഭീകരതയും എങ്ങനെ ഒന്നുചേർന്നിരിക്കുന്നു എന്നുകാണിച്ചു കൊണ്ടാണ്:

കുരുതിക്കളം: ഏപ്രിൽ ആദ്യം കൊലപാതകങ്ങൾ നടന്ന കൊട്ടയാടിയിലെയും ഡയമൺമുക്കിലെയും ജനങ്ങൾ അവയെക്കുറിച്ച് എന്തെങ്കിലും അഭിപ്രായപ്രകടനങ്ങൾ നടത്താൻ മടികാണിച്ചു. ഭീതി അവരുടെ യഥാർത്ഥ വികാരവിചാരങ്ങളെ മറച്ചുവെച്ചിരുന്നു. ഈ രണ്ടു സ്ഥലങ്ങളിലും ഒരു രാഷ്ട്രീയപാർട്ടിയുടെയും പ്രവർത്തകരല്ലാത്ത രണ്ടു കുട്ടികളാണ് കൊലചെയ്യപ്പെട്ടത്. കൊട്ടയാടിയിൽ സി.പി.എമ്മിന്റെയും ഡയമൺമുക്കിൽ ആർ.എസ്.എസ്സിന്റെയും നേതൃത്വത്തിൽ തടഞ്ഞിട്ട ബസ്സിൽവെച്ച് തങ്ങൾക്കുമുമ്പിൽ ഈ നിരപരാധികൾ വെട്ടിമുറിക്കപ്പെട്ടപ്പോൾ ഓടി സ്വന്തം ജീവൻ രക്ഷിക്കാനാണ് ജനങ്ങൾ ശ്രമിച്ചത്. വർഷങ്ങളായി ഇവിടങ്ങളിൽ നടമാടുന്ന ഈ പൈശാചികതയുടെ ഫലമായി എല്ലാ മാനുഷികവികാരങ്ങൾക്കും മേൽ ഭയം ആധിപത്യം ചെലുത്തിക്കഴിഞ്ഞിരിക്കുന്നു. ജനങ്ങൾ രാത്രി വീട്ടിനു പുറത്തിറങ്ങാൻ മടിക്കുന്നു. അപരിചിതരെക്കണ്ടാൽ അവർക്കു ഭയമാണ്. സംഘർഷം രൂക്ഷമായിത്തീരുന്ന സന്ദർഭങ്ങളിൽ കടകൾ തുറക്കാനും ജോലിസ്ഥലത്തേക്കു പോകാനും ആളുകൾ ഭയപ്പെട്ടിരുന്നു. ഇപ്പോൾ അതു മാറിയിട്ടുണ്ടെങ്കിൽതന്നെ അതിന്റെ അവശിഷ്ടങ്ങൾ നിലനില്ക്കുന്നു. ഇനിയെപ്പോൾ വേണമെങ്കിലും സംഘർഷം വീണ്ടും പൊട്ടിപ്പുറപ്പെടാം.'

ഭീതിയുടെ അവശിഷ്ടങ്ങൾ നിലനില്ക്കുന്ന, എപ്പോൾ വേണമെങ്കിലും സംഘർഷം വീണ്ടും പൊട്ടിപ്പുറപ്പെടാം എന്ന ഈ പ്രദേശവിവരണം മൂന്നു പതിറ്റാണ്ടിനിപ്പുറം ഒരുമാറ്റവുമില്ലാതെ ആവർത്തിക്കാമെന്നുള്ളത്, അത്തരം ആവർത്തനം നമ്മുടെ സമകാലിക അവസ്ഥയെ ഏറെക്കുറെ കൃത്യമായി അവതരിപ്പിക്കുന്നു എന്നുള്ളത്, ദാസിന്റെ വിശകലനത്തിന്റെ ദൂരക്കാഴ്ചയെപ്പറ്റിമാത്രമല്ല നമ്മെ ബോദ്ധ്യപ്പെടുത്തുന്നത്. ഒരു സമൂഹമെന്നനിലയിൽ കേരളം കടന്നുപോകുന്ന ആശയപരവും ആദർശപരവും പ്രത്യയശാസ്ത്രപരവുമായ നിശ്ചേഷ്ടാവസ്ഥ കൂടിയാണ്.

ഈ അവസ്ഥയുടെ ചരിത്രപരമായ വിശകലനം 'നമ്മുടെ കാലഘട്ടത്തിന്റെ ആത്മീയ പ്രതിസന്ധി' എന്ന ലേഖനത്തിൽ ദാസ് കുറച്ചുകൂടി വിശദമായി അവതരിപ്പിക്കുന്നുണ്ട്. പോർച്ചുഗീസ് അധിനിവേശത്വത്തിന്റെ ഘട്ടംമുതൽ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനം വരെയുള്ള കാലയളവിന്നിടയിൽ കേരളത്തിന്റെ സാമൂഹ്യജീവിതം സ്വന്തം ആവശ്യകതകൾക്ക് അനുയോജ്യമാംവിധം ആശയങ്ങളും ആദർശങ്ങളും ആദർശസംഹിതകളും രൂപപ്പെടുത്തുകയും സ്വയം മുന്നേറുകയും ചെയ്തുപോന്നിട്ടുണ്ട്. കേരളത്തിൽ നിലവിലിരുന്ന ജന്മി-നാടുവാഴിത്ത സാമൂഹ്യഘടനയെ നാശോന്മുഖമാക്കുന്നതിൽ അന്തിമമായ പങ്കുവഹിച്ചത് കമ്മ്യൂണിസ്റ്റ്പ്രസ്ഥാനമാണ്. നാമാവശേഷമായിക്കൊണ്ടിരിക്കുന്ന പഴയ സാമൂഹ്യഘടനയും പുതുതായി രൂപംകൊള്ളുന്ന മുതലാളിത്ത

സ്വഭാവമുള്ള സാമൂഹ്യഘടനയും തമ്മിലുള്ള സംഘർഷമാണ് ഇന്നത്തെ ആത്മീയ പ്രതിസന്ധിക്ക് ആധാരമായിട്ടുള്ളത്.”

എൺപതുകളുടെ ആദ്യവർഷങ്ങളിലെ കേരളീയസമൂഹത്തെ ചരിത്രപരമായ വിശകലനത്തിനു വിധേയമാക്കുന്ന ഈ ലേഖനം ദാസിന്റെ ആത്യന്തികമായ ആത്മഹത്യയിലേയ്ക്കുനയിച്ച രാഷ്ട്രീയ-ദാർശനിക നിരാശയുടെ വ്യക്തമായ സൂചനകൾ നല്കുന്നുണ്ട്. ‘ആത്മീയതയിൽനിന്ന് ആശയങ്ങളിലേയ്ക്ക്’ എന്ന ഉപശീർഷകത്തിനുകീഴെ ദാസ് ഇങ്ങനെയെഴുതുന്നു: “ഇന്നത്തെ പ്രതിസന്ധിയെ അഭിമുഖീകരിക്കാൻ നമ്മെ സഹായിക്കുന്ന ഒരു പ്രത്യയശാസ്ത്രവും നമുക്കിന്നില്ല. കഴിഞ്ഞകാലങ്ങളിൽ ഈ നാടിന്റെ സാമൂഹ്യജീവിതത്തെ മുന്നോട്ടുനയിച്ചിരുന്ന ആശയങ്ങളും ആദർശങ്ങളും പ്രത്യയശാസ്ത്രങ്ങളും ഇന്നും പ്രസക്തമാണെന്ന് നാം തെറ്റിദ്ധരിച്ചിട്ടുണ്ട്. രൂക്ഷമായ യാഥാർത്ഥ്യം ആ ധാരണകളുടെ അന്തഃസാരശൂന്യത നമ്മെ എപ്പോഴും ബോദ്ധ്യപ്പെടുത്തിത്തന്നിട്ടുണ്ട്. ആശയങ്ങളിലൂടെയോ ആദർശങ്ങളിലൂടെയോ പ്രകാശനം കണ്ടെത്താനാകാത്ത നഗ്നമായ ആത്മീയതയുടെ വിഭ്രാന്തി നാമെല്ലാം അനുഭവിച്ചിട്ടുണ്ട്. അല്ലാത്തപ്പോൾ ഭീകരതയിലൂടെ അതിനെ മറികടക്കാൻ ശ്രമിച്ചിട്ടുണ്ട്.” മൂന്നുപതിറ്റാണ്ടിനിപ്പുറം കേരളീയസമൂഹം, അന്തഃസാരശൂന്യമായ വിഭ്രാന്തികളിലും ഭീകരതകളിലും കുടുങ്ങിക്കിടക്കുകയാണ് എന്നുതിരിച്ചറിയാൻ ഉതകുന്ന ഒരായിരം ലക്ഷണങ്ങൾ നമുക്കിടയിലുണ്ട്.

രാഷ്ട്രീയപ്രതിബദ്ധതകൾക്കും സാമൂഹിക-സാംസ്കാരികഘടനകൾക്കും പ്രത്യയശാസ്ത്രചട്ടക്കൂടുകൾക്കും അപ്പുറത്തേയ്ക്ക് നിരന്തരമെന്നോണം കളംമാറ്റി ച്ചവിട്ടുന്ന മുൻനിരരാഷ്ട്രീയ നേതൃത്വമായും ഏറ്റവും ചെറിയ ജനാധിപത്യപരമായ ഭിന്നാഭിപ്രായത്തെപ്പോലും ആക്രമണത്തിലൂടെയും സംഘടിതമായ ഒറ്റപ്പെടുത്തലുകളിലൂടെയും നേരിടുന്ന ഭീകരതയായും ഇതു പ്രതിഫലിക്കുന്നു. ഈ വിഭ്രാന്തിയിലും ഭീകരതയിലും ഒരുപോലെ നിറഞ്ഞുനിൽക്കുന്ന, അല്ലെങ്കിൽ ഒരു പ്രബലഘടകമായി നിലനില്ക്കുന്നത് അധികാരവും അതിനോടൊപ്പമുള്ള സാമ്പത്തികനേട്ടങ്ങളും കയ്യടക്കുന്നതിനുള്ള ജുഗുപ്സാവഹമായ ത്വരയാണ്. ഇതിനെ പ്രതിരോധിയ്ക്കാൻ പര്യാപ്തമായ ആശയപരമോ താത്ത്വികമോ ആയ ഇടപെടലുകളും കഴിഞ്ഞ മൂന്നുപതിറ്റാണ്ടിന്റെ കേരളത്തിൽ ഉണ്ടായിട്ടില്ല. മറ്റുവാക്കുകളിൽ പറഞ്ഞാൽ, നടേ സൂചിപ്പിച്ച ജുഗുപ്സാവഹമായ അധികാര-സാമ്പത്തിക കയ്യാളൽ പ്രവണതയുടെ ഭാഗം തന്നെയായിരുന്നു ആശയരംഗത്തും താത്ത്വികരംഗത്തുമുള്ള പ്രവർത്തനങ്ങളും.

ഈയൊരവസ്ഥാവിശേഷവും ദാസിന്റെ രചനകളിൽ പ്രവാചകസ്വഭാവത്തോടെ കടന്നുവന്നിരുന്നു.

“സാമൂഹ്യപ്രകൃതിക്കും മനുഷ്യപ്രകൃതിക്കുംനേരിട്ട അന്യവത്കരണം ബുദ്ധിപരമായ ജീവിതത്തെ മൂർത്തമായ ജീവിതത്തിൽനിന്നും ഏറെ അകറ്റിക്കഴിഞ്ഞിരിക്കുന്നു. ഇടതുപക്ഷതാത്ത്വികരചനകൾതന്നെ, ജഡമായ അമൂർത്തഘടനകളിലേയ്ക്കുള്ള സ്വയംഅന്യവത്കരണത്തിലാണ് കലാശിച്ചിട്ടുള്ളത്.” ഇതിന്റെ തുടർച്ചയായി ദാസ് പറയുന്നു: “അധികാരത്തിനെതിരെ അധികാരം എന്ന പഴയ ഇടതുപക്ഷരാഷ്ട്രീയവീക്ഷണം ഇന്ന് കേരളത്തെ സംബന്ധിച്ചിടത്തോളമെങ്കിലും അപ്രസക്തമായിക്കഴിഞ്ഞിട്ടുണ്ട്... മനുഷ്യന്റെ ബോധമണ്ഡലത്തിനകത്തു നടക്കുന്ന ഈ വർഗ്ഗസമരത്തിന്റെയും ബാഹ്യലോകവുമായി അതിനുള്ള സങ്കീർണ്ണബന്ധത്തിന്റെയും ഗണങ്ങളും നിയമങ്ങളും കണ്ടെത്തുകയെന്നതാണ് ഇന്ന് ഒരു മാർക്സിസ്റ്റിനു ചെയ്യാനുള്ളത്. വ്യവസ്ഥയുടെ യാന്ത്രികവത്കരണത്തിനെതിരായുള്ള മനുഷ്യമനസ്സിന്റെ ചെറുത്തുനില്പിന്റെ ഭാഗമായി വ്യവസ്ഥാപിതത്വത്തിന്നെതിരായ ജീവിതരൂപങ്ങളും ബോധപൂർവ്വമായോ

അബോധപൂർവ്വമായോ സൃഷ്ടിക്കപ്പെടുന്നുണ്ട്. ഉപസമൂഹങ്ങളുടെയും അധോലോകങ്ങളുടെയും രൂപങ്ങളിൽ പ്രകടമാകുന്ന ഈ വിരുദ്ധജീവിതങ്ങളും അവയുടെ സംസ്കാരങ്ങളും അധികാരവ്യവസ്ഥയുടെതന്നെ പുതിയൊരു സമതുലിതാവസ്ഥ നല്കുന്നുണ്ട്. ഇവയിൽ ബഹുഭൂരിഭാഗവും വളരെ പെട്ടെന്നു തന്നെ വ്യവസ്ഥയുടെ ഭാഗമായി ആഗിരണം ചെയ്യപ്പെടുന്നുണ്ടെങ്കിൽപോലും, അവയിലെല്ലാം പൊതുവായി കാണപ്പെടുന്ന യാന്ത്രികതയ്ക്കെതിരായ നിഷേധസ്വഭാവം അധികാരവ്യവസ്ഥയുടേതായ സുദീർഘകാലയളവിലൂടെ ആവർത്തിച്ച് പ്രത്യക്ഷപ്പെട്ടുകൊണ്ടേയിരിക്കും. എല്ലാത്തരം മനുഷ്യത്വരാഹിത്യങ്ങൾക്കുമെതിരായി പ്രത്യക്ഷപ്പെടുന്ന ഈ ജ്വലിക്കുന്ന മനുഷ്യത്വത്തിന്റെ രൂപങ്ങളെ ഉൾക്കൊള്ളാനുള്ള വിശാലവും ചലനോന്മുഖവുമായ സൈദ്ധാന്തിക പരിസരം സൃഷ്ടിക്കുകയെന്നത് ഇന്ന് മാർക്സിസം നേരിടുന്ന പ്രധാന വെല്ലുവിളിയാണ്."

കേരളത്തിലെ ഇടതുപക്ഷം ഏറ്റെടുക്കേണ്ട സമകാലികദൗത്യവും കർത്തവ്യവും എന്താണെന്ന് ഈ വാക്കുകളിലൂടെ സംക്ഷിപ്തമായി അവതരിപ്പിക്കുന്നു ദാസ്. പക്ഷേ, നേതൃത്വതലത്തിലോ സംഘടനയുടെ ചട്ടക്കൂടിന്റെ തലത്തിലോ ഈയൊരു ദൗത്യവും കർത്തവ്യവും ഏറ്റെടുക്കാനുള്ള തയ്യാറെടുപ്പോ ക്രിയാത്മകതയോ ജനാധിപത്യബോധമോ നിലനില്ക്കുന്നില്ല എന്നു തന്നെയാണ് കടന്നുപോവുന്ന ഓരോദിവസവും നമ്മെ ബോധ്യപ്പെടുത്തുന്നത്.

മൂന്നുപതിറ്റാണ്ടിനുമുമ്പ്, താൻ സജീവമായി പ്രവർത്തിച്ചിരുന്ന ഇടതുപക്ഷ പ്രസ്ഥാനത്തിനകത്തു നിന്ന് ദാസിന് നിരന്തരമായി നേരിടേണ്ടിവന്നതും സമാനമായ ശൂന്യസ്ഥലങ്ങൾ തന്നെയാണ്. 'കേരളത്തിലെ സമൂർത്തയാഥാർത്ഥ്യത്തെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ വിപ്ലവപ്രസ്ഥാനത്തിനുണ്ടാവുന്ന പ്രശ്നങ്ങളെ പൂർണ്ണമായും വിഘടിയ്ക്കുകയും' അതിന്റെ സ്ഥാനത്ത് സാർവ്വദേശീയ അനുഭവങ്ങളെക്കുറിച്ചുള്ള നേതൃത്വത്തിന്റെ പരാമർശങ്ങൾ അടിച്ചേല്പിക്കുകയും ചെയ്യുന്നതുമായ ഒരു നേതൃത്വമാണ് ദാസിന് അന്നു തന്റെ പ്രസ്ഥാനത്തിനകത്തു ലഭിച്ചത്. അന്നു കെ. വേണുവിലൂടെ പ്രതിനിധാനം ചെയ്തു എന്നു ദാസ് വിശ്വസിച്ച 'അധികാരത്തിനെതിരെ അധികാരം' എന്ന പഴയ ഇടതുപക്ഷരാഷ്ട്രീയ വീക്ഷണം പലരൂപങ്ങളിൽ, പലഭാവങ്ങളിൽ, പലവ്യക്തികളിലൂടെയും സ്ഥാപനങ്ങളിലൂടെയും സമ്പ്രദായങ്ങളിലൂടെയും നിറഞ്ഞാടുന്ന കാഴ്ചയാണ് സമകാലികകേരളം കണ്ടുകൊണ്ടിരിയ്ക്കുന്നത്.

മൂന്നുപതിറ്റാണ്ടിനിടെ എല്ലാരാഷ്ട്രീയപ്രസ്ഥാനങ്ങളിലും, പ്രത്യേകിച്ച് ഇടതുപക്ഷരാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ ഇത്തരത്തിലുള്ള സ്ഥാപനവത്കരണം കൂടുതൽ കൂടുതൽ ശക്തിപ്പെട്ടിട്ടുണ്ട്. 'നാമൊരു തോറ്റ ജനതയാണ്' എന്നു പറഞ്ഞുകൊണ്ട് തന്റെ ജീവിതത്തിലെ അവസാനത്തെ പ്രവർത്തനവും രാഷ്ട്രീയ ക്രിയാത്മകതയിൽ എത്തിയ്ക്കാൻശ്രമിച്ച ദാസ് കടന്നുപോയതിനുശേഷമുള്ള കാലത്തും ആ അവസാനത്തെ വാക്കുകൾ മുഴങ്ങിക്കൊണ്ടേയിരിയ്ക്കുന്നു എന്നർത്ഥം. ടി.പി. ചന്ദ്രശേഖരന്റെ കൊലപാതകം മുതൽ ശെൽവരാജുമാരുടെ കളംചാടൽ കളികൾവരെ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക പരിസരത്തിൽ നിറഞ്ഞുനില്ക്കുന്ന സമകാലികകേരളത്തിൽ "നാമൊരു തോറ്റ ജനതയാണ് " എന്നു വീണ്ടും ഓർമ്മിപ്പിയ്ക്കുന്നതിനു വലിയ പ്രസക്തിയുണ്ട്. 'സുബ്രഹ്മണ്യദാസ് ഇന്നും' എന്ന സമാഹാരം ഈ ഓർമ്മപ്പെടുത്തലിന്റെ ഭാഗമായുള്ള പലചുവടുവെപ്പുകളിൽ ഒന്നാവേണ്ടതുണ്ട്; പ്രത്യേകിച്ചും ലോകമെമ്പാടുമുള്ള യുവതീയുവാക്കളിൽ ഒരു നല്ലപങ്ക് പ്രപഞ്ചത്തെ മനസ്സിലാക്കാനുള്ള ഉപകരണമായി മാർക്സിസത്തെ ഇന്നു കണ്ടുതുടങ്ങിയിരിയ്ക്കുന്നതിനാൽ.

# ദാസിനെക്കുറിച്ച്

— ടി. എം. മനോഹരൻ[3]

ദാസ് എന്നാണ് ഞങ്ങൾ അയല്ക്കാരെല്ലാം ശ്രീ. സുബ്രഹ്മണ്യദാസിനെ വിളിച്ചിരുന്നത്. വളരെ സൌമ്യൻ, വിനയാന്വിതൻ, അനുസരണശീലൻ, കാണാൻ നല്ല ഭംഗിയുള്ള കുട്ടി, ബുദ്ധിശാലി, വായനാശീലമുള്ളവൻ, സ്കൂളിൽ ഏറ്റവും മികച്ച മാർക്കു വാങ്ങിയിരുന്ന മിടുക്കൻ. ഇത്രയേറെ വിശേഷണങ്ങൾക്കു തികച്ചും അർഹനായിരുന്നു ദാസ്. വികൃതികളും മടിയന്മാരുമായ കുട്ടികളോട് അയൽപക്കത്തുള്ള അച്ഛനമ്മമാർ പറയുമായിരുന്നു 'നമ്മുടെ പാർവ്വതിടീച്ചറുടെ മോൻ ദാസിനെനോക്കിപ്പഠിയ്ക്കെടാ' എന്ന്.



തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിൽ പെട്ട പെരിഞ്ഞനം എന്ന ഗ്രാമമാണ് എന്റെയും ദാസിന്റെയും ജന്മസ്ഥലം. ഞങ്ങൾ അയല്ക്കാരായിരുന്നു. ഞങ്ങളുടെ പ്രദേശത്തുള്ള നൂറുകണക്കിനു കുട്ടികളെ ആദ്യാക്ഷരങ്ങൾ പഠിപ്പിച്ച, മാതൃതുല്യയായ അദ്ധ്യാപിക പാർവ്വതിടീച്ചറാണ് ദാസിന്റെ അമ്മ. തികഞ്ഞ കർത്തവ്യബോധവും രാജ്യസ്നേഹവും നിറഞ്ഞ ഒരു സൈനിക ഉദ്യോഗസ്ഥനായിരുന്നു ദാസിന്റെ അച്ഛൻ ഗോപാലകൃഷ്ണൻ. ലീവിനു വരുമ്പോൾ, രാജ്യസ്നേഹത്തിന്റെയും ദേശരക്ഷയ്ക്കായി സൈനികർ ചെയ്യുന്ന അമൂല്യങ്ങളായ സേവനങ്ങളുടെയും കഥകൾ ഞങ്ങൾക്കു പറഞ്ഞുതന്നിരുന്ന സ്നേഹസമ്പന്നനായ അദ്ദേഹത്തെ ഞങ്ങൾ വിളിച്ചിരുന്നത് ബാലേട്ടൻ എന്നാണ്. കർത്തവ്യബോധവും അദ്ധ്വാനശീലവും രാജ്യസ്നേഹവുമുള്ള ഉത്തമപൌരന്മാരാകണമെന്ന് അദ്ദേഹം ഞങ്ങളെ ഉപദേശിയ്ക്കുമായിരുന്നു. ഇത്രയും നല്ല മാതാപിതാക്കൾക്ക് ദാസിനെപ്പോലെയുള്ള ഒരു ഉത്തമപുത്രൻ ഉണ്ടായില്ലെങ്കിലേ അത്ഭുതപ്പെടാനുള്ളു.

ദാസിന്റെ എല്ലാ കുടുംബാംഗങ്ങളുമായും ഏറ്റവും അടുത്ത ബന്ധമാണ് എനി യ്ക്കുണ്ടായിരുന്നത്. കുടുംബാംഗങ്ങൾ തമ്മിലും, അയല്ക്കാർ തമ്മിലും സുദൃഢമായ ബന്ധമാണ് രണ്ടു പതിറ്റാ

[3] കേരളവനം വകുപ്പിൽ ചീഫ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് ആയി വിരമിച്ചു. ദീർഘകാലം വൈദ്യുതി ബോർഡ് ചെയർമാനായിരുന്നു.

ണ്ടു മുമ്പുവരെ നമ്മുടെ ഗ്രാമീണമേഖലയിൽ നിലനിന്നിരുന്നത്. ഏതുകുട്ടി വികൃതി കാണിച്ചാലും സ്വന്തം കുടുംബത്തിലെ മുതിർന്നവർ ശാസിയ്ക്കുന്നതുപോലെ അയല്പക്കങ്ങളിലെ മുതിർന്നവരും ശാസിയ്ക്കുമായിരുന്നു. അയല്ക്കാർ തമ്മിൽ സുഖങ്ങളും ദുഃഖങ്ങളും ഇന്നത്തേതിനേക്കാൾ കൂടുതൽ പങ്കുവെച്ചിരുന്നു. അദ്ധ്യാപകന്മാരും അദ്ധ്യാപികമാരും വിദ്യാർത്ഥി വിദ്യാർത്ഥിനികളെ സ്വന്തം മക്കളെപ്പോലെ തന്നെ സ്നേഹിയ്ക്കുകയും പഠിപ്പിയ്ക്കുകയും പരിശീലിപ്പിയ്ക്കുകയും ചെയ്തിരുന്ന കാലമായിരുന്നു അത്. വിദ്യാർത്ഥി വിദ്യാർത്ഥിനികളെ 'എന്റെ കുട്ടികൾ' എന്നാണ് അദ്ധ്യാപകർ പറഞ്ഞിരുന്നത്. ദാസിന്റെ അമ്മയുടെ ഒരു കുട്ടിയായിരുന്നു ഞാനും.

എന്റെ വീട്ടിനടുത്തുള്ള അയ്യപ്പൻ മെമ്മോറിയൽ ലോവർ പ്രൈമറി സ്കൂളിലാണ് പാർവ്വതി ടീച്ചർ പഠിപ്പിച്ചിരുന്നത്. ഓലമേഞ്ഞ ഒരു താല്ക്കാലിക ഷെഡ്ഡും, ചെങ്കല്ലും കുമ്മായവും ഉപയോഗിച്ചുപണിത മറ്റൊരുഷെഡ്ഡുമായിരുന്നു സ്കൂളിനുണ്ടായിരുന്നത്. താല്ക്കാലിക ഷെഡിന് ചുമരുകൾ ഇല്ലായിരുന്നു. മുളയുടെ പനമ്പുകൾ ഉപയോഗിച്ചുള്ള തട്ടികകൾ ആയിരുന്നു ക്ലാസ്സുകൾ തമ്മിൽ വേർതിരിച്ചിരുന്നത്. സിമന്റിടാത്ത തറയിൽനിറച്ച മണലിലിട്ട വീതികുറഞ്ഞ ബഞ്ചുകളിലായിരുന്നു കുട്ടികൾ ഇരുന്നിരുന്നത്. മൂത്രപ്പുരയോ കിണറോ സ്കൂൾപറമ്പിൽ ഇല്ല. അങ്ങനെയുള്ള സ്കൂളിലാണ് ഞാനും ദാസുമെല്ലാം പ്രൈമറി വിദ്യാഭ്യാസം നേടിയത്. എന്നെ ഒന്നാം ക്ലാസ്സിലാണ് പാർവ്വതിടീച്ചർ പഠിപ്പിച്ചത്.

ആ കാലത്ത് ഇന്നുള്ളപോലെ അധികം പുസ്തകങ്ങളൊന്നും ഉണ്ടായിരുന്നില്ല. ഒരു പുസ്തകവും ഒരു സ്ലേറ്റും മാത്രം. മിക്കവാറും പുസ്തകങ്ങൾ ഉപയോഗിച്ച് പഴകിയവയും സ്ലേറ്റുകൾ പൊട്ടിയവയും ആയിരുന്നു. പുതിയ പുസ്തകങ്ങളും സ്ലേറ്റും കുടയും ബാഗും അദ്ധ്യയനവർഷാരംഭത്തിൽ വാങ്ങിയ്ക്കുന്ന പതിവില്ല. മഴയത്ത് തലയും പുസ്തകവും നനയാതിരിയ്ക്കാൻ തലയ്ക്കുമീതെ പുസ്തകവും അതിനു മീതെ സ്ലേറ്റുംവെച്ച് ഓടുകയാണ് പതിവ്. എന്റെ വീടിനടുത്തുകൂടിയുണ്ടായിരുന്ന ഒരു നടപ്പാതയിലൂടെയായിരുന്നു പാർവ്വതിടീച്ചർ സ്കൂളിൽ പോയിരുന്നത്. മഴയുള്ള ദിവസങ്ങളിൽ സ്വന്തം കുടയിൽ കൂടെ നിർത്തി ടീച്ചർ എന്നെയും കൊണ്ടുപോകുമായിരുന്നു. അപ്പോഴെല്ലാം പഠിച്ച് വലിയ ആളാവുന്നതിനെപ്പറ്റിയും പഠിച്ച് വലിയ നിലയിൽ എത്തിയ വ്യക്തികളെപ്പറ്റിയും പറഞ്ഞുതരും. ചിത്രംവര, പാട്ട്, കൈവേല (ക്രാഫ്റ്റ്) എന്നീ വിഷയങ്ങളെല്ലാം പ്രൈമറി ടീച്ചർമാർതന്നെയായിരുന്നു കൈകാര്യം ചെയ്തിരുന്നത്. ആദ്യാക്ഷരങ്ങൾ പഠിപ്പിയ്ക്കുകമാത്രമല്ല എന്റെ സ്വഭാവരൂപീകരണത്തിലും ടീച്ചറുടെ സ്വാധീനമുണ്ടായിരുന്നു.

പാർവ്വതിടീച്ചർ എന്നെ പഠിപ്പിച്ചിട്ട് 55 വർഷം കഴിഞ്ഞു. അതിനുശേഷം ഞാൻ ഹൈസ്കൂൾ, കോളേജ്, ഐ.ഐ.ടി., നാഷണൽ ഫോറസ്റ്റ് അക്കാദമി, നാഷണൽ അഡ്മിനിസ്ട്രേഷൻ അക്കാദമി എന്നിവിടങ്ങളിലെല്ലാം പഠിച്ചു. ഉന്നത പദവികളിലുള്ള ജോലികൾനോക്കി. അരനൂറ്റാണ്ടുകഴിഞ്ഞിട്ടും ടീച്ചറോടുള്ള സ്നേഹാദരങ്ങളും ഗുരുശിഷ്യബന്ധവും അതുപോലെ നിലനില്ക്കുന്നു എന്നതാണ് വാസ്തവം. ഇപ്പോഴും എന്റെ കുടുംബവീട്ടിൽ പോകുമ്പോൾ ടീച്ചറെ പോയിക്കാണുന്ന പതിവ് ഞാൻ തുടരുന്നു. ടീച്ചറുടെ മുന്നിലെത്തിയാൽ ഇപ്പോഴും പഴയ ഭയഭക്തി ബഹുമാനങ്ങളുള്ള കുട്ടിയാണു ഞാൻ. ഒരു ജ്യേഷ്ഠസഹോദരനെപ്പോലെ ദാസ് എന്നെ കണക്കാക്കി. ഈ പശ്ചാത്തലത്തിലാണ് ദാസിന്റെ രാഷ്ട്രീയപ്രവർത്തനങ്ങളെയും അവന്റെ ജീവിതത്തിലുണ്ടായ വ്യതിയാനങ്ങളെയും ഞാൻ കണ്ടിരുന്നത്.

1972-ൽ മദ്രാസ് ഐ.ഐ.ടി.യിൽ ചേർന്നശേഷം അധികകാലം തുടർച്ചയായി ഞാൻ നാട്ടിലുണ്ടായിട്ടില്ല. അക്കാലത്ത് നാട്ടിലെത്തിയ സമയത്ത് ടീച്ചറെക്കണ്ടു മടങ്ങുമ്പോൾ അയല്പക്കത്തെ ഒരു ചേട്ടൻ കുശലാന്വേഷണത്തിനിടെ പറഞ്ഞു "ടീച്ചറെക്കാണാൻ പോയതാണ

ല്ലേ? ടീച്ചറുടെ മോൻ ദാസ് നക്സൽ ആയീന്നാ കേൾക്കുന്നത്. എത്രനല്ല കുട്ടിയായിരുന്നു. പഠിപ്പും കളഞ്ഞു. വീട്ടിലും വരില്ല. ടീച്ചറുടെയും ബാലേട്ടന്റെയും കാര്യം കഷ്ടം തന്നെ."

ഇങ്ങനെയാണ് ദാസ് ഒരു തീവ്രവാദരാഷ്ട്രീയവുമായി ബന്ധപ്പെട്ടു പ്രവർത്തിയ്ക്കുന്നു എന്നു ഞാൻ അറിയുന്നത്. എനിയ്ക്ക് ആദ്യം വിശ്വസിയ്ക്കാനേ കഴിഞ്ഞില്ല. ഇത്ര സൗമ്യനും ശാന്തശീലനും ബുദ്ധിശാലിയുമായ ദാസിന് തീവ്രവാദരാഷ്ട്രീയ പ്രസ്ഥാനത്തിൽ എങ്ങിനെ പ്രവർത്തിയ്ക്കാൻ കഴിയും എന്ന് ഞാൻ അത്ഭുതപ്പെട്ടു. ക്രൂരന്മാരായ മുതലാളികളേയും ജന്മികളെയും കഴുത്തറുത്തു കൊല്ലുന്ന പ്രസ്ഥാനമായിട്ടാണ് നക്സലിസത്തെ ജനങ്ങൾ മനസ്സിലാക്കിയിരുന്നത്. ക്രൂരന്മാരായ ജന്മികളെ വധിച്ചു എന്ന വാർത്ത വന്നാൽ 'അയാൾക്കതു വേണ്ടതുതന്നെ, എന്നാലും ഇങ്ങനെ കണ്ണിൽചോരയില്ലാത്തവിധം കൊല്ലണോ' എന്ന പ്രതികരണമാണ് പൊതുവിൽ ഉണ്ടായിരുന്നത്. എനിയ്ക്കറിയാവുന്ന ദാസ് ഈ പ്രസ്ഥാനത്തിന് അനുയോജ്യനായിരിയ്ക്കില്ല എന്ന തോന്നൽ എനിയ്ക്കുണ്ടായിരുന്നു.

എന്റെ സഹപാഠികളോട് അന്വേഷിച്ചപ്പോൾ അവരും വാർത്ത ശരിവെച്ചു. അവർ ഒന്നുകൂടി കൂട്ടിച്ചേർത്തു "നമ്മുടെ ക്രൈസ്റ്റ്കോളേജിലെ... മാഷില്ലേ അങ്ങേരാണ് നമ്മുടെ കുട്ടികളെയൊക്കെ ചീത്തയാക്കുന്നത്". ഇപ്രകാരമുള്ള ഒരു പൊതുവികാരമാണ് ഞാനും പങ്കുവെച്ചത്.

ടീച്ചറോടും ഞാൻ വിവരം തിരക്കി. ദാസ് ഒരു തീവ്രവാദ രാഷ്ട്രീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിയ്ക്കുന്നുണ്ടെന്നും വീട്ടിൽ വളരെ കുറവേ വരാറുള്ളുവെന്നെല്ലാം ടീച്ചറും പറഞ്ഞു. എന്നാൽ ഒരിയ്ക്കൽപോലും ടീച്ചറോ ബാലേട്ടനോ ദാസിനെക്കുറിച്ചു മോശമായി സംസാരിച്ചിട്ടില്ല. വീട്ടിൽനിന്ന് കാര്യമായ സാമ്പത്തിക സഹായമൊന്നും ദാസ് സ്വീകരിച്ചിരുന്നില്ല എന്നും അവരുടെ സംസാരത്തിൽനിന്ന് ഞാൻ മനസ്സിലാക്കി. എങ്കിലും ഒരു വിഷാദവും നിരാശയും അവരുടെ സംസാരങ്ങളിൽ നിഴലിയ്ക്കുന്നതായി എനിയ്ക്കുതോന്നിയിരുന്നു. "അവൻ പറയുന്നതൊന്നും ഞങ്ങൾക്കു മുഴുവൻ മനസ്സിലാവുന്ന കാര്യങ്ങളല്ല. മോൻ തന്നെ അവനോട് ഒന്നു പറഞ്ഞുനോക്ക്" എന്ന് ടീച്ചർ എന്നോടു പറയുമായിരുന്നു. മകൻ പഠിച്ചുവലിയ ആളാകണമെന്ന് ടീച്ചർക്കും മോഹമുണ്ടാവില്ലേ.

അതിനുശേഷം വളരെക്കുറച്ചവസരങ്ങളിലേ ദാസിനെക്കണ്ടിട്ടുള്ളൂ. രാഷ്ട്രീയ പ്രവർത്തകനായി ദാസും ജോലിയായി ഞാനും നാട്ടിൽനിന്നു പുറത്തായിരുന്നു. അതുകൊണ്ട് തമ്മിൽ കാണുന്നതു ചുരുക്കം. കാണുമ്പോഴൊക്കെ ഞങ്ങൾ സാധാരണപോലെ ഊഷ്മളമായി സംസാരിയ്ക്കും. പൊതുവായ രാഷ്ട്രീയ സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ചൊക്കെ വലിയ ചർച്ചകളൊന്നും ഞങ്ങൾ തമ്മിൽ ഉണ്ടായിട്ടില്ല. ഞങ്ങളുടെ എല്ലാ സംഭാഷണങ്ങളും ചെന്നെത്തുന്നത് എന്റെ കുറെ ചോദ്യങ്ങളിലായിരുന്നു.

"നിനക്കെന്തുപറ്റി ദാസേ, നിനക്കു പഠിപ്പൊന്നു പൂർത്തീകരിച്ചൂടെ? എന്തെങ്കിലും ജോലിയൊക്കെയായാൽ അച്ഛനുമമ്മയ്ക്കും ഒരു താങ്ങാവില്ലേ? ഇതൊക്കെ കഴിഞ്ഞുപോരെ രാഷ്ട്രീയം? ജോലീം വരുമാനവും ഒക്കെയായാലും നാട്ടുകാരെ സഹായിക്കാമല്ലോ? വയസ്സുകാലത്ത് അച്ഛനേം അമ്മേനേം നോക്കാതെ രാഷ്ട്രീയം പറഞ്ഞുനടന്നാൽ മതിയോ? അച്ഛനുമമ്മയ്ക്കും എന്തുവിഷമമുണ്ടെന്ന് നിനക്കറിയില്ലേ?"

ഞാൻ എന്തൊക്കെ പറഞ്ഞാലും ചോദിച്ചാലും ദാസ് സ്വതഃസിദ്ധമായ ശാന്തതയോടും സൗമ്യതയോടും വിനയത്തോടും കൂടിമാത്രമേ എന്നോടു സംസാരിച്ചിട്ടുള്ളൂ. തന്റെ ചിന്താഗതികളും പ്രവർത്തനങ്ങളും ശരിയാണെന്നു സമർത്ഥിയ്ക്കാനോ, ഞാൻ പറയുന്നതു തെറ്റാണെന്നു സൂചിപ്പിയ്ക്കാനോ ദാസ് ശ്രമിയ്ക്കാറേയില്ല. എന്നാലും വിനയത്തോടെ സൂചിപ്പിയ്ക്കും:

"എന്റെ അച്ഛനമമ്മയും മാത്രമല്ലല്ലോ സമൂഹത്തിൽ ഉള്ളത്. നരകയാതന അനുഭവിക്കുന്ന ഒട്ടേറെ അച്ഛനമ്മമാരും സഹോദരീസഹോദരന്മാരും സമൂഹത്തിലില്ലേ? അവരുടെ കാര്യത്തിലും സാമൂഹ്യബോധമുള്ള പൗരന്മാർക്കു ശ്രദ്ധവേണമല്ലോ? എന്റെ രാഷ്ട്രീയചിന്തയൊന്നും പറഞ്ഞാൽ ചേട്ടനു മനസ്സിലാവില്ല."

തന്റെ പ്രവൃത്തികളിലുള്ള അചഞ്ചലമായ അർപ്പണബോധവും ചിന്തകളിലെ ദാർശനികതയും പ്രതിഫലിക്കുന്നതായിരുന്നു ദാസിന്റെ സംഭാഷണരീതി.

സത്യത്തിൽ ദാസിന്റെ ഉത്തരങ്ങളുടെ പൊരുൾ പൂർണ്ണമായി മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞിരുന്നില്ല എന്ന് തോന്നുന്നു. ദാസിന്റെ രാഷ്ട്രീയ ചിന്താഗതികൾ മനസ്സിലാക്കാനോ, അവയുടെ ന്യായാന്യായങ്ങളും നന്മതിന്മകളും വിലയിരുത്താനോ ഞാൻ ശ്രമിച്ചിരുന്നുമില്ല. ടീച്ചറുടെ ഒരു അരുമശിഷ്യൻ എന്നനിലയ്ക്കും സഹോദരതുല്യനായ ഒരു അയല്ക്കാരൻ എന്നനിലയ്ക്കുംമാത്രമേ ദാസിന്റെ പ്രവർത്തനങ്ങളെ കാണാൻ എനിക്കു കഴിഞ്ഞിരുന്നുള്ളു.

ദാസിന്റെ ദൗർഭാഗ്യകരമായ അന്ത്യത്തെക്കുറിച്ച് രണ്ടു ദിവസങ്ങൾക്കു ശേഷമാണ് അറിഞ്ഞത്. ഒരുതരം മരവിപ്പായിരുന്നു എനിക്ക്. ഇത്രയും ലക്ഷ്യബോധവും ധിഷണയും ഉള്ള വ്യക്തി ഇതുചെയ്യുമോ, എനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. ഉടനേ നാട്ടിൽപോയി. ടീച്ചറുടെയും ബാലേട്ടന്റെയും അടുത്തുപോകാൻ വല്ലാത്ത ആശങ്കയായിരുന്നു. എന്നെ കണ്ട ഉടനെ കെട്ടിപ്പിടിച്ച് കുറെനേരം ടീച്ചർ കരഞ്ഞു. എത്രനേരം ഞാനങ്ങിനെ ടീച്ചറുടെ കട്ടിലിൽ ശൂന്യമായ നോട്ടത്തോടെ മരവിച്ചിരുന്നു എന്നറിയില്ല. ആശ്വാസവാക്കുകളൊന്നും പറയാതെ തിരിച്ചു പോരാനേ എനിക്കു കഴിഞ്ഞുള്ളു.

ഇപ്പോഴും നാട്ടിൽ പോവുമ്പോൾ ടീച്ചറെക്കാണാൻപോകും. ടീച്ചർക്ക് ഓർമ്മയും കാഴ്ചയും മങ്ങി. എന്നെ അടുത്തിരുത്തി എല്ലുംതൊലിയും മാത്രമുള്ള കൈകൊണ്ട് പുറത്തും തലയിലും തഴുകും. "എന്നാലും എന്നെക്കാണാൻ എന്റെ മോൻ വന്നില്ലേ അതുതന്നെ വലിയ സന്തോഷം." അതുകേൾക്കുമ്പോൾ എനിക്കു നാവിറങ്ങിപ്പോയപോലെ ഒരു തോന്നലാണ്. കുറച്ചുനേരം ഒന്നും മിണ്ടാൻ പറ്റാറില്ല. ദാസിന്റെ വിയോഗത്തിനു ശേഷം അവന്റെ പഴയസഹപ്രവർത്തകരും സുഹൃത്തുക്കളുമെല്ലാം ഇടയ്ക്കിടെ ടീച്ചറെ സന്ദർശിക്കാറുണ്ട്. അവരുടെ വിശേഷങ്ങളെല്ലാം ടീച്ചർ എന്നോടു പറയും. അവരെയെല്ലാം സ്വന്തം മക്കളെപ്പോലെ സ്നേഹിക്കാനും സമാധാനിക്കാനും ടീച്ചർക്കു കഴിയും. എന്നാലും 'ഉപ്പോളം വരുമോ ഉപ്പിലിട്ടത്' എന്ന ചിന്തയാണ് എന്റെ മനസ്സിൽ.

# ആത്മവേദനയുടെ പിടച്ചിൽ

— കെ. അരവിന്ദാക്ഷൻ

'ദാസിനെക്കുറിച്ച്' എന്നൊരു ലേഖനം സുബ്രഹ്മണ്യദാസിന്റെ (1958-1982) അയൽക്കാരനും ജ്യേഷ്ഠസഹോദര തുല്യനുമായ ടി.എം. മനോഹരന്റേതായി ഈ പുസ്തകത്തിലുണ്ട്. ദാസിന്റെ ഉള്ളിലേയ്ക്ക് കടന്നു ചെല്ലാൻ കഴിയുന്ന വരികൾ ഈ ലേഖനത്തിലുണ്ട്. ഐ.എഫ്.എസ്. നേടി കേരള ഫോറസ്റ്റ് ഫോഴ്സിന്റെ ചീഫായി റിട്ടയർ ചെയ്ത മനോഹരൻ വൈദ്യുതി ബോർഡിന്റെ ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്.

വ്യവസ്ഥാപിതമായ സാമൂഹ്യ ജീവിതത്തിൽ മനോഹരൻ എന്തായിത്തീർന്നുവോ അതിന്റെ എതിർ കോണിലായിരുന്നില്ല ദാസിന്റെ ജീവിതം. പ്രത്യക്ഷത്തിൽ അങ്ങനെ വായിക്കാമെങ്കിലും. കാരണം, മനോഹരൻ പ്രതിനിധാനം ചെയ്യുന്ന ജീവിതത്തോട് അസൂയപ്പെടാനോ അരിശപ്പെടാനോ ദാസ് ശ്രമിച്ചിട്ടില്ല. 'നിനക്കെന്തുപറ്റി ദാസേ, നിനക്ക് പഠിപ്പൊന്നു പൂർത്തീകരിച്ചൂടേ? എന്തെങ്കിലും ജോലിയൊക്കെയായാൽ അച്ഛനുമമ്മയ്ക്കും ഒരു താങ്ങാവില്ലേ? ഇതൊക്കെ കഴിഞ്ഞുപോരെ രാഷ്ട്രീയം? ജോലീം വരുമാനവും ഒക്കെയായാലും നാട്ടുകാരെ സഹായിക്കാമല്ലോ? വയസ്സുകാലത്ത് അച്ഛനേം അമ്മേനേം നോക്കാതെ രാഷ്ട്രീയം പറഞ്ഞു നടന്നാൽ മതിയോ? അച്ഛനുമമ്മയ്ക്കും എന്തു വിഷമമുണ്ടെന്ന് നിനക്കറിയില്ലേ?' ഏതു കാലത്തെയും, ഏതു ദേശത്തെയും വ്യവസ്ഥിതിയുടെ വാക്കുകളാണ് മനോഹരന്റേത്.

'സാമൂഹ്യകർത്തവ്യബോധമുള്ള' മനോഹരന്റെ ചോദ്യരൂപേണയുള്ള ഉപദേശങ്ങൾക്ക്, ആശങ്കകൾക്ക് സഹജമായ ശാന്തതയോടും സൗമ്യതയോടും വിനയത്തോടും കൂടി ദാസ് മറുപടി പറയുന്നു: 'എന്റെ അച്ഛനുമമ്മയും മാത്രമല്ലല്ലോ സമൂഹത്തിൽ ഉള്ളത്. നരകയാതന അനുഭവിക്കുന്ന ഒട്ടേറെ അച്ഛനമ്മമാരും സഹോദരീസഹോദരന്മാരും സമൂഹത്തിലില്ലേ? അവരുടെ കാര്യത്തിലും സാമൂഹ്യബോധമുള്ള പൗരന്മാർക്ക് ശ്രദ്ധ വേണമല്ലോ? എന്റെ രാഷ്ട്രീയ ചിന്തയൊന്നും പറഞ്ഞാൽ ചേട്ടനു മനസ്സിലാവില്ല'.

തന്റെ കാലത്തോടും പുതിയ കാലത്തോടും വരാനിരിക്കുന്ന കാലത്തോടും ദാസ് നടത്തുന്ന ഒരു സ്റ്റേയ്റ്റ്മെന്റാണിത്. ഇത് ഉപരിതലത്തിൽ മനോഹരനോടുള്ള മറുപടിയാണ്. എന്നാൽ ആന്തരികമായി ദാസ് തന്നോട് തന്നെ ചോദിക്കുന്നതാണ്. തന്നെത്തന്നെ വിമർശിക്കുന്നതാണ്. എനിക്ക് ഗോപാലകൃഷ്ണനും പാർവ്വതിയും എന്ന ഒരൊറ്റ അച്ഛനും അമ്മയും

മാത്രമല്ല ഉള്ളത്. ഒട്ടേറെ അച്ഛന്മാരും അമ്മമാരും ഉണ്ട്. മാതാപിതാക്കളുടെ ഏകമകനായ എനിക്ക് അനവധി സഹോദരീസഹോദരന്മാരും ഉണ്ട്. അവരെല്ലാം നരകയാതന അനുഭവിക്കുമ്പോൾ ഞാനും അതനുഭവിക്കുന്നുണ്ട്. അപരന്റെ വേദനയെ തന്റെ വേദനയായി തിരിച്ചറിയുന്ന ആത്മീയ സംവാദമാണിത്. ഈ പുസ്തകത്തിന്റെ ശരീരവും സംവാദമാണ്.

എന്താണ് 'സാമൂഹ്യബോധം?' അതിനെ നിലവിലുള്ള സങ്കുചിതത്വത്തിന്റെ തടവറയിൽ നിന്ന് മോചിപ്പിക്കാൻ ശ്രമിക്കുകയാണ് അടുത്ത വരികളിൽ. തനിക്ക് രക്തബന്ധമില്ലാത്ത അച്ഛനമ്മമാരുടെയും സഹോദരീസഹോദരന്മാരുടെയും കാര്യത്തിൽ ഒരു പൗരന് ശ്രദ്ധ വേണ്ടേ എന്ന് ചോദിച്ചുകൊണ്ട് ദാസ് സാമൂഹ്യബോധത്തെ അപനിർമ്മിക്കുന്നു. 'എന്റെ രാഷ്ട്രീയ ചിന്തയൊന്നും ചേട്ടനു പറഞ്ഞാൽ മനസ്സിലാവില്ല' എന്നത് അതിന്റെ ഭാഗമാണ്. അല്ലാതെ ഞാൻ ബുദ്ധിജീവിയാണെന്നോ ചേട്ടനേക്കാൾ കേമനാണെന്നോ ഉള്ള ധ്വനിയല്ല. തന്റെ രാഷ്ട്രീയചിന്ത തന്നിൽപോലും ഇനിയും പൂർണമായി രൂപാന്തരം പ്രാപിക്കാത്തതാണ്. നിലവിലുള്ള വ്യവസ്ഥാപിത ചിന്തകളല്ല എന്നേ പറയാനാവൂ. ദാസ് ഇതൊരിക്കലും പൂർത്തിയാക്കുന്നില്ല. അന്വേഷിയായ ഒരു ഗോതമസിദ്ധാർത്ഥനും.

ജ്യേഷ്ഠസഹോദരതുല്യനായ മനോഹരനിൽനിന്ന് ദാസിന്റെ അച്ഛനിലേയ്ക്ക് വരിക. 'തികഞ്ഞ കർത്തവ്യബോധവും രാജ്യസ്നേഹവും നിറഞ്ഞ ഒരു സൈനിക ഉദ്യോഗസ്ഥനായിരുന്നു ദാസിന്റെ അച്ഛൻ ശ്രീ. ഗോപാലകൃഷ്ണൻ... ' ലീവിനു വരുമ്പോൾ രാജ്യസ്നേഹത്തിന്റെ കഥകളും, ദേശരക്ഷയ്ക്കായി സൈനികർ ചെയ്യുന്ന അമൂല്യങ്ങളായ സേവനങ്ങളെക്കുറിച്ചും ഞങ്ങൾക്ക് പറഞ്ഞുതന്നിരുന്ന സ്നേഹസമ്പന്നൻ... കർത്തവ്യബോധവും അദ്ധ്വാനശീലവും രാജ്യസ്നേഹവുമുള്ള ഉത്തമ പൗരന്മാരാകണമെന്ന് അദ്ദേഹം ഞങ്ങളെ ഉപദേശിക്കുമായിരുന്നു'. മനോഹരന്റെ വാക്കുകളാണിത്. ഒരു തീവ്രവാദ രാഷ്ട്രീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ദാസ് പ്രവർത്തിക്കുന്നുണ്ടെന്നറിഞ്ഞിട്ടും രാജ്യസ്നേഹിയായ അച്ഛൻ മകനെക്കുറിച്ച് മോശമായി സംസാരിച്ചിട്ടില്ലെന്ന് മനോഹരൻ വ്യക്തമാക്കുന്നുണ്ട്. എങ്കിലും, ഏകമകന്റെ വഴിവിട്ടുള്ള പോക്ക് അച്ഛനിൽ അസ്വസ്ഥതയുണ്ടാക്കിയിരിക്കാം.

അച്ഛൻ ഗോപാലകൃഷ്ണന്റെ കർത്തവ്യബോധവും അദ്ധ്വാനശീലവും കെ. വേണുവിലുണ്ട്. തീർത്തും മറ്റൊരു തലത്തിലാണെന്നുമാത്രം. മനോഹരൻ–അച്ഛൻ തുടങ്ങിയ വ്യവസ്ഥാപിത പുരുഷപ്രകൃതികളെ ചോദ്യം ചെയ്യുകയോ അവരുമായി കലഹിക്കുകയോ ചെയ്യാത്ത ദാസ് വേണുവെന്ന പുരുഷപ്രകൃതിയെ നിരന്തരം അലോസരപ്പെടുത്തുന്നുണ്ട്; ചോദ്യംചെയ്യുന്നുണ്ട്. മനോഹരനും അച്ഛൻ ഗോപാലകൃഷ്ണനും പ്രതിനിധീകരിക്കുന്ന വ്യവസ്ഥാപിത സമൂഹത്തെ ബോധപൂർവ്വമായ ഹിംസാത്മക വിപ്ലവ പ്രവർത്തനങ്ങളിലൂടെ അട്ടിമറിച്ച് പുത്തൻ സമത്വസുന്ദരസമൂഹം സൃഷ്ടിക്കാനിറങ്ങിത്തിരിച്ച വ്യക്തിയാണ് വേണു. മാർക്സിന്റെ ദർശനങ്ങളടക്കമുള്ള നിരവധി വിജ്ഞാനശാഖകളുടെ മൂലധനം വേണുവിനുണ്ട്. വ്യവസ്ഥാപിതവും യാഥാസ്ഥിതികവുമായ പുരുഷ പ്രകൃതികളോട് കലഹിക്കുന്നതിൽ അർത്ഥമില്ലെന്നും, അതിനുപകരം സൃഷ്ടിക്കപ്പെടുന്നതിന്റെ ഘടന, ധാർമ്മികത, ആത്മീയത എന്നിവയോടാണ് കലഹിക്കേണ്ടതെന്നും ദാസിനറിയാമായിരുന്നു. അത് താൻ സ്വപ്നം കാണുന്നതാണോയെന്ന് ദാസ് ജാഗ്രതപ്പെടുന്നുണ്ട്. ഈ പുസ്തകത്തിന്റെ സംവാദം അതാണ്.

വേണുവിനുള്ള ഒരു മറുപടിക്കത്തിൽ ദാസ് എടുത്തു പറയുന്നുണ്ട്: 'പുതിയ യാഥാർത്ഥ്യങ്ങളെ നിലവിലുള്ള സിദ്ധാന്തങ്ങൾക്ക് ഉൾക്കൊള്ളാൻ അസാധ്യമായി തീരുമ്പോഴാണ് പുതിയ അന്വേഷണങ്ങൾ പ്രസക്തമാവുന്നത്. അതിലേർപ്പെടുന്ന ഏതൊരാൾക്കും രീതിയുടെ പ്രശ്നം

അഭിമുഖീകരിക്കേണ്ടി വരും' (പുറം: 62). രീതി ഇവിടെ വെറും രാഷ്ട്രീയ മാർഗ്ഗമല്ല. വിശകലനരീതിയുമല്ല. അതൊക്കെയുൾക്കൊള്ളുന്ന ജീവിതരീതിയാണത്. ഒരു മനുഷ്യൻ മനുഷ്യനാകാൻ അനുവർത്തിക്കേണ്ടത്. തന്റെ ചോരയിൽ അലിഞ്ഞുതീരേണ്ടത്. തുടർന്ന് രാഷ്ട്രീയ ദർശനത്തിന്റെയും പ്രായോഗിക രാഷ്ട്രീയത്തിന്റെയും അഞ്ച് ചോദ്യങ്ങൾകൊണ്ട് വേണുവിനെ നേരിടുന്ന ദാസ് കത്ത് അവസാനിപ്പിക്കുന്നതിങ്ങനെയാണ്: 'വിനയത്തോടെ ഒരു കാര്യം സൂചിപ്പിക്കട്ടെ. ആശയം നഷ്ടപ്പെട്ട ജാർഗണുകളേക്കാളും അകം പൊള്ളയായ ശകാരങ്ങളേക്കാളും സംവേദനക്ഷമതയുള്ള വാക്കുകൾ ഉപയോഗിക്കാൻ കമ്മ്യൂണിസ്റ്റുകാർ പരിശീലിക്കേണ്ടിയിരിക്കുന്നു' (പുറം: 64). ജാർഗണും ശകാരങ്ങളുമല്ല ഒരാചാര്യസ്ഥാനീയനാവശ്യം; വിനയവും സംവേദനക്ഷമതയുമാണ്. അത് വേണുവിനെ മാത്രമല്ല, തന്നെയുമുദ്ദേശിച്ചാണ് ദാസ് പറയുന്നത്.

Condition ചെയ്യപ്പെട്ട ഒരു രീതിശാസ്ത്രമോ രാഷ്ട്രീയമോ അല്ല താനുദ്ദേശിക്കുന്നതെന്നും പുതിയൊരു മനുഷ്യനും പുതിയൊരു ലോകത്തിനും, ഇതുവരെ നമുക്കില്ലാതെപോയ തലച്ചോറും ഹൃദയവുമാണ് രൂപപ്പെടേണ്ടതെന്നുമാണ് ദാസ് സൂചിപ്പിക്കുന്നത്.

മറ്റു പുരുഷപ്രകൃതികളോടില്ലാത്ത വിമർശനവും അസഹിഷ്ണുതയും 'പരിഹാസവും' വേണുവെന്ന കേന്ദ്രീകൃത പുരുഷപ്രകൃതിയോട് ദാസ് കാണിക്കുന്നുണ്ട്, തന്റെ സംവാദങ്ങളിൽ.

ഒരു കുട്ടിയുടെ നിഷ്കളങ്കതയോടെ വേണുവിനോട് ചോദിക്കുന്നു: 'വരട്ടു തത്ത്വവാദമെന്നാൽ എന്താണ്?' (പുറം: 63) മറ്റൊരിടത്ത് 'വിപ്ലവത്തിന്റെ ദാർശനിക പ്രശ്നങ്ങ'ളിൽ വർഗ്ഗസമരത്തെക്കുറിച്ച് പറയുമ്പോൾ വേണു 'പള്ളി പ്രസംഗത്തിലേയ്ക്കു നീങ്ങുന്നു'വെന്ന് പരിഹസിക്കുന്നുണ്ട്. ക്രിസ്ത്യൻ സഭയും വേണു പ്രതിനിധീകരിക്കുന്ന മാർക്സിസ്റ്റ് തിരുസഭയും ഒന്നാണെന്നോ വേണു അതിന്റെ പുരോഹിതനായിത്തീരുന്നുവെന്നോ ഉള്ള കൂർത്ത നർമ്മം അതിലുണ്ട്.

താൻ കണ്ടുപരിചയിച്ചവരും (ഉദാ: അച്ഛൻ, മനോഹരൻ) കലഹിച്ചിരുന്നവരും പരിഹസിച്ചിരുന്നവരും (ഉദാ: കെ. വേണു) ആയ പുരുഷപ്രകൃതികളിൽ നിന്ന് ദാസിന്റെ അമ്മയിലേയ്ക്കു വരാം. 'നൂറുകണക്കിന് കുട്ടികളെ ആദ്യാക്ഷരങ്ങൾ പഠിപ്പിച്ച മാതൃതുല്യയായ അദ്ധ്യാപിക പാർവ്വതി ടീച്ചറാണ് ദാസിന്റെ അമ്മ'. മനോഹരൻ എഴുതുന്നു. 'ദാസിന്റെ അമ്മേടെ ഒരു കുട്ടിയായിരുന്നു ഞാനും', എന്ന് മനോഹരന്റെ സത്യവാങ്ങ് മൂലം. 'ആദ്യാക്ഷരങ്ങൾ പഠിപ്പിക്കുക മാത്രമല്ല എന്റെ സ്വഭാവ രൂപീകരണത്തിലും ടീച്ചറുടെ (ദാസിന്റെ അമ്മ) സ്വാധീനമുണ്ടായിരുന്നു. ചിത്രംവര, പാട്ട്, കൈവേല (ക്രാഫ്റ്റ്) എന്നിവയും പ്രൈമറി സ്കൂൾ അദ്ധ്യാപികയായ ദാസിന്റെ അമ്മ കുട്ടികളെ പഠിപ്പിച്ചിരുന്നു'. അമ്മയുടെ ചിത്രരചനാപാടവം ദാസിലുമുണ്ട്. പുസ്തകത്തിന്റെ അരികുകളിൽ ദാസ് കോറിവരച്ച അമൂർത്ത ചിത്ര പ്രകൃതികളിൽ അദ്ദേഹത്തിന്റെ അപൂർണമായ ഹൃദയരേഖകളുണ്ട്.

എന്തുകൊണ്ട് തന്റെ ഏക സന്താനമായ ദാസിന്റെ 'സ്വഭാവ രൂപീകരണത്തിൽ' ടീച്ചർ ശ്രദ്ധിച്ചില്ല? തെറ്റുപറ്റി? അക്കാര്യം ഐ.ഐ.ടി. പഠനത്തിന്റെ അവധിക്കാലത്ത് നാട്ടിലെത്തുന്ന മനോഹരനോട് വ്യവസ്ഥാപിത സമൂഹം ചോദിക്കുന്നുണ്ട്. മരിച്ചുപോയ ഒരുവന്റെ വിയോഗത്തിൽ കഷ്ടംവെയ്ക്കുന്ന രീതിയിൽ. 'ടീച്ചറെ കാണാൻ പോയതാണല്ലേ? ടീച്ചറുടെ മോൻ നക്സൽ ആയീന്നാ കേൾക്കുന്നത്. എത്ര നല്ല കുട്ടിയായിരുന്നു. പഠിപ്പും കളഞ്ഞു. വീട്ടിലും വരില്ല. ടീച്ചറുടെയും (അമ്മ) ബാലേട്ടന്റെയും (അച്ഛൻ) കാര്യം കഷ്ടം തന്നെ!' മരിച്ചുപോയ ഒരു മകനെ പിണ്ഡം വെച്ച് തിരസ്കരിക്കുകയാണ് നാട്ടുകാർ.

ഒരു നല്ല കുട്ടിയുടെ സവിശേഷതകൾ എന്തൊക്കെയാണെന്ന് മനോഹരനും നാട്ടുകാർക്കും കൃത്യമായ കണക്കുകളുണ്ട്. ഒരു കാർട്ടീസിയൻ കട്ടിലിന് പാകമാകുന്നവൻ. ഇതേപ്പറ്റി

മനോഹരൻ ക്രൈസ്റ്റ് കോളേജിലെ സഹപാഠികളോട് ചോദിക്കുന്നുണ്ട്. അദ്ദേഹം പാർവ്വതി ടീച്ചറോടും ദാസിന്റെ ജ്യേഷ്ഠസഹോദരനെന്ന നിലയിൽ തിരക്കുന്നുണ്ട് ദാസിനെപ്പറ്റി. 'ഒരു തീവ്രവാദ രാഷ്ട്രീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നുണ്ടെന്നും വീട്ടിൽ വളരെ കുറവേ വരാറുള്ളൂവെന്നും' 'അവൻ പറയുന്നതൊന്നും ഞങ്ങൾക്ക് മുഴുവൻ മനസ്സിലാവുന്ന കാര്യങ്ങളല്ല' എന്നും ടീച്ചർ പറഞ്ഞു. 'മോൻ തന്നെ അവനോട് ഒന്നു പറഞ്ഞുനോക്കാൻ' മനോഹരനെ ഏല്പിക്കുകയും ചെയ്തു. ഭരിച്ച ഒരുത്തരവാദിത്തം ആ അമ്മ സമൂഹത്തിന് തിരിച്ചേല്പിക്കുകയാണ്, മനോഹരനിലൂടെ. വിപ്ലവകാരിയായോ അരാജകവാദിയോ അവധൂതനോ സന്യാസിയൊ ആയിപ്പോകുന്ന മകനോട് ഏതൊരമ്മയ്ക്കും തോന്നുന്ന മമത-മമതയില്ലായ്മ.

ദാസിന്റെ അമ്മ പാർവതി ടീച്ചർക്ക് ഒരുപാട് മക്കളുണ്ടായിരുന്നു, അതിലൊരാളാണ് താനെന്ന് മനോഹരൻ പറയുന്നതിനെ പിൻപറ്റുകമാത്രമാണ് വാസ്തവത്തിൽ ദാസ് ചെയ്തത്. അമ്മയുടെ സമ്മതം വാങ്ങാതെയാവാം, അമ്മയുടെ ഹൃദയം പിന്തുടർന്നത്. പാർവ്വതി ടീച്ചർ എന്ന കേവലയായ അമ്മയുടേതല്ല. മനോഹരൻ പറയുന്ന നിരവധി പേരുടെ അമ്മയായ പാർവ്വതിയുടെ. അതിനെ ദാസ് അനുഭവപ്പെടുത്തുന്നത് നാം നേരത്തെ കണ്ടതാണല്ലോ. ('എന്റെ അച്ഛനും അമ്മയും മാത്രമല്ലല്ലോ സമൂഹത്തിലുള്ളത്. നരകയാതന അനുഭവിക്കുന്ന ഒട്ടേറെ അച്ഛനമ്മമാരും സഹോദരീസഹോദരന്മാരും സമൂഹത്തിലില്ലേ?')

ഇത് പുരുഷപ്രകൃതിയോടുള്ള ചോദ്യവും ഉത്തരവും അല്ല. സ്വന്തം അമ്മയോടും അമ്മമാരോടും ദാസുമാർ പല കാലങ്ങളിൽ അവരുടെ ഹൃദയത്തിൽ ഹൃദയം ചേർത്തുവെച്ച് മന്ത്രിച്ചിട്ടുള്ളതാണ്. ചരിത്രത്തിൽ അതൊന്നും രേഖപ്പെടുത്തപ്പെടണമെന്നില്ല. ഒരമ്മ വെറും അമ്മയായിരിക്കുമ്പോൾതന്നെ ഭൂമിയിലെ എല്ലാ മക്കളെയും അറിയുന്ന മാതൃത്വം കൂടിയാണ്. അല്ലെങ്കിൽ അത് മാതൃത്വമല്ല, ആണത്തമാണ്.

തീർച്ചയായും, പാർവതി ടീച്ചർ എന്ന അമ്മ ദാസിന് ശൈശവത്തിലും ബാല്യത്തിലും നാരായണഗുരുവിനെയും എഴുത്തച്ഛനെയും പൂന്താനത്തെയും പരിചയപ്പെടുത്തിക്കൊടുത്തിട്ടുണ്ടാകണം. മാതൃത്വത്തിന്റെ ആ ആത്മീയ പരിസരമായിരിക്കണം ദാസിൽ ഗുരുവും പൂന്താനവും എഴുത്തച്ഛനും അങ്കുരിക്കാൻ കാരണമായത്.

> 'ദൈവമേ, കാത്തുകൊൾകങ്ങു
> കൈവിടാതിങ്ങു ഞങ്ങളെ,
> നാവികൻ നീ ഭവാബ്ധിക്കൊ-
> രാവിവൻ തോണി നിൻപദം'

എന്നു തുടങ്ങി

> 'ആഴമേറും നിൻ മഹസ്സാ-
> മാഴിയിൽ ഞങ്ങളാകവേ
> ആഴണം വാഴണം നിത്യം
> വാഴണം വാഴണം നിത്യം'

എന്നവസാനിക്കുന്ന ഗുരുവിന്റെ 'ദൈവദശക'ത്തിലെ നാല്പത് വരികൾ അക്കാലത്തെ ഏതൊരീഴവ കുടുംബത്തിലും സന്ധ്യാപ്രാർത്ഥനയായി ഏതൊരമ്മയും മക്കൾക്ക് ചൊല്ലിക്കൊടുക്കാതിരിക്കില്ല. ഗുരുവിന്റെ 'ദൈവദശകവും ചിജ്ജഡചിന്തനവും ബ്രഹ്മവിദ്യാ പഞ്ചകവും' (വ്യാഖ്യാനമടക്കം) ഉപകാരമായി എന്ന് അത് എത്തിച്ചുകൊടുത്ത തന്റെ ആത്മമിത്രമായ ബ്രഹ്മപുത്രന്

ദാസ് കത്തെഴുതുന്നുണ്ട്. കൃതികളും, വ്യാഖ്യാനവും രസകരമാണെന്നാണ് കത്തിലുള്ളത്. ഈ രസം അമ്മയിൽ നിന്ന് ദാസ് അമ്മിഞ്ഞപ്പാൽപോലെ നൊട്ടിനുണഞ്ഞിട്ടുണ്ടാകണം.

അതുപോലെത്തന്നെ പില്ക്കാലത്ത് എഴുത്തച്ഛനെപ്പറ്റിയുള്ള പരാമർശവും ബാല്യത്തിലും കൗമാരത്തിൽ നിന്നും സ്വാംശീകരിച്ചതാകണം.

അച്ഛനിലും മനോഹരനിലുമെല്ലാം അതീവ ദുർബലമായിട്ടെങ്കിലുമുള്ള മേൽപ്പറഞ്ഞ ആത്മീയ തുടിപ്പുകൾ വേണുവിലെത്തുമ്പോൾ ഊഷരമായി വരണ്ടുപോകുന്നുണ്ട്. ആ വരൾച്ച യാണ് വരട്ടുവാദത്തിന്റെ തീവ്ര വെയിൽ പരിസരം. ദാസിന്റെ കലഹം ആ ഊഷരതയോടായിരുന്നു. വേണുവിനോടായിരുന്നില്ല. തന്നിൽ സഹജമായി ഊറിക്കൂടിയിരുന്ന ആത്മീയത സാമൂഹ്യയാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടാതായപ്പോൾ, സുബ്രഹ്മണ്യദാസ് ആത്മീയ വേദനയിൽ പിടഞ്ഞു. അയാൾ ഭാഗമായ സമൂഹത്തിന്റെയും, അയാളുടെയും പ്രതിസന്ധി അതായിരുന്നു. ദാസതിനെ ധൈര്യപൂർവ്വം സത്യസന്ധമായി 'ആത്മീയ പ്രതിസന്ധി'യെന്നുതന്നെ വിളിച്ചു. ഒരു തരം കാപട്യവും അയാളിലില്ലായിരുന്നു.

2 'ആത്മീയം എന്ന വാക്ക് ഞാനുപയോഗിക്കുന്നത് ബോധപൂർവ്വം തന്നെയാണ്. ആശയം, ആദർശം, പ്രത്യയശാസ്ത്രം എന്നീ പദങ്ങളാണ് സാമൂഹ്യശാസ്ത്രത്തിൽ ഇതിന് പകരം നില്ക്കേണ്ടത്. പക്ഷേ, ഒരു പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കേരളത്തിന്റെ ഇന്നത്തെ സാമൂഹ്യ വ്യവസ്ഥ ഈ പദങ്ങളുടെ സമൂർത്ത പ്രകാശനത്തെ അനുവദിക്കാത്തവിധം സംഘർഷപൂർണമാണ്.' സുബ്രഹ്മണ്യദാസ് (1958-1982) തുടരുന്നു: 'നാമാവശേഷമായിക്കൊണ്ടിരിക്കുന്ന പഴയ സാമൂഹ്യഘടനയും പുതുതായി രൂപം കൊള്ളുന്ന മുതലാളിത്ത സ്വഭാവമുള്ള സാമൂഹ്യഘടനയും തമ്മിലുള്ള സംഘർഷമാണ് ഇന്നത്തെ ആത്മീയ പ്രതിസന്ധിയ്ക്ക് ആധാരമായിട്ടുള്ളത്'.

പതിനാറാം നൂറ്റാണ്ടോടെയാണ് ആധുനിക കേരളത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. വിദേശവ്യാപാര കുത്തക കൈവശപ്പെടുത്താനായി പോർച്ചുഗീസുകാർ നടത്തിയ യുദ്ധങ്ങളാണ്, അതിന്റെ സാമൂഹ്യമായ നീറ്റലും പിടച്ചിലുമാണ്, എഴുത്തച്ഛനെയും പൂന്താനത്തെയും രൂപപ്പെടുത്തുന്നത്. ഹൃദയത്തിന്റെ മുറിവുകളിൽ നിന്നുമൊഴുകിയ ഭക്തിയിലൂടെ എഴുത്തച്ഛനും പൂന്താനവും ജനങ്ങൾക്കുമേലുള്ള വൈദേശികാധിപത്യത്തെ പ്രതിരോധിച്ചു. പുതിയൊരു മലയാളഭാഷയിലൂടെ. സാധാരണക്കാരന് മനസ്സിലാക്കാൻ കഴിയുന്ന രാമായണത്തിലൂടെ, ജ്ഞാനപ്പാനയിലൂടെ. 'നൈതികതയും രാഷ്ട്രീയവും ഒന്നായ ആ കാലഘട്ടത്തിൽ കേരളത്തിന്റെ തനതായ സംസ്കാരം അന്നത്തെ കാവ്യങ്ങളിലൂടെ ആത്മപ്രതിരോധത്തിന്റേതായ ഉദാത്ത മേഖലകളിലേയ്ക്ക് കുമ്പിയുണരുന്നു. പ്രകൃതി-പുരുഷ ബന്ധത്തിന്റെ സാഫല്യം സൃഷ്ടിക്കുന്ന ആദ്ധ്യാത്മികതയാണ് അവയുടെ അന്തസ്സത്ത'.

വൈദേശികാധിപത്യത്തിന്റെ ഫലമായി സാമൂഹ്യപ്രകൃതിക്കും മനുഷ്യപ്രകൃതിക്കും നേരിട്ട വിഭ്രംശങ്ങൾ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ രണ്ട് പ്രതിഭാശാലികളിലൂടെ പ്രകടമാകുന്നതായി ദാസ് എഴുതുന്നു. 'ശ്രീനാരായണ ഗുരു ധ്യാനത്തിന്റെയും അന്തർജ്ഞാനത്തിന്റെയുമായ ആത്മനിഷ്ഠമണ്ഡലത്തിൽ വെച്ചാണ് പ്രകൃതി-പുരുഷ ബന്ധത്തിന്റെ സങ്കീർണ്ണതകൾ പരിഹരിക്കാനൊരുങ്ങിയത്'. ഗുരുവിന്റെ പ്രവർത്തനങ്ങളെ നിരാശയിലവസാനിച്ച ആത്മീയ കലാപമെന്നുവരെ പി.കെ. ബാലകൃഷ്ണൻ വിശേഷിപ്പിക്കുന്നുണ്ട്. ഗുരു പരിഹരിക്കാൻ ശ്രമിച്ച കാലത്തിന്റെ ആത്മീയ പീഡാനുഭവങ്ങൾ ആവിഷ്കൃതമാകുന്നത് കുമാരനാശാന്റെ പ്രേമദുരന്ത കാവ്യങ്ങളിലെ സ്ത്രീ കഥാപാത്രങ്ങളിലൂടെയാണ്... 'പീഡിതമായ മനുഷ്യപ്രകൃതി അതിന്റെ മുഴ

വൻ സംഘർഷങ്ങളും അനുഭവിച്ചുതീർക്കുന്നു. പ്രകൃതി-പുരുഷ ബന്ധത്തിന്റെ വികാസോന്മുഖ മായ താളലയങ്ങൾ നഷ്ടപ്പെട്ട പുരുഷനാകട്ടെ ജീവിതത്തിൽ സ്വയം ഭ്രഷ്ടനാക്കപ്പെട്ടലയുന്നു. ഒരിക്കൽ മാത്രം സ്വത്വം നിഷേധിക്കപ്പെട്ട ചാത്തന്റെ അധമബോധത്തിന്റെ രൂപത്തിൽ പുരു ഷൻ പ്രത്യക്ഷപ്പെടുന്നു'.

സമൂഹത്തിന്റെ ഗുണപരമായ മാറ്റത്തിന് ആത്മീയത വിധേയമാക്കാൻ കഴിയാതെ ഗുരു എപ്രകാരം 'നിരാശയിലവസാനിച്ചുവോ' അതിന്റെ മറ്റൊരു മുഖമാണ് തന്നിലെ ആത്മീയത യും സാമൂഹ്യപരിവർത്തനവും കഠിനമായി വിയോജിക്കുന്നിടത്ത് സുബ്രഹ്മണ്യദാസ് ആത്മഹ ത്യയിലെത്തുന്നത്. ജ്ഞാനഗുരു തന്റെ നിരാശയെ 'ഭാരതീയ ചിന്തയുടെ' അനാസക്തധാര യിലൂടെ മറികടന്നു. സുബ്രഹ്മണ്യദാസിന് അതിനായില്ല. കാരണം, അയാൾ വായിച്ചറിഞ്ഞ മാർക്സിയൻ സിദ്ധാന്തങ്ങളോ പങ്കാളിയായ സാമൂഹ്യപ്രവർത്തനങ്ങളോ കേരളീയ സമൂഹമോ മറ്റനേകം വായനകളോ അയാൾക്ക് ആത്മീയ വെളിച്ചമായില്ല. ഇരുപത്തിനാലാമത്തെ വയ സ്സിൽ 1982 ജൂലൈ പതിനാലിന് വടക്കാഞ്ചേരിക്കടുത്ത് ഓട്ടുപാറയിൽ വൈകുന്നേരം ഏഴുമ ണിക്ക് താൻ ഒരാഴ്ച മുമ്പ് കണ്ടുവെച്ച സ്ഥലത്ത് (too beautiful a place for suicide) അയാൾ തന്റെ സംഘർഷങ്ങളെല്ലാം തല്ക്കാലം അവസാനിപ്പിച്ച് അപ്രത്യക്ഷനാവുന്നു.

അയാളുടെ ആത്മാംശങ്ങൾ പങ്കിട്ടിരുന്ന അശോകനും (പി.കെ. അശോക് കുമാർ) ബ്രഹ്മ പുത്രനും ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. ദാസ് പ്രതിനിധാനം ചെയ്ത ആത്മീയ വേദനയെ ഇവർ രണ്ടുപേരും എങ്ങിനെയാണ് അതിജീവിക്കുന്നതെന്ന് ശ്രദ്ധിക്കാൻ ശ്രമിച്ചിട്ടുണ്ട് ഞാൻ.

ദാസിന്റെ മരണത്തിന് പതിമൂന്ന് വർഷങ്ങൾക്കുശേഷം അശോകൻ കേരളത്തിലെ ആദ്യ ത്തെ പാലിയേറ്റീവ് കെയർ സന്നദ്ധസേവകനായി ഡോ. എം. ആർ. രാജഗോപാലിനോ ടും ഡോ. സുരേഷിനോടുമൊപ്പം കാരുണ്യത്തിലൂന്നുന്ന മനുഷ്യാവകാശപ്രവർത്തനത്തെ കേ രളീയ സാമൂഹ്യജീവിതത്തിലെത്തിക്കുന്നതിൽ വ്യാപൃതനായി. വേദനയാൽ നരകയാതനയ നുഭവിക്കുന്നവർക്ക് ആശ്വാസമായി. ബ്രഹ്മപുത്രനാകട്ടെ, ഒരു നിശ്ശബ്ദസാക്ഷിയായി കേരള ത്തിന്റെ സമസ്ത സ്പന്ദനങ്ങളെയും നിരീക്ഷിക്കുന്നു. ഇവർ രണ്ടുപേരിലും ദാസ് അനുഭവിച്ചിരുന്ന ആത്മീയവേദനയുടെ നീറ്റൽ എനിക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. ഇതേ വേദന പങ്കിടുന്നവർ സമൂഹത്തിൽ ഇവർ രണ്ടുപേർ മാത്രമല്ല. അവരും ദാസിന്റെ കാലത്തെക്കാളും ക്രൂരവും കഠിന വുമായ സാമൂഹ്യയാഥാർത്ഥ്യങ്ങളെ മുഖാമുഖം നേരിടുന്നുണ്ട്. അവരിൽ ചിലരെങ്കിലും ആത്മ ഹത്യയിൽ നിന്ന് തെന്നിപ്പോവുന്നത് ഏതെങ്കിലും ശുഭ പ്രതീക്ഷകൊണ്ടല്ല. പൊതുസമൂഹത്തി ന്റെ ശ്രദ്ധയിൽപെടാത്ത ചെറിയ ചെറിയ പ്രവൃത്തികളിലൂടെ തങ്ങളുടെ ആത്മീയവേദനയിൽ നിന്നുള്ള ഊർജ്ജത്താൽ അന്യന്റെ മുറിവുണക്കാൻ ശ്രമിക്കുന്നതിലൂടെയാണ്. ഈ ആത്മീയ വേദന കെ. വേണുവിനെപ്പോലുള്ളവർ അനുഭവിക്കുന്നുണ്ടോയെന്നറിയില്ല. സാമൂഹ്യമാറ്റത്തി നുള്ള അദ്ദേഹത്തിന്റെ യാന്ത്രികമായ പോസ്റ്റ്മാർട്ടം—സമവാക്യങ്ങൾ കാണുമ്പോൾ സംശ യിച്ചുപോകുന്നതാണ്. പ്രകൃതി 'ജനാധിപത്യം സ്വാതന്ത്ര്യം' എന്ന സമസ്യയിലേയ്ക്ക് അദ്ദേഹം എപ്പോഴെങ്കിലും ആത്മീയതയുടെ ശുദ്ധവായു കടത്തിവിടുമെന്ന് പ്രത്യാശിക്കുകയാണ്.

സുബ്രഹ്മണ്യദാസ് അനുഭവിച്ച ആത്മീയ പ്രതിസന്ധിയുടെ സ്ഥൂലമായ സാമൂഹ്യപരിസര ങ്ങൾ നേരത്തെ സൂചിപ്പിച്ചതുപോലെ അതിനേക്കാൾ രൂക്ഷമായി ഇന്ന് നിലനില്ക്കുന്നുവെന്ന താണ് ദാസിനെ ഒരു ക്രാന്തദർശിയാക്കുന്നത്. നിർഭാഗ്യവശാൽ, ദാസ് അവസാനം വരെയും സ്വപ്നം കണ്ടിരുന്ന മാർക്സിസ്റ്റ് ദർശനത്തിനുപോലും പുതുകാലത്തിന്റെ ആർത്തിനിറഞ്ഞ ഹിം സയെ പ്രതിരോധിക്കാനാവുന്നില്ല.

ദാസിന്റെ കത്തുകളിലും ലേഖനങ്ങളിലും രാഷ്ട്രീയ സ്വയം സേവക് സംഘമെന്ന ഫാസിസ്റ്റ് ശക്തികളുടെ വളക്കൂറുള്ള മണ്ണായി കേരളം മാറുന്നത് ദീർഘദർശനം ചെയ്യുന്നുണ്ട്. ഏതാണ്ട് നാല്പതു കൊല്ലം മുമ്പ് ദാസ് ഡോക്യുമെന്റ് ചെയ്ത ഫാസിസത്തിന്റെ വളർച്ച ഇന്ന് കേരളത്തെ മാത്രമല്ല ഇന്ത്യയുടെ ഓരോ ജൈവകോശത്തെയും ഗ്രസിച്ചിരിക്കുന്ന മാരകവിഷമായി സംക്രമിച്ചിരിക്കുന്നു. 'ആരോഗ്യകരമായ ഉത്പാദന ക്രമം രൂപം കൊള്ളാത്തതിനാൽ, ഈ സമൂഹത്തിൽ ബാഹ്യപ്രകൃതിക്കും മനുഷ്യപ്രകൃതിക്കും മേലുള്ള മനുഷ്യന്റെ സാംസ്കാരികവും ധൈഷണികവുമായ മേധാവിത്തം ക്രമേണ ചുരുങ്ങിക്കൊണ്ടിരിക്കുന്നു. ഇടതുപക്ഷ സ്വഭാവമുള്ള രാഷ്ട്രീയത്തിന്റെ തകർച്ചയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. അതേസമയം നിലവിലുള്ള ഇടതുപക്ഷ സംഘടനകളുടെതന്നെ സ്വഭാവത്തെയും ഈ സാമൂഹ്യാവസ്ഥ ചീത്തയായി സ്വാധീനിക്കുന്നു. മറുവശത്ത്, സുരക്ഷിതത്ത്വത്തിനും ഉറപ്പിനും വേണ്ടിയുള്ള ജനങ്ങളുടെ ബോധപൂർവ്വമോ അബോധപൂർവ്വമോ ആയ ത്വര അവരെ വലതുപക്ഷത്തോടടുപ്പിക്കുന്നു. ഭൂതകാലത്തിൽ വേരുകളുള്ള ഫാസിസ്റ്റ് സ്വഭാവമുള്ള സംഘടനകൾക്ക് ഇത് വളരാനവസരം നൽകുന്നു'.

മേലെഴുതിയ ദാസിന്റെ വാക്കുകളിൽ അടിവരയിട്ട 'ബാഹ്യപ്രകൃതിക്കും മനുഷ്യപ്രകൃതിക്കും മേലുള്ള മനുഷ്യന്റെ സാംസ്കാരികവും ധൈഷണികവുമായ മേധാവിത്തം' എന്നതിനോട് എനിക്ക് യോജിക്കാനാവില്ല. കാരണം, മേധാവിത്തം എന്ന വാക്ക് ദാസ് എന്തിനെതിരെ നില്ക്കുന്നുവോ അതിനെ തിരിച്ചുകൊണ്ടുവരുന്നതാണ്. എന്റെ ബുദ്ധിസ്റ്റ്-ഗാന്ധി വായനകളും അനുഭവങ്ങളും മനുഷ്യന്റെ മേധാവിത്തത്തിനു പകരം ഭൂമിയിലെ സകല ജീവജാലങ്ങളുടെയും അചേതന വസ്തുക്കളുടെയും പരസ്പരമായ വിനിമയമാണ് മനുഷ്യനടങ്ങുന്ന എല്ലാജീവന്റെയും ഭൂമിയുടെയും അതിജീവനത്തിനാവശ്യം എന്ന് ബോധ്യപ്പെടുത്തുന്നുണ്ട്. അതേസമയം, ദാസ് തന്നെ സൂചിപ്പിക്കുന്നുണ്ട്: 'ഇന്നത്തെ പ്രതിസന്ധിയെ അഭിമുഖീകരിക്കാൻ നമ്മെ സഹായിക്കുന്ന ഒരു പ്രത്യയശാസ്ത്രവും നമുക്കിന്നില്ല. കഴിഞ്ഞ കാലങ്ങളിൽ ഈ നാടിന്റെ സാമൂഹ്യജീവിതത്തെ മുന്നോട്ടു നയിച്ചിരുന്ന ആശയങ്ങളും ആദർശങ്ങളും പ്രത്യയശാസ്ത്രങ്ങളും ഇന്നും പ്രസക്തമാണെന്ന് നാം തെറ്റിദ്ധരിച്ചിട്ടുണ്ട്. രൂക്ഷമായ യാഥാർത്ഥ്യം ആ ധാരണകളുടെ അന്തസ്സാരശൂന്യത നമ്മെ എപ്പോഴും ബോധ്യപ്പെടുത്തിത്തന്നിട്ടുണ്ട്. ആശയങ്ങളിലൂടെയോ ആദർശങ്ങളിലൂടെയോ പ്രകാശനം കണ്ടെത്താനാകാത്ത നഗ്നമായ ആത്മീയതയുടെ വിഭ്രാന്തി നാമെല്ലാം അനുഭവിച്ചറിഞ്ഞിട്ടുണ്ട്'. ഇവിടെയും ദാസ് മാർക്സിസത്തിന്റെ പ്രയോഗത്തിലെ പരാജയങ്ങളെ ശരിവെയ്ക്കുമ്പോഴും ആ ദർശനത്തിന്റെ സാധ്യതയെ പൂർണമായി കൈയൊഴിയുന്നില്ല.

അക്കാലത്ത് ആരും ജാഗ്രതപ്പെടാത്ത ഗാന്ധിയൻ അന്വേഷണങ്ങളിലൂടെ ദാസ് കടന്നുപോകുന്നത് എന്നെ അത്ഭുതപ്പെടുത്തുന്നു. സി. എസ്. വെങ്കിടേശ്വരനുമായുള്ള സംഭാഷണങ്ങളടക്കം ഇത് വെളിപ്പെടുത്തുന്നു. പുസ്തകത്തിന്റെ ഒമ്പതിടങ്ങളിൽ ഗാന്ധി കടന്നു വരുന്നുണ്ട്. രൂക്ഷമായ വിമർശനമായും, അന്വേഷണമായും, കണ്ടെത്തലായും. ഗാന്ധിയുടെ ആത്മകഥയടക്കമുള്ള പുസ്തകങ്ങളിലൂടെ ദാസ് അന്വേഷണം തുടരുന്നുണ്ട്. "ഗാന്ധിയൻ പ്രസ്ഥാനം ചലനാത്മകമായിരുന്നു. ഒരർത്ഥത്തിൽ അല്ലെങ്കിൽ മറ്റു ഭീകര പ്രസ്ഥാനങ്ങളെക്കാളെങ്കിലും വിപ്ലവകരവുമായിരുന്നു. വൈഷ്ണവതയിൽ കുടുങ്ങിപ്പോയി എന്നതായിരുന്നില്ല ഗാന്ധിസത്തിനു പറ്റിയ തെറ്റ്. ഗാന്ധിസം സ്വീകരിച്ച വൈഷ്ണവതയുടെ സമൂഹപരത ആവശ്യമായിരുന്നു—അത് നേടിയിടത്തോളം ധാർമ്മികതയും. വാസ്തവത്തിൽ ഇന്ത്യയിൽ ഇന്ന് ഏതെങ്കിലും വിധത്തിൽ ധാർമ്മിക ബോധം നിലനില്ക്കുന്നുണ്ടെങ്കിൽ അതിന് നാം ഗാന്ധിയൻ പ്രസ്ഥാനത്തോടു കടപ്പെട്ടിരിക്കുന്നു... " ഇത്രയും സത്യസന്ധമായും ശക്തമായും ഗാന്ധിയൻ ധാർമ്മികതയെ കണ്ടെ

ത്തിയവർ ദാസിനുശേഷം അത്യപൂർവ്വമാണ്. ഇന്ത്യൻ ജനാധിപത്യത്തിന്റെയും ഭൂമിയുടെയും അതിജീവനത്തിന് ഇന്ന് ഉപജീവിക്കാൻ കഴിയുന്ന ധാർമ്മിക സ്രോതസ്സിനെക്കുറിച്ചാണ് ദാസ് 1981-ൽ, മരണത്തിന് മാസങ്ങൾക്ക് മുമ്പ് എഴുതുന്നത്, വെങ്കിടിക്കുള്ള കത്തിൽ. എന്നാൽ മേലഴുതിയതിന്റെ തുടർച്ചയായി ദാസ് ആ കത്ത് അവസാനിപ്പിക്കുന്നത് ശ്രദ്ധിക്കേണ്ടതുണ്ട്. 'ഗാന്ധിസം വിസ്മരിക്കപ്പെടാൻ കാരണം അത് യുക്തിപരവും ശാസ്ത്രീയവും ആയ രീതിക്കുപകരം ധാർമ്മികതയെ മാത്രം അവലംബിച്ചതായിരിക്കും' (പുറം: 152).

ഗാന്ധിയെ ദാസ് അവസാനമായി സ്പർശിക്കുന്നത് വെങ്കിടിക്കുള്ള കത്തിൽ തന്നെയാണ്. അതിൽ 'ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനകത്ത് ഇന്ന് നടക്കുന്ന തരംതാണ ആശയ സമരങ്ങളെ അതിജീവിച്ചുകൊണ്ട് മാർക്സിസത്തിനുതന്നെ പുതിയൊരു മാനം നല്കാൻ കഴിയുമെന്ന്' ദാസ് പ്രത്യാശിക്കുന്നുണ്ട്. ലൂക്കാച്ചിന്റെ വാക്കുകൾ ദാസ് വെങ്കിടിയ്ക്കായി പകർത്തിയെഴുതുന്നു:

"... the essential point of the new method: the manner and direction of the abstraction and though experiments are not determined by epistemological or methodological (and least of all logical) standpoint but by the thing itself, ie., the ontological nature of the material in question... "

ഗാന്ധിയെ മനസ്സിലാക്കാൻ (മാർക്സിസ്റ്റുകൾക്ക്) ലൂക്കാച്ചിന്റെ ഉദ്ധരണിയല്ലേ സഹായകമെന്ന ചോദ്യം ദാസ് അതേ കത്തിന്റെ അവസാനത്തിൽ ഉന്നയിക്കുന്നുണ്ട്.

'യുക്തിപരവും ശാസ്ത്രീയവും' ആയ പടിഞ്ഞാറൻ ആധുനിക മുതലാളിത്ത നാഗരികതയുടെ രീതിശാസ്ത്രത്തെയും യുക്തിപരതയെയും നിരാകരിച്ച് അതിൽനിന്ന് തീർത്തും വ്യത്യസ്തമായ ഒരു ലോകം സൃഷ്ടിക്കാനാവുമെന്ന് പരീക്ഷണാത്മകമായിട്ടെങ്കിലും തെളിയിച്ചതാണ് നവലിബറൽ മുതലാളിത്ത കാലത്തെ ഗാന്ധിയുടെ പ്രസക്തിയെന്ന് ഞാൻ വിചാരിക്കുന്നു. ദാസിനെ അതിൽനിന്നു തടഞ്ഞത് പടിഞ്ഞാറൻ നാഗരികതയിൽ നിന്ന് രൂപപ്പെട്ട മാർക്സിയൻ ദർശനങ്ങളുടെ യുക്തിയോടും രീതിയോടുമുള്ള വിഛേദം സാധ്യമാവാഞ്ഞതാണെന്ന് സംശയിക്കുന്നു. ഇങ്ങിനെ പറഞ്ഞുവെയ്ക്കുമ്പോഴും ഒരു വസ്തുത നിസ്സംശയമായി രേഖപ്പെടുത്തേണ്ടതുണ്ട്. എങ്ങനെ സമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും നീതിയും ധാർമ്മികതയും പുലരുന്ന ഒരു സമൂഹം രൂപപ്പെടും? എങ്ങനെ നിരുപാധികമായ കാരുണ്യവും ആത്മീയതയും ഉള്ള ഒരു പുതിയ മനുഷ്യൻ, എല്ലാഭേദങ്ങൾക്കും അതീതമായി പരിണമിച്ചുണ്ടാകും? ഇതായിരുന്നു ദാസിന്റെ ആന്തരിക പ്രതിസന്ധി. സാമൂഹ്യ പ്രതിസന്ധിയും ആന്തരിക പ്രതിസന്ധിയും ഒരേ ആത്മീയ പ്രതിസന്ധിയുടെ അംശങ്ങളാണെന്ന് ഇരുപത്തിനാലുവയസ്സിനുള്ളിൽ തന്നെ അയാൾ തിരിച്ചറിഞ്ഞിരുന്നു. മനുഷ്യൻ എന്ന വാക്കിന്റെ പൊരുളന്വേഷിക്കുന്ന എല്ലാവരിലും ദാസിന്റെ ഈ പ്രതിസന്ധിയുണ്ട്. ബഹുഭൂരിപക്ഷം പേരും എഴുത്ത്, വായന, ലഹരി, തൊഴിൽ, അലസത, നിസ്സംഗത എന്നിവയിലൂടെ അതിൽനിന്നു രക്ഷപ്പെടാൻ ശ്രമിക്കുന്നു. പക്ഷേ, ഇത്തരം ഒളിച്ചോട്ടങ്ങളിലൊന്നും ദാസ് തന്നെ ഉൾപ്പെടുത്തിയില്ല.

ശ്രീനാരായണ ഗുരുവിന്റെ 'ആത്മീയ കലാപങ്ങൾ' നിരാശയിലാണവസാനിച്ചതെന്നയാൾക്കറിയാം. ആ ജ്ഞാനഗുരുവിന്റെ അവസാനനാളുകളിൽ അദ്ദേഹത്തിന്റെ ആത്മീയ പുത്രന്മാരിൽ പ്രമുഖനായ കുമാരനാശാൻ പോലും ഗുരുവിനെ കൈയൊഴിഞ്ഞിരുന്നുവെന്ന സത്യം ദാസ് അന്ന് അറിഞ്ഞിരുന്നില്ല. ഗുരുവിന്റെ ആത്മീയത കുമാരനാശാൻ കാവ്യഭാഷയിലൂടെ സാക്ഷാത്കരിച്ചു എന്ന് ദാസ് എഴുതുന്നത് ശരിയാണ്. എന്നാൽ സകലവിധ ഭേദങ്ങൾക്കും അതീതമായ ഗുരുവിന്റെ സാമൂഹ്യപരതയെ കുമാരനാശാൻ ഈഴവസമുദായത്തിന്റെതിലേയ്ക്ക്

സങ്കുചിതമാക്കിയില്ലേ എന്ന ചോദ്യം ഇന്ന് ഗവേഷണരേഖകളിലൂടെ തെളിഞ്ഞിട്ടുണ്ട്. 'The counter Narratives of Power and Identity in Colonial Keralam—A reading of C.V. Raman Pillai's Historical Novels' (2004 : ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി ഗവേഷണ പ്രബന്ധം) ഈ ചോദ്യം ഉന്നയിക്കുന്നുണ്ട്.

ഡോ. വിനോദ് ചന്ദ്രന്റെ ഗവേഷണ പ്രബന്ധത്തിലെ വരികൾ താഴെ ചേർക്കുന്നു: 'ഗുരുവിന്റെ അംഗീകാരത്തിനുവേണ്ടി കായിക്കര കുമാരു അഥവാ ചിന്ന സ്വാമി (പിന്നീട് കുമാരനാശാൻ എന്നറിയപ്പെട്ടു) എസ്.എൻ.ഡി.പി യോഗത്തിന്റെ ബൈലോയുടെ (നിയമാവലിയുടെ) ഡ്രാഫ്റ്റ് വായിക്കുകയാണ്. താഴ്ന്ന ജാതിയിലുള്ള 'ഈഴവ'രുടെ ക്ഷേമത്തിനുവേണ്ടി മാത്രമാണോ എസ്.എൻ.ഡി.പി. യോഗം സംഘടിപ്പിക്കപ്പെടുന്നത് എന്ന് വായനയിൽ ഇടപെട്ടുകൊണ്ട് ഗുരു ചോദിച്ചു. കമ്പനിയുടെ (SNDP) രജിസ്ട്രേഷനുവേണ്ടി സംഘടനയുടെ പ്രവൃത്തികൾ കൃത്യമായി രേഖപ്പെടുത്തേണ്ടത് കമ്പനി ആക്ടനുസരിച്ച് ആവശ്യമായതുകൊണ്ടാണ് തങ്ങളിതിന് നിർബന്ധിക്കപ്പെട്ടതെന്ന് കുമാരു വിശദീകരിച്ചു. കുമാരുവിന്റെ വിശദീകരണം ശ്രദ്ധിച്ച ശേഷം കുറച്ചുനേരം നിശ്ശബ്ദനായിരുന്ന ഗുരു സാവകാശം അരുളിച്ചെയ്തു: 'ഇന്നു മുതൽ കുമാരു വായിരിക്കട്ടെ നമ്മുടെ ആശാൻ (ടീച്ചർ)'. ഈ സംഭവത്തിനുശേഷമാണ്, കുമാരു കുമാരനാശാനായി അറിയപ്പെടാൻ തുടങ്ങിയതെന്ന് പറയപ്പെടുന്നു'.

ഇത്തരം അവസ്ഥയിൽ ഗുരു ജ്ഞാനത്തിന്റെ സാപേക്ഷതയിലൂടെ അതിനെ മറികടന്നിട്ടുണ്ടാകാം എന്ന് നടരാജഗുരുവിന്റെ ആത്മകഥ വായിച്ചാൽ അറിയാനാകും. ഗാന്ധിയും ഇത്തരമൊരവസ്ഥയിലൂടെ കടന്നുപോയിട്ടുണ്ട്. 1947-ൽ ഇന്ത്യാവിഭജനവും സ്വാതന്ത്ര്യവും യാഥാർത്ഥ്യമായതോടെ ഗാന്ധി തന്റെ ഏറ്റവും അടുത്ത അനുയായികളാൽ വഞ്ചിക്കപ്പെട്ട അനാഥനും തിരസ്കൃതനുമായി മാറി. ഗാന്ധിയെ ഒരർത്ഥത്തിൽ രക്ഷിച്ചത് വിനായക് നാഥുറാം ഗോഡ്സെയാണ്. അല്ലെങ്കിൽ ഗാന്ധി മരണംവരെ നിരാഹാരമനുഷ്ഠിച്ച് ആത്മാഹുതി ചെയ്യുമായിരുന്നു.

വാക്കും പ്രവൃത്തിയും, സാമൂഹ്യജീവിതവും വ്യക്തിജീവിതവും രണ്ടല്ലെന്നും എല്ലാം ഒരേ ആത്മീയപ്രതിസന്ധിയുടെ ഭാഗമാണെന്നുമറിയുന്ന എല്ലാ മനുഷ്യരുടെയും അവസ്ഥയാണത്. അതിനെ ഇങ്ങിനെ സംഗ്രഹിക്കാം: എല്ലാ പ്രവാചകരും പരാജയപ്പെട്ടവരാണ്, സ്ഥൂലമായ അർത്ഥത്തിൽ. സൂക്ഷ്മാർത്ഥത്തിൽ അവരുടെ ജീവിതങ്ങളുടെ ഊർജ്ജമാണ് ധാർമ്മികതയുടെ അതിജീവനത്തിന്നാധാരം. ദാസ് ഗാന്ധിയുടെ ധാർമ്മികതയെപ്പറ്റി സൂചിപ്പിച്ചതുപോലെ.

വാക്കും പ്രവൃത്തിയും ഒന്നായിത്തീരണമെന്നാഗ്രഹിച്ച ദാസിന്റെ ആത്മീയ പ്രതിസന്ധിയും മേല്പറഞ്ഞതായിരുന്നു. കഴിഞ്ഞ അരനൂറ്റാണ്ടിനുള്ളിൽ മൺമറഞ്ഞ ക്രാന്തദർശികളായ എം. ഗോവിന്ദന്റെയും സി. ജെ. തോമസിന്റെയും കൂട്ടത്തിൽ എന്തുകൊണ്ട് ദാസും കണ്ണിചേർക്കപ്പെടുന്നില്ല!

തന്നിലെ പ്രതിസന്ധിയെ മറികടക്കാൻ ദാസ് ഇരുപത്തിനാലുവയസ്സിനുള്ളിൽ ഒരു നീണ്ട മനുഷ്യായുസ്സിന്റെ പുസ്തകങ്ങൾ വായിച്ചുതീർത്തു. ദർശനങ്ങളിലൂടെ കടന്നുപോയി. ചലച്ചിത്രാവിഷ്കാരങ്ങൾ, ചിത്രകല, നോവലുകൾ, കവിതകൾ,... സംവാദങ്ങളുടെ ഊഷ്മളത നിലനിർത്തി.

ഇതിലൂടെയെല്ലാം അയാൾ വ്യക്തമായി തിരിച്ചറിഞ്ഞത് എന്തൊക്കെയാണെന്ന് ഓടിച്ചുനോക്കാം. കേരളത്തിന്റെ സാമൂഹ്യതയിൽ നിന്ന് നവോത്ഥാനത്തിന്റെ പിൻമടക്കം, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അതിദയനീയമായ ജീർണ്ണത, മൂല്യശോഷണം സംഭവിച്ച സാമൂഹ്യപ്രസ്ഥാനങ്ങൾ—രാഷ്ട്രീയ പാർട്ടികൾ, അതിന്റെ ഇടങ്ങളിൽ തഴച്ചുവളരുന്ന ഫാസിസ്റ്റ്

സംഘടനയായ ആർ.എസ്സ്.എസ്സ്, അതേ ഫാസിസ്റ്റ് മൂശയിലേയ്ക്ക് വളർന്ന മാർക്സിസ്റ്റ് പാർട്ടി, സി. പി. ഐ. എം. എൽ പോലുള്ള പ്രസ്ഥാനത്തിലെ ഉന്മൂലന സിദ്ധാന്തങ്ങൾ, താൻകൂടി ഭാഗഭാക്കായിപ്പോയ അതിന്റെ ഫലശൂന്യത, അതിൽ നിന്നുണ്ടായ കുറ്റബോധം, ശ്രേണീബദ്ധമായ ജാതി വ്യവസ്ഥ, ഭീകരരൂപിയായിത്തീരുന്ന ദേശീയത, ആഗോളീകരണം... ഇവയെപ്പറ്റിയുള്ള വിശകലനങ്ങളും വിമർശനങ്ങളും സൂചനകളും വിഹ്വലതകളും ദാസിന്റെ എഴുത്തുകളിലുണ്ട്. വാസ്തവത്തിൽ, ഞാനവയെല്ലാം ദാസിന്റെ ആത്മീയ പ്രതിസന്ധിയുടെ ഉപരിപ്ലവ ഭാവങ്ങളായേ കാണുന്നുള്ളൂ.

ഈയൊരു വേദനിപ്പിക്കുന്ന പ്രതിസന്ധിയുടെ പിടച്ചലിലാണ് ദാസ് ഒരു കുഞ്ഞിനെപ്പോലെ, നെഞ്ചത്തടിച്ചുകൊണ്ട് നിലവിളിക്കുന്നത്: “Keralites are a lost people”. നമ്മളതിനെ വായിച്ചത് കേരളീയർ ഒരു തോറ്റ ജനതയാണെന്നോ, പരാജയപ്പെട്ട ജനതയാണെന്നോ ആണ്. നാം അത് അന്നുമുതൽ കൊണ്ടാടുകയും ചെയ്തിട്ടുണ്ട്. ദാസ് എഴുതുന്നുണ്ട്: ‘സ്വാതന്ത്ര്യബോധമില്ലായ്മയെക്കാളേറെ ഭീതിയാണ് ഇന്നാട്ടുകാരെ എന്നും ഭരിച്ചിരുന്നത്. യാഥാർത്ഥ ശത്രുവിനെ കാണാൻ എല്ലാവരും മടിക്കുന്നു’. ഈ രണ്ട് എഴുത്തിലൂടെയും എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്, കേരളീയർ ഒരു lost ജനതയെന്നല്ല.

തോൽക്കുന്നതിലും പരാജയപ്പെടുന്നതിലും ഒരു സംഘർഷത്തിന്റെ, യുദ്ധത്തിന്റെ, പ്രതിരോധത്തിന്റെ വാസ്തവികതയുണ്ട്. എന്നാൽ, ആധുനികകാലത്ത് ഒരു സമൂഹമെന്ന നിലയിൽ കേരളീയർ എന്നാണ്, എവിടെയാണ് അർത്ഥവത്തായ പ്രതിരോധത്തിന് ശ്രമിച്ചിട്ടുള്ളത്? “Keralites are a lost people” എന്നത് കേരളീയർ സ്വയം കീഴടങ്ങിയ ജനതയെന്ന് വായിക്കാനാണ് ഞാനിഷ്ടപ്പെടുന്നത്. ഒരു പ്രതിരോധവുമില്ലാതെ, സംഘർഷവുമില്ലാതെ ഒരു ജനത യാഥാസ്ഥിതികത്വത്തിന്റെ ജീർണ്ണതകൾക്ക്, ആർത്തികൾക്ക്, വിപ്ലവ വായാടിത്തരങ്ങൾക്ക്, അതിന്റെ വ്യാജനിർമ്മിതികൾക്ക്, ഹിംസകൾക്ക് കീഴ്പ്പെടുകയാണ്. ആത്മാവിന്റെ ഇത്തരം കീഴ്പ്പെടലുകളാണ് ഗാന്ധിയെപ്പോലുള്ളവർ സാമ്പത്തിക, രാഷ്ട്രീയ, കീഴ്പ്പെടലുകളേക്കാൾ ഭയാനകമായി കണ്ടത്. ‘നമ്മുടെ നാട്ടിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള cultural alienationന്റെ ഇരകളാണ് നാമെല്ലാം. ലോജിക്കലായി നോക്കുമ്പോൾ ഭാവിയിൽ വലിയ പ്രതീക്ഷയൊന്നും എനിക്കില്ല... ഒരു പക്ഷേ, എല്ലാ നന്മകളെയും ചവിട്ടി മെതിച്ചുകൊണ്ട് ഫാസിസത്തിന്റെ/dehumanisationന്റെ കനത്ത ബൂട്ടുകൾ മുന്നോട്ടുപോയേയ്ക്കാം... ’എന്ന് വെങ്കിടിയ്ക്കുള്ള കത്തിൽ (18/7/81) ദാസ്. പക്ഷേ, ആ കത്ത് അവസാനിക്കുന്നത്... ‘എങ്കിലും, നിന്റെ സ്നേഹം മാത്രം പ്രതീക്ഷിച്ച്’കൊണ്ടാണ്. സ്നേഹം, കരുണ, ഫാസിസത്തിന്റെ dehumanisationനെ അതിജീവിക്കുമെന്ന ദുർബ്ബലമെങ്കിലും, ശക്തമായ വാക്കുകളിൽ. ഏതാണ്ട് നാല്പതു കൊല്ലങ്ങൾക്ക് ശേഷവും ദാസ് എഴുതിയ സചേതനമായ ‘സ്നേഹ’ത്തിലാണ് എന്നെപ്പോലുള്ള വിഡ്ഢികൾ ഭൂമിയുടെ, മനുഷ്യന്റെ, അതിജീവനത്തിന്റെ സ്ഫുലിംഗം കാണുന്നത്.

സ്വയം കീഴടങ്ങിയ ഒരു ജനതയുടെ ഉണ്മയെ, സ്വത്വബോധത്തെ, അതിനുമേൽ വീണിട്ടുള്ള എല്ലാമാലിന്യങ്ങളും അടർത്തിമാറ്റാൻ, ആത്മവിദ്യതന്നെയാണ് ദാസ് കണ്ടെത്തിയ ഏക വഴി. ദാസിന്റെ എഴുത്തുകളിൽ വ്യവസ്ഥാപിതമായ വിദ്യാഭ്യാസ സംസ്കാരത്തിന്റെ മലം അടിഞ്ഞ ആധുനിക വിദ്യാഭ്യാസത്തെപ്പറ്റി നിരവധി പരാമർശങ്ങളുണ്ട്. ‘ജനതയിൽ സ്വാതന്ത്ര്യബോധം അങ്കുരിക്കാതിരിക്കത്തക്ക വിധത്തിൽ വളരെ കാപട്യം നിറഞ്ഞ ഒരു പദ്ധതിയാണ് ഈ വ്യവസ്ഥയുടേത്... ‘സംസ്കാരത്തിന്റെ എല്ലാ മണ്ഡലങ്ങളിലും അവർ മനുഷ്യനെ brain wash ചെയ്യുകയാണ് (ഇതെത്ര ഫലവത്താണെന്നതിന് കോളേജ് വിദ്യാർത്ഥികൾ തന്നെ തെ

ളിവാണല്ലോ. അവരാരും ഈ വ്യവസ്ഥയിൽ താളപ്പിഴ കാണുന്നില്ല' (പുറം: 86) '... വ്യവസ്ഥയുടെ നിലനില്പിന് ഏറ്റവും സഹായകമായ വിധത്തിലാണ് ഇവിടത്തെ വിദ്യാഭ്യാസ വ്യവസ്ഥയ്ക്കും രൂപം കൊടുത്തിരിയ്ക്കുന്നത്. നമ്മുടെ സിലബസ്സും പരീക്ഷാസമ്പ്രദായവും ക്ലാസ്സുമുറികളും ഉദ്യോഗസാധ്യതകളും ഒക്കെ ഇക്കാര്യം വെളിവാക്കുന്നു. ഒരു തരം വന്ധ്യംകരണം. ക്ലാസ്സ് മുറിയുടെ മനം പുരട്ടുന്ന അന്തരീക്ഷം തന്നെ പൊതുവെ എല്ലായിടത്തും' (പുറം: 94). 'എന്തുകൊണ്ട് ഇവിടുത്തെ വിദ്യാലയങ്ങളിൽ കലാപം പൊട്ടിപ്പുറപ്പെടുന്നില്ല? താല്ക്കാലിക ആവശ്യങ്ങൾക്കപ്പുറം ഒരു സമരവും എത്തി നോക്കുന്നില്ല?' (പുറം: 95). 'ഈ പതിനാലുകൊല്ലം ക്ലാസ്സ്മുറിയ്ക്കുള്ളിൽ കഴിച്ച നേരം മറ്റെന്തെങ്കിലും ചെയ്തിരുന്നെങ്കിൽ ഇതിനേക്കാൾ അറിവു നേടാമായിരുന്നു' (പുറം: 79). ഈ നിശിതമായ വിമർശനവും ഈ വ്യവസ്ഥ പൊതുസമൂഹത്തിലുണ്ടാക്കിയിട്ടുള്ള ആത്മീയ മലിനീകരണവും പൌലോ ഫ്രെയറും ഇവാൻ ഇല്ലിച്ചും ഗാന്ധിയുമൊക്കെ മുന്നോട്ടു വെച്ച സ്കൂൾ തിരസ്കാരത്തിന്റെ തുടർച്ച തന്നെയാണ്.

ഇത്രയും കടുത്ത വിമർശനം നടത്തി, നമ്മളൊക്കെ ചെയ്യുന്നതുപോലെ അതേ വിദ്യാഭ്യാസ വ്യവസ്ഥയുടെ ഭാഗമായി പറ്റിക്കൂടുകയല്ല ദാസ് ചെയ്തത്. 'കോളേജ് വിദ്യാഭ്യാസം ഞാൻ മുഴുവനായി ഉപേക്ഷിച്ചു. പരീക്ഷയെഴുതി ഡിഗ്രിനേടാനോ അതുവഴി എന്തെങ്കിലും ജോലിസമ്പാദിക്കാനോ ഉള്ള പരിപാടി പൂർണ്ണമായും ഉപേക്ഷിച്ചു. ഒരു കമ്മ്യൂണിസ്റ്റായി പ്രവർത്തിക്കാനാണ് അടുത്ത പരിപാടി. ഏറ്റവും ബുദ്ധിമുട്ടുപിടിച്ച പ്രശ്നമാണിത് '. ബ്രഹ്മപുത്രനുള്ള കത്തിൽ (പുറം: 120). അദ്ധ്വാനിക്കുന്നവരുടെ ഇടയിൽ ജീവിച്ച് അവരുടെ മാനസികഘടനയിലെത്താനുള്ള തന്റെ സത്യാന്വേഷണ പരീക്ഷണങ്ങളെപ്പറ്റി ദാസ് തുറന്ന് പറയുന്നു. അതല്പം കാല്പനികമായി തോന്നാം.


ഒരു തൊഴിലാളിയായി തോട്ടം മേഖലയിലും ക്വാറികളിലും പണിയെടുക്കുന്ന ദാസ്. വാക്കും പ്രവർത്തിയും സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള ഭയാനകവും അസത്യജടിലവുമായ അന്തരം ഇല്ലാതാക്കാൻ അയാൾ ഒരു തൊഴിലാളിയായി സ്വയം പുനഃസൃഷ്ടിക്കാൻ ശ്രമിച്ചെങ്കിലും തന്റെ ആത്മീയ പ്രതിസന്ധി മറികടക്കാൻ അയാൾക്ക് കഴിഞ്ഞില്ല. ഗാന്ധി ഈ സന്ദർഭത്തിൽ വ്യവസ്ഥിതിയ്ക്കെതിരെ (ആധുനിക മുതലാളിത്ത നാഗരികതയ്ക്കെതിരെ) സത്യാഗ്രഹത്തിലേർപ്പെട്ടു. ഗാന്ധിയിലിത് പ്രതിരോധവും പുനഃസൃഷ്ടിയുമായി (ഗാന്ധിയുടെ രചനാത്മക പദ്ധതികൾ) ഒരേ സമയം മാറുന്നുണ്ട്. ഗാന്ധി ദക്ഷിണാഫ്രിക്കയിലും ഇന്ത്യയിലും നടത്തിയ സത്യാഗ്രഹ സമരങ്ങളിലെല്ലാം രചനാത്മകപ്രവർത്തനങ്ങളും ഉൾപ്പെട്ടിരുന്നു. ഫീനിക്സ് സെറ്റിൽമെന്റ് ടോൾസ്റ്റോയി ഫാം, സബർമതി ആശ്രമം, വാർധ, എന്നീ ലാബററ്ററികളിൽ സ്ഫുടം ചെയ്തെടുത്ത ബദൽ ജീവിത മാതൃകകളാണ് ഗാന്ധിയൻ സത്യാഗ്രഹ സമരങ്ങളെ അന്യൂനമാക്കുന്നത്. അവയില്ലെങ്കിൽ ഗാന്ധിയുടെ സമരങ്ങൾ പക്ഷാഘാതം സംഭവിച്ച ശരീരം പോലെയാണ്. ഗാന്ധിയുടെ അഹിംസ സചേതനമാകുന്നത് ഇങ്ങനെയാണ്. 1946-നുശേഷം ഗാന്ധിപോലും അനാഥനായി: "Indians are a lost people"എന്നുള്ള തന്റെ പഴയ ബോധ്യം നിരന്തരം മന്ത്രിച്ചിട്ടുണ്ടാകണം.

ദാസ് സമ്മതിക്കുന്നു: 'അവനവനോടുതന്നെ നീതിപുലർത്തണമെങ്കിൽ, ഇവിടെ ജീവിയ്ക്കുന്ന ഓരോ നിമിഷവും അത്രയേറെ വേദനിപ്പിക്കുന്നതും സ്വന്തം നിഷ്ക്രിയത്വത്തെ കുത്തിനോവിപ്പിക്കുന്നതുമാണ്. സ്വന്തം പ്രവൃത്തിയെന്തെന്ന് എനിക്ക് കണ്ടെത്താനായിട്ടില്ല... ' (9/4/1977) 'എന്തെങ്കിലും ചെയ്യാനാവും എന്ന പ്രതീക്ഷയാണ് ജീവിപ്പിക്കുന്ന'തെന്ന് അതേ കത്തിലുണ്ട്.

'പൊള്ളത്തരം മുഴുവൻ അറിഞ്ഞിട്ടും ഇവിടെ ജീവിക്കേണ്ടി വരുമ്പോൾ താങ്കൾ എന്താ

ണ് ചെയ്യുക?' ബ്രഹ്മപുത്രനോട് ദാസ് ചോദിക്കുന്നത് അയാളോടു തന്നെയാണ്... നഗ്നമായ ആത്മീയതയുടെ വിഭ്രാന്തിയിൽ ദാസ് ഭൂമിയിൽ നിന്നും സ്വയം അപ്രത്യക്ഷനാവുന്നു. തന്റെ ആത്മീയവേദനയുടെ പിടച്ചിലിന് തല്ക്കാല വിരാമമിട്ടുകൊണ്ട്...

പക്ഷേ, അയാളറിയുന്നില്ല അതേ ആത്മീയവേദനയുടെ പിടച്ചിലിൽ ഇന്നും, എന്നും തീ തിന്നുന്ന മനുഷ്യരുണ്ടാവും. തനിക്കു ചുറ്റും നരകയാതന അനുഭവിക്കുന്ന അമ്മമാരെയും സഹോദരങ്ങളെയും ഓർത്ത്. വേദനിക്കുന്ന മനുഷ്യവംശത്തെ ഓർത്ത്...
അതിജീവനത്തിന്റെ ഭീഷണി നേരിടുന്ന ജീവനെയും ഭൂമിയെയും ഓർത്ത്...




# ലേഖനങ്ങൾ

## രാഷ്ട്രീയം

സുബ്രഹ്മണ്യദാസ്

അദ്ധ്യായം *1*

# കേരളത്തിന്റെ ദേശീയ പ്രശ്നം[1]

മുതലാളിത്തരാജ്യങ്ങളിൽനിന്നും വ്യത്യസ്തമായ സാമൂഹ്യവികാസഗതിയാണ് അധിനിവേശിത രാജ്യങ്ങൾക്കും പുത്തൻ അധിനിവേശിത രാജ്യങ്ങൾക്കും ഉള്ളത്. ഈ രാജ്യങ്ങളുടെ വിപ്ലവസമരങ്ങളിൽത്തന്നെ രണ്ടു വ്യത്യസ്തപ്രവണതകൾ കാണാനാവും. വിപ്ലവപൂർവ്വചൈനയിലോ, അല്ലെങ്കിൽ ദേശീയസ്വയംനിർണ്ണായവകാശത്തിനായി സമരംചെയ്യുന്ന നാഗാ-മിസോ ദേശീയ ജനവിഭാഗങ്ങൾക്കിടയിലോ സാമ്രാജ്യത്വശക്തികൾക്ക് തങ്ങളുടെ സ്വാധീനം നിർണ്ണായകമാക്കാൻ കഴിഞ്ഞിട്ടില്ല. ഇത്തരം പ്രദേശങ്ങളിൽ സാമ്രാജ്യത്വത്തിന് തകർക്കാനോ, ആഴത്തിൽ സ്വാധീനം ചെലുത്താനോ കഴിഞ്ഞിട്ടില്ലാത്ത സ്വന്തം ദേശീയഐക്യത്തിൽ ഊന്നിനിന്നുകൊണ്ടാണ് വിപ്ലവശക്തികൾ സാമ്രാജ്യത്വത്തിനും ജനവിരുദ്ധശക്തികൾക്കുമെതിരായ പോരാട്ടങ്ങൾ നടത്തുന്നത്. മാത്രമല്ല, ഈ പോരാട്ടത്തിലൂടെ തങ്ങളുടെ ദേശീയതയെ വികസിപ്പിക്കുക കൂടി ചെയ്യുന്നുണ്ട് അവർ.

> സാമ്രാജ്യത്തിന്റെ കാലഘട്ടത്തിൽ ഇത്തരം ഒറ്റപ്പെട്ട വികാസം, ദീർഘവീക്ഷണത്തിലൂടെ നോക്കുമ്പോൾ എത്ര കാലയളവുവരെ—ഏതു പരിധിവരെ—സാദ്ധ്യമാണെന്ന സംശയം ഉണർത്തുന്നവയാണ് റഷ്യയിലെയും ചൈനയിലെയും മുതലാളിത്ത പുനഃസ്ഥാപനങ്ങളും മറ്റു 'സോഷ്യലിസ്റ്റ്' രാജ്യങ്ങൾക്കു നേരിട്ട അപമൃത്യുവും.

എന്നാൽ കേരളത്തെപ്പോലുള്ള പ്രദേശങ്ങളുടെ സ്ഥിതി വ്യത്യസ്തവും കൂടുതൽ സങ്കീർണ്ണവുമാണ്. ഇവിടെ സാമ്രാജ്യത്വം നമ്മുടെ ദേശീയ ഐക്യത്തെ വലിയൊരു പരിധിവരെ തകർക്കുകയും സാമൂഹ്യജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും അവരുടെ സ്വാധീനം നിർണ്ണായകമാക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ പിന്നോക്കം നില്ക്കുന്ന ഗ്രാമപ്രദേശങ്ങളിൽപ്പോലും സാമ്രാജ്യത്വത്തിന്റെ സ്വാധീനം വമ്പിച്ചതാണ്. ദീർഘകാലം സാമ്രാജ്യത്വത്തിന്റെ നേരിട്ടുള്ള ആധിപത്യത്തിൻകീഴിൽ കഴിഞ്ഞതിനുശേഷം ഇപ്പോൾ പരോക്ഷമായ ആധിപത്യത്തിൻകീഴിൽ തുടരുന്ന കേരളത്തിന്റെ സാമൂഹ്യജീവിതത്തിൽ, ഈ കാലയളവിൽ വന്നിട്ടുള്ള മാറ്റങ്ങൾ പരിശോധിക്കുന്നത് കാര്യങ്ങൾ വ്യക്തമാക്കാൻ സഹായകമാണ്.

[1] കേരളത്തിന്റെ ദേശീയപ്രശ്നം, പ്രേരണ, 1981 മേയ് 16-21 (പേജ് 27).

## 1.1 സാമ്പത്തികാടിത്തറയിലെ മാറ്റങ്ങൾ

ഫ്യൂഡൽ സാമൂഹ്യവ്യവസ്ഥയിലധിഷ്ഠിതമായ തനതായ വികാസവുമായി മുന്നേറിയിരുന്ന കേരളത്തിന്റെമേൽ സാമ്രാജ്യത്വം ആധിപത്യം നേടിയതോടെ, തങ്ങളുടെ ചൂഷണത്തിന് അനുയോജ്യമായ ഒരു ഭരണക്രമം ഇവിടെ രൂപപ്പെടുത്തിയെടുക്കാൻ അവർ ശ്രമിക്കുകയുണ്ടായി. സാമ്രാജ്യത്വ ആധിപത്യത്തിനുശേഷം അതിനെതിരായ ജനങ്ങളുടെ സമരം എല്ലായ്പ്പോഴും ഫ്യൂഡലിസത്തിനെതിരായ സമരവുമായി ബന്ധപ്പെട്ടാണു കിടക്കുന്നത്. കേരളത്തിലെ സാമ്രാജ്യത്വാധിപത്യത്തിന്റെ ആദ്യഘട്ടത്തിൽ സാമ്രാജ്യത്വവിരുദ്ധസമരമാണ് ഇതിൽ മുഖ്യമായിരിക്കുന്നത്. പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലും പഴശ്ശിരാജയെയും വേലുത്തമ്പിദളവയെയും പോലുള്ള കേരളീയ ഭരണാധികാരികൾ സാമ്രാജ്യത്വത്തിനെതിരായ ബഹുജനങ്ങളുടെ സമരങ്ങൾക്ക് ധീരമായ നേതൃത്വം നല്കുകയുണ്ടായി. എന്നാൽ വിപുലമായ സാമ്പത്തിക-സൈനികശേഷിയുള്ള വിദേശശക്തികൾക്ക് തങ്ങളുടെ എതിരാളികളെ അടിച്ചമർത്താനും അവശേഷിച്ച ഭരണാധികാരിവിഭാഗങ്ങളെ പ്രീണിപ്പെടുത്തി തങ്ങളുടെ വിശ്വസ്തസേവകരാക്കി മാറ്റാനും, അങ്ങനെ തങ്ങൾക്കനുയുക്തമായ ഭരണക്രമം ഉറപ്പിക്കാനും കഴിഞ്ഞു.

ഈ ആദ്യകാലയളവിനുശേഷം സാമ്രാജ്യത്വവിരുദ്ധസമരങ്ങൾ പ്രമുഖസ്ഥാനം കരസ്ഥമാക്കി. കേരളത്തിലെ ആഭ്യന്തരവൈരുദ്ധ്യങ്ങളെ മൂർച്ഛിപ്പിക്കുക എന്നപങ്കാണ് പില്ക്കാലയളവിൽ സാമ്രാജ്യത്വം പരോക്ഷമായെങ്കിലും നിർവ്വഹിച്ചത്. പലതട്ടുകളിലായി നിലനിന്നിരുന്ന കേരളത്തിലെ ഫ്യൂഡൽ ഉല്പാദനബന്ധങ്ങളുടെ വിവിധഘടകങ്ങൾ മേധാവിത്വ ശക്തികൾക്കെതിരായി നടത്തിയ സമരങ്ങളുടെയും അതിൽ അവർ നേടിയ വിജയങ്ങളുടെയുംചരിത്രമാണ് പില്ക്കാലഘട്ടത്തിലെ കേരളചരിത്രം. ഈ ഉല്പാദനബന്ധങ്ങളുമായി കൂടിക്കുഴഞ്ഞുകിടക്കുന്ന ജാതിസമ്പ്രദായങ്ങൾക്കും അനാചാരങ്ങൾക്കും എതിരായ സമരങ്ങൾകൂടി ഇതിൽ ഉള്ളടങ്ങിയിരിക്കുന്നു. വിവിധ സാമുദായിക സംഘടനകളും, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും കമ്മ്യൂണിസ്റ്റു പാർട്ടിയും അടക്കമുള്ള രാഷ്ട്രീയസംഘടനകളും ഈ സമരങ്ങളുടെ വിവിധഘട്ടങ്ങളിൽ വ്യത്യസ്തസാമൂഹ്യവിഭാഗങ്ങളുടെ നേതൃത്വം കയ്യാളി. ഇവ പലപ്പോഴും സാമ്രാജ്യത്വത്തിനെതിരായിരുന്നുവെങ്കിൽത്തന്നെ, ഈ കാലഘട്ടത്തിലെ സമരങ്ങളുടെ മുഖ്യഉള്ളടക്കം അതിന്റെ ഫ്യൂഡൽവിരുദ്ധ സ്വഭാവമായിരുന്നു.

അതേസമയം, സാമ്രാജ്യത്വശക്തികൾക്കെതിരായ ഫലപ്രദമായ സമരത്തിന്റെ അഭാവത്തിൽ ഫ്യൂഡലിസത്തിനെതിരായ സമരങ്ങളെല്ലാംതന്നെ ഫലത്തിൽ സാമ്രാജ്യത്വതാല്പര്യങ്ങൾക്ക് കൂടുതൽ നന്നായി ഇണങ്ങുന്നതായിമാറുമെന്ന് ഈ സമരങ്ങളുടെ അനുഭവങ്ങൾ തെളിയിക്കുന്നു. ഇന്ത്യയുടെ മറ്റു പല പ്രദേശങ്ങളിലും ഫ്യൂഡൽപ്രഭുക്കൾ സാമ്രാജ്യത്വത്തിനും ജനങ്ങൾക്കുമിടയിൽ ഇടത്തട്ടുകാരായി ഇന്നും നിലനില്ക്കുമ്പോൾ ആ വിഭാഗത്തിൽ ആ വിഭാഗത്തിനുപകരം കൂടുതൽ വിശ്വസ്തരായ ദല്ലാൾവിഭാഗത്തെ പ്രതിഷ്ഠിക്കാൻ വിദേശശക്തികളെ സഹായിച്ചത് സമരങ്ങളാണ്.

സ്വതന്ത്രമായ ദേശീയമുതലാളിത്തശക്തികളുടെ വികാസത്തിനു കളമൊരുക്കുന്നതിനുപകരം കേരളത്തെ സാർവ്വദേശീയ തൊഴിൽവിഭജനത്തിന്റെ ഭാഗമാക്കിമാറ്റുകയും, അതിനനുയോജ്യമായ ദല്ലാൾ വിഭാഗങ്ങളുടെ വികാസത്തിനു കളമൊരുക്കുകയുമാണു ഈ സമരങ്ങൾ ചെയ്തത്. ഈ സമരങ്ങളുടെ ഫലമായി 1970-ൽ ഫ്യൂഡലിസം ഏറെക്കുറെ പൂർണ്ണമായും തുടച്ചുനീക്കപ്പെട്ടതോടെ ഫ്യൂഡൽചൂഷണത്തിനു വിധേയരായ കർഷകജനതയ്ക്കു പകരം തങ്ങൾക്കാ

വശ്യമായ നാണ്യവിളകൾ ഉല്പാദിപ്പിക്കുന്ന കർഷകവിഭാഗത്തെ സൃഷ്ടിക്കുകയാണതു ചെയ്തത്. കൃഷിയിലും വ്യവസായത്തിലും വാണിജ്യത്തിലും എല്ലാംതന്നെ അത് കേരളത്തെ സാമ്രാജ്യത്വ നേതൃത്വത്തിലുള്ള സാർവ്വദേശീയ തൊഴിൽ വിഭജനത്തിന്റെ ഭാഗമാക്കിമാറ്റി.

## 1.2 ഉപരിഘടനയിലെ പ്രശ്നങ്ങൾ

ചരിത്രപരമായി തികച്ചും പുതുതായ ഈ മാറ്റങ്ങൾ ഉപരിഘടനയെ അതീവ സങ്കീർണ്ണമാക്കിത്തീർത്തു. സാമ്രാജ്യത്വകാലഘട്ടത്തിന്റെ സവിശേഷതയായ ഈ സങ്കീർണ്ണതകൾ ഏറിയോ കുറഞ്ഞോ അധിനിവേശ-പുത്തൻ അധിനിവേശരാജ്യങ്ങളിലും ദൃഢമാണ്. ഏതൊരു സമൂഹത്തിന്റെയും അടിത്തറ ഉൽപാദനസമ്പ്രദായവും ഉല്പാദനബന്ധങ്ങളുമാണെങ്കിലും അതിന്മേൽ പടുത്തുയർത്തപ്പെട്ട ഉപരിഘടന ദർശനത്തിന്റേയും രാഷ്ട്രീയത്തിന്റെയും സംസ്കാരത്തിന്റേയും കലാസാഹിത്യങ്ങളുടേയും മതത്തിന്റേയും മറ്റും മണ്ഡലങ്ങളിലായി വിശാലമായി പടർന്നുകിടക്കുന്ന ഒന്നാണ്. ഇവയിലെല്ലാം തനതായ വികാസവുമായി മുന്നേറിക്കൊണ്ടിരിക്കുന്ന ഒരു സമൂഹത്തിൽ സാമ്രാജ്യത്വം ആധിപത്യം ചെലുത്തുന്നതോടെ സംഭവിക്കുന്ന മാറ്റങ്ങളെ ഉൾക്കൊള്ളാൻ ഉപരിഘടന അപര്യാപ്തമായിത്തീരുന്നു.

സാമ്രാജ്യത്വആധിപത്യത്തിൽ, സാമ്പത്തികാടിത്തറയിൽ ഗുണകരമായ ഒരുവികാസമല്ല സംഭവിക്കുന്നത്; പകരം ഫ്യൂഡലിസത്തിലധിഷ്ഠിതമായ ഒരു സാമൂഹ്യക്രമത്തെ സാമ്രാജ്യത്വ ചൂഷണത്തിനനുയോജ്യമായ ഒന്നാക്കി പരിവർത്തനം ചെയ്യിക്കുകയാണുണ്ടായത്. ഈ പരിവർത്തനത്തിലൂടെ ഫ്യൂഡൽ അടിത്തറ തകർക്കപ്പെടുന്നതു മൂലം അതിലധിഷ്ഠിതമായ ഉപരിഘടനയും വലിയൊരു പരിധിവരെ തകർക്കപ്പെടുകയോ അപര്യാപ്തമായിത്തീരുകയോ ചെയ്യുന്നു. അതേ സമയം സമൂഹത്തെ മുന്നോട്ടു നയിക്കാൻ കെല്പുള്ള ഒരു ഉപരിഘടന ഈ പരിവർത്തനത്തിന്റെ ഫലമായി വികസിച്ചു രൂപംകൊള്ളുന്നില്ല. തങ്ങളുടെ സാമൂഹ്യവികാസഘട്ടവുമായി ബന്ധപ്പെട്ട് സാമ്രാജ്യത്വമൂല്യങ്ങളെ ഒരുപരിധിവരെ സ്വന്തം മൂല്യങ്ങളുമായി സമന്വയിപ്പിക്കാനാവുമെന്നതിൽക്കവിഞ്ഞ്, പുതിയ ആവശ്യങ്ങൾക്കനുസൃതമായവയെല്ലാം, വിദേശങ്ങളിൽ നിന്നും കടംകൊള്ളുക എന്നത് ഏതൊരു ജനവിഭാഗത്തിനും അസാദ്ധ്യമായ കാര്യമാണ്. കേരളത്തിലെസാമൂഹ്യജീവിതത്തിന്റെ ഉപരിഘടനയിലുണ്ടായ ഈ പ്രതിസന്ധി, ഫ്യൂഡൽവിരുദ്ധസമരവുമായി ബന്ധപ്പെട്ട് രണ്ടു ഘട്ടങ്ങളിലായി രണ്ടു വ്യത്യസ്ത രീതികളിൽ താല്ക്കാലികമായി പരിഹരിക്കപ്പെട്ടു.

ആദ്യഘട്ടങ്ങളിലെ ഫ്യൂഡൽ വിരുദ്ധസമരവും അതിന്നനുബന്ധമായ ജാതിസമ്പ്രദായത്തിനെതിരായ സമരവുമായി ബന്ധപ്പെട്ട സാമൂഹ്യപരിഷ്കർത്താക്കൾ ഹൈന്ദവ ആശയവാദത്തിലും മറ്റും അധിഷ്ഠിതമായ മൂല്യങ്ങളെ പുനരുദ്ധരിക്കുന്നതിലൂടെയാണ് ഉപരിഘടനയിലെ ഈ പ്രതിസന്ധി പരിഹരിക്കാൻ ശ്രമിച്ചത്. ദേശീയനവോത്ഥാനത്തിന്റേതായ കാലഘട്ടത്തിലുടനീളം ഈ പ്രവണത നമുക്കു കാണാനാകും. ശ്രീനാരായണ ഗുരുവിനെപ്പോലുള്ളവരും വിവിധ സാമുദായിക-രാഷ്ട്രീയ സംഘടനകളും അക്കാലത്തെ സാമൂഹ്യവിപ്ലവത്തിൽ പ്രായോഗികമായി വളരെ പുരോഗമനപരമായ പങ്ക് വഹിച്ചിരുന്നപ്പോൾത്തന്നെ അവരുടെ സൈദ്ധാന്തിക അടിത്തറയും വിപ്ലവപരമായ പ്രയോഗവും തമ്മിലുള്ള വൈരുദ്ധ്യം പ്രകടമായിത്തന്നെ നിന്നിരുന്നു. ഇക്കാരണം കൊണ്ടുതന്നെ ഏതാനം ചില ദശകങ്ങളിൽ മാത്രം ഒതുങ്ങിനിന്നു അവരുടെ വിപ്ലവപ്രവർത്തനങ്ങൾ. താൽക്കാലിക നേട്ടങ്ങളോടെ കൂടുതൽ പ്രകടമായിത്തീർന്ന

സൈദ്ധാന്തികമായ അപാകതകൾ അവയെ ക്രമേണ പിന്തിരിപ്പൻശക്തികളുടെ ഭാഗമാക്കിമാറ്റി. ഇതിനെത്തുടർന്ന ഫ്യൂഡൽ വിരുദ്ധസമരത്തിനുണ്ടായ മരവിപ്പിനെ അതിജീവിച്ചത് കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പോലുള്ള പുരോഗമനസംഘടനകളാണ്. ... സാമ്പത്തിക സമരവാദത്തിലും അതിന്റെ താല്ക്കാലിക നേട്ടങ്ങളിലും ലക്ഷ്യംവെയ്ക്കുന്ന യാന്ത്രികഭൗതികവാദമായിരുന്നു അവരുടെ സൈദ്ധാന്തികാടിത്തറ.സാമൂഹ്യജീവിതത്തെ മുന്നോട്ടുനയിക്കുന്നതിനുള്ള വിശാലമായ ഒരു കാഴ്ചപ്പാടിന്റെ അഭാവത്തിൽ, ഫ്യൂഡൽ വിരുദ്ധസമരം പൂർത്തീകരിക്കപ്പെട്ട 1970-ഓടെ ഈ സംഘടനകളുടെ പുരോഗമനപരമായ പങ്ക് അസ്തമിക്കുകയും ചെയ്തു.

## 1.3 സാമൂഹ്യ അപചയത്തിന്റെ ഘട്ടം

കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലം കേരളത്തിലും സാമൂഹ്യജീവിതത്തിൽ വിപ്ലവപരമായ പങ്ക് നിർവഹിച്ചിരുന്ന ഫ്യൂഡൽ വിരുദ്ധസമരങ്ങൾ 1970-ൽ ഫ്യൂഡലിസം തുടച്ചുനീക്കപ്പെട്ടതോടെ കെട്ടടങ്ങി. ഈ സമരങ്ങളുടെ രണ്ടു ഘട്ടങ്ങളിലായി അവയ്ക്കു നേതൃത്വംനല്കിയിരുന്ന ശക്തികളുടെ സൈദ്ധാന്തിക അടിത്തറയിലെ അപാകതകളും വിശാലമായ കാഴ്ചപ്പാടിന്റെ അഭാവവും അവരെ തങ്ങളുടെ പുരോഗമനപരമായ പങ്കിൽ നിന്നും മാറ്റി ക്രമേണ പിന്തിരിപ്പൻ വർഗ്ഗങ്ങളുടെ സേവകരാക്കിത്തീർത്തു. അതേസമയം സമൂഹത്തെ മുന്നോട്ടുനയിക്കാനാവശ്യമായ വിപ്ലവപരമായ രാഷ്ട്രീയകാഴ്ചപ്പാടിന്റേയും മറ്റുമൂല്യങ്ങളുടെയും അഭാവത്തിൽ സാമൂഹ്യഅപചയത്തിന്റേതായ ഒരുഘട്ടത്തിലൂടെയാണ് ഇന്നു കേരളം കടന്നുപോകുന്നത്.

പക്ഷേ, നിശ്ചിതമൂല്യങ്ങൾക്കുടാതെ ഒരു സമൂഹത്തിനും നിലനില്ക്കാനാവില്ല. സാമൂഹ്യഅപചയഘട്ടത്തിൽ പിന്തിരിപ്പൻ മൂല്യങ്ങൾക്കുള്ളിൽത്തന്നെ വിഘടനവും പരസ്പരവൈരുദ്ധ്യവും വർദ്ധിക്കുന്നു. ഇതിന്റെ ഫലമായി വിവിധചേരികളും നിർണ്ണായകപ്രാധാന്യമില്ലാത്ത നിരവധി ഉപസമൂഹങ്ങളുമായാണ് ഇന്ന് കേരളസമൂഹം നിലനില്ക്കുന്നത്. സാംസ്കാരികവൈകൃതങ്ങളടക്കം എല്ലാത്തരം ദുഷിച്ച പ്രവണതകൾക്കും ഈ അപചയഘട്ടം കളമൊരുക്കുന്നു. ഈ സാമൂഹിക അപചയഘട്ടമാണ് ഫാസിസ്റ്റ് ശക്തികളുടെ വളക്കുറുള്ള മണ്ണായി മാറുന്നത്.

1: ഇതിന്റെ വിരുദ്ധവശമെന്നുപറയാവുന്ന അപചയഘട്ടത്തെയാണ് യൂറോപ്യൻ സാമ്രാജ്യത്വരാജ്യങ്ങൾ അഭിമുഖീകരിക്കുന്നത്. അവ, സാമ്രാജ്യത്വശക്തികളായി വളർന്നതോടെ തനതായ വികാസംനശിച്ച ധാരാളിത്തസമൂഹ (affluent society) ങ്ങളായി പരിണമിക്കുകയുംഅത് സാമൂഹ്യമൂല്യങ്ങളുടെ തകർച്ചയ്ക്കു വഴിയൊരുക്കുകയുംചെയ്തു.

ഫ്യൂഡൽവിരുദ്ധസമരങ്ങളുടെ ആദ്യഘട്ടത്തിൽ താല്ക്കാലികമായെങ്കിലും പുരോഗമനപരമായ പങ്ക് നിർവ്വഹിച്ചിരുന്ന ആശയങ്ങൾ ഈ പ്രതിസന്ധിഘട്ടങ്ങളിൽ ഫാസിസ്റ്റ്ശക്തികളുടെ ഏറ്റവുംനല്ല ഊന്നുവടികളായി മാറുന്നു. ഫ്യൂഡൽ വ്യവസ്ഥയിലധിഷ്ഠിതമായ മൂല്യങ്ങളെ പുനഃപ്രതിഷ്ഠിക്കാൻ ശ്രമിക്കുന്ന ആർ. എസ്. എസ് പോലുള്ള ഫാസിസ്റ്റ് ശക്തികൾ ഇന്ന് കേരളത്തിലെ നിർണ്ണായകശക്തിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ദേശീയനവോത്ഥാനത്തിനു നേതൃത്വം നല്കിയ ആശയങ്ങൾ തന്നെയാണ് പുതിയ രൂപത്തിൽ അവരുടെ സൈദ്ധാന്തികാടിത്തറയായി നിലകൊള്ളുന്നത്.

അതേസമയം ഫ്യൂഡൽസമരത്തിന്റെ നേട്ടങ്ങളെ സാമ്രാജ്യത്വതാല്പര്യങ്ങൾക്കനുസൃതമായി സുദൃഢീകരിക്കുവാനും അങ്ങനെ സാമ്രാജ്യത്വങ്ങളുടെ വിശ്വസ്ത ദല്ലാളന്മാരായിത്തീരാനും ശ്രമിക്കുന്ന മാർക്സിസ്റ്റു പാർട്ടിയെപ്പോലുള്ള പുരോഗമനശക്തികൾ... യാന്ത്രികവാദത്തിലധിഷ്ഠിതമായ തങ്ങളുടെപഴയ ആശയങ്ങളെ സോഷ്യൽ ഫാസിസത്തിന്റെ ശക്തമായ അടിത്തറ

യാക്കി മാറ്റിയിരിക്കുന്നു. കേരളത്തിലെ സമകാലികസാമൂഹ്യജീവിതത്തിന്റെ മുഖ്യനേതൃത്വധാരകളായി നിലനില്ക്കുന്ന പരസ്പരവിരുദ്ധമായ ഈ ഫാസിസ്റ്റ് പ്രവണതകൾതന്നെയാണ് ഇന്നത്തെ ആർ. എസ്. എസ്. മാർക്സിസ്റ്റ് സംഘട്ടനങ്ങളുടെ അടിസ്ഥാന കാരണം.

## 1.4 വൈരുദ്ധ്യാധിഷ്ഠിത രീതിയുടെ പ്രാധാന്യം

2: റഷ്യയുടേയോ ചൈനയുടേയോ വിപ്ലവ ചരിത്രങ്ങൾക്കു കൊടുക്കുന്നത്രപോലും പ്രാധാന്യം നാം കേരളത്തെക്കുറിച്ചുള്ള പഠനങ്ങൾക്കു നൽകുന്നില്ല എന്നതാണ് കയ്പുനിറഞ്ഞ യാഥാർത്ഥ്യം. നാം ഗോർക്കിയെയും ബ്രെഹ്റ്റിനെയും ലൂഷുണിനെയും കുറിച്ച് ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നു. കുമാരനാശാനെയും ഉറൂബിനെയും ഇടശ്ശേരിയെയും അവഗണിക്കുന്നു. കഴിഞ്ഞ മൂന്നുവർഷത്തിനിടയ്ക്ക് പുറത്തിറങ്ങിയ പ്രേരണയുടെ താളുകൾതന്നെ ഇതിനു സാക്ഷി.

1967-ലെ നക്സൽബാരി സമരത്തിനുശേഷം ഉയർന്നുവന്ന പുതിയ ചിന്താധാരകൾ ഈ രണ്ടുപ്രവണതകൾക്കും എതിരായ ഒരു പുതിയസമരമുഖത്തിനു തുടക്കംകുറിച്ചു. സാർവ്വദേശീയതലത്തിൽ നടക്കുന്ന വിപ്ലവസമരങ്ങളുടെ വിലപ്പെട്ട അനുഭവങ്ങൾ അത് കേരളത്തിലെ ജനങ്ങൾക്കുമുമ്പാകെ എത്തിച്ചു. എങ്കിൽത്തന്നെയും മാർക്സിസം-ലെനിനിസത്തിന്റെ അന്തസ്സത്തയായ വൈരുദ്ധ്യാധിഷ്ഠിതരീതിയുടെ അഭാവത്തിൽ നമ്മുടെ ദേശീയധാരകളെ ആ വിലപ്പെട്ട അനുഭവങ്ങളുമായി സമന്വയിപ്പിക്കുന്നതിലും വിപ്ലവപരമായ പുതിയൊരു മുന്നേറ്റത്തിനു കളമൊരുക്കുന്നതിലും അത് ഏറെയൊന്നും വിജയം വരിച്ചിട്ടില്ല.

മാർക്സിനോ ലെനിനോ മാവോ സെ തുങ്ങിനോ അഭിമുഖീകരിക്കേണ്ടിവന്നിട്ടില്ലാത്ത ചരിത്രപരമായി തികച്ചും പുതുതായ ഈ പ്രതിസന്ധിഘട്ടം മാർക്സിസ്റ്റ്-ലെനിനിസ്റ്റുകൾക്ക് ഭാരിച്ച ഉത്തരവാദിത്വമാണ് നല്കുന്നത്. മാവോ സെ തുങ് പറയുന്നു: “ഒരു രാഷ്ട്രത്തിനും ഒരുകാലത്തും പഴയതിനെമാത്രം ആശ്രയിക്കാൻകഴിയില്ല… നാം പുതിയ ആവശ്യങ്ങൾ പരിഹരിക്കാൻ പുതിയ കൃതികളെഴുതുകയും പുതിയസിദ്ധാന്തത്തിനു രൂപംനല്കുകയും ചെയ്യുന്നില്ലെങ്കിൽ ശരിയാവില്ല… ” സാർവ്വദേശീയതലത്തിൽ നടക്കുന്ന സമരങ്ങളുടെ വിലപ്പെട്ട അനുഭവങ്ങളെ സമാഹരിക്കുന്നതോടൊപ്പം, വൈരുദ്ധ്യാധിഷ്ഠിതരീതി ഉയർത്തിപ്പിടിക്കുന്നതിലൂടെ പുതിയ സാഹചര്യങ്ങൾക്കനുസൃതമായി ആ അനുഭവങ്ങളെ സമന്വയിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ പുതിയവെല്ലുവിളികളെനേരിടാനും വിപ്ലവത്തിന്റെനേതൃത്വപരമായപങ്ക് ഉറപ്പുവരുത്തുവാനും അങ്ങനെ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് എന്നപേര് സാർത്ഥകമാക്കാനും സാദ്ധ്യമാകൂ.

ചില ആമുഖക്കുറിപ്പുകൾ: സാമ്രാജ്യത്വ ആധിപത്യത്തിനുശേഷമുള്ള കേരളചരിത്രത്തിൽ പൊതുവിൽ തെളിഞ്ഞുകാണാവുന്നവയും നിർണ്ണായകപ്രാധാന്യമുള്ളവയുമായ പല പ്രശ്നങ്ങളെ കൂട്ടിയിണക്കാൻ ശ്രമിയ്ക്കുകമാത്രമേ ഈ കുറിപ്പിലൂടെ ഞാൻ ചെയ്യുന്നുള്ളൂ. അവയ്ക്കിടയിലുള്ള എണ്ണമറ്റ പ്രശ്നങ്ങളെക്കുറിച്ച്, ആകെ ഒന്നോ രണ്ടോ ലേഖനങ്ങളുടെ പരിധിയിൽ ഒതുങ്ങുന്നവയല്ല എന്നതിനാൽ, സൂചിപ്പിക്കാൻപോലും ഞാൻ ഒരുമ്പെട്ടിട്ടില്ല. എങ്കിലും നാം ഇന്ന് അഭിമുഖീകരിയ്ക്കുന്ന പല പ്രശ്നങ്ങളെക്കുറിച്ചുമുള്ള ചരിത്രപരമായ അന്വേഷണത്തിന് ഈ കുറിപ്പുകൾ സഹായിയ്ക്കുമെന്നു കരുതട്ടെ.

അദ്ധ്യായം *2*

# നമ്മുടെ കാലഘട്ടത്തിന്റെ ആത്മീയ പ്രതിസന്ധി

ആത്മീയം എന്ന വാക്ക് ഞാൻ ഉപയോഗിക്കുന്നത് ബോധപൂർവ്വംതന്നെയാണ്. ആശയം, ആദർശം, പ്രത്യയശാസ്ത്രം എന്നീ പദങ്ങളാണ് സാമൂഹ്യശാസ്ത്രത്തിൽ ഇതിനു പകരംനില്ക്കേണ്ടത്. പക്ഷേ, ഒരു പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കേരളത്തിന്റെ ഇന്നത്തെ സാമൂഹ്യവ്യവസ്ഥ ഈ പദങ്ങളുടെ സമൂർത്ത പ്രകാശനത്തെ അനുവദിക്കാത്തവിധം സംഘർഷപൂർണ്ണമാണ്. നമ്മുടെ എല്ലാ പ്രകാശനവിധങ്ങളും ഛേദിച്ചുകളയുന്ന വർത്തമാന അവസ്ഥ പലപ്പോഴും ഏതെങ്കിലും രൂപത്തിലുള്ള ഭീകരതയിലൂടെയാണ് അതിന്റെ വിഘടനത്തെ[1] അതിജീവിക്കുന്നത്. എങ്കിലും പോർച്ചുഗീസ് അധിനിവേശത്വത്തിന്റെ ഘട്ടം മുതൽ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനംവരെയുള്ള കാലയളവിന്നിടയിൽ കേരളത്തിന്റെ സാമൂഹ്യജീവിതം സ്വന്തം ആവശ്യകതകൾക്ക് അനുയോജ്യമാംവിധം ആശയങ്ങളും-ആദർശങ്ങളും ആദർശസംഹിതകളും രൂപപ്പെടുത്തുകയും, സ്വയം മുന്നേറുകയും ചെയ്തുപോന്നിട്ടുണ്ട്. കേരളത്തിൽ നിലവിലിരുന്ന ജന്മി–നാടുവാഴിത്ത സാമൂഹ്യഘടനയെ നാശോന്മുഖമാക്കുന്നതിൽ അന്തിമമായ പങ്കുവഹിച്ചത് കമ്മ്യൂണിസ്റ്റു പ്രസ്ഥാനമാണ്. നാമാവശേഷമായിക്കൊണ്ടിരിക്കുന്ന പഴയ സാമൂഹ്യഘടനയും പുതുതായി രൂപംകൊള്ളുന്ന മുതലാളിത്തസ്വഭാവമുള്ള സാമൂഹ്യഘടനയും തമ്മിലുള്ള സംഘർഷമാണ് ഇന്നത്തെ ആത്മീയ പ്രതിസന്ധിക്ക് ആധാരമായിട്ടുള്ളത്. സാമ്രാജ്യത്വ അധിനിവേശത്വത്തിന്റെ ഫലമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഈ സംഘർഷത്തെ മനസ്സിലാക്കുന്നതിന് നമ്മുടെ നാടിന്റെ ഭൂതകാലചരിത്രം സഹായകമായിരിക്കും.

1: കേരളത്തിന്റെ ബൗദ്ധികജീവിതം ഈ വിഘടനത്തെ സ്വയം തിരിച്ചറിഞ്ഞത് ഒരുപക്ഷേ, ശ്രീനാരായണനിലൂടേയോ, പിന്നീട് കുമാരനാശാനിലൂടേയോ ആണെന്നു തോന്നുന്നു. ‘ബ്രിട്ടീഷുകാരാണ് നമുക്ക് സന്യാസം തന്നത്’ എന്ന് ശ്രീനാരായണഗുരു പറയുകയുണ്ടായി.

## സാമൂഹ്യപശ്ചാത്തലം, ആദർശം, പ്രത്യയശാസ്ത്രം: അധിനിവേശിതസമൂഹത്തിൽ

പതിനാറാം നൂറ്റാണ്ടോടെയാണ് ആധുനികകേരളത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. അറബികളിൽനിന്നും കേരളത്തിന്റെ വിദേശവ്യാപാരകുത്തക കൈവശപ്പെടുത്താനായി പോർച്ചുഗീസുകാർനടത്തിയ സുദീർഘമായ യുദ്ധങ്ങളും തുടർന്ന് അവർ അതിൽനേടിയ വിജയവും, അപചയവിധേയമായിക്കൊണ്ടിരുന്ന ഇന്നാടിന്റെ ഫ്യൂഡൽ സാമൂഹ്യവ്യവസ്ഥയെ പുതിയൊരു രൂപത്തിൽ ക്രമപ്പെടുത്തുന്നതിലും ദേശീയമായ ഉയിർത്തെഴുന്നേല്പിനു തുടക്കമിടുന്നതിലും വളരെ പ്രധാനപ്പെട്ട ഒരു പങ്കാണു നിർവ്വഹിച്ചത്. അന്നത്തെ ദേശീയപ്രസ്ഥാനത്തിൽ നേതൃപരമായ പങ്കുനിർവ്വഹിച്ച ഭക്തിപ്രസ്ഥാനത്തിന്റെ[2] കവികളിലൂടെയും മറ്റുമാണ് ആധുനികമലയാളഭാഷതന്നെ രൂപം കൊള്ളുന്നത്. തുടർന്നുള്ള നൂറ്റാണ്ടുകളിൽ കേരളത്തിന്റെ ജനജീവിതത്തിന് ആധാരമായിരുന്ന നൈതികമൂല്യങ്ങളുടെ പ്രാഥമികരൂപങ്ങൾ എഴുത്തച്ഛൻ, പൂന്താനം എന്നീ കവികളുടെ രചനകളിൽ നമുക്കുകാണാം. ഭക്തിപ്രസ്ഥാനത്തിലൂടെ രൂപീകൃതമായ ഈ മൂല്യങ്ങളാണ് വിദേശശക്തികൾക്കെതിരായ സുദീർഘസമരത്തിൽ കേരളീയ ജനജീവിതത്തിന്റെ അടിത്തറയായി നിലനിന്നത്.

2: വൈദേശിക ആക്രമണം മാത്രമാണ് ഭക്തിപ്രസ്ഥാനത്തിന് വഴിവെച്ചതെന്ന് ഇതുകൊണ്ട് അർത്ഥമാക്കേണ്ടതില്ല. ജന്മിത്തവ്യവസ്ഥയിലും ഹിന്ദുമതത്തിലും ഉണ്ടായ അപചയത്തെത്തുടർന്ന് വർദ്ധിച്ചുവന്ന മതപരിവർത്തനങ്ങൾ ഹിന്ദുമതത്തിൽത്തന്നെ ഒരു നവോത്ഥാനത്തിനു പ്രേരകമായി ചൂണ്ടിക്കാട്ടപ്പെടുന്നുണ്ട്.

പോർച്ചുഗീസുകാരെയും ഡച്ചുകാരെയും തുടർന്ന് കേരളത്തിനുമേൽ സൈനികമായ ആധിപത്യം നേടിയ ബ്രിട്ടീഷുകാർ, ഇന്നാടിന്റെ ഭരണവ്യവസ്ഥയെ സ്വന്തം താല്പര്യങ്ങൾക്കനുസൃതമായി പരിവർത്തനപ്പെടുത്തുന്നതിലും, അങ്ങനെ തങ്ങളുടെ ചൂഷണത്തിന് അനുയോജ്യമായ ഒരു അധികാരഘടന രൂപപ്പെടുത്തുന്നതിലും ശ്രദ്ധചെലുത്തുകയുണ്ടായി. മുതലാളിത്തസ്വഭാവമുള്ള ഈ അധികാരഘടനയും[3] ജാതിവ്യവസ്ഥയിലധിഷ്ഠിതമായ കേരളത്തിന്റെ പ്രാങ്-മുതലാളിത്ത സാമൂഹ്യക്രമവും തമ്മിലുള്ള അതീവസങ്കീർണ്ണമായ വൈരുദ്ധ്യത്തിന്റെ ചരിത്രമാണ് പില്ക്കാലത്തെ കേരളചരിത്രം.

3: വിവിധ നാട്ടുരാജ്യങ്ങളായി വേർതിരിഞ്ഞുകിടന്നിരുന്ന കേരളത്തെ സംബന്ധിച്ചിടത്തോളം, വളരെ സാമാന്യമായ ഒരർത്ഥത്തിൽമാത്രമാണ് ഇവിടെ അധികാരഘടനയെക്കുറിച്ച് പറയുന്നത്. ഒരോ നാട്ടുരാജ്യത്തിലും ഈ അധികാരഘടനഏതേതു രൂപത്തിലാണ് സ്ഥാപിതമാവുകയും സാമൂഹ്യജീവിതവുമായി പ്രതിപ്രവർത്തനത്തിലേർപ്പെടുകയുംചെയ്തത് എന്നത് സവിശേഷമായ പഠനങ്ങൾക്കു വിഷയമാക്കേണ്ടതാണ്. ഏങ്കിലും പില്ക്കാലത്ത് കേരളസംസ്ഥാനത്തിന്റെ രൂപീകരണത്തിന് വഴിയൊരുക്കിയ പൊതുവായ സമാനതകൾഈ നാട്ടുരാജ്യങ്ങൾക്കും അവിടങ്ങളിൽസ്ഥാപിതമായ അധികാരഘടനയ്ക്കും ഉണ്ടായിരുന്നു എന്നതിനാൽ ഇവിടെ അത് പ്രത്യേകം പരിശോധിക്കേണ്ടതില്ലെന്നു തോന്നുന്നു.

ഫ്യൂഡൽ ആചാരങ്ങളും വിശ്വാസങ്ങളും ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്കു വിധേയമാകുന്നു. നൂറ്റാണ്ടുകൾമുമ്പ് രൂപീകൃതമായതും സാമ്രാജ്യത്വവിരുദ്ധസമരങ്ങളിലൂടെ പരിവർത്തനവിധേയമായി നിലനിന്നുപോന്നതുമായ ജീവിതമൂല്യങ്ങൾ ആധുനികയാഥാർത്ഥ്യങ്ങൾക്കു മുന്നിൽ അപര്യാപ്തമായിത്തീരുന്നു. സാമൂഹ്യബന്ധങ്ങളെ ഉൾക്കൊള്ളുന്നതിനാവശ്യമായ നൈതികമൂല്യങ്ങളുടെ അഭാവത്തിൽ, വിനിമയ മൂല്യത്തിന്റെ മൂർത്തപ്രകാശനമായ പണം കാലഹരണപ്പെട്ട മൂല്യസങ്കല്പങ്ങൾക്കുമേൽ ആധിപത്യംനേടുന്നു.

അധിനിവേശവ്യവസ്ഥ അതു വിധേയമാക്കുന്ന പ്രദേശത്തോടൊപ്പം അവിടത്തെ ജനതയുടെ ബോധമണ്ഡലത്തേയും കോളനികളാക്കി മാറ്റുന്നുണ്ട്. പാളത്താറിനുമുകളിൽ കോട്ടുധരിയ്ക്കുന്ന കോളനിമനസ്സുകൾക്കെതിരായ ശക്തമായ കലാപമായിരുന്നു ഗാന്ധിയുടെ സ്വന്തം വസ്ത്രധാരണവും വിദേശവസ്ത്രബഹിഷ്കരണവും. ഗാന്ധിയുടെ കാലത്തിനേക്കാൾ പതിന്മടങ്ങ് ശക്തമാണ് ഇന്നത്തെ മുതലാളിത്ത പ്രചരണമാദ്ധ്യമങ്ങൾ. ഉല്പാദനരംഗത്തെന്നപോലെ ജീവിതത്തിന്റെ മറ്റെല്ലാ മണ്ഡലങ്ങളിലും മനുഷ്യന്റെ സർഗ്ഗാത്മകമായ ജീവിതചര്യയ്ക്കാധാരമായ ഇച്ഛാശക്തിയെ അവനിൽനിന്നടർത്തിമാറ്റുകയും, അങ്ങനെ ജന്തുസഹജമായ ഉണ്മയിലേക്ക് മനുഷ്യനെ നയിക്കുകയുമാണ് ഈ പ്രചാരണോപാധികളിലൂടെ മുതലാളിത്തവ്യവസ്ഥ ചെയ്യുന്നത്. മനുഷ്യനിൽനിന്ന് അടർത്തിമാറ്റപ്പെടുന്ന ഇച്ഛാശക്തി, നിലവിലുള്ള വ്യവസ്ഥയുടെ നിലനില്പിന്നാധാരമായ വഴികളിലേക്ക് അവനറിയാതെതന്നെ തിരിച്ചുവിടപ്പെടുന്നു.

## പുതിയ യാഥാർത്ഥ്യങ്ങളും പുതിയ പ്രശ്നങ്ങളും

സാമ്രാജ്യത്വ അധികാരഘടനയെ നിലനിർത്തുന്നവിധത്തിൽ സാമൂഹ്യജീവിതത്തെയാകെ ഒരു നിശ്ചിതകോണിൽ ഒതുക്കാൻ ശ്രമിക്കുകയാണ് ബൂർഷ്വാപ്രചാരണമാദ്ധ്യമങ്ങൾചെയ്യുന്നത്. എന്നാൽ, സാമൂഹ്യവികാസപ്രക്രിയ സാമൂഹ്യഘടനയെ ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്കുവിധേയമാക്കുകയും ചെയ്യുന്നു. അധികാരഘടനയുടെ ഭാഗമായിത്തീർന്നതോടെ സ്വയം നിർമാനുഷികവത്കരിക്കപ്പെടുകയുമാണുണ്ടായത്. നേതൃത്വശക്തികൾക്കുണ്ടായ ഈ പരിണാമം ഈ പ്രസ്ഥാനങ്ങളുടെ സജീവശക്തിയായിരുന്ന ജനതയെ ആദർശശൂന്യരാക്കുന്നു. സാമൂഹ്യജീവിതത്തിൽ സൈനികസമാനമായ അച്ചടക്കത്തിനും മൂല്യരഹിതമായ അരാജകത്വത്തിനും ഇടയിൽ ഉഴറിനടക്കുന്ന ഒരു ജനതയാണ് ഇതിന്റെ പരിണതഫലം.[4]

4: കോളനികളുടെ സവിശേഷമായ സാമൂഹ്യഘടനയിൽ, പഴയ ജീവിതമൂല്യങ്ങളുടെ അപര്യാപ്തതയും പുതിയ മൂല്യങ്ങളുടെ അഭാവവുമാണ് ഇന്ന് സാമൂഹ്യജീവിതത്തെ ഉടനീളം ബാധിച്ചിരിക്കുന്ന കൈക്കൂലിക്കും അഴിമതികൾക്കും ആധാരമായി നില്ക്കുന്നത്. അതോടൊപ്പംതന്നെ ഭാവിയിൽ രൂപംകൊള്ളാനിരിക്കുന്ന പുതിയ മൂല്യസംഹിതയുടെ പ്രസവവേദനയും ഇതിലടങ്ങിയിരിക്കുന്നു.

## പുതിയ സാമ്പത്തിക-സാമൂഹ്യ രൂപീകരണം

പ്രത്യക്ഷത്തിൽ അസംബന്ധമെന്നുതോന്നുന്ന ഇന്നത്തെ സാമൂഹ്യവ്യവസ്ഥ, യഥാർത്ഥത്തിൽ സാമൂഹ്യഘടനയിലാകമാനം സംഭവിച്ചുകൊണ്ടിരിക്കുന്ന ദ്രുതഗതിയിലുള്ള മാറ്റങ്ങളെയാണ് സൂചിപ്പിക്കുന്നത്. ഫ്യൂഡൽവ്യവസ്ഥയ്ക്കും ആചാരങ്ങൾക്കുമെതിരായ സമരങ്ങൾ ഏറെക്കുറെ പൂർത്തീകരിക്കപ്പെട്ടതോടെ കേരളത്തിന്റെ തനതായ സാമൂഹ്യവ്യവസ്ഥയും അതിന്റെ അന്ത്യത്തിലെത്തിച്ചേരുകയാണുണ്ടായത്. ഗ്രാമങ്ങളിലധിഷ്ഠിതമായ സാമൂഹ്യജീവിതം ഇതോടെ ദ്രുതഗതിയിലുള്ള പരിവർത്തനങ്ങൾക്കു വിധേയമാക്കപ്പെട്ടു. ഇതിനുപകരമായി സാമ്രാജ്യത്വചൂഷണത്തിനു വിധേയമായസങ്കീർണ്ണവും പ്രാദേശികമായ വ്യത്യസ്തസ്വഭാവമാർന്നതുമായ ഒരു സാമൂഹ്യഘടനയാണ് കേരളത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. സാമ്രാജ്യത്വവിപണിയാൽ നിയന്ത്രിക്കപ്പെടുന്ന വികേന്ദ്രീകൃതമായ ഒരു സമ്പദ്ഘടനയാണ് ഇതിന്നാധാരം.

ഉല്പാദനസമ്പ്രദായം ഒറ്റതിരിഞ്ഞ യൂണിറ്റുകളായി മാറിക്കഴിഞ്ഞു എന്നതാണിതിന്റെ സവിശേഷത. കർഷകർക്ക് പ്രാമുഖ്യമുള്ള ഈ നാട്ടിൽ ഓരോ കർഷകകുടുംബവും നേരിട്ട് സാമ്രാജ്യത്വവിപണിയുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. പരമ്പരാഗതവ്യവസായങ്ങളിലേർപ്പെട്ടിരിക്കുന്ന ഓരോ യൂണിറ്റും നേരിട്ട് സാമ്രാജ്യത്വവിപണിയുമായി ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു. പഴയ സാമൂഹ്യവ്യവസ്ഥ തകർക്കപ്പെട്ടതിന്റെ ഫലമായി രൂപംകൊള്ളുന്ന തൊഴിലില്ലായ്മയെ, സാമ്രാജ്യത്വസമ്പദ്വ്യവസ്ഥയുടെ ഭാഗമായി, ലോകത്തിന്റെ മറ്റേതു ഭാഗത്തും ആഗിരണം ചെയ്യപ്പെടാനുള്ള സാദ്ധ്യതയും ഈ പുതിയ വ്യവസ്ഥയുടെ ഫലമായി സൃഷ്ടിക്കപ്പെടുന്നു. ഉല്പാദനത്തിലെന്നപോലെ ഉപഭോഗത്തിന്റെ മണ്ഡലത്തിലും കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ സാമ്രാജ്യത്വവിപണിയുമായി ബന്ധപ്പെട്ടിരിക്കുന്നു.

സാമ്പത്തികാടിത്തറയിലുണ്ടാകുന്ന ഈ മാറ്റങ്ങൾ ജീവിതത്തിന്റെ മറ്റെല്ലാമണ്ഡലങ്ങളെയും പരിവർത്തനവിധേയമാക്കുന്നുണ്ട്. സ്വയം സമ്പൂർണ്ണമായ കേരളത്തിന്റെ സാമൂഹ്യവ്യവസ്ഥയെ സ്വയം അഭിമുഖീകരിക്കാൻ പ്രേരിപ്പിക്കുന്ന വിധത്തിൽ മുതലാളിത്ത മൂല്യസങ്കല്പങ്ങളെ ഈ നാട്ടിൽ പ്രതിഷ്ഠിക്കുകയാണ് ഈ അധികാരഘടനയിലൂടെ വിദേശശക്തികൾ ചെയ്തത്. പ്രകൃതിയുമായി നേരിട്ടു ബന്ധപ്പെട്ടു കിടക്കുന്നതും ലളിതമായ ഉല്പാദന-ഉപഭോഗ ബന്ധങ്ങൾ നിലവിലിരുന്നതുമായ കേരളത്തിന്റെ സാമൂഹ്യജീവിതത്തിനുമേൽ മുതലാളിത്തത്തിന്റെ അനന്തമായ വിനിമയസാദ്ധ്യതകൾ തുറന്നിടുന്നതിലൂടെ, അന്നേവരെ സുശക്തമായിരുന്ന ജാതിവ്യവസ്ഥയിലധിഷ്ഠിതമായ കേരളത്തിന്റെ സാമൂഹ്യഘടനയുടെ അടിത്തറ ദുർബലമാക്കുകയാണ് സാമ്രാജ്യത്വം ചെയ്തത്. മതപരിവർത്തനങ്ങളുടേയും കുടിയേറ്റങ്ങളുടേയും മറ്റും രൂപത്തിലാണ് ഇതിന്റെ ആദ്യഫലങ്ങൾ പ്രകടമായതെങ്കിൽ, പുതിയ സാമൂഹ്യ-സാമ്പത്തികരൂപീകരണത്തിൽ സ്വന്തം സ്ഥാനം നേടിയെടുക്കുന്നതിനായി വിവിധ സാമൂഹ്യവിഭാഗങ്ങൾ നടത്തിയ പ്രക്ഷോഭങ്ങളുടെയും സമരങ്ങളുടെയും രൂപത്തിലാണ് പിന്നീട് അവ പ്രത്യക്ഷപ്പെട്ടത്.

മലബാറിലെ മാപ്പിളലഹളകൾ, ജന്മിത്തചൂഷണത്തിനെതിരായി കാണക്കുടിയാന്മാരുടെയും, പാട്ടക്കുടിയാന്മാരുടെയും സമരങ്ങൾ, ജാതിവ്യവസ്ഥക്കെതിരായി ശ്രീനാരായണന്റെയും മറ്റും നേതൃത്വത്തിൽ നടന്ന പ്രസ്ഥാനങ്ങൾ, പിന്നീട് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടന്ന കർഷകസമരങ്ങളും തൊഴിലാളിസമരങ്ങളും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെയും ഗാന്ധിയുടെയും നേതൃത്വത്തിലുള്ള ദേശീയപ്രസ്ഥാനം എന്നിങ്ങനെ പ്രക്ഷോഭങ്ങളുടെയും സമരങ്ങളുടെതുമായ സമൃദ്ധമായ ഒരു ചരിത്രമാണ് ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപകുതിവരെ കേരളത്തിനുള്ളത്. സാമ്രാജ്യത്വ അധിനിവേശത്തിന്റെ ഫലമായി അന്യവത്കൃതമായ കേരളജനത ഈ പ്രസ്ഥാനങ്ങളുടെ ആദർശങ്ങളിലൂടെയും ആദർശസംഹിതകളിലൂടെയുമാണ് സാമൂഹ്യജീവിതത്തിന്റെ മൂല്യങ്ങൾ സാക്ഷാത്കരിച്ചത്.

എന്നാൽ ഈ സാക്ഷാത്കാരം ക്ഷണികമായിരുന്നു. വിവിധഘട്ടങ്ങളിലായി കേരളത്തിന്റെ സാമൂഹ്യജീവിതത്തിൽ വിപ്ലവകരമായ പങ്കുവഹിച്ച പ്രസ്ഥാനങ്ങളെല്ലാംതന്നെ, അവയുടെ താല്ക്കാലികലക്ഷ്യത്തിന്റെ പൂർത്തീകരണത്തോടെ, സാമ്രാജ്യത്വം സൃഷ്ടിച്ച അധികാരഘടനയുടെ ഭാഗമായി മാറുന്നതാണ് നാം കാണുന്നത്. ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഇന്ത്യൻജനതയുടെ ദേശീയബോധത്തെ ഉജ്ജ്വലിപ്പിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും ജന്മിത്തവിരുദ്ധസമരത്തിലും തൊഴിലാളിപ്രസ്ഥാനത്തിലും ഏറ്റവും സജീവമായ പങ്കുവഹിച്ച കമ്മ്യൂണിസ്റ്റ്പ്രസ്ഥാനവും കേരളത്തിന്റെ സാമൂഹ്യജീവിതത്തിന്റെ വ്യവസ്ഥകളെ അനിവാര്യ

മാക്കിത്തീർക്കുന്ന അധീനശക്തി എന്ന നിലയിൽ അധികാരഘടനയും അതിന്റെ സ്ഥാപനങ്ങളും നിലനില്ക്കുമ്പോൾതന്നെ സമൂഹത്തിന്റെ വികാസപ്രക്രിയ ഈ അധീനശക്തിയെ മാറ്റിത്തീർക്കുന്നതിനാധാരമായ സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യുന്നുണ്ട്. ഈ അധികാരഘടന നിലവിൽ വന്നതിനുശേഷം അത് എത്രയോ മാറ്റങ്ങൾക്കു വിധേയമായിട്ടുണ്ടെന്നതിന് ചരിത്രം തന്നെ തെളിവുകൾ നല്കുന്നു.

നിരവധി പ്രസ്ഥാനങ്ങളുടേയും സമരങ്ങളുടെയും ഫലമായി കേരളത്തിന്റെ സാമൂഹ്യഘടനയിലുണ്ടായ മാറ്റങ്ങളാണ് അധികാരഘടനയുടെ മാറ്റങ്ങൾക്കു പിന്നിലെ പ്രേരകശക്തി.

സമരങ്ങളും പ്രസ്ഥാനങ്ങളും നേരിട്ട് അധികാരഘടനയെ മാറ്റിത്തീർക്കുകയാണു ചെയ്യുന്നത്. പഴയ സാമൂഹ്യവ്യവസ്ഥയെ തകർക്കുന്നതു വഴി അവ പുതിയ സാമൂഹ്യബന്ധങ്ങൾക്കും പുതിയ സാമൂഹ്യസ്ഥാപനങ്ങൾക്കും ജന്മമേകുന്നു. ഉല്പാദനമണ്ഡലം, വാണിജ്യം, വിദ്യാഭ്യാസം, സംസ്കാരം, നിയമം എന്നിങ്ങനെ ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിലായി വർദ്ധിച്ചുവരുന്ന സ്ഥാപനങ്ങളാണ് പുതിയ മൂല്യങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നത്. നിലവിലുള്ള അധികാരഘടനയുടെ അനിവാര്യതക്കിടയിൽ ആ അനിവാര്യതയെ മാറ്റിത്തീർക്കുന്നതിനുള്ള യാദൃച്ഛികതകൾക്കു ജന്മമേകുന്നതിനുള്ള അടിസ്ഥാന ഉപാധികളിൽ ഒന്ന് ഈ സമൂഹ്യസ്ഥാപനങ്ങളുടെ വർദ്ധനവുതന്നെയാണ്.

കേരളത്തിന്റെ സാമൂഹ്യജീവിതത്തിൽ സാമ്രാജ്യത്വ അധികാരഘടനയും വികാസംകൊള്ളുന്ന മുതലാളിത്തസ്വഭാവമുള്ള സമൂഹവും തമ്മിലുള്ള സംഘർഷം, ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും രൂക്ഷമായ സംഘട്ടനങ്ങൾക്കും എണ്ണമറ്റ യാദൃച്ഛികതകൾക്കും ജന്മമേകുന്നുണ്ട്. മനുഷ്യാസ്തിത്വത്തിൽ ഊന്നിക്കൊണ്ടുള്ള താത്ത്വികവും പ്രായോഗികവുമായ പ്രവർത്തനങ്ങളിലൂടെ ഈ സംഘർഷങ്ങളേയും യാദൃച്ഛികതകളേയും വഴിതിരിച്ചു വിടുന്നതിലൂടെ മാത്രമേ, പുതിയൊരു മൂല്യരൂപീകരണത്തിനു സഹായകമായ പങ്കുനിർവ്വഹിക്കാൻ നമുക്കു സാദ്ധ്യമാവൂ. ഈ ഉത്തരാർദ്ധത്തോടെ കേരളത്തിന്റെ സാംസ്കാരിക ജീവിതത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തിയ ആധുനികത യഥാർത്ഥത്തിൽ ഈ പ്രവർത്തനങ്ങൾക്കു തുടക്കമിടുകയാണ് ചെയ്തത്.

5: തന്റെ കാലഘട്ടത്തിലെ മാർക്സിസ്റ്റ് ബുദ്ധിജീവികൾ സ്വയമറിയാതെതന്നെ യാന്ത്രിക ഭൗതികവാദികളായിത്തീർന്നതിൽ ബൂർഷ്വാവിദ്യാഭ്യാസ സമ്പ്രദായത്തിനുള്ള പങ്ക് സാർത്ര് ചൂണ്ടിക്കാട്ടുന്നുണ്ട്. ഹെഗലിയൻ പാരമ്പര്യത്തിന്റെയും മാർക്സിസ്റ്റ് അദ്ധ്യാപകരുടേയും അഭാവത്തിൽ അരിസ്റ്റോട്ടിലിയൻ ലോജിക്കിനും ഗണിതശാസ്ത്രപരമായ ലോജിക്കിനും ഊന്നൽ നല്കിക്കൊണ്ടുള്ള പാഠ്യപദ്ധതി, എല്ലാം വ്യക്തമായി കാണുമ്പോൾത്തന്നെ ഒന്നും മനസ്സിലാകാതിരിക്കാനാണ് തന്നെ അക്കാലത്ത് സഹായിച്ചതെന്ന് അദ്ദേഹം പറയുന്നു.

## 2.1 ആത്മീയതയിൽ നിന്ന് ആശയങ്ങളിലേക്ക്

ഇന്നത്തെ പ്രതിസന്ധിയെ അഭിമുഖീകരിക്കാൻ നമ്മെ സഹായിക്കുന്ന ഒരു പ്രത്യയശാസ്ത്രവും നമുക്കിന്നില്ല. കഴിഞ്ഞ കാലങ്ങളിൽ ഈ നാടിന്റെ സാമൂഹ്യജീവിതത്തെ മുന്നോട്ടു നയിച്ചിരുന്ന ആശയങ്ങളും ആദർശങ്ങളും പ്രത്യയശാസ്ത്രങ്ങളും ഇന്നും പ്രസക്തമാണെന്ന് നാം തെറ്റിദ്ധരിച്ചിട്ടുണ്ട്. രൂക്ഷമായ യാഥാർത്ഥ്യം ആ ധാരണകളുടെ അന്തസ്സാരശൂന്യത നമ്മെ എപ്പോഴും ബോദ്ധ്യപ്പെടുത്തിത്തന്നിട്ടുണ്ട്. ആശയങ്ങളിലൂടെയോ ആദർശങ്ങളിലൂടെയോ പ്രകാശനം കണ്ടെത്താനാകാത്ത നഗ്നമായ ആത്മീയതയുടെ വിഭ്രാന്തി നാമെല്ലാം അനുഭവിച്ചിട്ടുണ്ട്. അല്ലാത്തപ്പോൾ ഭീകരതയിലൂടെ അതിനെ മറികടക്കാൻ ശ്രമിച്ചിട്ടുണ്ട്.

എന്നാൽ ആ വിഭ്രാന്തികളെ സംവേദനക്ഷമങ്ങളായ ആശയങ്ങളിലൂടെ അതിജീവിക്കാനാവശ്യമായ സാഹചര്യം ഭൂതകാലചരിത്രം നമുക്ക് ഒരുക്കിത്തന്നിട്ടുണ്ട് എന്നെനിക്കു തോന്നുന്നു. ഭാവിയിൽ കേരളത്തിന്റെ ജനജീവിതം മുന്നോട്ടുനയിക്കാൻപര്യാപ്തമായ ആദർശങ്ങളും പ്രത്യയശാസ്ത്രങ്ങളും രൂപപ്പെടുന്നത് ഇന്നത്തെ ആശയവിനിമയങ്ങളിൽനിന്നുമായിരിക്കാം.[5]

അദ്ധ്യായം 3

# തലശ്ശേരിയിലെ ആർ. എസ്. എസ്.–സി. പി. എം. സംഘട്ടനം

ഒന്ന്

കുരുതിക്കളം

ഏപ്രിൽ ആദ്യം കൊലപാതകങ്ങൾ നടന്ന കൊട്ടയാടിയിലേയും ഡൈമൻമുക്കിലേയും ജനങ്ങൾ അവയെക്കുറിച്ച് എന്തെങ്കിലും അഭിപ്രായപ്രകടനങ്ങൾ നടത്താൻ മടികാണിച്ചു. ഭീതി അവരുടെ യഥാർത്ഥവികാരങ്ങളെ മറച്ചുവെച്ചിരുന്നു. ഈ രണ്ടുസ്ഥലങ്ങളിലും ഒരു രാഷ്ട്രീയപാർട്ടിയുടെയും പ്രവർത്തകരല്ലാത്ത രണ്ടുകുട്ടികളാണ് കൊലചെയ്യപ്പെട്ടത്. കൊട്ടയാടിയിൽ സി. പി. എമ്മിന്റെയും ഡൈമൻമുക്കിൽ ആർ. എസ്. എസ്സിന്റെയും നേതൃത്വത്തിൽ തടഞ്ഞിട്ട ബസ്സിൽവെച്ച് തങ്ങൾക്കുമുമ്പിൽ ഈ നിരപരാധികൾ വെട്ടിമുറിക്കപ്പെട്ടപ്പോൾ ഓടി സ്വന്തം ജീവൻ രക്ഷിക്കാനാണ് ജനങ്ങൾ ശ്രമിച്ചത്. വർഷങ്ങളായി ഇവിടങ്ങളിൽ നടമാടുന്ന ഈ പൈശാചികതയുടെ ഫലമായി എല്ലാ മാനുഷികവികാരങ്ങൾക്കുംമേൽ ഭയം ആധിപത്യംചെലുത്തിക്കഴിഞ്ഞിരുന്നു. ജനങ്ങൾ രാത്രി വീട്ടിനുപുറത്തിറങ്ങാൻ മടിക്കുന്നു. അപരിചിതരെക്കണ്ടാൽ അവർക്കു ഭയമാണ്. സംഘർഷം രൂക്ഷമായിത്തീരുന്ന സന്ദർഭങ്ങളിൽ കടകൾ തുറക്കാനും ജോലിസ്ഥലത്തേക്കു പോകാനും ആളുകൾ ഭയപ്പെട്ടിരുന്നു. ഇപ്പോൾ അതുമാറിയിട്ടുണ്ടെങ്കിൽത്തന്നെ അതിന്റെ അവശിഷ്ടങ്ങൾ നിലനില്ക്കുന്നു. ഇനിയെപ്പോൾവേണമെങ്കിലും സംഘർഷം വീണ്ടും പൊട്ടിപ്പുറപ്പെടാം.

കുട്ടികൾ സ്കൂളിലേക്കോ വീടിന്റെ ചുറ്റുവട്ടത്തിനു പുറത്തേക്കോ പോകാൻ

മടിയ്ക്കുന്നു. ആക്രമണങ്ങൾ രൂക്ഷമാകുന്ന അവസരങ്ങളിൽ വിവിധ വീടുകളിലെ കുട്ടികൾ ഭയം മൂലം ഒരുമിച്ച് ഒരുവീട്ടിൽ മാറിമാറി താമസിക്കുന്ന സ്ഥിതി പോലുമുണ്ടായിട്ടുണ്ട്. മാഹിക്കടുത്ത കവിയൂരിൽ ഒരാക്രമണത്തിനു ദൃക്സാക്ഷിയായ പതിനാറുകാരൻ മാനസികമായി സമനിലതെറ്റിയ അവസ്ഥയിലാണ്. ഇപ്പോൾ ജോലിസ്ഥലത്തേക്കു പോകാൻ അയാൾ ധൈര്യപ്പെടുന്നില്ല; അപരിചിതരെ കാണുമ്പോൾ അയാൾ വീട്ടിൽ ഓടിയൊളിക്കുന്നു. ഇത് ഒറ്റപ്പെട്ട സംഭവം മാത്രമല്ലെന്ന് മറ്റ്, പലസ്ഥലങ്ങളിൽനിന്നും പറഞ്ഞുകേട്ട അനുഭവങ്ങളിൽനിന്നും ഞങ്ങൾക്കു മനസ്സിലാക്കാനായി.

സമാധാനക്കമ്മിറ്റികൾ ജനങ്ങളിൽനിന്നും ഏറെ അകലെയാണ്. പത്രങ്ങളിൽ വായിച്ചുള്ള അറിവല്ലാതെ കൂടുതലൊന്നും അവയെപ്പറ്റി ജനങ്ങൾക്കില്ല. പോലീസിന് കാര്യമായൊന്നുംതന്നെ ചെയ്യാൻ കഴിയുന്നില്ല. ഇരുവിഭാഗത്തിലുംപെട്ട അക്രമികൾ ഇപ്പോഴും സ്വതന്ത്രമായി നടക്കുന്നു; ആക്രമണസാമഗ്രികൾ ഇപ്പോഴും തടസ്സം കൂടാതെ നിർമ്മിക്കപ്പെടുന്നു, കൈമാറ്റം ചെയ്യപ്പെടുന്നു.

## സംഘർഷങ്ങളുടെ തുടക്കം

തലശ്ശേരിയിൽ ആർ.സ്.എസ്.- സി. പി. എം. സംഘട്ടനങ്ങൾ തുടങ്ങിയിട്ട് ഒരു വ്യാഴവട്ടക്കാലത്തിലധികമായി. 1968-ൽ, ബീഡിക്കമ്പനിയിലെ തൊഴിലാളികൾ നടത്തിയ സമരത്തോടെയാണ് ഇന്നത്തെ സംഘട്ടനങ്ങൾ ആരംഭിക്കുന്നത്. എ.ഐ.ടി.യു.സി.-യിൽപ്പെടുന്ന ആയിരക്കണക്കിന് തൊഴിലാളികൾ ആനുകൂല്യങ്ങൾക്കായി സമരമാരംഭിച്ചതോടെ കമ്പനി മുതലാളി ഈ പ്രദേശങ്ങളിൽ നിന്നും വ്യവസായം പിൻവലിച്ചു. ഇതേ തുടർന്ന് അസംസ്കൃത സാധനങ്ങൾ സൂക്ഷിച്ചിരുന്ന ഗോഡൗണിൽ നിന്ന് അവ നീക്കം ചെയ്യുന്നതിനെതിരെ തൊഴിലാളികൾ നടത്തിയ സമരത്തെ ആർ. എസ്. എസ്. ഗുണ്ടാപ്പട ആക്രമിക്കുകയും, പല തൊഴിലാളികളെയും പരിക്കേല്പിക്കുകയും ചെയ്തു. പിന്നീട് മംഗലാപുരത്തെ തൊഴിൽശാലയിൽചെന്ന് സമരം തുടർന്ന തൊഴിലാളികളെ പോലീസ് അറസ്റ്റു ചെയ്ത് നാൽപതുദിവസം തടവിലിട്ടു. ഇതോടെ സമരം പരാജയപ്പെട്ടു. ബീഡിക്കമ്പനികളെ ആശ്രയിച്ചു ജീവിച്ചിരുന്ന ആയിരക്കണക്കിന് തൊഴിലാളി കുടുംബങ്ങൾ നിരാശ്രയരായിത്തീർന്നു.

ഈ ഘട്ടത്തിലാണ്, – തൊഴിലാളികളെ ആക്രമിച്ച ആർ. എസ്. എസ്. തലവനായിരുന്ന രാമകൃഷ്ണൻ എന്നയാൾ – തലശ്ശേരിയിലെ ചെട്ടിത്തെരുവിൽ (ഈ പ്രദേശം ഇന്നും ആർ. എസ്. എസിന്റെ കോട്ടയാണ്) വെച്ച് കോടാലികൊണ്ടുള്ള വെട്ടേറ്റ് കൊല്ലപ്പെടുന്നത്. മാർക്സിസ്റ്റ് പാർട്ടി അക്കാലത്തു രൂപീകരിച്ച ഗോപാലസേനയുടെ നേതൃത്വത്തിലാണ് ഈ സംഭവം നടത്തിയതെന്ന് പറയപ്പെടുന്നു.

ഇതിനുശേഷം രൂക്ഷമായതോതിൽ അല്ലെങ്കിൽത്തന്നെയും ആർ. എസ്. എസും (പീന്നീട് രൂപീകരിക്കപ്പെട്ട) ദിനേശ് ബീഡിക്കമ്പനി തൊഴിലാളികളും തമ്മിലുള്ള സംഘർഷം എല്ലായ്പ്പോഴും തുടർന്നുപോന്നിട്ടുണ്ട്. അടിയന്തരാ

വസ്ഥയിലും അതിനുശേഷമുണ്ടായ സി. പി. എം. –ജനത താല്ക്കാലിക കൂട്ടുകെട്ടിന്റെ കാലയളവിലും ഈ സംഘർഷങ്ങൾക്കു താല്ക്കാലികമായ അയവുണ്ടായെങ്കിൽത്തന്നെ, ആ കൂട്ടുകെട്ടിന്റെ തകർച്ചയെതുടർന്ന് സംഘർഷം വീണ്ടും ആരംഭിച്ചു.

പാനുണ്ടയിൽ ചന്ദ്രൻ എന്ന ആർ. എസ്. എസ്. പ്രവർത്തകന്റെ കൊലപാതകമാണ് ഇതിനു തുടക്കമിടുന്നത്. ചന്ദ്രൻ ബ്രണ്ണൻ കോളേജ് വിദ്യാർത്ഥിയും നാട്ടുകാരുടെ കണ്ണിലുണ്ണിയുമായിരുന്നു. സി. പി. എം. -ന്റെ ശക്തികേന്ദ്രമായ പാനുണ്ടയിൽ ആദ്യമായി ആർ. എസ്. എസ്. ശാഖ തുടങ്ങിയത് ചന്ദ്രനായിരുന്നു. ഇതിൽ മാർക്സിസ്റ്റ് പാർട്ടിക്കുള്ള അസഹിഷ്ണുത ആ കൊലപാതകത്തിലൂടെ പ്രകടമാക്കപ്പെട്ടു. പക്ഷേ, ജനങ്ങളെ എതിരായി ചിന്തിപ്പിക്കാൻ അതു പ്രേരകമായി. ഇന്നു പാനുണ്ട ആർ. എസ്. എസ്. -ന്റെ ഒരു ശക്തികേന്ദ്രമാണ്.

## സംഘർഷങ്ങൾ മൂർച്ഛിക്കുന്നു

പല സ്ഥലങ്ങളിലും സംഘർഷം മൂർച്ഛിച്ചത് കഴിഞ്ഞ പാർലിമെന്റ്-അസംബ്ലി-പഞ്ചായത്ത് തെരഞ്ഞെടുപ്പുകളോടെയാണ്. ഇടതുപക്ഷമുന്നണിയുടെ പ്രകടനജാഥകളും ആർ. എസ്. എസ്-ഉം തമ്മിൽ പലയിടങ്ങളിലും ഉരസലുകൾ നടന്നു. സ്കൂൾ-കോളേജ് തെരഞ്ഞെടുപ്പുകളിൽ ഇവ ആവർത്തിക്കപ്പെട്ടു. ഇതിന്റെ തുടർച്ചയായാണ് പലസ്ഥലങ്ങളിലും കൊലപാതങ്ങൾ നടന്നത്. കവിയൂരിലെ ആദ്യത്തെ കൊലപാതവും തെരഞ്ഞെടുപ്പുകാലത്ത് നിലനിന്നിരുന്ന സംഘർഷങ്ങളുടെ തുടർച്ചയായാണ് നടന്നത്.

മാർക്സിസ്റ്റ് പാർട്ടി അനുഭാവിയായ രാജൻ (18 വയസ്സ്) ഒരു കല്ലുചെത്തുതൊഴിലാളിയാണ്. അയാളുടെ മച്ചുനിയൻ രാജനും കൂടി ഇടതുമുന്നണിയുടെ വിജയികളായ സ്ഥാനാർത്ഥികൾക്കുള്ള സ്വീകരണയോഗം കഴിഞ്ഞുമടങ്ങുമ്പോഴാണ് പന്ത്രണ്ടുപേരോളം വരുന്ന ആർ. എസ്. എസ്, ഗുണ്ടാപടയാൽ ആക്രമിക്കപ്പെടുന്നത്. കൂടെയുണ്ടായിരുന്ന രാജൻ പരിക്കുകളേറ്റ് ഓടിരക്ഷപ്പെട്ടു.

കൊല്ലപ്പെടുന്നതിനുമുൻപ് കരുതിനടക്കണമെന്ന് ആരോ രാജനെ ഉപദേശിച്ചപ്പോൾ ഒരുതെറ്റുംചെയ്യാത്ത തന്നെ ആരും ആക്രമിക്കുകയില്ലെന്നായിരുന്നു രാജന്റെ മറുപടി. താൻ ആക്രമിക്കപ്പെടുമെന്ന് അയാളൊരിക്കലും കരുതിയിരുന്നില്ല. രാജന്റെ കുടുംബത്തിന് സി. പി. എം. 5000 രൂപ സഹായധനം നല്കി. പ്രതിഷേധയോഗത്തിൽവെച്ച് 1000 രൂപ രാജന്റെ അച്ഛനെ നേരിട്ടേൽപ്പിച്ചു. പരിക്കേറ്റ രാജന് 500 രൂപയും ലഭിച്ചു.

മാസങ്ങൾ കഴിഞ്ഞിട്ടും രാജന്റെ കുടുംബം ആ ആഘാതത്തിൽനിന്നും വിമുക്തമായിട്ടില്ല. മാനസികരോഗിയായിത്തീർന്ന അയാളുടെ അച്ഛന്ന് അസുഖം ഭേദമായിട്ടുണ്ടെങ്കിൽത്തന്നെയും, അമ്മ ഇപ്പോഴും മകനെയോർത്ത് കരയുന്നു. വിഷുദിവസമായ ഇന്ന് തനിക്ക് ഒരുപിടി ചോറുപോലും ഇറക്കാനാവുന്നില്ലെന്ന് ആ അച്ഛൻ പറഞ്ഞു.

രാജന്റെ കൊലപാതകത്തിന് പ്രതികാരമായാണ് കവിയൂരിലെ ആർ. എസ്. എസ്. പ്രവർത്തകനും സ്പിന്നിങ്മിൽ തൊഴിലാളിയുമായ ശ്രീധരൻ കൊലചെയ്യപ്പെട്ടത്. മുപ്പത്തൊന്നു വയസ്സുകാരനായ ശ്രീധരൻ ജോലിക്കു പോകുംവഴി രാവിലെ വീടിനടുത്തുള്ള ഇടവഴിയിൽവെച്ചാണ് കൊലചെയ്യപ്പെട്ടത്. വിവാഹിതനായിട്ട് ഏതാനും മാസങ്ങൾ മാത്രമെ ആയിട്ടുണ്ടായിരുന്നുള്ളൂ. ശരീരത്തിൽ പതിനെട്ടു കുത്തുകളേറ്റിരുന്നു. "എല്ലാവരും കേരളം ഭരിച്ചതുകണ്ടു മടുത്തു; ഇനി ആർ. എസ്. എസുകാർ ഭരിച്ചുകാണണ"മെന്ന് അതിന്റെ അനുഭാവിയായ ശ്രീധരന്റെ അച്ഛൻ പറഞ്ഞു. മാർക്സിസ്റ്റുകാരാണ് അക്രമികൾ എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അക്രമികളെയും ഒളിപ്പിച്ചുവെച്ച ആക്രമണസാമഗ്രികളും ചൂണ്ടിക്കാട്ടാൻ തങ്ങൾ തയ്യാറായിട്ടുകൂടി പോലീസ് നടപടിയൊന്നും എടുക്കുന്നില്ലെന്നു ശ്രീധരന്റെ അച്ഛൻ പറഞ്ഞു.

ഇതിനുശേഷം മാർക്സിസ്റ്റനുഭാവിയും ഒരു ചെറിയകടയുടമയുമായ രാഘവൻ ക്രൂരമായി ആക്രമിക്കപ്പെട്ടു. മാസങ്ങൾ പിന്നിട്ടെങ്കിലും മുറിവുകൾ ഇപ്പോഴും ഉണങ്ങിയിട്ടില്ല. ഭാഗ്യംകൊണ്ടാണ് താൻ രക്ഷപ്പെട്ടതെന്ന് അയാൾ കരുതുന്നു. മറ്റാരെയോ തേടി കടയിലെത്തിയ അക്രമികൾ അവരെക്കാണാഞ്ഞ് കടയിലെ സാധനങ്ങൾ തല്ലിത്തകർക്കുകയും രാഘവനെ ക്രൂരമായി വെട്ടിപരിക്കേല്പിച്ചു തിരിച്ചുപോകുംവഴി അടുത്തുതന്നെ താവളമടിച്ചിരുന്ന പോലീസുകാരെ ഭീഷണിപ്പെടുത്തിയത്രെ.

ഇരുകൂട്ടരും ഒരേപോലെ അക്രമികളാണെന്നുതന്നെയാണ് രാഘവന്റെ അഭിപ്രായം. ഇന്നത്തെ നിലയ്ക്കുള്ള സമാധാനക്കമ്മറ്റികൾ ഫലപ്രദമല്ലെന്നു തന്നെ അയാൾ കരുതുന്നു. പ്രാദേശികമായി സംഘടിപ്പിക്കപ്പെടുന്ന ജനകീയ കമ്മറ്റികൾ തുടരെതുടരെ വിളിച്ചുകൂട്ടുന്നതുമൂലം ജനങ്ങളുടെ ഉൾഭയം നീക്കാനാവും; സി. പി. എം. -നെയും ആർ. എസ്. എസ്. -നെയും ഒഴിവാക്കി കമ്മിറ്റികൾ രൂപീകരിക്കുന്നതുകൊണ്ട് ഫലമൊന്നുമില്ല.

## ജനങ്ങൾ ആക്രമിക്കപ്പെടുന്നു

അക്രമങ്ങൾ തുടങ്ങിക്കഴിയുമ്പോൾ ഇരുവിഭാഗത്തിലെയും പ്രവർത്തകർ അങ്ങേയറ്റം കരുതലോടെയാണ് നടക്കുക. അതുകൊണ്ട് കൊല്ലപ്പെടുന്നവരിൽ അധികംപേരും അനുഭാവികളാണ്. എന്നാൽ അനുഭാവികളെപ്പോലും കിട്ടാത്ത സാഹചര്യത്തിൽ എതിരാളികളെന്നു സംശയം തോന്നുവരെ ആക്രമിക്കുക എന്ന ഘട്ടത്തിലേക്ക് ഇന്നു കാര്യങ്ങൾ എത്തിക്കഴിഞ്ഞിരിക്കുന്നു. ഡൈമൻമുക്കിലെയും കൊട്ടയാടിയിലേയും കൊലപാതകങ്ങൾ ജനങ്ങൾക്കുനേരേ ഇരുവിഭാഗങ്ങളും നടത്തിയ ആക്രമണങ്ങളാണ്.

ജോലികഴിഞ്ഞു മടങ്ങിവരുന്ന സി. പി. എം. പ്രവർത്തകരെ ലക്ഷ്യമാക്കിയാണ് അവർ വരാറുള്ള ബസ്സ് ആർ. എസ്. എസുകാർ ഡൈമൻമുക്കിൽ വൈകുന്നേരം തടഞ്ഞിട്ടത്. പക്ഷേ, എന്തുകൊണ്ടോ സി. പി. എം. പ്രവർത്തകർ അന്ന് ആ ബസ്സിലുണ്ടായിരുന്നില്ല. പകരം ബസ്സിലുണ്ടായിരുന്ന, മാർക്സിസ്റ്റ്പാർട്ടി പ്രവർത്തകനായ ശശിയുടെ അനുജൻ ഹരീഷ്ബാബു (18 വയ

സ്റ്റ്) വിനെ അക്രമികൾ വെട്ടിക്കൊലപ്പെടുത്തി. സ്വർണ്ണപ്പണിക്കാരനായ ഹരീഷ്ബാബു വൈകുന്നേരം, ജോലി കഴിഞ്ഞ് വീട്ടിലേക്കുമടങ്ങുകയായിരുന്നു.

സി. പി. എം. -ന്റെ ശക്തികേന്ദ്രമായ കൊട്ടയാടിയിൽ പട്ടാപ്പകൽ ബസ്സു തടഞ്ഞിട്ട് ആർ. എസ്. എസുകാരെ അന്വേഷിച്ചത് മാർക്സിസ്റ്റ് ഗുണ്ടകളായിരുന്നു. ബസ്സിലുണ്ടായിരുന്ന ഒരു മുസ്ലിംയുവാവ് ഫാസിസ്റ്റ് പൈശാചികത കണ്ടു ഭയപ്പെട്ട് കണ്ടക്ടറോട് തന്നെ രക്ഷിക്കണം എന്നു കരഞ്ഞപേക്ഷിച്ചു. പക്ഷേ, അക്രമികൾ അയാളെ വലിച്ചിഴച്ചു കൊണ്ടുവന്നു റോഡിൽവെച്ച് വെട്ടിക്കാലപ്പെടുത്തി. മറുനാട്ടിൽനിന്ന് നാട്ടിൽവന്ന അയാൾ ഒരു ബന്ധുഗൃഹത്തിലേക്ക് പോകുകയായിരുന്നു.

പലഘട്ടങ്ങളിലായി ഈ സംഘട്ടനപരമ്പരകൾ തുടർന്നുവരുന്നു. സമാധാനക്കമ്മിറ്റികൾക്കും പോലീസ് ഇടപെടലുകൾക്കുംമറ്റും താല്ക്കാലിക പരിഹാരങ്ങൾ ഉണ്ടാക്കാനാവുന്നുണ്ടെങ്കിൽതന്നെ, ഒരു ഇടവേളക്കുശേഷം സംഘർഷങ്ങൾ വീണ്ടും ആവർത്തിക്കപ്പെടുന്നു. കഴിഞ്ഞ ആറുമാസത്തിനിടക്കുതന്നെ ഇരുവിഭാഗങ്ങളിലുമായി 48 പേർ കൊല്ലപ്പെട്ടു. നൂറുകണക്കിന് ആളുകൾ അംഗഭംഗം സംഭവിച്ചവരായുണ്ട്.

കൊല്ലപ്പെട്ടവരിൽ അധികംപേരും ഏതെങ്കിലും വിഭാഗത്തിന്റെ സജീവ പ്രവർത്തകരായിരുന്നില്ല; എണ്ണം തികയ്ക്കാൻവേണ്ടിയുള്ള ഇരുവിഭാഗക്കാരുടെയും ആക്രമണങ്ങൾ നേരിട്ടവരിൽ അധികവും അനുഭാവികളോ പ്രവർത്തകരുടെ ബന്ധുക്കളോ ഒന്നിലും പെടാത്തവരോ ആയിരുന്നു.

## ‘മാർക്സിസ്റ്റുകാർ’ പറയുന്നു

കൊട്ടയാടിയിലെ കൊലപാതകത്തിന്റെ വിവരങ്ങൾ അന്വേഷിക്കാൻചെന്ന ഞങ്ങളോട്ട് എന്തെങ്കിലും സംസാരിക്കാൻതന്നെ സ്ഥലവാസികൾ മടികാണിച്ചു. പല കടകളിലേയും ആളുകൾ അടുത്തുള്ള മറ്റാളുകളെ ചൂണ്ടിക്കാട്ടി, അവർ പറയുമെന്നു പറഞ്ഞു രക്ഷപ്പെട്ടു. ആവർത്തിച്ച് അന്വേഷിച്ചിട്ടും തങ്ങൾക്കൊന്നുമറിയില്ലന്ന നിലപാടായിരുന്നു ജനങ്ങളുടേത്. “ഞങ്ങൾ പോലീസിനോടും ഇതുതന്നെയാണ് പറഞ്ഞത്” അവർ പറഞ്ഞു. ഭീതി എല്ലാവരുടേയും മുഖത്തു വ്യക്തമായി കാണാമായിരുന്നു. ജനങ്ങൾ തന്നെ ഇരുഭാഗത്തിലെയും ഗുണ്ടകളെ നേരിടണമെന്ന അഭിപ്രായത്തോട് അവർ യോജിപ്പുപ്രകടിപ്പിച്ചു.

പാട്യം പഞ്ചായത്തിൽ മാർക്സിസ്റ്റുപാർട്ടിയുടെ ശക്തിദുർഗമാണ് കൊട്ടയാടി. പാട്യം ഗോപാലന്റെ സ്മാരകമായി ഒരു വലിയ കെട്ടിടം അവിടെ പണിതീർന്നുകൊണ്ടിരിക്കുന്നു. പഞ്ചായത്തിൽ ഇതിനകം എഴു കൊലപാതകങ്ങൾ നടന്നുകഴിഞ്ഞിരിക്കുന്നു. അതിൽ മൂന്നുപേർ സി. പി. എം. അനുഭാവികളും നാലുപേർ ആർ. എസ്. എസ്. അനുഭാവികളുമാണെന്നാണ് അവിടത്തെ മാർക്സിസ്റ്റ് പ്രവർത്തകർ പറഞ്ഞത്.

ഇതിനെ ‘ആർ. എസ്. എസ്. -മാർക്സിസ്റ്റ് സംഘട്ടനം’ എന്നു വിളിക്കുന്നത് തെറ്റാണെന്ന് സി. പി. എം. പ്രവർത്തകർ പറഞ്ഞു. അങ്ങനെ പ്രചരിപ്പിക്കുന്നതിലൂടെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണ് ബൂർഷ്വാപത്രങ്ങളും മറ്റുംചെ

യ്യുന്നത്. ആർ. എസ്. എസ്. അക്രമമായി മാത്രമേ ഈ സംഭവങ്ങളെ കാണാനാകൂ. മറ്റു രാഷ്ട്രീയപാർട്ടികൾ ആർ. എസ്. എസ്. അനുഭാവികളാണത്രേ. ഇന്ദിരാകോൺഗ്രസ്സുകാരാണ് അവർക്ക് ഒളിസങ്കേതങ്ങൾ നല്കുകയും അവരുടെ കണ്ണികളായി വർത്തിക്കുകയും ചെയ്യുന്നത്. സമാധാനപരമായി ഈ ആക്രമണത്തെ നേരിടാമെന്നു കരുതുന്നത് വിഡ്ഢിത്തമാണ്. സായുധമായ ചെറുത്തുനിൽപ്പിലൂടെ മാത്രമേ ആർ. എസ്. എസ്. അക്രമികളെ തുടച്ചുനീക്കാനാവൂ. അതിന് എല്ലാ ജനാധിപത്യ വിശ്വാസികളുടെയും സഹകരണം ആവശ്യമാണെന്നാണ് അവർ പറയുന്നത്.

"ആർ. എസ്. എസ്സുകാർ പേപ്പട്ടികളെപ്പോലെ"യാണെന്ന് സി. പി. എം. -കാരനായ തലശ്ശേരി എം.എൽ.എ. ഈയടുത്ത ദിവസം തന്റെ പ്രസംഗത്തിലൂടെ ഊന്നിപ്പറഞ്ഞു. "സമൂഹത്തിന്റെ രക്ഷയ്ക്കായി പേപ്പട്ടികളെ മാത്രമല്ല, പേപ്പട്ടികളാണെന്നു സംശയിക്കുന്നവരെക്കൂടി നശിപ്പിക്കേണ്ടതുണ്ട്".

## എന്തുകൊണ്ട് ആർ. എസ്. എസ്.

കൊട്ടയാടിക്കടുത്ത് ആർ. എസ്. എസിന്റെ ശക്തികേന്ദ്രമായ പത്തായക്കുന്നിലെ ഒരധ്യാപകൻ പറഞ്ഞു: "ഇതേവരെ ഒരുകൂട്ടർ (സി. പി. എം. -നെയാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തം) പ്രാദേശികമായി അടിച്ചമർത്തി ഭരിച്ചുപോന്നു. അവരെ നേരിടാൻ അന്ന് ആരുമുണ്ടായിരുന്നില്ല. ഇന്ന് അവരെ നേരിടാൻ കെല്പുള്ള ഒരു പുതിയശക്തി (ആർ. എസ്. എസ്.)വളർന്നുവന്നപ്പോൾ സംഘർഷങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികം മാത്രമാണ്."

മാർക്സിസ്റ്റ്പാർട്ടി പ്രവർത്തകരിൽ സാധാരണയായി കാണപ്പെടുന്ന അസാന്മാർഗ്ഗിക പ്രവണതകൾ ആർ. എസ്. എസ്-കാർക്കില്ലെന്നത് ജനങ്ങൾക്കിടയിൽ മതിപ്പുളവാക്കാൻ സഹായകമായിട്ടുണ്ട്. സി. പി. എം. -ന്റെ തെറ്റായ നയങ്ങൾമൂലം അവരുടെ പ്രവർത്തകരോ അനുഭാവികളോ ആയിരുന്ന പലരും ഇന്ന് ആർ. എസ്. എസ്. പ്രവർത്തകരായിതീർന്നിട്ടുണ്ട്. ജനങ്ങൾക്കിയിടയിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ വർഗ്ഗവീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഇരുകൂട്ടരെയും ഉൾപ്പെടുത്തി പ്രശ്നം രമ്യതയിൽ പരിഹരിക്കുന്നതിനുപകരം, ഏതെങ്കിലുമൊരു പക്ഷംപിടിച്ച് തങ്ങളെടുക്കുന്ന തീരുമാനങ്ങൾ എതിർചേരിയുടെമേൽ അടിച്ചേല്പിക്കുകയാണ് സോഷ്യൽ ഫാസിസ്റ്റുകൾ ചെയ്യുന്നത്. ഇതിന്റെ ഫലമായി അനീതിക്കു വിധേയരാകുന്ന എതിർചേരിക്കാരും, ദീർഘകാലമായി സി. പി. എം. മർദ്ദനത്തിനു വിധേയരായിക്കഴിയുന്ന കക്ഷിരാഷ്ട്രീയക്കാരുമാണ് ആർ. എസ്. എസ്സിന്റെ അടിത്തറയായിത്തീരുന്നത്.

വലിയൊരു വിഭാഗം വരുന്ന ഇവർക്കിടയിലെ ചെറുപ്പക്കാരിൽ ഹൈന്ദവദേശീയതയിലധിഷ്ഠിതമായ ഫാസിസത്തിന്റെ വിത്തുകൾ വിതയ്ക്കാൻ ആർ. എസ്. എസ്സുകാർക്ക് എളുപ്പത്തിൽ കഴിയുന്നു. താത്ത്വികപഠനങ്ങളും വിപ്ലവപ്രവർത്തനങ്ങളും പണ്ടേ കൈവെടിഞ്ഞ സോഷ്യൽ ഫാസിസ്റ്റുകൾക്ക്

ജനങ്ങളിൽ നിന്ന് ആർ. എസ്. എസ്സുകാരെ ഒറ്റപ്പെടുത്താൻ അസാദ്ധ്യമായി ത്തീരുന്നു.

## ജനങ്ങൾ പറയുന്നു

രണ്ടുശക്തിദുർഗ്ഗങ്ങളായ കൊട്ടയാടിക്കും (സി. പി. എം.) പത്തായക്കുന്നിനും (ആർ. എസ്. എസ്.) ഇടയ്ക്കുള്ള ഒരു ചായക്കടക്കാരൻ പറഞ്ഞു: ഭീതിമൂലം ഏതെങ്കിലുമൊരു ചേരിപിടിക്കാതെ ജനങ്ങൾക്ക് നിലനിൽക്കാൻ കഴിയുന്നില്ല. മാർക്സിസ്റ്റ് വിഭാഗത്തിൽപ്പെടുന്ന പത്തിരുപതു വീടുകൾ ഉള്ള ഒരു പ്രദേശത്തു താമസിക്കുന്ന കുടുംബങ്ങൾക്ക് മാർക്സിസ്റ്റുകാരോട് കൂറുപുലർത്തേണ്ടി വരുന്നു, അല്ലെങ്കിൽ അവർ ആർ. എസ്. എസ്. കാരെന്നു മുദ്രകുത്തപ്പെടും. അതുപോലെതന്നെ മറിച്ചും. അക്രമികളെ ചോദ്യംചെയ്യാൻ ഒരുമ്പെട്ടാൽ അയാൾ എതിർചേരിക്കാരനെന്നു മുദ്രകുത്തപ്പെടുകയും കൊല്ലപ്പെടുകയുംചെയ്യും. കുടുംബബന്ധത്തേക്കാളും, സാമൂഹ്യബന്ധത്തേക്കാളുമധികം ഇന്ന് രാഷ്ട്രീയബന്ധം പ്രാമുഖ്യം നേടിയിരിക്കുന്നു. ഒരേ വീട്ടിലെ ആർ. എസ്. എസ്.-കാരനോ മാർക്സിസ്റ്റുകാരനോ കൊല്ലപ്പെടുന്നതിൽ എതിർചേരിക്കാരായ കുടുംബാംഗങ്ങൾ എതിർപ്പുപ്രകടിപ്പിക്കുന്നില്ല. അക്രമികളിൽ അധികവും അതതു പ്രദേശങ്ങളിൽത്തന്നെ ഉള്ളവരാണ്, ജനങ്ങൾക്ക് അവരെ വ്യക്തമായറിയാം, പക്ഷേ, അവർക്കെതിരെ ശബ്ദിക്കാൻ ആരും ധൈര്യപ്പെടുന്നില്ല. അവർ നല്ല കരുതലോടെയാണ് നടക്കുന്നത്. എണ്ണംതികയ്ക്കാനായി കൊല്ലപ്പെടുന്നവരിൽ അധികവും അനുഭാവികളോ ബന്ധുക്കളോ മാത്രമാണ്.

ഡൈമൻമുക്കിലെ ഒരു തൊഴിലാളിയായ അമ്മ പറഞ്ഞു: അടുത്തകാലംവരെ ഇവിടത്തെ കുട്ടികൾ പരസ്പരവൈരാഗ്യമൊന്നും കൂടാതെ തോളിൽ കൈയിട്ട് ചിരിച്ചുംകളിച്ചും നടന്നവരാണ്. ഇന്ന് അവർ എതിരാളികളായി ചേരിതിരിഞ്ഞിരിക്കുന്നു. പേടിപ്പെടുത്തുന്ന ഈ അവസ്ഥമാറി സമാധാനം പുനസ്ഥാപിക്കപ്പെടണം.

കൊല്ലപ്പെട്ട ഹരീഷ്ബാബുവിന്റെ വീട്ടിൽവെച്ച് ഞങ്ങൾ കണ്ടുമുട്ടിയ സ്വാമിദാസ് പറഞ്ഞു: രാഷ്ട്രീയബോധമില്ലാത്ത കുട്ടികളുടെ ആവേശത്തെ ആർ. എസ്. എസ്സുകാർക്ക് ആകർഷിക്കാൻ കഴിയുന്നുണ്ട്. ഇന്നത്തെ സമാധാനക്കമ്മിറ്റികൾ പ്രയോജനരഹിതമാണ്. ആരാണ് ആദ്യം തെറ്റുചെയ്യുന്നതെന്നാണ് അവർ നോക്കുന്നത്. മറിച്ച് ഇരുകൂട്ടരും തെറ്റുകാരാണ്. കക്ഷിഭേദമെന്യേ ജനങ്ങൾ ഒറ്റക്കെട്ടായിനിന്ന് അക്രമികളെ നേരിടുക തന്നെ വേണം.

സമാധാനകമ്മിറ്റികളിൽ ജനങ്ങൾക്ക് ഒട്ടുംതന്നെ വിശ്വാസമില്ല. അത് തങ്ങളിൽ നിന്നും വളരെ അകലെയുള്ള ചില കൂട്ടരുടെ ആത്മസംതൃപ്തിയ്ക്കുവേണ്ടി ഉള്ളവയാണെന്നാണ് ജനങ്ങൾ കരുതുന്നത്; അത് വെറും പ്രഹസനം മാത്രമാണ്. ഇരുവിഭാഗത്തിലുംപെടുന്ന ഒരു സംഘം ഗുണ്ടകൾമാത്രമാണ് ഓരോ പ്രദേശത്തും അക്രമങ്ങൾക്കു പിറകിലുള്ളത്. ഒളിവിൽ കഴിയുന്ന അക്രമികളെയും ഒളിപ്പിച്ചുവച്ചിരിക്കുന്ന ആക്രമണസാമഗ്രികളും ചൂണ്ടിക്കാണിച്ചു കൊടുക്കാൻ ജനങ്ങൾ തയ്യാറായിട്ടുതന്നെ അതിനെതിരെ നടപടിയെടുക്കാൻ

പോലീസു് തയ്യാറായിട്ടില്ല. കക്ഷിരാഷ്ട്രീയഭേദമെന്യേ ജനങ്ങൾ ഒറ്റക്കെട്ടായി ഉറച്ചുനിന്ന് അക്രമികളെ നേരിടാൻ തയ്യാറായാൽ മാത്രമേ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകൂ എന്ന ഞങ്ങളുടെ അഭിപ്രായത്തോട്, എല്ലാ പ്രദേശങ്ങളിലെയും ജനങ്ങൾ യോജിപ്പ് പ്രകടിപ്പിച്ചു.

## തലശ്ശേരിയിൽ മാത്രമോ?

'ആർ. എസ്. എസ്. -മാർക്സിസ്റ്റ് സംഘട്ടനം തലശ്ശേരിയിൽ മാത്രം നടക്കുന്ന ഒരു ഒറ്റപ്പെട്ട സംഭവം എന്ന നിലയിൽ നമുക്കു കാണാനാവില്ല. സംഘർഷങ്ങൾ ഏറ്റവും രൂക്ഷമായിത്തീർന്നിരിക്കുന്നത് ഈ പ്രദേശങ്ങളിലാണെന്നു മാത്രം. ഏപ്രിൽ പതിനഞ്ചാം തീയ്യതി ആലപ്പുഴജില്ലയിൽ ആർ. എസ്. എസ്. – മാർക്സിസ്റ്റ് സംഘട്ടനം നടന്നതായി പത്രത്തിൽ വാർത്ത വന്നിരിക്കുന്നു. തൃശ്ശൂർ ജില്ലയുടെയും വിവിധഭാഗങ്ങളിലും തിരുവനന്തപുരത്തും മാഹിയിലും ഇതിനകം സംഘർഷങ്ങൾ നടന്നുകഴിഞ്ഞിരിക്കുന്നു. കേരളത്തിന്റെ വിവിധഭാഗങ്ങളിലേക്കു സംഘർഷങ്ങൾ വ്യാപിക്കുന്നുവെന്നതിന്റെ സൂചനകളാണിവ. കേരളത്തിന്റെ വിവിധപ്രദേശങ്ങളിലെല്ലാം തന്നെ ആർ. എസ്. എസ്സും മാർക്സിസ്റ്റു പാർട്ടിയും ഫാസിസ്റ്റ് ശക്തികളായി വളർന്നു കഴിഞ്ഞിരിക്കുന്നു.

ഈ ഫാസിസ്റ്റ് ശക്തികളുടെ വികാസത്തിനു കളമൊരുക്കിയ രാഷ്ട്രീയ സാഹചര്യങ്ങളെക്കുറിച്ചുള്ള വിശകലനം, ഈ സംഘർഷങ്ങളുടെ അടിസ്ഥാന കാരണങ്ങൾ മനസ്സിലാക്കുന്നതിന് നമുക്കു സഹായകമായിരിക്കും.

# രണ്ട്

## സംഘർഷങ്ങളുടെ രാഷ്ട്രീയാടിസ്ഥാനം

സംഘട്ടനങ്ങൾക്കു തുടക്കമിട്ട ഗണേശ് ബീഡിക്കമ്പനി സമരം ഒരു നിമിത്തമായി മാത്രമേ നമുക്കു കണക്കാക്കാനാവൂ. അതിനുമുൻപുതന്നെ ആർ. എസ്. എസ്–സി. പി. എം. സംഘട്ടനത്തിനുള്ള സാമൂഹ്യ–രാഷ്ട്രീയ സാഹചര്യങ്ങൾ ഒരുങ്ങിക്കഴിഞ്ഞിരുന്നു.

ആയിരത്തിതൊള്ളായിരത്തിനാല്പതുകളോടെയാണ് തലശ്ശേരി പ്രദേശങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടി സംഘടിപ്പിക്കപ്പെടുന്നത്. തുടർന്ന് ഫ്യൂഡലിസത്തിനും സാമൂഹ്യഅനാചാരങ്ങൾക്കുമെതിരായി പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന സമരങ്ങൾ അതിന് ബഹുജനാടിത്തറ നേടിക്കൊടുത്തു. മലബാറിന്റെ വിവിധ പ്രദേശങ്ങളിൽ നടന്ന ഫ്യൂഡൽ വിരുദ്ധസമരങ്ങളുടെ നേട്ടങ്ങളും, 1940-കളുടെ അവസാനത്തിൽ കോൺഗ്രസ് സർക്കാർ കമ്മ്യൂണിസ്റ്റ്കാർക്കെതിരായി അഴിച്ചുവിട്ട ഭീകരമായ മർദ്ദനമുറകളും പാർട്ടിയുടെ ബഹുജനാടിത്തറ ശക്തിപ്പെടുത്താൻ സഹായകമായി. ബീഡിത്തൊഴിലാളികൾക്കും മറ്റു തൊഴിലാളി വിഭാഗങ്ങൾക്കുമിടയിൽ യൂണിയനുകൾ കെട്ടിപ്പടുക്കാനും അവകാശസമരങ്ങൾ നടത്തി വിജയിപ്പിക്കാനും പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന ശ്രമ

ങ്ങൾ തലശ്ശേരിക്കുചുറ്റുമുള്ള പ്രദേശങ്ങളെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ശക്തികേന്ദ്രമാക്കി മാറ്റി.

ഏറെക്കുറെ ഇതേകാലയളവിൽ തന്നെ ആർ. എസ്. എസ്സും അവിടെ നിലനിന്നിരുന്നു. പക്ഷേ, അതിന്റെ സാമൂഹ്യാടിത്തറ തീരെ പരിമിതമായിരുന്നു. ഫ്യൂഡൽ ആചാരങ്ങളും മറ്റും നിലനിർത്തുന്ന ഒറ്റപ്പെട്ട ചില ജനവിഭാഗങ്ങൾക്കിടയിലും ഫ്യൂഡൽ കുടുംബങ്ങൾക്കിടയിലും മാത്രം അത് ഒതുങ്ങിനിന്നു.

1948-ൽ ഗാന്ധിജി കൊല്ലപ്പെട്ടതിന്റെ പിറ്റേന്ന് എൻ. ഇ. ബലറാമിന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തകർ അത്തരത്തിൽപ്പെട്ട ഒരു ഫ്യൂഡൽ കുടുംബത്തിൽ കയറി ആർ. എസ്. എസ്സിന്റെ ആയുധങ്ങൾ ബലമായി പിടിച്ചെടുത്തുകൊണ്ട് തലശ്ശേരി നഗരത്തിൽ മൗനപ്രകടനം നടത്തിയതായും യോഗം ചേർന്നതായും അക്കാലത്തെ ഒരു പാർട്ടിപ്രവർത്തകൻ ഓർമ്മിക്കുന്നു.

## സുദൃഢീകരണത്തിന്റെ ശക്തികൾ

ഫ്യൂഡൽവിരുദ്ധ സമരങ്ങളും തൊഴിലാളികൾക്കിടയിലെ പ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരുന്നപ്പോൾത്തന്നെ ഇന്നാട്ടിലെ വിപ്ലവപ്രസ്ഥാനത്തെ ദേശീയസാഹചര്യങ്ങൾക്കനുസൃതമായി എങ്ങനെ മുന്നോട്ടുകൊണ്ടുപോകണം എന്നതിനെക്കുറിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വത്തിന് വ്യക്തമായ യാതൊരു കാഴ്ചപ്പാടുമുണ്ടായിരുന്നില്ല. മേൽപ്പറഞ്ഞ സമരങ്ങൾ പൂർത്തീകരിക്കപ്പെട്ടതോടെ അവ്യക്തതകൾ മുൻപന്തിയിലേക്ക് ഉയർന്നുവന്നു. തല്ഫലമായി 1960 ആദ്യത്തിൽതന്നെ വളരെയധികം സജീവപാർട്ടി പ്രവർത്തകർ നിഷ്ക്രിയരായിത്തീർന്നു. സാർവദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ പ്രതിസന്ധികൾ, ഒരു നിർണ്ണായകഘട്ടത്തെ അഭിമുഖീകരിച്ചുകൊണ്ടിരുന്ന കേരളത്തിലെ പാർട്ടിയെ പിളർക്കുന്നതിന് ഒരു നിമിത്തമായിത്തീർന്നു. പിളർപ്പിനെത്തുടർന്ന് ഇടതുപക്ഷമായ സി. പി. എമ്മിൽ വിപ്ലവബോധമുള്ള അണികൾ അർപ്പിച്ച വിശ്വാസം അടിസ്ഥാനരഹിതമായിരുന്നുവെന്ന് പില്ക്കാലാനുഭവങ്ങൾ തെളിയിച്ചു. 1960-കളുടെ ഉത്തരാർദ്ധത്തോടെ കൂടുതൽ സജീവപ്രവർത്തകർ നിഷ്ക്രിയരായിത്തീർന്നു. 1967-ലെ നക്സൽബാരി സമരത്തോടനുബന്ധിച്ച് കേരളത്തിലും രൂപംകൊണ്ട മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പ്രസ്ഥാനം സി. പി. എം. പ്രവർത്തകരിൽ വലിയൊരുവിഭാഗത്തെ ആകർഷിച്ചു.

ഈ ഘട്ടത്തിലാണ് എം.വി. രാഘവനെയും രാജഗോപാലൻമാസ്റ്ററേയും പോലുള്ള അവസരവാദികൾ പാർട്ടിനേതൃത്വത്തിലേക്ക് ഉയർന്നുവന്നത്. പാർട്ടിനേതൃത്വത്തിന്റെ തിരുത്തൽവാദനയങ്ങളെ കൃത്യതയോടെ നടപ്പാക്കുന്നതിൽ അവർ മറ്റാരെക്കാളും മുന്നിൽ നിന്നു. ഫ്യൂഡൽവിരുദ്ധ സമരങ്ങളുടെയും ട്രേഡ്യൂണിയൻ തുടങ്ങിയ ബഹുജനസംഘടനകളുടെയും നേട്ടങ്ങളെ സുദൃഢീകരിക്കാനാണ് അവർ പിന്നീട് ശ്രമിച്ചത്. അവർ പാർട്ടിയെ ചൂഷണത്തിൽ അധിഷ്ഠിതമായ സാമൂഹ്യവ്യവസ്ഥയുടെ ഭാഗമാക്കിമാറ്റി.

## ജനവിരുദ്ധ രാഷ്ട്രീയാധികാരത്തിന്റെ പുതിയ മുഖങ്ങൾ

തിരുത്തൽവാദപ്രസ്ഥാനം സുദൃഢീകരിക്കപ്പെട്ടതോടെ തങ്ങളുടെ താല്പര്യങ്ങൾ ഫാസിസ്റ്റ് രീതിയിൽ അവർ ജനങ്ങൾക്കുമേൽ അടിച്ചേല്പിക്കാനാരംഭിച്ചു. ജനങ്ങളുടെ എല്ലാ പ്രശ്നങ്ങളിലും സി. പി. എം. ഇടപെടുമെന്നതു നേരാണ്. പക്ഷേ, ശരിയായ വർഗ്ഗവീക്ഷണത്തിന്റെ അഭാവത്തിൽ, അവർ തങ്ങളോടു കൂടുതൽ കൂറുപുലർത്തുന്നവരുടെ പക്ഷംപിടിച്ചുകൊണ്ട് മറ്റുള്ളവരുടെമേൽ ഫാസിസ്റ്റ് രീതിയിൽ തങ്ങളുടെ തീരുമാനങ്ങൾ അടിച്ചേല്പിക്കുന്നു. ഇത് ജനങ്ങളെ ഒന്നിപ്പിക്കുന്നതിനു പകരം അവരെ ഭിന്നിപ്പിക്കാനാണു സഹായിക്കുന്നത്. മറ്റുകക്ഷിരാഷ്ട്രീയക്കാരെ തിരുത്തൽവാദികൾ നേരിടുന്നത് ഫാസിസ്റ്റ് മുറയിലുള്ള അസഹിഷ്ണുതയോടെയാണ്. ആശയപരമായ വൈജാത്യങ്ങൾ പലപ്പോഴും പ്രകടമാക്കുന്നത് ബലപ്രയോഗത്തിന്റെ രൂപത്തിലാണ്; ഇതിനു വിധേയരാകുന്നതാകട്ടെ തൊഴിലാളികളും കർഷകരുമടങ്ങുന്ന സാധാരണ ജനവിഭാഗങ്ങളും.

ഇത്തരം ഫാസിസ്റ്റ് നടപടികൾ പാർട്ടി അനുഭാവികളെയും ജനങ്ങളിൽ വലിയൊരുവിഭാഗത്തെയും വിവിധകക്ഷിരാഷ്ട്രീയക്കാരെയും സി. പി. എം. വിരുദ്ധരാക്കിത്തീർത്തു. പക്ഷെ സുസംഘടിതമായ തിരുത്തൽവാദ പ്രസ്ഥാനത്തെ എതിർക്കാനുള്ള കഴിവുകേട് അവരുടെയെല്ലാം ഉള്ളിൽ വിങ്ങിപ്പൊട്ടിനില്ക്കുന്നു. (കഴിഞ്ഞതവണ മാർക്സിസ്റ്റ് റെബലായി മത്സരിച്ച ഒരാൾ പിന്നീട് കൊല്ലപ്പെടുകയുണ്ടായി.)

ഈ സാഹചര്യത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ആർ. എസ്. എസ്. തലശ്ശേരിയിൽ ഒരു ശക്തിയായി വളർന്നത്. പത്തു വർഷം മുമ്പുവരെ ഏതാനും ചില പോക്കറ്റുകളിലും ഒറ്റപ്പെട്ട ചില ഫ്യൂഡൽ കുടുംബങ്ങളിലുമായി ഒതുങ്ങി നിന്നിരുന്ന അവർക്ക് ഇന്ന് തൊഴിലാളികളും കർഷകരുമടക്കമുള്ള ബഹുജനങ്ങൾക്കിടയിൽ വ്യാപകമായ ബന്ധങ്ങൾ ഉണ്ട്. സോഷ്യൽഫാസിസത്തിന്റെ മർദ്ദനത്തിനു വിധേയരായിക്കഴിയുന്ന ബഹുജനങ്ങൾക്കിടയിൽ പഴയ ഫ്യൂഡൽമൂല്യങ്ങളെ പുനരുദ്ധരിക്കുന്നതിലൂടെ സുശക്തമായ ഒരു സംഘടന കെട്ടിപ്പടുക്കാൻ അവർക്ക് ഏറെ പ്രയാസമില്ല. കായികാഭ്യാസങ്ങളും മറ്റും വഴി അവർ യുവാക്കളെയും കുട്ടികളെയും എളുപ്പത്തിൽ ആകർഷിക്കുന്നു. വർഗ്ഗരാഷ്ട്രീയത്തെ അടിസ്ഥാനമാക്കിയുള്ള പ്രചരണങ്ങളും പഠനങ്ങളും പ്രവർത്തനങ്ങളും പണ്ടേ കൈവെടിഞ്ഞ സോഷ്യൽ ഫാസിസ്റ്റുകളെ ആശയപരമായി നേരിടുകയെന്നത് ആർ. എസ്. എസ്സുകാരെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നമേയല്ല; ജനങ്ങൾ സി. പി. എം. -നേയും മറ്റു കക്ഷിരാഷ്ട്രീയക്കാരേയും ഇന്ന് വേർതിരിച്ചു കാണുന്നതേയില്ല. ആർ. എസ്. എസ്സിന്റെ ഘടന ഒരേ സമയം ഒരു സൈനികസംഘടന കൂടിയായതിനാൽ എളുപ്പത്തിൽ ആക്രമണ പരിപാടികൾ സംഘടിപ്പിക്കാൻ അവർക്കു കഴിയുന്നു.

സോഷ്യൽ ഫാസിസ്റ്റുകളുടെ മർദ്ദനത്തിനു വിധേയരായ മറ്റു കക്ഷിരാഷ്ട്രീയക്കാരും ഇന്ന് ആർ. എസ്. എസ്സിന് അനുകൂലമായ നിലപാടാണ് കൈ

ക്കൊള്ളുന്നത്. തലശ്ശേരിയിൽ മാത്രമല്ല, കേരളത്തിലെ മിക്കവാറും എല്ലാ പ്രദേശങ്ങളിലും ആർ. എസ്. എസ്. ഇന്നൊരു ശക്തിയായി വളർന്നുകഴിഞ്ഞിരിക്കുന്നു.

സംഘർഷം നടക്കുന്ന പ്രദേശങ്ങളിലെല്ലാംതന്നെ, സമൂഹത്തെ മുന്നോട്ടു നയിക്കേണ്ട വിപ്ലവശക്തികൾക്കുള്ള സ്വാധീനം തീരെ പരിമിതമാണ്. ഇത് ഫാസിസ്റ്റ് ശക്തികളുടെ വളർച്ചക്കു സഹായകമായിത്തീരുന്നു.

## മൂന്ന്

### വിപ്ലവപ്രസ്ഥാനത്തിന്റെ കടമ

പുത്തൻ അധിനിവേശത്വകാലഘട്ടത്തിന്റെ സൃഷ്ടിയായ പുതിയ ദേശീയസാഹചര്യങ്ങളെ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് വർഗ്ഗസമരം വികസിപ്പിക്കുന്നതിലൂടെ മാത്രമേ സോഷ്യൽഫാസിസ്റ്റുകളും ഫാസിസ്റ്റുകളും ചേർന്ന് നമ്മുടെ നാടിനെ ഒരു കുരുതിക്കളമാക്കി മാറ്റുന്നതിനെ തടഞ്ഞുനിറുത്താനാവൂ.

വർഷങ്ങളായി കേരളത്തിലെ വിപ്ലവപ്രസ്ഥാനത്തെ മുരടിപ്പിച്ചുനിറുത്തിയിരിക്കുന്ന വരട്ടുതത്ത്വവാദം ഇന്നും കേരളത്തിലെ വിപ്ലവപ്രസ്ഥാനത്തിന്റെ വിലങ്ങുതടിയായിത്തന്നെ നിലനില്ക്കുന്നുണ്ട്. യാഥാർത്ഥ്യത്തോടും മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തങ്ങളോടുമുള്ള വികാസമറ്റ (വൈരുദ്ധ്യാധിഷ്ഠിതമല്ലാത്ത) സമീപനരീതിയാണ് വരട്ടുതത്ത്വവാദത്തിനു കളമൊരുക്കുന്നത്. ജനങ്ങൾ ഒറ്റക്കെട്ടായി അക്രമികളെ നേരിട്ടാൽമാത്രമേ പ്രശ്നം പരിഹരിക്കാനാവൂ എന്നതിനോട് എല്ലായിടത്തെയും ആളുകൾ യോജിക്കുന്നുണ്ടെങ്കിൽത്തന്നെ, അത്തരമൊരു വിപ്ലവ പ്രവർത്തനത്തിന് ജനങ്ങൾ സന്നദ്ധരാകാത്തതിന്റെയും അതിന് നേതൃത്വം നൽകാൻ വിപ്ലവപ്രസ്ഥാനത്തിന് കഴിയാത്തതിന്റെയും അടിസ്ഥാന കാരണം പ്രസ്ഥാനത്തിനകത്ത് ഇന്നും നിലനിൽക്കുന്ന വരട്ടുതത്ത്വവാദത്തിന്റെ സ്വാധീനമാണ്.

തലശ്ശേരി പോലീസ് സ്റ്റേഷനാക്രമണം നടത്താൻ കുന്നിക്കൽ നാരായണനടക്കമുള്ള ആദ്യകാല മാർക്സിസ്റ്റ്-ലെനിനിസ്റ്റുകളെ പ്രേരിപ്പിച്ച ഒരു പ്രധാനവസ്തുത ഗണേശ് ബീഡിക്കമ്പനിയിലെ തൊഴിൽ സമരത്തിന്റെ പരാജയത്തെത്തുടർന്ന് ആയിരക്കണക്കിന് തൊഴിലാളികുടുംബങ്ങൾ അവിടെ നിരാശ്രയരായിത്തീർന്നിട്ടുണ്ടെന്നുള്ളതായിരുന്നു. പക്ഷേ, സ്റ്റേഷനാക്രമണത്തിലൂടെ വിപ്ലവകരമായ ഒരു മുന്നേറ്റമുണ്ടാക്കാമെന്ന അവരുടെ സ്വപ്നം കാല്പനികമായ ഒന്നുമാത്രമായിരുന്നുവെന്നു പില്ക്കാലചരിത്രം തെളിയിച്ചു.

അതിൽനിന്നും ഇന്നത്തെ പ്രസ്ഥാനം വളരെയേറെ മുന്നേറിക്കഴിഞ്ഞിരിക്കുന്നു. ജനകീയവിചാരണപോലുള്ള പുതിയ സമരമുറകൾ ഇന്ന് ആവിഷ്കരിക്കപ്പെട്ടുകഴിഞ്ഞു. പ്രായോഗികരംഗത്തും സൈദ്ധാന്തികരംഗത്തും ഇത്തരം സമരങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെ മാത്രമേ ഫാസിസത്തിന്റെയും, സോഷ്യൽ ഫാസിസത്തിന്റെയും ശക്തികളെ നേരിടാനുള്ള കെല്പ് കേരളത്തിലെ വിപ്ലവപ്രസ്ഥാനത്തിന് കൈവരിക്കാനാവൂ; അതിലൂടെ മാത്രമേ വിശാലജന

വിഭാഗങ്ങളുമായി ഐക്യപ്പെടാനും ഫാസിസ്റ്റ് വിരുദ്ധ ഐക്യമുന്നണികൾക്ക് നേതൃത്വം നല്കാനും സാദ്ധ്യമാകു.

അദ്ധ്യായം *4*

# പുത്തൻ കോളനിയിലെ മനുഷ്യാവസ്ഥയ്ക്ക് ഒരാമുഖം

'അവസ്ഥ'[1] ഒരു ഉത്തമ നോവലാണെന്നൊന്നും ഞാൻ നിങ്ങളോട് പറയുന്നില്ല. എന്നാൽ നാമോരോരുത്തരും ജീവിച്ചുതീർക്കുന്ന വർത്തമാന അവസ്ഥയോട് സജീവമായി തന്നെ പ്രതികരിക്കാനുള്ള ശ്രമം 'അവസ്ഥ'യിലുണ്ട്. ആധുനിക ജീവിതത്തെക്കുറിച്ച് ഒരു സമഗ്രദർശനമൊന്നും നോവലിസ്റ്റ് കാഴ്ചവെക്കുന്നില്ല. എന്നാൽ അത്തരമൊരു സമഗ്രദർശനം രൂപപ്പെടുത്താൻ നമ്മിൽ ഓരോരുത്തരേയും പ്രേരിപ്പിക്കുന്ന സചേതനസ്വഭാവം 'അവസ്ഥ'യ്ക്കുണ്ട്. അറുപതുകളിലേയും എഴുപതുകളിലേയും 'പഴയ' രചനാരീതിയെ 'അവസ്ഥ' അതിജീവിക്കുന്നില്ല. തനിക്കു പറയാനുള്ള കാര്യങ്ങൾ പാകമാകും വരെ കാത്തിരിക്കാനുള്ള നോവലിസ്റ്റിന്റെ അക്ഷമ തന്നെയാണതിനു കാരണം. തനിക്കുചുറ്റുമുള്ള തമസ്സിനെ ജയിക്കാൻ വെമ്പുന്ന നോവലിലെ മുഖ്യകഥാപാത്രമായ കൃഷ്ണപ്പനുമായി താദാത്മ്യം പ്രാപിക്കുന്നതിൽ നിന്നു വിഭിന്നമായി സൃഷ്ടിപരമായ നിസ്സംഗത പുലർത്താൻ ഈ അക്ഷമ നോവലിസ്റ്റിനെ ഒട്ടുംതന്നെ സഹായിക്കുന്നില്ല. എങ്കിലും ആധുനിക ജീവിതത്തിൽ ഓരോ മനുഷ്യനേയും മൂടിനില്ക്കുന്ന ഇരുട്ടിനെ തിരിച്ചറിയാൻ സഹായിക്കുന്ന ദീപ്തി 'അവസ്ഥ'യ്ക്കുണ്ട്.

## സാമൂഹ്യപശ്ചാത്തലം: ആശയം, ആദർശം, പ്രത്യയശാസ്ത്രം — അധിനിവേശിത രാജ്യങ്ങളിൽ

ദ്രുതഗതിയിലുള്ള നിരന്തര പരിണാമങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്ന സാമൂഹ്യഘടനയാണ് ഇന്ത്യയെപ്പോലുള്ള അധിനിവേശിത രാജ്യങ്ങൾക്കുള്ളത്. ചൂഷണത്തിനനുസൃതമാം വിധത്തിൽ സാമ്രാജ്യത്വം മുകളിൽ നിന്നും പടുത്തുയർത്തിയ നിർമാനുഷിക അധികാരഘടനയും തങ്ങളുടെ സാമൂഹ്യജീവിതത്തെത്തന്നെ അന്യവത്കരിക്കപ്പെട്ട മൂല്യമെന്ന നിലയിൽ സ്വയം അഭിമുഖീകരിക്കേണ്ടി വരുന്ന (ഗ്രാമീണ)ജനതയും തമ്മിലുള്ള സംഘർഷം ഇന്നാടുകളിൽ

[1] 'അവസ്ഥ'(നോവൽ): യു. ആർ. അനന്തമൂർത്തി, ഒരു 'സംക്രമണം' പ്രസിദ്ധീകരണം.

പല കാലയളവുകളിലായി നിരവധി സാമൂഹ്യപ്രസ്ഥാനങ്ങൾക്കു ജന്മമേകിയിട്ടുണ്ട്. ഭക്തിപ്രസ്ഥാനങ്ങളിൽ നിന്നു തുടങ്ങി സാമൂഹ്യ നവോത്ഥാനപ്രസ്ഥാനങ്ങളും ഗാന്ധിസവും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുംവരെ തുടർന്നുകിടക്കുന്ന ഈ സാമൂഹ്യമുന്നേറ്റങ്ങളെല്ലാം പരിവർത്തനവിധേയമായിക്കൊണ്ടിരിക്കുന്ന ഇന്നാട്ടിലെ പ്രാങ്-മുതലാളിത്ത സാമൂഹ്യക്രമവും, സാമ്രാജ്യത്വം രൂപം നല്കിയ ആഗോളസമ്പദ്വ്യവസ്ഥയും തമ്മിലുള്ള ബന്ധത്തെ ആരോഗ്യകരമായി ചിട്ടപ്പെടുത്തുന്നതിനും ദേശീയ ജീവിതത്തിന്റെ മൂല്യങ്ങളെ പുരോഗമനോന്മുഖമായി നിലനിർത്തുന്നതിനും വേണ്ട പങ്കാണു നിർവ്വഹിച്ചിട്ടുള്ളത്. ദേശീയജീവിതത്തിലുണ്ടാകുന്ന പരിവർത്തനങ്ങൾവഴി സാമൂഹ്യസത്തയിലുണ്ടാകുന്ന ദ്രുതഗതിയിലുള്ള മാറ്റങ്ങളുടെ മുന്നിൽ സ്വയമൊരു യന്ത്രമായി മാറുന്നതിനുപകരം, 'ഉണ്മയായി ഇതൾ വിടർത്താൻ' ഇന്ത്യൻ ജനതയ്ക്കുവഴികാട്ടിയത് ഈ പ്രസ്ഥാനങ്ങളാണ്.

എന്നാൽ, അധിനിവേശിത പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഉണ്മയുടെ സാകല്യം ഒരു മിഥ്യയാണ്. ക്ഷണികമാണ്. സാമൂഹ്യപരിവർത്തനത്തിൽ ഏറ്റവും വിപ്ലവകരമായ പങ്കുവഹിച്ച പ്രസ്ഥാനങ്ങൾതന്നെ അവ പൂർത്തീകരിക്കപ്പെട്ടതിനുശേഷം സാമ്രാജ്യത്വചൂഷണത്തിന്റേതായ നിർമാനുഷികമായ അധികാരഘടനയുടെ ഭാഗമായിത്തീരുന്നതാണ് നാമിവിടെ കാണുന്നത്. ഏറ്റവും വിപ്ലവകരമായ പ്രസ്ഥാനങ്ങൾതന്നെ പില്ക്കാലത്ത് ചൂഷണത്തിന്റെയും മർദ്ദനത്തിന്റേയും ഏറ്റവും വിശ്വസ്തമായ ഉപകരണങ്ങളായി മാറുന്നു. നേതൃത്വശക്തികൾക്കു നേരിടുന്ന ഈ പരിണാമം ഓരോ പ്രസ്ഥാനത്തിന്റെയും സജീവശക്തിയായിരുന്ന വിശാല ജനവിഭാഗങ്ങളെ ആദർശപരമായ അനിശ്ചിതത്വത്തിലാഴ്ത്തുന്നു. സൈനികസമാനമായ അച്ചടക്കത്തിനും അരാജകത്വത്തിനും ഇടയിൽ ആടിക്കളിക്കുന്ന വ്യക്തിത്വമറ്റ ഒരു ജനതയാണ് ഇതിന്റെ പരിണതഫലം.

സാമൂഹ്യജീവിതത്തെ ആകമാനം ഗ്രസിച്ചിരിക്കുന്ന ഈ ദുരന്തം വ്യക്തിജീവിതത്തിന്റെ ഓരോമണ്ഡലത്തെയും തമോവൃതമാക്കുന്നു. വ്യക്തിസത്തയെ നിർണ്ണയിക്കുന്ന ജീവിതമണ്ഡലങ്ങളെയാകെ വലയംചെയ്തിരിക്കുന്ന ഇരുട്ടിൽ സ്വന്തം ഉണ്മയുടെ പ്രകാശം നിലനിർത്താൻ ശ്രമിക്കുന്ന കൃഷ്ണപ്പന്റെ പ്രയാണം, ഒരിക്കൽ അയാളുടെ ശരീരത്തെയാകെ തളർത്തിക്കളയുന്നു. മരണത്തോട് മല്ലിട്ടുകൊണ്ട് ജീവിക്കുന്ന അയാളുടെ ഓർമ്മകളിലൂടെയും അനുഭവങ്ങളിലൂടേയുമാണ് 'അവസ്ഥ'യുടെ കഥാഘടന വികസിക്കുന്നത്.

## ഇതൾ വിടർത്തുന്ന ഉണ്മ

തനിക്കു ചുറ്റുമുള്ള തമസ്സിനെവെല്ലുന്ന, ധാർഷ്ട്യംനിറഞ്ഞ, മനുഷ്യത്വമാണ് കൃഷ്ണപ്പന്റെ ജീവിതത്തിന്റെ അന്തഃസത്ത. പ്രത്യക്ഷത്തിൽ പ്രകടമായ വൈജാത്യങ്ങൾ ഉണ്ടായിട്ടുപോലും സാരാംശത്തിൽ ജ്വലിക്കുന്ന ഉണ്മയുടേതായ പൊരുത്തംതന്നെയാണ് മഹേശ്വരയ്യൻ, അണ്ണാജി, ഗൗരി എന്നിവരുമായി അയാളെ ഗാഢമായി അടുപ്പിക്കുന്നത്. അതേ സമാനത തന്നെയാണ് നിരീശ്വരവാദിയായിരിക്കെത്തന്നെ, തങ്ങൾക്കുചുറ്റുമുള്ള ക്ഷുദ്രതയെ ആദ്ധ്യാത്മികതയിലൂടെ അതിജീവിച്ച കബീർ, നാനാക്, പരമഹംസൻ എന്നിവരെ അംഗീകരിക്കാൻ അയാളെ പ്രേരിപ്പിക്കുന്നത്.

ചുറ്റുപാടുമുള്ള ക്ഷുദ്രത എന്നും കൃഷ്ണപ്പനെ അലട്ടിയിട്ടുണ്ട്. ഭൗതിക സമ്പത്തിന്റെ പേരിൽ സ്വന്തം അച്ഛൻ ബന്ധുക്കളാൽ നിഷ്ഠുരമായി കൊലചെയ്യപ്പെട്ടപ്പോൾ അയാൾ ഗർഭസ്ഥനാ

യിരുന്നു. എന്നാൽ ജനനംതൊട്ട് തന്റെ ജീവിതത്തെ തമസ്സ് ആവരണംചെയ്തു നശിപ്പിക്കാൻ ശ്രമിക്കുന്നുവെന്നും തന്റെ ഇച്ഛാശക്തികൊണ്ട് അതിനെ അതിജീവിക്കണമെന്നും കൃഷ്ണപ്പന് അസ്പഷ്ടമായെങ്കിലും ബോദ്ധ്യപ്പെട്ടിരുന്നു. ആത്മനിഷ്ഠമായ ജീവിതം നയിച്ചുകൊണ്ട് സന്യാസിയെപ്പോലെ ജീവിക്കുന്ന മഹേശ്വരയ്യനാണ് അയാളുടെ ഉള്ളിലെ വെളിച്ചത്തെ ജ്വലിപ്പിക്കുകയും അയാളെ വിദ്യാഭ്യാസം ചെയ്യിക്കുകയും ചെയ്യുന്നത്. പഠിക്കുന്നകാലത്ത് അയാൾ പരിചയപ്പെടാനിടയായ അണ്ണാജി എന്ന ഒളിവിലുള്ള കമ്മ്യൂണിസ്റ്റുകാരനാണ് അയാളുടെ ഉള്ളിലെ വെളിച്ചത്തെ സാമൂഹ്യജീവിതത്തിന്റെ ഉൺമയിൽ വിലയിപ്പിക്കാൻ ശ്രമിക്കുന്നത്.

അണ്ണാജി പറഞ്ഞിരുന്നു: "ക്ഷുദ്രതയെ ജയിക്കേണ്ടതു നിന്റെ മനസ്സിലല്ല ബാഹ്യപ്രപഞ്ചത്തിലാണ്. അതിന്റെ അടിവേര് അവിടെയാണ്."

മഹേശ്വരയ്യർ പറയുമായിരുന്നു: "അവധാനിയാവണം. കുടുങ്ങരുത്, വഴങ്ങാനുള്ള ശക്തി നഷ്ടപ്പെടുത്തരുത്. ശക്തി അകത്തുംവേണം പുറത്തുംവേണം. പഴം തിന്നണം അതിനെ നോക്കിക്കൊണ്ടിരിക്കുകയുംവേണം. ഭാരം കുറഞ്ഞ ശരീരം, ശക്തിയുള്ള ചിറകുകൾ, മൂർച്ചയുള്ള നഖങ്ങൾ, മുനയുള്ള, ആകാശത്തേക്കുയർത്തിയ കൊക്ക്, അപകടം എത്ര അകലെയാണെങ്കിലും അറിയാൻ കഴിയും. കൂട്ടുകാരനുവേണ്ടി കാത്തിരിക്കുന്നില്ല സ്വയം പാടിക്കൊണ്ടിരിക്കുന്നു." സ്വന്തം പേരുപോലും ഉപേക്ഷിച്ച് പാർട്ടി പ്രവർത്തനം നടത്തുന്ന അണ്ണാജിയും സാമൂഹ്യജീവിതത്തിൽ നിന്നു പുറംതിരിഞ്ഞു സന്യാസസമാനമായ ജീവിതം നയിക്കുന്ന മഹേശ്വരനും അയാളെ എന്നും സ്വാധീനിച്ചുപോന്നിട്ടുള്ള രണ്ടു ധ്രുവവൈപരീത്യങ്ങളാണ്. അണ്ണാജി നിയമപാലകരാൽ കൊലചെയ്യപ്പെട്ടതിനെത്തുടർന്ന് വാറങ്കൽ തടങ്കൽപാളയത്തിൽവെച്ചുണ്ടായ ഇരുളടഞ്ഞ അനുഭവങ്ങളാണ് അയാളെ പില്ക്കാലത്ത് രാഷ്ട്രീയജീവിതവുമായി ബന്ധിപ്പിക്കുന്നത്. വാറങ്കൽ പോലീസ് സ്റ്റേഷനിലെ പീഡനത്തിന്റെ വേരുകൾ സ്വന്തം ഗ്രാമത്തിലെ ജന്മിത്തചൂഷണവുമായി ബന്ധപ്പെട്ടുകിടക്കുന്നത് കൃഷ്ണപ്പൻ കാണുന്നു. അതിനെതിരായി നടത്തിയ സമരങ്ങൾ ക്രമേണ അയാളെ അധികാരസ്ഥാനത്തേക്കുയർത്തുന്നു. അപ്പോഴും ആദർശങ്ങളുയർത്തുന്ന സാദ്ധ്യതയും ഇരുളടഞ്ഞ ജീവിത യാഥാർത്ഥ്യങ്ങളും തമ്മിലുള്ള വൈരുദ്ധ്യം അയാളെ സന്ദിഗ്ദ്ധാവസ്ഥയിലെത്തിക്കുന്നു. ഈ വ്യവസ്ഥിതിയെ പ്രയോജനപ്പെടുത്തിക്കൊണ്ടുതന്നെ മുഖ്യമന്ത്രിയാകണമെന്ന തന്റെ ആഗ്രഹം യഥാർത്ഥമാണോ? ഇതെല്ലാമുപേക്ഷിച്ച് അഴിമതിയുടെ ഈ വിളനിലത്തുനിന്നു അകന്നുമാറി ജനഹിതവും ആത്മഹിതവും മൃത്യുമുഖത്തുവെച്ച് ഒരിക്കൽകൂടി നേടിയെടുക്കണമെന്ന ആ മഹാമോഹമാണോ യാഥാർത്ഥ്യം?

സ്വന്തം ജീവിതത്തിന്റെ പൂർണ്ണതയെക്കുറിച്ചുള്ള അയാളുടെ ആലോചനകൾക്കിടയിലേക്ക് അയാളുടെ ആദർശവും യാഥാർത്ഥ്യവും കൂടിക്കുഴഞ്ഞ് സ്വപ്നമായി കടന്നുവരുന്നു. കൃഷ്ണപ്പന്റെ കൺമുന്നിൽ അയാൾക്ക് കഠിനവിദ്വേഷമുള്ള നരസിംഹഭട്ടനെന്ന മഠത്തിലെ കാര്യസ്ഥൻ, ഉഗ്രൻ അടയ്ക്കാരാജാവായ ശിവനഞ്ചഗൗഡൻ, പി.ഡബ്ല്യു.ഡി.യിൽ ലക്ഷക്കണക്കിന് വെട്ടിപ്പുനടത്തി മുഖ്യമന്ത്രിയായ വീരഭദ്രപ്പൻ, തടിച്ച മുഖമുള്ള വാറങ്കലിലെ പോലീസ് ആഫീസർ—എല്ലാവരും നിരന്നുനില്ക്കുന്നു. എല്ലുംതോലുമായ കുട്ടികളെ ചുമലിലേന്തിയ, പാറിപ്പറന്ന മുടിയുള്ള അമ്മമാരും, മുട്ടുമറയാത്ത കീറത്തുണിയുടുത്ത കർഷകരും അവർക്കു മുന്നിൽ ആവേശത്തോടെ കടന്നുവരുന്നു. ഇവർ, അവരെ ഹിംസിച്ച് ഇഞ്ചിഞ്ചായികൊല്ലുന്നു. അവരുടെ രക്തംകൊണ്ടുവന്ന് തന്റെ പക്ഷവാതം പിടിച്ച കാലിലും പള്ളയ്ക്കും തേയ്ക്കുന്നു. 'ഈ ചോരയല്ലടാ പ്രാവിന്റെ ചോരയാണ് വേണ്ടത്' എന്ന് ആരോ പറയുന്നു. കൃഷ്ണപ്പൻ ചിരിക്കുന്നു.

അയാളുടെ അസ്വസ്ഥമായ പ്രജ്ഞ ആദർശത്തിനും യാഥാർത്ഥ്യത്തിനുമിടയിൽ ഉഴറിനടക്കുന്നു. ഇത്രയേറെ സൗകര്യങ്ങളും ജനപിന്തുണയും തനിക്ക് ലഭിക്കുമാറാക്കിയ അഴിമതിനിറഞ്ഞ വ്യവസ്ഥിതി തന്റെ ഇന്നത്തെ നിലനില്പിനോട് ഗാഢമായി ബന്ധപ്പെട്ടിരിക്കുകയാണെന്ന സത്യം അയാളെ ഞെട്ടിക്കുന്നു. തന്നെ ഒരു യന്ത്രമാക്കി മാറ്റുന്ന സാമൂഹ്യജീവിതവും തന്നെ മൂടുന്ന ഇരുട്ടിനെതിരെ പ്രകാശംചൊരിയുന്ന പ്രജ്ഞയുംതമ്മിലുള്ള സംഘർഷം അയാളുടെ രാഷ്ട്രീയജീവിതത്തിലും സ്വകാര്യജീവിതത്തിലും വിള്ളലുകളുണ്ടാക്കുന്നു. തനിക്ക് രാഷ്ട്രീയജീവിതത്തിലോ സ്വന്തം ഹൃദയത്തിലോ ഇന്റഗ്രിറ്റി നിലനിർത്താനാവില്ലെന്നു കൃഷ്ണപ്പൻ പറയുന്നു. 'നമ്മൾ മുഴുവനായി ബാക്കിയാവില്ല എന്നാണ് എനിക്കു തോന്നുന്നത്'. കൃഷ്ണപ്പൻ സ്വന്തം അവസ്ഥയെക്കുറിച്ചു പറയുന്നു.

## 4.1 സ്ത്രീയും പുരുഷനും

സ്ത്രീപുരുഷബന്ധത്തെ വിലയിരുത്തുന്നതിലൂടെ മാനവസമൂഹത്തിന്റെ വികാസപരിധിയെ ആകമാനം വിലയിരുത്താൻസാദ്ധ്യമാണെന്ന് മാർക്സ് എഴുതുന്നു.[1] വാറങ്കൽതടങ്കൽപാളയത്തിൽ നിയമപാലകരാൽ അപമാനിക്കപ്പെടുന്ന സ്ത്രീത്വത്തിന്റെയും ശരീരം വില്പനച്ചരക്കാക്കപ്പെട്ട സ്ത്രീത്വത്തിന്റെയും രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന താമസമായ സ്ത്രീ-പുരുഷബന്ധം കൃഷ്ണപ്പനെ അസ്വസ്ഥനാക്കുന്നുണ്ട്. മറ്റൊരാളുടെ ഭാര്യയായിരിക്കെത്തന്നെ ഉമയ്ക്ക് അണ്ണാജിയുമായുള്ള ബന്ധവും അയാളെ സന്നിദ്ധാവസ്ഥയിലെത്തിക്കുന്നു. പക്ഷേ, ഉമ ഭർത്താവിന്റെ കൂടെ യാന്ത്രികമായും അണ്ണാജിയുടെ കൂടെ മാത്രം ഉണ്മയായും ഇതൾവിടർത്തുന്നുണ്ടായിരിക്കണം. ആധുനികസമൂഹത്തിൽ സ്ത്രീപുരുഷബന്ധത്തിന്റെ സ്വാഭാവികതയ്ക്കേറ്റ ഈ വിഭ്രംശം കൃഷ്ണപ്പന്റെ ജീവിതത്തിലുടനീളം വിഘടിതമായ ബന്ധങ്ങളുടെ രൂപത്തിൽ അയാളെ അസ്വസ്ഥനാക്കുന്നുണ്ട്.

[1]: "In the relationship with woman, as the prey and handmaid of communal lust, is expressed the infinite degradation in which man exists for himself—for the secret of this relationship has its unambiguous, decisive, open and revealed expression in the relationship of man to woman and in the manner in which the direct, natural species-relationship is conceived. The immediate, natural, necessary relation of human being to human being is the relationship of man to woman. In this natural species-relationship, the relation of man to nature is immediately his relation to man, just as his relation to man is immediately his relation to nature, his own natural condition. Therefore, this relationship reveals in a sensuous form, reduced to an observable fact, the extent to which the human essence has become nature for man or nature has become the human essence for man. It is possible to judge from this relationship the entire level of development of mankind. —*Economic and Philosophical Manuscripts*

ആദർശങ്ങളും യാഥാർത്ഥ്യവും തമ്മിൽ നിത്യജീവിതത്തിൽതന്നെ നിലവിലുള്ള വൈരുദ്ധ്യമാണ് കൃഷ്ണപ്പനും ഗൗരിയും തമ്മിലുള്ള ബന്ധത്തെ പ്ലാറ്റോണിക് തലത്തിൽമാത്രം ഒതുക്കിനിർത്താൻ അവരെ പ്രേരിപ്പിക്കുന്നത്. ബാഹ്യലോകത്തിന്റെ അല്പത്വത്തിനെതിരെ സ്വന്തം മൂല്യബോധത്തെ അഹന്തയെന്നു തോന്നുംവിധത്തിൽ ചലിപ്പിച്ചു നിർത്തുന്ന കൃഷ്ണപ്പന് ഒരു മൃഗത്തെപ്പോലെ ഗൗരിയെ നാലുകാലിൽനിന്നു ഭോഗിക്കുകയെന്നത് സങ്കല്പത്തിനതീതമാണ്. അയാൾ നാഗേശനോട് ചോദിക്കുന്നു. 'നാം തീവ്രമായി സ്നേഹിക്കുന്നതിനെ നേടിയെടുക്കാൻ ധൈര്യപ്പെടുന്നില്ല. എന്തു കൊണ്ടാ, നേടിക്കഴിഞ്ഞാൽ അത് അത്രതന്നെ അമൂല്യമായി അവശേഷിക്കില്ല എന്ന ഭയം കൊണ്ടാണോ?'

പില്ക്കാലത്ത് രാഷ്ട്രീയജീവിതത്തിന്റെ ലൗകികതയിൽ അയാൾ അലിഞ്ഞുചേർന്നതോടെ സ്ത്രീ അയാളെ സംബന്ധിച്ചിടത്തോളം സ്വന്തം ശാരീരികാവശ്യങ്ങൾ നിറവേറ്റാനുള്ള ഒരു വില്പനച്ചരക്ക് മാത്രമായിരുന്നു. സംഭോഗമെന്നുവെച്ചാൽ ധൃതിപിടിച്ചൊരു വിസർജ്ജനമാണെന്ന് ധരിച്ചുവച്ചിരുന്ന കൃഷ്ണപ്പനെ അതിൽനിന്നു വിമോചിപ്പിക്കുകയും, സ്ത്രീപുരുഷബന്ധത്തിന്റെ ലൗകികമായ പൂർണ്ണതയിലേക്ക് അയാളെ ഉയർത്തുകയും ചെയ്യുന്നത് ലൂസിനയാണ്. എന്നാൽ ഗൗരിയുടെ ആദർശപൂർണ്ണമായ ഉണ്മയുടെ ധാർഷ്ട്യം ലൂസിനയ്ക്കില്ല എന്നത് അയാളെ നിരാശനാക്കുന്നു. ഈ ലൗകികതയേയും അതിജീവിക്കുന്ന എന്തോ ഒന്ന് തന്നിലുണ്ടെന്ന് അവളെ അറിയിക്കാനാവാതെ അയാൾ കുഴങ്ങുന്നു.

കൃഷ്ണപ്പൻ പിന്നീട് വിവാഹം കഴിച്ച സീത നൂറ്റാണ്ടുകളുടെ സഹനത്തിലൂടെ ചിട്ടപ്പെടുത്തപ്പെട്ട ഭാരതീയ സ്ത്രീകളിൽ ഒരുവളാണ്. സീതയുടെ ആന്തരികമായ അരക്ഷിതത്വബോധം നിലവിലുള്ള സാമൂഹ്യഘടനയുമായി കൂടിക്കുഴഞ്ഞ് ഭൗതികമായ സുരക്ഷിതത്വത്തിനായി ഉഴറുന്നു. കൃഷ്ണപ്പന്റെ ഭൗതികാവശ്യങ്ങൾ അയാളെ അവളുമായി അടുപ്പിക്കുമ്പോൾ, അയാളുടെ ആദർശലോകം തന്നെ വലയംചെയ്യുന്ന തമസ്സിന്റെയും അല്പത്വത്തിന്റെയും മറ്റൊരു രൂപമായി അവളെ ദർശിച്ച് ആത്മനിന്ദയിലാഴുന്നു.

സാമൂഹ്യജീവിതത്തിൽ മഹേശ്വരയ്യൻ, അണ്ണാജി എന്നീ രണ്ടു കേവലധ്രുവങ്ങൾക്കിടയിൽ ജ്വലിയ്ക്കുന്ന പ്രജ്ഞയോടെ ഉഴറിനടന്ന അയാൾ ലൗകികമായ അധികാരപദവിയിലെത്തിയതുപോലെ സ്വകാര്യജീവിതത്തിൽ ഗൗരിയിലൂടെയും ലൂസിനയിലൂടെയുംകടന്ന് സമകാലികസാമൂഹ്യജീവിതത്തിന്റെ അധികാരഘടനയെ നിലനിർത്തുന്ന അടിസ്ഥാനയൂണിറ്റായ കുടുംബബന്ധത്തിൽ, സീതയുമായുള്ള വിവാഹത്തിൽ, എത്തിച്ചേരുന്നു.

## ഇരുട്ടും വെളിച്ചവും—നൈതികതയുടെ പ്രശ്നം

ഒരു സാമൂഹ്യക്രമത്തിൽനിന്ന് മറ്റൊന്നിലേക്കുള്ള പരിവർത്തനഘട്ടം ധാർമ്മികമായി നിന്ദ്യവും നീചവുമായ ഉപാധികളിലൂടെയാവും നടപ്പാക്കുക എന്നതിനു ചരിത്രം തന്നെ സാക്ഷിയാണ്. പ്രാകൃതസമൂഹത്തിൽ നിന്ന് പരിഷ്കൃതമായ വർഗ്ഗസമൂഹത്തിലേക്കുള്ള പരിവർത്തനംപോലും അക്രമവും മോഷണവും വഞ്ചനയുംചതിയും നിറഞ്ഞ നീചമായ വഴികളിലൂടെയാണ് നടപ്പാക്കുന്നത് എന്ന് ഏംഗൽസ് തന്നെ ചൂണ്ടിക്കാട്ടുന്നുണ്ട്.[2] സാമ്രാജ്യത്വവികാസത്തിന്റെ ഫലമായി പരിവർത്തനവിധേയമാക്കപ്പെടുന്ന ഇന്ത്യൻ സാമൂഹ്യക്രമവും ഈ ധാർമ്മികത്തകർച്ചയിൽ നിന്ന് മുക്തമല്ലെന്ന് നിത്യാനുഭവങ്ങൾതന്നെ നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ഈ പരിവർത്തനഘട്ടത്തിന്റെ പ്രാകൃതവും അന്ധകാരപൂർണ്ണവുമായ മൂല്യശോഷണം തന്നെയാണ് കൃഷ്ണപ്പന്റെ നിത്യജീവിതത്തെയും വലയംചെയ്യുന്നത്.

2: കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉത്ഭവം.

പഠിക്കുന്ന കാലത്ത് അയാൾ ഗൗരിക്കെഴുതി: "ആരെങ്കിലും ആക്രമിക്കാൻ വരുമ്പോൾ പാമ്പ് വിഷം ഉപയോഗിക്കുന്നില്ലേ, അതുപോലെ ഞാൻ എന്റെ അഹങ്കാരം പ്രകടിപ്പിക്കുന്നു... ബാഹ്യലോകത്തിലെ അല്പത്വം പുറത്തു മാത്രമുള്ളതല്ല നമ്മുടെ അകത്തുമുണ്ട്. നമ്മുടെ തീവ്രതയെ ഞെക്കിക്കൊല്ലുന്നതിന് ഇത്തരത്തിലുള്ള ഗൂഢാലോചന നമ്മുടെ അകത്തും പുറത്തും നടന്നുകൊണ്ടിരിക്കുന്നു. അതുകാരണം എപ്പോഴും ജാഗരൂകമായിരിക്കുന്ന സ്വഭാവം അഹങ്കാരമാണെന്ന് സമ്പന്നർക്ക് തോന്നിയേക്കാം. വ്യാമോഹത്തിന് വശപ്പെടാതെ നിഷ്ഠുര

തയും നമുക്കുചുറ്റും മരിക്കുകയുംപിറക്കുകയും ചെയ്യുന്ന സകലതിനും തുറന്ന കിടക്കുന്ന ജാഗരൂകതയും—ഇതു തന്നെയാണ് യോഗം; ചൈതന്യവും ജഡത്വവും ചേർന്ന ദ്വന്ദ്വം. ഇതു മറക്കരുത്."

പിന്നീട് വർഗ്ഗസമരത്തെക്കുറിച്ച് സംസാരിച്ച അണ്ണാജിയോട് ഈ ഏടാകൂടങ്ങൾ അനിവാര്യമാണോ എന്നുചോദിച്ച കൃഷ്ണപ്പനോട് അണ്ണാജി പറയുന്നു: "മിണ്ടാതിരി അഹങ്കാരം പറയാതെ, ജീവിതത്തേക്കാൾ ശ്രേഷ്ഠമായി എന്തുണ്ട്? അതിലും വലുതാണ് നീയെന്നു കരുതാൻ നീയാരാ? ഈശ്വരനോ? ക്ഷുദ്രമായ നിത്യജീവിതം എന്നു നീ വിളിച്ചുകൂവുന്നുണ്ടല്ലോ, അതല്ലാതെ മറ്റെന്താ ഉള്ളത്? ഈ നിത്യജീവിതത്തിന്റെ പ്രകാശം ഉജ്ജ്വലമാക്കുന്നതിലും വലിയകാര്യം എന്താഉള്ളത്? ധ്യാനത്തിലോ ഭക്തിപാരവശ്യത്തിലോ സകലരുടെയും മോളിലെത്തുമെന്നു പറയുന്ന പൂതലിച്ച ബുദ്ധിയുള്ള ഇഡിയറ്റിനെപ്പോലെ സംസാരിക്കേണ്ട, കേട്ടോ. വിരട്ടിക്കൊണ്ടിരിക്കുന്ന നിത്യജീവിതത്തെ വിഭ്രാന്തിയിൽ ജയിക്കുന്നതിനും ഉണ്മയായി യഥാർത്ഥത്തിൽ ജയിക്കുന്നതിനും തമ്മിൽ വ്യത്യാസമുണ്ട്".

തളർന്ന ശരീരവുമായി ജീവിതത്തിന്റെ മദ്ധ്യാഹ്നം പിന്നിടുന്ന കൃഷ്ണപ്പൻ തന്റെ ജീവചരിത്രമെഴുതാൻ നടക്കുന്ന നാഗേശനോട് പറയുന്നു: "ഞാൻ വാറങ്കലിൽനിന്നു തിരിച്ചുവന്നതിനുശേഷം രാഷ്ട്രീയത്തിൽ എടുത്തുചാടുന്നതിനുമുമ്പ്, നമുക്ക് ഉണ്ടാക്കാൻ കഴിയുന്ന മാറ്റത്തിലൂടെ മുഴുവൻ നന്മമാത്രം നടപ്പാകുമെന്ന് ദൃഢമായബോദ്ധ്യം എനിയ്ക്കുണ്ടായിരുന്നില്ല. ഇപ്പോഴും ഇല്ല. എന്നാൽ എനിയ്ക്കുചുറ്റും കാണുന്ന അല്പത്വത്തിനും ദുഃഖത്തിനും എതിരെ സമരം ചെയ്തേ ഒക്കൂ എന്ന് എനിക്ക് സ്വയം ബോദ്ധ്യപ്പെട്ടിരുന്നതാണ്. നമ്മുടെ നിത്യജീവിതമാകെ തിളങ്ങണമെന്ന എന്റെ ആശമാത്രം ഇന്നുംബാക്കി. എന്റെ പ്രയത്നംകൊണ്ട് എന്തായി? അന്ന് ചവിട്ടേറ്റുകൊണ്ടിരുന്ന ബീരേഗൗഡൻ ഇന്ന് മറ്റാരെയോ ചവിട്ടുന്നു, പക്ഷേ ഇതുപറയുമ്പോൾ ഒരുകാര്യം: സമുദായം പുരോഗമിക്കുന്നതിൽ ഒരർത്ഥവുമേ ഇല്ല എന്ന ധ്വനിയുണ്ടല്ലോ? അതൊരു ഘനംകുറഞ്ഞ അഭിപ്രായമായേക്കാം. ഒന്നും ചെയ്യാനാവാത്ത വിഡ്ഢിയും ഒന്നുംചെയ്യാൻ പാടില്ലെന്നു പറഞ്ഞ് ഈ എസ്റ്റാബ്ലിഷ്മെന്റിനെ കാത്തുസൂക്ഷിക്കുന്ന ക്രൂരനും ഇതേ അഭിപ്രായം പ്രകടിപ്പിക്കും അല്ലേ? എന്നുവെച്ചാൽ ഞാൻ പറയുന്നത് എന്താണെന്നോ. ജനിച്ചുപോയി; അതുകൊണ്ട് കർമ്മത്തിൽ പങ്കാളിയാവണം; സമരം ചെയ്യണം. ഈ ജീവിതത്തെ ക്ഷുദ്രമാക്കിക്കൊണ്ടിരിക്കുന്ന തമസ്സിനെ തള്ളിനീക്കിക്കൊണ്ടേയിരിക്കണം. എന്നുവെച്ചാൽ ആശങ്ക ഉപേക്ഷിക്കാതെ... "

അധികാരവ്യവസ്ഥയിൽ തന്നെ വെറുമൊരുപകരണം മാത്രമാക്കി മാറ്റുന്ന അഴിമതി നിറഞ്ഞ അന്ധകാരത്തിൽനിന്നും, സ്വന്തം ജീവിതത്തിന്റെ പ്രകൃതിയിലേയ്ക്കും, സ്വന്തം വിശ്വാസത്തിന്റേയും പ്രതീക്ഷയുടേയും തെളിമയിലേയ്ക്കും തിരിച്ചുപോകാൻ കൃഷ്ണപ്പൻ തീരുമാനമെടുക്കുന്നതോടെ നോവൽ അവസാനിക്കുന്നു.

അവസ്ഥയിൽ കൃഷ്ണപ്പൻ നേരിടുന്ന അസ്തിത്വസംബന്ധിയായ പ്രതിസന്ധി നിർമാനുഷികമായ സാമ്രാജ്യത്വ അധികാരഘടനയുടേയും മൂല്യശോഷണം സംഭവിച്ച സാമൂഹ്യജീവിതത്തിന്റേയും അനിവാര്യതയെ സ്വന്തം ചേതനയുടെ ദീപ്തികൊണ്ട് അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ള ഓരോ ആധുനികഭാരതീയന്റേയും പ്രതിസന്ധിയാണ്. മുൻകാലങ്ങളിൽ ഈ നാടിന്റെ സാമൂഹ്യജീവിതത്തെ സചേതനമാക്കി നിലനിർത്തിയിരുന്ന ആശയങ്ങളും ആദർശങ്ങളും പ്രത്യയശാസ്ത്രങ്ങളും ഈ അനിവാര്യതയെ അതിജീവിക്കാൻ ആധുനിക മനുഷ്യനെ സഹായിക്കുന്നില്ല. അവയുടെ സുഖകരമായ ഗൃഹാതുരത്വത്തിൽനിന്നു മുക്തമായി യാഥാർത്ഥ്യത്തെ അഭിമുഖീകരി

ക്കാൻ തയ്യാറാകുന്നതിലൂടെ മാത്രമേ നമുക്കുചുറ്റുമുള്ള ഇരുട്ടിനെ അതിജീവിക്കാൻ പര്യാപ്തമായ വിധത്തിൽ, ആധുനിക ജീവിതം ജഡമാക്കി മാറ്റിയ മനുഷ്യത്വത്തെ ഉജ്ജ്വലിപ്പിക്കാൻ സാദ്ധ്യമാകൂ.

| DATE | AUTHOR | TITLE |
|---|---|---|
| 1843 | Marx | Critique of Hegels Doctrine of State |
| 1843 | Marx | On the Jewish Question |
| 1843-4 | Marx | A contribution to the Critique of Hegel's Philosophy of Right - Introduction |
| 1844 | Marx | Excerpts from James Mill's Elements of Political Economy. |
| 1844 | Engels | Outlines of a Critique of Pol. Economy |
| 1844 | Marx | Economical and Political Manuscripts |
| 1844 | Marx | Critical Notes on the Article, 'The King of Prussia and Social Reform - By a Prussian' |
| 1844 | Marx/Engels | The Holy Family |
| 1844-5 | Engels | Condition of the Working Class in England |
| 1845 | Marx | Theses on Fuerbach ✓ |
| 1845-6 | Marx/Engels | The German Ideology ✓ |
| 1846-7 | Marx | The Poverty of Philosophy |
| 1847 | Marx/Engels | Speeches on Poland |
| 1847 | Marx | Wage-Labour and Capital ✓ |
| 1847-8 | Marx/Engels | Manifesto of the Communist Party ✓ |
| 1848 | Marx/Engels | Speeches on Poland |
| 1848 | Marx/Engels | Demands of the Communist Party In Germany |
| 1848-9 | Marx/Engels | Articles in the Neue Rheinische Zeitung |
| 1850 (March) | Marx/Engels | Address of the central committee to the Communist League |
| 1850 (June) | Marx/Engels | Address of the Central Committee to the Communist League |
| 1850 | Marx/Engels | Reviews from the Neue Rheinishe Zeitung |
| [illegible] | Marx | The Class Struggle in France, 1848 to 1850 ✓ |
| 1850 | Engels | The Peasent's War in Germany |
| 1851-2 | Engels | Revolution and Counter Revn in Germany |
| 1852 | Marx | The Eighteenth Brumaire of Luis Bonaparte ✓ |
| 1852 | Marx | Revelations on the Cologne Communist Trial |
| 1856 | Marx | Speech at the Anniversary of the Peoples Paper |
| 1857-8 | Marx | Grundrisse |
| 1859 | Marx | A contribution to the Critique of Pol. Economy. |
| 1852-61 | Marx/Engels | Articles in the NewYork Daily Tribune |
| 1861 | Marx | Articles in Die Presse on the Civil War in the United States. |
| 1862-3 | Marx | Theories of Surplus Value vol. 1 |
| | | " vol II |
| | | " vol III |

അദ്ധ്യായം 5

# കാഞ്ചനസീത

ഇന്നത്തെ സാമൂഹ്യവ്യവസ്ഥയുടെ പശ്ചാത്തലത്തിൽവേണം 'കാഞ്ചനസീത' എന്ന ചിത്രത്തെ വിലയിരുത്താൻ. സഹസ്രാബ്ദങ്ങൾക്കുമുമ്പ് നടന്ന ഒരുസംഭവത്തേയും, അതിലുൾപ്പെട്ട വ്യക്തികളുടെ മാനസികസംഘർഷങ്ങളേയും അതേപടി ചിത്രീകരിയ്ക്കാമെന്ന് കരുതുന്നത് വ്യാമോഹമാണ്. അന്നുനടന്ന കാര്യങ്ങളെല്ലാംതന്നെ ഇന്നത്തെ മനുഷ്യന്റെ സങ്കല്പങ്ങൾക്കും അതീതമാണ്. ഇന്നത്തെ മനുഷ്യന്റെ അനുഭവങ്ങളായേ നമുക്കവ ഉൾക്കൊള്ളാനാവൂ; ഇന്നത്തെ മനുഷ്യന്റെ അനുഭവങ്ങളായേ അവ അവതരിപ്പിക്കാനും കഴിയൂ. കാഞ്ചനസീതയെ അരവിന്ദൻ അവതരിപ്പിച്ചിരിക്കുന്നതും ഈവിധത്തിൽ തന്നെയാണ്. അതിനാൽ ഇന്ന് കാഞ്ചനസീതയുടെ സാമൂഹികമായ പ്രസക്തിയെന്തെന്ന് പരിശോധിക്കേണ്ടതുണ്ട്. ഏതൊരു കലാസൃഷ്ടിയും ഏതെങ്കിലുമൊരു വർഗ്ഗത്തിന്റെ താല്പര്യങ്ങളുടെ പ്രത്യയശാസ്ത്രപരമായ പ്രതിഫലനം ആവാതിരിക്കാൻ നിർവ്വാഹമില്ല. ഇന്നത്തെ സാമൂഹ്യാവസ്ഥയിൽ കാഞ്ചനസീതയുടെ വർഗ്ഗപരമായ നിലപാടെന്തെന്ന് പരിശോധിയ്ക്കേണ്ടതുണ്ട്.

1: 1978-ൽ ക്രൈസ്റ്റ് കോളേജ് മാഗസിനിൽ കെ.പി.ജോസ് എന്നപേരിലെഴുതിയത്.

രാമനാണ് കാഞ്ചനസീതയിലെ മുഖ്യകഥാപാത്രം. മറ്റുള്ള കഥാപാത്രങ്ങളെല്ലാം—ലക്ഷ്മണൻ, ഭരതൻ, ഊർമ്മിള, വസിഷ്ഠൻ, വാല്മീകി, ലവകുശന്മാർ, ശംബൂകനും പത്നിയും, പ്രകൃതി—രാമനെ ഉജ്ജ്വലിപ്പിച്ച് നിറുത്തുന്നവരോ, അല്ലെങ്കിൽ രാമന്റെ തന്നെ വിഭിന്നമാനസികഭാവങ്ങളോ, മനോസംഘർഷങ്ങളെ പ്രതിനിധീകരിക്കുന്നവരോ ആണ്. രാമനുമായുള്ള ബന്ധത്തെ അടിസ്ഥാനമാക്കിയുള്ള പ്രസക്തിയേ ഇവർക്ക് ഈ ചിത്രത്തിലുള്ളൂ. ചിത്രം കാണുന്നയാൾ പിന്തുടരുന്നത് രാമനെയാണ്. രാമനെ ഏതെങ്കിലുമൊരു കാലഘട്ടത്തോടോ, സാമൂഹ്യവ്യവസ്ഥയോടോ ബന്ധപ്പെടുത്തിയല്ല കാഞ്ചനസീതയിൽ അവതരിപ്പിച്ചിരിക്കുന്നത്. ശാശ്വതമായ ഒന്നായി രാമന്റെ മാനസികാവസ്ഥയേയും, മനോസംഘർഷങ്ങളെയും, രാമനെന്ന വ്യക്തിയുടെ നിലനില്പിനെതന്നെയും ചിത്രീകരിക്കാനാണ് ചിത്രത്തിന്റെ സ്രഷ്ടാവിന്റെ ഉദ്ദേശ്യം.

രാമായണത്തിലെ സംഭവങ്ങൾ നടന്ന കാലവുമായി ചിത്രത്തിനുണ്ടെന്ന തോന്നിയ്ക്കുന്ന ബന്ധം കാഴ്ചപ്പുറത്തിലൊതുങ്ങുന്നതാണ്. ഉത്തരരാമായണവുമായുള്ള ബന്ധവും ഇത്രതന്നെ

യേ ഉള്ളൂ. രാമായണമെഴുതപ്പെട്ട കാലത്തെ സാമൂഹ്യവ്യവസ്ഥയുടെ ഒരു ഭാഗമായല്ല രാമൻ അവതരിപ്പിക്കപ്പെടുന്നത്. അക്കാലത്തെ സാമൂഹ്യവ്യവസ്ഥയ്ക്ക് ചിത്രത്തിൽ യാതൊരു പ്രസക്തിയുമില്ല. ജനങ്ങൾ ഈ സിനിമയിൽ പ്രത്യക്ഷപ്പെടുന്നേയില്ല. (പൈശാചികമായ രീതിയിൽ അവതരിപ്പിക്കപ്പെടുന്ന പ്രജകളുടെനൃത്തം വസിഷ്ഠനുമായുള്ള സംഭാഷണത്തിൻ ശേഷമുള്ള രാമന്റെ മാനസികാവസ്ഥയെ ചിത്രീകരിക്കാനുദ്ദേശിച്ചുള്ളതാണ്). രാമനെന്ന വ്യക്തിയെ ശുദ്ധമായി ചിത്രീകരിക്കാനുദ്ദേശിച്ച മാത്രമായിരിക്കണം സമകാലിക യാഥാർത്ഥ്യവുമായി വളരെയേറെ അകലം പുലർത്തുന്ന ഒരു സാഹചര്യം അരവിന്ദൻ തന്റെ ചിത്രത്തിൻ പശ്ചാത്തലമായി തെരഞ്ഞെടുത്തത്. കാഞ്ചനസീതയ്ക്കുണ്ടെന്ന് തോന്നിക്കുന്ന പ്രാചീനത രാമന്റെ ജീവിതത്തേയും മനോസംഘർഷങ്ങളേയും ഇന്ത്യൻ യാഥാർത്ഥ്യത്തിൽനിന്ന് അകറ്റി ചിത്രീകരിക്കാനുദ്ദേശിച്ച് ഒരുക്കിയതു മാത്രമാണ്.

അപ്പോൾ എന്താണ് രാമൻ? അയാൾ കാഞ്ചനസീതയുടെ സ്രഷ്ടാവിന്റെ, അയാൾപ്രതിനിധാനം ചെയ്യുന്ന വർഗ്ഗത്തിന്റെ മാനസികാവസ്ഥയുടെ, മനോസംഘർഷങ്ങളുടെ ആശയവത്കൃതമായ രൂപമാണ്. അതായത് രാമൻ എഴുപതുകളിലെ ഇന്ത്യൻ പെറ്റിബൂർഷ്വാസിയുടെ മാനസികസംഘർഷങ്ങളുടെ ആശയവത്കൃതമായ പതിപ്പാണ്.

പെറ്റിബൂർഷ്വായ്ക്ക് ഒരിക്കലും സ്വന്തം വർഗ്ഗപരിമിതിക്കുള്ളിൽ ഒതുങ്ങിനില്ക്കാനാവില്ല. അയാൾക്ക് ഒരേസമയം ചൂഷിതന്റേയും ചൂഷകന്റേയും വശങ്ങളിലേക്കുള്ള മാനസികമായ പിടിച്ചുവലികൾ അനുഭവിക്കേണ്ടിവരുന്നു. ഈ മനോസംഘർഷങ്ങളിൽനിന്ന് രക്ഷനേടി സ്വന്തം സാമൂഹ്യജീവിതത്തെ ന്യായീകരിക്കാൻ അയാൾ തീവ്രവാദം മുതൽ വേദാന്തംവരെ പുലമ്പുന്നു. ഇവയിൽ ഒന്നിൽനിന്ന് മറ്റൊന്നിലേക്കുള്ള എടുത്തുചാട്ടങ്ങൾ അതിസാധാരണമാണ്. ഇവയെല്ലാം നേരിട്ട് സ്വന്തം ജീവിതസാഹചര്യങ്ങളോട് ബന്ധപ്പെടാത്തതായതിനാൽ ഇവയിലൂടെ തന്റെ മനോസംഘർഷങ്ങളെ ലഘൂകരിക്കാൻ അയാൾക്കാകുന്നു. സമൂഹവുമായി സൃഷ്ട്യുന്മുഖ (ക്രിയോന്മുഖ)മായ ബന്ധം പുലർത്തുകയല്ല അയാൾ ചെയ്യുന്നത്; മറിച്ച് സമൂഹത്തിൽനിന്ന് ഒളിച്ചോടി തികച്ചും ആത്മനിഷ്ഠമായ, എന്നാൽ സാർവ്വലൗകികപ്രസക്തിയുണ്ടെന്ന് സ്വയം ഒരു മിഥ്യാധാരണ പുലർത്തുന്ന, അവസ്ഥയിൽ അയാളെത്തപ്പെടുന്നു. അരവിന്ദൻ ആദ്ധ്യാത്മിക ചിന്താരീതിയോട് കാര്യമായ അടുപ്പം പുലർത്തുന്നു. ആദ്ധ്യാത്മികച്ചുവ കലർന്ന ആത്മനിഷ്ഠ മനോഭാവമാണ് ഇയാളുടേത്. നിഷ്കാമകർമ്മം തുടങ്ങിയ ആദ്ധ്യാത്മികാശയങ്ങൾ ഇയാളെ സ്വാധീനിച്ചിട്ടുണ്ട്. ഈ മനോഭാവം മാനുഷികപ്രശ്നങ്ങളെ അവയുടെ സാമൂഹികസാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതിൽനിന്ന് അകറ്റി, അവയെ അവ സാമൂഹികമായി എത്ര തെറ്റായിരുന്നാലും തികച്ചും ആത്മനിഷ്ഠമായിമാത്രം വിലയിരുത്തുന്നതിനും ന്യായീകരിക്കുന്നതിനും ഇയാൾക്കവസരം നല്കുന്നു.

'കാഞ്ചനസീത'യിൽ രാമൻ അവതരിപ്പിക്കപ്പെടുന്നത് അയാളുടെ സാമൂഹികമായ അസ്തിത്വം നിഷേധിക്കപ്പെട്ട രീതിയിലാണ്. രാമന്റെ സാമൂഹികമായ ചുറ്റുപാടുകൾ 'രാമൻ രാജാവാണ്' എന്ന പരിചയപ്പെടുത്തലിൽ ഒതുങ്ങുന്നു. കൂടുതൽ പരിചയപ്പെടുത്തലുകൾ ചിത്രത്തിലില്ല. രാമന്റെ ആത്മനിഷ്ഠസത്തയെയാണ് സംവിധായകൻ പ്രാധാന്യം കൊടുത്ത് അവതരിപ്പിക്കുന്നത്; ചിത്രം കാണുന്നയാൾ പിന്തുടരുന്നതും അതിനെത്തന്നെയാണ്. ഈ ആത്മനിഷ്ഠസത്ത രാമായണം നടന്ന കാലത്തെ രാമനേക്കാൾ ഇന്നത്തെ ഇന്ത്യൻ പെറ്റിബൂർഷ്വാസിക്കാണ് കൂടുതൽ ഇണങ്ങുക.

രാമനു നേരിടേണ്ടിവരുന്ന മാനസികവൈരുദ്ധ്യങ്ങളിലൂടെയാണ് 'കാഞ്ചനസീത' പുരോഗ

മിക്കുന്നത്. (രാമന്റെ മാനസിക വൈരുദ്ധ്യങ്ങൾ മാത്രമേ പ്രാധാന്യത്തോടെ അവതരിപ്പിക്കപ്പെടുന്നുള്ളൂ എന്നത് ശ്രദ്ധിക്കുക) സ്വന്തം വർഗ്ഗപരിമിതിയിൽ ഒതുങ്ങിനിന്നുകൊണ്ടാണ് രാമൻ ഈ വൈരുദ്ധ്യങ്ങളെ നേരിടുന്നത്; എന്നാൽ, ഇതേ പരിമിതികൾ തന്നെയാണ് രാമന്റെ മാനസികസംഘർഷങ്ങൾക്കു വഴിയൊരുക്കുന്നതും. ശംബൂകനെ വധിക്കാനാവാതെ മടങ്ങുന്ന രാമൻ പറയുന്നു. 'ഒരു രാജാവ് സ്വപ്നം കാണാൻ പാടില്ല'. വർഗ്ഗപരിമിതിമൂലമുണ്ടാവുന്ന മാനസികസംഘർഷങ്ങൾ സംഘട്ടനങ്ങളോളമെത്തിക്കുന്ന രംഗങ്ങൾ കാഞ്ചനസീതയിലുണ്ട്. കഥാസൂചനയിൽ പറയുന്നു: 'രാജധർമ്മത്തെപ്പറ്റിയും, അശ്വമേധത്തെപ്പറ്റിയും രാമനും ഭരതനും തമ്മിൽ നടന്ന സംവാദം ഒരേറ്റുമുട്ടലോളമെത്തി. ഇരുവരും അന്യോന്യം വില്ലിൽ ശരം മുറുക്കിക്കഴിഞ്ഞു. പൊടുന്നനെ പ്രകൃതി ഭാവംപകർന്നു. അവർക്കിടയിൽ ഇടപെടുംപോലെ'. അങ്ങനെ നഷ്ടപ്പെട്ട സൗഹൃദം പുനഃസ്ഥാപിക്കപ്പെടുന്നു. സ്വന്തം വർഗ്ഗപരിമിതികളെ അതിജീവിക്കാനാകാതെ നിസ്സഹായരായിത്തീർന്ന മനുഷ്യരെ പ്രകൃതി ഇടപെട്ട് സമാശ്വസിപ്പിക്കുന്ന രംഗങ്ങൾ ഇനിയും ഈ ചിത്രത്തിലുണ്ട്.

സത്യത്തെ നേരിടാൻ മടിക്കുന്ന മനുഷ്യർക്ക് താൻ വിശ്വസിക്കുന്ന നുണകൾക്ക് ന്യായീകരണം കണ്ടെത്താൻ വീണ്ടും വലിയ നുണകൾ തിരക്കേണ്ടിവരും. മനുഷ്യർ തമ്മിലുള്ള കലഹങ്ങൾക്ക് പ്രകൃതിയിൽനിന്ന് പരിഹാരം കിട്ടില്ല. കലഹങ്ങളുടെ ഉറവിടം പ്രകൃതിയല്ല എന്നുതന്നെ കാരണം. മനുഷ്യരുടെ സാമൂഹികമായ അസ്തിത്വം ഉണർത്തുന്ന പ്രശ്നങ്ങളാണ് മനുഷ്യർ തമ്മിലെ കലഹങ്ങൾക്ക് വഴിയൊരുക്കുന്നത്.

സാമൂഹികപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുതന്നെ പരിഹരിക്കേണ്ടതാണത്. അതിനുപകരം പ്രകൃതിയിലേക്ക് ഒളിച്ചോടുന്നത് ഭീരുത്വമാണ്, നുണയാണ്. സാമൂഹിക പ്രശ്നങ്ങളുടെനേരെ അരവിന്ദൻ (രാമൻ) പ്രതിനിധാനം ചെയ്യുന്ന പെറ്റിബൂർഷ്വാസി കൈക്കൊള്ളുന്ന അതേ പിന്തിരിപ്പൻനയമാണ് ഇവിടേയും പ്രകടമാകുന്നത്. പ്രകൃതിയെ ഒരു പ്രധാനകഥാപാത്രമായി അവതരിപ്പിച്ചത് സവിശേഷ ശ്രദ്ധയാകർഷിക്കുന്നു എന്ന് ഈ ചിത്രത്തിന് അവാർഡ് നല്കിയ കലാനിപുണർ പറഞ്ഞു. എന്നാൽ പ്രകൃതി-മനുഷ്യബന്ധത്തെ വികൃതമാക്കിയാണ് ഈ ചിത്രത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. മനുഷ്യന്റെ ബോധം പ്രകൃതിയിൽ ലയിച്ചുകിടക്കേണ്ട ഒന്നല്ല; അന്യോന്യം നിരന്തര സംഘട്ടനങ്ങളിലേർപ്പെട്ടു പരസ്പരപരിണാമങ്ങൾക്കു വിധേയമാകുന്നവയാണ് പ്രകൃതിയും ബോധവും. 'കാഞ്ചനസീത'യിൽ പ്രകൃതി അവതരിപ്പിക്കപ്പെടുന്നത് മാനുഷിക പ്രവർത്തനങ്ങളുടെ രംഗവേദിയായോ മനുഷ്യാദ്ധ്വാനത്തിലൂടെ മാറുന്ന ഒന്നായോ അല്ല; ഏതിനേയും ഉൾക്കൊള്ളുന്നതെന്ന് പിന്തിരിപ്പൻ ദാർശനികർ പറഞ്ഞുപരത്തുന്ന ബ്രഹ്മസങ്കല്പത്തിന്റെ പ്രതീകമായാണ്. എന്നാൽ രാമന്റെ മനോസംഘർഷങ്ങൾ സ്വന്തം വർഗ്ഗപരിമിതികളെ നിഷേധിയ്ക്കാൻ അയാളെ പ്രാപ്തനാക്കുന്നില്ല. സ്വന്തം വർഗ്ഗതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ അയാൾ ഒട്ടുംവിമുഖനുമല്ല. ആത്മനിഷ്ഠമായ ഉദാത്തവത്കരണത്തിലൂടെയാണ് രാമൻ അവതരിപ്പിക്കപ്പെടുന്നത് എന്നതിനാൽ, ഇതൊക്കെ ന്യായീകരിക്കാൻ സംവിധായകൻ പ്രേക്ഷകനെ പ്രേരിപ്പിക്കുന്നു. സീതയെ ഉപേക്ഷിച്ച് അശ്വമേധംനടത്തി രാജ്യങ്ങൾ വെട്ടിപ്പിടിയ്ക്കുന്നത്, ശംബൂകനെ വധിയ്ക്കുന്നത് ഇതൊക്കെ ഇങ്ങനെ ന്യായീകരിക്കപ്പെടുന്നു.

ചിത്രത്തിന്റെ അന്ത്യത്തിൽ രാമന്റെ മനോസംഘർഷങ്ങൾ ഗുണപരമായ ഒരു മാനസിക മാറ്റത്തിലേക്ക് നയിയ്ക്കുമെന്ന് പ്രേക്ഷകൻ പ്രതീക്ഷിക്കുന്നു.എന്നാൽ പരിത്യാഗമെന്ന പൊയ്മുഖംകാട്ടി ചിത്രം അവസാനിക്കുന്നു. മനുഷ്യൻ നിലനില്ക്കുന്നിടത്തോളം സാമൂഹികവും മാനസികവുമായ വൈരുദ്ധ്യങ്ങളും നിലനില്ക്കും; മനുഷ്യജീവിതം ഈ വൈരുദ്ധ്യങ്ങളിലൂടെ മുന്നോട്ടു നീ

ങ്ങുന്ന ഒന്നാണ്. വൈരുദ്ധ്യങ്ങൾ ഒടുങ്ങിയ പരിത്യാഗജീവിതം എന്ന ആശയം അവസരസേവയോ പലായനവാദമോ ആണ്. സ്വന്തം മനോസംഘർഷങ്ങൾക്ക് വഴിയൊരുക്കിയ സാമൂഹികസാഹചര്യങ്ങൾ തിരക്കാനോ ശരിയായ പരിഹാരം കണ്ടെത്താനോ രാമൻ തയ്യാറാകുന്നില്ല; സ്വന്തം വർഗ്ഗപരിമിതിയിൽനിന്ന് അയാൾ സ്വയം വിമോചിപ്പിക്കുന്നുമില്ല. അനീതിയും അക്രമവും തുടർന്നുപോരുന്ന രാമനാട്ടെ പുത്രന്മാരെ വർഗ്ഗതാല്പര്യങ്ങൾ സംരക്ഷിക്കാനേല്പിച്ച് തന്റെ അനന്തയാത്ര ആരംഭിക്കുന്നു. യാഗാഗ്നിയിൽനിന്നു പകർന്ന പന്തവും കൈയ്യിലേന്തിയുള്ള മഹാപ്രസ്ഥാനം. ശ്രീരാമചന്ദ്രൻ നടന്നുനടന്നു സരയൂനദിയുടെ ഉള്ളിലേക്ക് പോയി മറയുന്നു. ചിത്രത്തിൽ അതേവരെ നടന്ന സംഭവങ്ങളെയാകെ സംവിധായകൻ വേറൊരു നുണകൊണ്ട് മൂടുന്നു. സ്ത്രീ പ്രകൃതിയാണ് പുരുഷൻ പ്രകൃതിയിൽ ലയിച്ചിരിക്കുന്നു. സീത പ്രകൃതിതന്നെ. പെറ്റിബൂർഷ്വാ മനസ്സിന്റെ ഷണ്ഡത്വം ഇതോടെ മുഴുവനായും തുറന്നു കാട്ടപ്പെടുന്നു.

ഈ ചിത്രത്തിൽ മാനുഷികമായ അംശങ്ങൾ അപൂർവ്വമാണ്; ഭരതന്റെയോ, ലക്ഷ്മണന്റെയോ മൃദുസ്മേരം, ലക്ഷ്മണനും ലവനുമൊപ്പമുള്ള രംഗങ്ങൾ, വാല്മീകിയും ലക്ഷ്മണനും ലവനോട് വാത്സല്യത്തോടെ സംവദിക്കുന്നത്. ഊർമ്മിള പ്രത്യക്ഷപ്പെടുന്നരംഗങ്ങളിൽ ചിലത്, വാല്മീകി—ഇതൊക്കെമാത്രം കാണിക ളുടെ മനസ്സിനെ അല്പനേരം തൊട്ടുണർത്തുന്നു. ശേഷിക്കുന്ന രംഗങ്ങളോരോന്നും നിർമ്മാനുഷികമായ മാന്ത്രികാനുഷ്ഠാനത്തിന്റെ ഭാവമുണർത്തുന്നു. സംഭാഷണങ്ങളോരോന്നും കൃത്രിമച്ചുവകലർന്നതാണ്. പ്രജകളുടെ (!)നൃത്തം ക്രൂരമായി നിർമ്മാനുഷികവത്കരിക്കപ്പെട്ടിരിക്കുന്നു. ഊർമ്മിളയുടെ കരച്ചിൽ യാതൊരു ഭാവഭേദവും കൂടാതെ കണ്ടിരിക്കാൻ കാണിയ്ക്കാവുന്നു. പ്രകൃതിയുടെ സാന്നിദ്ധ്യം യാന്ത്രികവും വിരസവുമായിത്തീർന്നിരിക്കുന്നു. ഈ രംഗങ്ങളോരോന്നും ഉദാത്തമെന്ന് സംവിധായകൻ കരുതുന്ന സ്വന്തം മാനസികാവസ്ഥയെ, പെറ്റിബൂർഷ്വാ മനോവിഭ്രമത്തെ, പ്രകടിപ്പിക്കുന്നു.

ചലച്ചിത്രരംഗത്ത് 'ഉത്തരായണ'ത്തിലൂടെ ആരംഭിച്ച അരവിന്ദനെന്ന പെറ്റിബൂർഷ്വായുടെ മാനസിക വികാസത്തിന്റെ ചരിത്രപരമായ, അനിവാര്യമായ തുടർച്ചയാണ് 'കാഞ്ചനസീത'യിൽ ദൃശ്യമാകുന്നത്. 'ഉത്തരായണ'ത്തിന്റെ[2] അന്ത്യത്തിൽ രവി പൊയ്മുഖമെടുത്ത് തീയിലിടുന്നതിന് എന്തൊക്കെ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും പറയാനുണ്ടായാലും, സാമൂഹികമായി നോക്കിയാൽ അതൊരു വിശുദ്ധനുണയാണ്. സമൂഹത്തിലെ പുരോഗമനോന്മുഖമായ വർഗ്ഗത്തോടൊപ്പം നിന്ന് വിപ്ലവകരമായ സാമൂഹികപ്രവർത്തനങ്ങളിലേർപ്പെടുമ്പോൾ ഒന്നൊന്നായടർന്നുവീഴുന്ന പൊയ്മുഖങ്ങളാണ് പെറ്റിബൂർഷ്വായുടേത്. അങ്ങനെയല്ലാതെ, എടുത്തു തീയിലിടുന്ന മുഖംമൂടിക്കു പകരംവെയ്ക്കാൻ ഇനിയുമനേകം പൊയ്മുഖങ്ങൾ അയാളുടെ ഭാണ്ഡത്തിൽകാണും. വേദാന്തത്തിന്റേയോ അസ്തിത്വവാദത്തിന്റേയോ ഗ്വേരയിസത്തിന്റേയോ, സിനിസിസത്തിന്റേയോ ചായത്തേപ്പുകളോടെ അവ പലപ്പോഴായി പുറത്തുവരും. ആ വർഗ്ഗത്തിന്റെ മരണംവരെ അവ പ്രത്യക്ഷപ്പെട്ടുകൊണ്ടേയിരിയ്ക്കും.

2: 'കാഞ്ചനസീത'യെ 'സ്വപ്നാടന'ത്തോട് താരതമ്യപ്പെടുത്തി നോക്കുക. രണ്ടിന്റേയും സാമൂഹികമായ ഉള്ളടക്കം ഒന്നുതന്നെയാണ് — പ്രത്യക്ഷത്തിൽ വിഭിന്നമായിതോന്നുമെങ്കിലും. രണ്ടിന്റേയും അവതരണരീതികൾ തമ്മിൽപോലും പ്രകടമായ സാമ്യങ്ങൾ കാണാം. 'സ്വപ്നാടന'ത്തിലെ തീന്മുറിസംഭാഷണവും, 'കാഞ്ചനസീത'യിലെ വസിഷ്ഠനുമായുള്ള സംവാദവും, ഫ്ലാഷ്ബാക്കുകൾ, കാഞ്ചനസീതയിൽ പ്രജകളുടെ നൃത്തവും, സ്വപ്നാടനത്തിൽ ബന്ധുക്കളുടെ പ്രേതനൃത്തവും, അവസാനത്തെ യാത്രകൾ എന്നിവ ചില ഉദാഹരണങ്ങൾ.

രണ്ടു ചിത്രങ്ങളിലും പെറ്റിബൂർഷ്വാ മനോരോഗമാണ് ഉള്ളടക്കം. സ്വപ്നാടനത്തിൽ അത് അതിന്റെ യഥാർത്ഥ സാമൂഹികസാഹചര്യത്തിൽ അവതരിപ്പിയ്ക്കപ്പെടുന്നു എന്നതിനാൽ കാഞ്ചനസീതയേക്കാൾ സാമൂഹികമായി പുരോഗമനോന്മുഖമായ ചിത്രം 'സ്വപ്നാടന'മാണ്.

അദ്ധ്യായം *6*

# ഈ കുറ്റബോധത്തെ നിങ്ങൾ എന്തുചെയ്യും?

ഉത്തമസിനിമയുടെ മാനദണ്ഡങ്ങൾവെച്ചുനോക്കുമ്പോൾ, മോഹൻ സംവിധാനംചെയ്ത 'ഇട വേള' താഴ്ന്നനിലവാരം പുലർത്തുന്ന ഒരു ചലച്ചിത്രമാണ്. പത്മരാജന്റെ രചനയിൽ അടങ്ങിയ കൂർമ്മത പോലും സിനിമയിലേയ്ക്കു പകർത്തപ്പെട്ടപ്പോൾ നഷ്ടപ്പെട്ടിട്ടുണ്ട്. ആധുനിക കേരള ത്തിന്റെ സാമൂഹികജീവിതം അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നങ്ങളിൽ ഒന്ന് ഈ സിനിമയിലൂടെ ഉന്നയിക്കപ്പെട്ടിരിക്കുന്നു എന്നതാണ് 'ഇടവേള'യെ ശ്രദ്ധേയമാക്കുന്നത്. ഇക്കാലത്തെ ജന ജീവിതത്തിന്റെ ആയാസരഹിതമെന്നു തോന്നിപ്പിക്കുന്ന ലാഘവത്വത്തിനിടയിൽ മറഞ്ഞിരി ക്കുന്ന ദുരന്തത്തെ, ആധുനികജീവിതത്തിന്റെ തെന്നിത്തെന്നിയുള്ള പോക്കിന്നിടയിൽ ഇന്നോ നാളെയോ ഓരോ മനുഷ്യനും അഭിമുഖീകരിക്കേണ്ടിവരുന്ന അഗാധഗർത്തത്തെ, കഴിഞ്ഞ നൂ റ്റാണ്ടുകളിലൂടെയത്രയും ജ്വലിച്ചുനിന്നിരുന്ന ധാർമ്മിക പാരമ്പര്യം അവകാശപ്പെടാവുന്ന കേ രളത്തിന്റെ ഇന്നത്തെ ജീവിതം നേരിടുന്ന ധാർമ്മികസമസ്യയെ, താത്ത്വികചർച്ചകളിലൂടെ യോ പ്രത്യയശാസ്ത്രങ്ങളുടെ രക്ഷാകവചങ്ങളിലൂടെയോ ഹാസ്യത്തിലൂടെയോ അവഗണിച്ചു രക്ഷപ്പെടാനാവാത്തവിധത്തിൽ രൂക്ഷമായി അവതരിപ്പിക്കുന്നു എന്നതാണ് ഈ സിനിമയു ടെ സവിശേഷത.

മനുഷ്യരുടെ ജീവിതവൃത്തികളോരോന്നും യഥാർത്ഥജീവിതത്തിൽനിന്നു രക്ഷപ്പെടാനുള്ള വിഫലശ്രമങ്ങളായി മാറിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത്, ഈ സിനിമയുടെ വിട്ടുവീഴ്ചയില്ലാത്ത സത്യസന്ധത പ്രേക്ഷകനെ ആരോഗ്യകരമായ ഒരു മൗനത്തിലേക്കു നയിക്കുമെന്ന് ഞാനാ ശിക്കുന്നു.

## സാമൂഹ്യപശ്ചാത്തലം

ഈ നൂറ്റാണ്ടിൽ കേരളത്തിന്റെ സാമൂഹ്യജീവിതത്തെ ജ്വലിപ്പിച്ചുയർത്തിക്കൊണ്ട് പ്രത്യക്ഷപ്പെട്ട പ്രസ്ഥാനങ്ങൾ ഓരോന്നും വളരെവേഗംതന്നെ

1: അധിനിവേശിത സമൂഹത്തിലെ ജനതയുടെ മൂർത്തമായ ഈ ജീവിതദുരന്തം ഇവിടങ്ങളിൽ രൂപംകൊള്ളാനിരിക്കുന്ന ഭാവിയിലെ വിപ്ലവപ്രസ്ഥാനങ്ങൾക്ക് അവഗണിക്കാനാവില്ല.

നിലവിലുള്ള അധികാരഘടനയുടെ അവയവങ്ങളായി മാറുകയാണുണ്ടായത്. ഈ നാടിന്റെ തനതായ സാമൂഹ്യഘടനയെ ഘട്ടംഘട്ടമായി തകർത്തുകൊണ്ട് നിലവിൽവന്ന വൈദേശി കചൂഷകരുടെ അധികാരവ്യവസ്ഥയ്ക്കെതിരായി സ്വന്തമായി ഒരധികാരകേന്ദ്രം ഉയർത്താനുള്ള കേരളീയരുടെ വിഫലമെങ്കിലും ധീരമായ ശ്രമങ്ങൾ ആയിരുന്നു അവ. എന്നാൽ ഒരു ജനതയുടെ ക്രിയാത്മകതയെ ആകമാനം സാമ്രാജ്യത്വഅധികാരവ്യവസ്ഥയുടെ ചൂഷണത്തിന്നനുയോജ്യമാംവിധം പരിവർത്തനപ്പെടുത്തുക എന്ന, ഒരേസമയം വിപ്ലവകാരിയുടേതും ഒറ്റുകാരന്റേതുമായ പങ്കാണ് ഈ പ്രസ്ഥാനങ്ങളോരോന്നും യഥാർത്ഥത്തിൽ നിർവ്വഹിച്ചത്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളോടെ അന്ത്യത്തിൽ എത്തിച്ചേർന്ന ഈ സാമൂഹ്യപരിവർത്തനം, കേരളത്തെ സംബന്ധിച്ചിടത്തോളം, വികേന്ദ്രീകൃതമായ, ഒറ്റതിരിക്കപ്പെട്ട സാമൂഹ്യജീവിതത്തിന്റെയും കേന്ദ്രീകൃതമായ ഒരു അധികാരഘടനയുടെയും വിരുദ്ധധ്രുവങ്ങൾക്കിടയിലായി മനുഷ്യന്റെ പ്രാകൃതവാസനകൾക്കു കൂടുതൽ പ്രകാശനസാദ്ധ്യതനല്കുന്ന ഒരു ആൾക്കൂട്ടത്തെയാണ് സൃഷ്ടിച്ചത്. ഈ വിരുദ്ധധ്രുവങ്ങളുടെ ആരോഗ്യകരമായ സമന്വയം സാദ്ധ്യമാക്കുന്ന, ജീവിതത്തിന്റെ സർഗ്ഗാത്മകതയെ ജ്വലിപ്പിച്ചുയർത്തുന്ന ഒരു ഉല്പാദനവ്യവസ്ഥ ഈ പരിവർത്തനങ്ങളുടെ ഫലമായി ഇവിടെ രൂപംകൊള്ളുകയുണ്ടായില്ല എന്നതാണ് ഇതിനു കാരണം.[1]

## കൗമാരം: മൂല്യനിഷേധവും മൂല്യരൂപീകരണവും

ആരോഗ്യകരമായ ഒരു സാമൂഹ്യവ്യവസ്ഥയെ സംബന്ധിച്ചിടത്തോളം കൗമാരം, നിലവിലുള്ള സാമൂഹ്യമൂല്യങ്ങളുടെയും അവയ്ക്കാധാരമായ സാമൂഹ്യഘടനയുടെയും നിഷേധത്തിലൂടെ സാമൂഹ്യവികാസത്തിന്റെ ചാലകശക്തിയായി മാറുന്ന ഊർജ്ജഭാവമാണ്. എന്നാൽ, ജീവിതത്തെ അഭിമുഖീകരിച്ചു തുടങ്ങുന്ന കേരളത്തിലെ ടീൻ ഏജേഴ്സിന്, ഇവിടത്തെ സാമൂഹ്യവ്യവസ്ഥ വ്യക്തികളുടെ വികാസത്തിന് അടിസ്ഥാനമാക്കേണ്ട മൂല്യസംഹിതകളുടെമേൽ പടുത്തുയർത്തപ്പെട്ട ഒന്നായല്ല അനുഭവപ്പെടുന്നത്. പകരം, എല്ലാ മാനുഷിക മൂല്യങ്ങളെയും ചൂഷണത്തിനുള്ള നിയമങ്ങളാക്കി മാറ്റുന്ന നഗ്നമായ അധികാരഘടനയായിത്തന്നെയാണ്: വീടും വിദ്യാലയവും ഹോസ്റ്റലും എൻ.സി.സി.യും മതസ്ഥാപനങ്ങളും വ്യക്തിയുടെ വികാസത്തെ യാന്ത്രികവത്കരിച്ച് ചിട്ടപ്പെടുത്താൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. സമകാലിക ജീവതത്തിന്റെ കർക്കശമായ യാന്ത്രികതയെ പൊതിഞ്ഞുനില്ക്കുന്ന അതിന്റെ കസവുപിടിപ്പിച്ച ആർഭാടങ്ങളിലൂടെ, ഈ യാന്ത്രികതയുടെ ഒരു നിഷേധാത്മകവശവും ഈ വ്യവസ്ഥതന്നെ ഒരുക്കിത്തരുന്നു.[2] തങ്ങളുടെ ജീവിതത്തെ മരവിപ്പിച്ചു നിർത്തിയിരിക്കുന്ന നിയമങ്ങളെ നിഷേധിച്ചുകൊണ്ട് ഈ ആർഭാടങ്ങളെക്കുറിച്ചുള്ള ആദ്യത്തെ അറിവുകളിലൂടെ പത്തുദിവസം ഉല്ലസിച്ചു ജീവിക്കുന്നതിനിടയിലാണ് 'ഇടവേള'യിലെ നാലുവിദ്യാർത്ഥികളും അവയ്ക്കെല്ലാമിടയിൽ മറഞ്ഞിരിക്കുന്ന ദുരന്തത്തെ അഭിമുഖീകരിക്കുന്നത്. ഹൈറേഞ്ചിലെ ഒരു ടൂറിസ്റ്റ് ഹോട്ടലിൽവെച്ച് അവർ പരിചയപ്പെടാനിടയായ സമപ്രായക്കാരിയായ പെൺകുട്ടി, ആ ദുരന്തത്തിന്റെ നിമിത്തവും പങ്കാളിയുമാകുന്നു.

2: ഈ ദുരന്തത്തോടുള്ള അവഗണന, മുൻകാല സാമൂഹ്യവ്യവസ്ഥയെയും പ്രസ്ഥാനങ്ങളെയും നിലവിലുള്ള അധികാരഘടനയുടെ ഭാഗമായി രൂപപരമായി പുനഃസൃഷ്ടിക്കാനുള്ള അധികാരിവിഭാഗങ്ങളുടെ ശ്രമങ്ങളെയായിരിക്കും ഫലത്തിൽ സഹായിയ്ക്കുന്നത്.

## അധികാരവ്യവസ്ഥയുടെ യാഥാർത്ഥ്യം, ദുരന്തവും

ഓരോ സാമൂഹ്യഘടനയും ജീവിതത്തിന്റെ പുനഃസൃഷ്ടിയ്ക്ക് ആധാരവും ആ പുനഃസൃഷ്ടിയിലൂടെ മാറിത്തീരേണ്ട ഭൗതികയാഥാർത്ഥ്യവുമാണ്. സമൂഹത്തെ നിലനിർത്തുന്ന മനുഷ്യന്റെ പുനഃസൃഷ്ടിയോടൊപ്പംതന്നെ,മനുഷ്യന്റെ നിലനില്പിന് ആധാരമായ സാമൂഹ്യഘടനയും പുനഃസൃഷ്ടിക്കപ്പെടുന്നു. ഈ പ്രക്രിയകളുടെയെല്ലാം ആധാരശില സ്ത്രീ-പുരുഷബന്ധമാണ്. ഒരു നിശ്ചിതസമൂഹത്തിൽ സ്ത്രീപുരുഷബന്ധത്തെ ആധാരമാക്കിയുള്ള കുടുംബഘടനയും സാമൂഹ്യഉല്പാദനപ്രക്രിയ രൂപംനല്കുന്ന സമൂഹഘടനയും എല്ലാമടങ്ങിയ സാമൂഹ്യവ്യവസ്ഥ, ജനങ്ങളുടെ അബോധമനസ്സിനെ ചിട്ടപ്പെടുത്തുന്നതിലൂടെ ജീവിതത്തിന്റെ സർഗ്ഗാത്മകതയ്ക്കു വികസിക്കുവാൻ നല്കുന്ന സാദ്ധ്യതകളാണ് ഒരു ജനതയുടെ സംസ്കാരത്തെ നിർണ്ണയിക്കുന്നത്. കേരളം വിദേശശക്തികൾക്കു വിധേയമായതിനുശേഷം ഈ നാടിന്റെ തനതായ സംസ്കാരം സാമ്രാജ്യത്വവ്യവസ്ഥയ്ക്കെതിരായി ആളിക്കത്തുകയും ക്രമേണ ഒളിമങ്ങുകയും ചെയ്യുന്നതിന്റെ ധീരമെങ്കിലും ദുരന്തപൂർണ്ണമായ ചിത്രമാണ് എഴുത്തച്ഛന്റെ കാലംമുതൽ ഇന്നേവരെയുള്ള കേരളചരിത്രം നമുക്കുനല്കുന്നത്. ജനങ്ങളുടെ എല്ലാ സർഗ്ഗാത്മകപ്രക്രിയകളെയും പരിമിതപ്പെടുത്തുന്ന ഈ ന്യൂനവികാസം, ഇക്കാലത്തു ഏറ്റവും രൂക്ഷമായി പ്രകടമായത് സ്ത്രീ-പുരുഷ ബന്ധത്തിൽത്തന്നെയാണ്. ജീവിതത്തിന്റേയും സംസ്കാരത്തിന്റേയും സ്വതന്ത്രമേഖലകൾ ചുരുങ്ങിവരികയും യാന്ത്രികതയുടേയും അധികാരത്തിന്റേയും ശൂന്യാകാശങ്ങൾക്ക് ഇടമേറുകയും ചെയ്യുന്ന നിഷേധാത്മക വികാസത്തിന്റേതായ ഈ കാലഘട്ടം സ്ത്രീ-പുരുഷബന്ധത്തേയും അതിന്റെ ഇരയാക്കുന്നു. ഒരുവശത്ത്, അത് സംസ്കാരസമ്പന്നമായ സ്ത്രീ-പുരുഷബന്ധത്തെ യാന്ത്രികമാക്കി മാറ്റി അന്യവത്കരിക്കുമ്പോൾ മറുവശത്ത് അതേബന്ധത്തെത്തന്നെ ഒരു ചൂഷണരൂപമാക്കിമാറ്റുന്നു. ആധുനികസമൂഹത്തിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധത്തിന്റെ പരസ്പരവിരുദ്ധമായ ഈ സ്വഭാവമാണ് 'ഇടവേള'യിലെ ദുരന്തത്തിനു വഴിയൊരുക്കുന്നത്.

ടൂറിസ്റ്റ് ഹോട്ടലിൽവെച്ച് നാലുവിദ്യാർത്ഥികളും, അവർ കണ്ടുമുട്ടിയ 'മോളു' എന്ന പെൺകുട്ടിയെ തങ്ങളുടെ ലൈംഗികാസക്തിയ്ക്ക് ഒരുപകരണമാക്കി മാറ്റാൻ ആഗ്രഹിക്കുന്നു. എന്നാൽ മോളുവിനെ അടുത്തുപരിചയപ്പെട്ട 'പൊടിയന് ' അവളെ 'ഒന്നും ചെയ്യാൻ' കഴിയുന്നില്ല എന്നാൽ മോളുവിലെ സ്ത്രീസുഹൃത്തിനെ ആ രൂപത്തിൽ മറ്റുള്ളവർക്കുപരിചയപ്പെടുത്തിക്കൊടുക്കാൻ പൊടിയനോ, അവളെ അങ്ങനെ പരിചയപ്പെടാൻ മറ്റുള്ളവർക്കോ കഴിയുന്നില്ല. അക്കൂട്ടത്തിൽ അവരുടെ നേതാവ് അവളെ ബലാല്ക്കാരം ചെയ്യാൻ ശ്രമിക്കുന്നു. ഇതിൽനിന്ന് അവളെ രക്ഷിക്കാനുള്ള ശ്രമത്തിനിടയിൽ 'പൊടിയൻ' ചതുപ്പുനിലത്തിൽ ആഴ്ന്ന് മരണമടയുന്നു. തുടർന്ന്, വ്യവസ്ഥയുടെ manipulation-ൽ നിന്നും യാഥാർത്ഥ്യത്തിലേക്ക് ഉണർത്തപ്പെട്ട നേതാവ് അതേചതുപ്പിൽ ജീവനൊടുക്കുന്നു. ഇതിനു മുഴുവൻ ദൃക്സാക്ഷികളും പങ്കാളികളുമായ, ഒരേസമയം പാപികളും നിഷ്കളങ്കരുമായ, മറ്റു രണ്ടു വിദ്യാർത്ഥികളും മോളുവും ആ ആത്മഹത്യയുടെ യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുന്നതോടെ 'ഇടവേള' അവസാനിക്കുന്നു.

അദ്ധ്യായം 7

# ഭാരതീപുരം

വേദാന്തം, ശുദ്ധമായ ഉണ്മയേയും ശുദ്ധമായ ബോധത്തെയും ശുദ്ധമായ ആനന്ദത്തെയുംകുറിച്ചു പറയുന്നു. ഏറെ കീർത്തിയ്ക്കപ്പെട്ട ഈ അപൂർണ്ണ ചിന്താപദ്ധതിയുടെ പറയപ്പെടാതെ ശേഷിക്കുന്ന പകുതി, ജാതിവ്യവസ്ഥയിലധിഷ്ഠിതമായ ഇന്ത്യയുടെ സാമൂഹ്യഘടനയിൽതന്നെ നമുക്കു കണ്ടെത്താനാകും. ഇന്ത്യയിലെ അധഃസ്ഥിത വിഭാഗങ്ങളുടെ പ്രാകൃതമായ ഉണ്മയും പ്രാകൃതമായ ബോധവും പ്രാകൃതമായ ആനന്ദവുമാണത്. കർക്കശമായി പകുക്കപ്പെട്ട വികാസമില്ലാതെ ഋതുക്കളെപ്പോലെ ആവർത്തിച്ചുമുന്നേറുന്ന ഈ സമാന്തര പ്രാകൃതിക വ്യവസ്ഥയും അതിന്റെ ചിന്താപദ്ധതികളും ചരിത്രബാഹ്യമാണ്. ഭാരതീപുരത്തിലെ മുഖ്യ കഥാപാത്രമായ ജഗന്നാഥൻ പറയുമ്പോലെ, ഇവിടെ മനുഷ്യൻ ഈശ്വരന്റെ ഗർഭത്തിൽ കിടക്കുന്നു.


ഭാരതീയജീവിതത്തിന്റെ ഈ ആവർത്തനസ്വഭാവത്തെ ചരിത്രപരമാക്കിമാറ്റിയത്. അധിനിവേശ ശക്തികളാണ് അവർ 'ശുദ്ധമായ ഉണ്മ'യെ ചരിത്രപരമായ ഉണ്മയാക്കി മാറ്റി. പാശ്ചാത്യവിദ്യാഭ്യാസവും അതു രൂപംനല്കിയ സാമ്രാജ്യത്വവിരുദ്ധപ്രക്ഷോഭങ്ങളും ഇന്ത്യൻ ജനതയുടെ ഒരു വിഭാഗത്തെയെങ്കിലും ഈ ദൈവഗർഭത്തിൽനിന്നു സ്വതന്ത്രരാക്കി. ഇതിലൂടെ രൂപംകൊണ്ട പുതിയ അവബോധം തങ്ങളുടെതന്നെ സാമൂഹ്യമായ നിലനില്പിനെ അകന്നുനിന്നു നോക്കിക്കാണാൻ അവരെ പ്രേരിപ്പിച്ചു. എന്നാൽ ഈ പുതിയ അവബോധത്തെ ഉണ്മയായി സാക്ഷാത്കരിക്കാൻ അടിസ്ഥാനമാകേണ്ട സാമൂഹ്യഘടന ഇന്നാട്ടിൽ രൂപപ്പെടുകയുണ്ടായില്ല. ഇന്ത്യക്കാരൻ തന്റെ നിലനില്പിലൂടെ സാമ്രാജ്യത്വം സ്വന്തം ചൂഷണത്തിനായി രൂപംനല്കിയ സാമൂഹ്യഘടനയുടെ ഭാഗമായിത്തീരുന്നു. പുതിയ ബോധപ്രപഞ്ചത്തിൽ ചൂഷണത്തിനു വിധേയമായ ജനതയിലൊരാളായിത്തീരുന്നു. ഇതുരണ്ടും ഒരുമിച്ചു സംഭവിക്കുന്നു എന്നതാണ് അധിനിവേശിത സാമൂഹ്യവ്യവസ്ഥയിൽ ജീവിക്കുന്ന ഒരാളുടെ ദുരന്തം. സ്വന്തം ജീവിതത്തിൽ ഓരോ ഭാരതീയനും നേരിടേണ്ടിവരുന്ന നിലനില്പും ബോധവും തമ്മിലുള്ള ഈ വിഘടനത്തിന്റെ പരിഹാരത്തിലൂടെയായിരിക്കും ഇന്നാടിന്റെ വിപ്ലവകരമായ പരിവർത്തനത്തിനാധാരമായ പുതിയ മൂല്യബോധം ഉരുത്തിരിയുക. ആധുനികഭാരതത്തിലെ സാമൂഹികവും വൈയക്തികവുമായ ദുരന്തങ്ങൾക്കു കീഴടങ്ങാത്ത മനുഷ്യന്റെ സ്വാതന്ത്ര്യേച്ഛയുടെ ചിത്രീകരണമാണ് ഭാരതീപുരം.

നോവലിൽ ഒരിടത്ത് ജഗന്നാഥൻ പറയുന്നു: 'നമ്മുടെ awareness-ന് ഒത്ത് നമ്മുടെ being

ഇല്ല. വേണമെങ്കിൽ ഇതിനെ ഹിപ്പോക്രസി എന്നു വിളിക്കാം... ചരിത്രം എന്നെ സൃഷ്ടിച്ച് എന്നിൽനിന്നു ഭിന്നമായ ഒരു ഉണ്മ സൃഷ്ടിക്കാൻ ഗൂഢാലോചന നടത്തുകയാണ് — ഈ എന്നിലൂടെയും. എന്നാൽ എന്റെ ബോധമണ്ഡലംപോലെ ഈ ഭാരതീപുരവും അതിന്റെ പ്രവർത്തന രംഗമാണ്. ചരിത്രത്തിൽ വീണിരിക്കുന്ന വിത്തുകൾ മുളപൊട്ടാൻ പലതും ആവശ്യമുണ്ട്. നാം സാധാരണയായി വ്യവഹരിക്കുന്ന നമ്മുടെ will ഇല്ലേ. അതും വേണം ഒരു കൺസർവേറ്റീവിന് ഈ യാതനയുടെ തീക്ഷ്ണത മനസ്സിലാവില്ല. മനുഷ്യസ്വഭാവത്തിൽ ഇന്നുള്ള യാഥാർത്ഥ്യങ്ങളെ മാത്രമേ അയാൾ കാണുന്നുള്ളു. എന്നാൽ Reality, Possibility എന്നീ രണ്ടു മണ്ഡലങ്ങളും ഒന്നിച്ചു കാണുന്ന എന്നെപ്പോലുള്ളവർക്ക് യാതന അനിവാര്യമാണ്.

ജഗന്നാഥൻ ജീവിക്കുന്ന സമൂഹത്തിൽ പ്രത്യക്ഷതയിൽത്തന്നെ പ്രകടമായിക്കാണുന്ന വൈരുദ്ധ്യങ്ങളുണ്ട്. കർശനമായ ജാതിവ്യവസ്ഥ നിലനില്ക്കുന്ന കർണ്ണാടക സമൂഹത്തിലെ ഫ്യൂഡൽ സാമൂഹ്യഘടനയുടെ വൈരുദ്ധ്യങ്ങളാണവ. ആവർത്തനവിരസമായ ഈ പ്രാകൃതിക ജീവിതത്തെ ബോധപൂർവ്വം മാറ്റിത്തീർക്കാൻ തുടങ്ങുന്നതിലൂടെ ജഗന്നാഥൻ സ്വന്തം ഉണ്മയെ സാക്ഷാത്കരിക്കാൻ ശ്രമിക്കുന്നതാണ് ഭാരതീപുരത്തിന്റെ ഉള്ളടക്കം. അങ്ങനെ ഭാരതീപുരത്തെ ജനതയെ ദൈവഗർഭത്തിൽനിന്നും മോചിപ്പിച്ച്, സ്വന്തം ജീവിതത്തോട് ഉത്തരവാദിത്വമുള്ളവരാക്കിമാറ്റാമെന്ന് അയാൾ പ്രത്യാശിക്കുന്നു. ഈ ശ്രമങ്ങളോടൊപ്പം ജഗന്നാഥന്റെ ബോധപ്രപഞ്ചത്തിലും സാമൂഹ്യബന്ധങ്ങളിലും ഉണ്ടാകുന്ന സംഘർഷങ്ങളുടെ ചിത്രീകരണത്തിലൂടെയാണ് ഭാരതീപുരത്തിന്റെ കഥാഘടന വികസിക്കുന്നത്.

ഭാരതീപുരത്തിൽ ചിത്രീകരിക്കപ്പെടുന്ന സാമൂഹ്യപരിവർത്തനത്തിന്റെ സ്ഥൂലമായ സംഘർഷങ്ങൾ, കേരളീയരായ നമ്മെ സംബന്ധിച്ചിടത്തോളം ചരിത്രപരമായി കാലഹരണപ്പെട്ടതാണ്. ഫ്യൂഡൽ സാമൂഹ്യഘടന നാമാവശേഷമായെങ്കിലും മൂർത്തവും ആരോഗ്യകരവുമായ ഒരു സാമൂഹ്യവ്യവസ്ഥ ഇനിയും കേരളത്തിൽ രൂപംപ്രാപിച്ചിട്ടില്ല. സാമ്രാജ്യത്വവ്യവസ്ഥയ്ക്കു വിധേയമായ ഇന്നാട്ടിലെ സാമൂഹ്യജീവിതത്തിന്റെ സൂക്ഷ്മഘടനകളിൽ നിലനില്ക്കുന്ന സംഘർഷങ്ങളും, അവ രൂപംനല്കുന്ന വികാസദിശയുമായിരിക്കും ഈ ദേശീയജനവിഭാഗത്തിന്റെ ഭാവി നിർണ്ണയിക്കുന്നത്. നാമോരുത്തരും അഭിമുഖീകരിക്കുന്ന ഈ സംഘർഷങ്ങളെ നമുക്കുതന്നെ വ്യക്തമാക്കിത്തരാൻ, ഒരു മനുഷ്യാവസ്ഥയെ സത്യസന്ധമായി ചിത്രീകരിക്കുന്ന ഈ നോവൽ സഹായകമായിരിക്കും.



# സംവാദം

സുബ്രഹ്മണ്യദാസ്
കെ. വേണു
കെ. ആർ. ശശിധരൻ
കെ. എം. വിശ്വനാഥൻ
പി. സി. ജോസി
കെ. വി. രവീന്ദ്രൻ

അദ്ധ്യായം *8*

# ഒരു രീതിക്കായുള്ള അന്വേഷണം

— സുബ്രഹ്മണ്യദാസ്

> 'Marxist formalism is a project of elimination. The method is identical with Terror in its inflexible refusal to differentiate; its goal is total assimilation at the least possible effort.'
>
> —*Sartre*

മറ്റേതൊരു വിജ്ഞാനശാഖയിലുമെന്നപോലെ രാഷ്ട്രീയത്തിലെയും നിയമങ്ങളെയും സംജ്ഞകളെയും, ഗണങ്ങളേയും (catagories) ചൈതന്യവത്താക്കുന്നത് അവ സമൂർത്തയാഥാർത്ഥ്യം ജീവിക്കുന്ന മനുഷ്യന്റെ ബോധപ്രപഞ്ചത്തിൽ രൂപം നല്കുന്ന അമൂർത്തമായ വിചിന്തനാത്മകഘടനയുടെ നിർണ്ണായക ഘടകമായിത്തീരുമ്പോഴാണ്, ഉദാഹരണത്തിന് 'തൊഴിലാളിവർഗ്ഗസർവ്വാധിപത്യം' എന്ന concept യാഥാർത്ഥ്യവും സാമൂഹ്യമനുഷ്യന്റെ ബോധപ്രപഞ്ചവും തമ്മിൽ ഒരു സജീവമായ ബന്ധം ആവശ്യപ്പെടുന്നുണ്ട്. ഈ concept വിപ്ലവകരമാക്കുന്നതിന്റെ മുന്നുപാധി എന്ന നിലയിൽ അത് അനേകം conditions പൂർത്തീകരിക്കേണ്ടതുണ്ട്. ഒന്നാമത്, ഈ വിപ്ലവസംജ്ഞ പ്രായോഗികമാക്കപ്പെടേണ്ട വ്യവസ്ഥ നിശ്ചിതമായിരിക്കേണ്ടതുണ്ട്. അതായത് സാമ്പത്തികമായും സാംസ്കാരികമായും രാഷ്ട്രീയമായും ഏകീകരിക്കപ്പെട്ട ഒരു സമൂഹ്യഘടന (ഉദാ: ഒരുരാഷ്ട്രം) ഇതാവശ്യപ്പെടുന്നു. രണ്ടാമതായി നിലവിലുള്ള സാമൂഹ്യവ്യവസ്ഥയ്ക്കുമേൽ, ജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളിലും (രാഷ്ട്രീയമായും സാമ്പത്തികമായും സാംസ്കാരികമായും) ആധിപത്യം ചെലുത്താൻ കെല്പുള്ള ഒരു വർഗ്ഗത്തിന്റെ നിലനില്പ് ഇതാവശ്യപ്പെടുന്നു. ധൈഷണിക ജീവിതത്തിന്റേതടക്കം സാമൂഹ്യജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഈ നിശ്ചിതവർഗ്ഗം മേധാവിത്വം നേടിക്കഴിയുമ്പോൾ മാത്രമേ ഈ സംജ്ഞ യഥാർത്ഥത്തിൽ സാക്ഷാത്കരിക്കപ്പെടുന്നുള്ളൂ.

അധിനിവേശിത സാമൂഹ്യവ്യവസ്ഥയെക്കുറിച്ച് ചർച്ചചെയ്യുമ്പോൾ ഈ നൂറ്റാണ്ടിൽ വികാസംകൊണ്ട വിപ്ലവകരമായ സംജ്ഞയാണ് ജനങ്ങൾ എന്നത്. അധിനിവേശശക്തികൾക്കെതിരായി സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവുമടക്കം സാമൂഹ്യജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും സമരംചെയ്യാനുള്ള ഒരു ദേശീയജനവിഭാഗത്തിന്റെ ഊർജ്ജത്തനിമയെയാണ് ഈ സംജ്ഞ പ്രതിധാനംചെയ്യുന്നത്.

ഈ നൂറ്റാണ്ടിൽ വിപ്ലവരാഷ്ട്രീയത്തിൽ ഏറ്റവുമധികം ഉപയോഗിക്കപ്പെട്ട ഈ രണ്ടുസംജ്ഞകളും ദേശീയതയുടെ സുനിശ്ചിതമായ പരിധികൾക്കുള്ളിൽമാത്രം പ്രയോഗികമാകുന്നവയാണ്. (ആഗോളാടിസ്ഥാനത്തിൽ ഒരു നിശ്ചിത സാമ്പത്തിക—സാംസ്കാരിക—രാഷ്ട്രീയ വ്യവസ്ഥ രൂപംകൊള്ളുന്ന വിദൂരഭാവിയിൽ, തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തെക്കുറിച്ചുള്ള മാർക്സിന്റെ സമ്പന്നമായ വീക്ഷണങ്ങൾ അതിന്റെ ചൈതന്യവത്തായ പൂർണ്ണതയിൽതന്നെ രൂപംകൊള്ളുന്നതിനുള്ള സാഹചര്യങ്ങളും ഒരുക്കപ്പെട്ടും). എന്നാൽ ഈ നിശ്ചിതപരിധികളുടെ അപചയത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന കേരളത്തിലേതുപോലുള്ള ഒരു സാമൂഹ്യവ്യവസ്ഥയിൽ കമ്മ്യൂണിസ്റ്റ് വിപ്ലവകാരികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ രാഷ്ട്രീയസംജ്ഞകളും അവയെ അടിസ്ഥാനമാക്കിയുള്ള വിവരണങ്ങളും ഏറെയൊന്നും സഹായകമല്ല. ഈ സംജ്ഞകളും വിവരണങ്ങളും ക്ലാസ്സിക്കൽ മാർക്സിസത്തിന്റെ സാമൂഹ്യവിശകലനങ്ങളിൽനിന്നും രൂപംകൊണ്ടിട്ടുള്ളതാണ്. ഒരു രാഷ്ട്രീയവ്യവസ്ഥ ചരിത്രപരമായി കാലഹരണപ്പെടുകയും പുതിയൊരു രാഷ്ട്രീയവ്യവസ്ഥ രൂപംകൊള്ളുന്ന ചരിത്രസന്ധികളിൽ രൂപീകരിക്കപ്പെട്ടവയാണ് ഈ സിദ്ധാന്തങ്ങളിലധികവും. മാർക്സിന്റെ കാലഘട്ടത്തിലെ യൂറോപ്യൻ രാജ്യങ്ങളും ഈ നൂറ്റാണ്ടിന്റെ ആരംഭത്തിലെ റഷ്യയും പില്ക്കാലത്തെ ചൈനീസ് സമൂഹവും ഇത്തരമൊരു ചരിത്രസന്ധിയുടെ വിസ്ഫോടനാത്മക രൂപങ്ങളായിരുന്നു.

എന്നാൽ കേരളം ഈ വിസ്ഫോടനാത്മകതയെ അതിജീവിച്ച സമൂഹങ്ങളിലൊന്നാണ്. മുന്നോക്കം നില്ക്കുന്ന അധിനിവേശശക്തികൾക്കു വിധേയമായി അവരുടെ ഖനികളിലും, തോട്ടങ്ങളിലും ജീവനൊടുക്കേണ്ടിവന്ന അമേരിക്കൻ രാജ്യങ്ങളിലെയും (പ്രധാനമായും ലാറ്റിൻ അമേരിക്കയിലെ) മറ്റും ദേശീയ ജനവിഭാഗങ്ങളിൽനിന്നും ദേശിയതയുടെ വിപ്ലവോന്മുഖമായ വികാസത്തിലൂടെ അധിനിവേശിത ശക്തികൾക്കുമേൽ വിജയം നേടിയ ചൈനീസ് ജനതയിൽനിന്നും വിഭിന്നമായി കേരളത്തിന്റെ തനതായ സാമൂഹ്യവ്യവസ്ഥയും അധിനിവേശിതവ്യവസ്ഥയും തമ്മിൽ നൂറ്റാണ്ടുകൾ നീണ്ടുനിന്ന പ്രതിപ്രവർത്തനങ്ങളിലൂടെ തികച്ചും പുതിയൊരു സാമൂഹ്യവ്യവസ്ഥയാണ് ഇവിടെ രൂപംകൊണ്ടിരിക്കുന്നത്. ഇതാകട്ടെ ഇപ്പോഴും നിരന്തരമായ പരിണാമങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്നു. ഈ പരിണാമങ്ങളുടെ ചരിത്രം പരിശോധിച്ചാൽ ഇന്ന് കേരളീയ സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്ന പരിവർത്തനപ്രക്രിയ, അല്പദശകങ്ങൾക്കുമുമ്പുവരെയുള്ള കേരളത്തിന്റെ വികാസപ്രക്രിയയിൽനിന്നും വിഭിന്നമായി ഒരു വ്യത്യസ്തഘട്ടത്തെയാണ് പ്രതിനിധീകരിക്കുന്നത് എന്നുകാണാം. രണ്ടു വിഭിന്ന സാമൂഹ്യവ്യവസ്ഥകൾ തമ്മിലുള്ള പ്രതിപ്രവർത്തനങ്ങൾ, ഈ നാടിന്റെ തനതായ സാമൂഹ്യഘടനയെ ഏറെക്കുറെ പൂർണ്ണമായും പരിവർത്തനവിധേയമാക്കുകയും, അങ്ങനെ ഒരു പ്രതിപ്രവർത്തനത്തെത്തന്നെ പുതിയൊരു തലത്തിലേക്കുയർത്തുകയും ചെയ്തു എന്നതാണ് ഇതിന്റെ കാരണമായുള്ളത്.

കേരളത്തിന്റെ നാട്ടുരാജാക്കൻമാർക്കുമേൽ സൈനികമായ വിജയം നേടിയതോടെ, ഇന്നാടിന്റെ തനതായ രാഷ്ട്രീയഘടനയെ വൈദേശിക ശക്തികളുടെ രാഷ്ട്രീയാധികാരത്തിന്റെ അനുബന്ധമാക്കിത്തീർത്തതോടെയാണ് കേരളചരിത്രത്തിൽ ഈ പരിവർത്തനപ്രക്രിയ

ആരംഭിക്കുന്നത്. പഴയ സാമൂഹ്യവ്യവസ്ഥ പുതിയൊരു സാമൂഹ്യവ്യവസ്ഥയ്ക്കു വഴിമാറിക്കൊടുക്കുന്ന ഇക്കാലം—പതിനാറാം നൂറ്റാണ്ട്—കേരളചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ ഒന്നാണ്. കേരളത്തിന്റെ ദേശീയ ജീവിതത്തെ സുദൃഢീകരിക്കുംവിധത്തിൽ ആധുനിക മലയാളഭാഷയും, സാഹിത്യകൃതികളും ജനജീവിതത്തിന് അടിത്തറയായ പുതിയൊരു മൂല്യബോധവും രൂപംകൊള്ളുന്നത് ഇക്കാലത്താണ്. ഇക്കാലത്തുണ്ടായ സാമൂഹ്യനവോത്ഥാനം വിശദമായ പഠനമർഹിക്കുന്നു.

കേരളത്തിന്റെ തനതായരാഷ്ട്രീയസംഘടനയ്ക്കുമേൽ മുകളിൽനിന്ന് ആധിപത്യംനേടിയ സാമ്രാജ്യത്വശക്തികളും ആ അധികാരത്തെ ഉപയോഗിച്ചുകൊണ്ട് ഇന്നാടിന്റെ തനതായ സമ്പദ്വ്യവസ്ഥയെ മുതലാളിത്തരീതിയിലുള്ളതാക്കിമാറ്റിക്കൊണ്ട് തങ്ങളുടെ ചൂഷണത്തിന് ഏറ്റവുമനുയോജ്യമായ ഒരുവ്യവസ്ഥ സൃഷ്ടിക്കാൻ നടത്തിയ ശ്രമങ്ങൾ ജാതിവ്യവസ്ഥയിലധിഷ്ഠിതമായ കേരളത്തിന്റെ തനതായ സാമൂഹ്യവ്യവസ്ഥയുടെ അടിത്തറ തകർക്കുകയാണുണ്ടായത്.

(അപൂർണം)

അദ്ധ്യായം *9*

# സാംസ്കാരികവിപ്ലവം: പരസ്പരവിരുദ്ധമായ രണ്ടു വീക്ഷണങ്ങൾ

— കെ. വേണു

1960-കളിൽ ചൈനയിൽ ആരംഭിച്ച മഹത്തായ തൊഴിലാളിവർഗ്ഗസാംസ്കാരികവിപ്ലവം ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ ഒരു നാഴികക്കല്ലായിരുന്നു എന്ന് കമ്മ്യൂണിസ്റ്റുകാരല്ലാത്തവർപോലും ഇന്നു മനസ്സിലാക്കി തുടങ്ങിയിട്ടുണ്ട്. മാവോയുടെ നിര്യാണത്തിനുശേഷം ചൈനയിൽ സാംസ്കാരികവിപ്ലവത്തിനുനേരിട്ട തിരിച്ചടി, ഒരു തരത്തിലും അതിന്റെ ചരിത്രപരമായ പ്രാധാന്യത്തിന് മങ്ങലേല്പിച്ചിട്ടില്ല. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ മാത്രമല്ല മനുഷ്യവംശത്തിന്റെ തന്നെ പുരോഗതിയെ ബാധിക്കുന്ന കാതലായ പ്രശ്നങ്ങൾക്കുത്തരം കണ്ടെത്താനുള്ള ഒരു ശ്രമംകൂടി ആയിരുന്നു അതെന്ന് പലരും മനസ്സിലാക്കാൻ തുടങ്ങിയിട്ടുണ്ട്. സാംസ്കാരികവിപ്ലവത്തെതന്നെ പാടേനിഷേധിച്ചുകൊണ്ട് ചൈനയിൽ ഇപ്പോൾ ആരംഭിച്ചിട്ടുള്ള തിരിച്ചുപോക്ക് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനു മുന്നിൽ ഉയർത്തിയിട്ടുള്ള വെല്ലുവിളിയുടെ ഗൗരവം ഉൾക്കൊള്ളുന്ന ആർക്കുംതന്നെ സാംസ്കാരികവിപ്ലവത്തിൽനിന്നു പാഠങ്ങൾ പഠിക്കാതെ മുന്നോട്ടു പോകാനാവില്ല. സോവിയറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും ആരംഭിച്ച മുതലാളിത്തത്തിലേക്കുള്ള തിരിച്ചുപോക്ക് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനേല്പിച്ച ആഘാതത്തിൽനിന്ന് അതിനെ മോചിപ്പിച്ചത് വാസ്തവത്തിൽ ചൈനയിലെ സാംസ്കാരികവിപ്ലവമാണ്. മുതലാളിത്തപുനഃസ്ഥാപനം എന്ന ഭീഷണിയെ നേരിടാൻ കഴിയും എന്ന പുതിയ പ്രതീക്ഷ വളർത്താൻ അത് സഹായിച്ചു. എന്നാൽ മാവോയ്ക്കുശേഷം ചൈനയിലും മുതലാളിത്തപുനഃസ്ഥാപനം ആരംഭിച്ചതോടെ ആ പ്രതീക്ഷയും അസ്ഥാനത്താണെന്നുള്ള ചിന്താഗതി വളരാൻ തുടങ്ങി. സാംസ്കാരികവിപ്ലവത്തെ ഉപരിപ്ലവമായി നോക്കിക്കണ്ടവരിൽ ഇത്തരം ചിന്താഗതി അതിവേഗം വേരുറച്ചു, സാംസ്കാരികവിപ്ലവത്തിന് താല്ക്കാലികമായ തിരിച്ചടി നേരിട്ടതുകൊണ്ടുമാത്രം അതു മുന്നോട്ടുവെച്ച പാഠങ്ങളുടെ പ്രാധാന്യം കുറയുന്നില്ലെന്ന് മനസ്സിലാക്കിയവർ ഇങ്ങനെ നിരാശരാകാതെ ആ പാഠങ്ങൾ, ഉൾക്കൊള്ളുകയും വികസിപ്പിക്കുകയും ചെയ്യാനുള്ള ശ്രമത്തിലേർപ്പെട്ടു. ലോകത്തിന്റെ പല ഭാഗത്തുമുള്ള മാർക്സിസ്റ്റ്—

ലെനിനിസ്റ്റുകൾ ആരംഭിച്ചിട്ടുള്ള ഇത്തരം ശ്രമങ്ങളാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഭാവി തന്നെ നിർണ്ണയിക്കാൻ പോകുന്നത്.

ചൈനയിൽ നടന്ന തൊഴിലാളിവർഗ്ഗ സാംസ്കാരികവിപ്ലവം പ്രധാനമായും 'തൊഴിലാളി വർഗ്ഗ സർവ്വാധിപത്യത്തിൻ കീഴിൽ വർഗ്ഗസമരം തുടരുന്നതെങ്ങിനെ' എന്ന പ്രശ്നത്തിനുള്ള ഉത്തരമെന്ന നിലയ്ക്കാണ് ഉയർന്നുവന്നത്. എങ്കിലും, അതിന്റെ പാഠങ്ങൾക്ക് പ്രസക്തിയുണ്ട്. കാരണം, വിപ്ലവപൂർവ്വഘട്ടത്തിൽ പ്രസ്ഥാനത്തിനുള്ളിൽ വേരൂന്നാൻ ശ്രമിക്കുന്ന മുതലാളിത്ത ചിന്താഗതികൾതന്നെയാണ് വിപ്ലവത്തിനുശേഷവും മുതലാളിത്തപാതയായി വളർന്നുവരുന്നത്. വിപ്ലവപൂർവ്വഘട്ടത്തിൽതന്നെ ഇത്തരം പ്രവണതകൾക്കെതിരായ സമരവും ആ സമരത്തിന്റെ രീതിയും വിപ്ലവത്തിനുശേഷമുള്ള സമരം തുടരുന്നതിന് സഹായകമായിത്തീരും. ഈ രണ്ടുഘട്ടത്തിലുമുള്ള സമരം തമ്മിൽ അദമ്യമായ ബന്ധമുണ്ട്. ഈ പരസ്പര ബന്ധം മനസ്സിലാക്കാതെ, സാംസ്കാരികവിപ്ലവത്തിന്റെ പാഠങ്ങൾ ഉൾക്കൊള്ളുക സാധ്യമല്ല.

ഇന്ന് കേരളത്തിലെ വിപ്ലവപ്രസ്ഥാനത്തിനുള്ളിൽ സാംസ്കാരികവിപ്ലവത്തിന്റെ പാഠങ്ങൾ സജീവമായ ചർച്ചാവിഷയമാണ്. വിപ്ലവത്തിന്റെ ഇന്നത്തെ ഘട്ടത്തിൽതന്നെ സാംസ്കാരിക വിപ്ലവത്തിന്റെ പാഠങ്ങൾ ഉൾക്കൊള്ളുകയും നടപ്പിലാക്കി തുടങ്ങുകയും ചെയ്യേണ്ടതുണ്ട് എന്ന സ്പിരിറ്റിൽതന്നെയാണ് ഇവിടെ ഇതേക്കുറിച്ചുള്ള ചർച്ചകൾ ആരംഭിച്ചത്. പക്ഷേ, പലപ്പോഴും, അമിതാവേശംമൂലം ഈ ദിശയിലുള്ള അന്വേഷണങ്ങളുടെ ഗൗരവസ്വഭാവം നഷ്ടപ്പെടുകയും വഴിതെറ്റിപ്പോവുകപോലും ചെയ്യുന്നുണ്ട്. ചൈനയിലെ സാംസ്കാരികവിപ്ലവത്തിന്റെ രാഷ്ട്രീയപ്രാധാന്യം ശരിയായി ഉൾക്കൊള്ളാത്തതുകൊണ്ടുണ്ടാകുന്ന പാളിച്ചകൾ നിസ്സാരങ്ങളല്ല, ഇത്തരം പാളിച്ചകൾ, ചൈനയിലെ സാംസ്കാരികവിപ്ലവം മുന്നോട്ടുവെച്ച പാഠങ്ങളെ പാടേ നിഷേധിക്കുന്നതരം തെറ്റായ വീക്ഷണങ്ങൾക്കുപോലും വഴിവെക്കുന്നുണ്ട്. മാത്രമല്ല, സാംസ്കാരികവിപ്ലവത്തിന്റെ പാഠങ്ങൾ എന്ന പേരിൽ മാർക്സിസ്റ്റുവിരുദ്ധമായ പല വീക്ഷണങ്ങളും, പ്രചരിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഇത്തരം വീക്ഷണങ്ങൾ തിരിച്ചറിയാനും അവയെ പരാജയപ്പെടുത്താനും കഴിഞ്ഞാൽ മാത്രമേ സാംസ്കാരികവിപ്ലവത്തെക്കുറിച്ചുള്ള ശരിയായപാഠങ്ങൾ ഉൾക്കൊള്ളാനും നടപ്പിലാക്കാനും കഴിയൂ.

ഒക്ടോബർവിപ്ലവത്തെതുടർന്നുള്ള കാലഘട്ടത്തിൽ, കമ്യൂണിസ്റ്റുപ്രസ്ഥാനത്തിൽ, പ്രത്യേകിച്ചും, യൂറോപ്യൻ കമ്യൂണിസ്റ്റുപാർട്ടികളിൽ സാംസ്കാരികവിപ്ലവത്തെക്കുറിച്ചുള്ള ആശയങ്ങൾ ഉയർന്നുവന്നിരുന്നു. ഒക്ടോബർ വിപ്ലവത്തിലുംമറ്റും നടന്നതുപോലെ രാഷ്ട്രീയവും സാമ്പത്തികവുമായ തലങ്ങളിലെ വിപ്ലവംകൊണ്ടുമാത്രം മനുഷ്യരുടെ മോചനം പൂർത്തീകരിക്കപ്പെടുന്നില്ലെന്നും സാംസ്കാരികമണ്ഡലത്തിൽകൂടി സമൂലവിപ്ലവം ആവശ്യമാണെന്നുമുള്ള ഒരു വാദമുഖമാണ് ഇങ്ങനെ ഉയർന്നുവന്നത്. മാത്രമല്ല, മാർക്സിയൻ വീക്ഷണത്തിൽ ഇത്തരമൊരു സാംസ്കാരികവിപ്ലവപരിപാടി ഉൾക്കൊണ്ടിട്ടില്ലെന്നും അതുകൊണ്ട് അങ്ങനെയൊന്ന് ആവിഷ്കരിക്കേണ്ടതുണ്ടെന്നും ഈ വാദമുഖത്തിന്റെ വക്താക്കൾ സമർത്ഥിച്ചു. 1920-കളിലും 30-കളിലുമായി വളർന്നുവന്ന സാംസ്കാരികവിപ്ലവവാദികൾ എന്നപേരിൽ അറിയപ്പെട്ടിരുന്ന ഈ ചിന്താഗതിക്കാർ ഒരു സമ്പൂർണ്ണവിപ്ലവപരിപാടി മുന്നോട്ടുവെയ്ക്കുകയുണ്ടായി.

അടിസ്ഥാനപരമായി മാർക്സിസത്തെ അംഗീകരിക്കുന്നവരാണ് തങ്ങളെന്ന് ഈ ചിന്താഗതിക്കാരെല്ലാവരുംതന്നെ ഊന്നിപ്പറയാൻ മറന്നിരുന്നില്ല. മാർക്സിന്റെ കാലഘട്ടത്തിലെ സ്വതന്ത്രമത്സരമുതലാളിത്തത്തിൽ മനുഷ്യൻ പ്രധാനമായും സാമ്പത്തികചൂഷണത്തിനും രാഷ്ട്രീയമർദ്ദനത്തിനുമാണ് വിധേയമായിക്കൊണ്ടിരുന്നത്. പക്ഷേ, ഇപ്പോൾ, കുത്തകമുതലാളിത്ത

ത്തിലേക്കും ഫാസിസത്തിലേക്കും വളർന്ന മുതലാളിത്തത്തിൽ മനുഷ്യൻ എല്ലാതരത്തിലും അടിച്ചമർത്തപ്പെട്ടുകൊണ്ടിരിക്കുകയാണ്. വ്യക്തിക്ക് ഏതെങ്കിലും തരത്തിലുള്ള സ്വതന്ത്രമായ നിലനില്പ് അസാധ്യമായിത്തീർന്നിരിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ രാഷ്ട്രീയമോചനത്തിനുപരിയായി വ്യക്തിയുടെ സമഗ്രവും വ്യക്തിപരവുമായ മോചനം സാധ്യമാകത്തക്കവിധം ഒരു സമഗ്രവിപ്ലവപരിപാടിയാണാവശ്യം.

മാർക്സിന്റെ കാലത്ത് സ്ഥിതിഗതികൾ ഇത്ര രൂക്ഷമായിരുന്നില്ലെങ്കിൽപോലും, മാർക്സ്, ഓരോ വ്യക്തിയുടെയും സർവ്വതോന്മുഖമായ വികാസത്തിനു കളമൊരുക്കാത്ത ഒരു സാമൂഹ്യക്രമത്തിലേക്കുള്ള വളർച്ചയാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ രണ്ടാം ഇൻറർനാഷണലിന്റെ ആധിപത്യകാലത്ത് മാർക്സിന്റെ ഈ സമഗ്രവീക്ഷണം അവഗണിക്കപ്പെടുകയും വിപ്ലവത്തിന്റെ പ്രശ്നങ്ങൾ സാമ്പത്തിക മണ്ഡലത്തിൽ മാത്രം ഒതുങ്ങുന്നതാണെന്ന ധാരണ പ്രചരിപ്പിക്കപ്പെടുകയുംചെയ്തു. അങ്ങിനെ മാർക്സിയൻ വീക്ഷണത്തിന്റെ ജീവത്തായ ഘടകങ്ങൾ ചോർന്നുപോയി. രണ്ടാം ഇൻർനാഷണലിന്റെ 'ഈ കേവലസാമ്പത്തികവാദ'ത്തെ പരാജയപ്പെടുത്തിക്കൊണ്ടാണ് ഒക്ടോബർ വിപ്ലവം നടന്നതെന്നും സാംസ്കാരികവിപ്ലവവാദികൾ അംഗീകരിക്കുന്നുണ്ട്. അത്രത്തോളം അതിന്റെ ഗുണവശത്തെയും അവർ അംഗീകരിക്കുന്നു. അതേസമയം, ലെനിനും, ലെനിന്റെ നേതൃത്വത്തിൽ സ്ഥാപിതമായ മൂന്നാം ഇൻററനാഷനലും, കേവലസാമ്പത്തികവാദത്തെ പരാജയപ്പെടുത്തിക്കൊണ്ട് രാഷ്ട്രീയത്തെ നേതൃസ്ഥാനത്ത് അവരോധിക്കുന്നതിൽ വിജയിച്ചുവെങ്കിലും, അവരും സാംസ്കാരികമണ്ഡലത്തെ അവഗണിക്കുകയാണുണ്ടായതെന്നും ഇവർ കുറ്റപ്പെടുത്തുന്നു. അതുകൊണ്ട് ഒക്ടോബർ വിപ്ലവത്തിനുശേഷവും നിലവിലുണ്ടായിരുന്ന മുതലാളിത്തവ്യവസ്ഥയെ അപേക്ഷിച്ച് സോവിയറ്റ് യൂണിയനിൽ ഉടലെടുത്ത പുതിയ ഉല്പാദനബന്ധങ്ങളും മാനുഷികബന്ധങ്ങളും വളരെയധികം മുന്നോട്ടുപോയെങ്കിലും, മനുഷ്യന്റെ യഥാർത്ഥമോചനത്തിന്റെ പ്രശ്നം സാക്ഷാത്കരിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങളൊന്നും നടന്നില്ല. സാമ്പത്തികചൂഷണവും രാഷ്ട്രീയമർദ്ദനവും മാത്രമല്ല വർഗ്ഗസമൂഹത്തിലെ മനുഷ്യനെ നേരിടുന്നതെന്നും മാനസികതലത്തിൽ നടക്കുന്ന അടിച്ചമർത്തലും അത്രതന്നെ പ്രധാനമാണെന്നുള്ള കാര്യം ബോൾഷെവിക് വിപ്ലവത്തിനു നേതൃത്വം നല്കിയവരും അതിനെ മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിച്ചവരും വിസ്മരിച്ചുവെന്നാണ് സാംസ്കാരികവിപ്ലവവാദികളുടെ വിമർശനം. ഈ സമഗ്രവീക്ഷണത്തിന്റെ അഭാവം നിമിത്തം സാമൂഹ്യമായ പരിവർത്തനത്തിൽ മാത്രം ഏകപക്ഷീയമായ ഊന്നൽ നല്കപ്പെടുകയും വ്യക്തിയുടെ പരിവർത്തനം അവഗണിക്കപ്പെടുകയുംചെയ്തുവത്രെ. പിന്നെയും കേവലസാമ്പത്തികവാദപരമായ പ്രവണതകൾ ശക്തിപ്പെട്ടു. അതോടൊപ്പം തൊഴിലാളിവർഗ്ഗ ജനാധിപത്യം അധഃപതിക്കുകയും സ്റ്റാലിന്റെ കാലത്ത് ആധിപത്യം നേടിയ ഉദ്യോഗസ്ഥമേധാവിത്വം ശക്തിപ്രാപിക്കുകയും ചെയ്തുവെന്ന് അവർ ചൂണ്ടിക്കാട്ടുന്നു.

ഇത്തരമൊരു വീക്ഷണത്തിന്റെ വക്താക്കളായി 1920-കളിലും 30-കളിലും രംഗത്തുവന്ന സാംസ്കാരികവിപ്ലവവാദികൾ ഒരു ബദൽപരിപാടിയും മുന്നോട്ടുവെച്ചു. സാമൂഹ്യതലത്തിൽ വർഗ്ഗങ്ങളുടെ മോചനം യാഥാർത്ഥ്യമാവണമെങ്കിൽ വ്യക്തികളുടെ തലത്തിൽ, പ്രത്യേകിച്ചും മാനസികതലത്തിൽ മോചനം സാധ്യമാകത്തക്ക സമൂർത്തപരിപാടികൾ ആവശ്യമാണെന്ന് അവർ വാദിച്ചു. അതായത് രാഷ്ട്രീയവും സാമ്പത്തികവുമായ വിപ്ലവത്തോടൊപ്പം സാംസ്കാരികവും മാനസികവുമായ വിപ്ലവവും, കണ്ണിചേർക്കപ്പെടുന്ന ഒരു സമഗ്രപരിപാടിയാണ് തങ്ങൾക്കുള്ളതെന്ന് അവർ അവകാശപ്പെട്ടു. 1930-കളുടെ ആരംഭത്തിൽതന്നെ, ഇങ്ങിനെ സാംസ്കാരിക

വും, മനഃശാസ്ത്രപരവുമായ തലത്തിൽ നടക്കുന്ന പരിവർത്തനങ്ങളെക്കുറിച്ചുള്ള അജ്ഞതയും അവഗണനയും നിമിത്തമാണ്, ഫാസിസത്തിന്റെ വളർച്ചയെ തടഞ്ഞുനിറുത്താൻ കമ്മ്യൂണിസ്റ്റുകാർക്കു കഴിയാതെ പോകുന്നതെന്ന് അവർ ചൂണ്ടിക്കാണിച്ചിരുന്നു. വെറും സാമ്പത്തികാടിസ്ഥാനത്തിൽമാത്രം ഫാസിസത്തിന്റെ വളർച്ചയെ വിലയിരുത്താൻ കഴിയില്ലെന്നും സാമൂഹ്യമനഃശാസ്ത്ര സംബന്ധിയായ പ്രശ്നങ്ങളാണ് അവിടെ നിർണ്ണായക പങ്കുവഹിച്ചതെന്നും അവർ വാദിച്ചു. ജർമ്മനിയിൽ ഭൂരിപക്ഷം ജനങ്ങളും മുതലാളിത്തത്തിന് എതിരായിരിക്കുകയും നല്ലൊരു വിഭാഗം സോഷ്യലിസത്തെ അനുകൂലിക്കുകയുംചെയ്ത ഒരു സന്ദർഭത്തിൽ അവരുടെതന്നെ താത്പര്യങ്ങൾക്ക് വിരുദ്ധമായി അവർ ഫാസിസ്റ്റുകളുടെ പ്രചരണതന്ത്രത്തിൽ കുടുങ്ങിയതിന്റെ കാരണങ്ങൾ മനഃശാസ്ത്രതലത്തിലാണ് കൂടുതലായും അന്വേഷിക്കേണ്ടതെന്ന് സാംസ്കാരികവിപ്ലവവാദികൾ സമർത്ഥിച്ചു.

ഇങ്ങനെയൊരു പൊതുവായ, സമീപനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ വിഭാഗം സാംസ്കാരികവിപ്ലവവാദികൾ പല ദിശയിലുള്ള അന്വേഷണങ്ങൾ ആരംഭിക്കുകയുണ്ടായി. ഒരു വിഭാഗം സാമൂഹ്യവിപ്ലവത്തിൽ കലയുടെയും സർഗ്ഗാത്മകതയുടെയും മോചനം നിർണ്ണായകമാണെന്നുള്ള വാദമുഖവുമായി രംഗത്തുവന്നു. സൗന്ദര്യശാസ്ത്രത്തിന്റെ തലത്തിലുള്ള വിപ്ലവത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള സാംസ്കാരികവിപ്ലവത്തിന്റെ പരിപാടിയാണ് അവർ മുന്നോട്ടുവെച്ചത്. മറ്റൊരുവിഭാഗം വ്യക്തികളുടെ മാനസികവ്യാപാരത്തിലാണ് പ്രതിവിപ്ലവശക്തികൾക്കനുകൂലമായ ഘടകങ്ങൾ അടങ്ങിയിരിക്കുന്നതെന്ന നിഗമനത്തിലാണെത്തിയത്. ഫ്രോയ്ഡിയൻ മാനസികവിശകലന സമ്പ്രദായമുപയോഗിച്ചുകൊണ്ട്, അടിച്ചമർത്തപ്പെട്ട ലൈംഗികവികാരമാണ് വ്യക്തികളെ മാനസികമായി അടിമകളാക്കുന്നതെന്നും, ലൈംഗികമായ എല്ലാത്തരം വിലക്കുകളെയും തകർക്കുന്ന ഒരു ലൈംഗികവിപ്ലവത്തിലൂടെ വ്യക്തികൾ മാനസികമായി സ്വതന്ത്രരാക്കപ്പെട്ടാൽ മാത്രമേ യഥാർത്ഥ സാമൂഹ്യവിപ്ലവം സാധ്യമാകൂ എന്നുള്ള ഒരു കാഴ്ചപ്പാടാണ് അവർ അവതരിപ്പിച്ചത്. ഈ കാഴ്ചപ്പാടുമായി ബന്ധപ്പെട്ടുകൊണ്ടും സ്ത്രീവിമോചനപ്രസ്ഥാനത്തിന് ഊന്നൽ നല്കിക്കൊണ്ടുമുള്ള ഒരു ലൈംഗികവിപ്ലവപരിപാടിയും അവരാവിഷ്കരിച്ചു.

ഇങ്ങനെ പല പരിപാടികളും കാഴ്ചപ്പാടുകളും മുന്നോട്ടുവെക്കപ്പെട്ടുവെങ്കിലും, ഒറ്റപ്പെട്ട ബുദ്ധിജീവികളുടെ ഗ്രൂപ്പുകൾ എന്നതിൽ കവിഞ്ഞ് ഈ സാംസ്കാരിക വിപ്ലവവാദികൾക്കു കമ്മ്യൂണിസ്റ്റുപ്രസ്ഥാനത്തിനുള്ളിലോ പുറത്തോ ഗണ്യമായ എന്തെങ്കിലും ചലനമുണ്ടാക്കാൻ കഴിഞ്ഞില്ല. വെറും സൈദ്ധാന്തികതലത്തിൽമാത്രം പഠനവും ചർച്ചയും മറ്റും നടത്തുന്ന ഗ്രൂപ്പുകളായി ഇവ പരിണമിച്ചു. പിന്നീട് 1960-കളിലാണ് ഏറെക്കുറെ ഇതേ കാഴ്ചപ്പാടുകൾതന്നെ പുതിയ രൂപത്തിൽ തലപൊക്കാൻ തുടങ്ങിയത്. സോവിയറ്റ് യൂണിയനിൽ നടന്ന മുതലാളിത്തപുനഃസ്ഥാപനത്തിന്റെ പശ്ചാത്തലത്തിൽ, ഈ ചിന്താഗതികൾക്കും പുതിയ പ്രസക്തി ലഭിച്ചതാണിതിനു കാരണം. സമഗ്രമായ ഒരു സാംസ്കാരികവിപ്ലവപരിപാടിയുടെ അഭാവത്തിൽ ഒരു സോഷ്യലിസ്റ്റ് സമൂഹം ഉദ്യോഗസ്ഥമേധാവിത്വപരമായ ഒരു സമൂഹമായി അധഃപതിക്കുമെന്നുള്ള അവരുടെ കാഴ്ചപ്പാട് ശരിയാണെന്നും സോവിയറ്റുയൂണിയനിലെ അനുഭവങ്ങൾ തെളിയിച്ചു. കൂടാതെ, 1968-ൽ ഫ്രാൻസിൽ പൊട്ടിപ്പുറപ്പെട്ട യുവജന-വിദ്യാർത്ഥികലാപത്തിനു പിന്നിൽ ഈ ആശയങ്ങൾ സ്വാധീനം ചെലുത്തിയിരുന്നു. ആ കലാപം പരാജയപ്പെട്ടെങ്കിലും നവീന ഇടതുപക്ഷക്കാർക്ക് പുതിയൊരു ഉണർവുണ്ടാക്കാൻ അതു സഹായിച്ചു. എങ്കിലും പിന്നെയും ഇത്തരം കാഴ്ചപ്പാടുകൾ എങ്ങും വേരുറയ്ക്കാതെ പോവുകയാണുണ്ടായത്.

ഒറ്റനോട്ടത്തിൽ നോക്കിയാൽ സാംസ്കാരികവിപ്ലവവാദികൾ മുന്നോട്ടുവെച്ച കാഴ്ചപ്പാടുകൾ ശരിയാണെന്നു തോന്നും. കാരണം, സാമ്പത്തികവും രാഷ്ട്രീയവുമായ വിപ്ലവത്തോടൊപ്പം സാംസ്കാരികവിപ്ലവംകൂടി ഉണ്ടായാലേ സാമൂഹ്യവിപ്ലവം പൂർണ്ണമാകൂ എന്ന നിലപാടു തികച്ചും ശരിയാണ്. ഒക്ടോബർ വിപ്ലവത്തിനുശേഷവും സാംസ്കാരികമണ്ഡലത്തിലെ വിപ്ലവത്തിനു അർഹമായ പ്രാധാന്യവും പരിഗണനയും നല്കപ്പെട്ടില്ല എന്ന വിമർശനവും ശരിയാണ്. പക്ഷേ, ഇത്തരമൊരു തെറ്റ് തിരുത്തുന്നു എന്നപേരിൽ നേരെ തിരിച്ചുള്ള ഏകപക്ഷീയവീക്ഷണമാണ് അവർ അവതരിപ്പിച്ചത്. സാമ്പത്തികവും രാഷ്ട്രീയവുമായ വിപ്ലവത്തിന് അനുപൂരകമായി സാംസ്കാരികരംഗത്തെ വിപ്ലവത്തിനും ഊന്നൽ നല്കുക എന്ന നിലപാടിനു പകരം, സാമ്പത്തികവും രാഷ്ട്രീയവുമായ വിപ്ലവത്തെ അവഗണിക്കുകയും സാംസ്കാരികതലത്തിലെ വിപ്ലവത്തിന് ഏകപക്ഷീയമായ ഊന്നൽ നല്കുകയും ചെയ്യുന്നതിലേക്കാണ് അവരെത്തിച്ചേർന്നത് . പിന്നീട് അത് സാംസ്കാരികമണ്ഡലത്തിലെ വിപ്ലവം എന്നതിൽ നിന്നും വ്യക്തികളുടെ മാനസികതലത്തിലെ വിപ്ലവം എന്നതിലേക്കു ചുരുങ്ങി. സോവിയറ്റു യൂണിയനെപ്പോലുള്ള സോഷ്യലിസ്റ്റു രാജ്യങ്ങളിൽ ശക്തിപ്രാപിച്ചുവന്ന ഉദ്യോഗസ്ഥമേധാവിത്വപ്രവണതയുടെ ഉറവിടം അവർ കണ്ടെത്തിയത് സ്റ്റാലിനെപ്പോലെ നേതൃത്വതലത്തിലുള്ള വ്യക്തികളുടെ മാനസികഘടനയിലാണ്. മാനസികവിശകലന സമ്പ്രദായമുപയോഗിച്ചുകൊണ്ട് വ്യക്തികളിലുള്ള ഉദ്യോഗസ്ഥമേധാവിത്വപ്രവണത കണ്ടെത്താനും അതു പരിഹരിക്കാനുമുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കാനുമാണു ശ്രമിച്ചത്. ഹിറ്റ്ലറുടെ മാനസികഘടനയിലെ വൈകല്യങ്ങളായിരുന്നു ഫാസിസത്തിന് കാരണമായിത്തീർന്നതെന്നുവരെ അവർ പറയാൻ തുടങ്ങി. മാർക്സിസത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ അംഗീകരിക്കുന്നു എന്നും അവർ ആവർത്തിച്ചു പറഞ്ഞിരുന്നുവെങ്കിലും, ഇത്തരം നിലപാടുകളിലൂടെ അവർ മാർക്സിസത്തെ പൂർണ്ണമായും നിഷേധിക്കുകയാണ് ചെയ്തത്. ചരിത്രത്തിന്റെ ഗതി നിർണ്ണയിക്കുന്നത് മഹാന്മാരായ വ്യക്തികളാണ് എന്ന ചരിത്രത്തെക്കുറിച്ചുള്ള ബൂർഷ്വാ ആശയവാദനിലപാടിലേക്കാണ് അവർ എത്തിച്ചേർന്നത്. ഫലത്തിൽ അവർ മാർക്സിസ്റ്റു വിരുദ്ധവും പ്രതിവിപ്ലവപരവുമായ നിലപാടാണ് ഉയർത്തിപ്പിടിച്ചതെന്ന് ചുരുക്കം.

സാംസ്കാരികവിപ്ലവത്തെക്കുറിച്ചു നിലനിന്നിരുന്ന ഇത്തരമൊരു കാഴ്ചപ്പാടിന്റെ പശ്ചാത്തലത്തിലാണ്, ചൈനയിലെ സാംസ്കാരികവിപ്ലവം നോക്കിക്കാണേണ്ടത്. സോവിയറ്റ് യൂണിയനിൽ നടന്ന മുതലാളിത്ത പുനഃസ്ഥാപനം തന്നെയാണു ചൈനയിലെ സാംസ്കാരികവിപ്ലവത്തിനും പ്രചോദനമേകിയത്. സോവിയറ്റ് യൂണിയനിൽ നടന്ന മുതലാളിത്ത പുനഃസ്ഥാപനത്തിന്റെ കാരണങ്ങളെക്കുറിച്ച് മാവോ ആഴത്തിലുള്ള പഠനങ്ങൾ നടത്തി. സ്റ്റാലിന്റെ വ്യക്തിപരമായ സ്വഭാവവിശേഷത്തിലല്ല ആ അന്വേഷണങ്ങൾ ചെന്നെത്തിയത്. തീർച്ചയായും സ്റ്റാലിന്റെ ഉദ്യോഗസ്ഥമേധാവിത്വപരമായ സമീപനം വിമർശന വിധേയമായിട്ടുണ്ട്. പക്ഷേ, മാവോയുടെ അന്വേഷണം ചെന്നെത്തിയത് സ്റ്റാലിന്റെയും അതുവഴി സി.പി.എസ്.യു.വിന്റെയും വീക്ഷണത്തിലുള്ള തകരാറുകളിലേക്കാണ്. എല്ലാ പ്രശ്നങ്ങളെ സമീപിക്കുന്നതിലും വൈരുധ്യാധിഷ്ഠിത വീക്ഷണം പുലർത്താൻ സ്റ്റാലിന് കഴിഞ്ഞിരുന്നില്ല. തന്മൂലം സോഷ്യലിസ്റ്റ് സമൂഹത്തിൽ വർഗ്ഗസമരം തുടർന്നുകൊണ്ടിരിക്കുന്ന വസ്തുത കണ്ടെത്താൻ സ്റ്റാലിനു കഴിഞ്ഞില്ല. സോവിയറ്റ് യൂണിയനിൽ ശത്രുവർഗങ്ങൾ ഇല്ലാതായിരിക്കുന്നുവെന്നും, വർഗ്ഗസമരംതന്നെ അവസാനിച്ചിരിക്കുന്നു എന്നും ഭരണഘടനയിൽ എഴുതിച്ചേർക്കപ്പെട്ടു. എന്നാൽ യഥാർത്ഥത്തിൽ വർഗ്ഗസമരം തുടർന്നുകൊണ്ടേയിരുന്നു. സോഷ്യലിസ്റ്റ് കാലഘട്ടത്തിലെ വർഗ്ഗസമരത്തെക്കുറിച്ചുള്ള വീക്ഷണത്തിന്റെ അഭാവത്തിൽ, ആ വർഗ്ഗസമരത്തെ ബോധപൂർവ്വം നയി

ക്കാൻ സ്റ്റാലിനും കഴിഞ്ഞില്ല. വർഗ്ഗസമരത്തെക്കുറിച്ചുള്ള ശരിയായ വീക്ഷണമുണ്ടായിരുന്നു വെങ്കിൽ ജനങ്ങളുടെ സഹകരണം തേടിക്കൊണ്ട് ശത്രുവർഗങ്ങളെ പരാജയപ്പെടുത്തുവാൻ കഴിയുമായിരുന്നു. വർഗ്ഗസമരമെന്ന നിലക്ക് കാര്യങ്ങൾ നോക്കിക്കാണാതിരുന്നതുകൊണ്ടാണ് പാർട്ടിക്കുള്ളിലെ അച്ചടക്കനടപടികളിലൂടെയും രഹസ്യപോലീസിന്റെ സഹായത്തോടെയും ശത്രുക്കളെ നേരിടുന്ന ഉദ്യാഗസ്ഥമേധാവിത്വപരമായ രീതി സ്റ്റാലിൻ സ്വീകരിച്ചത്.

മുതലാളിത്ത പുനഃസ്ഥാപനത്തിന് സഹായകമായിവർത്തിച്ച ഉദ്യോഗസ്ഥമേധാവിത്വ പ്രവണത ഒരു രോഗലക്ഷണം മാത്രമാണെന്നാണ് ഇത് കാണിക്കുന്നത്. സോഷ്യലിസ്റ്റ് കാലഘട്ടത്തിലെ വർഗ്ഗസമരത്തെ അവഗണിച്ചതിൽനിന്നാണ് സ്റ്റാലിന്റെ കാലത്ത് ശക്തിപ്രാപിച്ച ഉദ്യോഗസ്ഥമേധാവിത്വം വളർന്നുവന്നത്. അതുകൊണ്ടാണ്, ചൈനയിലും അത്തരം മുതലാളിത്ത പുനഃസ്ഥാപന പ്രക്രിയ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലെന്ന നിലക്ക്, സോഷ്യലിസ്റ്റ് കാലഘട്ടത്തിലെ വർഗ്ഗസമരത്തിൽ ഊന്നൽ നല്കുന്ന നിലപാട് മാവോ സ്വീകരിച്ചത്. 1957-മുതൽക്കുതന്നെ മാവോ ഈ ദിശയിലുള്ള ശ്രമങ്ങളും അന്വേഷണവും ആരംഭിച്ചു. 1959–60 കാലത്തും മാവോ എഴുതിയ 'സോവിയറ്റ് സാമ്പത്തിക ശാസ്ത്രപാഠപുസ്തകത്തെക്കുറിച്ചുള്ള വിമർശനക്കുറിപ്പുകളിൽ, ഇത്തരമൊരു അന്വേഷണത്തിന്റെ യഥാർത്ഥരൂപം കാണാൻ കഴിയും. സോഷ്യലിസ്റ്റ് കാലഘട്ടത്തിൽ വളർന്നുവരുന്ന മുതലാളിത്ത പ്രവണതകൾക്കെതിരായ സമരം ഉല്പാദനബന്ധങ്ങളുടെ മണ്ഡലത്തിലാണ് പ്രധാനമായും നടത്തേണ്ടതെന്ന നിഗമനത്തിലാണ് മാവോ എത്തിച്ചേരുന്നത്. ഓരോ ഫാക്റ്ററിയിലും കൂട്ടുകൃഷിക്കളത്തിലും മാനേജ്മെൻറും തൊഴിലാളി-കർഷക ബഹുജനങ്ങളും തമ്മിലുള്ള ബന്ധത്തിൽ നിരന്തര പരിവർത്തനമുണ്ടാക്കുകയും അവർ തമ്മിലുള്ള വൈരുധ്യം പരിഹരിച്ചുകൊണ്ടുവരികയും ചെയ്യുക എന്നുള്ളതാണ് മുതലാളിത്ത പുനഃസ്ഥാപനം തടയുന്നതിൽ നിർണ്ണായകമായിട്ടുള്ളതെന്നും മാവോ കണ്ടെത്തി. അതായത് ഉല്പാദനബന്ധങ്ങളിലെ മാറ്റത്തിനാണ് പ്രാധാന്യം നല്കേണ്ടതെന്നു ചുരുക്കം. എന്നാൽ ഉല്പാദനബന്ധങ്ങളിലെ മാറ്റമെല്ലാം പൂർത്തിയായിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ഉല്പാദനശക്തികളുടെ വികാസത്തിൽമാത്രം ഊന്നൽ നല്കുന്ന സമ്പ്രദായമാണ് തിരുത്തൽവാദികൾ സ്വീകരിച്ചത്. ഇതിനെതിരായ ഒരു സമരമാണ് മാവോ ആരംഭിച്ചത്.

1960-കളുടെ ആരംഭത്തിൽതന്നെ ഇത്തരമൊരുസമരത്തിന്റെ ആവശ്യകതയെക്കുറിച്ച് വ്യക്തത ലഭിച്ചിരുന്നുവെങ്കിലും, അതിന്റെ രൂപം എന്തായിരിക്കണമെന്ന കാര്യത്തിൽ വ്യക്തയുണ്ടായിരുന്നില്ല. ആ അന്വേഷണം തുടരുകയായിരുന്നു. ആ അന്വേഷണത്തിന്റെ ഫലമായിട്ടാണ് തൊഴിലാളി വർഗ്ഗസർവ്വാധിപത്യത്തിൻകീഴിലെ വർഗ്ഗസമരം ബോധപൂർവ്വം മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ഒരു രൂപമെന്നനിലക്ക് സാംസ്കാരികവിപ്ലവം രൂപംകൊണ്ടതു്. വിദ്യാഭ്യാസരംഗത്തു് ആവശ്യമായ പരിഷ്കാരങ്ങളുടെ പ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ടാണ് സാംസ്കാരികവിപ്ലവത്തിനും ആരംഭം കുറിച്ചതെന്നും പറയാം. പിന്നീടതു നാടകം തുടങ്ങിയ കലാരംഗത്തെ ആശയസമരമായി മാറി. പൊതുവിൽ ഉപരിഘടനയിലെ സമരത്തിനും ഊന്നൽ നല്കുന്ന ഒരു രീതിയാണ് അവലംബിക്കപ്പെട്ടത്. കാരണം, ഉപരിഘടനയിൽ പ്രത്യേകിച്ചും, ആശയമണ്ഡലത്തിൽ പിന്നെയും, അവശേഷിക്കുന്ന പിന്തിരിപ്പൻ ആശയങ്ങളുടെ മറപിടിച്ചുകൊണ്ടാണ് ബൂർഷ്വാസി മുതലാളിത്ത ഉല്പാദന ബന്ധങ്ങൾ പുനഃസ്ഥാപിക്കാൻ ശ്രമിക്കുന്നതു് . അതുകൊണ്ടാണ് സോഷ്യലിസ്റ്റുകാലഘട്ടത്തിൽ ഉപരിഘടനയിലെ വിപ്ലവം നിർണ്ണായകമായി തീരുന്നതു്. പക്ഷേ, ഉപരിഘടനയിലെ വിപ്ലവം എന്നു പറഞ്ഞതുകൊണ്ടുമാത്രം പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. ഉപരിഘടനയിൽതന്നെ ഏതു ഘടകമാണ് നിർണ്ണായകമായിട്ടുള്ള

തെന്നും കണ്ടെത്തേണ്ടതുണ്ട്. അതിനും മാവോ കൃത്യമായുത്തരം കണ്ടെത്തുകയുംചെയ്തു. രാഷ്ട്രീയത്തെ നേതൃസ്ഥാനത്ത് അവരോധിക്കുക എന്ന വിട്ടുവീഴ്ചയില്ലാത്ത മുദ്രാവാക്യം മാവോ ഉയർത്തിയത് ഈ അടിസ്ഥാനത്തിലാണ്. സാഹിത്യവും കലയും തത്ത്വചിന്തയും ശാസ്ത്രവും മതവും രാഷ്ട്രീയവുമെല്ലാം അടങ്ങുന്ന മനുഷ്യന്റെ മാനസികമണ്ഡലത്തിന്റെ ആകത്തുകയായ ഉപരിഘടനയിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നതും രാഷ്ട്രീയമാണെന്ന നിഗമനമാണ് മാവോ ഇതുവഴി മുന്നോട്ടുവെച്ചത്. മാത്രമല്ല രാഷ്ട്രീയത്തെ നേതൃസ്ഥാനത്ത് അവരോധിച്ചുകൊണ്ടു നടത്തുന്ന സമരത്തിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് മാവോയ്ക്ക് സംശയമുണ്ടായിരുന്നില്ല. 'വർഗ്ഗസമരത്തെ മുഖ്യകണ്ണിയായിട്ടെടുക്കുക' എന്ന മുദ്രാവാക്യവും ഈ അടിസ്ഥാനത്തിലാണ് ഉയർത്തപ്പെട്ടത്. കാരണം വിപ്ലവശക്തികൾ അധികാരം പിടിച്ചെടുത്തതോടെ നിയമപരമായി ഉല്പാദനോപാധികൾ സാമൂഹ്യ ഉടമയിലാക്കുകയും അങ്ങനെ ഉൽപാദന ബന്ധങ്ങളിൽ വമ്പിച്ചമാറ്റത്തിന് അടിസ്ഥാനമിടുകയും ചെയ്തെങ്കിലും ഉടമാവകാശം യഥാർഥത്തിൽ ജനങ്ങളിലെത്തിയ്ക്കുന്ന പ്രശ്നം പിന്നെയും പരിഹരിച്ചിരുന്നില്ല. ഓരോ ഫാക്ടറിയിലും കമ്മ്യൂണിലും പ്രാദേശിക തലത്തിൽതന്നെ ഇതിനുവേണ്ടിയുള്ള സമരം തുടരേണ്ടിയിരുന്നു. ഓരോ തലത്തിലും അധികാരത്തിൽ വരുന്നവരിൽ മുതലാളിത്ത പാതക്കാർ അഥവാ പുതിയ ബൂർഷ്വാസി, ഉടമാവകാശം തങ്ങളുടെ കൈയ്യിൽതന്നെ നിലനിർത്താൻ ശ്രമിച്ചിരുന്നു. ഈ പുതിയ ബൂർഷ്വാസിക്കെതിരായി നിരന്തരം സമരംചെയ്തുകൊണ്ട് ഉടമാവകാശവും രാഷ്ട്രീയാധികാരവും തങ്ങളുടെ കയ്യിൽതന്നെ നിലനിർത്താൻ പ്രാദേശികതലത്തിൽതന്നെ ജനങ്ങളെ കഴിവുള്ളവരാക്കുക എന്നതായിരുന്നു സാംസ്കാരികവിപ്ലവത്തിന്റെ ലക്ഷ്യം. എല്ലാ തലങ്ങളിലും പുതിയ ബൂർഷ്വാസിയും തൊഴിലാളിവർഗ്ഗവും തമ്മിൽ നടക്കുന്ന രൂക്ഷമായ വർഗ്ഗസമരമാണ് ഇതിന്റെ അന്തസ്സത്ത. ചൈനയിൽ സാംസ്കാരികവിപ്ലവമെന്നപേരിൽ നടന്ന ഈ രൂക്ഷമായ വർഗ്ഗസമരത്തിൽ, സാംസ്കാരികമണ്ഡലത്തിലെ സമരം മുഖ്യമായും ചില നിമിത്തങ്ങളായി മാത്രമാണു സംഭവിച്ചത്. പുതിയ ബൂർഷ്വാസിയിൽപ്പെട്ട വ്യക്തികളുടെ മാനസികഘടനയിലെ വൈകല്യങ്ങൾക്കെതിരായിട്ടല്ല ഈ സമരം നടത്തുന്നത്. മറിച്ച് പുതിയ ബൂർഷ്വാസിയുടെ രാഷ്ട്രീയവും സാമ്പത്തികവുമായ താല്പര്യങ്ങൾക്കെതിരായിട്ടാണ്. അതുകൊണ്ടാണ് സാംസ്കാരികവിപ്ലവം മുഖ്യമായും ഒരു രാഷ്ട്രീയ സമരമായിതീർന്നത്. രാഷ്ട്രീയാധികാരം പിടിച്ചുപറ്റുന്നതിനുവേണ്ടി പുതിയ ബൂർഷ്വാസിയും തൊഴിലാളിവർഗ്ഗവും തമ്മിൽനടന്ന ഒരു ജീവന്മരണ സമരമായിരുന്നു അത്.

പഴയ സാംസ്കാരികവിപ്ലവവാദികളുടെയും നവീന ഇടതുപക്ഷക്കാരുടേയും സമീപനവും ചൈനയിലെ സാംസ്കാരികവിപ്ലവത്തിന്റെ കാഴ്ചപ്പാടും പരസ്പര വിരുദ്ധമാണെന്നു ഇതിൽനിന്നും വ്യക്തമാണല്ലോ. ആദ്യത്തേത്, കമ്മ്യൂണിസ്റ്റുപ്രസ്ഥാനം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമത്തിന്റെ പേരിൽ മാർക്സിസ്റ്റ് വിരുദ്ധവും ബൂർഷ്വാആശയവാദപരവുമായ നിലപാടിലേക്കുള്ള മുതലക്കൂപ്പാണ്. രണ്ടാമത്തേതാകട്ടെ, മാർക്സിസം ലെനിനിസത്തിന്റെതന്നെ അടിസ്ഥാനപ്രമാണങ്ങളെയും ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വിലപ്പെട്ട അനുഭവപാഠങ്ങളെയും പിന്തുടർന്നുകൊണ്ട് പ്രസ്ഥാനം ഇന്നഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കുത്തരം കണ്ടെത്താനുള്ള ഒരു ധീരയത്നമാണ്. ചൈനയിലെ സാംസ്കാരികവിപ്ലവത്തിന്റെ പാത പിന്തുടരാൻ ശ്രമിക്കുന്നവർക്ക് പഴയ സാംസ്കാരികവിപ്ലവവാദികളുമായോ നവീന ഇടതുപക്ഷക്കാരുമായോ ഒത്തുതീർപ്പുണ്ടാക്കിക്കൊണ്ടുപോകാൻ കഴിയില്ല. കാരണം ഒരിക്കലും പൊരുത്തപ്പെടുത്താനാകാത്ത പരസ്പരവിരുദ്ധമായ രണ്ടു വീക്ഷണങ്ങളെയാണ് അവ പ്രതിനിധാനം ചെയ്യുന്നത്.

സാംസ്കാരികവിപ്ലവവാദികളുടെ മാർക്സിസ്റ്റുവിരുദ്ധ നിലപാടിനെ പരാജയപ്പെടുത്തികൊണ്ടുമാത്രമേ ചൈനയിലെ സാംസ്കാരികവിപ്ലവത്തിന്റെ പാഠങ്ങൾ ഉൾക്കൊള്ളാനും വികസിപ്പിക്കാനും കഴിയൂ.

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇന്നഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കുമുള്ള ഉത്തരം ചൈനയിലെ സാംസ്കാരികവിപ്ലവം നല്കിയിട്ടുണ്ട് എന്നും ഇതിനർത്ഥമില്ല. യഥാർത്ഥത്തിൽ സാംസ്കാരിക മണ്ഡലത്തിലെ വിപ്ലവത്തിന്റെ പ്രശ്നംതന്നെ ചൈനയിലെ സാംസ്കാരികവിപ്ലവത്തിൽ ഗൗരവപൂർവ്വം കൈകാര്യം ചെയ്യപ്പെടുകയുണ്ടായില്ല. മാത്രമല്ല, മുതലാളിത്തപാതക്കാരുടെ കേവല സാമ്പത്തിക വാദത്തിനെതിരായ സമരത്തിൽ രാഷ്ട്രീയത്തിന്റെ നേതൃസ്ഥാനം സ്ഥാപിച്ചെടുക്കാനുള്ള രൂക്ഷമായ സമരത്തിനിടക്ക് പലപ്പോഴും രാഷ്ട്രീയത്തിനു ഏകപക്ഷീയമായ ഊന്നൽ നല്കുകയും തന്മൂലം സാംസ്കാരിക മണ്ഡലത്തിന്റെ സവിശേഷ സ്വഭാവം തന്നെ അവഗണിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ചൈനയിലെ സാംസ്കാരികവിപ്ലവത്തിൽ നടന്നിട്ടുള്ള ഇത്തരം പാളിച്ചകൾ തിരുത്തപ്പെടേണ്ടതാണ്. പക്ഷേ, ഈ പാളിച്ചകൾ തിരുത്തുന്നതിന് പഴയ സാംസ്കാരികവിപ്ലവവാദികളുടെ നിലപാടിലേക്ക് തിരിച്ചുപോവുകയല്ല വേണ്ടത്. മറിച്ച്, ചൈനയിലെ സാംസ്കാരികവിപ്ലവം മുന്നോട്ടുവെച്ച തൊഴിലാളിവർഗ സർവ്വാധിപത്യത്തിൻ കീഴിലെ വർഗ്ഗസമരത്തിന്റെ സിദ്ധാന്തവും പ്രയോഗവും സംബന്ധിച്ചുള്ള അടിസ്ഥാനപരമായ വീക്ഷണത്തെ വഴികാട്ടിയായി സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോവുകയാണ് വേണ്ടത്.

സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇനിയും പരിഹരിച്ചിട്ടില്ലാത്ത ഒരു പ്രശ്നമെന്ന നിലയ്ക്ക് ഇതിനെ കാണുകയും വിപ്ലവപാർട്ടി കൈകാര്യം ചെയ്യുന്ന രാഷ്ട്രീയമണ്ഡലത്തിൽനിന്നും ഗുണപരമായി വ്യത്യസ്തമാണ് സാംസ്കാരിക മണ്ഡലം എന്ന് അംഗീകരിക്കുകയും ചെയ്തുകൊണ്ട് ഈ രണ്ടു മേഖലകളിലെയും പ്രവർത്തനങ്ങളെ ശരിയായ രീതിയിൽ ബന്ധിപ്പിക്കാനും ഏകോപിപ്പിക്കാനുമുള്ള ഒരു ശ്രമം കേരളത്തിലെ വിപ്ലവപ്രസ്ഥാനത്തിൽ ആരംഭിക്കുകയുണ്ടായി. ആ ശ്രമം മുന്നോട്ടുകൊണ്ടുപോകുകയാണ് ഇന്നു നമ്മുടെ മുമ്പിലുള്ള വെല്ലുവിളി.

അദ്ധ്യായം *10*

# രീതിയുടെ പ്രശ്നത്തെക്കുറിച്ച്

— സുബ്രഹ്മണ്യദാസ്

താൻ വൈരുദ്ധ്യാധിഷ്ഠിതരീതിയാണ് പിൻതുടരുന്നതെന്ന കെ. വേണു പലതവണ അവകാശപ്പെട്ടിട്ടുണ്ട്. ഇ. എം. എസിന്റെ അജ്ഞതയെ ചൂണ്ടിക്കാണിക്കാനും അദ്ദേഹം മറന്നിട്ടില്ല. എന്നാൽ സ്വയം മാർക്സിസ്റ്റ് വിരുദ്ധ നിലപാടു പുലർത്തുമ്പോൾത്തന്നെ താൻ മാർക്സിസ്റ്റാണെന്ന ധരിപ്പിക്കാൻ, അദ്ദേഹം ശ്രമിക്കുന്നത് അജ്ഞത കൊണ്ടാണോ അധാർമ്മികതകൊണ്ടാണോ എന്ന് നിശ്ചയമില്ല. കെ. വേണു കഴിഞ്ഞ ലക്കം 'പ്രേരണ' യിൽ എഴുതിയ സാംസ്കാരികവിപ്ലവത്തെക്കുറിച്ചുള്ള ലേഖനത്തിന്റെ വൈരുദ്ധ്യാധിഷ്ഠിത രീതിയിൽനിന്നുള്ള വ്യതിയാനങ്ങൾ ചൂണ്ടിക്കാണിക്കുക മാത്രമാണ് ഈ കുറിപ്പുകൊണ്ട് ഉദ്ദേശിക്കുന്നത്.

കേരളത്തിലെ വിപ്ലവപ്രസ്ഥാനത്തിനകത്ത്, ഇന്നു നടന്നുകൊണ്ടിരിക്കുന്ന രണ്ടുലൈൻ സമരത്തിനു മാർഗ്ഗനിർദ്ദേശം നൽകുക എന്നതാണല്ലോ അദ്ദേഹം ആ ലേഖനംകൊണ്ട് ഉദ്ദേശിക്കുന്നതു്. എന്നാൽ ഏഴുപേജിലധികം വരുന്ന ആ ലേഖനത്തിൽ കേരളത്തെക്കുറിച്ചുള്ള പരാമർശങ്ങൾ അടങ്ങുന്നത് ആകെ രണ്ടുഖണ്ഡികകളിൽ മാത്രമാണ്. അവശേഷിക്കുന്ന ഭാഗം മുഴുവൻ തന്നെ മാർക്സിന്റെ കാലം മുതൽ ചൈനയിലെ സാംസ്കാരികവിപ്ലവംവരെയുള്ള ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ 'സാംസ്കാരികവിപ്ലവവാദി' കളും 'ചിരസമ്മത' മാർക്സിസ്റ്റുകളും തമ്മിലുള്ള സമരത്തെക്കുറിച്ചു പറയാനാണ് അദ്ദേഹം ഉപയോഗപ്പെടുത്തുന്നത്.

ഈ രീതിയുടെ ഒറ്റനോട്ടത്തിൽ കാണാവുന്ന ചില തകരാറുകൾ ആദ്യം ചൂണ്ടിക്കാട്ടട്ടെ. കേരളത്തിന്റെ സമൂർത്ത യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ വിപ്ലവപ്രസ്ഥാനത്തിനുണ്ടാകുന്ന പ്രശ്നങ്ങളെ പൂർണ്ണമായും വിഗണിച്ചിരിക്കുന്നതിനാൽ, സാർവദേശീയാനുഭവങ്ങളെക്കുറിച്ചുള്ള ലേഖകന്റെ പരാമർശങ്ങൾ അടിച്ചേല്പിക്കുന്ന രൂപത്തിലുള്ളതായാണ് ഫലത്തിൽ അനുഭവപ്പെടുന്നത്. മാത്രമല്ല, സമൂർത്തവിശകലനങ്ങളുടെ അഭാവത്തിൽ സാർവ്വദേശീയമോ പ്രത്യയശാസ്ത്രപരമോ ആയ കാര്യങ്ങൾ അവതരിപ്പിക്കുന്നത് വസ്തുനിഷ്ഠസത്യത്തെക്കാളേറെ ലേഖകന്റെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളെ (ആത്മനിഷ്ഠസത്യത്തെ) ആയിരിക്കും പ്രതിഫലിപ്പിക്കുന്നത്.

ഇനി മാർക്സിസത്തിൽനിന്നും കെ. വേണുവിന്റെ വിചിന്തന രീതി എത്രകണ്ട് അകന്നുനില്ക്കുന്നുവെന്ന് പരിശോധിക്കാം. മുതലാളിത്ത വികാസത്തോടൊപ്പമുണ്ടായ മനുഷ്യവികാസത്തെ സമഗ്രമായി ഉൾക്കൊള്ളാനുള്ള സാദ്ധ്യത തന്റെ വിചിന്തനരീതിയിലൂടെ തുറന്നിടുകയും, അതിലൂടെ ലോകത്തെ മാറ്റിത്തീർക്കാനുള്ള മാനുഷിക സാദ്ധ്യതയെ ഉജ്ജ്വലിപ്പിക്കുകയാണ് മാർക്സ് ചെയ്തത്.[1] ഇതനുസരിച്ച് പത്തൊമ്പതാംനൂറ്റാണ്ടിലെ യൂറോപ്യൻ സാമൂഹ്യാവസ്ഥയെ അദ്ദേഹം വിശകലനവിധേയമാക്കുകയും ചെയ്തു. 'മാർക്സിസം സമൂർത്ത സാഹചര്യങ്ങളുടെ സമൂർത്തവിശകലനമാണ്' എന്ന് ഊന്നിപ്പറഞ്ഞ ലെനിൻ റഷ്യൻ സാമൂഹ്യവ്യവസ്ഥയെ വിശകലനവിധേയമാക്കുകയും അതിന്റെ സവിശേഷപ്രശ്നങ്ങൾ മനസ്സിലാക്കുന്നതിൽ ശ്രദ്ധചെലുത്തുകയുമുണ്ടായി. മാർക്സും ലെനിനും മാവോയും മറ്റ് മാർക്സിസ്റ്റ്ബുദ്ധിജീവികളും ലോകവിപ്ലവത്തിനു നല്കിയ സംഭാവനകളിൽനിന്നും നമുക്ക് ബാധകമായ പൊതുവായ കാര്യങ്ങൾ കണ്ടെത്തേണ്ടതുണ്ട്. നാം ജീവിക്കുന്ന സാമൂഹ്യസാഹചര്യങ്ങളെക്കുറിച്ചുള്ള വിശകലനങ്ങളിലൂടെ ഈ പൊതുവായ കാര്യങ്ങളെ സ്വാംശീകരിക്കുമ്പോൾ മാത്രമേ അത് വിപ്ലവകരമായിത്തീരുകയുള്ളൂ.

1: മൂലധനത്തിന്റെ രണ്ടാം ജർമ്മൻ പതിപ്പിനുള്ള after word-ൽ വൈരുദ്ധ്യാധിഷ്ഠിത വിചിന്തനരീതി എന്തെന്ന് മാർക്സ് തന്നെ വ്യക്തമാക്കുന്നുണ്ട്. വേണു തന്റെ ലേഖനത്തിൽ പരാമർശിക്കുന്ന 'സോവിയറ്റ് സമ്പദ്ശാസ്ത്ര വിമർശനം' എന്ന ഗ്രന്ഥത്തിൽ മാവോയും മാർക്സിസ്റ്റ് വിചിന്തനരീതിയുടെ സവിശേഷതകൾ ചൂണ്ടിക്കാട്ടുന്നുണ്ട്.

ലോജിക്കും ജ്ഞാനസിദ്ധാന്തവും മാർക്സിസ്റ്റ് രീതിയിൽ ഉൾച്ചേർന്നിരിക്കുന്നതുകൊണ്ടാണ് നിരന്തരം മാറിക്കൊണ്ടിരിക്കുന്ന വസ്തുനിഷ്ഠയാഥാർത്ഥ്യത്തെ ഉൾക്കൊള്ളാനുള്ള വിപ്ലവപരമായ സാദ്ധ്യത അതിൽ അടങ്ങിയിരിക്കുന്നത്. എന്നാൽ സമൂർത്തപ്രശ്നങ്ങളെക്കുറിച്ചുള്ള വിശകലനങ്ങളുടെ അഭാവത്തിൽ ജ്ഞാനസിദ്ധാന്തത്തെ, പാടേ ഒഴിവാക്കുകയും, അങ്ങനെ മാർക്സിസത്തെ വരട്ടുതത്ത്വമാക്കി മാറ്റുകയുമാണ് തന്റെ രചനകളിലൂടെ കെ. വേണു ചെയ്യുന്നത്. ജ്ഞാനസിദ്ധാന്തത്തോടുള്ള അവഗണനമൂലം വൈരുദ്ധ്യാധിഷ്ഠിതരീതി റബ്ബർപോലെ വലിച്ചുനീട്ടാവുന്ന രൂപപരമായ ലോജിക്കായി (Formal logic) രൂപാന്തരം പ്രാപിക്കുന്നതാണ് വേണുവിന്റെ രചനകളിൽ നാം കാണുന്നത്. ഈ യുക്തിവാദത്തെയാണ് അദ്ദേഹം ചിരസമ്മതമാർക്സിസമെന്ന് വിശേഷിപ്പിക്കുന്നതെന്ന വസ്തുത കേരളത്തിലെ വിപ്ലവകാരികളെ സംബന്ധിച്ചിടത്തോളം എന്നും ഒരു ദുഃസ്വപ്നമായിരിക്കും.

കേരളത്തിന്റെ ഇന്നത്തെ അവസ്ഥ പൊതുവിൽ പരിശോധിച്ചാൽ ഈ തെറ്റായ പ്രവണതകളുടെ വിപ്ലവവിരുദ്ധസ്വഭാവം ബോദ്ധ്യമാകുന്നതാണ്. വേണു സൂചിപ്പിക്കുന്ന യൂറോപ്യൻ രാജ്യങ്ങളുടെയോ റഷ്യയുടെയോ ചൈനയുടെയോ അവസ്ഥയിൽനിന്നു വിഭിന്നമാണ് ഇവിടെത്തെ സാമൂഹ്യസാഹചര്യം. പ്രാങ് മുതലാളിത്ത സാമൂഹ്യക്രമം നിലവിലിരുന്ന ഇവിടത്തെ ദേശീയജനവിഭാഗത്തിനുമേൽ സാമ്രാജ്യത്വമായി വികാസംകൊണ്ട മുതലാളിത്തം അതിന്റെ ആധിപത്യം നടപ്പാക്കുമ്പോൾ സംഭവിച്ചിട്ടുള്ള മാറ്റങ്ങൾ ഇനിയും നാം പഠനവിധേയമാക്കിയിട്ടില്ല. കേരളത്തിന്റെ തനതായ സാമൂഹ്യക്രമവും ആധിപത്യം ചെലുത്തുന്ന സാമൂഹ്യക്രമവും തമ്മിലുള്ള സംഘർഷത്തിന്റെ ഫലമായി ഈ നാടിന്റെ സാമ്പത്തിക-സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരികഘടന നിരന്തരം രൂപംകൊള്ളുകയും പരിവർത്തനവിധേയമാകുകയും ചെയ്യുന്നതിന്റെ ചിത്രമാണ് പോർത്തുഗീസ് ആധിപത്യത്തെ തുടർന്ന് ഇന്നുവരെയുള്ള അഞ്ചുനൂറ്റാണ്ടോളം കാലത്തെ കേരളചരിത്രം നമുക്ക് നല്കുന്നത്. നിശ്ചിതമായ ഒരു വർഗ്ഗസമൂഹം എന്നതേക്കാളുപരി വർഗ്ഗങ്ങൾ രൂപംകൊള്ളുന്ന ഒരു സമൂഹമായാണ് കേരളത്തെ നമുക്ക് കാണാനാ

വുക. വർഗ്ഗങ്ങൾ നിശ്ചിതമായി രൂപംപ്രാപിക്കാത്തതിനാൽ വർഗ്ഗങ്ങളുടെതായ മൂല്യങ്ങളുടെ നിലനില്പും ഇവിടെ അസാദ്ധ്യമാണ്. (ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന ഈ മാറ്റങ്ങളുടെ ഉപ ഫലമെന്ന നിലയിൽ പ്രത്യക്ഷപ്പെടുന്ന സംഹാരാത്മകമായ മൂല്യത്തകർച്ചയുടെ ദുരന്തഫല ങ്ങൾ ജീവിതത്തിന്റെ വിഭിന്നമണ്ഡലങ്ങളായി നാമെല്ലാം അറിഞ്ഞും അനുഭവിച്ചും ബോദ്ധ്യപ്പെ ട്ടുകൊണ്ടുമിരിക്കുന്നു).

പുതിയ വർഗ്ഗങ്ങളോടൊപ്പം പുതിയ മൂല്യങ്ങളും രൂപംകൊള്ളുന്ന ഈ സാഹചര്യത്തെ ക്കുറിച്ചുള്ള വസ്തുനിഷ്ഠമായ പഠനത്തിന്റെ ഭാഗമായി സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീ യവുമായ വിവിധ മണ്ഡലങ്ങൾ തമ്മിലുള്ള ബന്ധത്തെ നിർവചിക്കുകയും അങ്ങനെ വിപ്ലവപ്ര സ്ഥാനത്തെതന്നെ ശരിയായി വഴിതിരിച്ചുവിടുകയെന്നതുമാണ് ചിരസമ്മത മാർക്സിസത്തിന്റെ യഥാർത്ഥമൂല്യങ്ങളിൽ വിശ്വസിക്കുന്ന ഒരു കമ്മ്യൂണിസ്റ്റുകാരനു നേരിടേണ്ടിവരുന്ന വെല്ലുവിളി. ആ വെല്ലുവിളിയെ അഭിമുഖീകരിക്കാൻ സ്വയം തയ്യാറാവുന്നതിലൂടെ കേരളത്തിലെ വിപ്ലവകാ രികളുടെ ഐക്യം ഉറപ്പുവരുത്തുകയായിരുന്നു കെ. വേണു ചെയ്യേണ്ടിയിരുന്നത്.

അദ്ധ്യായം *11*

# രീതിയെക്കുറിച്ചു തന്നെ

— കെ. വേണു

പ്രേരണ (82 ജനു: 1–15)-യിൽ സുബ്രഹ്മണ്യദാസ് എഴുതിയ 'രീതിയുടെ പ്രശ്നത്തെക്കുറിച്ച്' എന്ന വിമർശനക്കുറിപ്പിന് കെ. വേണു മറുപടി പറയുന്നു:

> സാംസ്കാരികവിപ്ലവത്തെ ആധാരമാക്കി ഞാൻ പ്രേരണയിൽ എഴുതിയ ലേഖനത്തിന്റെ സമീപനത്തെ വിമർശിച്ചുകൊണ്ടുള്ള സുബ്രഹ്മണ്യദാസിന്റെ കുറിപ്പുകണ്ടു. ഞാൻ വൈരുദ്ധ്യാധിഷ്ഠിതരീതിയല്ല പിന്തുടരുന്നതെന്നു സ്ഥാപിക്കാൻ സുബ്രഹ്മണ്യദാസിന് തീർച്ചയായും അവകാശമുണ്ട്. പക്ഷേ, വൈരുദ്ധ്യാധിഷ്ഠിതരീതി എന്താണെന്നുംമറ്റുമുള്ള ഗഹനങ്ങളായ വിഷയങ്ങൾ ചർച്ചചെയ്യാതെ സാധാരണഗതിയിലുള്ള ആശയസമരത്തിൽ പാലിക്കേണ്ടതായ പ്രാഥമികമായ തത്ത്വദീക്ഷപോലും ദാസ് പുലർത്തുന്നില്ലെന്ന് ചൂണ്ടിക്കാട്ടേണ്ടിയിരിക്കുന്നു. ആശയ സമരത്തിൽ തെറ്റായ വീക്ഷണത്തിന്റെ വക്താക്കളും അവസരവാദികളും സ്വീകരിക്കുന്ന ഒരു സമ്പ്രദായമുണ്ട്. എതിരാളികളുടെ നിലപാടിനെ വളച്ചൊടിച്ചും വസ്തുതയ്ക്കു നിരക്കാത്ത വിധത്തിൽ ദുർവ്യാഖ്യാനംചെയ്തും അവതരിപ്പിച്ചതിനുശേഷം അതിന്മേൽ തങ്ങളുടെ നിലപാട് സ്ഥാപിച്ചെടുക്കാനുള്ള ശ്രമമാണ് അത്തരക്കാർ നടത്തുക. അടുത്തകാലത്തായി കേരളത്തിലെ വിപ്ലവപ്രസ്ഥാനത്തിനകത്തുതന്നെ ഒരു ചെറിയവിഭാഗവും പുറത്തുള്ള ഒരുവിഭാഗം ബുദ്ധിജീവികളും ഇത്തരമൊരു ഗർഹണീയമായ സമ്പ്രദായം സ്വീകരിച്ചുകാണുന്നുണ്ട്. അതിന്റെ നല്ലൊരു മാതൃകയാണ് ദാസിന്റെ കുറിപ്പ്.
>
> സാംസ്കാരികവിപ്ലവത്തെക്കുറിച്ചുള്ള എന്റെ ലേഖനത്തെ വിമർശിക്കാനാണ് ദാസ് ശ്രമിക്കുന്നതെന്നു പറയുന്നുണ്ടെങ്കിലും ഞാൻ പങ്കാളിത്തം വഹിക്കുന്ന കേരളത്തിലെ വിപ്ലവപ്രസ്ഥാനം കേരളത്തിലെ വസ്തുനിഷ്ഠസാഹചര്യങ്ങൾ പഠിക്കുന്നകാര്യം തീർത്തും അവഗണിച്ചിരിക്കുകയാണെന്നും അങ്ങിനെ ഫലത്തിൽ വിപ്ലവവിരുദ്ധനിലപാടിലെത്തിയിരിക്കുന്നു എന്നുമാണ് ദാസ് ഉയർത്തുന്ന കാതലായ വിമർശനം. ഇതെത്രത്തോളം വസ്തുതയ്ക്കു നിരക്കുന്നതാണ്? ഇന്ത്യയിലെ മാർക്സി

സ്റ്റ്—ലെനിനിസ്റ്റ് പ്രസ്ഥാനത്തിൽ വസ്തുനിഷ്ഠസാഹചര്യങ്ങളെ അവഗണിച്ചുകൊണ്ട് പൊതുതത്ത്വങ്ങൾ അന്ധമായി നടപ്പിലാക്കുന്ന വരട്ടുതത്ത്വവാദപരമായ ഒരു പ്രവണത വളർന്നുവരികയുണ്ടായി എന്നതൊരു വസ്തുതയാണ്. ഈ പ്രവണതയ്ക്കെതിരായ ഒരു സമരവും ഇവിടെ വളർന്നു വന്നിട്ടുണ്ട്. കേരളത്തിൽ ഈ സമരം ബോധപൂർവ്വം ആരംഭിച്ചത് 1977 മുതല്ക്കാണ്. കേരളത്തിലെ വസ്തുനിഷ്ഠസാഹചര്യങ്ങൾ സമൂർത്തമായി പഠിച്ച്, അതിന്റെ അടിസ്ഥാനത്തിൽ, മാറിയ വർഗ്ഗബന്ധങ്ങൾക്കനുസൃതമായ സമരരൂപങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന വാദമുഖമാണ് ഉയർന്നുവന്നത്. എന്നാൽ വരട്ടുതത്ത്വവാദപരമായ നിലപാട് തുടർന്നവർ ഇതിനെ ശക്തമായി എതിർത്തു. വസ്തുനിഷ്ഠസാഹചര്യങ്ങളുടെ മറപിടിച്ചുകൊണ്ട് പ്രസ്ഥാനത്തെ തിരുത്തൽവാദത്തിലേക്കു നയിക്കാനുള്ള ശ്രമമാണിതെന്നാണ് അവർ വാദിച്ചത്. ഈ രണ്ടുചിന്താഗതികൾ തമ്മിലുള്ള രൂക്ഷമായ ഒരു ആശയസമരം ഇവിടെ നടന്നു. 1979 ഒക്ടോബറിൽ കേരളസംസ്ഥാനകമ്മിറ്റി അംഗീകരിച്ച പ്രമേയത്തോടെ ഈ സമരം പുതിയൊരു ഘട്ടത്തിലേയ്ക്കു പ്രവേശിച്ചു. കേരളത്തിലെ വസ്തുനിഷ്ഠസാഹചര്യങ്ങൾക്കനുസൃതമായ സമീപനരീതി സ്വീകരിക്കണമെന്ന ചിന്താഗതിക്കാർ ആധിപത്യംനേടി. എങ്കിലും പിന്നെയും ആ കാഴ്ചപ്പാടു നടപ്പാക്കാനുള്ള സമരം തുടർന്നു. തത്ത്വത്തിൽ വസ്തുനിഷ്ഠസാഹചര്യങ്ങളുടെ പ്രാധാന്യം അംഗീകരിച്ചുകൊണ്ടുതന്നെ പ്രായോഗികതലത്തിൽ വരട്ടുതത്ത്വവാദപരമായ ശൈലി തുടരുന്നവരായിരുന്നു പിന്നെയും പ്രതിബന്ധം. പുതിയവീക്ഷണം ശരിക്കും ഉൾക്കൊണ്ടവർക്കുതന്നെ മുൻഅനുഭവങ്ങളുടെ അഭാവത്തിൽ അതെങ്ങനെ നടപ്പിലാക്കണം എന്നകാര്യത്തിൽ അവ്യക്തതകളുണ്ടായിരുന്നു. 1981 ജനുവരിയിൽനടന്ന സംസ്ഥാനസമ്മേളനത്തോടെയാണ് വരട്ടുതത്ത്വവാദത്തെ ഗണ്യമായി പരാജയപ്പെടുത്താനും കേരളത്തിലെ വസ്തുനിഷ്ഠസാഹചര്യങ്ങൾക്കനുസരിച്ച സമരരൂപങ്ങൾ സ്വീകരിക്കേണ്ടതിന്റെ പ്രാധാന്യം പൊതുവിൽ അംഗീകരിപ്പിക്കാനും കഴിഞ്ഞത്. അതിനുശേഷമുള്ള സമരത്തിൽ ബൂർഷ്വാലിബറൽ പ്രവണതകൾ തലപൊക്കുകയും അവയെ പരാജയപ്പെടുത്തുകയും ചെയ്തെങ്കിലും പാർട്ടി പ്രധാനമായും അഭിമുഖീകരിച്ചിരിക്കുന്ന പ്രശ്നം കേരളത്തിലെ സവിശേഷസാഹചര്യങ്ങൾക്കനുസരിച്ച സമരരൂപങ്ങൾ കണ്ടെത്തുക എന്നതുതന്നെയായിരുന്നു. ഇനിയും ഈ പ്രശ്നം പരിഹരിച്ചിട്ടില്ലെങ്കിലും പ്രശ്നത്തിന്റെ ഗൗരവം സംഘടനയുടെ എല്ലാ തലങ്ങളിലുമുള്ളവരെയും ബോദ്ധ്യപ്പെടുത്താനും സമൂർത്തസാഹചര്യങ്ങൾക്കനുസരിച്ച് പ്രാദേശികതലത്തിൽതന്നെ രാഷ്ട്രീയവും സാമ്പത്തികവുമായ ബദൽപരിപാടി മുന്നോട്ടുവെയ്ക്കുകയെന്ന കടമ ഏറ്റെടുക്കാനും കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഡിസമ്പറിൽ നടന്ന സംസ്ഥാനസമ്മേളനം അടിയന്തിരമായി നിർവ്വഹിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ചുമതലയായി ഏറ്റെടുത്തിട്ടുള്ളതും ഇതാണ്. മാത്രമല്ല, വസ്തുനിഷ്ഠസാഹചര്യങ്ങളുടെ സമൂർത്തപഠനത്തെ ആധാരമാക്കിക്കൊണ്ടുള്ള ഈ സമീപനരീതി അഖിലേന്ത്യാതലത്തിലേക്കു വ്യാപിപ്പിക്കാനും കഴിഞ്ഞിരിക്കുന്നു. ജനുവരിയിൽ നടന്ന അഖിലേന്ത്യാസമ്മേളനം ഈ സമീപനത്തിന്റെ പ്രാധാന്യം അടിസ്ഥാനപരമായി അംഗീകരിച്ചിട്ടുണ്ട്. മറ്റുപല സംസ്ഥാനങ്ങളിലേക്കും ഈ സമീപനത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനശൈലി വ്യാപിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

ഈ സമീപനരീതി നടപ്പിലാക്കുക എളുപ്പമുള്ളകാര്യമല്ല. കേരളത്തിൽ അതു വിജയകരമായി നടപ്പിലാക്കി എന്നും ഞങ്ങൾ അവകാശപ്പെടുന്നില്ല. സമൂർത്ത സാഹചര്യങ്ങളുടെ സമൂർത്തവിശകലനമാണ് വൈരുദ്ധ്യാധിഷ്ഠിതരീതിയുടെ കാതൽ എന്ന് ആഴത്തിൽ ഉൾക്കൊണ്ടതിന്റെ ഫലമായിട്ടാണ് കേരളത്തിലെ സവിശേഷസാഹചര്യങ്ങളുടെ പഠനത്തിന് ഊന്നൽ നല്കപ്പെട്ടതും കഴിഞ്ഞ നാലഞ്ചു വർഷക്കാലമായി അതിനെ കേന്ദ്രീകരിച്ചുകൊണ്ടുള്ള സമരം പ്രസ്ഥാനത്തിനകത്തുനടന്നതും. ഇതിന്റെ ഫലമായി ഈ സമീപനരീതി നടപ്പിലാക്കുന്നതിനെപ്പറ്റി വളരെയേറെ അനുഭവങ്ങൾ സമാർജ്ജിക്കാൻ പ്രസ്ഥാനത്തിനുകഴിഞ്ഞിട്ടുണ്ട്. സൈദ്ധാന്തികപഠനങ്ങളോടൊപ്പം പ്രാദേശികതലത്തിലുള്ള സൂക്ഷ്മാന്വേഷണങ്ങളും പുതിയ സമരരൂപങ്ങൾ കണ്ടെത്താനുള്ള പ്രായോഗികപ്രവർത്തനങ്ങളും കൂട്ടിയിണക്കികൊണ്ടുപോയാലേ ഈ സമീപനരീതി നടപ്പിലാക്കാൻകഴിയൂ എന്നു ഞങ്ങൾക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പാളിച്ചകളും പോരായ്മകളും പലതും സംഭവിക്കുന്നുണ്ടെങ്കിലും ആരോഗ്യകരമായ ആശയസമരത്തിലൂടെ അവ തിരുത്തിക്കൊണ്ടു പൊതുവിൽ ശരിയായദിശയിലൂടെ മുന്നേറാനുള്ള ശ്രമമാണ് ഇന്നു പ്രസ്ഥാനം നടത്തിക്കൊണ്ടിരിക്കുന്നത്. ഉല്പാദനബന്ധങ്ങളുടെയും വർഗ്ഗബന്ധങ്ങളുടെയും പഠനത്തിൽ ഊന്നൽ നല്കിക്കൊണ്ട് അവ മാറ്റിത്തീർക്കാനുള്ള പ്രായോഗികസമരപരിപാടികൾ ആവിഷ്കരിക്കുന്ന ലെനിന്റേയും മാവോയുടെയും സമീപനരീതി പിന്തുടരുന്നവർക്ക് ഇത്തരമൊരു സമ്പ്രദായമേ സ്വീകരിക്കാൻ കഴിയൂ. വായനമുറിയിലും ലെക്ചർഹാളിലും വെച്ച് ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ചുകളയാമെന്ന വ്യാമോഹം ഞങ്ങൾക്കില്ല.

കേരളത്തിലെ വിപ്ലവപ്രസ്ഥാനത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഈ സമരത്തെക്കുറിച്ച് കുറെയെല്ലാം അറിയുന്ന സുബ്രഹ്മണ്യദാസിനെപ്പോലുള്ളവർ, കണ്ണടച്ചിരുട്ടാക്കുന്ന രീതിയിൽ, ഇതിനോടെല്ലാം തികച്ചും നിഷേധാത്മകമായ നിലപാട് എടുക്കുന്നത് എന്തുകൊണ്ടാണ്? അവരുടെ വീക്ഷണത്തിലെ അടിസ്ഥാനപരമായ വൈകല്യമാണ് ഇതിനു പിന്നിലുള്ളതെന്നാണ് എനിക്കുതോന്നുന്നത്. ദാസിന്റെ കഴിഞ്ഞകാലത്തെ നിലപാട് പരിശോധിച്ചാൽതന്നെ ഇത് വ്യക്തമാകും. ഏകദേശം ഒരുകൊല്ലം മുമ്പുവരെ, കേരളത്തിലെ സവിശേഷസാഹചര്യങ്ങളുടെപ്രശ്നം അംഗീകരിക്കാൻ പിടിവാശിയോടെ വിസമ്മതിക്കുകയും അങ്ങിനെ വരട്ടുതത്ത്വവാദത്തനെതിരായി ഞങ്ങൾ ആരംഭിച്ചിരുന്ന സമരത്തെ തടസ്സപ്പെടുത്തുകയും ചെയ്യുന്നതിൽ അപ്രധാനമല്ലാത്ത പങ്കുവഹിച്ച ആളാണ് ദാസ്. 81 ജനുവരിയിൽ നടന്ന സംസ്ഥാന കൺവെൻഷനു തൊട്ടുമുമ്പുമാത്രമാണ് ദാസ് ഉൾപ്പെട്ട കമ്മിറ്റി തങ്ങൾ വരട്ടുതത്ത്വവാദപരമായ നിലപാടാണ് സ്വീകരിച്ചതെന്ന് സ്വയംവിമർശനം നടത്തിക്കൊണ്ട് തെറ്റുതിരുത്താൻ തയ്യാറായത്. അവർ അങ്ങേയറ്റം വരട്ടുതത്ത്വവാദപരമായ നിലപാടുസ്വീകരിച്ചതിൽ ദാസ് ഗണ്യമായ പങ്കുവഹിച്ചിരുന്നു എന്നത് ഒരു വസ്തുതയാണ്. അതിനുശേഷം, കഴിഞ്ഞ ഒരു വർഷംകൊണ്ട് ദാസിന്റെ നിലപാടിലുണ്ടായ മാറ്റം ഒരറ്റത്തുനിന്ന് മറ്റേ അറ്റത്തേക്കുള്ള കുതിച്ചുചാട്ടമായിരുന്നു. ഇതിൽ അത്ഭുതപ്പെടാനില്ല. കേരളത്തിൽ വരട്ടുതത്ത്വവാദത്തിനെതിരായി ഞങ്ങൾ സമരം ആരംഭിച്ച ഘട്ടത്തിൽ അങ്ങേയറ്റം

വരട്ടുതത്ത്വവാദപരമായ നിലപാടിൽനിന്നുകൊണ്ട് ഞങ്ങളെ എതിർക്കുകയും പാർട്ടിയെ പിളർപ്പിന്റെ വക്കിൽവരെ കൊണ്ടെത്തിക്കുകയുംചെയ്ത ചിലർ ഇന്ന് നേരെ മറുകണ്ടംചാടി ബൂർഷ്വാലിബറൽ പാളയത്തിൽ എത്തിയത് ഒട്ടും യാദൃച്ഛികമല്ല. വൈരുദ്ധ്യാധിഷ്ഠിത വീക്ഷണം ഉൾക്കൊള്ളാൻ കഴിയാത്തവരാണ് ഇങ്ങനെ ഒരറ്റത്തുനിന്ന് മറ്റേ അറ്റത്തേയ്ക്ക് ചാടിക്കൊണ്ടിരിക്കുന്നത്.

ഇനി സാംസ്കാരികവിപ്ലവത്തെക്കുറിച്ചുള്ള എന്റെ ലേഖനത്തിൽ കേരളത്തിലെ വസ്തുനിഷ്ഠസാഹചര്യങ്ങളെക്കുറിച്ചുള്ള പഠനമില്ലെന്ന വിമർശനത്തിന്റെ കാര്യം നോക്കാം. കേരളത്തിൽ നടക്കുന്ന ആശയസമരത്തെക്കുറിച്ച് പഠിക്കുമ്പോൾ, ഇവിടത്തെ വസ്തുനിഷ്ഠസാഹചര്യങ്ങളിൽ അതിന്റെ ഉറവിടം കണ്ടെത്തണമെന്നാണ് ദാസിന്റെ നിലപാട്. ഓരോ ആശയങ്ങളും ഉടലെടുക്കുന്നതും സ്വാധീനം ചെലുത്തുന്നതും അതാതു പ്രദേശത്തെ വസ്തുനിഷ്ഠസാഹചര്യങ്ങളുടെ ഫലമായിട്ടാണെന്നാണ് ധ്വനി. രണ്ടാം ഇന്റർനാഷനലിന്റെ കാലത്തുണ്ടായ യാന്ത്രികവാദത്തേക്കാൾ നികൃഷ്ടമായ യാന്ത്രികവീക്ഷണമല്ലാതെ മറ്റൊന്നുമല്ല ഇത്. ഓരോ ആശയവും അതാതു പ്രദേശത്തെ വസ്തുനിഷ്ഠസാഹചര്യത്തിന്റെ സൃഷ്ടിയാണെന്ന് പറയുന്നത് ദാസ് തന്നെ സമർത്ഥിക്കാൻ ശ്രമിക്കുന്ന നിലപാടിനു കടകവിരുദ്ധമാണുതാനും. ഇന്ന് ആഗോളതലത്തിൽ നടന്നുകൊണ്ടിരിക്കുന്ന ആശയസമരത്തിൽ ഓരോ പ്രദേശത്തുമുള്ളവർ സ്വീകരിക്കുന്ന നിലപാടുകൾ അതതു പ്രദേശത്തെ വസ്തുനിഷ്ഠസാഹചര്യങ്ങളുടെ പ്രതിഫലനമാണെന്ന നിലപാടിനോട് വൈരുദ്ധ്യാധിഷ്ഠിത വീക്ഷണം പുലർത്തുന്ന ആർക്കുംതന്നെ യോജിക്കാൻ കഴിയില്ല. അങ്ങേയറ്റം സങ്കീർണ്ണമായ രീതിയിലാണ് ഇന്ന് ആഗോളതലത്തിൽ ആശയങ്ങൾ പ്രചരിക്കുകയും സ്വാധീനംചെലുത്തുകയും ചെയ്യുന്നത്. അന്തിമമായി ഓരോ പ്രദേശത്തേയും വസ്തുനിഷ്ഠസാഹചര്യങ്ങളാണ് ചരിത്രഗതിയെ നിയന്ത്രിക്കുന്നതെങ്കിലും ആശയങ്ങൾ കടന്നുചെല്ലുന്നതിനെയും സ്വാധീനിക്കുന്നതിനെയും പരിമിതപ്പെടുത്തുന്ന വേലിക്കെട്ടുകൾ പലതും തകർന്നുകൊണ്ടിരിക്കുകയാണെന്ന വസ്തുത വിസ്മരിച്ചുകൂടാ. സാംസ്കാരികവിപ്ലവത്തിന്റെ പാഠങ്ങളെക്കുറിച്ചും ചൈനയിലെ പുതിയ സംഭവവികാസങ്ങളെക്കുറിച്ചും സ്വതന്ത്രമായിത്തന്നെ ഏറെക്കുറെ ഒരേ നിഗമനങ്ങളിലെത്തിച്ചേരാൻ അമേരിക്കയിലെ റെവലൂഷണറി കമ്മ്യൂണിസ്റ്റ് പാർട്ടിപ്രവർത്തകർക്കും കേരളത്തിലെ പാർട്ടിപ്രവർത്തകർക്കും കഴിഞ്ഞത് കേരളത്തിലെയും അമേരിക്കയിലേയും വസ്തുനിഷ്ഠസാഹചര്യങ്ങൾ ഒന്നായതു കൊണ്ടല്ല. പരിമിതമായ വസ്തുനിഷ്ഠസാഹചര്യങ്ങൾക്കതീതമായി, ആഗോളതലത്തിൽ ആശയങ്ങൾ വ്യാപരിക്കുകയും സ്വാധീനിക്കപ്പെടുകയും സൃഷ്ടിക്കപ്പെടുകയും ചെയ്യുന്ന പ്രക്രിയയുടെ ഫലമാണിത്.

ശരിയായ ആശയങ്ങൾ മാത്രമല്ല തെറ്റായ ആശയങ്ങളും ഇങ്ങനെ വ്യാപരിക്കുകയും സ്വാധീനിക്കുകയുംചെയ്തുകൊണ്ടിരിക്കുന്നുണ്ട്. കഴിഞ്ഞ രണ്ടു ദശകങ്ങളിൽ അസ്തിത്വവാദചിന്താഗതികൾ എത്രവ്യാപകമായിട്ടാണ് ഇവിടെ പ്രചരിച്ചതെന്ന് നാം കണ്ടതാണല്ലോ. അതുപോലെതന്നെയാണ് അടുത്തകാലത്തായി നവീന ഇടതുപക്ഷക്കാരുടെ പല ആശയങ്ങളും ഇവിടെ പ്രചരിക്കാൻ തുടങ്ങിയത്. സാംസ്കാരികവിപ്ലവത്തിന്റെ ആശയങ്ങൾ ചൈനയിൽനിന്നെത്തിയ പോലെ

നവീന ഇടതുപക്ഷക്കാരുടെ വീക്ഷണങ്ങൾ യൂറോപ്പിൽനിന്നും ഇവിടെയെത്തി. വിൽഹം റീഹിന്റെയും ഹെർബർട്ട് മാർക്യൂസിന്റേയും പോളോഫ്രെയറിന്റെയും ഹേബർമാസിന്റേയും മറ്റും പുസ്തകങ്ങൾ വായിച്ചിട്ടാണ് പെറ്റിബൂർഷ്വാ ബുദ്ധിജീവികളായ പലരും ഇവിടെ ബൂർഷ്വാലിബറൽ ആശയങ്ങൾ പ്രചരിപ്പിക്കാൻ തുടങ്ങിയത്. ആ ആശയങ്ങളുടെ ഉറവിടം ഇവിടത്തെ വസ്തുനിഷ്ഠസാഹചര്യങ്ങളല്ല. ഇവിടത്തെ കയർവ്യവസായവും നെയ്ത്തുവ്യവസായവും തേയിലത്തോട്ടങ്ങളുംമറ്റും നേരിടുന്ന പ്രതിസന്ധിയല്ല അത്തരം ആശയങ്ങൾക്കു ജന്മമേകിയത്. കേരളത്തിന്റെ സുദീർഘമായ ചരിത്രവുമായി ബന്ധപ്പെട്ടുകിടക്കുന്ന സാംസ്കാരികവും രാഷ്ട്രീയവും സാമ്പത്തികവുമായ പശ്ചാത്തലമാണ് ഈ ബൂർഷ്വാലിബറൽ ആശയങ്ങൾക്കു ജന്മമേകിയതെന്നു സ്ഥാപിക്കാനാണ് സുബ്രഹ്മണ്യദാസിന്റെ ശ്രമമെങ്കിൽ സഹതപിക്കാനേ നിർവ്വാഹമുള്ളു.

താൻ ചിരസമ്മതമാർക്സിസത്തിന്റെ തത്ത്വങ്ങൾ പിന്തുടരാൻ ശ്രമിക്കുന്നവനാണ് എന്നു സമർത്ഥിക്കുന്നുണ്ട് ദാസ്. അങ്ങിനെ ചെയ്യുമ്പോൾ പ്രാഥമികമായ ബുദ്ധിപരമായ സത്യസന്ധതപോലും അദ്ദേഹം പാലിക്കുന്നില്ല. ചിരസമ്മതമാർക്സിസം ഉയർത്തിപ്പിടിക്കുന്നു എന്നവകാശപ്പെടുമ്പോൾതന്നെ അതിന്റെ അടിസ്ഥാനതത്ത്വങ്ങളെ അദ്ദേഹം നിരാകരിക്കുകയും ചെയ്യുന്നു. നിശ്ചിതമായ ഒരു വർഗ്ഗസമൂഹം നിലവിൽ വന്നിട്ടില്ലാത്ത, വർഗ്ഗങ്ങൾ നിശ്ചിതരൂപം പ്രാപിച്ചിട്ടില്ലാത്ത, ഒരു സമൂഹമാണു കേരളത്തിലേതെന്നാണ് ദാസിന്റെ കണ്ടുപിടുത്തം. ചിരസമ്മതമാർക്സിസത്തിന് കടകവിരുദ്ധമാണ് ഈ നിലപാട്. മനുഷ്യസമൂഹം വർഗ്ഗങ്ങളായി പിരിഞ്ഞതിനുശേഷം മുഖ്യധാരയിൽ അലിഞ്ഞുചേർന്നിട്ടില്ലാത്ത ചില ആദിവാസി സമൂഹങ്ങളിലൊഴികെ മറ്റൊരിടത്തും വർഗ്ഗങ്ങളായി പിരിയാത്ത മനുഷ്യസമൂഹം നിലനില്ക്കുന്നുണ്ടെന്നു ചിരസമ്മതമാർക്സിസം അംഗീകരിക്കുന്നില്ല. പലയിടത്തും വർഗ്ഗങ്ങൾ തമ്മിലുള്ള കൂടിക്കുഴയലുകളും രൂപാന്തരങ്ങളും സങ്കീർണ്ണതകൾ സൃഷ്ടിച്ചിട്ടുണ്ട്. പക്ഷെ അതൊന്നുംതന്നെ വർഗ്ഗങ്ങളെ വർഗ്ഗങ്ങളല്ലാതാക്കിമാറ്റിയിട്ടില്ല. ഇന്നുകേരളത്തിൽ കാണുന്ന സവിശേഷ വർഗ്ഗബന്ധങ്ങളൊന്നുംതന്നെ കേരളത്തിനു മാത്രമായിട്ടുള്ളതല്ല. ആധിപത്യംചെലുത്തുന്ന സാമ്രാജ്യത്വശക്തികളും ദേശീയസാഹചര്യങ്ങളും തമ്മിലുണ്ടാകുന്ന പ്രതിപ്രവർത്തനത്തിന്റെ ഫലമായുണ്ടാകുന്ന സങ്കീർണ്ണതകൾ, ലോകത്തിലെ ബഹുഭൂരിപക്ഷം വരുന്ന കൊളോണിയൽ അർദ്ധകൊളോണിയൽ സമൂഹങ്ങളിൽ നിലനില്ക്കുന്ന പ്രതിഭാസമാണ്. ദാസിന്റെ വാദമുഖങ്ങളനുസരിച്ച് അവിടെയൊന്നും വർഗ്ഗങ്ങളില്ല; അപ്പോൾപിന്നെ വർഗ്ഗസമരത്തെക്കുറിച്ച് ചിന്തിക്കുകയും വേണ്ടല്ലോ. പോരെ! ഇതില്പരം വിപ്ലവപരമായ ഒരു സിദ്ധാന്തം ഇനി നമുക്കു വേണോ?

എന്തിനീ കപടവേഷം? കാര്യങ്ങൾ നേരെചൊവ്വേ അങ്ങ് പറഞ്ഞുകൂടെ? പാശ്ചാത്യചിന്തകന്മാരുടെ പുസ്തകങ്ങളുമായി പരിചയമില്ലാത്ത സാധാരണ സഖാക്കളെ കബളിപ്പിക്കാൻവേണ്ടിയാണോ ഈ പാടുപെടുന്നത്. ദാസ് ഉന്നയിക്കുന്നതുപോലുള്ള വാദമുഖങ്ങൾ എത്രയോ പാശ്ചാത്യചിന്തകന്മാർ ഉന്നയിച്ചുകഴിഞ്ഞതാണ്. നവീന ഇടതുപക്ഷക്കാരിൽ പലരും വർഗ്ഗങ്ങളെക്കുറിച്ച് പുതിയ നിർവ്വചനങ്ങൾ തേടിനടന്ന് അവസാനം വർഗ്ഗവീക്ഷണംതന്നെ ഉപേക്ഷിച്ചവരാണ്.

പക്ഷേ, അവരെല്ലാം ദാസിനേക്കാൾ എത്രയോ ഭേദമാണ്. അവർ ബുദ്ധിപരമായ സത്യസന്ധത പാലിക്കാൻ ശ്രമിച്ചു. അവരുടെ അന്വേഷണഫലങ്ങളിൽ പലതും ചിരസമ്മതമാർക്സിസവുമായി പൊരുത്തപ്പെടാത്തതാണെന്നു കണ്ടപ്പോൾ അവരതു തുറന്നുപറഞ്ഞു. ചിരസമ്മത മാർക്സിസത്തിന്റെ ചരിത്രവീക്ഷണം യാന്ത്രികവാദപരമാണെന്നാണ് അവരിൽ പലരും പറയുന്നത്. മാർക്സിനുതന്നെ, വൈരുദ്ധ്യാധിഷ്ഠിതവീക്ഷണത്തിന്റെ ഉൾക്കാഴ്ച ഉണ്ടായിരുന്നെങ്കിലും ചരിത്രത്തെയും സമൂഹത്തെയും സംബന്ധിച്ച തന്റെ സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചപ്പോൾ യാന്ത്രികവാദത്തിന്റെ സ്വാധീനത്തിൽനിന്നു മുക്തനാവാൻ കഴിഞ്ഞില്ലെന്നാണ് അവരുടെ കണ്ടുപിടുത്തം. മൂലധനത്തിലും മറ്റു കൃതികളിലുമെല്ലാം സാമ്പത്തികഘടകത്തിനും വർഗ്ഗസമരത്തിനും ഏകപക്ഷീയമായ ഊന്നൽ നല്കുകയും സാംസ്കാരികഘടകത്തെ അവഗണിക്കുകയും അതുവഴി യാന്ത്രികവാദപരമായ നിലപാടെടുക്കുകയുമാണ് മാർക്സ് ചെയ്തതെന്നാണ് അവരുടെ വിമർശനം. കേരളത്തിലെ സവിശേഷ സാഹചര്യങ്ങളുടെ മറവിൽ ദാസും ഉന്നയിക്കുന്നത് അതുതന്നെയാണ്. പക്ഷേ, ദാസിന് നവീനഇടതുപക്ഷക്കാരുടെ ചങ്കൂറ്റവും സത്യസന്ധതയും ഇല്ലെന്നുമാത്രം. വിമർശനം മാർക്സിനുനേരെ ഉന്നയിക്കാതെ ഇവിടത്തെ പ്രവർത്തകർക്കെതിരെ ഉന്നയിക്കുന്നു എന്നുമാത്രം.

കേരളത്തിലെ ബൂർഷ്വാലിബറൽ പ്രവണതയുടെ വക്താക്കൾ നവീന ഇടതുപക്ഷക്കാരുടെ സിദ്ധാന്തങ്ങൾ കടംവാങ്ങിയവരാണെന്ന എന്റെ സൂചനയാണ് ദാസിനെ പ്രകോപിപ്പിച്ചത്. ദാസും അതുതന്നെയാണു ചെയ്യുന്നതെന്നാണ് എന്റെ അഭിപ്രായം ഇന്നല്ലെങ്കിൽ നാളെ നിങ്ങൾക്കതു തുറന്നു സമ്മതിക്കേണ്ടിവരും.

അദ്ധ്യായം *12*

# പോളെമിക്സ് അല്ല

— സുബ്രഹ്മണ്യദാസ്

കെ. വേണുവിന്റെ സുദീർഘമായ മറുപടിവായിച്ചു. ഏറ്റവും നിസ്സാരമായ ഒരു വിമർശനംപോലും സമചിത്തതയോടെ വായിച്ചു ഗ്രഹിക്കാൻ കഴിയാത്ത വിധത്തിൽ ഇത്രയ്ക്ക് ലോലഹൃദയനാണ് അദ്ദേഹമെന്ന് കരുതിയിരുന്നില്ല. ഞാൻ ഉന്നയിച്ച കാര്യങ്ങളെ നവീനഇടതുപക്ഷവുമായി ബന്ധപ്പെടുത്തികാണുന്നതിൽ ഒരു കുറ്റാന്വേഷകന്റെ വൈദഗ്ധ്യം അദ്ദേഹം പ്രകടിപ്പിക്കുന്നുണ്ട്. എന്നാൽ രീതിയുടെ പ്രശ്നവും മറ്റും ദശകങ്ങൾക്കു മുമ്പുതന്നെ ഇന്ത്യയിലെ മാർക്സിസ്റ്റ് ബുദ്ധിജീവികളിൽ ചിലരെങ്കിലും ഉന്നയിച്ചിട്ടുള്ളതാണ്. പ്രശസ്തചരിത്രകാരനായ ഡി. ഡി. കോസംബി (Exasperating Essays: Exercises in the Dialectical Method) എന്ന പേരിലുള്ള തന്റെ പ്രബന്ധ സമാഹാരത്തിന് 1957-ൽ എഴുതിയ അവതാരികയിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ:

'സദുദ്ദേശത്തോടെ ഉന്നയിക്കുന്ന എതിരഭിപ്രായങ്ങളെ ഫലപ്രദമായി കൈകാര്യംചെയ്യാനുള്ള ഏകമാർഗ്ഗം ശ്രദ്ധാപൂർവ്വവും, സൂക്ഷ്മവും വാസ്തവികവുമായ ഒരു ഉത്തരമാണ്. ഔദ്യോഗികമാർക്സിസ്റ്റുകളുടെ മാർക്സിസം പലപ്പോഴും നിലവിലുള്ള പാർട്ടിലൈനിന്റെ അലംഘനീയപരിപാവനതയുടെമേലുള്ള മതാചാരപരമായ ഊന്നലോ അല്ലെങ്കിൽ ക്ലാസ്സിക്കുകളിൽനിന്നുള്ള അപ്രസക്തമായ ഉദ്ധരണികളോ അടങ്ങുന്നതാണ്.

രാഷ്ട്രീയതാല്പര്യത്തിന്റെയോ പാർട്ടി ഐക്യത്തിന്റെയോപേരിൽപോലും മാർക്സിസത്തെ ഗണിതശാസ്ത്രംപോലുള്ള കർക്കശമായ ഔപചാരികതത്വത്തിലേക്ക് ചുരുക്കാൻ കഴിയില്ല; ഒരു ഓട്ടോമാറ്റിക് ലെയ്ത്തിലെ ജോലി പോലെയുള്ള ചിട്ടപ്പെടുത്തിയ വിദ്യയായും ഇതിനെ കരുതാൻ വയ്യ. മനുഷ്യസമൂഹത്തിൽ സ്ഥിതിചെയ്യുന്ന ഭൗതികവസ്തുവിന് അനന്തമായ പരിവർത്തനങ്ങളാണുള്ളത്. നിരീക്ഷകൻ തന്നെ നിരീക്ഷിതസമൂഹത്തിന്റെ ഭാഗമാണ്. നിരീക്ഷകനും നിരീക്ഷിതസമൂഹവും അന്യോന്യം പ്രതിപ്രവർത്തിക്കുകയും ചെയ്യുന്നു. ഒരു സിദ്ധാന്തത്തിന്റെ വിജയകരമായ പ്രയോഗത്തിന് നിർദ്ദിഷ്ടസാഹചര്യത്തിൽനിന്നു കാതലായ ഘടകങ്ങൾ കണ്ടെടുക്കാനുള്ള കഴിവിന്റെയും വിശകലനശേഷിയുടെയും വികാസത്തിന്റെയും ആവശ്യകതയെയാണ് അർത്ഥമാക്കുന്നത്.'

പുതിയ യാഥാർത്ഥ്യങ്ങളെ നിലവിലുള്ള സിദ്ധാന്തങ്ങൾക്ക് ഉൾക്കൊള്ളാൻ അസാദ്ധ്യമായിത്തീരുമ്പോഴാണ് പുതിയ അന്വേഷണങ്ങൾ പ്രസക്തമാവുന്നത്. അതിലേർപ്പെടുന്ന ഏതൊരാൾക്കും രീതിയുടെ പ്രശ്നം അഭിമുഖീകരിക്കേണ്ടിവരും.

നാം പ്രവർത്തിക്കുന്ന മണ്ഡലങ്ങളെക്കുറിച്ചുള്ള സമൂർത്തവിശകലനങ്ങളിലൂടെമാത്രമേ രീതിയുടെ പ്രശ്നം പരിഹരിക്കാൻ സാദ്ധ്യമാവൂ. കേരളത്തിലെ പ്രസ്ഥാനം ഇന്നേവരെ അത്തരം വിശകലനങ്ങളൊന്നും നടത്തിക്കാണാഞ്ഞതിനാൽ, അതത്യാവശ്യമാണെന്ന സൂചന നല്കുകയായിരുന്നു എന്റെ വിമർശനക്കുറിപ്പിലൂടെ ഞാൻ ചെയ്തത്. പ്രവർത്തനമണ്ഡലത്തെക്കുറിച്ച് വ്യക്തതനേടിയാൽ ഇന്നുകാണുന്ന പലഅഭിപ്രായഭിന്നതകളും വിഭാഗീയ പ്രവണതകളും (എന്റെ കുറിപ്പിനുള്ള വേണുവിന്റെ മറുപടിയിലെ ബാലിശമായ നിരവധി വാദമുഖങ്ങളടക്കം) താനേ അപ്രസക്തമായിത്തീരുമെന്നാണ് ഞാൻ കരുതുന്നത്. എന്നാൽ വേണുവിന്റെ അതിർകവിഞ്ഞ ആത്മവിശ്വാസം അത്തരം ഒരു orientation പോലും അനാവശ്യമാണെന്ന് സ്ഥാപിക്കുന്നതിനാൽ ഏറ്റവും വിനയത്തോടെതന്നെ അദ്ദേഹത്തോട് ഏതാനും ചോദ്യങ്ങൾ ചോദിക്കട്ടെ.

വർഗ്ഗങ്ങളെക്കുറിച്ച് മാർക്സ് നല്കുന്ന സാമാന്യനിർവ്വചനം ഇതാണ്; ലക്ഷക്കണക്കിനു കുടുംബങ്ങൾ അവരുടെ ജീവിതരീതിയും താല്പര്യങ്ങളും സംസ്കാരവും മറ്റുവർഗ്ഗങ്ങളുടേതിൽനിന്നു വേർതിരിക്കുകയും അവരുമായി ശത്രുതാപരമായ എതിർചേരിയിൽപെടുത്തപ്പെടുകയുംചെയ്യുന്ന സാമ്പത്തികസാഹചര്യങ്ങളിൽ ജീവിക്കുന്നിടത്തോളം അവർ ഒരു വർഗ്ഗത്തിനു രൂപംനല്കുന്നു.

1. കേരളത്തിൽ നിശ്ചിതമായി രൂപംപ്രാപിച്ചിട്ടുള്ള വർഗ്ഗങ്ങളേതെല്ലാമാണ്?
2. കേരളത്തിൽ ഇത്രയധികം കക്ഷിരാഷ്ട്രീയ സംഘടനകൾ നിലവിലുള്ളത് എന്തുകൊണ്ടാണ്? അവ ജനങ്ങളുടെ ഏതേതു താല്പര്യങ്ങളെയാണ് പ്രതിനിധാനംചെയ്യുന്നത്?
3. കേരളത്തിന്റെ ഭരണതലത്തിൽ വർഷങ്ങളായി തുടർന്നുവരുന്ന രാഷ്ട്രീയഅനിശ്ചിതത്വത്തിനു കാരണമെന്താണ്? ഒരു വിപ്ലവ പ്രസ്ഥാനത്തിന് അതുനല്കുന്ന രാഷ്ട്രീയ സൂചനകൾ എന്തെല്ലാമാണ്?
4. എന്തുകൊണ്ടാണ് ആർ. എസ്. എസ്. പോലൊരു സംഘടനയ്ക്ക് കേരളത്തിൽ നിലനില്ക്കാൻ കഴിയുന്നത്? ആർ. എസ്. എസ്-മാർക്സിസ്റ്റ് സംഘട്ടനങ്ങളുടെ അടിസ്ഥാന കാരണങ്ങളെന്തെല്ലാമാണ്?
5. എന്തുകൊണ്ടാണ് മറ്റേതു സംസ്ഥാനത്തേക്കാളുപരി കേരളത്തിലെ ജനത അടിയന്തരാവസ്ഥയെ സ്വാഗതം ചെയ്തത്?
6. വരട്ടുതത്വവാദമെന്നാൽ എന്താണ്? അതിനെതിരായ സമരത്തിൽ ഉപയോഗിക്കുന്ന മാനദണ്ഡം രീതിയുടേതല്ലാതെ മറ്റെന്താണ്?

The Eighteenth Bruimire of Louis Bonaparte.

പെട്ടെന്ന് മനസ്സിൽതോന്നിയ ഏതാനും ചോദ്യങ്ങളാണിതൊക്കെ. കേരളത്തിലെ ജനങ്ങൾ തങ്ങളുടെ ദൈനംദിനജീവിതത്തിൽ അവ്യക്തമായെങ്കിലും ഉന്നയിക്കുകയും പരിഹാരം തേടുകയുംചെയ്യുന്ന പ്രശ്നങ്ങളിൽ ചിലതെങ്കിലു മാണിതൊക്കെ. ജനകീയ രാഷ്ട്രീയാധികാരം ലക്ഷ്യമാക്കുന്ന പ്രസ്ഥാനം പഠനങ്ങളും ഗവേഷണങ്ങളും വഴിതന്നെ ഈ പ്രശ്നത്തിൽ വ്യക്തത

തേടേണ്ടിയിരിക്കുന്നു. മുൻകൂട്ടി തീരുമാനിച്ച ഏതാനും അമൂർത്തതത്ത്വങ്ങളിൽ നിന്നുള്ള തുടക്കങ്ങളേക്കാൾ കേരളത്തിന്റെ ചരിത്രപരമായ വികാസപ്രക്രിയയെക്കുറിച്ചുള്ള പഠനങ്ങളിൽ നിന്നുള്ള തുടക്കമായിരിക്കും ശരി. അല്ലെങ്കിൽ മതപ്രചാരകരുടെ അതേ നിലവാരം മാത്രമേ കമ്മ്യൂണിസ്റ്റുകാർക്കും അവകാശപ്പെടാനാകൂ. വിനയത്തോടെ ഒരു കാര്യംകൂടി സൂചിപ്പിക്കട്ടെ: ആശയം നഷ്ടപ്പെട്ട ജാർഗണുകളേക്കാളും അകം പൊള്ളയായ ശകാരങ്ങളേക്കാളും സംവേദനക്ഷമതയുള്ള വാക്കുകൾ ഉപയോഗിക്കാൻ കമ്മ്യൂണിസ്റ്റുകാർ പരിശീലിക്കേണ്ടിയിരിക്കുന്നു.

അദ്ധ്യായം *13*

# ആദ്യം രീതിയുടെ പ്രശ്നം തന്നെ തീരുമാനിക്കുക

— കെ. വേണു

സുബ്രഹ്മണ്യദാസ് വീണ്ടും തന്റെ കപടവേഷം അഴിച്ചുവെക്കാൻ തയ്യാറാകുന്നില്ല. ഈ ഒളിച്ചുകളി തുടർന്നുകൊണ്ട് പ്രയോജനപ്രദമായ എന്തെങ്കിലും ചർച്ചനടത്താൻ സാധ്യമല്ല. ആദ്യം തന്നെ ദാസ് ഉന്നയിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് കൃത്യമായും സ്പഷ്ടമായും വ്യക്തമാക്കുക. എന്നിട്ട് ആ പ്രശ്നങ്ങളോടുള്ള ദാസിന്റെ സമീപനവും എന്താണെന്നും വിശദീകരിക്കുക. അപ്പോൾ മാത്രമേ ഇത് വായനക്കാർക്ക് എന്തെങ്കിലും പ്രയോജനം ലഭിക്കുന്ന ഒരു ചർച്ചയായി തീരുകയുള്ളൂ . അതല്ലെങ്കിൽ, ദാസിന്റെ ചില സ്വകാര്യ വികാരങ്ങൾ തന്റെ തനതായ രീതിയിൽ അവതരിപ്പിക്കൽ മാത്രമായി ഇത് അവസാനിക്കും. അങ്ങിനെ ആകരുതെന്നു കരുതിയാണ് അല്പം വിശദമായി തന്നെ അതിന് മറുപടി പറയാൻ ഞാൻ തയ്യാറായതും കേന്ദ്രപ്രശ്നത്തിലേക്ക് വിരൽ ചൂണ്ടിയതും.

ദാസും കൂട്ടുകാരും ഉപയോഗിക്കുന്ന രീതിയിലുള്ള ബുദ്ധിപരമായ കസർത്തുകളിൽ എനിക്ക് യാതൊരു താല്പര്യവുമില്ല. ഏതു വിവാദവിഷയം വന്നാലും എന്റെ പരിമിതമായ അറിവിന്റെ അടിസ്ഥാനത്തിൽ എന്റെ നിലപാട് ഞാൻ വെട്ടിത്തുറന്നു പറയാറുണ്ട്. ദാസിപ്പോൾ ഈ ചർച്ച കൊണ്ടെത്തിച്ചിട്ടുള്ള അവസ്ഥയിൽ നിന്ന് അതിനെ മോചിപ്പിക്കണമെങ്കിൽ, ആദ്യം ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളെന്തെല്ലാമാണെന്ന് വ്യക്തമാകേണ്ടതുണ്ട്. അല്പം ആവർത്തനം ആവശ്യമായി വരുന്നുണ്ടെങ്കിലും, ദാസ് ഉന്നയിച്ച പ്രശ്നങ്ങളെക്കുറിച്ച് ഞാൻ മനസ്സിലാക്കിയതെന്താണെന്നും വിശദമായ ഒരു മറുപടി ഞാൻ നല്കിയതെന്തുകൊണ്ടാണെന്നും വ്യക്തമാക്കാം. സാംസ്കാരികവിപ്ലവത്തെക്കുറിച്ചുള്ള എന്റെ ലേഖനത്തിൽ കേരളത്തിലെ വസ്തുനിഷ്ഠ സാഹചര്യങ്ങളെക്കുറിച്ചൊന്നും പറയാതെ ചില സാമാന്യതത്ത്വങ്ങൾ വിശദീകരിക്കാനാണ് ശ്രമിക്കുന്നതെന്നും അത് ഫോർമൽ ലോജിക്കിന്റെ രീതിയാണെന്നും സമർത്ഥിച്ചുകൊണ്ട്, കേരളത്തിലെ വസ്തുനിഷ്ഠ സാഹചര്യങ്ങളെക്കുറിച്ചു പഠിക്കാത്ത ഇവിടത്തെ വിപ്ലവപ്രസ്ഥാനം വിപ്ലവവിരുദ്ധ നിലപാടിലെത്തിയിരിക്കുന്നു എന്ന ഗുരുതരമായ വിമർശനം (അല്ല, ആക്രമണം) ആണ് ദാ

സ് ആദ്യം നടത്തിയത്. രണ്ടാമതായി, കേരളത്തിലെ വസ്തുനിഷ്ഠ സാഹചര്യങ്ങളെക്കുറിച്ച് ദാസ് എത്തിച്ചേർന്ന നിഗമനം അവതരിപ്പിച്ചത് ചിരസമ്മത നിർവ്വചനപ്രകാരമുള്ള വർഗ്ഗങ്ങൾ കേരളത്തിൽ രൂപംകൊണ്ടിട്ടില്ലെന്നാണ്. എന്റെ പരിമിതമായ സംവേദനക്ഷമതവെച്ചു നോക്കിയപ്പോൾ ദാസിന്റെ ആദ്യത്തെ കുറിപ്പിലടങ്ങിയ ഈ രണ്ടുകാര്യങ്ങളും കേരളത്തിലെ വിപ്ലവപ്രസ്ഥാനത്തിനും ചിരസമ്മത മാർക്സിസത്തിനും എതിരായ ഗുരുതരമായ ആക്രമണങ്ങളായിട്ടാണ് ഞാൻ മനസ്സിലാക്കിയത്, ഇപ്പോഴും മനസ്സിലാക്കുന്നത്. ആദ്യത്തെ വിമർശനം എത്രമാത്രം വസ്തുതയ്ക്ക് നിരക്കാത്തതാണെന്ന് വിശദീകരിക്കുകയും രണ്ടാമത്തെ വിമർശനത്തിന്റെ ഉറവിടമെന്താണെന്നും വിശദീകരിക്കുകയുമാണ് എന്റെ മറുപടി കുറിപ്പിൽ ഞാൻ ചെയ്തത്. എന്നാൽ ഇപ്പോൾ ദാസ് പറയുന്നു, ഏറ്റവും നിസ്സാരമായ ഒരു വിമർശനമാണ്, താൻ ഉന്നയിച്ചതെന്നും ഞാൻ അതിനോട് വികാരപരമായി പ്രതികരിക്കുകയാണ് ചെയ്തതെന്നും. ഒരു വിപ്ലവ പ്രസ്ഥാനം വിപ്ലവ വിരുദ്ധനിലപാടിലാണ് എത്തിയിരിക്കുന്നതെന്നു പറയുന്നതിൽ കവിഞ്ഞ ഒരു ആക്രമണം അതിനെതിരെ നടത്താൻ ആർക്കെങ്കിലും കഴിയുമോ? ആ വിമർശനം വസ്തുതയ്ക്കു നിരക്കാത്തതായിരുന്നു എന്നു ചൂണ്ടിക്കാണിച്ചപ്പോൾ അത് ഏറ്റവും നിസ്സാരമായ ഒരു വിമർശനമായിരുന്നു എന്നുപറഞ്ഞ് തടിതപ്പുന്ന സംവേദനശീലം എനിക്കു പിടികിട്ടാത്ത ഒന്നാണ്. കൺമുന്നിൽ നടക്കുന്ന കാര്യങ്ങളുടെ നേരെ കണ്ണടച്ചിട്ട് ഭാവനാപരമായ നിഗമനങ്ങളിലെത്തിയതിനു ശേഷം ഇത്തരം ഭ്രാന്തമായ ആക്രമണങ്ങൾ നടത്തുന്ന 'രീതി'യെക്കുറിച്ചാണ് ദാസ് ഈ ബഹളംവെയ്ക്കുന്നതെങ്കിൽ സഹതപിക്കാനേ തരമുള്ളൂ.

സമൂർത്ത സാഹചര്യങ്ങളുടെ സമൂർത്ത വിശകലനമാണ് വൈരുദ്ധ്യാധിഷ്ഠിത രീതിയുടെ അന്തസ്സത്തയെന്ന ലെനിന്റെ നിർവചനം തലതിരിച്ചാണ് ദാസ് മനസ്സിലാക്കിയിട്ടുള്ളത്. നാം പ്രവർത്തിക്കുന്ന മണ്ഡലങ്ങളെക്കുറിച്ചുള്ള സമൂർത്ത വിശകലനങ്ങളിലൂടെ മാത്രമേ രീതിയുടെ പ്രശ്നം പരിഹരിക്കാനാകൂ എന്ന അങ്ങേയറ്റം ലളിതവത്കൃതമായ ദാസിന്റെ നിർവചനം ഏകപക്ഷീയമായ പ്രയോഗമാത്രവാദത്തിലാണ് അദ്ദേഹത്തെ കൊണ്ടെത്തിച്ചിട്ടുള്ളത്. സമൂർത്ത സാഹചര്യങ്ങളെ വിശകലനം ചെയ്യുന്നതിന് നിങ്ങൾ ഏതു രീതി അവലംബിക്കുന്നു എന്നതാണ് മർമ്മപ്രധാനമായ കാര്യം. സമൂർത്ത വിശകലനംതന്നെ സ്വയം പൂർണ്ണമായ ഒരു രീതിയല്ല. അനുഭവിക ശാസ്ത്രങ്ങളുടെ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവരെല്ലാം തന്നെ സമൂർത്ത സാഹചര്യങ്ങൾ സമൂർത്തമായി വിശകലനം ചെയ്യുന്നവരാണ്. പക്ഷേ, ഇത്തരം ഗവേഷണം നടത്തുന്ന ഭൂരിപക്ഷം ശാസ്ത്രജ്ഞന്മാരും ഏകപക്ഷീയവും ഭാഗികവുമായ നിഗമനങ്ങളിലാണ് ചെന്നെത്തുന്നത്. സമഗ്രമായ ഒരു വീക്ഷണവും അതിന്റെ അടിസ്ഥാനത്തിലുള്ള സമഗ്രമായ ഒരു രീതിയും ഇല്ലാത്തതാണ് ഇതിനു കാരണം. സമഗ്രവീക്ഷണത്തിലധിഷ്ഠിതമായ രീതി കാണാനുള്ള അന്വേഷണമാണ് ഫോർമൽ ലോജിക്കിൽ നിന്നു വൈരുദ്ധ്യാധിഷ്ഠിത ലോജിക്കിലേക്കും അതിൽതന്നെ മാർക്സ് മുതൽ മാവോവരെയുള്ള വികാസവുമെല്ലാം ഉണ്ടായിട്ടുള്ളത്. അതേസമയം മറ്റു ചിലരുടെ അന്വേഷണങ്ങൾ വൈരുദ്ധ്യാധിഷ്ഠിത ലോജിക്കിനെ പാടേ നിഷേധിച്ചുകൊണ്ട് കേവലമായ സമൂർത്ത സാഹചര്യങ്ങളെ സമൂർത്തമായി വിശകലനം ചെയ്യുകയെന്ന അനുഭവിക (empirical) സമ്പ്രദായത്തിലും എത്തിയിട്ടുണ്ട്. ആശയവാദപരവും യാന്ത്രികവുമായ ഒട്ടേറെ മറ്റു രീതികളും നമ്മുടെ മുന്നിലുണ്ട്. ആദ്യം തീരുമാനിക്കേണ്ട പ്രശ്നം നമ്മൾ ഇതിൽ ഏതുരീതി സ്വീകരിക്കുന്നു എന്നതാണ്. അത് തീരുമാനിക്കാതെ സമൂർത്ത വിശകലനവുമായി നീങ്ങിയാൽ എത്തിച്ചേരുന്നതും നാനാതരം ബൂർഷ്വാശാസ്ത്രജ്ഞന്മാരുടെ ഏകപക്ഷീയ നിഗമനങ്ങളുടെ തലത്തിൽതന്നെയായിരിക്കും. വൈരുദ്ധ്യാധിഷ്ഠിതസമ്പ്രദായം അംഗീകരിക്കുന്ന

വരെ സംബന്ധിച്ചിടത്തോളം ഈ സമ്പ്രദായംതന്നെ എന്താണെന്നു നിർവ്വചിക്കേണ്ടതുണ്ട്. മാർക്സിനെ തുടർന്ന് ലെനിനും മാവോയും ശ്രമിച്ചത് അതാണ്. മാവോ എത്തിനിന്നിടത്തു നിന്നാണ് നമുക്ക് തുടങ്ങാനുള്ളത്. ഭൗതിക യാഥാർത്ഥ്യങ്ങൾ വിശകലനം ചെയ്യുമ്പോൾ അവയുടെ സങ്കീർണ്ണസ്വഭാവം കണക്കിലെടുക്കുകയും എന്നാൽ ആ സങ്കീർണ്ണതകളിൽ നിന്നും മുഖ്യ വൈരുദ്ധ്യത്തെയും മറ്റു വൈരുദ്ധ്യങ്ങളെയും കണ്ടെത്തുകയും വേർതിരിച്ചറിയുകയും ഓരോ വൈരുദ്ധ്യത്തിന്റെയും പ്രധാനവശവും അപ്രധാനവശവും കണ്ടെത്തി അവ പരിഹരിക്കാനുള്ള പ്രായോഗിക പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുന്ന രീതിയാണ് മാവോ സിദ്ധാന്തതലത്തിലും പ്രായോഗികതലത്തിലും വികസിപ്പിച്ചെടുത്തത്. വിപരീതങ്ങൾ തമ്മിലുള്ള സമരത്തിന്റെയും അനന്യതയുടെയും പ്രശ്നം ശരിയായി നിർവ്വചിച്ചു കൊണ്ടാണ് ഈ രീതിക്ക് സമൂർത്തരൂപം നല്കാൻ മാവോയ്ക്ക് കഴിഞ്ഞത്. തീർച്ചയായും ഈ രീതി ഇനിയും വികസിപ്പിക്കേണ്ടതുണ്ട്. അതു പ്രയോഗിക്കുമ്പോൾ നമുക്ക് നേരിടേണ്ടിവരുന്ന ഒട്ടേറെ പ്രശ്നങ്ങൾ ഇനിയും പരിഹരിക്കാനുണ്ട്. അത് ഒരു പൊതുവീക്ഷണം സ്വീകരിച്ചു നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ സ്വാഭാവികമായും ഉണ്ടാകുന്ന പ്രശ്നങ്ങളാണ്. അവ ശരിയായി പരിഹരിക്കുന്നതിലൂടെയാണ് നമ്മുടെ വീക്ഷണം തന്നെയും വികസിക്കുക.

മാർക്സിയൻ ലോകവീക്ഷണം എന്നു പറയുന്നത് ഇത്തരമൊരു രീതി മാത്രമല്ല. മാർക്സിയൻ ലോകവീക്ഷണത്തിൽ സ്ഥായിയായി സ്വീകരിക്കാവുന്നത് ഈ രീതി മാത്രമാണെന്നു സ്ഥാപിക്കാൻ പലരും ശ്രമിച്ചിട്ടുണ്ട്. ഉദാഹരണത്തിനു ലൂക്കാച്ചിനെ പോലുള്ളവർ. ചരിത്രത്തിന്റെയും സാമ്പത്തികശാസ്ത്രത്തിന്റെയും മണ്ഡലത്തിൽ മാർക്സ് നടത്തിയ കണ്ടുപിടുത്തങ്ങൾ കാലഹരണപ്പെട്ടുവെന്നു മുറവിളികൂട്ടുന്ന ബൂർഷ്വാചിന്തകന്മാരുടെ തലത്തിലേയ്ക്കുതന്നെയാണ് ഇത്തരക്കാരും എത്തിയിട്ടുള്ളത്. തീർച്ചയായും അവ യഥാർത്ഥത്തിൽ കാലഹരണപ്പെട്ടിട്ടുണ്ടെങ്കിൽ യാതൊരു മടിയും കൂടാതെ അവ തള്ളിക്കളയേണ്ടതുണ്ട്. മാർക്സിന്റെ തെറ്റായ പല നിഗമനങ്ങളും കമ്മ്യൂണിസ്റ്റുകാർ തള്ളിക്കളഞ്ഞിട്ടുണ്ട്. ഏതെല്ലാമാണ് അങ്ങിനെ കാലഹരണപ്പെട്ടതെന്നും ഇനിയും അവശേഷിക്കുന്നതേതെല്ലാമെന്നും നിർണ്ണയിക്കുകയാണ് പ്രധാനം. അപ്പോൾ വീണ്ടും വീക്ഷണത്തിന്റെ പ്രശ്നംവരും. നിങ്ങളുടെ രീതിയെ നിർണ്ണയിക്കുന്നതു നിങ്ങളുടെ വീക്ഷണം തന്നെയായിരിക്കും. ചരിത്രത്തെക്കുറിച്ചുള്ള തന്റെ വീക്ഷണം രൂപപ്പെടുത്തിയെടുക്കുന്നതിൽ താൻ നടത്തിയ ഏററവും പ്രധാനപ്പെട്ട കണ്ടുപിടുത്തങ്ങളേതെല്ലാമാണെന്നും മാർക്സ് തന്നെ അർത്ഥശങ്കയ്ക്കിടയില്ലാതെ വ്യക്തമാക്കിയിട്ടുള്ളതാണ്. ആ കണ്ടുപിടുത്തങ്ങളെല്ലാം ഇപ്പോഴും അങ്ങേയറ്റം പ്രസക്തമാണെന്നു വിശ്വസിക്കുന്ന കൂട്ടത്തിൽപ്പെട്ട ഒരു യാഥാസ്ഥിതികമാർക്സിസ്റ്റാണ് ഞാൻ. മാർക്സിന്റെ സുപ്രസിദ്ധമായ ആ പ്രസ്താവന ഇവിടെ ഉദ്ധരിക്കുന്നത് അനവസരമല്ലെന്ന് കരുതട്ടെ: “എന്നെ സംബന്ധിച്ചിടത്തോളം ആധുനിക സമൂഹത്തിൽ വർഗ്ഗങ്ങളുടെ നിലനില്പോ, അവ തമ്മിലുള്ള സമരമോ കണ്ടുപിടിച്ചതിനുള്ള മേന്മ എനിക്കവകാശപ്പെട്ടതല്ല. എനിക്കെത്രയോ മുമ്പുതന്നെ ബൂർഷ്വാ ചരിത്രകാരന്മാർ ഈ വർഗ്ഗസമരത്തിന്റെ ചരിത്രപരമായ വികാസവും ബൂർഷ്വാസാമ്പത്തികശാസ്ത്രജ്ഞന്മാർ വർഗ്ഗങ്ങളുടെ സാമ്പത്തിക ഘടനയും വിശദീകരിച്ചിട്ടുണ്ട്. പുതുതായിട്ട് ഞാൻ ചെയ്തതു് താഴെ പറയുന്ന കാര്യങ്ങൾ തെളിയിക്കുകയാണ്.

1. വർഗ്ഗങ്ങളുടെ നിലനില്പ് ഉല്പാദന വികാസത്തിലെ പ്രത്യേക ചരിത്രഘട്ടങ്ങളുമായി മാത്രം ബന്ധപ്പെട്ടതാണ്.
2. വർഗ്ഗസമരം അനിവാര്യമായും, തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിലേക്കു നയിക്കുന്നു.

3. ഈ സർവ്വാധിപത്യംതന്നെ എല്ലാ വർഗ്ഗങ്ങളുടെയും നിർമ്മാർജനത്തിലേക്കും ഒരു വർഗരഹിത സമുദായത്തിലേക്കുമുള്ള പരിവർത്തന ഘട്ടം മാത്രമാണ്.

വർഗ്ഗങ്ങളുടെ നിലനില്പ് ഉല്പാദന സമ്പ്രദായവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന മാർക്സിന്റെ കണ്ടുപിടുത്തമാണ് നമ്മുടെ ഈ ചർച്ചയിൽ ഏററവും പ്രധാനമായിട്ടുള്ളത്.

ദാസ് രീതിയുടെ പ്രശ്നം ഉന്നയിച്ചതുകൊണ്ടാണ് ഞാൻ അദ്ദേഹത്തെ നവീന ഇടതുപക്ഷക്കാരുമായി ബന്ധിച്ചതെന്നു കരുതിക്കൊണ്ടാണ് വളരെ മുമ്പുതന്നെ ഇന്ത്യയിൽ ആ പ്രശ്നം ഉന്നയിക്കപ്പെട്ടിട്ടുണ്ടെന്നു കാണിക്കാൻ ഡി.ഡി. കൊസാമ്പിയെ ഉദ്ധരിച്ചിരിക്കുന്നത്. വർഗസമരത്തെ ഫലത്തിൽ നിഷേധിക്കുന്ന ദാസിന്റെ വീക്ഷണത്തെയാണ് നവീന ഇടതുപക്ഷക്കാരുടേതുമായി ഞാൻ താരതമ്യപ്പെടുത്തിയത്. ഈ വീക്ഷണം ദാസ് പുലർത്തുന്നിടത്തോളം കാലം, കൊസാമ്പിയെ ഉദ്ധരിച്ചുകൊണ്ട് തനിക്കു നവീന ഇടതുപക്ഷക്കാരുമായി ബന്ധമില്ലെന്ന് സ്ഥാപിക്കാൻ ദാസ് നടത്തുന്ന ശ്രമം സഹതാപാർഹം മാത്രമേ ആകൂ. കൊസാമ്പി പറയുന്ന സമീപനം പൊതുവിൽ സ്വീകാര്യമായി കണക്കാക്കുന്നയാളാണ് ഞാൻ. പ്രകൃതിശാസ്ത്രത്തിലെയും സാമൂഹ്യശാസ്ത്രത്തിലെയും നിയമങ്ങൾ പൊതുവിൽ കർക്കശമായ അനിവാര്യതകളായി കണക്കുന്ന അടിസ്ഥാന സമീപനംതന്നെ പൊളിച്ചെഴുതേണ്ടതാണെന്നും നിയമങ്ങളെക്കുറിച്ചുള്ള അത്തരം യാന്ത്രികധാരണകളാണ് പലപ്പോഴും വിജ്ഞാന ശാഖകളെ മുരടിപ്പിക്കുന്നതെന്നും കരുതുന്നവനാണ് ഞാൻ. ഈ ദിശയിൽ അന്വേഷണം നടത്താൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ, ദാസിനു കൊസാമ്പിയുടെ അന്തസ്സത്ത പിടികിട്ടിയിട്ടില്ലെന്നു ദാസ് ഉന്നയിക്കുന്ന ഒന്നാമത്തെ ചോദ്യംതന്നെ കാണിക്കുന്നു. ഫ്രാൻസിൽ ഏകാധിപതിയായ ലൂയി ബോണപാർട്ടിന് ഒന്നടങ്കം വോട്ടുചെയ്ത കർഷകരുടെ സ്വഭാവം വിശകലനം ചെയ്യുന്നതിനിടയിൽ സാന്ദർഭികമായി മാർക്സ് ചൂണ്ടിക്കാണിച്ച കാര്യമാണ് വർഗത്തെക്കുറിച്ചുള്ള നിർവചനമായി ദാസ് ഉദ്ധരിക്കുന്നത്. തീർച്ചയായും ഈ നിരീക്ഷണത്തിന് വമ്പിച്ച പ്രാധാന്യമുണ്ട്. പക്ഷേ, കോസാമ്പിയെ ഉദ്ധരിച്ചുകൊണ്ട് ദാസ് തന്നെ സമർത്ഥിക്കാൻ ശ്രമിക്കുന്ന രീതിക്കു കടകവിരുദ്ധമാണ്. ഇങ്ങനെ ഒരു നിയമവും കൊണ്ടുനടന്നു വർഗങ്ങൾ കണ്ടെത്താൻ നടത്തുന്ന ശ്രമം, ചാക്കിൽ നിറച്ച ഉരുളക്കിഴങ്ങുപോലെയാണ് കർഷരുടെ സ്ഥിതിയെന്നും അതുകൊണ്ട് തൊഴിലാളിവർഗത്തെപ്പോലെ കെട്ടുറപ്പുള്ള ഒരു വർഗമായി തീർന്നിട്ടില്ല കർഷകർ എന്നും മാർക്സ് ചൂണ്ടിക്കാട്ടുമ്പോൾതന്നെ, പ്രസ്തുത കൃതിയിൽ കർഷകരെ ഒരു വർഗമായിട്ടു തന്നെയാണ് മാർക്സ് പരിഗണിക്കുന്നതെന്ന കാര്യം ശ്രദ്ധേയമാണ്, മാർക്സിന്റെ കൃതികൾ പൊതുവിൽ പരിശോധിച്ചാൽ ഈ വസ്തുത കൂടുതൽ ബോധ്യമാകും. ദാസ് സങ്കല്പിക്കുന്നതുപോലെ വർഗത്തെക്കുറിച്ച് കർക്കശമായ ഒരു നിർവ്വചനവും മുന്നിൽവെച്ചുകൊണ്ടല്ല മാർക്സ് വർഗങ്ങളെ വിശകലനം ചെയ്തിട്ടുള്ളത്. ലെനിനും മാവോയും തങ്ങളുടെ രാജ്യങ്ങളിലെ വർഗങ്ങളെ വിശകലനം ചെയ്തതും വ്യത്യസ്തരീതിയിലായിരുന്നില്ല. പ്രത്യേകിച്ചും മാവോ ചൈനയിലെ സങ്കീർണ്ണമായ വർഗബന്ധങ്ങൾ വിശകലനം ചെയ്തതു നോക്കുക. കേരളത്തിലെ വർഗബന്ധങ്ങൾ കൂടുതൽ സങ്കീർണ്ണമാണ്. പക്ഷേ, ദാസിനെപ്പോലെ യാന്ത്രികമായ ഒരു നിർവ്വചനവും മുന്നിൽവെച്ച് ലക്ഷക്കണക്കിനു കുടുംബങ്ങൾ എണ്ണിതിട്ടപ്പെടുത്തി വർഗം നിർണ്ണയിക്കുന്നരീതി ഉപയോഗിക്കുന്നില്ലെങ്കിൽ കേരളത്തിലെ വർഗബന്ധങ്ങൾ വിശകലനം ചെയ്യുക അസാധ്യമല്ല. കേരളത്തിലെ വർഗബന്ധങ്ങളെ കുറിച്ചുള്ള സമൂർത്തപഠനം പാർട്ടിനടത്തിക്കൊണ്ടിരിക്കുന്നതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല.

വരട്ടുതത്ത്വവാദത്തിനെതിരായ സമരത്തിലെ പ്രധാന ആയുധം രീതിയുടെ മാനദണ്ഡമാ

ണെന്ന ദാസിന്റെ കണ്ടുപിടുത്തം വിചിത്രമാണ്. വരട്ടുതത്ത്വവാദത്തിനെതിരായി മാത്രമല്ല തിരുത്തൽ വാദത്തിനെതിരായ സമരത്തിലും രീതി പ്രധാനമാണ്. പക്ഷേ, അതു കേവലമായ ഒരു രീതിയുടെ പ്രശ്നമല്ല, വൈരുദ്ധ്യാധിഷ്ഠിത രീതി ഉപയോഗിച്ചു കൊണ്ടാണ് ഈ രണ്ടു വിരുദ്ധ പ്രവണതകൾക്കുമെതിരായി സമരം ചെയ്യേണ്ടത്.

സമൂർത്ത സാഹചര്യങ്ങളുടെ സമൂർത്ത വിശകലനത്തെക്കുറിച്ചു വാതോരാതെ പറഞ്ഞുകൊണ്ടിരിക്കുന്ന ദാസ് ഈ പ്രശ്നത്തെ സമീപിക്കുന്നതുതന്നെ അമൂർത്തമായിട്ടാണെന്നതാണ് രസകരമായ സംഗതി. മറ്റേതു സംസ്ഥാനത്തേക്കാളുപരി കേരളത്തിലെ ജനത അടിയന്തരാവസ്ഥയെ സ്വാഗതം ചെയ്തു എന്ന പ്രസ്താവന നോക്കുക. തികച്ചും, വസ്തുതയ്ക്കു നിരക്കാത്ത ഒരു കെട്ടുകഥയാണിത്. ഇത്തരം കെട്ടുകഥകൾ വെച്ചുകൊണ്ടാണ് ദാസ് സമൂർത്ത വിശകലനം ആരംഭിക്കുന്നത്. കഷ്ടമെന്നല്ലാതെന്തു പറയാൻ?

വർഗ്ഗവീക്ഷണവും വൈരുദ്ധ്യാധിഷ്ഠിത രീതിയും സ്വീകരിക്കുന്ന സമീപനം നിശ്ചയിച്ചുകഴിഞ്ഞാൽ അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ വർഗ്ഗബന്ധങ്ങൾ വിശകലനം ചെയ്യുന്നതിലൂടെ, കേരളത്തിലെ രാഷ്ട്രീയാനിശ്ചിതത്വത്തിന്റെയും കക്ഷിരാഷ്ട്രീയ സംഘടനകളുടെ നിലനില്പിന്റെയും ആർ. എസ്. എസ്. —മാർക്സിസ്റ്റ് സംഘട്ടനങ്ങളുടെയും കാരണം കണ്ടെത്താൻ കഴിയും. പക്ഷേ, ദാസിന്റെ ലക്ഷ്യം ഇതല്ലെന്ന് അദ്ദേഹത്തിന്റെ സമീപനത്തിൽനിന്നുതന്നെ കാണാവുന്നതാണ്. കേരളത്തിലെ സമൂർത്തസാഹചര്യങ്ങൾ സമൂർത്തമായി വിശകലനം ചെയ്യുക എന്ന ക്ലേശകരവും നീണ്ടുനില്ക്കുന്നതുമായ കടമ, സിദ്ധാന്തത്തെയും പ്രായോഗത്തെയും തമ്മിൽ സമന്വയിപ്പിച്ചുകൊണ്ട് ഏറ്റെടുക്കുന്നതിനു പകരം, അങ്ങിനെ ഗൗരവപൂർവ്വമുള്ള പഠനമൊന്നും നടത്താതെ തന്നെ, കേരളത്തിൽ നിശ്ചിതമായി രൂപംപ്രാപിച്ചിട്ടുള്ള വർഗ്ഗങ്ങളില്ലെന്ന അമൂർത്തനിഗമനം മുന്നോട്ടുവയ്ക്കുകയാണ് ദാസ് ചെയ്തത്. ഇനിയിപ്പോൾ ആ നിഗമനത്തിലേയ്ക്ക് നയിക്കത്തക്കവിധം സമൂർത്തപഠനങ്ങൾ നടത്താനാണ് ദാസിന്റെ ശ്രമം. അതിനു പറ്റിയ ഒരു രീതിയാണ് ദാസിനാവശ്യം. അതെ, കേവലമായ രീതിയല്ല പ്രശ്നം. രീതിയെയും നിർണ്ണയിക്കുന്നത് വീക്ഷണമാണ്. വീക്ഷണം വ്യക്തമായി കഴിഞ്ഞാൽ കാര്യങ്ങൾ സ്പഷ്ടമാവും—നിങ്ങൾ എവിടെ നില്ക്കുന്നു എന്ന്, ഏതുവർഗ്ഗത്തിന്റെ കൂടെ നില്ക്കുന്നുവെന്ന്.

അദ്ധ്യായം *14*

# കത്തുകൾ

## 14.1 രീതിയെക്കുറിച്ച് വീണ്ടും

– ശശിധരൻ, കെ. ആർ.

പാശ്ചാത്യചിന്തകന്മാരുടെ പുസ്തകങ്ങളുമായി പരിചയമില്ലാത്ത സാധാരണ സഖാക്കളുടെ പരിമിതികൾ സ്വയം ബോദ്ധ്യപ്പെടുന്ന ഒരാളെന്ന നിലയ്ക്കുതന്നെ രീതിയെക്കുറിച്ച് നടക്കുന്ന ചർച്ചയിൽ പങ്കെടുക്കാൻ ഞാൻ ധൈര്യപ്പെടുകയാണ്. ഇന്ന് മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടിയും സാംസ്കാരികവേദിയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരും അനുഭാവികളുമായവരിൽ ഭൂരിഭാഗവും 'സാധാരണ'ക്കാരുടെ നിരയിൽപെടുന്നവരായതുകൊണ്ട് വേണുവിനെപ്പോലെയുള്ളവരുടെ ലേഖനങ്ങളുടെ പൊതുവിലുള്ള പ്രസക്തി അവഗണിക്കാവുന്നതല്ല. എന്നാൽ ഒരക്കാദമിക ലേഖകനെയും ഒരു കമ്മ്യൂണിസ്റ്റ് ലേഖകനെയും മൗലികമായി വേർതിരിക്കുന്നത് രീതിയെ സംബന്ധിച്ച പ്രശ്നമാണെന്ന് നമുക്കറിയാം. ഇക്കാര്യത്തിൽ ലെനിന്റെയും മാവോയുടെയും കൃതികൾതന്നെ ഉദാഹരണം. തങ്ങളുടെ സ്വന്തം രാജ്യത്തെ മൂർത്തപ്രശ്നങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് അവർ ആശയമണ്ഡലത്തിലെ തീക്ഷ്ണമായ വർഗ്ഗസമരത്തിലേർപ്പെട്ടത്. ഈ നിലയ്ക്ക് രീതിയെ സംബന്ധിച്ച് നേരത്തെ സുബ്രഹ്മണ്യദാസ് ഉന്നയിച്ച വിമർശനം അസ്ഥാനത്തല്ലെന്നു ഞാൻ കരുതുന്നു. സാംസ്കാരികവിപ്ലവവാദികളെ പരിചയപ്പെടുത്തുമ്പോൾത്തന്നെ, അത്തരം പ്രവണതകൾക്കെതിരായി നമ്മുടെ ഏറെ അംഗീകരിക്കപ്പെട്ട താത്ത്വികാചാര്യന്മാർ നടത്തിയ ആശയസമരങ്ങളെക്കുറിച്ച് വ്യക്തമാക്കാതിരുന്നത് ആധികാരികതയെക്കുറിച്ച് സംശയങ്ങൾ ഉണർത്തുന്നുണ്ട്. അതല്ലെങ്കിൽ അവർക്കുപോലും വ്യക്തതയില്ലാതിരുന്ന പ്രശ്നത്തെക്കുറിച്ച് കേരളത്തിലെ ഈ 'കൊച്ചു' പാർട്ടിയാണു വേണ്ടത്ര വ്യക്തത നേടിയെടുക്കുന്നതെന്നു വിശ്വസിക്കണോ? സാർ

വ്വദേശീയ രംഗത്ത് പൊതുവിൽ വ്യാപരിക്കുന്ന 'നവീന' ആശയങ്ങൾ സ്വന്തം രാജ്യത്തെ വിപ്ലവത്തെ മുന്നോട്ടു നയിക്കുന്നതിൽ അടിയന്തിര പ്രാധാന്യമർഹിക്കുന്നു എന്നു മനസ്സിലാക്കാനെങ്കിലും കഴിയണമെങ്കിൽ ദേശീയരംഗത്ത് നാമാർജ്ജിച്ച 'വിലപ്പെട്ട' അനുഭവങ്ങൾ മൂർത്തവിശകലനത്തിനു വിധേയമാക്കേണ്ടതുണ്ട്.

പരിമിതികൾ തുറന്നുപറയുന്നത് കമ്മ്യൂണിസ്റ്റുകാരന്റെ വിനയത്തെയാണു സൂചിപ്പിക്കുന്നത്. മറിച്ച്, ദാസിന്റെ വിമർശനത്തിനു മറുപടി പറയുന്നതിന്റെ പേരിൽ വിപ്ലവ പ്രസ്ഥാനത്തിന്റെ 'വികാസ'ത്തെക്കുറിച്ചും 'വെല്ലുവിളി'കളെക്കുറിച്ചും എന്തൊക്കെയോ പറഞ്ഞ് രക്ഷപ്പെടാൻ നോക്കുകയാണു വേണു ചെയ്യുന്നത്. ഒരുദാഹരണം: 'ആശയ സമരത്തിൽ തെറ്റായ വീക്ഷണത്തിന്റെ വക്താക്കളും അവസരവാദികളും സ്വീകരിക്കുന്ന ഒരു സമ്പ്രദായമുണ്ട്. എതിരാളികളുടെ നിലപാടിനെ വളച്ചൊടിച്ചും വസ്തുതയ്ക്കു നിരക്കാത്ത വിധത്തിൽ ദുർവ്യാഖ്യാനം ചെയ്തും അവതരിപ്പിച്ചതിനു ശേഷം അതിനു മുകളിൽ തങ്ങളുടെ നിലപാട് സ്ഥാപിച്ചെടുക്കാനുള്ള ശ്രമമാണ് ഇത്തരക്കാർ നടത്തുക.' (രീതിയെക്കുറിച്ചു തന്നെ – വേണു) ഈ ശരിയായ പ്രസ്താവം സുബ്രഹ്മണ്യദാസിന്റെ കാര്യത്തെ എങ്ങനെ ബാധിക്കുന്നുവെന്നു ലേഖകൻ തെളിയിക്കുന്നില്ല. നേരെമറിച്ച്, വേണുവാണതിനുദാഹരണമാകുന്നതെന്ന് തൊട്ടടുത്ത വാക്യങ്ങൾ വായിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളു. രീതിയെക്കുറിച്ചുള്ള വിമർശനത്തിനു മറുപടി പറയുന്നതിനു പകരം; ദാസിന്റെ ഉന്നം വിപ്ലവപ്രസ്ഥാനമാണെന്നു പറഞ്ഞ് (വേണു ഔദ്യോഗിക സ്ഥാനത്തിരിക്കുന്നിടത്തോളം കാലം വേണുവിനെതിരെയുള്ള വിമർശനം സാമാന്യമായി വിപ്ലവപ്രസ്ഥാനത്തെയുമായിരിക്കുമെന്ന ദുര്യോഗം അവഗണിക്കാൻ കഴിയില്ല). ദാസുമുൾപ്പെട്ടിരുന്ന പഴയ ഒരു ഗ്രൂപ്പുവഴക്കിന്റെ കെട്ടഴിക്കാൻ ശ്രമിക്കുകയാണദ്ദേഹം ചെയ്യുന്നത്.

ലോകവിപ്ലവപ്രസ്ഥാനത്തിൽ ഇന്നുവരെ നടന്നതും നടന്നുകൊണ്ടിരിക്കുന്നതുമായ ആശയസമരങ്ങൾ വെറും അമൂർത്ത ചിന്താവ്യാപാരങ്ങളല്ല. അതാതു ദേശത്തെ സമൂർത്തപ്രയോഗത്തിൽ നിന്നാണവ ഉരുത്തിരിഞ്ഞു വന്നത്. മാത്രമല്ല, അവരുടെ ശരിയായ പാഠങ്ങൾ ഉൾക്കൊള്ളാൻ മറെറാരു ദേശത്തെ വിപ്ലവഘടകത്തെ പക്വമാക്കുന്നത് ആ ദേശത്തെ സാമൂഹ്യപരിതഃസ്ഥിതികൾ അതൊരാവശ്യകതയാക്കിത്തീർക്കുമ്പോഴാണ്. 'അസ്തിത്വം ബോധത്തെ നിർണ്ണയിക്കുന്നു' എന്ന ചിരസമ്മതസാമാന്യതത്ത്വം എങ്ങനെ തള്ളിക്കളയാനാകും? മറ്റൊരുകാര്യം, അനന്തതയെ കാണുമ്പോൾ നിയമതത്ത്വത്തിനെ (സാർവ്വത്രികത്വം—പ്രത്യേകത്വം, സാർവ്വദേശീയത—ദേശീയത) കാണാതിരിക്കുന്ന മാർക്സിസ്റ്റ് വിരുദ്ധ നിലപാടിലേക്കു വേണു എത്തിച്ചേരുന്നു എന്നതാണ്.

ഒരു പ്രത്യേക പ്രദേശത്തെ വസ്തുനിഷ്ഠ സാഹചര്യങ്ങൾ അതായത്, സാമൂഹ്യബന്ധങ്ങൾ ഏതെങ്കിലും 'വേലിക്കെട്ടി'നകത്തു ഒതുങ്ങിനില്ക്കുന്നുവെന്ന് സാമാന്യബുദ്ധിയുള്ള ആരും കരുതിയില്ലെന്നു തോന്നുന്നു. എന്നാൽ 'ദേശീയമായ ആ വേലിക്കെട്ടുകൾ തകർന്നുകൊണ്ടിരുന്നത് വേണു പറയുന്നതുപോലെ, സമകാലീന പ്രതിഭാസമൊന്നുമല്ല. അത്തരം സർവ്വദേശീയ ബന്ധങ്ങൾക്കു ജന്മംകൊടുത്തതുതന്നെ. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ നിന്ന്:

'സ്വന്തം രാജ്യത്തെ ഉല്പാദനം കൊണ്ട് നിറവേറിയിരുന്ന പഴയ ആവശ്യങ്ങളുടെ സ്ഥാനത്ത് വിദൂരസ്ഥങ്ങളായ രാജ്യങ്ങളിലെയും കാലാവസ്ഥകളിലെയും ഉല്പന്നങ്ങൾകൊണ്ടുമാത്രം തൃപ്തിപ്പെടുത്താൻ കഴിയുന്ന പുതിയ ആവശ്യങ്ങൾ നാം കാണുന്നു. പ്രാദേശികവും ദേശീയവുമായ ഏകാന്തതയുടെയും സ്വയം പര്യാപ്തതയുടേയും സ്ഥാനത്ത് രാഷ്ട്രങ്ങൾതമ്മിലുള്ള നാനാമുഖമായ വ്യാപാരബന്ധങ്ങളും സാർവ്വത്രികമായ പരസ്പരാശ്രയത്വവുമാണ് ഇന്നുള്ളത്. ഭൗതികോല്പാദനത്തിലെന്ന പോലെ ബുദ്ധിപരമായ ഉല്പാദനത്തിലും ഇതേമാററങ്ങളുണ്ടാകുന്നു. പ്രത്യേക രാഷ്ട്രങ്ങളുടെ ബുദ്ധിപരമായ സൃഷ്ടികൾ പൊതുസ്വത്തായിത്തീരുന്നു. ദേശീയമായ ഏകപക്ഷ സങ്കുചിത മനഃസ്ഥിതിയും അധികമധികം അസാധ്യമാകുന്നു; ദേശീയവും പ്രാദേശികവുമായ നിരവധി സാഹിത്യങ്ങളിൽനിന്ന് ഒരു വിശ്വസാഹിത്യം ഉയർന്നു വരുന്നു.'

സമൂർത്ത യാഥാർത്ഥ്യവുമായി ബന്ധപ്പെടാതെ ചിന്തകൾക്കു നിലനില്പില്ല. ആശയങ്ങൾ കടന്നുവരുന്നതും സ്വാധീനം ചെലുത്തുന്നതും 'പരിമിത'മായ ദേശീയ വസ്തുനിഷ്ഠ സാഹചര്യങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുതന്നെയാണ് താനും!

അസ്തിത്വവാദ ചിന്തഗതികളുടെ ഉറവിടം സാമ്രാജ്യത്വമാണെങ്കിലും, അതിദ്രുതവേഗം പ്രചരിക്കുന്നതിനും വേരുന്നുന്നതിനും ഇന്ത്യൻ ആത്മീയവാദത്തിന്റെ 'ദേശീയ ഉറവിടം' കൂടിയുണ്ടെന്ന കാര്യം വിസ്മരിച്ചു കൂടാ!

## വിപ്ലവപ്രസ്ഥാനവും ബുദ്ധിജീവികളും

— കെ. എം. വിശ്വനാഥൻ, കൊളാമ്പ

കേരളത്തിലെ വിപ്ലവപ്രസ്ഥാനത്തിനകത്തും സാംസ്കാരിക രംഗത്തും നടന്നുകൊണ്ടിരിക്കുന്ന ആശയസമരം പൂർണ്ണമായും ആരോഗ്യപരമായ വളർച്ചയുടെയും വികാസത്തിന്റെയും ചിത്രമല്ല കാഴ്ചവെയ്ക്കുന്നത്. ക്ലാസിക്കൽ മാർക്സിസത്തിന്റെ രീതി കൃത്യമായി പിൻതുടർന്നുകൊണ്ടുള്ള വാദങ്ങളല്ല പലരും മുന്നോട്ടുവെയ്ക്കുന്നത്.

ഡെൽഫിയിലെ വെളിച്ചപ്പാടിനെപ്പോലെ അനാവശ്യമായ വിജ്ഞാനം തലയിൽപേറി നടക്കുന്ന കുറ്റൻ കച്ചവടപത്രങ്ങളിലെ കോളം എഴുത്തുകാരുടെ മിനിയേച്ചർ പതിപ്പുകൾ അവരുടെ Verbal Agression 'പ്രേരണ' വായനക്കാരന്റെ നേരെ തിരിച്ചിരിയ്ക്കുകയാണ്.

കേരളത്തിൽ നിശ്ചിതമായി വർഗങ്ങൾ രൂപംപ്രാപിച്ചിട്ടില്ലെന്നു വാദിക്കുന്നവർക്ക് മാർക്സിയൻ പോളെമിക്സിൽതന്നെ എന്തുകാര്യം? അടിസ്ഥാനപരമായും മാർക്സിസ്റ്റ് വിരുദ്ധ കാഴ്ചപ്പാടു വെച്ചുപുലർത്തുന്ന ഡോൺ ക്വിക്സോട്ടുകാരുടെ ഉത്തരം തേടാത്ത ചോദ്യങ്ങൾ പ്രേരണയിലൂടെ വെളിച്ചം കാണുകതന്നെ ലജ്ജാകരമാണ്. നിന്ദിതർക്കും പീഡിതർക്കും കാട്ടുനീതി ഉറപ്പുവരുത്താൻ, കാട്ടുകള്ളന്മാരുടെ മുൻകയ്യിൽ കാക്കത്തൊള്ളായിരം കക്ഷിരാഷ്ട്രീയപാർട്ടികൾ എലി പെറ്റുപെരുകുന്നപോലെ ഉണ്ടായിക്കൊണ്ടിരിയ്ക്കുന്നുണ്ട്. ഇതിന്റെയൊക്കെ വിത്തും വേരും നമ്മൾ എന്തുകൊണ്ട് അന്വേഷിച്ചു കണ്ടുപിടിക്കണം? സുബ്രഹ്മണ്യദാസിനെപ്പോലെ വർഗ്ഗങ്ങളെക്കുറിച്ച് പുതിയ നിർവ്വചനംതേടി ഓടിനടക്കുന്നവർ മാർക്യൂസിൽ

നിന്നാരംഭിക്കുന്നുവെങ്കിലും ലക്ഷ്യത്തിലെത്തുമ്പോഴേക്കും ആർതർ കോസ്ലറായി രൂപാന്തരം പ്രാപിയ്ക്കും.

തലയ്ക്കുമീതെ വേമ്പയർ കടവാതിലുകൾ വട്ടമിട്ടു പറക്കുന്ന ആദിലാബാദിലെയോ ധർമ്മപുരിയിലെയോ വിപ്ലവപ്രവർത്തനവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ പ്രവർത്തനം ഡ്രവൽ കിടയ്ക്കയിലെ സുഖശയനമാണ്. അതുകൊണ്ടാണ് സുബ്രഹ്മണ്യദാസിനെപ്പോലുള്ള 'മാവറിക്കുകൾ' (Maverick)[1] പിറവി കൊള്ളുന്നതും.

## നന്ദകുമാറിന്റെ കത്തിനൊരു അനുബന്ധം

— കെ. വി. രവീന്ദ്രൻ

ബുദ്ധിജീവികളോടുള്ള പ്രേരണയുടെ സമീപനത്തെ വിമർശിച്ചുകൊണ്ട് നന്ദകുമാർ എഴുതിയ കത്ത്, തികച്ചും മാർക്സിസ്റ്റ് നിലപാടിൽ നിന്നുകൊണ്ടുള്ളതായിരിക്കെ തന്നെ, അദ്ദേഹം ആ എഴുത്ത് പൂർത്തീകരിക്കാതെ വിട്ടിരിക്കുകയാണെന്നു ഞാൻ കരുതുന്നു. നന്ദകുമാറിന്റെ വിമർശനത്തിനു വിധേയമാകുന്ന ലേഖനം പ്രസിദ്ധീകരിക്കപ്പെട്ട അതേ ലക്കം 'പ്രേരണ'യിൽ തന്നെയാണ് കെ. വേണു, സുബ്രഹ്മണ്യദാസിന് മറുപടി എഴുതിയിരിക്കുന്നത്. ആ ലേഖനം നന്ദകുമാർ ശ്രദ്ധിച്ചു കാണില്ല എന്നു വരുമോ? അതിലെ തികച്ചും വിഭാഗീയമായ വിമർശനരീതിയെക്കുറിച്ച് വിഭാഗീയതയ്ക്കെതിരെ ശരിയായൊരു നിലപാട് സ്വീകരിക്കുന്ന ഒരാൾ എന്നനിലയ്ക്കു അഭിപ്രായം പറയേണ്ട ഉത്തരവാദിത്വം നന്ദകുമാറിനുണ്ടായിരുന്നു—ആ ലേഖനം വേണുവിനെപ്പോലൊരാൾ എഴുതിയതായിരിക്കെ പ്രത്യേകിച്ചും. അപ്പോൾ മാത്രമേ നന്ദകുമാറിന്റെ കത്ത് പൂർണമാവുള്ളു.

വിഭാഗീയതയുടെയും അസഹിഷ്ണുതയുടെയും മട്ടപ്പിക്കുന്ന സ്വരം ത്രസിച്ചുനില്ക്കുന്ന ഒന്നായിരുന്നു ദാസിനുള്ള വേണുവിന്റെ മറുപടി. 'കേരളത്തിൽ ഇനിയും നിശ്ചിത വർഗ്ഗങ്ങൾ രൂപംകൊണ്ടു കഴിഞ്ഞിട്ടില്ലെന്ന ദാസിന്റെ കാഴ്ചപ്പാട് മാർക്സിസ്റ്റ് വിരുദ്ധനിലപാടിൽ നിന്നാണ് രൂപംകൊള്ളുന്നതെന്ന വേണുവിന്റെ വാദത്തോട് വിയോജിച്ചുകൊണ്ടല്ല, ഞാനിതു പറയുന്നത്. വാസ്തവത്തിൽ, ഈ ഒരൊറ്റ വാദമുഖം സ്ഥാപിക്കുന്നതിലൂടെതന്നെ സുബ്രഹ്മണ്യദാസിനെ നിശ്ശബ്ദനാക്കാൻ വേണുവിന് കഴിയുന്നുണ്ട്. കേരളത്തിലെ ബുദ്ധിജീവികൾ ഇന്നുന്നയിച്ചു കൊണ്ടിരിക്കുന്ന വാദമുഖങ്ങളുടെ ഉറവിടം ഇവിടത്തെ വസ്തുനിഷ്ഠ സാഹചര്യങ്ങളിൽ തന്നെ തിരയണമെന്ന് വാശിപിടിക്കുന്ന ദാസ്, എത്രമാത്രം യാന്ത്രികനാണെന്നും തന്റെ മറുപടിയിലൂടെ വേണു തെളിയിച്ചിട്ടുണ്ട്. പിന്നെന്തിനാണദ്ദേഹം ദാസിന്റെ ഭൂതകാല ചരിത്രത്തെക്കുറിച്ച് ഗവേഷണം നടത്താൻ ഇറങ്ങിതിരിച്ചത്? 'ദാസിനു പകരം വേറൊരാളാണ് ഈ ലേഖനം എഴുതിയിരുന്നതെങ്കിൽ? ഇനിയും, ദാസ് തന്നെ പേരുമാറ്റിയാണ് എഴുതിയിരുന്നതെങ്കിൽ? ഏതായാലും വ്യക്തികളുടെ ചരിത്രം പരിശോധിച്ചുകൊണ്ടേ ഒരു കാര്യത്തിനു മറുപടി എഴുതാൻ കഴിയൂ എന്നു

[1] ഉടമസ്ഥനില്ലാതെ അലയുന്ന മൃഗം.

വരികിൽ, വേണ്ടവിധം അധികമൊന്നും മറുപടി പറയാൻ സാദ്ധ്യമാവുമെന്ന തോന്നുന്നില്ല. കാരണം, പ്രശ്നങ്ങൾ ഉന്നയിക്കുന്ന എല്ലാവരുടേയും ഭൂതകാല ചരിത്രം വേണ്ട അറിയണമെന്ന നിർബന്ധമില്ലല്ലൊ.

മറ്റൊരു കാര്യംകൂടി സൂചിപ്പിക്കട്ടെ. എങ്ങനെയാണ് സുബ്രഹ്മണ്യദാസ് ഒരു നൃലെഫ്റ്റിസ്റ്റാവുന്നത് ? അദ്ദേഹത്തിന്റെ ലേഖനത്തിൽ എവിടെയാണതിന്റെ സൂചന? വർഗങ്ങളെക്കുറിച്ചും വർഗസമരത്തെക്കുറിച്ചുമുള്ള കേവലം ഉപരിപ്ലവ മായ ധാരണകളിൽനിന്നും ഒരു സമൂഹത്തിൽ നിശ്ചിതവർഗങ്ങൾ രൂപമെടുത്തു കഴിഞ്ഞിട്ടില്ലെന്ന് ഒരാൾക്ക് പ്രസ്താവിക്കാമല്ലോ? അതുപോലെ കേരളത്തിലെ ബുദ്ധിജീവികൾ ഉന്നയിക്കുന്ന പ്രശ്നങ്ങളുടെ ഉറവിടം ഇവിടത്തെ വസ്തുനിഷ്ഠസാഹ ചര്യങ്ങളിൽ അന്വേഷിക്കണമെന്നും.

ദാസ് തന്റെ കുറിപ്പിൽ കേരളത്തിലെ വർഗ്ഗബന്ധങ്ങളെപ്രതി ഉന്നയിക്കുന്ന പ്രശ്നങ്ങൾ അവ ഏതു നിലപാടിൽനിന്നുകൊണ്ടായാലും ശരി, കേരളത്തിലെ മാർക്സിസ്റ്റുകാർ സജീവമായി പഠിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടതുത ന്നെയാണ്. ആ നിലയ്ക്ക് ദാസിന്റെ ലേഖനത്തിന്റെ ഗുണപരമായ വശം നമുക്ക് കണ്ടില്ലെന്ന നടിക്കാൻ കഴിയില്ല. എന്നാൽ ഇവിടെ വേണ്ട സ്വീകരിക്കുന്ന നിലപാട് ഒട്ടും പ്രോത്സാഹജനകമാകുന്നില്ല എന്നതോ പോകട്ടെ, തികച്ചും നിഷേധാത്മകമാവുക കൂടി ചെയ്യുന്ന എന്നതാണ് ഖേദകരം.

ഒ. വി. വിജയന് മറുപടിപറയുമ്പോൾ, സഹിഷ്ണുതയുടെയും സംയമനത്തി ന്റെയും മാതൃകസൃഷ്ടിച്ച വേണ്ട ഇവിടെ സുബ്രഹ്മണ്യദാസിനോടു സ്വീകരിക്കുന്ന വിഭാഗീയമായ നിലപാട്, നന്ദകുമാർ ബുദ്ധിജീവികളോടുള്ള സമീപനത്തിന്റെ പ്രശ്നം വിശദീകരിക്കുമ്പോൾ സൂചിപ്പിക്കുന്നതു പോലെ, ആരോഗ്യകരമായ സാമൂ ഹ്യബന്ധത്തിന് ഒട്ടും സഹായകമാവില്ല, നേരെമറിച്ച് കക്ഷിരാഷ്ട്രീയ സ്പിരിറ്റിനെ പാലൂട്ടി വളർത്തുകയേയുള്ളൂ.

## വിധികർത്താക്കളുടെ ഭൂതകാലം

— ജോസി പി. സി.

അടുത്തകാലത്ത് സഖാവ് വേണ്ട ശ്രദ്ധിക്കപ്പെട്ട രണ്ടു ലേഖനങ്ങൾ എഴുതുകയുണ്ടായി. കേണിച്ചിറ ഉന്മൂലനം ഉയർത്തുന്ന രാഷ്ട്രീയപ്രശ്നങ്ങൾ ഏതെന്ന വിലയിരുത്തുന്ന ഒന്ന് 'കോമ്രേഡ്' വാരികയിലും സാംസ്കാരിക വിപ്ലവത്തിന്റെ രണ്ടു വീക്ഷണങ്ങളെ പരിചയപ്പെടുത്തുന്ന ഒന്ന 'പ്രേരണ' യിലും പ്രസിദ്ധീകരിയ്ക്കപ്പെട്ടു. കേരളത്തിലെ വിപ്ലവപ്രസ്ഥാനത്തിനകത്തു നടന്നുവരു ന്ന രണ്ടുലൈൻ സമരത്തിൽ വിപ്ലവപക്ഷമെന്ന താൻ കരുതുന്ന വിഭാഗത്തെ പരിപോഷിപ്പി ച്ചെടുക്കാൻ ലക്ഷ്യംവെച്ചുള്ളവയായിരുന്ന രണ്ടുലേഖനങ്ങളും. പക്ഷേ, യാദൃച്ഛികതയൊന്നും ദർശിക്കാൻ കഴിയാത്തവിധത്തിൽ രണ്ടും നിശിതമായി വിമർശിക്കപ്പെട്ടു. 'കോമ്രേഡ്' ലേ ഖനത്തോട് പ്രതികരിച്ചെഴുതിയ രാധാകൃഷ്ണന്റെ പ്രധാനവിമർശനം വേണ്ട സ്വീകരിച്ചിരിക്കുന്ന അവതരണരീതി മാർക്സിസ്റ്റ് ലെനിനിസ്റ്റ് വിശകലനശൈലിക്കെതിരാണെന്നായിരുന്നു. അതി ന് സമാനമെങ്കിലും കുറെക്കൂടി ശ്രദ്ധാർഹമായി പ്രേരണ ലേഖനവും വിമർശിക്കപ്പെട്ടു. സുബ്ര ഹ്മണ്യദാസ് എഴുതിയ വിമർശനക്കുറിപ്പിൽ വേണ്ട വൈരുദ്ധ്യാധിഷ്ഠിത വിചിന്തനരീതിയിൽനി

ന്നും വ്യതിചലിച്ചതായി ചൂണ്ടിക്കാട്ടപ്പെട്ടു. വസ്തുനിഷ്ഠസത്യത്തേക്കാളേറെ ലേഖകന്റെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളെ ആശ്രയിച്ചുകൊണ്ട് സമൂർത്തപ്രശ്നങ്ങളെക്കുറിച്ചുള്ള വിശകലനങ്ങളുടെ അഭാവത്തിൽ ജ്ഞാനസിദ്ധാന്തത്തെ പാടെ ഒഴിവാക്കി മാർക്സിസത്തെ വരട്ടുതത്ത്വവാദപരമാക്കി മാറ്റുകയാണെന്നും ലേഖകൻ വിശേഷിപ്പിക്കുന്ന ചിരസമ്മതമാർക്സിസം യഥാർത്ഥത്തിൽ മാർക്സിസമേയല്ല, വെറും യുക്തിവാദമാണെന്നും വിമർശകൻ കണ്ടെത്തി. ചുരുക്കത്തിൽ ഒരു മാർക്സിസ്റ്റ് ലെനിനിസ്റ്റ് എന്ന നിലയിലുള്ള വേണുവിന്റെ നിലനില്പിനെത്തന്നെയാണ് സുബ്രഹ്മണ്യദാസ് ചോദ്യംചെയ്തത്.

കാര്യങ്ങളുടെ അസുഖകരമായ ഈ പോക്ക് വേണുവിനെ അലോസരപ്പെടുത്തിയിരിക്കാം. വല്ലാത്തൊരു അങ്കലാപ്പും വ്യക്തിപരമായ അഹംഭാവും പ്രകടമാക്കുന്ന മറുപടി ദീർഘമാണെങ്കിലും ദാസ് ഉന്നയിച്ച പ്രധാനപ്രശ്നത്തിൽ ഒരു മറുപടി വേണു നല്കുന്നില്ല. കേരളത്തിലെ സമൂർത്തസാഹചര്യങ്ങളെക്കുറിച്ചുള്ള ഒരു സമൂർത്തവിശകലനം അദ്ദേഹം മറുപടിയിലും അവഗണിച്ചിരിക്കുന്നു. ഉല്പാദനബന്ധങ്ങളുടെയും വർഗ്ഗബന്ധങ്ങളുടെയും പഠനത്തിൽ ഊന്നൽ നല്കിക്കൊണ്ട് അവ മാറ്റിത്തീർക്കാനുള്ള പ്രായോഗിക സമരപരിപാടികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തിയവരാണ് ലെനിനും മാവോയുമെന്ന ശരിയായ ധാരണ വേണുവിന്റെ മറുപടിയിൽനിന്ന് ഈയുള്ളവനെപ്പോലുള്ള സാധാരണക്കാർക്ക് ലഭിക്കുമെങ്കിലും അത്തരമൊരു പഠനവും സമരപരിപാടികളുടെ ആവിഷ്കാരവും പ്രയോഗവും നമ്മുടെ നാട്ടിലും വേണ്ടതല്ലേ? അതിനെക്കുറിച്ചൊന്നും പറയാനില്ലേ എന്നാരായേണ്ട അവസ്ഥ സാധാരണപ്രവർത്തകർക്കു വന്നുപിണയുന്നുണ്ടെന്നത് നിസ്തർക്കമാണ്. ഇവിടത്തെ സമൂർത്ത പ്രശ്നങ്ങളിൽനിന്നുള്ള ലേഖകന്റെ ഒളിച്ചോട്ടമാണ് ഇതിനു കാരണം. (അടുത്തയിടെ പ്രസിദ്ധീകരിക്കപ്പെട്ട 'സമാന്തര രാഷ്ട്രീയത്തിന്റെ പ്രസക്തി' എന്ന ലഘുലേഖയിലും ഇതു പ്രകടമാണ്. ജനകീയമായ ഒരു സമൂർത്തപരിപാടി നിർദ്ദേശിക്കാൻ ലേഖകനു കഴിയാതെ പോയി.)

മറുപടിയുടെ ഭൂരിഭാഗവും വിമർശനം ഉന്നയിക്കുന്നവരെ വ്യക്തിപരമായി താറടിക്കുന്നതിനുള്ള ശ്രമമാണ് വേണു നടത്തുന്നത് . ഉത്തരവാദിത്ത്വമുള്ള പ്രവർത്തകരുടെ ഇത്തരത്തിലുള്ള നിലപാടുകൾ ഖേദകരമാണെന്നു പറയാതെവയ്യ. ദാസിന്റെ കഴിഞ്ഞകാലത്തെ നിലപാടു പരിശോധിക്കുന്ന വേണു നാമെല്ലാമടങ്ങുന്ന പ്രസ്ഥാനത്തിന്റെ ഭൂതകാലമായിരുന്നു ചികയേണ്ടത്. ദാസിന്റെ നിലപാടുകളിൽനിന്നും ഒട്ടും ഭിന്നമല്ലായിരുന്നു അതെന്ന കാര്യത്തിൽ ആർക്കാണു സംശയം? എന്നിട്ടും അദ്ദേഹം പറയുന്നു: 'വായനമുറിയിലും ലക്ചർഹാളിലും വെച്ച് ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ചുകളയാമെന്ന വ്യാമോഹം ഞങ്ങൾക്കില്ല.' വളരെ വിലകുറഞ്ഞ ഈ വാക്കുകൾ സംഗതമാണോ?

യുക്തിവാദപ്രസ്ഥാനത്തിലൂടെ വിപ്ലവപ്രസ്ഥാനത്തിലേക്കു കടന്നുവന്ന വേണു പ്രശ്നങ്ങളിലെടുക്കുന്ന യുക്തിപരമായ സമീപനം വിപ്ലവപ്രസ്ഥാനത്തിന് ഏറെ തകരാറുണ്ടാക്കുന്നുണ്ട് എന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ അദ്ദേഹം തന്റെ ദുർവ്വാശി കൈവെടിഞ്ഞാലേ...

## കെ. വേണു വീണ്ടും മറച്ചുവെയ്ക്കുന്നു

— സനൽ ഹരിദാസ്
മധുരെ കാമരാജ് യൂണിവേഴ്സിറ്റി

'സുബ്രഹ്മണ്യദാസ് ചില തിരുത്തലുകൾ' എന്ന ലേഖനത്തിൽ കെ. വേണു പറയുന്നതുപ്രകാ

രം, 'സ്വത്വപ്രതിസന്ധിക്ക് കമ്യൂണിസത്തിൽ പരിഹാരമുണ്ടോ' എന്ന ചോദ്യവുമായാണ് ദാസ് അദ്ദേഹത്തെ അവസാനമായി സമീപിച്ചത്.

എന്നാൽ ഇത് അവസാനത്തേത് ആയിരുന്നുവെന്നും നീണ്ടകാലത്തെ വാദപ്രതിവാദചരിത്രം ഇതിന് പുറകിലുണ്ടെന്നുമുള്ളത് വേണു മനഃപൂർവ്വമോ അല്ലാതെയോ മറച്ചുവെക്കുന്നു. സുബ്രഹ്മണ്യദാസിന്റെ 'രീതിക്കായുള്ള അന്വേഷണ'ങ്ങൾ, വേണുവിനുള്ള തുറന്ന കത്തുകളിലൂടെയും വിയോജനക്കുറിപ്പുകളിലൂടെയുമാണ് പുറത്തുവന്നിരിക്കുന്നത്. അദ്ദേഹത്തിന്റെ അടിത്തറകളിലുള്ള അവ്യക്തതകളും അനാവശ്യമായ പരത്തിപ്പറയലുകളിലൂടെ കേന്ദ്രആശയത്തിനുണ്ടാകുന്ന വ്യതിചലനവും ദാസ് തുടർചർച്ചകളിൽ നിരവധി തവണ എടുത്തുപറഞ്ഞിട്ടുള്ളതുമാണ്.


കേരളത്തിലെ വിപ്ലവപ്രസ്ഥാനത്തിനകത്തെ രണ്ടുലൈൻ സമരത്തെക്കുറിച്ചുള്ള വേണുവിന്റെ ലേഖനത്തോട് വിയോജിച്ചുകൊണ്ട് സുബ്രഹ്മണ്യദാസ് എഴുതിയ 'രീതിയുടെ പ്രശ്നത്തെക്കുറിച്ച്' എന്ന കുറിപ്പിൽനിന്ന്: 'ഏഴുപേജിലധികംവരുന്ന ആ ലേഖനത്തിൽ കേരളത്തെക്കുറിച്ചുള്ള പരാമർശങ്ങൾ അടങ്ങുന്നത് ആകെ രണ്ട് ഖണ്ഡികയിൽ മാത്രമാണ്. അവശേഷിക്കുന്ന ഭാഗം മുഴുവൻതന്നെ, മാർക്സിന്റെ കാലം മുതൽ ചൈനയിലെ സാംസ്കാരികവിപ്ലവം വരെയുള്ള കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ 'സാംസ്കാരിക വിപ്ലവവാദികളും' 'ചിരസമ്മത മാർക്സിസ്റ്റു'കളും തമ്മിലുള്ള സമരത്തെക്കുറിച്ച് പറയാനാണ് അദ്ദേഹം ഉപയോഗിക്കുന്നത്.'

('സുബ്രഹ്മണ്യദാസിനെക്കുറിച്ച്' എന്ന പേരിൽ ഇപ്പോൾ വേണു എഴുതിയിരിക്കുന്ന ലേഖനം നക്സലൈറ്റ് ചരിത്രത്തിലേക്കും ടി.എൻ. ജോയിയുടെ പുസ്തകത്തിന്റെ വിശകലനത്തിലേക്കും ചുരുങ്ങുന്നത് ദാസിന്റെ പഴയ വിമർശനത്തെ അടിവരയിടുന്നതാണ്).

യുദ്ധാനന്തര യൂറോപ്യൻ അന്തരീക്ഷത്തിൽ പ്രചാരംനേടിയ പ്രവണതകളുടെ തുടർച്ചയായിരുന്നു അറുപതുകളുടെ അവസാനത്തിലും എഴുപതുകളിലും കേരളത്തിൽ ഉടലെടുത്ത അസ്തിത്വവാദ അന്തരീക്ഷം എന്ന് വേണു ലേഖനത്തിന്റെ തുടക്കത്തിൽ പറയുന്നുണ്ട്. എന്നാൽ, ഈ ചിന്താധാരകളുടെ കേവലമായ തുടർച്ചയോട് സുബ്രഹ്മണ്യദാസിനെ ക്ലൂട്ടിവായിക്കുന്നത് നീതിനിഷേധമായേ കാണാനാവൂ. കേരളത്തിന്റെയും ഇന്ത്യയുടെയും സാംസ്കാരിക-സാമൂഹിക പശ്ചാത്തലത്തിലൂന്നിയാണ് തന്റെ രാഷ്ട്രീയം നിലനില്ക്കുന്നതെന്നും അങ്ങനെയാണ് ആവേണ്ടതെന്നും നിരവധിതവണ ദാസ് തന്നെ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുള്ളതാണ്. അനന്തമൂർത്തിയുടെ നോവലുകളെ മുൻനിർത്തിയുള്ള ദാസിന്റെ നിരീക്ഷണങ്ങൾ ഇത് സാധൂകരിക്കുന്നതാണ്. 'ഇന്ത്യൻ അന്തരീക്ഷത്തെ സ്വന്തം അന്തരംഗത്തിൽ കണ്ടെത്താൻ സാധിക്കാത്തവന് ഇവിടെ ഒരൊറ്റ യഥാർഥ ദർശനവും നടപ്പാക്കാൻ സാധ്യമല്ല' (ഭാരതീപുരം, നോവൽ— യു. ആർ. അനന്തമൂർത്തി).

ദാസ് തന്നോടുചോദിച്ച 'അവസാന' ചോദ്യത്തോടുള്ള വേണുവിന്റെ സമീപനവും ലേഖനത്തിൽ വ്യക്തമാണ്. ടി.എൻ. ജോയിയെ വഴികാട്ടിയായി സ്വീകരിച്ച ദാസിന് എങ്ങനെയാണ് തന്നിൽനിന്ന് തൃപ്തികരമായ മറുപടി പ്രതീക്ഷിക്കാനാവുക, എന്ന മറുചോദ്യംകൊണ്ട് ദാസ് ഉയർത്തിയ ചോദ്യങ്ങളെയാകെ റദ്ദ്ചെയ്യാനാണ് ലേഖകൻ ശ്രമിക്കുന്നത്.

ടി.എൻ. ജോയിയുടെ ബൗദ്ധിക ആശ്രിതൻ എന്ന സ്വത്വത്തിലേക്ക് സുബ്രഹ്മണ്യദാസ് എന്ന രാഷ്ട്രീയവ്യക്തിത്വത്തെ അമർച്ചചെയ്യുന്ന വേണുവി ന്റെ 'വിശാല ജനാധിപത്യ' യുക്തികളെ നിസ്സംഗമായി തള്ളിക്കളയാനാവില്ല.



ദാസിന്റെ കത്തുകൾ


അദ്ധ്യായം *15*

# ദാസിന്റെ കത്തുകൾ

ബ്രഹ്മപുത്രന്,

സച്ചിദാനന്ദന്റെ കവിത 'വടക്കൻപാട്ട്' ദേശാഭിമാനിയിൽവന്നത് വായിച്ചുവല്ലോ. നന്നായിരിക്കുന്നു അല്ലേ ? ഒരുപാട് നാളായി അയാളിത്ര ഈണത്തിലും ഇത്രനല്ല ഭാവത്തിലും എഴുതിയിട്ട് 'ലൂസുന്റെ' കഥയെങ്ങനെ ?

ഇന്നലെ ചിത്രഭാനുവിനെ കണ്ടു. അടുത്തമാസം ആദ്യം ഗുരുവായൂരിൽ കഥകളിയുണ്ടാകുമെന്നുപറഞ്ഞു. എന്നാണെന്നറിഞ്ഞാൽ അറിയിക്കാം. താങ്കൾക്ക് കഥകളി ഇഷ്ടമാണോ? വരുമോ?



വായനയൊക്കെ എങ്ങനെ? 'കേരളകവിത'യുടെ പുസ്തകങ്ങൾകിട്ടിയോ? ഞാനീയിടെ ആഫ്രിക്കൻകവിതകളുടെ ഒരു സമാഹാരം വാങ്ങി. സെൻഘോറിന്റേയും ഡേവിഡ് ദിയോവിന്റെയുമൊക്കെ കവിതകളുണ്ട്. ഫാനനെക്കുറിച്ചുള്ള ഒരു പുസ്തകം വായിക്കാൻകിട്ടി David Caute എഴുതിയത്. ഫ്രാൻസ് ഫാനന്റെ ജീവിതകാലം വളരെ ചെറുതാണ് —1925–61. അൾജീരിയൻവിപ്ലവകാരികളെ അയാൾ സഹായിച്ചിരുന്നു. അക്രമത്തെ അയാൾരാഷ്ട്രീയവുമായി കൂട്ടിയിണക്കിയിരുന്നു. ശരിയായി സംഘടിപ്പിക്കപ്പെട്ട അക്രമ (violence) പ്രവർത്തനങ്ങൾ മാത്രമേ ജനങ്ങളെ സാമൂഹ്യസത്യങ്ങൾ മനസ്സിലാക്കാനും പ്രവർത്തനോന്മുഖരാക്കാനും സഹായിക്കയുള്ളൂ എന്ന് അയാൾപറയുന്നു. മാർക്സിയൻവിപ്ലവദർശനത്തിൽനിന്നു ഭിന്നമായി ദേശീയസ്വാതന്ത്ര്യ സമരവും സോഷ്യലിസ്റ്റ് വിപ്ലവവും ഒരുമിച്ചാണ് വേണ്ടതെന്ന് അയാൾ കരുതുന്നു. ദേശീയബൂർഷ്വാസിക്ക് വളരാൻ അവസരം കൊടുക്കരുത്.

സാർത്രിന്റെ ദർശനങ്ങൾ ഫ്രാൻസ് ഫാനനെ വളരെ സ്വാധീനിച്ചിട്ടുണ്ടത്രേ.

അവിടെ 'ദ്വീപ്' വന്നിരുന്നല്ലോ, കണ്ടോ

അടിയന്തരാവസ്ഥ പിൻലവിച്ചതിനുശേഷമാണ് കേരളത്തിൽ ഇത്രയേറെ ആത്മാർത്ഥതയുള്ള ഇടതുപക്ഷപ്രവർത്തകരുണ്ടെന്ന് മനസ്സിലായത്. എല്ലാവരും സ്വാതന്ത്ര്യശേഷം ജനിച്ചവർ, ശുഭാപ്തിവിശ്വാസം തോന്നുന്നു. മാർക്സിസ്റ്റുകാരുടെ പരാജയം തന്നെ ഒരു നല്ല ശകുനമാണല്ലോ.

Monopoly Capitalism എന്ന ഒരു പുസ്തകം കൂടി വായിച്ചു. അമേരിക്കൻ സാമ്പത്തിക-സാമൂഹ്യ ബന്ധങ്ങളെപ്പറ്റിയാണ്. Paul A. Baran, Paul M. Sweezy ആണ് എഴുത്തുകാർ. മാർക്സിയൻ വിശകലനമാണ്. അമേരിക്കൻ സാമ്പത്തിക വ്യവസ്ഥ അന്നാട്ടിൽത്തന്നെ സൃഷ്ടിക്കുന്ന കുഴപ്പങ്ങളെപ്പറ്റി അവർ പറയുന്നു. അവിടത്തെ ചൂഷിതർ സംഘടിച്ച് ഒരു വിപ്ലവവമുണ്ടാക്കുമെന്ന പ്രതീക്ഷ അവർക്കില്ല. അമേരിക്ക തുടങ്ങിയ മുതലാളിത്തരാജ്യങ്ങളെ ചൂഷകരും കൊളോണിയൽ-നിയോകൊളോണിയൽ രാജ്യങ്ങളെ ചൂഷിതരുമായിക്കാണുന്ന ഒരു സിദ്ധാന്തം അവർ അവതരിപ്പിക്കുന്നു. ചൂഷിതരാജ്യങ്ങളുടെ മോചനമാണ് പരിഹാരം. ചൈനയിലേയും ക്യൂബയിലേയും വിപ്ലവങ്ങൾ ഉദാഹരണം. പുസ്തകം അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്

'The drama of our time is world revolution; it can never come to an end until it has encompassed the whole world.'

ഇപ്പോൾ ലെനിൻകൃതികൾ വായിക്കുന്നു. ഒരുപാട് അറിയണമെന്നുണ്ട്.

ക്ലാസ്സ് ഇല്ലാത്തതുകൊണ്ട് വലിയ ആശ്വാസം. ശ്വാസം മുട്ടേണ്ടതില്ല. ഈ പതിനാലുകൊല്ലം ക്ലാസ്സുമുറിയ്ക്കുള്ളിൽ കഴിച്ചനേരം മറ്റെന്തെങ്കിലും ചെയ്തിരുന്നെങ്കിൽ ഇതിനേക്കാൾ അറിവുനേടാമായിരുന്നു. ഇത് ഒരു പരിധിക്കപ്പുറം ആലോചിക്കാൻപോലും കഴിയാത്ത വിധത്തിലുള്ള മനസ്സാണ് സൃഷ്ടിച്ചത്. ഇടയ്ക്ക് എന്തെങ്കിലും വായിക്കാതിരുന്നെങ്കിൽ മരിച്ചുപോയേനെ.

അയ്യപ്പപ്പണിക്കരുടെ 'മഹാരാജാവും എട്ടുകാലിയും' എന്ന കവിത ഇതോടൊപ്പം അയയ്ക്കുന്നു. വായിച്ചിട്ടില്ലല്ലോ. 'കേരളകവിത'യിൽവന്ന സച്ചിദാനന്ദന്റെ 'പനി' ഒന്നയച്ചുതരാമോ?

നിറുത്തട്ടെ,

സുബ്രഹ്മണ്യദാസ്

PS—സച്ചിദാനന്ദന്റെ കുറച്ചു നല്ല കവിതകൾഎന്റെ പക്കലുണ്ട്. ഉളി, രൂപാന്തരം, വൃത്തം എന്നിവ. ആവശ്യമുണ്ടെങ്കിൽ എഴുതി അയച്ചു തരാം.

ബ്രഹ്മപുത്രന്,

കത്ത്.

ശ്രീനാരായണഗുരുവിന്റെ പുസ്തകങ്ങൾ കിട്ടിയത് വളരെ ഉപകാരമായി. രസമുള്ള മൂന്നു കൃതികൾ അതിലുണ്ട്- ദൈവദശകം, ചിജ്ജഡചിന്തനം, ബ്രഹ്മവിദ്യാപഞ്ചകം എന്നിവ. വ്യാഖ്യാനവും രസകരമാണ്.

'കേരളകവിത 16' രണ്ടാമതും പ്രസിദ്ധീകരണം തുടങ്ങാൻ പോകുന്നുവെന്നു കേട്ടു.


മറ്റു വിശേഷങ്ങൾ ഒന്നുമില്ല

സ്നേഹത്തോടെ ദാസ്.

ബ്രഹ്മപുത്രന്,

മതത്തെപ്പറ്റിയാണ്. അധികാരിവർഗ്ഗത്തിന്റെ മാറ്റത്തോടൊപ്പം മതത്തിനും മാറേണ്ടിവരുന്നുവെന്ന് ചരിത്രം തെളിയിക്കുന്നു. ഉദാഹരണമായി താങ്കൾ പറഞ്ഞ നവോത്ഥാനകാലം തന്നെ. അന്ന് മനുഷ്യൻ മതത്തെ നിഷേധിക്കുയല്ല, മറിച്ച് പുതിയ അധികാരവർഗ്ഗത്തിനൊത്തവിധം മതത്തെ രൂപപ്പെടുത്തുകയാണ്. ഫ്യൂഡൽവ്യവസ്ഥയിലും മുതലാളിത്തവ്യവസ്ഥയിലും മതത്തിന്റെ സ്വഭാവത്തിന് കാര്യമായ വ്യത്യാസങ്ങൾഉണ്ടെന്നത് ശ്രദ്ധേയമാണല്ലോ. ഭൗതിക ഉല്പാദനസ്വഭാവത്തിൽ വരുന്ന മാറ്റത്തിനനുസരിച്ച് ബൗദ്ധികതലത്തിലും മാറ്റം വരുന്നുവെന്ന് മാർക്സിസം പഠിപ്പിക്കുന്നു. മതത്തിൽവന്ന മാറ്റത്തെപ്പറ്റി മാനിഫെസ്റ്റോയിൽ ഇങ്ങനെ പറയുന്നു:

'When the ancient world was in its last throes, the ancient religions were overcome by Christianity. When Christian ideas succumbed in the 18th century to rationalist ideas, feudal society fought its death battle with the then revolutionary bourgeoisie. The ideas of religious liberty and freedom of conscience merely gave expression to the sway of free competition within the domain of knowledge.'




മതത്തെപ്പറ്റിയുള്ള മാർക്സിയൻപഠനം 'Ludwig Feuerbach and the End of Classical German Philosophy' എന്ന പുസ്തകത്തിന്റെ (ഏംഗൽസ്) അവസാനഭാഗത്ത് വിശദമായി കൊടുത്തിട്ടുണ്ട്. നവോത്ഥാനത്തെപ്പറ്റിയാണെങ്കിൽ 'Dialectics of Nature'ന് ഏംഗൽസ് തന്നെ എഴുതിയ അവതാരികയിൽ വിശദീകരിച്ചിട്ടുണ്ട്. ഇതിൽ അദ്ദേഹം മതത്തെ സ്പർശിക്കുന്നുണ്ട്. (Dialectics of Nature ഞാൻ വായിച്ചിട്ടില്ല. പുസ്തകം കിട്ടാനില്ല!)

കാര്യം ഇതാണ്: മതം എന്നും അധികാരിവർഗ്ഗത്തിന്റെ താല്പര്യത്തിനനുസരിച്ച് രൂപംമാറിയിട്ടുണ്ട്; അല്ലെങ്കിൽമാറ്റപ്പെട്ടിട്ടുണ്ട്. പതിനാറാംനൂറ്റാണ്ടിൽ മതാധികാരികൾശാസ്ത്രത്തെ നശിപ്പിക്കാൻ ശ്രമിച്ചു; അതു നടപ്പായില്ലല്ലോ. ഫ്യൂഡൽ അധികാരിവർഗ്ഗത്തേക്കാൾ ശക്തരായിരുന്ന പുതിയ അധികാരിവർഗ്ഗം ശാസ്ത്രത്തിനനുകൂലമായിരുന്നുവെന്നതാണ് കാരണം. അതോടൊപ്പം മതനിയമങ്ങളും മാറ്റപ്പെട്ടു.

താങ്കൾ പറഞ്ഞതുപോലെ മതത്തെ നിഷേധിച്ചതുകൊണ്ട് പുരോഗതിയുണ്ടായി എന്ന, വ്യവസ്ഥയിൽ(മുതലാളിത്തം—മുകളിൽകൊടുത്ത വിശദീകരണം) ഉണ്ടായ മാറ്റം പുരോഗതിക്കും മതനിഷേധത്തിനും കാരണമായി എന്നതല്ലേ ശരി?

ഇന്ത്യയിലെ മതത്തെപ്പറ്റിയും ഈയടിസ്ഥാനത്തിൽതന്നെ വിശദീകരിക്കാം: മുതലാളിത്തത്തിലേക്കുള്ള മാറ്റം നടന്നിടത്തൊക്കെ ഹിന്ദുമതവും വ്യത്യാസപ്പെട്ടിട്ടുണ്ട്. ഒരു ചെറിയ ഉദാഹരണം: പണ്ട് ഹിന്ദുക്കൾക്ക് കടൽകടക്കുന്നത് നിഷിദ്ധമായിരുന്നല്ലോ. ഇന്നതു മാറിയിരിക്കുന്നു. ഈ മാറ്റം ഇന്ത്യയിലാകെ സംഭവിച്ചിട്ടുണ്ട്. ഇനി മതത്തിന്റെ സ്വാധീനവും അടിമവ്യവസ്ഥയും പ്രാചീനമായി നിലനില്ക്കുന്നത് ഫ്യൂഡൽവ്യവസ്ഥ തീരെ മാറാത്ത പ്രദേശങ്ങളിലാണ്. ('ചോമനദുഡി23'). കേരളത്തിൽതന്നെ മതസ്വഭാവത്തിന് എത്രമാറ്റം വന്നിരിക്കുന്നു. ശ്രീനാ

രായണന്റെ 'കർമ്മ'ത്തിന്റെ വർഗ്ഗസ്വഭാവത്തെപ്പറ്റി പി.കെ. ബാലകൃഷ്ണന്റെ പുസ്തകത്തിൽ ചിലരൊക്കെ—ബാലകൃഷ്ണൻതന്നെയും—എഴുതിയത് വായിച്ചുകാണുമല്ലോ.



ഇനി, ഇന്നത്തെ വ്യവസ്ഥയിൽ മതം ഭയപ്പെടുത്തുന്ന രൂപത്തിലായിരിക്കുന്നത് ആർ.എസ്.എസ്. തുടങ്ങിയ സംഘടനകളിലൂടെയാണ്. ഈ സംഘടനയെ പ്രോത്സാഹിപ്പിക്കുന്നതും ധനസഹായം നല്കുന്നതും അധികാരിവർഗ്ഗം (ജന്മി—മുതലാളിത്ത സഖ്യം) തന്നെയെന്ന് ഞാൻ വിശ്വസിക്കുന്നു. (ഈ കാര്യത്തിൽ താങ്കൾക്ക് എതിരുണ്ടോ?) അവർ മതത്തെ ഉപയോഗിക്കുന്നത് അവരുടെ സ്വന്തം താല്പര്യങ്ങൾക്കായാണ്. അതിന്റെ ഉപോല്പന്നങ്ങളായി മറ്റു ദുരിതങ്ങളും ഉണ്ട്. —ദൽഹി സുഹൃത്ത് പറഞ്ഞ സംഭവവും മറ്റും. അതായത് ഇന്നത്തെ അധികാരിവർഗ്ഗം നിലനില്ക്കുന്നിടത്തോളം മതത്തിന്റെ ഇന്നത്തെ ദുഷ്ഫലങ്ങളും തുടർന്നുപോകും. അപ്പോൾ യഥാർത്ഥശത്രു മതമല്ല, മറിച്ച് അധികാരി വർഗ്ഗമാകുന്നു. അധികാരിവർഗ്ഗത്തിന്റെ നാശത്തോട് ഈ മതദൂഷ്യങ്ങളുടെ നാശവും ബന്ധപ്പെട്ടിരിക്കുന്നു.

ഒരു വ്യവസ്ഥയുടെ നാശം സംഭവിക്കുന്നത് ആ വ്യവസ്ഥയ്ക്ക് അതിൽ ഉൾപ്പെടുന്ന ജനതയെ ഒരു വിധത്തിലും ഉൾക്കൊള്ളാനാകാതെ വരുമ്പോളാണ്. വിപ്ലവചരിത്രം അതാണു പഠിപ്പിക്കുന്നത്. ഇന്ത്യയിൽ വിപ്ലവംവരിക എന്നതിനർത്ഥം ഇന്ത്യയിലെ അധികഭാഗം ജനങ്ങളെയും ഉൾക്കൊള്ളാൻ ഇവിടത്തെ ജന്മി—മുതലാളിത്തഗവണ്മെണ്ടിന് കഴിയാതെ വരിക എന്നാണ്. ഈയൊരവസ്ഥയിൽ മേല്പറഞ്ഞ മതസംഘടനകളുടെ നാശവും തീർച്ചയാണ്. അപ്പോൾ മതസംഘടനകളെ —മതത്തെ —പ്രത്യേകമായി നേരിടുക എന്നതിനർത്ഥമില്ലല്ലോ. അവയെ ഉപേക്ഷിക്കുന്ന വർഗ്ഗത്തിന്റെ നാശം അവയുടെ വർഗ്ഗസ്വഭാവത്തിന്റേയും നാശമാകുന്നു. 'The ruling ideas of each age have ever been the ideas of its ruling class' എന്ന് മാനിഫെസ്റ്റോ പറയുന്നു.

ഇനി ഒരു കാര്യം പറയാനുണ്ട്. ഉപദേശമൊന്നുമല്ല. സ്വന്തം അനുഭവംകൊണ്ട് പറയുന്നുവെന്നുമാത്രം. മാർക്സിന്റേയും ഏംഗൽസിന്റെയും കൃതികൾ വാങ്ങിവായിക്കുക. മൂന്നു വാല്യങ്ങളുടെ—*Selected Writings*—ൽ അവരുടെ പ്രമുഖ കൃതികളൊക്കെയുണ്ട്. അവരുടെ കൃതികൾ ഒരു നൂറ്റാണ്ടിനും മുമ്പ് എഴുതിയതാണെന്നോർക്കണം—ഇന്ന് വലിയ പുതുമയുള്ളതൊന്നുമല്ല. പക്ഷേ വായിച്ചുതുടങ്ങുമ്പോൾ, പാഠപുസ്തകങ്ങളിലൂടെയും അല്ലാതെയും ഇന്നത്തെ സമൂഹം നമ്മെ ഉരുവിട്ടുപഠിപ്പിച്ച നുണകൾ ഒന്നൊന്നായി പൊളിയുന്നതു കാണാം. പോരാത്തതിന് മാർക്സിസം ഒരു സമീപനരീതികൂടിയാണ്. മാർക്സിനുശേഷമുള്ള പ്രമുഖന്മാരെല്ലാം മാർക്സിസത്തെ അവരവരുടേതായ മാർഗ്ഗത്തിൽ കണ്ടെത്തിയിട്ടുണ്ട്. നിങ്ങൾ ബുദ്ധിജീവിയെന്നു പറഞ്ഞപ്പോൾ എനിക്ക് മാർക്സിനെയാണ് ഓർമ്മ വന്നത്. സത്യത്തെ അറിയാനും അതനുസരിച്ച് പ്രവർത്തിക്കാനും കഴിവുള്ളവരാണല്ലോ ബുദ്ധിജീവികൾ. ആ വിധത്തിൽപെട്ട എത്രപേർ ഇന്ത്യയിലുണ്ട്? കഥ, കവിത, കലകൾ എന്നിങ്ങനെയുള്ള അവശവിഭാഗങ്ങളിൽപെട്ടവരെ വിട്ടുകളയുക—അവർ അവരുടെ കൊച്ചുവൃത്തത്തിനുള്ളിൽ (സംഘ

ടിതരായി) പ്രവർത്തിയ്ക്കുന്നുവെന്നും വെയ്ക്കുക. ഇവരെക്കൂടാതെ ആരുണ്ടായിട്ടുണ്ട് ഇന്ത്യയിലെ ബുദ്ധിജീവിയെന്ന പേരിന്നർഹരായി? നമ്മുടെ കേരളത്തിൽ ഭാഗികമായി ഇങ്ങനെ വിശേഷിപ്പിയ്ക്കാവുന്ന ചിലരെ കണ്ടെത്തി: ശ്രീനാരായണൻ, സ്വദേശാഭിമാനി(?), കേസരി. ഇന്നത്തെ യഥാർത്ഥ ബുദ്ധിജീവിയ്ക്ക് മാവോയുടേയോ ഹോചിമിന്റേയോ രൂപത്തിലേ അവതരിയ്ക്കാനാവൂ വെന്ന് എനിയ്ക്കുതോന്നുന്നു. എന്തു പറയുന്നു?

എം.എൻ. റോയിയെക്കുറിച്ച് ഈയിടെ ചില വിവരങ്ങൾകിട്ടി. കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ (COMINTERN) രണ്ടാം കോൺഗ്രസ്സിൽ (1920) കോളനികളുടെ നേരെ Comintern-ന്റേയും റഷ്യയുടേയും സമീപനം എന്തായിരിയ്ക്കണമെന്ന് ചർച്ച ചെയ്യപ്പെട്ടു. വ്യത്യസ്തമായ രണ്ടു തിസിസുകളാണ് അവതരിപ്പിയ്ക്കപ്പെട്ടത്. റോയിയുടെയും ലെനിന്റെയും. ലെനിന്റെ അഭിപ്രായം ഇതായിരുന്നു:

'അവികസിതരാജ്യങ്ങളിൽ ജന്മികൾക്കും ഫ്യൂഡലിസത്തിനും എതിരായ കർഷകമുന്നേറ്റത്തെ സഹായിയ്ക്കുക. അവയ്ക്ക് കഴിയുന്നത്ര വിപ്ലവസ്വഭാവം നല്കാൻ ശ്രമിയ്ക്കുക— സംഘടിപ്പിയ്ക്കുക. അങ്ങനെ അവികസിത രാഷ്ട്രങ്ങളിലേയും കോളനികളിലേയും കർഷകരെ (peasants) പടിഞ്ഞാറൻയൂറോപ്പിലെ തൊഴിലാളിവർഗ്ഗവുമായി ബന്ധിപ്പിയ്ക്കുക.

കോളനികളിലെ വിപ്ലവസ്വഭാവമുള്ള ഏതു പ്രസ്ഥാനവുമായും ഒരു താല്ക്കാലിക സഹകരണം കെട്ടിപ്പടുക്കുക—അതോടൊപ്പം ചൂഷിതവർഗ്ഗം അതിന്റെ വർഗ്ഗസ്വഭാവം കാത്തുസൂക്ഷിയ്ക്കുകയും വേണം.'

'വിപ്ലവസ്വഭാവമുള്ള' എന്നതുകൊണ്ട് ലെനിൻ ഉദ്ദേശിച്ചത് ബൂർഷ്വാജനാധിപത്യമുന്നേറ്റങ്ങളെയായിരുന്നു. ഉദാ: ഇന്ത്യൻ നാഷണൽകോൺഗ്രസ്സ്.

റോയിയുടെ തിസിസ് ഇതാണ്:

'സാമൂഹ്യവിപ്ലവത്തിന് എതിരായ ഒരു പ്രസ്ഥാനം എന്ന നിലയ്ക്കാണ് കമ്മ്യൂണിസ്റ്റുകാർ ബൂർഷ്വാദേശീയത്വത്തെ കാണേണ്ടത്. ഭൂരഹിത കർഷകർ തൊഴിലാളി വർഗ്ഗത്തിന്റെ മിത്രങ്ങളാണ്. വർദ്ധിച്ചുവരുന്ന ഭൂരാഹിത്യം (landlessness) ഏഷ്യയിലെ കമ്മ്യൂണിസ്റ്റുപ്രസ്ഥാനത്തെ സഹായിയ്ക്കും. ബൂർഷ്വാ ദേശീയവാദികൾ അത്ര പ്രഗത്ഭമല്ലാത്ത കർഷകമുന്നേറ്റങ്ങളെ തങ്ങളുടെ സ്ഥാപിതതാല്പര്യങ്ങൾക്കായി വിനിയോഗിയ്ക്കും. ബൂർഷ്വാദേശീയവാദികളെ എതിർക്കേണ്ടത്, അതുകൊണ്ട്, കമ്മ്യൂണിസ്റ്റുകളുടെ ഒരാവശ്യമാണ്.' കർഷകർ ബൂർഷ്വാ ജനാധിപത്യസ്വഭാവമുള്ളവരെന്ന് ലെനിൻവാദിച്ചു. ഭൂരഹിത കർഷകരെ മറ്റുകർഷകരിൽനിന്നു വ്യത്യാസപ്പെട്ട ഒരു entity ആയി അദ്ദേഹം കണ്ടില്ല. കർഷകരുടെ വർഗ്ഗസ്വഭാവത്തെച്ചൊല്ലിയാണ് ലെനിന്റെയും റോയിയുടെയും തിസിസുകൾ വ്യത്യാസപ്പെട്ടത്. കമ്മീഷൻ സെക്രട്ടറിയായിരുന്ന Sneevliet റോയിയുടെ ആശയത്തെ തള്ളിക്കളഞ്ഞു. വിപ്ലവസ്വഭാവമുള്ള ദേശീയപ്രസ്ഥാനക്കാരുമായി സഹകരിയ്ക്കേണ്ടത് ആവശ്യമാണെന്ന് Sneevliet അഭിപ്രായപ്പെട്ടു. Comintern രണ്ടുതിസിസുകളും അംഗീകരിച്ചെങ്കിലും ലെനിന്റെ തിസിസിനനുസൃതമായ നടപടികളാണ് പിന്നീട് അവർ കൈക്കൊണ്ടത്.

(Ruth T. McVey യുടെ *The Rise of Indonesian Communism* എന്ന പുസ്തകത്തിൽനിന്ന്)

Lenin ന്റെ 'Selected Works' ന്റെ name index-ൽ റോയിയെപ്പറ്റി പരാമർശിയ്ക്കുന്നത് ഇങ്ങിനെ

യാണ്:

Roy, Mannabendra Nat(1892-1948) an Indian Political leader, member of the Communist Party, Delegate to the IInd, IIIrd, IVth and Vth Congresses of the Comintern; In 1922 became a candidate member of the Executive Committee of the Communist International and in 1924 a full member. Later withdrew from the Communist Party.

ഇടയെ്ക്കാരിയ്ക്കൽ സച്ചിദാനന്ദന്റെ വീട്ടിൽ പോയിരുന്നു. ചില പുതിയ കവിതകൾ അയാൾ വായിച്ചുകേൾപ്പിച്ചു തന്നു. 'ഇന്ത്യൻവിദ്യാർത്ഥിയുടെ ആത്മഗതം', 'പീതാംബരൻ' എന്നിങ്ങനെ. പത്രാസ് രീതിയിലാണു വായന. 'സമസ്യ' കിട്ടി.

ശ്രീനാരായണനെപ്പറ്റി വേറൊരു പുസ്തകം കിട്ടി. 'The World of Guru' നടരാജഗുരുവിന്റേത്. വായിയ്ക്കുന്നു.

Radical Humanist-ൽവന്ന ആനന്ദിന്റെ ലേഖനം (?) കേരളകൗമുദി ഓണപ്പതിപ്പിലുമുണ്ടല്ലോ.

മാവോയെപ്പറ്റി ഒരു പുസ്തകമുണ്ട്. 'Political Thought of Mao' എന്നോ മറ്റോ ആണു പേര്. ഗ്രന്ഥകാരൻ Stuart Schram. നല്ല പുസ്തകമാണെന്നാണ് പറഞ്ഞുകേട്ടത്. എവിടെയെങ്കിലും പോ കുന്നെങ്കിൽ ഈ പുസ്തകം ഒന്നന്വേഷിച്ചാൽകൊള്ളാം. Penguin പുറത്തിറക്കിയതാണ്.

കവിത എഴുതിയിടുമ്പോൾ ആകർഷണീയമാക്കേണ്ടത് എങ്ങിനെയാണ്? ഞാൻഎഴുതിയിട്ടുന്നതിനൊക്കെ ഒരു സാധാരണ സൗന്ദര്യം തോന്നാറുണ്ട്. പിന്നെയൊരു വഴി തോന്നിയത് ഒപ്പം പെയ്ന്റിങ്ങുകളോ ചിത്രങ്ങളോ ഒട്ടിയ്ക്കുകയെന്നതാണ്. നിറങ്ങൾ ഉപയോഗിക്കാറില്ല. താങ്കളുടെ നിർദ്ദേശം എന്താണ്?

ജനപ്രിയചിത്രങ്ങൾ അവരിലേല്പിയ്ക്കുന്ന ആഘാതത്തെപ്പറ്റി താങ്കൾ പറഞ്ഞില്ലേ? ഇതിന്റെയൊക്കെ അടിത്തറയായി

എനിയ്ക്കുതോന്നുന്നത് ഇന്നത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളും

അതുപോലുള്ള സാമൂഹ്യ സാംസ്കാരിക സംഘടനകളുമാണെന്നാണ്. സ്കൂൾവിദ്യാഭ്യാസം കഴിയുമ്പോഴേയ്ക്ക് ഇന്നത്തെ ഒരു വിദ്യാർത്ഥി എത്രയേറെ നുണകളാണ് ജീവിതത്തെപ്പറ്റിത്തന്നെ മനഃപാഠമാക്കിയിരിയ്ക്കുക! എന്തിനേയും സ്വീകരിയ്ക്കാൻമാത്രം കഴിയുന്ന ഒരു മാനസികഘടനയിലേയ്ക്കു മനുഷ്യൻ അധഃപതിയ്ക്കുന്നു. ചൂഷകരും ചൂഷിതരും ഒന്നുപോലെ ഈ വ്യവസ്ഥയ്ക്കനുസൃതമായി സംസ്കരിക്കപ്പെടുന്നു (ശവസംസ്കാരം).

'And not only the labourers but also the classes directly or indirectly exploiting the labourers are made subject, through the division of labour, to the tool of their function: the empty-minded bourgeois to his own capital and his own insane craving for profits; the lawyer to his fossilised legal conceptions, which dominate him as an independent power; the 'educated classes' in general to their manifold species of local narrow-mindedness and one-sidedness, to their own physical and mental short-sightedness, to their stunted growth due to their narrow specialised education and their being chained for life to this specialised activity—even when this specialised activity is merely to do nothing.' എന്ന് ഏംഗൽസ് നൂറു വർഷം മുമ്പേ Anti-Duhring (1876)ൽ പറഞ്ഞുവെച്ചതാണ്.

എല്ലാ അറിവുകളും വിരൽചൂണ്ടുന്നത് പ്രവൃത്തിയിലേയ്ക്കാണ്. ഒന്നും ചെയ്യുന്നില്ലെങ്കിൽ, താങ്കൾപറഞ്ഞപോലെ തുരുമ്പെടുത്തുപോവുകയേയുള്ളു. പക്ഷെ എന്താണത്? ഒന്നും വ്യക്തമല്ല.

ഇന്ത്യയിലെ ഇന്നത്തെ വിപ്ലവഘടകങ്ങൾ രണ്ടുചേരിയായാണ് നില്ക്കുന്നതെന്ന് എനിയ്ക്കുതോന്നുന്നു. ഒന്നാംചേരി ആശയപരമായി(അങ്ങനെമാത്രമായി എന്നു ഞാൻപറയുന്നില്ല. പക്ഷേ മുഖ്യഘടകം അതാണ്) ഇന്നത്തെ വ്യവസ്ഥയെ ഉൾക്കൊള്ളാനാവാത്തവയാണ്. അതായത് ഭൗതികമെന്നതിനേക്കാൾ മാനസികമായാണ് അവർക്ക് ഈ ഇന്ത്യയിലെ ജീവിതത്തെ ഉൾക്കൊള്ളാനാകാത്തത്. ഇടതുപക്ഷ ബുദ്ധിജീവികളെ ഈ ചേരിയിൽപെടുത്താം. രണ്ടാം ചേരി ഇന്ത്യൻജനത തന്നെയാണ്. ഇവ രണ്ടും ഒന്നുചേർന്ന സമരങ്ങളാണല്ലോ ശ്രീകാകുളത്തും നക്സൽബാരിയിലും ഉണ്ടായത്. അവിടെ അവരെ കൂട്ടിയിണക്കിയത് സാമ്പത്തികം എന്നൊക്കെ പറയാവുന്ന ഘടകമാണ്. അതായത് അവിടത്തെ ജനങ്ങളെ ആ വ്യവസ്ഥയ്ക്കുൾക്കൊള്ളാനായില്ല എന്ന അവസ്ഥ. ഇന്ത്യയൊട്ടാകെ നോക്കുമ്പോൾ ഈ വ്യവസ്ഥയുടെ ഭദ്രത ഒരു വിപ്ലവത്തിന് ഉതകുംവിധം താറുമാറായിട്ടില്ല. ഭരണവർഗ്ഗത്തിന്റെ സേനാബലം അതിശക്തമായ ഒരു ഭീഷണിയാണ്. ഇന്ന് ഇന്ത്യയൊട്ടാകെ മുഴങ്ങുന്നത് ആശയതലത്തിലുള്ള അസഹ്യതയുടെ ശബ്ദങ്ങളാണ്.

പുതിയ കവിതകളിലും അതിനാണല്ലോ പ്രാധാന്യം. അതും വ്യക്തമായി രൂപപ്പെട്ടിട്ടില്ല. തീവ്രവാദികൾക്കിടയിലെത്തന്നെ അനവധി ഗ്രൂപ്പുകൾസൂചിപ്പിയ്ക്കുന്നത് അതാണ്. ശരിയായ വിപ്ലവസിദ്ധാന്തംതന്നെ ഇനിയും ഉരുത്തിരിയേണ്ടതുണ്ട്.

എന്തായാലും ഇന്നത്തെ സമ്പദ്വ്യവസ്ഥ അധികനാൾ നിലനില്ക്കില്ല. അതുണ്ടാക്കുന്ന ദുരിതങ്ങൾഏറിവരികയല്ലേ.

തൊഴിലില്ലായ്മ(അഭ്യസ്തവിദ്യരല്ലാത്തവർക്കിടയിലേയും), വിലക്കയറ്റം, കള്ളപ്പണം, കുത്തകമുതലാളിത്തത്തിന്റെ പുരോഗതി ഇവയൊന്നും ഒരിയ്ക്കലും കുറഞ്ഞിട്ടില്ല. ഒരു കമ്മ്യൂണിസ്റ്റ് സമ്പദ്വ്യവസ്ഥയ്ക്കേ ഇവയെ ശരിയായി നേരിടാനാകൂ എന്ന് ഞാൻകരുതുന്നു. (Social Scientist24 ന്റെ China Special വായിച്ചോ? നമ്മെ അമ്പരപ്പിയ്ക്കുന്ന പലതും അതിൽകാണാം. ഇന്ത്യക്കാരൻഎത്ര ഭീകരമായി മനുഷ്യത്വത്തിൽനിന്നും, ജീവിതത്തിൽനിന്നും, അകറ്റപ്പെട്ടിരിയ്ക്കുന്നു.)

വിശേഷാൽപ്രതികൾ വല്ലതും വാങ്ങിയോ?

'മലയാളനാട്25' എന്റെ പക്കലുണ്ട്. ബുധനാഴ്ച വരുമല്ലോ? ഞാൻ വല്ലതും കൊണ്ടുവരേണ്ടതുണ്ടോ?

നിറുത്തുന്നു.

സുബ്രഹ്മണ്യദാസ്.

PS: മുകളിൽആശയതലങ്ങൾഎന്നു പറഞ്ഞത് അങ്ങനെതന്നെ കണക്കിലെടുക്കേണ്ടതില്ല. വേണമെങ്കിൽ കായണ്ണ26 ആക്രമണത്തിനു വട്ടംകൂട്ടിയ ചെറുപ്പക്കാരെയോ അല്ലെങ്കിൽ ശ്രീകാകുളത്തെ സമരത്തിൽ പങ്കെടുക്കാൻ പുറമേനിന്നെത്തിയ യുവാക്കളേയോ ഇക്കൂട്ടത്തിൽപെടുത്താം. വിപ്ലവത്തിന്റെ യഥാർത്ഥസത്തയും അനിവാര്യതയും അറിയുന്നവരും ഇന്നത്തെ വ്യവസ്ഥയിൽ ജീവിക്കാനാകാത്തവരും എന്നൊക്കെ വിശേഷിപ്പിയ്ക്കാം. സ്വാതന്ത്ര്യമെന്തെന്ന് അറിഞ്ഞവർ. പക്ഷേ അവരൊക്കെ ഇനിയും

ഏറെ മാറേണ്ടതുണ്ട്. 'സമസ്യ'27യിൽ ഒരു ലേഖനമുണ്ട്: പ്രച്ഛന്നവേഷത്തിലുള്ള ആശയവാദത്തിനെതിരെ.

ഇടയ്ക്ക് മാർക്സിന്റെ മറ്റൊരു കൃതിയും കിട്ടി. 'Grundrisse'. 1857 കാലത്ത് Money യെയും Capitalനെയും കുറിച്ച് മാർക്സ് എഴുതിയ നോട്ടുപുസ്തകങ്ങളുടെ സമാഹാരമാണ്. 1972-ലാണ് ഇതാദ്യമായി ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തിയത്. മാർട്ടിൻ നിക്കോളാസാണ് വിവർത്തകൻ. അയാളുടെ വകയായി 60-പേജുവരുന്ന നല്ലൊരു അവതാരികയുമുണ്ട്. Pelican ആണ് പ്രസാധകർ. 900 പേജുവരും. വില 16 രൂപ. ഒരു കോപ്പി വാങ്ങണമെന്നു കരുതുന്നു.

മാർക്സിയൻ ടെക്സ്റ്റുകൾ വായിക്കാൻ പറയാൻ വേറൊരു കാരണം കൂടിയുണ്ട്. ഫ്യൂഡലിസത്തിനുശേഷം വ്യവസ്ഥയിൽ മുതലാളിത്തം ആണല്ലോ.

നാം ഇന്നു ജീവിക്കുന്ന ഈ വ്യവസ്ഥയെ അതിന്റെ എല്ലാ പ്രത്യേകതകളോടും കൂടി ആദ്യം അറിഞ്ഞത് മാർക്സാണ്. വ്യവസ്ഥയുടെ എല്ലാഘടകങ്ങളും അദ്ദേഹം വിശകലനംചെയ്തു. ഫിലോസഫി, രാഷ്ട്രതന്ത്രം, സാമ്പത്തികശാസ്ത്രം(Political Economy)—(Three Sources and Three Component Parts of Marxism എന്ന ലെനിന്റെ കൊച്ചുലേഖനം നോക്കുക). മാർക്സിനുശേഷം വന്നവർ മാർക്സിന്റെ അറിവുകൾ വികസിപ്പിച്ചിട്ടുണ്ട്. ചുരുക്കത്തിൽ നമ്മുടെ കാലഘട്ടത്തെ ഏറ്റവും സമഗ്രമായി, ശാസ്ത്രീയമായി ഉൾക്കൊള്ളുന്നത് മാർക്സിസമാണ്.

…

അതും ചൊവ്വാഴ്ച ഉച്ചതിരിഞ്ഞാണ് കിട്ടിയത്. വെള്ളിയാഴ്ച വന്നാൽഞാൻ സച്ചിദാനന്ദന്റെ പുസ്തകം തരാം. അന്നു പറയാൻ മറന്നതാണ്. വെള്ളിയാഴ്ച മിക്കവാറും സമരമായിരിക്കും!

Social Scientist-ന്റെ ഒരു ലക്കത്തിൽ 'Parliamentary Process as a Stabilisation Mechanism' എന്നൊരു ലേഖനമുണ്ട്. ഒരു Jhunjhunwala ആണ് ലേഖകൻ. പാർലമെന്ററിവ്യവസ്ഥയുടെ കാപട്യത്തെ അയാൾ വ്യക്തമായി വിശദീകരിക്കുന്നു. ഈ ലക്കവും അന്നു കൊണ്ടുവരാം.

ജെ. പി. യുടെ[1] രാഷ്ട്രീയത്തെപ്പറ്റിയുള്ള ലേഖനം വായിച്ചോ?

ദസ്തയേവ്സ്കിയുടെ പുസ്തകങ്ങളുടെ മലയാളവിവർത്തനങ്ങൾ വായിക്കാതിരിക്കുകയാണ് നല്ലത്. മലയാളവും ഇംഗ്ലീഷുമല്ലാത്ത വൃത്തികെട്ട ഒരു ഭാഷയിലും ശൈലിയിലുമാണ് വിവർത്തനം എന്നതുതന്നെ കാര്യം. ദസ്തയേവ്സ്കിയെക്കുറിച്ച് ഒരു നല്ല ലേഖനം ഈയിടെ വായിച്ചു. ലൂക്കാക്സിന്റേത്. 'Dostoevsky: A Critical Anthology' എന്ന പുസ്തകത്തിൽനിന്ന്. കോളേജ് ലൈബ്രറിയിലേതാണ്. ലൂക്കാക്സിന്റെ ലേഖനം ഏഴെട്ടുപേജേയുള്ളൂ. പക്ഷേ മറ്റാരേക്കാളും നന്നായി അയാൾ നോവലിസ്റ്റിനെ ഉൾക്കൊണ്ടിരിക്കുന്നു. ബാലകൃഷ്ണനാവുമ്പോൾ മൗലികതയൊക്കെയുണ്ടെന്നുനേര്. പക്ഷേ ഒട്ടേറെ പരിമിതികൾ ഉണ്ട് അയാൾക്ക്. 'Critical Anthology'യും കഴിയുമെങ്കിൽ വെള്ളിയാഴ്ചയെടുത്തുവെയ്ക്കാം.

ജനതയിൽ സ്വാതന്ത്ര്യബോധം അങ്കുരിക്കാതിരിക്കത്തക്ക വിധത്തിൽ വളരെ കാപട്യംനിറഞ്ഞ ഒരു പദ്ധതിയാണ് ഈ വ്യവസ്ഥയുടേത്. Jhunjhunwala തന്റെ കൊച്ചുകുറിപ്പിൽ വിശദീകരിക്കുന്നു: 'The key to stability of the system in the long run is the creation of a public which does not perceive any disharmony in the society'. സംസ്കാരത്തിന്റെ എല്ലാമണ്ഡലങ്ങളിലും അവർ മനുഷ്യനെ brain wash ചെയ്യുകയാണ്. (ഇതെത്ര ഫലവത്താണെന്നതിന് കോളേജ് വിദ്യാർത്ഥികൾതന്നെ തെളിവാണല്ലോ. അവരാരും ഈ വ്യവസ്ഥയിൽ താളപ്പിഴ കാണുന്നില്ല!)

രാഷ്ട്രത്തിന്റെ ഉത്ഭവത്തെപ്പറ്റി ഏംഗൽസ് പറയുന്നു:

'State is a product of society at a certain stage of development; it is the admission that this society

[1] ജയപ്രകാശ് നാരായൺ: ഇന്ദിരാഗാന്ധിയുടെ ഭരണകാലത്ത് ശക്തമായ ജനകീയ പ്രക്ഷോഭം നയിച്ച സോഷ്യലിസ്റ്റ് നേതാവ്. ഈ പ്രക്ഷോഭം അടിയന്തിരാവസ്ഥാ പ്രഖ്യാപനത്തിന്റെ പ്രധാന കാരണമായിത്തീർന്നു.

has become entangled in an insoluble contradiction with itself, that it has split into irreconcilable antagonisms which it is powerless to dispel. But in order that these antagonisms, these classes with conflicting economic interests, might not consume themselves and society in fruitless struggle, it became necessary to have a power, seemingly standing above society, that would alleviate the conflict and keep it within the bounds of 'order'; and this power, arisen out of society but placing itself above it, and alienating itself more and more from it, is the state.' (From *The Origin of the Family, Private Property, and the State*, By Frederick Engels)

ഒരു മുതലാളിത്തരാഷ്ട്രത്തിൽ സ്വാതന്ത്ര്യമെന്നാൽ ന്യൂനപക്ഷത്തിന്റെ സ്വാതന്ത്ര്യമെന്നാണർത്ഥമെന്നും ഇത് പ്രാചീന ഗ്രീക്ക് റിപ്പബ്ലിക്കിനു സമാനമായി അടിമകളെ കൈവശംവെയ്ക്കാനുള്ള സ്വാതന്ത്ര്യമാണെന്നും ലെനിൻ പറയുന്നു. ജീവിതത്തിന്റെ എല്ലാതുറകളിലൂടെയും രാഷ്ട്രത്തിലെ ഭൂരിപക്ഷം മനുഷ്യരെയും യാഥാർത്ഥ്യമറിയുന്നതിൽനിന്നും അതനുസരിച്ച പ്രവർത്തിക്കുന്നതിൽനിന്നും അകറ്റിയിരിയ്ക്കയാണ്. ആശയതലത്തിൽപോലും ഇവിടെ മനുഷ്യൻചൂഷണം ചെയ്യപ്പെടുന്നതിന്റെ ഭീകരത ഒന്നോർത്തുനോക്കൂ!

ജനപ്രിയചിത്രങ്ങൾക്കു പിന്നിലെ മനഃശാസ്ത്രവും ഇങ്ങിനെ വിശദീകരിയ്ക്കാമെന്നുതോന്നുന്നു: ഓരോ മനുഷ്യന്റെയുള്ളിലും യഥാർത്ഥ മനുഷ്യസ്വഭാവമുണ്ട്. സ്നേഹം, സെക്സ്, നന്മയെക്കുറിച്ചുള്ള ബോധം എന്നിങ്ങനെ. സമൂഹത്തിന്റെ ഘടനയനുസരിച്ച് ഇതിലും(ഈ മൂല്യങ്ങളുടെ സ്വഭാവത്തിലും) മാറ്റംവരും. ഫ്യൂഡൽവ്യവസ്ഥയിലെ മൂല്യങ്ങളല്ല യന്ത്രവത്കൃത സമൂഹത്തിലേത്. എങ്കിലും രാഷ്ട്രത്തിന്റെ ഉത്ഭവത്തിനുശേഷം പൊതുവേ ഇവയെ നിയന്ത്രിയ്ക്കുന്നത് അധികാരം കൈയ്യാളുന്ന വർഗ്ഗമാണ്. ഫ്യൂഡൽവ്യവസ്ഥയിലാവുമ്പോൾ ജന്മിയോടുള്ള കൂറും ഭക്തിയും, ബ്രിട്ടീഷ് ഭരണകാലത്ത് ജോർജ്ജ് ഭൂപതിയ്ക്കു സ്തുതി, സ്വതന്ത്രഇന്ത്യയിൽ ഭരണഘടനയ്ക്കും സർക്കാർസ്ഥാപനങ്ങൾക്കും(ജുഡീഷ്യറി, പാർലമെന്റ് etc.) പാവനത്വം കല്പിയ്ക്കുക എന്നിങ്ങനെ. എങ്കിലും പുതിയ സമൂഹത്തിന്റെ വ്യത്യാസത്തിനനുസരിച്ച് ആശയതലത്തിലെ ചൂഷണത്തിനും വ്യത്യാസം വരുന്നു. ജനപ്രിയ ചിത്രങ്ങളിൽയഥാർത്ഥ മനുഷ്യസ്വഭാവങ്ങളെ അവർവികൃതപ്പെടുത്തി അവതരിപ്പിയ്ക്കുന്നു. നന്മയും മനുഷ്യസ്നേഹവുമൊക്കെ അവർ നായകനിൽ ആവേശിപ്പിയ്ക്കുന്നു, വികൃതമായ രീതിയിൽ. പിന്നെ മദാലസയായ നായിക. വ്യവസ്ഥയുടെ പ്രത്യേകതകൊണ്ട് ജനങ്ങളിൽനിന്ന് അകറ്റപ്പെടുന്നതൊക്കെ അവർ ഈ ചിത്രങ്ങളിൽ കാണുന്നു. അവയെത്ര വികൃതവും യാഥാർത്ഥ്യത്തിൽനിന്ന് അകന്നതുമാണെന്ന് അവരറിയുന്നില്ല. ഇതിലൂടെ ചൂഷകവർഗ്ഗം ഒട്ടനവധി നേടുന്നു.


- ഒന്ന്: വ്യവസ്ഥയെപ്പറ്റിയുള്ള പൊതുജനാഭിപ്രായം നല്ലതായി സൂക്ഷിയ്ക്കുന്നു.
- രണ്ട്: യഥാർത്ഥ മനുഷ്യസ്വഭാവത്തിൽനിന്ന് കൂടുതൽകൂടുതൽ അകറ്റപ്പെടുന്നതിലൂടെ ജനങ്ങൾ വ്യവസ്ഥയുടെ കാപട്യവുമായി സംഘർഷമില്ലാതെ അലിഞ്ഞുചേരുന്നു. തന്റെതന്നെ യഥാർത്ഥ സ്വത്വത്തിൽനിന്ന് മനുഷ്യൻഅകറ്റപ്പെടുന്നു.
- മൂന്ന്: ജനപ്രിയചിത്രങ്ങളുടെ സാമ്പത്തിക സ്വഭാവം. ചൂഷണത്തിനുള്ള മറ്റൊരുപാധി.
  നാല്: സ്വാതന്ത്ര്യത്തെപ്പറ്റി ഒരു മിത്ഥ്യാധാരണ ജനങ്ങളിൽ അവർസൃഷ്ടിയ്ക്കുന്നു.
  (എം. ജി. ആർ. ചിത്രം പ്രദർശിപ്പിക്കാത്തതുകൊണ്ട് തമിഴ്നാട്ടിൽസംഘർഷങ്ങൾ!)
- അഞ്ച്: നന്മയെയും മനുഷ്യത്വത്തെയുംപറ്റി വികൃതവും ചൂഷകർക്കനുകൂലവുമായ അഭിപ്രായം ജനങ്ങളിൽ രൂപപ്പെടുന്നു.

പിന്നെയും ഒരുപാട് നേട്ടങ്ങൾ അവർക്ക്.

നാമൊക്കെത്തന്നെ യഥാർത്ഥ മനുഷ്യസ്വഭാവത്തിൽനിന്ന് എത്ര അകലെയാണ്. (കലാകൗമുദിയിൽ വിശ്വനാഥന്റെ29 ലേഖനം സെക്സിനെപ്പറ്റി വായിച്ചോ?) വ്യഭിചാരമെന്നുകേൾക്കുമ്പോൾ നമ്മൾ ഞെട്ടുന്നില്ല. അനങ്ങുന്നുപോലുമില്ല! മാർക്സിന്റേത് മഹത്തായ ഒരു സ്വപ്നമായിരുന്നു. മനുഷ്യൻ അവന്റെ പൂർ

ണ്ണതയിൽ എത്തുന്നു എന്ന്. ഇതേപ്പറ്റി കലാകൗമുദിയിലെ ആദ്യലക്കങ്ങളിലൊന്നിൽ നരേന്ദ്രപ്രസാദ് ഒരു ലേഖനം എഴുതിയിരുന്നു. പൂർണ്ണ മനുഷ്യനെന്ന സ്വപ്നം വർഗ്ഗവിഭജനവും പൗരന്മാരിൽനിന്നു വേറിട്ട രാഷ്ട്രവുമൊന്നുമില്ലാത്ത പ്രചീനഗോത്രത്തിന്റെ മഹത്വങ്ങൾ(സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം) ഉൾക്കൊള്ളുന്ന ഒരു നവീനസമുദായമായാണ് ഏംഗൽസും ഭാവിയെ ദർശിച്ചത്. ഇവരുടെ ചിന്താരീതിയുടെ പ്രത്യേകത അത് മണ്ണിനോടും മനുഷ്യനോടും പ്രവൃത്തിയോടുമൊക്കെ ഏറ്റവും അടുത്തതായിരുന്നു എന്നതാണ്. അത് പ്രപഞ്ചത്തെയാകെ ഉൾക്കൊള്ളുന്ന ഒരു സമീപനമാണ്.

ശ്രീകാകുളത്തെ സമരത്തെപ്പറ്റി Radical Humanist, July 1970-ലെ ലക്കത്തിൽഒരു ലേഖനമുണ്ട്. തെലുങ്കാന സമരത്തിൽഉൾപ്പെട്ട പ്രദേശമാണിതും. 1968-ലാണ് CPI (ML) ന്റെ നേതൃത്ത്വത്തിൽ ഗിരിജന(Girijans)ങ്ങളുടെ സമരം പൊട്ടിപ്പുറപ്പെട്ടത്.




പലതരത്തിലും അവർചൂഷണംചെയ്യപ്പെട്ടിരുന്നു. ചിലർക്ക് ഒരുദിവസത്തെ വേതനം 25പൈസയായിരുന്നു. സത്യനാരായണനായിരുന്നു നേതാവ്. സുന്ദരയ്യയുമായി തെറ്റിപ്പിരിഞ്ഞ് CPI(M) ലായിരുന്ന നാഗിറെഡ്ഡിയും ഇവർക്കൊപ്പം ചേർന്നു. 1969 ഏപ്രിലിൽ ജനകീയസേനയുടെ രൂപീകരണം പ്രഖ്യാപിയ്ക്കപ്പെട്ടു. ഒട്ടേറെപ്പേർ കൊല്ലപ്പെട്ടു. സമരം മൂന്നു ഘട്ടങ്ങളിലായിരുന്നു നടത്തപ്പെട്ടത്. ആദ്യത്തേത് ദളങ്ങൾ രഹസ്യമായി നടത്തുന്ന റെയ്ഡുകളായിരുന്നു. രണ്ടാംഘട്ടം ജനങ്ങളുടെ സഹകരണത്തോടെ ഭൂപ്രഭുവിന്റെ ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നു. പ്രോമിസറി നോട്ടുകൾ കത്തിയ്ക്കുന്ന മൂന്നാംഘട്ടം ജനങ്ങളുടെ പൂർണ്ണസഹകരണത്തോടെ നടത്തുന്ന റെയ്ഡ് ആണ്. കൊലകൾ എല്ലാം നടത്തിയിരുന്നത് ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ 'ജനകീയകോടതി'യിൽ നടത്തുന്ന വിചാരണയ്ക്കുശേഷമാണ്.

1948-ലെ തെലുങ്കാനാസമരം 'സാമ്പത്തികം' മാത്രമായിരുന്നുവെന്ന് തീവ്രവാദികൾ കരുതുന്നു. അവർ ജനതയിൽ രാഷ്ട്രീയബോധം ഉണർത്താൻ ശ്രമിയ്ക്കുന്നു. പുറമേനിന്ന് ഒട്ടനവധി ചെറുപ്പക്കാർ ഈ സമരത്തിൽ പങ്കെടുക്കാനെത്തിയത്രേ! ഈ ലേഖനം വന്നപ്പോഴും അവിടത്തെ തീ കെട്ടടങ്ങിയിരുന്നില്ല. ഈയിടെ ആന്ധ്രയിലൊരിടത്ത് ഭൂപ്രഭുവിന്റെ കുടുംബം ആക്രമിച്ച് പ്രോമിസറി നോട്ടുകളും ആധാരങ്ങളും കത്തിച്ചതായി വാർത്തയുണ്ടായിരുന്നു.

നക്സലൈറ്റ് ആക്രമണത്തിന്റെ വിജയത്തെക്കുറിച്ച് ഞാൻ സച്ചിദാനന്ദനോടു ചോദിച്ചു. ആയുധങ്ങൾ സംഭരിയ്ക്കുക എന്ന വിപ്ലവത്തിന്റെ ആദ്യഘട്ടം ആയിരുന്നത്രേ കായണ്ണയുടെയും മറ്റും ലക്ഷ്യം. അടുത്ത ഘട്ടം annihilation(?) ആണ്. വിപ്ലവകാരികൾ ശത്രുവിനെ (ഭൂപ്രഭുവിനെയോ മറ്റോ) ആക്രമിയ്ക്കുന്നു. അങ്ങനെ ഒരു ചുവപ്പുഭീതി (Red Terror) സൃഷ്ടിയ്ക്കുന്നു. ഇതിനെത്തുടർന്ന് അധികാരിവർഗ്ഗം വെളുത്തഭീതി (white Terror) അഴിച്ചുവിടുന്നു. കായണ്ണ ആക്രമണത്തെത്തുടർന്നു നടന്നത് അതാണ്.

പിന്നെ സമരം. ഈ തിയറിയുടെ പ്രായോഗികതയെപ്പറ്റി പല ഗ്രൂപ്പുകാരും തമ്മിൽ അഭിപ്രായവ്യത്യാസങ്ങളുണ്ട്. ഗ്രൂപ്പുകളെ ഒന്നിപ്പിയ്ക്കാനുള്ള യത്നം ഇപ്പോൾ നടക്കുന്നുവത്രേ.

ഭയപ്പെടുത്തുന്ന ഒരുകാര്യം രാഷ്ട്രത്തിന്റെ അധികാരം നിലനിർത്താനായി ചൂഷകവർഗ്ഗം പോലീസിനും പട്ടാളത്തിനുമായി ചെലവിടുന്ന തുകയുടെ വലിപ്പമാണ്. തെക്കുകിഴക്കനേഷ്യൻ രാജ്യങ്ങളിൽ പൊതുവെ ബാധകമായ കാര്യമാണിതെന്ന് Francois Houtart പറയുന്നു. രാഷ്ട്രത്തിന്റെ വരുമാനത്തിന്റെ നാലിലൊന്നുവരെ ചെലവിടുന്ന രാജ്യങ്ങളുണ്ട്!

പിന്നെ മതത്തെയും അധികാരിവർഗ്ഗത്തെയും വേറിട്ടുകാണുന്നതിൽ തെറ്റില്ലേ? മതം എന്നും അധികാരിവർഗ്ഗത്തോടൊട്ടിനിന്നിട്ടേയുള്ളൂ. അതു പണ്ടുമുതലേ അധികാരിവർഗ്ഗത്തിന്റെ ആയുധമായിരുന്നു. ശ്രീരാമൻ തപസ്സുചെയ്ത ചണ്ഡാലന്റെ ശിരസ്സറുത്തത് മതത്തിന്റെ സഹായത്തോടെയാണ്. ഭൂപ്രഭു മുതലാളിത്തസഖ്യംപോലെത്തന്നെ പൗരോഹിത്യ ചൂഷകസഖ്യവും ഒരു യാഥാർത്ഥ്യമാണ്. തമാശയുള്ളകാര്യം

നിങ്ങൾ ഉദ്ദേശിച്ചതുതന്നെയാണ്. വിശപ്പിനേക്കാളുപരി ഇന്നും ഇന്ത്യക്കാരന്റെ സെന്റിമെന്റ്സിനെ ഇളക്കാൻ മതത്തിനു കഴിയും.

ഇതു വിധിയാണെന്നാണ് സച്ചിദാനന്ദൻ പറഞ്ഞത്. ഇന്ന് റോയി ജീവിച്ചിരുന്നെങ്കിൽ ജെ.പി.യെപ്പോലൊരാളാകുമായിരുന്നു! ദൂരെയെങ്ങോ ആശ്രമം പണിഞ്ഞല്ലോ.

തൃശൂർ ഫിലിം സൊസൈറ്റി രണ്ടാമതും പ്രവർത്തനമാരംഭിച്ചിരിക്കുന്നു. ഈ വരുന്ന ഞായറാഴ്ച പ്രദർശനമുണ്ട്. ചോമനദുഡി. ഒരുപക്ഷെ അടുത്തുതന്നെ പഥേർപാഞ്ചാലി പ്രദർശിപ്പിച്ചേയ്ക്കും.

നിങ്ങൾ പറഞ്ഞ ബൂർഷ്വാമാന്യതയും കാപട്യവും കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ അവർ വ്യക്തമായി വിശദീകരിച്ചിട്ടുണ്ട്. 'Proletarians and Communists' എന്നഭാഗത്ത്. ഭീതിയും 'കാൻസറും' ബന്ധപ്പെടുത്തിയത് എനിക്കിഷ്ടമായി. 'കാൻസർ' കോളേജ് തുറന്ന ഉടനെ ഞങ്ങൾനോട്ടീസ് ബോർഡിൽ ഇട്ടിരുന്നു. കുറേപ്പേരെങ്കിലും വായിച്ചുകാണണം.

ഈ ലക്കം മാതൃഭൂമിയിലെ ആദ്യലേഖനം, 'ശപിയ്ക്കപ്പെട്ട നാടോ, നമ്മുടെ?' വായിച്ചോ? പരാജയത്തിനുള്ള കാരണങ്ങൾ, ലേഖകൻ പറയുന്നത് തമാശയുള്ളതാണ്. ഇതെല്ലാം നമ്മുടെ സാമ്പത്തികപിന്നോക്കനിലയോ, സാമൂഹ്യാസമത്വങ്ങളോ മൂലമുണ്ടാകുന്നവയല്ല. നമ്മുടെ പ്രവൃത്തികളുടെയും ധാരണകളുടെയും കുറവിനാലോ, അപാകതകളാലോ നമ്മുടെ വീക്ഷണത്താലോ ഉണ്ടായിത്തീരുന്നവയാണ്. ഇവ പരിഹരിയ്ക്കുവാനും, അതിനാലാവശ്യം, സാമ്പത്തിക പരിവർത്തനമോ സാമൂഹ്യവിപ്ലവമോ ഒന്നുമല്ല...

ഇത്തരമൊരു വലിയ വിഡ്ഢിത്തം എഴുതിയ ലേഖകനും അതു മുഖ്യമായി പ്രസിദ്ധീകരിച്ച വാരികയും നമ്മുടെ സാംസ്കാരികലോകത്തിന്റെ പാപ്പരത്തമോ നട്ടെല്ലില്ലായ്മയോ അല്ലേ കാണിയ്ക്കുന്നത്? ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ ഫലമായി ഭൂരിപക്ഷവും തങ്ങളുടെ അദ്ധ്വാനത്തിൽക്കവിഞ്ഞ് ഒന്നുമല്ലാതായിത്തീർന്നിരിയ്ക്കുമ്പോൾ, സമ്പദ്വ്യവസ്ഥയോ സാമൂഹ്യാസമത്വങ്ങളോ അല്ല തകരാറിനു കാരണമെന്നു പറയാൻ അസാമാന്യവിഡ്ഢിത്തം തന്നെ കൈമുതലായിവേണം. തീർച്ചയായും ഇയാൾ ഏതെങ്കിലും ഒരു കോളേജിൽ അഞ്ചുവർഷം നല്ലകുട്ടിയായി പഠിച്ച പുറത്തുവന്നവനായിരിയ്ക്കണം. വിദ്യാഭ്യാസവും ഒരുതരം ഉല്പാദനമാണെന്ന് ആരോ പറഞ്ഞിരുന്നു. സച്ചിദാനന്ദന്റെ 'അതാണു പ്രശ്നം' ഇയാൾക്ക് നല്ലൊരുത്തരമാകും.

പത്തുവർഷം മുമ്പത്തെ ഒരു കണക്കെടുപ്പ് കാണിയ്ക്കുന്നതിതാണ്: നഗരങ്ങളിലും ഗ്രാമങ്ങളിലുമായി ജനസംഖ്യയിലെ മൊത്തം 0.78 ശതമാനം ഉയർന്ന ജീവിതം നയിയ്ക്കുന്നു. ഇതിൽ നഗരങ്ങളിലെ എലൈറ്റുകളായ 0.06ശതമാനമാണ് രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയാകെ നിയന്ത്രിയ്ക്കുന്നത്. ശേഷിയ്ക്കുന്നവരിൽ, നഗരങ്ങളിലെ ജനസംഖ്യയിൽ 2ശതമാനം സാമാന്യം നല്ല ജീവിതവും 12.1 ശതമാനം ദാരിദ്ര്യരേഖയ്ക്കുമുകളിലും ജീവിയ്ക്കുന്നു. ഗ്രാമങ്ങളിലെ ജനസംഖ്യയിൽ 12.2 ശതമാനം ദാരിദ്ര്യരേഖയ്ക്കുമുകളിൽ കഴിയുന്നു. ശേഷിയ്ക്കുന്നവരുടെ ജീവിതം കൂടുതൽ വഷളായിട്ടേയുണ്ടാവൂ. ആദ്യത്തെ കണക്കനുസരിച്ച് ഇന്ത്യൻജനസംഖ്യയിൽ 13.36 ശതമാനം ജനങ്ങളേ 'ജീവി'യ്ക്കുന്നുള്ളൂ.

ഇടതുപക്ഷത്തിന്റെ ഒരു വാരിക കൽക്കത്തയിൽനിന്നു പ്രസിദ്ധപ്പെടുത്തുന്നുണ്ട്. അവർക്ക് വരിസംഖ്യ തുടങ്ങിയ വിവരങ്ങളെപ്പറ്റി ആണ് കത്തയച്ചിട്ടുള്ളത്. മറുപടി വന്നെങ്കിലായി. Social Scientist-ന്റേത് അക്കാദമിക് സമീപനമാണല്ലോ.

അവനവനോടു തന്നെ നീതിപുലർത്തണമെങ്കിൽ, ഇവിടെ ജീവിയ്ക്കുന്ന ഓരോനിമിഷവും അത്രയേറെ വേദനിപ്പിയ്ക്കുന്നതും സ്വന്തം നിഷ്ക്രിയത്വത്തെ കുത്തിനോവിയ്ക്കുന്നതുമാണ്. സ്വന്തം പ്രവൃത്തിയെന്തെന്ന് എനിയ്ക്കു കണ്ടെത്താനായിട്ടില്ല. എന്തെങ്കിലും ചെയ്യാനാവും എന്ന പ്രതീക്ഷയാണ് ജീവിപ്പിയ്ക്കുന്നത്.

ബോറടിച്ചില്ലല്ലോ, നിറുത്തുന്നു

സുബ്രഹ്മണ്യദാസ്.

PS: 'വ്യവസായവല്ക്കരണം ഇന്ത്യയിൽ' എന്നൊരു പുസ്തകമുണ്ട്. ഒരു റഷ്യക്കാരന്റേത്. പ്രഭാത് ബുക്സാണ് ഈ മലയാളവിവർത്തനം പ്രസിദ്ധീകരിച്ചിരിയ്ക്കുന്നത്. (അത്ര നല്ല പുസ്തകമൊന്നുമല്ലെന്ന് ഒരു

Reviewവിൽപറയുന്നു). അവിടത്തെ ലൈബ്രറിയിൽ അതുണ്ടോ എന്ന് ഒന്നന്വേഷിയ്ക്കാമോ?

ഒരു കാര്യം കൂടി: ചരിത്രത്തെയും സാമൂഹ്യശാസ്ത്രത്തെയും കുറിച്ച് അറിയണമെങ്കിൽ മാർക്സിസ്റ്റ് ഗ്രന്ഥങ്ങൾ വായിയ്ക്കയാണ് നല്ലത്. മനുഷ്യനെ ഏറ്റവും ആഴത്തിൽ, വളർച്ചയിലൂടെയും അവ ഉൾക്കൊള്ളുന്നുവെന്നതാണ് അവയുടെ നേട്ടം. ഏറ്റവും ശരിയായ സമീപന രീതിയും അവയുടേതാണ്. വസ്തുതകളെ ഉൾക്കൊള്ളാനുള്ള നമ്മുടെ കഴിവിൽപ്പോലും ഇവ ഒരു വിപ്ലവം വരുത്തുന്നു. പ്രസക്തി[1]-യിൽ ബി. രാജീവന്റെ കൊച്ചുലേഖനം ശ്രദ്ധിയ്ക്കുക 'As the world becomes philosophical, philosophy also becomes worldly… its realisation is also its loss' എന്ന് മാർക്സ്. മാർക്സിനെന്നപോലെതന്നെ മാർക്സിന്റെ യഥാർത്ഥ അനുഗാമികൾക്കും വാക്കുകളിൽമാത്രം ഒതുങ്ങിക്കൂടാനായില്ല എന്നതുതന്നെ തെളിവ്.

9th April, 1977.

1: പ്രസക്തി: പി. എൻ. ദാസിന്റെ പത്രാധിപത്യത്തിൽ അടിയന്തിരാവസ്ഥക്ക തൊട്ടുമുമ്പ് പ്രസിദ്ധീകരിച്ച രാഷ്ട്രീയ-സാംസ്കാരിക മാസിക.

ബ്രഹ്മപുത്രന്,

കത്തുകിട്ടി. റോയിയുടെ പുസ്തകങ്ങൾ അന്വേഷിക്കുമ്പോൾ Frantz Fanonന്റെ *The Wretched on the Earth* എന്ന പുസ്തകം കൂടി നോക്കാൻ എഴുതിയാൽ തരക്കേടില്ല. ഈ പുസ്തകം കേരളത്തിൽ കിട്ടാനില്ല. മൂന്നാംലോകത്തെപ്പറ്റി നല്ലൊരു പഠനമാണത്രെ അത്. പ്രസക്തിയിലെ ശങ്കരപ്പിള്ളയുടെ ലേഖനത്തിൽ (യുവാക്കളും വിപ്ലവവും) ഇതിൽനിന്നുള്ള ഉദ്ധരണികളുണ്ട്.

പിന്നെ, ഗുരുവായൂർ പോയിരുന്നു. 'പഥേർപാഞ്ചാലി'ക്കുപകരം അവർ റേയുടെതന്നെ 'പ്രതിദ്വന്ദി'യാണ് പ്രദർശിപ്പിച്ചത്. 'ഉത്തരായണ'ത്തിന്റെ രണ്ടാം പകുതിയോടുസാമ്യമുള്ള കഥയാണ് പ്രതിദ്വന്ദിയുടേത്. (വളരെ അകന്ന സാമ്യമേയുള്ളു.) 'പഥേർപാഞ്ചാലി'യും റേയുടെതന്നെ മറ്റുചില ചിത്രങ്ങളും 'സംസ്കാര'യുമൊക്കെ അടുത്തുതന്നെ പ്രദർശിപ്പിക്കാൻ ഉദ്ദേശമുണ്ടെന്ന് അവർ പറഞ്ഞു. അടുത്ത ചിത്രത്തെപ്പറ്റി അറിഞ്ഞാൽ അറിയിക്കാം.

തെരഞ്ഞെടുപ്പുഫലങ്ങളെപ്പറ്റിയൊക്കെ വായിച്ചു. സക്കറിയ എഴുതിയതും വായിച്ചു. എന്നിട്ട് … ശങ്കരപ്പിള്ള കക്ഷണ്ടിയിൽ എഴുതിയതാണ് ഓർമ്മ വന്നത്.

'പേടിപ്പിക്കുന്നതോ വെറുപ്പിക്കുന്നതോ ആയ എന്തോ ഒന്ന് എല്ലാവരും മറച്ചുവെക്കുന്നു.'

ഇത്രമാത്രം

സുബ്രഹ്മണ്യദാസ്.

'മഞ്ഞ്' മാവോയുടെ ഏറ്റവും പ്രധാനപ്പെട്ട കവിതയായി പ്രകീർത്തിക്കപ്പെടുന്നു. 1945ആഗസ്റ്റിൽ യെനാനിൽനിന്ന് ചിയാങ്കൈഷക്കുമായി കൂടിക്കാഴ്ചക്കായി ചുങ് കിങ്ങിലേയ്ക്ക് പോകുംവഴി എഴുതിയ ഈ കവിതയിൽ മനുഷ്യബിംബവും പ്രകൃതിയും പൂർണ്ണമായി തന്മയീഭവിയ്ക്കുന്നു… ചരിത്രപരമായ അന്തർജ്ഞാനവും വടക്കുകിഴക്കൻ മഞ്ഞുമലകളുടെ മുകളിൽനിന്നുള്ള കാഴ്ചയുംചേർന്ന് യുദ്ധവീര്യവും സംസ്കാരവും ഒത്തുചേർന്ന യഥാർത്ഥമഹത്തുക്കൾ തന്റെതന്നെ … ദർശനത്തിലേക്കും കവിയെ നയിക്കുന്നു — സച്ചിദാനന്ദൻ

ബ്രഹ്മപുത്രന്,

കത്ത്. 'പനി' ഇപ്രാവശ്യം വായിച്ചപ്പോൾ കൂടുതൽ ഇഷ്ടമായി. അവസാന ഖണ്ഡം പ്രത്യേകിച്ചും. രൂപാന്തരവും ഉളിയും ഇതോടൊപ്പം അയയ്ക്കുന്നു. പനിയ്ക്ക് മുമ്പ് എഴുതിയ കവിതകളാണ്. ഈ ലക്കം ദേശാഭിമാനിയിൽ സച്ചിദാനന്ദന്റെ ലേഖനമുണ്ട്. ആധുനികമലയാളകവിതയെപ്പറ്റി. അയ്യപ്പപ്പണിക്കരേയും ഗോവിന്ദനേയും കക്കാടിനേയും പറ്റിയാണ് ഈ ലക്കം.




ഇന്നലെ സത്യജിത്റായിയെപ്പറ്റി മേരി സേറ്റൻ എഴുതിയ പുസ്തകം കിട്ടി 'Portrait of a Director' കൊള്ളാവുന്ന പുസ്തകമാണ് ക്ലാസ്സ് തുടങ്ങിയതിനുശേഷം കോളേജിലേയ്ക്ക് എന്നെങ്കിലും വരികയാണെങ്കിൽ ഞാൻ എടുത്തു വച്ചിരിക്കാം. മുൻകൂട്ടി അറിയിച്ചാൽമതി. പുസ്തകം ഇരിങ്ങാലക്കുടയിലെ എസ്.എൻ. ലൈബ്രറിയിലേതാണ്. പിന്നെ, വരുന്നെങ്കിൽ 'പ്രസക്തി'30യുടെ ലക്കങ്ങൾ ഒന്നു കൊണ്ടുവരാമോ?

എനിക്ക് ശങ്കരപിള്ളയുടെ ലേഖനം 'യുവാക്കളും വിപ്ലവവും' ഒന്നു കൂടി വായിച്ചാൽ കൊള്ളാമെന്നുണ്ട്.

'ദേശാഭിമാനി ലൈബ്രറി' ജൂലൈ പുസ്തകങ്ങളായി പ്രസിദ്ധീകരിക്കുന്നത് സത്യജിത്റായിയുടെ പുതിയ പുസ്തകമായ 'സിനിമ അവരുടെയും നമ്മുടെയും' ആണെന്ന് പരസ്യം കണ്ടു. കൂടെ ഇ.എം.എസ്സിന്റെ 'ഗാന്ധിയും ഗാന്ധിസവും' വാങ്ങുന്നുവോ. തിയ്യതികൾ വായിച്ചില്ല. ഒന്നാംഭാഗം എന്റെ പക്കലുണ്ട്. വേണമെങ്കിൽ അയച്ചുതരാം. ഈയ്യിടെ സാമ്പത്തികശാസ്ത്രം ഒന്നറിയാൻ ശ്രമിച്ചു. ഇന്ത്യയുടെ കഴിഞ്ഞ മുപ്പതുവർഷങ്ങളിലെ സാമ്പത്തിക ഘടനയും നയങ്ങളും തമാശയുള്ളതാണ്. ഇവിടത്തെ ജനങ്ങളെല്ലാം എത്ര ഭീകരമായാണ് ചൂഷണം ചെയ്യപ്പെടുന്നതെന്നറിയാൻ ഇന്ത്യാ ഗവൺമെന്റിന്റെ നയങ്ങളറിഞ്ഞാൽമതി. സഹായികളായി മഹത്തായ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടികളും ജനാധിപത്യവിശ്വാസികളും വിദ്യാഭ്യാസസ്ഥാപനങ്ങളും ബ്യൂറോക്രസിയും ഉണ്ട്. സാമ്പത്തികഘടനയാണ് സമൂഹഘടനയെയാകെ നിർണ്ണയിക്കുന്നതെന്ന് മാർക്സ് പറയുന്നു. ഏറ്റവും നല്ല ഉദാഹരണം ഇന്ത്യ തന്നെ. പുതിയ ഗവൺമെന്റ് കുഴപ്പങ്ങളെ ഒഴിവാക്കാനാണ് ശ്രമിക്കുന്നത്. മാറ്റത്തിന്റെ കാര്യത്തിൽ ഇവിടെ ആരും വിശ്വസിക്കുന്നില്ലെന്നു തോന്നുന്നു. വിശ്വസിക്കുന്ന കുറച്ചുപേർ പ്രവർത്തിക്കുന്നു.

മാവോയുടെ കുറച്ചുകവിതകൾ കിട്ടി. ഒരെണ്ണം ഇതാണ്.

> Loushan Pass
> Cold is the west wind

Far in the frosty air the wild gees
call in the morning moonlight
In the morning moonlight.
The Clatter of Horse's hooves ring sharp
And the Bugle's note is muted
Do not say that the strong pass
is guarded with iron.
This very day in one step we shall pass its summit
We shall pass its summit!
There the hills are blue like the sea,
And the dying sun is like blood.

നമ്മുടെ തലമുറയ്ക്ക് രണ്ടുവശമാണുള്ളതെന്നു തോന്നുന്നു. സ്വീകരിക്കലിന്റേയും തിരസ്കരിക്കലിന്റേയും. മുൻതലമുറയിൽ—സച്ചിദാനന്ദനിലോ, കടമ്മനിട്ടയിലോ—കാണാത്തതാണത്. എനിയ്ക്ക് അതെന്താണെന്നു വ്യക്തമായി മനസ്സിലായിട്ടില്ല. വൈരുദ്ധ്യം അറിയുന്നുവെന്നുമാത്രം. കഴിഞ്ഞ തലമുറക്കാരൊക്കെ ഒരർത്ഥത്തിൽ എസ്കേപ്പിസ്റ്റുകളായിരുന്നുവെന്നു തോന്നുന്നു. താങ്കൾക്കതനുഭവപ്പെട്ടിട്ടുണ്ടോ? അവരെഴുതുന്നതിനുമപ്പുറം കാര്യങ്ങളുണ്ടെന്നു തോന്നിയിട്ടില്ലേ? സാധാരണജീവിതത്തിൽത്തന്നെ ആ വ്യത്യാസം അനുഭവമായിട്ടില്ലേ? കഴിഞ്ഞ തലമുറയെന്നു പറയുമ്പോൾ സ്വാതന്ത്ര്യശേഷം വളർന്നവരും കലയിലും സാഹിത്യത്തിലും രാഷ്ട്രീയത്തിലും പ്രവർത്തിക്കുന്നവരേയുമാണ് ഉദ്ദേശിക്കുന്നത്. അവരും പ്രായപൂർത്തിയാവാത്ത നമ്മുടെ തലമുറയും തമ്മിലെ വൈരുദ്ധ്യം. അടുത്തവർഷങ്ങളിൽ കാര്യമായ എന്തെങ്കിലും മാറ്റം ഞാൻ പ്രതീക്ഷിക്കുന്നു.

ദേശാഭിമാനി കാണാറുണ്ടോ?

മുൻപൊരു ലക്കം കടമ്മനിട്ടയുടെ 'അവൻ പറയുന്നു' എന്ന കവിത പ്രസിദ്ധീകരിച്ചിരുന്നു. രണ്ടുലക്കം മുൻപ് സി.എൻ. കരുണാകരൻ, കെ.സി.എസ്. പണിക്കരെപ്പറ്റി എഴുതിയ ലേഖനം. സച്ചിദാനന്ദന്റെ കവിത വന്ന ലക്കത്തിൽ ലൂസുൻന്റെ കഥ വന്നിരുന്നു. വാരിക ആകപ്പാടെ കൊള്ളാവുന്ന ഒന്നായിട്ടുണ്ട്.

നിറുത്തുന്നു.

സുബ്രഹ്മണ്യദാസ്

ബ്രഹ്മപുത്രന്,

സ്വീകരിക്കലിന്റേയും തിരസ്കരിക്കലിന്റേയും വശങ്ങൾ എന്ന് എഴുതിയത് ഇങ്ങനെ വിശദീകരിക്കാം: നമ്മുടെ രാജ്യം ഒരു സോഷ്യലിസ്റ്റ് രാഷ്ട്രമല്ല. ഈ പ്രസ്താവം തന്നെ ഒരു കാര്യം വെളിവാക്കുന്നു ഇവിടെ ചൂഷിതനും ചൂഷകനും നിലനിൽക്കുന്നു. ഇന്ത്യയിലെ ജനങ്ങളെ പൊതുവെ ഇങ്ങനെ തരംതിരിക്കാമെന്നു തോന്നുന്നു.

1. ഉപരിവർഗ്ഗം: (വ്യവസായികൾ, വൻകിട ഷെയർഹോൾഡേഴ്സ്, പൊതുമേഖലയിലെയും സ്വകാര്യമേഖലയിലെയും ഉയർന്ന ഉദ്യോഗസ്ഥർ, ഭൂപ്രഭുക്കൾ, എന്നിവർ)
2. മദ്ധ്യവർഗ്ഗം: (ചെറുകിട കർഷകർ, പൊതുമേഖലയിലെയും സ്വകാര്യമേഖലയിലെയും വൈറ്റ് കോളർവിഭാഗം, മറ്റുഇടത്തരക്കാർ എന്നിങ്ങനെ)
3. അടിസ്ഥാനവർഗ്ഗം: തൊഴിലാളികൾ ((വ്യവസായമേഖലയിലേയും കൃഷിയിലേയും) കൂലിപ്പണിക്കാർ,... എന്നിവർ)

ഉപരിവർഗ്ഗം ഇവിടെ ന്യൂനപക്ഷമാണ്. മൂന്നാമത്തെ വിഭാഗമാണ് ഭൂരിപക്ഷവും. അധികാരവും ഭരണകൂടവും എന്നും ഉപരിവർഗ്ഗത്തിന്റേതായിരുന്നു. ഇന്നത്തെ ഇന്ത്യൻവ്യവസ്ഥയിൽ വേരുകളില്ലാത്ത വിഭാഗമാണ് മദ്ധ്യവർഗ്ഗം. വ്യവസ്ഥയുടെ നിലനില്പിനെ സഹായിക്കുന്നത് ഇവിടത്തെ ഭീമമായ ബ്യൂറോക്രസിയാണ് (അടിയന്തിരാവസ്ഥ നിലനിർത്താൻ ഇന്ത്യൻപോലീസ് വിഭാഗം എങ്ങനെ സഹായിച്ചുവെന്നോർക്കുക)



വ്യവസ്ഥയുടെ നിലനില്പിന് ഏറ്റവും സഹായകമായ വിധത്തിലാണ് ഇവിടത്തെ വിദ്യാഭ്യാസവ്യവസ്ഥയും രൂപംകൊടുത്തിരിക്കുന്നത്. നമ്മുടെ സിലബസ്സും പരീക്ഷാസമ്പ്രദായവും ക്ലാസ്സുമുറികളും ഉദ്യോഗസാദ്ധ്യതകളും ഒക്കെ ഇക്കാര്യം വെളിവാക്കുന്നു. ഒരുതരം വന്ധ്യംകരണം. ക്ലാസ്സ്മുറിയുടെ മനംപുരട്ടുന്ന അന്തരീക്ഷം തന്നെയാണ് പൊതുവെ എല്ലായിടത്തും.

ഇങ്ങനെയാവുമ്പോൾ ജീവിതത്തെത്തന്നെ ഒരു അയുക്തികത ബാധിക്കുന്നു. ഔട്ട്സൈഡർസാഹിത്യത്തിലുള്ളത് ഈ അയുക്തികതയാണെന്ന് എനിക്ക് തോന്നുന്നു. അത് ആദ്യഘട്ടമായിരുന്നു. എല്ലാറ്റിന്റേയും—ബന്ധങ്ങളുടേയോ വസ്തുക്കളുടേയോ അല്ലെങ്കിൽ ചരിത്രത്തിന്റേയോ സംഭവങ്ങളുടേയോ ഒക്കെ—ആഴം കണ്ടെത്താനുള്ള ശ്രമമായിരുന്നു അടുത്തത്. സച്ചിദാനന്ദന്റെയും കെ.സി.എസ്. പണിക്കരുടേയും സൃഷ്ടികളിലാണ് ഈ വളർച്ച ഏറ്റവും വ്യക്തമായി കാണുന്നത്. പണിക്കരുടെ 'വാക്കുകളും പ്രതീകങ്ങളും' സീരീസിൽ ഘടകങ്ങളുടെ പരസ്പരബന്ധവും എല്ലാംചേർന്ന് ഉളവാക്കുന്ന ഭാവവും, രൂപാന്തരത്തിലാണെങ്കിൽ മാതൃപുത്ര (ക്രിസ്തു-മറിയം) ബന്ധത്തിന്റെ ഉദാത്തത.

മാറ്റം പിന്നെയുമുണ്ടായി. ഇന്ത്യൻയാഥാർത്ഥ്യത്തെക്കണ്ടെത്തുന്നതിലൂടെയും അതിനുനേരെ പ്രതികരിക്കുന്നതിലൂടെയും (ഈ കാലത്ത് സച്ചിദാനന്ദൻഎഴുതിയ 'രണ്ടാം കണ്ണ്' എന്ന

കവിത ഇതിനോടൊപ്പം അയയ്ക്കുന്നു.) അവരുടെ തലമുറ മുഴുവൻ ഈ മാറ്റത്തിനു വിധേയമായി. പക്ഷേ, അവർക്കാണെങ്കിൽ ഈ 'അയുക്തികത' സ്വീകരിക്കാനും (ഇങ്ങനെയൊരു വ്യവസ്ഥിതിയിൽ അതു നല്കുന്നതെല്ലാം സ്വീകരിക്കുക) വ്യവസ്ഥയിൽ നിന്നുകൊണ്ടുതന്നെ അതിനെ സ്വന്തം സൃഷ്ടികളിലൂടെ എതിർക്കാനും കഴിഞ്ഞു.

നമ്മുടെ തലമുറയ്ക്ക് (?) അതു കഴിയുമെന്ന് തോന്നുന്നില്ല. ചരിത്രമനുസരിച്ച് കഴിഞ്ഞ തലമുറയുടെ അറിവ് പുതിയതലമുറയുടെ പ്രവൃത്തിയാകേണ്ടതാണ്. എന്താണ് എന്ന് വ്യക്തമായെനിക്കറിയില്ല. അതുകൊണ്ടാണ് സ്വീകരിക്കലിന്റേയും തിരസ്കരിക്കലിന്റെയും വശങ്ങൾ എന്ന് എഴുതിയത്. ഒന്നും വ്യക്തമല്ലാത്തതുകൊണ്ട്. എന്തുകൊണ്ട് ഇവിടുത്തെ വിദ്യാലയങ്ങളിൽ കലാപം പൊട്ടിപ്പുറപ്പെടുന്നില്ല? താൽക്കാലിക ആവശ്യങ്ങൾക്കപ്പുറം ഒരു സമരവും എത്തിനോക്കുന്നില്ല? ഞാൻ മുൻപ് 'Monopoly Capitalism' എന്നൊരു പുസ്തകത്തെപ്പറ്റി എഴുതിയിരുന്നല്ലോ. കാപ്പിറ്റലിസം എങ്ങനെ സമൂഹത്തെ മനുഷ്യത്വ രഹിതമാക്കുന്നു എന്ന്, അമേരിക്കയിലെ സമൂഹത്തെപ്പറ്റി പറയുമ്പോൾ, അതിൽ വിശദീകരിക്കുന്നു. പലകാര്യങ്ങളും ഇന്ത്യയ്ക്കും ബാധകമെന്നു തോന്നി. പുസ്തകം വേണമെങ്കിൽ എടുത്തുതരാം.

ഈയ്യിടെ Social Scientist എന്നൊരു മാസികയുടെ രണ്ടുലക്കങ്ങൾ കിട്ടി. തിരുവനന്തപുരത്തെ Indian School of Social Sciences പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇടതുപക്ഷചായ്വുള്ള നല്ലൊരു പ്രസിദ്ധീകരണമാണ്. ഇന്ത്യയേയും തെക്കുകിഴക്കൻഏഷ്യയേയും പറ്റി ഒന്നാംകിട ലേഖനങ്ങൾ അവർ പ്രസിദ്ധീകരിക്കുന്നു.

എന്താണ് 'പുതുയുഗപ്പിറവി'? ആ ലക്കം ഞാൻ കണ്ടില്ല. ഗാന്ധിയെപ്പറ്റി ഒരുപാട് ചർച്ചകൾ നടന്നല്ലോ—ഗോവിന്ദന്റെ 'ഡോക്യുമെന്ററി', 'വിട' എന്ന കവിത. സച്ചിദാനന്ദന്റേയും അയാളുടെ തലമുറയുടേയും കവിതകളിൽ ഗാന്ധി ഇടയ്ക്കിടെ പ്രത്യക്ഷപ്പെടാറുണ്ട്. ഗാന്ധിയെപ്പറ്റി എനിക്കു തോന്നിയിട്ടുള്ളത് ഇതൊക്കെയാണ്:

1. അയാൾ ഒരു ഐഡിയലിസ്റ്റായിരുന്നു. സ്വന്തം പൂർണ്ണതയായിരുന്നു, പ്യൂരിറ്റിയും, അയാൾക്കു പ്രധാനം. ഗാന്ധിജിയുടെ വ്യക്തിത്വം രാജ്യത്തിന്റെ പുരോഗതിയുമായി അലിഞ്ഞിരുന്നില്ല. ഫ്യൂഡൽ ധാർമ്മികമൂല്യങ്ങളുടെ അവസാനത്തെ ആളിക്കത്തലായിരുന്നു ഗാന്ധി.
2. ഗാന്ധിജിയുടെ തുടക്കവും ഒടുക്കവും ഗാന്ധി തന്നെയായിരുന്നു. ഗാന്ധിയ്ക്കുശേഷം … നിലനിന്നുവെന്ന് കരുതുന്നുവോ? ഇതിനു പ്രധാന കാരണമായി എനിയ്ക്കു തോന്നുന്നത് ചരിത്രത്തിന്റെ പുരോഗതിയുമായി ഗാന്ധി ഇണങ്ങിയിരുന്നില്ല എന്നതാണ്. അയാൾ ചരിത്രത്തെ ഉൾക്കൊണ്ടില്ല, അങ്ങനെ ചരിത്രാവശിഷ്ടമായി. (മൊറാർജിയും ജെപിയും ഗാന്ധി ശിഷ്യന്മാരാണോ?)
3. ഗാന്ധിജിയുടേത് ഒത്തുതീർപ്പു പ്രസ്ഥാനമായിരുന്നു. വൈരുദ്ധ്യങ്ങൾ ഒത്തുതീർന്നു പൊയ്ക്കൊള്ളുമെന്ന് അയാൾ കരുതി. യഥാർത്ഥത്തിൽ ഗാന്ധിജി കാലത്തെ നിഷേധിച്ചവനാണ്. പരാജിതനും.
4. ഗാന്ധിജിയുടേതെന്നു പറയുന്ന മഹത്തായ ഗുണങ്ങളൊക്കെ മഹാന്മാരായ എല്ലാ ലോകനേതാക്കൾക്കും ഉണ്ടായിരുന്നതാണ്. വേണമെങ്കിൽ മാർക്സ് മുതൽ ഇങ്ങേയറ്റം ചെഗുവേര വരെ.

5. ഇന്ത്യക്കാരുടെ പ്രത്യേകത(?)യായ ഭക്തിയും ആരാധനയും സാമ്രാജ്യത്വദല്ലാളികൾ നൽകിയ പരസ്യവുമാണ് ഗാന്ധിയെ ഗാന്ധിജിയാക്കിയത്. (എം.എൻ. റോയിയെ ആരും ഓർക്കാറില്ല.)

ബ്രഹ്മപുത്രന്,

കത്ത്, ഇയ്യിടെ 'സോഷ്യൽസയന്റിസ്റ്റി'ന്റെ കുറച്ചു ലക്കങ്ങൾകിട്ടി, 36 മുതൽ ഏറ്റവും പുതിയതുവരെയുള്ളതിനിടയ്ക്ക് ചില ലക്കങ്ങൾ. മികച്ചതായി രണ്ടു ലക്കമേയുള്ളൂ. 45-ൽ Francois Houtart-ന്റെ ഒരു ലേഖനമുണ്ട്: 'Non-socialist Societies of South East Asia' തെക്കുകിഴക്കനേഷ്യൻരാഷ്ട്രങ്ങളെപ്പറ്റി നല്ലൊരു പഠനമാണത്. 37 National Question of India-Special Number ആണ്. ഇന്ത്യയുടെ മാർക്സിയൻ വിശകലനമാണ്

Nation -നെപ്പറ്റി എഴുതിയിരുന്ന നിർവചനം (അതു Stalin-ന്റേതാണ്) ഇവരിൽ പലരും ഉദ്ധരിക്കുന്നുണ്ട്. ഇന്ത്യ ഒരു Nation ആണെന്ന് മാർക്സിസ്റ്റുകൾ അംഗീകരിക്കുന്നില്ല

'The Multinationality of India is historical reality' എന്നാണ് 'Theoreitical Aspects of National Question' എന്ന ലേഖനത്തിൽ പ്രകാശ് കാരാട്ട് പറയുന്നത്. ഭാഷ, സംസ്കാരം, ഭൂവിഭാഗം എന്നിവകൊണ്ട് വേർതിരിക്കപ്പെട്ട പന്ത്രണ്ട് മുഖ്യ Nationalities ഉൾപ്പെട്ടതാണ് ഇന്ത്യ എന്ന് അയാൾ പറയുന്നു. പക്ഷെ ഇവയിലെ ജനതയെയാകെ ഒന്നിപ്പിക്കുന്ന പൊതുശത്രുവായി ഭൂപ്രഭു-ബൂർഷ്വാ വർഗ്ഗങ്ങളുണ്ട്. Nationality യുടെ പ്രശ്നം രണ്ടാമതേ വരുന്നൊള്ളൂ.

ഇവിടത്തെ മാർക്സിസ്റ്റ് പാർട്ടിയുടെ സമീപനം ഇതാണ്:



'The national question in India therefore can be satisfactorily settled only with the people's democratic revolution: The recomposing of the Indian Union, with a democratic state structure, genuine equality of all Indian languages and free flowering of diverse national cultures, is a historic task possible only with the voluntary union of all Indian nationlities in a people's democracy.'

ഇന്ത്യയുടെ ഈ പ്രശ്നം വിപ്ലവപൂർവ്വ റഷ്യയുമായി സാമ്യം ഉള്ളതാണത്രേ.

ഈ രണ്ടു ലക്കങ്ങളും (37, 35) വാങ്ങാൻകൊള്ളാവുന്നതാണ് പറ്റുമെങ്കിൽ വാങ്ങണമെന്നു കരുതുന്നു. കഴിയുമെങ്കിൽ ഇനി വരുമ്പോൾ കൊണ്ടുവരാം.(ഒരുപക്ഷേ പെട്ടെന്ന് തിരിച്ചുകൊടുക്കേണ്ടിവന്നെങ്കിൽ കൊണ്ടുവരാൻ പറ്റില്ല)

Social Scientist- ന്റെ Industrial Special(54–55) കട്ടിയുള്ളതാണ്. സാമ്പത്തികശാസ്ത്രത്തെപ്പറ്റി അറിവുണ്ടെങ്കിലേ മുഴുവൻ മനസ്സിലാവൂ. പത്രാധിപരുടെ കുറിപ്പിൽ രസകരമായ ചില കാര്യങ്ങൾ പറയുന്നുണ്ട്:

'It is evident that tremendous power concentrated in the hands of the big bourgeois, big land lord combine and its dominating role in the economy underlie the factors behind the (industrial) stagnation. But the government instead of attacking landordism and implementing land reforms and curbing monoply capital has sought an alternative in the strategy of export-led growth by callaboration with foregin capital. This has meant generous concession in the form of relaxation of foreign exchange regulations, repatriation of profits, and easing of import controls. All these further restrict the

maneuverability of the state, gradually closing the doors to independant economic development.'

(1972–73നും 75–76നുമിടയ്ക്ക് ഇന്ത്യൻ സ്വകാര്യവ്യവസായമേഖലയിലെ ഉയർന്ന 20 തറവാട്ടുകളുടെ ആസ്തി 50 ശതമാനംകണ്ടു വർദ്ധിച്ചതായി ഇതോടൊപ്പം ഉള്ള പട്ടിക കാണിക്കുന്നു).

പണപ്പെരുപ്പം തടയാൻ ഗവൺമെന്റ് കൈക്കൊണ്ട പരിപാടി തൊഴിലാളി-ഉദ്യോഗസ്ഥവിഭാഗത്തിന്റെ ശംബളവർദ്ധനയും D.A.യുമൊക്കെ നിർബ്ബന്ധനിക്ഷേപത്തിലും മറ്റുമായി തടഞ്ഞുവെക്കലും ബോണസ് തടയലുമായിരുന്നു. നികുതി വർദ്ധിപ്പിച്ചു. ഇതൊക്കെ ജനങ്ങളെ ഉപഭോഗവസ്തുക്കൾ വാങ്ങുന്നതിൽനിന്നു തടഞ്ഞു. തന്മൂലം വ്യവസായത്തിന്റെ നാശത്തിലേക്കും. ഇതിന്റെ ദുരിതം അനുഭവിക്കേണ്ടിവന്നത് ജനങ്ങൾതന്നെയായിരുന്നു എന്ന് എഡിറ്റർപറയുന്നു.

'What has become unmistakeably clear is the failure of capitalist path of development in a world situation where capitalism itself is on the decline and colonial expansion as an outlet for industialisatrion is no longer possible. The bourgeoisie in the leadership of the national movement, for political reasons, is forced to compromise with feudal reaction at home. And such compromise necessarily means a compromise with imperialism abroad.'

ജനതാ സർക്കാരിന്റെ നയങ്ങൾക്കും മുൻഗവൺമെന്റ് നയങ്ങളിൽനിന്നും കാര്യമായ വ്യത്യാസമൊന്നുമില്ല. ഒരു ബൂർഷ്വാ ഗവൺമെന്റ് പോയി മറ്റൊന്ന് വന്നേയുള്ളുവെന്ന് മാർക്സിസ്റ്റു പാർട്ടിയും തീവ്രവാദി ഗ്രൂപ്പുകാരും ഒരേപോലെ അഭിപ്രായപ്പെടുന്നു. (വെള്ളിയാഴ്ചയിലെ ഇന്ത്യൻഎക്സ്പ്രസ്സിൽ അബുവിന്റെ കാർട്ടൂൺകണ്ടുവോ?)

സ്വാതന്ത്ര്യബോധം കമ്മിയാണ് എന്നതിനോട് ഞാനും യോജിക്കുന്നു.പക്ഷേ അത് സൃഷ്ടിക്കപ്പെടുന്നതല്ലേ? ഇന്ത്യയിൽ രാഷ്ട്രീയനവോത്ഥാനം തുടങ്ങിയ കാലംമുതൽ ഇങ്ങേയറ്റം മാർക്സിസ്റ്റ് -ലെനിസ്റ്റ് (തീവ്രവാദി) ഗ്രൂപ്പുകൾവരെയുള്ള രാഷ്ട്രീയകക്ഷികളുടെ ആദർശദാരിദ്ര്യത്തിന് ഇതിൽ ഒരു വലിയ പങ്കില്ലേ? ഇന്ത്യയിലെ, അല്ലെങ്കിൽ ചുരുങ്ങിയത് സംസ്ഥാനങ്ങളിലെയെങ്കിലും ജനങ്ങളുടെ സംസ്കാരത്തേയും സ്വഭാവത്തേയും ഉൾക്കൊണ്ട് ഒരു രാഷ്ട്രീയകക്ഷി രൂപീകരിക്കുന്നതിൽപരാജയപ്പെട്ടതിന് ആരെയാണ് കുറ്റപ്പെടുത്തേണ്ടത് ?

(മുടി അല്പംനീണ്ടുപോയാൽപോലും ഞെട്ടുന്നവർ ഇന്നും നമ്മുടെ നാട്ടിലുണ്ടല്ലോ). എനിക്കു തോന്നുന്നത് സ്വാതന്ത്ര്യബോധമില്ലായ്മയേക്കാളേറെ ഭീതിയാണ് ഇന്നാട്ടുകാരെ എന്നും ഭരിച്ചിരുന്നത് എന്നാണ്.

പണ്ടുമുതലേ ഈ രാജ്യം ഭരിച്ചിരുന്നവർ എല്ലാം ഈ ഭീതി സൃഷ്ടിച്ച് മുതലെടുത്തവരാണ് യഥാർത്ഥശത്രുവിനെ കാണാൻ എല്ലാവരും മടിക്കുന്നു. (കോളേജുകളിലെ മഹത്തായ കലാപങ്ങൾ, ബസ്സിനു കല്ലെറിയലും അന്യോന്യം തല്ലലും എന്തിനെയാണ് പിന്നെ സൂചിപ്പിക്കുന്നത് ).

സ്വയം കാണാൻപോലും എല്ലാവർക്കും മടിയാണ്. ഇത് ഇന്ത്യയിലെമാത്രം പ്രശ്നമാണെന്ന് എനിക്കു തോന്നുന്നില്ല.

പത്തൊമ്പതാം നൂറ്റാണ്ടിലേയും ഇരുപതാം നൂറ്റാണ്ടിലേയും മനുഷ്യരുടെതന്നെ പ്രത്യേക തയാണിത് —അറിഞ്ഞോ അറിയാതെയോ രണ്ടു വ്യക്തിത്വം സൂക്ഷിക്കുക. പിന്നെ സമൂഹ ത്തിന്റെ താളത്തിൽനിന്നും ഒറ്റപ്പെടലും മാനസികസംഘർഷങ്ങളും സ്വയം അറിയാനുള്ള ശ്രമങ്ങളും (ഡോസ്റ്റോയെവ്സ്കിയുടെ പുസ്തകങ്ങൾവായിച്ചിട്ടുണ്ടോ? നൂറുകൊല്ലങ്ങൾക്കു മപ്പുറം എഴുതിയവയെങ്കിലും അവ ഇന്നും പ്രസക്തമാണ്. എനിക്ക് അവ മഹത്തായൊരു അനുഭവമായിരുന്നു; പ്രത്യേകിച്ച് *Crime and Punishment, Brothers Karamazov. (Crime and Punishment* എന്റെ പക്കലുണ്ട് വായിക്കണമെന്നുണ്ടെങ്കിൽ കൊണ്ടുവരാം)

താങ്കൾപറഞ്ഞ വിചാരവിപ്ലവത്തിൽഞാനും വളരെ പ്രതീക്ഷിക്കുന്നു. സച്ചിദാനന്ദനും ശങ്ക രപ്പിള്ളയും പറഞ്ഞത് (മലയാളനാട്) ഇവിടെ ഒരു സാംസ്കാരികവിപ്ലവം സൃഷ്ടിക്കാനാണ് തങ്ങളുടെ ശ്രമമെന്നാണ്. അവനവനെതന്നെ മുഖത്തോടുമുഖം തിരിച്ചുനിറുത്തുക എന്ന് ആരോ പറഞ്ഞത് ഓർമ്മിക്കുന്നു. സ്വയം അറിയലിനാണ് ഇന്നും ഏറെ പ്രസക്തി, അല്ലേ, അതിൽ താൻ ജീവിക്കുന്ന സമൂഹത്തെക്കുറിച്ചുള്ള അറിവും ഉൾപ്പെടുമല്ലോ (മനുഷ്യനും പ്രപ ഞ്ചവും തമ്മിലുള്ള ബന്ധത്തിന്റെ ഉദാത്തത ഉപനിഷത്തുകളിലാണ് എനിക്കു കാണാനായി ട്ടുള്ളത്. (ബുദ്ധിസവും ക്രിസ്തുമതവും നിഷേധസ്വഭാവമാർന്നവയായിരുന്നു) മാർക്സിസം അതി നോട് (?) മാറ്റത്തിനുള്ള മനുഷ്യപ്രയത്നം കൂടെ ഒന്നിപ്പിക്കുന്നു. ഒ.വി. വിജയനിൽ കാണാത്ത ത് ഈ രണ്ടാമത്തെ വശമാണ്. അയാളുടെ അടുത്ത തലമുറ ഇതുൾക്കൊള്ളുന്നതായി തോ ന്നി; (രണ്ടും ഒപ്പം). ഇന്ത്യൻകലാകാരന്മാരിലെ ഐക്യബോധം അതുകൊണ്ട് ജനതയുടെ മാറ്റത്തിനുള്ള ആഗ്രഹത്തിന്റെ മുന്നോടി ആയി കണക്കാക്കിക്കൂടേ? ആർ.എസ്.എസുകാരെ പരിചയമുണ്ടോ? എന്താണ് അവരെ സംഘടനയിലേയ്ക്ക് ആകർഷിക്കുന്നത്? ഇവിടുത്തെ ചില യൂത്ത് കോൺഗ്രസ്സുകാരെ എനിക്കറിയാം ആകപ്പാടെയുള്ള പ്രൗഢിയും പ്രതാപവുമാ ണ് അവരെ ആകർഷിക്കുന്നത്. (പ്രത്യയശാസ്ത്രങ്ങളിലോ പാർട്ടി നയങ്ങളിലോ അവർക്കു വിശ്വാസമില്ല) ഇങ്ങനെയല്ലാത്തവരെ ആകർഷിക്കുന്നത് അന്ധമായ ഭക്തിയും.

പിന്നെ, ദ്വിമുഖത്വം എന്നത് ഒരു തിയറിയായല്ല ഞാൻഎഴുതിയത്; സൗകര്യത്തിന് ആ വാക്ക് ഉപയോഗിച്ചു എന്നുമാത്രം. താങ്കൾ എഴുതിയതിൽതന്നെ ഞാൻ ഉദ്ദേശിച്ച ആശയം കണ്ടു. ഈ സമൂഹത്തിന്റെ പൊള്ളത്തരം മുഴുവൻഅറിഞ്ഞിട്ടും ഇവിടെ ജീവിക്കേണ്ടി വരുമ്പോൾ താങ്കൾ എന്താണു ചെയ്യുക? ഇതു ജീവിതമല്ലെന്നറിഞ്ഞ് ജീവിക്കുന്നതിലെ വൈരുദ്ധ്യം. ഇവി ടെ സ്വതന്ത്രമായി ജീവിക്കുക എന്നതിന്റെ അർത്ഥം എന്താണ്. ഈ ചോദ്യം താങ്കളെ അല ട്ടിയിട്ടില്ലേ. ഇതു തന്നെയാണ് ഞാനും ഉദ്ദേശിക്കുന്നത്. (സച്ചിദാനന്ദനെ ദ്വിമുഖത്വത്തിനുദാഹ രണമായല്ല ഞാൻപറഞ്ഞത്. സ്വന്തം കാലത്തെ അയാൾ(അയാളുടെ തലമുറ) വാക്കുകളിൽ നന്നായി ഉൾക്കൊണ്ടു എന്നു മാത്രം.)

നിറുത്തുന്നു

സുബ്രമണ്യദാസ്

മാതളം താങ്കൾ പകർത്തിയെടുത്തിട്ടില്ലെന്നു തോന്നുന്നു അല്ലേ, കഴിഞ്ഞവട്ടം വന്നപ്പോൾ കൊണ്ടുവരാൻ മറന്നതാണ്. ഇതോടൊപ്പം അയക്കുന്നു. മതത്തിന്റെയും ജാതിയുടെയും സംഘടനകളുടേയും പ്രശ്നമാണ് നിങ്ങളെ ഏറ്റവും അലട്ടുന്നതെന്നു തോന്നുന്നു.

കുറച്ചുപേരുടെ താല്പര്യത്തിനുവേണ്ടി ഇവയൊക്കെ ബോധപൂർവ്വം ഉളവാക്കിവിടുന്നതു തന്നെ യല്ലേ? ചൂഷിതരെ മതത്തിന്റെ പേരിൽ ചൂഷകരോടൊന്നിപ്പിച്ച് യഥാർത്ഥ വർഗ്ഗസമരം ഒഴിവാക്കുകയെന്നതല്ലേ ഇതിന്റെ ഉദ്ദേശം. (ഇവയെ നേരിടുന്നതിൽതെറ്റായ സമീപനം തു ടങ്ങിവെച്ചത് ഗാന്ധിതന്നെയായിരുന്നു. അയാൾ മതങ്ങൾക്കായുള്ള സമരങ്ങളുടെ ആഴം കാ ണാൻ മറന്നുപോയി). ബൂർഷ്വാഭരണകൂടങ്ങളെ നിലനിർത്തുന്നതിൽ മതത്തിന് വലിയൊരു പങ്കുണ്ട്. അതുകൊണ്ടു തന്നെ ജനതാ സർക്കാരും. കേരളത്തിൽ മുസ്ലീംലീഗിനെ ആദ്യമായി കൂട്ടുപിടിച്ചത് മാർക്സിസ്റ്റുപാർട്ടിയാണല്ലോ. അവർ അതിനെ എങ്ങനെയാണ് ന്യായീകരിച്ചതെ ന്നറിയില്ല.

Nationality-യുടെ പ്രശ്നമെന്നപോലെ മതത്തെയും രാഷ്ട്രീയമായിത്തന്നെ നേരിടേണ്ടതാ ണ്. ജനാധിപത്യ ഭരണവ്യവസ്ഥയിൽ അത് അസാദ്ധ്യമെന്ന് ഉറപ്പാണല്ലോ. ശരിയാണ്, താങ്കൾ പറഞ്ഞപോലെ വിചാരവിപ്ലവത്തിന് വലിയ പ്രസക്തിയുണ്ട്. പക്ഷെ അത് വാക്കു കളിൽമാത്രം പോരല്ലോ. ഈ പ്രശ്നത്തിന്റെയും അടിത്തറയായി എനിക്കു കാണാവുന്നത് വർഗ്ഗവൈരുദ്ധ്യവും അതിനെ സഹായിക്കുന്ന ഭരണകൂടവുമാണ്.

കൊടുങ്ങല്ലൂർ ഫിലിംസൊസൈറ്റിയുടെ പ്രദർശനമുണ്ടായിരുന്നല്ലോ, കട്ട്. ഞാൻ വൈകിയാ ണറിഞ്ഞത് പോയിരുന്നോ ?

ഈ ലക്കം 'കലാകൗമുദി'യിലെ ലേഖനത്തിൽ (കോൺഗ്രസ്സിന്റെ പിന്നാലെ ജനതാപാർട്ടി) എലിറ്റിസ്റ്റ് സ്വാധീനം എന്ന ഭാഗം വായിച്ചോ? ഈ വർഗ്ഗത്തെ ആകെ മാറ്റുന്നതിനെക്കുറി ച്ചാണ് ഫാനൻ 'റെച്ചഡ് ഓഫ് ദി എർത്തി'ന്റെ ആദ്യ പുറത്തിൽത്തന്നെ പറയുന്നത്. ഇവ രൊഴിച്ചുള്ള രാജ്യത്തിലെ ബാക്കി ജനതയെല്ലാം ഒന്നുകിൽ ഇവരുടെ ദല്ലാളരോ അല്ലെങ്കിൽ ഇവരാൽ ചൂഷണം ചെയ്യപ്പെടുന്നവരോ ആണ്. നമ്മുടെയൊക്കെ ജീവിതവും ഇവരാണ് നി യന്ത്രിക്കുന്നത്. അപ്പോൾ ഇവിടെ സ്വാതന്ത്ര്യത്തിന്റെ അർത്ഥമെന്താണ്? ഈ വർഗ്ഗമൊട്ടാ കെതന്നെ വിദേശകുത്തക വർഗ്ഗത്തിന്റെ ദല്ലാളന്മാരെന്നതാണ് ഏറ്റവും തമാശയുള്ള കാര്യം (ഇന്നി'ൽ സച്ചിദാനന്ദൻ ജോൺ ബെർഗറെ ഉദ്ധരിച്ചിരിക്കുന്നതു ശ്രദ്ധിച്ചോ?) ലേഖകൻ ഒരു വർഗ്ഗത്തേക്കൂടി ഇവരിൽ ഉൾപ്പെടുത്താൻ വിട്ടുപോയി. മതസ്ഥാപനങ്ങളും അവരുടെ കൂട്ടുകാരും. ഈ elite-കളല്ലേ ഇന്ത്യൻജനതയുടെ ഏറ്റവും വലിയ ശത്രു?

ബ്രഹ്മപുത്രന്,


*Reason, Romanticism and Revolution* കിട്ടി.

ഒന്നോടിച്ചു നോക്കി ഈയാഴ്ച തന്നെ തിരിച്ചുതരാം.

പരീക്ഷയല്ലേ, വായിക്കാൻ സമയം കിട്ടില്ല 'Beyond Communism' എന്നെ നിരാശപ്പെടുത്തി.

പുസ്തകം പഠിച്ചെന്നൊന്നും ഞാൻ അവകാശപ്പെടുന്നില്ല. വായിച്ചിടത്ത് പലകാര്യങ്ങളിലും റോയി തീരെ അശാസ്ത്രീയമായ, ഒരു യുട്ടോപ്പിയന്റെ സ്വപ്നലോകത്തേക്ക് പിൻതിരിഞ്ഞതായി തോന്നി. മാർക്സിസത്തിൽനിന്ന് വളരെ പിന്നിലാണ് അതിലെ ആശയങ്ങൾ.

കോളേജ് ഇലക്ഷന്റെ വിവരങ്ങളൊക്കെ അറിഞ്ഞല്ലോ. ഞങ്ങൾ വിചാരിച്ചതിനേക്കാൾ വലിയ ഭൂരിപക്ഷം S. F. I. ജനതാമുന്നണിക്ക് കിട്ടി. S. F. I.-യ്ക്ക് ഇന്ന് മുമ്പുള്ളതിനേക്കാളേറെ മെമ്പർമാരുണ്ട്.



പക്ഷേ ഇലക്ഷനൊക്കെക്കഴിഞ്ഞശേഷം ഇപ്പോഴത്തെ പ്രശ്നം, മാർക്സിസം അറിയുന്നവർ ഇതിൽ എത്രപേരു ണ്ടെന്നതാണ്. തീർച്ചയായും തീരെക്കുറച്ചു പേരെയുള്ളൂ. ഇതിൽ പ്രധാനകുറ്റക്കാർ പാർട്ടിപ്രവർത്തകർ തന്നെ യാണ്. സ്റ്റഡിക്ലാസ്സുകൾ സംഘടിപ്പിക്കുക മുതലായ പരിപാടികളൊക്കെ അവർ പണ്ടേ നിർത്തിയിരിക്കു കയാണല്ലോ. മറ്റു ബൂർഷ്വാകക്ഷികളുടെയും അതിലെ മെമ്പർമാരുടേയും നിലവാരമേ ഇന്ന് S. F. I.-യ്ക്കും മാർക്സിസ്റ്റ് പാർട്ടിയ്ക്കും അതിലെ മെമ്പർമാർക്കുമുള്ളൂ. സ്റ്റഡിക്ലാസ്സുകൾ സംഘടിപ്പിക്കണമെന്നും മറ്റും ആവശ്യപ്പെട്ടതിന് (അതു മാത്രമല്ല കാരണം. സംഗതികൾ മുഴുവൻ വ്യക്തവുമല്ല). ഇവിടത്തെ S. F. I. യൂണിറ്റിൽ ചില ഭിന്നിപ്പുണ്ടാക്കുകയും ഒന്നുരണ്ടുപേരെ (ഒരു മാസം മുൻപ്) പുറത്താക്കുകയു മുണ്ടായി. മാർക്സിസം ശരിയായി പഠിക്കാത്തതിന്റെയും പ്രായോഗികമാക്കാത്തതിന്റെയും ഫലമായാണ് ഇവിടെ മാർക്സിസ്റ്റ് പാർട്ടി ഇത്ര ക്ഷയോന്മുഖമായിട്ടുള്ളത്.

ഇവിടങ്ങളിലെ പാർട്ടിപ്രവർത്തകർക്ക് കമ്മ്യൂണിസത്തിന്റെ അക്ഷരമാല പോലും അറിയില്ല. എത്ര ആഭാസകരമായ രീതിയിലാണ് നമ്മുടെ മാർക്സിസ്റ്റുകൾ രാഷ്ട്രീയം കൈകാര്യം ചെയ്യുന്നത് . തെരഞ്ഞെടുപ്പിൽ വിജയിക്കുന്നതിലപ്പുറം അവർക്കൊന്നും ആവശ്യമില്ല. R. S. S.-ന്റെയും മറ്റ് പ്രതിലോമശക്തികളുടെയും വളർച്ചയ്ക്ക് ഇത് ഒരു വലിയ സഹായമായിത്തീരുന്നു.

ഇവിടത്തെ R. S. S. വളരെയേറെ ശക്തമായി വരുന്നു. അംഗങ്ങളൊക്കെ ഇരുപതു വയസ്സിൽ താഴെയുള്ളവരാണ്. കഴിഞ്ഞവർഷം K. K. T. M.-ൽ B.Sc.-യ്ക്ക് പഠിച്ചിരുന്ന ഒരാളാണ് ഇവിടത്തെ നേതാവ്. കായികപരിശീലനവും മറ്റും നടക്കുന്നത് ഒരു അമ്പലമൈതാനിയിലാണ്. ആദ്യം ശാരീരികവ്യായാമങ്ങൾ. പിന്നെ കബഡി അല്ലെങ്കിൽ മറ്റുകളികൾ, അവസാനമായി

ചില്ലറവർത്തമാനങ്ങളും. പുറമേനിന്ന് ആരെങ്കിലും വരുന്നെങ്കിൽ അവരുടെ പ്രഭാഷണങ്ങളും എന്നിങ്ങനെയാണ് പരിപാടി. നിർദ്ദേശങ്ങളൊക്കെ സംസ്കൃതം. മന്ത്രങ്ങളും പഠിപ്പിക്കുന്നുണ്ട്. രണ്ടാഴ്ച മുൻപ് ഗുരുദക്ഷിണ എന്നൊരു ചടങ്ങുംകണ്ടു. തികച്ചും ഭക്തിനിർഭരമായിരുന്നു സംഭവം.

പീഠത്തിനുമേൽവച്ചിരുന്ന ഗുരുജി(ഗോൾവാൾക്കർ)യുടെ അരികെയുള്ള തളികയിലാണ് ഗുരുദക്ഷിണ അർപ്പിക്കുന്നത്. മേൽനോട്ടം വഹിക്കാനും (ഗുരുദക്ഷിണ ഏറ്റുവാങ്ങാനും) പുറമെനിന്ന് ഒരാൾ വന്നിരുന്നു.

അടുത്ത ഇരുപതാം തീയ്യതി അവിടെ 'സുവർണ്ണരേഖ' പ്രദർശിപ്പിക്കുന്നുവെന്നു കേട്ടു. ശരിയാണോ? വിവരങ്ങൾ അറിയിക്കുമല്ലോ.

തൃശ്ശൂർബുക്ക് എക്സിബിഷനു പോയിരുന്നു. അവിടെ കാര്യമായി പുസ്തകങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. അവിടെ നിന്ന് ഒന്നും വാങ്ങിയുമില്ല. പുറമെനിന്ന് കുറെച്ചെണ്ണം വാങ്ങി. അധികവും മാർക്സിസ്റ്റ് ടെക്സ്റ്റുകളാണ് *Capital, Gurundrisse, Selected Correspondence, Early Writings, Pre-Marxian Political Economy* എന്നിങ്ങനെ. *Pre-Marxian Political Economy* മാർക്സിനുമുമ്പുള്ള ധനതത്വശാസ്ത്രത്തിന്റെ ചരിത്രമാണ്. സമ്പദ്ശാസ്ത്രം പഠിക്കാൻ രസമുള്ള വിഷയമാണ്. വിഷയത്തെക്കുറിച്ച് ഏതാണ്ടൊരു ബോധമായിക്കഴിഞ്ഞു 'Grundrisse' യും *Capital*-ഉം പഠിക്കാനുള്ള ശ്രമത്തിലാണ് ഇപ്പോൾ.

ഇവിടത്തെ മാർക്സിസ്റ്റ് പാർട്ടിയിൽ ചിലരൊക്കെക്കൂടി ഒരു ദേശാഭിമാനി സ്റ്റഡി സർക്കിൾ രൂപീകരിച്ചിട്ടുണ്ട്. സാഹിത്യത്തിനൊന്നും വലിയ പ്രാധാന്യം കൊടുക്കുന്നില്ല. മാർക്സിസം-ലെനിനിസത്തെപ്പറ്റി സ്റ്റഡിക്ലാസെടുപ്പിക്കുകയും ചർച്ചകൾ നടത്തുകയുമാണ് ഉദ്ദേശം. പ്രഗത്ഭരെക്കൊണ്ട് ക്ലാസ്സുകൾ എടുപ്പിക്കണമെന്ന് കരുതുന്നു. അരവിന്ദാക്ഷൻമാഷാണ് (കേരളവർമ്മ കോളേജ് ലക്ചറർ, അറിയുമല്ലോ) ക്ലാസ്സുകളെപ്പറ്റി തീരുമാനിക്കുന്നതുമൊക്കെ. അടുത്തമാസത്തോടെ പ്രവർത്തനമാരംഭിക്കും. പ്രധാനപ്പെട്ട ആരെങ്കിലും വരുന്നെങ്കിൽ അറിയിക്കാം വരുമല്ലോ.

മെഡിക്കൽകോളേജ് അഡ്മിഷന്റെ കാര്യമെന്തായി? വായനയൊക്കെ എങ്ങനെ? സച്ചിദാനന്ദനും കൂട്ടരുമൊക്കെ 'കവിത' എന്ന പേരിൽ ഒരു സമാഹാരം പുറത്തിറക്കാൻ പരിപാടിയുണ്ടെന്നു കേട്ടു. കൂടുതൽ വിവരങ്ങൾ ഒന്നും അറിഞ്ഞില്ല. ഒരുപക്ഷെ ഒരു പുതിയ 'ഹരിഃശ്രീ' ആയിരിക്കും. 'കേരളകവിതാഗ്രന്ഥവരി'യിൽ അടുത്തത് സച്ചിദാനന്ദനും കുമാരപിള്ളയും ആണത്രേ.

വരിപ്പണം അയച്ചോ?

'സമസ്യ'[2]-യുടെ രണ്ടാം ലക്കം പുറത്തുവന്നിട്ടില്ല.

'ബോധി' ബസ്സ്സ്റ്റാന്റിൽ വില്പനയ്ക്കുണ്ട്. നല്ല അച്ചടിയും പടങ്ങളുമൊക്കെയാണ്. ദുബായിക്കാരാരോ ആണത്രേ അതു നടത്തുന്നത്. കള്ളപ്പണം വെളുപ്പിക്കാനുള്ള പരിപാടിയാണ് എന്നൊക്കെ കേട്ടു.

വേറെ വിശേഷമൊന്നുമില്ല,

2: സമസ്യ: എം.പി. രാധാകൃഷ്ണന്റെ പത്രാധിപത്യത്തിൽ തലശ്ശേരിയിൽനിന്നു പ്രസിദ്ധീകരിച്ചിരുന്ന മാസിക.


നിറുത്തട്ടെ

സുബ്രഹ്മണ്യദാസ്

PS: Radical Humanist ന്റെ താങ്കൾകൊടുത്തയച്ച ആ ലക്കം എനിയ്ക്കുവേണമെന്നില്ല. മുൻപ് ഞാനതു മറന്നുപോയതാണ്. മറ്റേ ലക്കത്തോടൊപ്പം അതു കൊടുത്തയയ്ക്കാം.

ബ്രഹ്മപുത്രന്,

സച്ചിദാനന്ദന്റെ (ഞാൻപറഞ്ഞിരുന്ന) കവിതകൾ, വൃത്തവും തേക്കിൻകാട്ടിലെ ചിത്രകാരനും ഇതോടൊപ്പമയയ്ക്കുന്നു. മാതൃഭൂമി വാർഷികപ്പതിപ്പിലെ അയാളുടെ കവിത വായിച്ചില്ലേ?



എനിക്കതേറെ ഇഷ്ടമായി—പ്രത്യേകിച്ച് 'സൂര്യനെ കണ്ടെത്തിയ കുരുടൻ.' ഇന്നലെ ഗാന്ധിയെപ്പറ്റി ഒരു പുസ്തകം എടുത്തു—ജെ.ബി. കൃപലാനിയുടെ *Gandhi —His Life and Thought* വലിയ പുസ്തകമാണ്—500-ലേറെ പേജുകൾ. ജീവിതവും ചിന്തയും രണ്ടു വിഭാഗമായാണ് കൊടുത്തിരിക്കുന്നത്. ഇതിൽനിന്ന് ഗാന്ധിയെപ്പറ്റി കുറേക്കൂടി നന്നായറിയാൻ കഴിയുമെന്നു തോന്നുന്നു. കൃപലാനിയുടെ സമീപനം പഴഞ്ചന്റേതുതന്നെയാണ്. എന്നാലും കുറെ വിവരങ്ങൾ കിട്ടുമല്ലോ. താങ്കൾക്ക് ഈ പുസ്തകം വേണമെങ്കിൽ, അറിയിച്ചാൽ കൊണ്ടുവരാം.

ഗാന്ധി ആവിഷ്കരിച്ച സത്യാഗ്രഹത്തെപ്പറ്റി ഇങ്ങനെ തോന്നുന്നു. ഗാന്ധിജി സത്യാഗ്രഹം കണ്ടെത്തിയത് മനുഷ്യന്റെ നന്മയിലുള്ള വിശ്വാസത്തിന്റെ മുകളിലാണ്. ശത്രു സത്യാഗ്രഹിയുടെ മാർഗ്ഗത്തെ എതിർക്കുന്നതോടൊപ്പം സ്വന്തം മനുഷ്യത്വവും നന്മയും കണ്ടെത്തുമെന്നും അങ്ങനെ സത്യാഗ്രഹിയുടെ ലക്ഷ്യത്തോട് ഒന്നിക്കുമെന്നും ഗാന്ധി കരുതിയിരുന്നു. സ്വന്തം നന്മയിലൂടെ ശത്രുവിനെ സ്വാധീനിക്കാനുള്ള വഴിയായിരുന്നു അത്. അന്നത് ഏറെക്കുറെ പ്രായോഗികവുമായിരുന്നു. ഇന്ന് മനുഷ്യന്റെ ശത്രു നേരിട്ട് മറ്റൊരു മനുഷ്യനല്ല. ചൂഷണവും മർദ്ദനവും യാന്ത്രികരൂപം കൈക്കൊണ്ടിരിക്കുന്നു.

(ബ്യൂറോക്രസിയെപ്പറ്റി ലെനിൻ പറഞ്ഞത്, പ്രസക്തിയുടെ പുറം ചട്ടയിൽ) യന്ത്രത്തിൽനിന്ന് നന്മയും മനുഷ്യത്വവും പ്രതീക്ഷിച്ചുകൂടല്ലോ. നേരിട്ട് മനുഷ്യനോട് എതിരിടുന്ന സന്ദർഭത്തിൽ ഇന്നും സത്യാഗ്രഹത്തിന് പ്രസക്തിയുണ്ടെന്ന് എനിക്ക് തോന്നുന്നു.

പിന്നെ, ആർ.എസ്.എസുകാരെപ്പറ്റി എനിക്കൊന്നുമറിയില്ല. ഹിന്ദു മഹാസാമ്രാജ്യം സ്ഥാപിക്കുകയാണ് അവരുടെ ലക്ഷ്യമെന്ന് കേൾക്കുന്നു. ഇന്നത്തെ പ്രശ്നങ്ങളെ അതായത് വർഗ്ഗവൈരുദ്ധ്യം. പിന്നെ സാധാരണ പ്രശ്നങ്ങളായ വിദ്യാഭ്യാസം, രാഷ്ട്രതന്ത്രം, സമ്പദ്വ്യവസ്ഥ ഇവയെയൊക്കെ അവരെങ്ങനെ സമീപിക്കുന്നു? അവർക്ക് ഇന്ത്യയൊട്ടാകെ സ്വാധീനമുണ്ടെന്നു കേൾക്കുന്നു. ഇവിടേയും ഗ്രൂപ്പുകളുണ്ടോ? അവരെപ്പറ്റി കൂടുതൽ അറിയുമെങ്കിൽ അറിയിക്കാമോ?

ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തെപ്പറ്റി അറിഞ്ഞാൽകൊള്ളാമെന്നുണ്ട്. ഭരണവർഗ്ഗം എഴുതിയ വിവരങ്ങൾ വായിച്ചു. യഥാർത്ഥചരിത്രമൊന്നും കണ്ടില്ല. ഇന്ത്യൻജനതയിലെ മൂന്നു വിഭാഗങ്ങളും എങ്ങനെയാണ് സ്വാതന്ത്ര്യസമരത്തെ കണ്ടത്? ഇ.എം.എസ്സിന്റെ ചരിത്രം

കണ്ടോ? അവിടത്തെ ലൈബ്രറിയിൽ അതു വാങ്ങിയിട്ടുണ്ടോ? സ്വന്തമായി വാങ്ങാനാണെങ്കിൽവലിയ വിലയാണ്, 36 രൂപ.

വയലാർ സമരത്തെപ്പറ്റി താങ്കൾക്ക് എന്തെങ്കിലും അറിയുമോ ?

ബ്യൂറോക്രാറ്റുകൾ എന്നും ഭരണവർഗ്ഗത്തിന്റെ കൂടെത്തന്നെയായിരുന്നു. ഇന്ന് നമ്മെ രൂപപ്പെടുത്തുന്നതും അവരൊക്കെക്കൂടിയാണല്ലോ. ഞാനന്ന് എഴുതിയ നമ്മുടെ തലമുറയുടെ ദ്വിമുഖത്വത്തെപ്പറ്റി(കുറെക്കൂടി നല്ലത് Agony എന്നു പറയുകയാണ്) ഒന്നും എഴുതിക്കണ്ടില്ലല്ലോ.

ഫാനന്റെ പുസ്തകത്തിന്റെ ആമുഖത്തിൽ സാർത്ര് കോളണികളിലെ ജനങ്ങളുടെ മനസ്സംഘർഷത്തെപ്പറ്റി പറയുന്നത് നമ്മുടെ അവസ്ഥയ്ക്ക് സമാനമെന്നുതോന്നി:

'If he shows fight, the soldiers fire and he's a dead man; if he gives in he degrades himself and he is no longer a man at all; shame and fear will split up his character and make his inmost self fall to pieces'

ഇന്ത്യയിലാവുമ്പോൾ 'shows fight' എന്നത് ഏറെ സങ്കീർണ്ണമെന്നു മാത്രം.

മാതൃഭൂമിയിലെ വിജയന്റെ കഥ വായിച്ചല്ലോ.

'ആൽമര'ത്തിലെന്നപോലെ ഇതിലും അയാൾ ജീവിതത്തിന്റെ ആഴം അറിയുന്നു. (ആൽമരം താങ്കൾക്കിഷ്ടമായോ?) എന്നിട്ടും എനിക്കു മനസ്സിലാവാത്തത് ഇതാണ്, ഇന്നാട്ടിന്റെ പ്രശ്നങ്ങൾ അയാളെ അലട്ടുന്നില്ലേ? സച്ചിദാനന്ദൻ മികച്ചുനിൽക്കുന്നത് ഇക്കാര്യത്തിലാണ്. വിജയന്റെ ആത്മീയതയും, ഇന്നിന്റെ പ്രശ്നങ്ങളും അയാൾക്ക് ഒപ്പം ഉൾക്കൊള്ളാനാവുന്നു.

ജാതിയുടേയും മതത്തിന്റേയും കാര്യത്തിൽ ഗാന്ധിയുടെ പ്രവർത്തനങ്ങൾ ഏറെ പുരോഗമനപരമായിരുന്നുവെന്ന് എനിക്കും തോന്നുന്നു.

പക്ഷെ സ്വന്തം കാലഘട്ടത്തിന്റെ പരിതസ്ഥിതികളെ അയാൾക്ക് പൂർണ്ണമായും ഉൾക്കൊള്ളാൻ (ഉദാഹരണത്തിന് ഹോചിമിൻ വിയറ്റ്നാമിനെ ഉൾകൊണ്ടതുപോലെ. ഒരു കാര്യം കൂടി, ഹോചിമിൻ ഗാന്ധിയെ ആദരിച്ചിരുന്നു) കഴിഞ്ഞിരുന്നെങ്കിൽ ഇന്ത്യയുടെ സ്ഥിതി ഇന്നത്തേതാകുമായിരുന്നില്ല എന്നു മാത്രം. ഒത്തു തീർപ്പുപ്രസ്ഥാനമെന്നു പറഞ്ഞത് അയാളുടെ സമ്പദ്സിദ്ധാന്തത്തെ ഉദ്ദേശിച്ചാണ്.

ഇവിടത്തെ ചെറുപ്പക്കാർ ഗാന്ധിപ്രതിമ തകർത്തത് കലാപത്തിന്റെ ആദ്യഘട്ടമായിരുന്നുവെന്ന് ഞാൻ കരുതുന്നു. അവർക്ക് അതൊരിക്കലും ഒഴിവാക്കാൻ കഴിയുമായിരുന്നില്ല. ഇന്നും അത് ഒരു കപടബിംബമായി നിലനിൽക്കുന്നതിന്റെ പൊള്ളത്തരമായിരിക്കാം അവരെ ഏറെ പ്രകോപിപ്പിച്ചിരിക്കുക.

നൂറ്റാണ്ടുകൾക്കു ശേഷം രാഷ്ട്രമെന്ന നിലയിൽ ഇന്ത്യയെ ഒന്നിപ്പിച്ചത് ബ്രിട്ടീഷുകാരാണ്. ഇന്ന്, പൊതുഭാഷയൊഴിച്ചാൽ, ഇന്ത്യ ഒരു യഥാർത്ഥരാഷ്ട്രം തന്നെയല്ലേ?

ഈയ്യിടെ ഇന്ത്യയിലെ കലാകാരൻമാർക്കിടയിൽ ഉണ്ടായിട്ടുള്ള ഉണർവ് ഇതല്ലേ സൂചിപ്പിക്കുന്നത്? കമ്മ്യൂണിസ്റ്റുകാരെ നമുക്ക് വിട്ടുകളഞ്ഞുകൂടേ, അവരിന്ന് ഒരു വിപ്ലവകക്ഷിയേ അല്ലാതായിത്തീർന്നല്ലോ. കോൺഗ്രസ്സിനെയും തിരഞ്ഞെടുപ്പിനേയും മലയാളിയെപ്പറ്റിയും

പറ്റി പറഞ്ഞതിനോട് ഞാനും യോജിക്കുന്നു. തെരഞ്ഞെടുപ്പിനെപ്പറ്റിയാണെങ്കിൽ, നമ്മുടെ നാട്ടുകാർക്ക് (ഇന്ത്യക്കാർക്ക്) ഇനിയും സ്വന്തം അവകാശങ്ങളെപ്പറ്റി ബോധമുണ്ടായിട്ടുമില്ല. തൊഴിലാളി സംഘടനകൾതന്നെ താൽക്കാലികാവശ്യങ്ങൾക്കപ്പുറം (ബോണസ്സ്, ശംബളക്കൂടുതൽ) എത്തി നോക്കുന്നില്ലല്ലോ. ഇക്കാര്യത്തിൽകമ്മ്യൂണിസ്റ്റുകാർക്ക് മറ്റുള്ളവരേക്കാൾഎന്താണ് കൂടുതലായി അവകാശപ്പെടാനാവുക, മന്ത്രിസഭയെ തകർക്കാൻഅവർ തൊഴിലാളി -വിദ്യാർത്ഥി സംഘടനകളെ കരുവാക്കുന്നു എന്നതിലപ്പുറം?

രാജൻകേസിനെപ്പറ്റിപ്പോലും ആരും കൂടുതൽഎഴുതുകയോ (പത്രക്കാർ) ആവശ്യപ്പെടുകയോ ഉണ്ടായിട്ടില്ലല്ലോ. എന്തായിരുന്നു തീവ്രവാദികളെ സൃഷ്ടിച്ചതെന്ന് ആരും മിണ്ടിയില്ല (കേരള കൗമുദിയിൽ ഒരു ലേഖനം കണ്ടു)

ഇടയ്ക്ക് ഒരു തമാശ എന്നനിലയിൽ ഒരു കേസ് പാട്ടുപുസ്തകവും ന്യൂസ്റീലും വന്നു. വിനോദത്തിനപ്പുറം നമ്മുടെ നാട്ടുകാരും രാഷ്ട്രീയത്തിൽ വിശ്വസിക്കുന്നുമില്ല. ആചാരം പോലെ, അല്ലെങ്കിൽ ശീട്ടുകളിപോലെ, വോട്ടുചെയ്യുന്നു. ജീവിതത്തിന്റെകാര്യത്തിൽ വിധിയിൽ വിശ്വസിക്കുന്നു. അവർ കൂടുതൽ അശുഭാപ്തിവിശ്വാസക്കാരായിരിക്കുന്നു.

നിറുത്തട്ടെ.

സുബ്രഹ്മണ്യദാസ്


2 ജൂലൈ 1977

...

ബ്രഹ്മപുത്രൻ,

കത്ത്. D.K. Book letter ഉം മറ്റും എത്തിച്ചുതരാൻ ഇത്ര ബദ്ധപ്പെടേണ്ടതില്ല. വരുമ്പോൾ കൊണ്ടുവന്നാൽ മതിയായിരുന്നല്ലോ.

സിനിമയെപ്പറ്റി ഒരു പുസ്തകം കിട്ടിയിട്ടുണ്ട്. *Film as Film.* ഒരു Perkins ആണ് ഗ്രന്ഥകാരൻ. *On Judging and Undrstanding Movies* എന്ന് Sub-title. കോളേജ് ലൈബ്രറിയിലേതാണ്. Ray-യുടെ പുസ്തകവും *Our Films, Their Films* Ray-യെപ്പറ്റിയുള്ള പുസ്തകവും (Mary Setonന്റേത്) വന്നിട്ടുണ്ട്. അതൊക്കെ ഞങ്ങൾക്കു മുൻപേ ആരോ കൊണ്ടുപോയി.



'New Quest' ന്റെ ആദ്യലക്കം കിട്ടി. സച്ചിദാനന്ദന്റെ കൈയിൽനിന്ന്. അയ്യപ്പപ്പണിക്കരും കൂട്ടരുമൊക്കെയാണ് Contributing Editors. ലക്കത്തിനു നാലുരൂപ. വാർഷികവരിപ്പണം 20/- പറയത്തക്ക മെച്ചമൊന്നുമില്ല. 'Ankur'നെയും 'Nishant'നെയും പറ്റി ഒരു ലേഖനം (അഞ്ചാറുപേജുണ്ട്), കമ്മ്യൂണിസവും ക്യാപ്പിറ്റലിസവുമല്ലാത്ത ഒരു മൂന്നാംമാർഗ്ഗത്തെപ്പറ്റി Oto Kin (ചെക്കു കാരൻ) ഒരു ലേഖനം എന്നിങ്ങനെ വിഭവങ്ങൾ.

'കേരളകവിത'ക്കാരുടെ പുതിയ പുസ്തകങ്ങൾ(രവിവർമ്മ, കുഞ്ഞുണ്ണി) ഈ ശനിയാഴ്ച പുറത്തിറങ്ങുമെന്ന് സച്ചിദാനന്ദൻപറഞ്ഞു. അതുകിട്ടിയാൽ ഇനി വരുമ്പോൾ ഒന്നു കൊണ്ടുവരാമോ?

ഇടയ്ക്കൊരു ദിവസം ചിത്രഭാനു വന്നിരുന്നു. നിങ്ങളെ അന്വേഷിച്ചു. സച്ചിദാനന്ദന്റെ ഒരു പുതിയ കവിത (ആരാണ് ശത്രു?) കിട്ടിയിട്ടുണ്ട്. ദേശാഭിമാനി റിപ്പബ്ലിക് വിശേഷാൽപ്രതിയിൽ വന്നതാണ്. 'ചിന്ത' പുറത്തിറക്കിയ 'അമർഷത്തിന്റെ കവിതകൾ' എന്ന പുസ്തകത്തിൽ ഈ കവിതയുണ്ട്. വേറെ നല്ല കവിതകളൊന്നുമില്ല അതിൽ.

ഇവിടെ ബുധനാഴ്ച മുതൽ സമരമാണ്. ഇനി കുറെ ദിവസത്തേക്ക് തുടരാനിടയുണ്ട്. *Monopoly Capital* കിട്ടിയിട്ടുണ്ട്.

താങ്കളുടെ പരിചയക്കാർ ആരെങ്കിലും ഇവിടെയുണ്ടെങ്കിൽ, അറിയിച്ചാൽ, അവരുടെ പക്കൽ പുസ്തകങ്ങൾകൊടുത്തയക്കാം.

സുബ്രഹ്മണ്യദാസ്.

22 July 77

ബ്രഹ്മപുത്രൻ,

വെള്ളിയാഴ്ച നിങ്ങളുടെ നാട്ടുകാരനെ കണ്ടിരുന്നു. പുസ്തകങ്ങളൊന്നും കൊണ്ടുവന്നിട്ടില്ലാത്തതുകൊണ്ട് കൊടുത്തയയ്ക്കാനായില്ല. ചൊവ്വാഴ്ചയോ ബുധനാഴ്ചയോ താങ്കൾ എന്നെ കാവിൽ വെച്ച് കാണാനാഗ്രഹിക്കുന്നുവെന്നും വിവരങ്ങൾക്കു കത്തയച്ചിട്ടുണ്ടെന്നും അയാൾ പറഞ്ഞു.

ശനിയാഴ്ചവരെ കത്തൊന്നും കണ്ടില്ല. ഇവിടത്തെ പുതിയ പോസ്റ്റുമാൻ തീരെപരിചയമില്ലാത്ത ഒരു മനുഷ്യനാണ്. അയാൾ വീടറിയാത്തതുകൊണ്ട് തരാത്തതാവുമെന്നു കരുതുന്നു. എന്തായാലും ബുധനാഴ്ച രാവിലെ—ചൊവ്വാഴ്ച ഈ കത്തു കിട്ടുമല്ലോ—10 മണിക്ക് ഞാൻ കൊടുങ്ങല്ലൂരെത്താം. പത്തുമുതൽ പതിനൊന്നു വരെ കേരളാബുക്ക്ഹൗസിനുസമീപം കാത്തുനില്ക്കാം. പുസ്തകങ്ങളും കൊണ്ടുവരാം. അന്നു വരുമല്ലോ.



ഞാൻ അന്നു പറഞ്ഞിരുന്ന 'സമസ്യ'യുടെ ആദ്യലക്കം പുറത്തുവന്നു. സംഗതി മനോഹരമായിട്ടുണ്ട്. സച്ചിദാനന്ദന്റെ വീട്ടിൽവച്ചാണ് കണ്ടത്. ലക്കങ്ങൾ കോളേജുകൾവഴി വിതരണം ചെയ്യാനാണ് പരിപാടി. വാർഷികവരിസംഖ്യ (10രൂപ) അയക്കുന്നുവെങ്കിൽ വിലാസം ഇതാണ്:

എം.പി. രാധാകൃഷ്ണൻ, C/o കറന്റ് ബുക്സ്, തലശ്ശേരി.
'രസന'യെക്കുറിച്ച് ഇനി ഏറെയൊന്നും പ്രതീക്ഷിക്കാനില്ല.

സച്ചിദാനന്ദനെക്കുറിച്ചുള്ള ലേഖനത്തിന് അയാൾ മറുപടി എഴുതിയിട്ടുണ്ടെന്നു പറഞ്ഞു.

Seminar-ന്റെ ഒരു ലക്കം കണ്ടു. Monthly ആണ്. ഓരോ മാസവും ഒരു വിഷയത്തെക്കുറിച്ചുള്ള symposium അവർ അവതരിപ്പിക്കുന്നു. ഞാൻ കണ്ട ലക്കം (210 February 1977) വിഷയം Fear and Freedom ആയിരുന്നു. കൊള്ളാവുന്ന സാധനമാണ്. ഒരു elitist ചുവയുണ്ടെന്നേയുള്ളൂ. ലക്കത്തിനു വില 3/- വിലാസം: Seminar, The Monthly Symposium, Post Box 338, New Delhi-1.

വെള്ളിയാഴ്ച കോളേജിലെ S. F. I. യോഗത്തിൽ പങ്കെടുക്കാൻ തോമസ് ഐസക് 31 വന്നിരുന്നു. കാര്യമായി ഒന്നരമണിക്കൂറോളം അയാൾ സംസാരിച്ചു. അയാൾ ഒരു ഒരു യഥാർത്ഥ മാർക്സിസ്റ്റാണ്. പാർട്ടിയുടെയും S. F. I.-യുടെയും നയങ്ങളെപ്പറ്റി വ്യക്തമായും വിശദമായും സംസാരിച്ചു. (പറയാൻകാരണം ഇതാണ്: മറ്റ് മാർക്സിസ്റ്റ് നേതാക്കളൊക്കെ മാർക്സിസ്റ്റുകളെന്ന ലേബൽ മാത്രമല്ലേ അണിയാറുള്ളൂ. സംസാരത്തിലും പെരുമാറ്റത്തിലുമൊക്കെ അവർ K.S.U.ക്കാരെപ്പോലും നാണിപ്പിക്കുന്ന വിധത്തിലാവാറാണ് പതിവ്.)

മാനസികമായി ഒരു മാർക്സിസ്റ്റാവുക എന്നതിനാണ് ഏതിനുമുപരി അയാൾ ഊന്നൽ കൊടുത്തത്. കവികൾപറയുന്ന 'സാംസ്കാരിക വിപ്ലവം' തന്നെ.

ബുധനാഴ്ച Writers' Club ഉണ്ടായിരുന്നു. സച്ചിദാനന്ദൻ ചില കവിതകൾ 'ഏപ്രിൽ സീക്വൻസ്'ും 'മാതള'വുമൊക്കെ വായിച്ചു. വേറെയൊന്നും ഉണ്ടായില്ല.

നിറുത്തുന്നു.

സുബ്രഹ്മണ്യദാസ്.

23.8.77

'Gruindrisse' യുടെ അവതാരികയിൽ മാർക്സ് അറിഞ്ഞ രണ്ടുതരം മനുഷ്യവ്യക്തിത്വങ്ങളെപ്പറ്റി ഒരു ഖണ്ഡിക ഉണ്ട്. അതിവിടെ പകർത്തുന്നു: താങ്കൾക്കു താൽപര്യം കാണുമെന്നു കരുതട്ടെ.

'Finally, instead of 'species-being', the Grundrisse speaks of two very broadly and generally defined types of human individuality. The first is the 'private individual', meaning the individual as private proprietor. The place of this type is taken by the social individual, the individual of classless society, a personality type which is not less, but rather more, developed as an individual because of its direct social nature,. As opposed to the empty, impoverished, restricted individuality of capitalist society, the new human being displays an all-sided, full, rich development of needs and capacities, and is universal in character and development.' –Martin Nicolaus, foreword to *Grundrisse*, p.51.

രണ്ടാം തരത്തിൽപ്പെട്ട വിശ്വമാനവനിൽനിന്ന് ഇന്ത്യക്കാരൻഎത്ര അകലെയ…

ബ്രഹ്മപുത്രൻ,

ഇന്നു വന്നിരുന്നുവെന്നറിഞ്ഞു. കാണാൻ കഴിയാഞ്ഞതു് കഷ്ടമായി. കുറച്ചുനേരം കൂടി കാത്തിരുന്നുവെങ്കിൽ കാണാമായിരുന്നു.

പതിനൊന്നുമണിക്കു് ഞാൻ തിരിച്ചെത്തിയിരുന്നു. പത്തുമണിവരെ ഞാൻ താങ്കളെ കാത്തിരുന്നു. നാട്ടുകാരനെ കണ്ടപ്പോൾ, അയാൾ വരുമെന്നു് ഉറപ്പു പറഞ്ഞുമില്ല.

*Beyond Communism* കിട്ടി. ആ പുസ്തകം എനിക്കു വേണമെന്നില്ല. അതു വാങ്ങേണ്ടെന്നു് ഞാൻ പറഞ്ഞിരുന്നുവല്ലോ.

'ജ്വാല'യുടെ —സച്ചിദാനന്ദൻ നടത്തിയിരുന്ന കൊച്ചുമാസിക— ലക്കങ്ങൾകിട്ടി. വായിക്കാൻ കുറെയൊക്കെ ഉണ്ടു്, അതിൽ. സൗകര്യം പോലെ ഒരുദിവസം തരാം.

*Reason, Romanticism and Revolution* ഒരു ദിവസം ഒന്നു് എത്തിക്കാമോ? സൗകര്യംപോലെ മതി.

വേറെ വിശേഷമൊന്നുമില്ല. നിറുത്തുന്നു.

സുബ്രഹ്മണ്യദാസ്.

20 സെപ്തംബർ77

ബ്രഹ്മപുത്രൻ,

'ജ്വാല'കളും നിങ്ങളുടെ മറ്റുപുസ്തകങ്ങളും കിട്ടിക്കാണുമല്ലോ. 'ജ്വാല' അടുത്ത ആഴ്ച തന്നെ തിരിച്ചുതന്നാൽ നന്ന്.

നിങ്ങളുടെ ഏതെങ്കിലും പുസ്തകങ്ങൾ വല്ലതും ഇനിയും എന്റെ കൈവശം ഉണ്ടെങ്കിൽ അറിയിക്കുക. 'Beyond Communism' തിങ്കളാഴ്ചയോ മറ്റോ കൊടുത്തയക്കാം. അത് എന്നെ നിരാശപ്പെടുത്തി. *Reason Romanticism & Revolution* എങ്ങനെയുണ്ട്? വായിച്ചു കഴിഞ്ഞെങ്കിൽ അത് തിങ്കളാഴ്ച കൊടുത്തയക്കാമോ? ഇവിടെ ഇലക്ഷന്റെ ബഹളമാണ്. തിങ്കളാഴ്ചയാണ് അതെന്ന് അറിഞ്ഞുകാണുമല്ലോ! വിജയം മിക്കവാറും S. F. I. ജനതാസഖ്യത്തിനായിരിക്കും. 3 മുതൽ 8 വരെ തൃശ്ശൂർ ടൗൺഹാളിൽ Book Exhibition ഉണ്ടെന്നത് അറിഞ്ഞോ? വിദ്യാഭ്യാസ പുസ്തകപ്രദർശനമാണെന്നു തോന്നുന്നു. 'സമസ്യ' കിട്ടിയില്ല. അതിന്റെ രണ്ടാംലക്കം അടുത്തുതന്നെ—ഒരുപക്ഷെ മൂന്നു നാലു ദിവസത്തിനകം—ഇറങ്ങുമെന്നു പറഞ്ഞു. ഒന്നാം ലക്കത്തെക്കാൾ അതു കേമമാകുമെന്നാണറിവ്.


നിറുത്തുന്നു.

സുബ്രഹ്മണ്യദാസ്.

18/10/1977

ബ്രഹ്മപുത്രൻ,

സമൂഹത്തിന്റെ സാമ്പത്തികഘടന സമൂഹഘടനയെയാകെ, അതിലെ ജനങ്ങളുടെ മനോഘടനയടക്കം നിർണ്ണയിക്കുന്നുവെന്നാണ് മാർക്സിയൻസിദ്ധാന്തം. സാമൂഹ്യഘടന എന്നു പറയുമ്പോൾ അതിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരികസംഘടനകൾ, സാഹിത്യം, കല ഇവയൊക്കെ ഉൾപ്പെടും (ഇന്ന് വളരെയധികം വിമർശിക്കപ്പെടുന്ന സിദ്ധാന്തമാണ് ഇത്. നല്ല വിമർശനങ്ങളൊന്നും ഞാൻ വായിച്ചിട്ടില്ല. ചരിത്രത്തെക്കുറിച്ച് ഇന്നോളം ഞാൻ നേടിയ അറിവുവെച്ചുകൊണ്ട് ഇതു ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ ധാരണ മാറാവുന്നതാണുതാനും)



| DATE | AUTHOR | TITLE |
|---|---|---|
| 1845 | Marx | Critique of Hegels Doctrine of State |
| 1843 | Marx | On the Jewish Question |
| 1843-4 | Marx | A contribution to the Critique of Heg Philosophy of Right - Introduction |
| 1844 | Marx | Excerpts from James Mill's Elemen Political Economy. |
| 1844 | Engels | Outlines of a Critique of Pol. Eco |
| 1844 | Marx | Economical and Political Manuscri |
| 1844 | Marx | Critical Notes on the Article, 'Th of Prussia and Social Reform - By a |
| 1844 | Marx/Engels | The Holy Family |
| 1844-5 | Engels | Condition of the Working Class in E |
| 1845 | Marx | Theses on Fuerbach |
| 1845-6 | Marx/Engels | The German Ideology |
| 1846-7 | Marx | The Poverty of Philosophy |
| 1847 | Marx/Engels | Speeches on Poland |
| 1847 | Marx | Wage-Labour and Capital |
| 1847-8 | Marx/Engels | Manifesto of the Communist Part |
| 1848 | Marx/Engels | Speeches on Poland |
| 1848 | Marx/Engels | Demands of the Communist Party in G |
| 1848-9 | Marx/Engels | Articles in the Neue Rheinische Zei |
| 1850 (March) | Marx/Engels | Address of the central commi to the Communist League |
| 1850 (June) | Marx/Engels | Address of the Central Committee t Communist League |
| 1850 | Marx/Engels | Reviews from the Neue Rheinische Zei |
| [illegible] | Marx | The Class Struggle in France, 1848 to 185 |
| 1850 | Engels | The Peasent's War in Germany |
| 1851-2 | Engels | Revolution and Counter Revn in Ger |
| 1852 | Marx | The Eighteenth Brumaire of Luis Bon |
| 1852 | Marx | Revelutions on the Cologne Communist |
| 1856 | Marx | Speech at the Anniversary of the Peop |
| 1857-8 | Marx | Grundrisse |
| 1859 | Marx | A contribution to the Critique of Pol. Ec |
| 1852-61 | Marx/Engels | Articles in the NewYork Daily Tribu |

ഇനി ഇന്ത്യാചരിത്രം. ഇതിഹാസകാലംമുതൽ ഏതാണ്ട് ബ്രിട്ടീഷുകാർ അധികാരം കയ്യടക്കുംവരെ ബ്രാഹ്മണാധിപത്യത്തിൻ കീഴിലായിരുന്നു. ഇന്ത്യാചരിത്രത്തെക്കുറിച്ചും സമൂഹത്തെക്കുറിച്ചുമൊക്കെ കപടസിദ്ധാന്തങ്ങളും അർദ്ധസത്യങ്ങളും ഈ അധികാരിവർഗ്ഗം പ്രചരിപ്പിച്ചിട്ടുണ്ടുതാനും. മഹാഭാരതത്തിൽ പാതിവ്രത്യത്തിന്റെ ഉത്ഭവത്തെപ്പറ്റി ഒരു കഥയുണ്ട്.

പണ്ടുകാലത്ത് മനുഷ്യൻ മൃഗങ്ങളെപ്പോലെ ഇഷ്ടംപോലെ ഇണചേർന്നു കഴിഞ്ഞിരുന്നു. ഏതുപുരുഷനും ഏതു സ്ത്രീയുമായും ഇണചേരാം. ആരും അതിലൊരു തടസ്സവും കണ്ടിരുന്നില്ല. അങ്ങനെയിരിക്കെ ഒരു ഋഷിപത്നിയെ ഒരാൾ ബലാത്സംഗം ചെയ്യാൻശ്രമിച്ചു. ഋഷിപത്നിയ്ക്ക് സമ്മതമായിരുന്നില്ലെന്നർത്ഥം. ഇതു കണ്ടു ഋഷിപുത്രൻ അച്ഛനോട്ട് ഇതന്യായമാണെന്നു സമർത്ഥിച്ചു. ഋഷിയാകട്ടെ ഇതിൽ അപാകതയൊന്നും കണ്ടില്ല. ഋഷികുമാരനാകട്ടെ ഈ വ്യവസ്ഥയെ സ്വന്തം തപഃശക്തിയുപയോഗിച്ച് മാറ്റുകയും സ്ത്രീകൾക്ക് പാതിവ്രത്യം കല്പിക്കുകയും ചെയ്തു. അന്നുമുതലാണത്രെ...

ഈ കഥതന്നെ ശ്രദ്ധിക്കുക. ആദ്യഭാഗം ശരി. പക്ഷേ, അവസാനഭാഗത്ത് ബ്രാഹ്മണന്റെ സർവ്വാധികാരം ഉയർന്നു വരുന്നതും അങ്ങിനെ ആ വർഗ്ഗം അജയ്യമായിത്തീരുന്നതുമോ? പാതിവ്രത്യത്തിന്റെ ഉത്ഭവമെങ്ങനെയെന്ന് ശാസ്ത്രീയമായി വിശകലനം ചെയ്യാതെ അധികാരിവർഗ്ഗത്തിന്റെ മേന്മയുടെ പ്രഖ്യാപനമായിത്തീരുകയല്ലേ ഇവിടെ? ഇതിഹാസകാലം മുതലുള്ള തത്ത്വചിന്തയിലും സാഹിത്യത്തിലുമെല്ലാം ഇത്തരം onesidedness-ഉം അധികാരി വർഗ്ഗത്തോടൊട്ടി നില്ക്കുന്ന അർദ്ധസത്യങ്ങളും കാണാം.

ഇതിന്റെ സാമ്പത്തികവശം നോക്കാം. എക്കാലത്തും ചരിത്രത്തിൽ രണ്ടുവർഗ്ഗങ്ങൾ നില നിന്നിരുന്നു. ബ്രാഹ്മണ-(ക്ഷത്രിയ) elite-കളും അവരുടെ ദല്ലാളന്മാരും അവരുടെ ചരിത്രവും മാത്രമേ ഇന്നോളമെഴുതിയിട്ടുള്ള ഇന്ത്യാചരിത്രങ്ങളിലെല്ലാം പ്രകടശക്തിയായി നിന്നിട്ടുള്ളൂ. ഇവരുടെ തത്ത്വചിന്തകളും കലാസാഹിത്യങ്ങളും മാത്രമേ (ഇവയുടെ വർഗ്ഗപരിമിതിയും onesidednessഉം ശ്രദ്ധേയം) ഇന്ത്യയുടേതെന്ന് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളൂ. ഇവരെ നിലനിർത്തിയിരുന്ന ഭൂരിഭാഗം വരുന്ന കൃഷിക്കാരേയും അതിനോടുബന്ധപ്പെട്ടവരേയും സ്പർശിച്ചവ ചുരുക്കം. '... feudal lords (Kshathriya Kings) gave birth to vedanta philosophy in an attempt to establish their control over the social surplus by terminating the priestly monopoly of it... '

എന്ന് Radical Humanist-ൽതന്നെ പറയുന്നുവല്ലോ. ബുദ്ധന്റെ കാലത്തോടടുത്ത് ഈ ആധിപത്യം അതിന്റെ ക്രൂരതയുടെ മൂർദ്ധന്യത്തിൽഎത്തിയിരിയ്ക്കണം ദൈനംദിനസംഭവങ്ങളുടെ ദുഃഖം കണ്ടിട്ടെന്നതിനേക്കാൾ വ്യവസ്ഥയുടെ ക്രൂരത സൃഷ്ടിച്ച ഭീകരത കണ്ടിട്ടാവണം ബുദ്ധൻ പരിഹാരം അന്വേഷിച്ചിറങ്ങിയതെന്ന് എനിയ്ക്ക് തോന്നുന്നു. ബ്രാഹ്മണാധിപത്യത്തിന്റെ വൈകൃതങ്ങളും ചൂഷണവും അത്രയേറെ ഭീകരമായിരുന്നിരിക്കാം. (ഇപ്പോൾതന്നെ ഒരു famine കാലത്ത് ചത്തൊടുങ്ങുന്ന മനുഷ്യർ എത്രയേറെയാണ്.) സ്വന്തം വർഗ്ഗപരമായ പരിമിതിയും നിസ്സഹായതയും മൂലം ബുദ്ധദർശനം ജീവിതത്തിനുനേരെ നിഷേധാത്മകമായ സമീപനം സ്വീകരിച്ചു. ആയർത്ഥത്തിൽ അത് ജീവിതത്തെത്തന്നെ നിഷേധിച്ചു. ഇന്നത്തെ existentialist ചിന്തകരെപ്പോലെ ബുദ്ധന്റെ ആശയങ്ങളും വളരെയേറെ subjective ആയിരുന്നു.

എങ്കിലും ആ ചരിത്രഘട്ടത്തിൽ ബുദ്ധമതം ഒരു വമ്പിച്ച പുരോഗതി തന്നെയായിരുന്നു. ഹിന്ദുമതത്തെയും ബ്രാഹ്മണാധിപത്യത്തെയും അതു ചോദ്യംചെയ്തു. ബുദ്ധന് തന്റെ കാലത്തുതന്നെ ഒട്ടേറെ അനുയായികൾ ഉണ്ടായെന്നത് ബ്രാഹ്മണഭരണകാലത്തിന്റെ ദുഷിപ്പിനെ സൂചിപ്പിക്കുന്നു.

പക്ഷേ, ബുദ്ധമതം അത്രതന്നെ വേഗത്തിൽ അടിച്ചമർത്തപ്പെട്ടു. ബ്രാഹ്മണാധിപത്യം ഇരട്ടി ശക്തിയോടെ തിരിച്ചെത്തി. ശ്രീശങ്കരന്റെ പങ്ക് ഒരിക്കലും പുരോഗമനോന്മുഖം ആയിരുന്നില്ല. പലരും ശങ്കരനെ ഒരു പ്രതിവിപ്ലവകാരിയായാണ് കാണുന്നത്.

ചരിത്രത്തെ പിന്നോട്ട് തിരിക്കുകയാണ് ശ്രീശങ്കരൻ ചെയ്തത്. (ഈ മനുഷ്യന്റെ ഒരു പ്രമുഖ ഗ്രന്ഥം, 'Brahma Sutra Bhasya' എന്റെ പക്കലുണ്ട്. 900പേജുള്ള ഈ കൃതിയിൽ ഉപനിഷത്തുകളെയും മറ്റു ബ്രാഹ്മണഗ്രന്ഥങ്ങളെയും അടിസ്ഥാനമാക്കി സ്വന്തം കാലത്ത് പുരോഗമനോന്മുഖമായിരുന്ന പല ആശയസംഹിതകളെയും—Materialism, Buddhism എന്നിങ്ങനെ—ശ്രീശങ്കരൻഎതിർത്തു തോല്പിക്കുന്നു). അതിൽ പിന്നീട് ബ്രിട്ടീഷ്ഭരണകാലംവരെ—അതിൽപ്പിന്നീടും!— ആധിപത്യം ചെലുത്തിയതും ബ്രാഹ്മണ ഭൂപ്രഭു-ക്ഷത്രിയ വംശമായിരുന്നു.

പക്ഷേ എന്തുകൊണ്ട് ബ്രാഹ്മണമതം മാത്രം ഇവിടെ വേരുറച്ചു?

എനിക്കിന്നേവരെ മനസ്സിലാകാത്ത കാര്യമാണത്. അധികാരവും സമ്പത്തും എന്നതുപോലെ വിദ്യയും അവർ കയ്യടക്കിയതിനാലാണോ? അങ്ങിനെ ഒരു ജനതയെയാകെ മരവിപ്പിച്ചു നിർത്താനായതുകൊണ്ടോ?

താങ്കൾ യുക്തിബോധത്തിനു കൊടുക്കുന്ന അർത്ഥം എന്തെന്ന് എനിക്കു വ്യക്തമല്ല. 'ഭൗതിക ഉല്പാദനസ്വഭാവത്തിൽമാറ്റം വരാതെ തന്നെ യുക്തിബോധത്തിൽ ഉണ്ടാകുന്ന വികാസം' എന്നു താങ്കൾ പറഞ്ഞത് എനിയ്ക്ക് ഇങ്ങിനെയാണ് മനസ്സിലായത്: അതായത് ഒരു വ്യവസ്ഥയിൽ—മുതലാളിത്ത വ്യവസ്ഥയിൽ എന്നതന്നെ വെക്കുക—ജീവിക്കുന്നു. ഇതിൽ കുറച്ചുപേർ ചൂഷകരും ഏറെപ്പേർ ചൂഷിതരും എന്നിങ്ങനെ ഈ സമൂഹംതന്നെ രണ്ടായിപ്പിരിഞ്ഞിരിക്കുന്നു. വ്യവസ്ഥയെന്നു പറയുമ്പോൾ അതിൽ എല്ലാഘടകങ്ങളും—സാംസ്കാരികം, സാമ്പത്തികം… —പെടുമല്ലോ. വ്യവസ്ഥയുടെ ഒരു പ്രത്യേകഘട്ടത്തിൽ അതിന് അതിലുൾപ്പെട്ട ജനതയെ ആകെ ഉൾക്കൊള്ളാനാവുന്നില്ല. ഇത് വ്യവസ്ഥയുടെ എല്ലാ മണ്ഡലങ്ങളെയും ബാധിക്കുന്നു. അതായത് വിദ്യാഭ്യാസവും വിദ്യാഭ്യാസസ്ഥാപനവും ഒരുമിക്കുന്നില്ല, കൂടിവരുന്ന തൊഴിലില്ലായ്മ, ഔദ്യോഗികകാര്യങ്ങളിൽ, പൊതുവെ, അഴിമതി, വിലക്കയറ്റം, ദാരിദ്ര്യം, ദുരിതം… ഇങ്ങിനെയാവുമ്പോൾ ചൂഷിതവർഗ്ഗം, (അവരാണല്ലോ ദുരിതം അനുഭവിക്കേണ്ടിവരുന്നത്) യുക്തി ഉപയോഗിക്കുന്നു. ഈ ദുരിതങ്ങൾക്കു കാരണം അന്വേഷിക്കുന്നു. കണ്ടെത്തുന്നു. അറിവു പ്രയോഗിക്കുന്നതോടെ രാജ്യത്ത് ഒരു വിപ്ലവം നടക്കുന്നു. ഇവിടെയും നിർണ്ണായകഘടകം സാമ്പത്തികം തന്നെ.

(ഈ വിശകലനം വളരെ ലളിതമായി. ലാളിത്യത്തിന്റെ ന്യൂനതകളും ഇതിനുണ്ട്)

ഇനി ഇന്നത്തെ മതത്തിന്റെ കാര്യമാണെങ്കിൽ പണ്ടുകാലത്തെപ്പോലെ അതിനത്ര പ്രാമുഖ്യമുണ്ടെന്ന് എനിക്കുതോന്നുന്നില്ല. അത് ഒരു ഊന്നുവടി മാത്രം.

പിന്നെ, 'വ്യവസ്ഥിതിയുടെ മാറ്റത്തിലൂടെ മതത്തിലുണ്ടാകുന്ന മാറ്റവും ആശയസംഘട്ടനത്തിലൂടെയുണ്ടാകുന്ന മാറ്റവും തികച്ചും വ്യത്യസ്തമാണ്. (ആശയസംഘട്ടനം വികസിതമായ യുക്തിബോധത്തിന്റെ ഫലമാണ്, വളർച്ചയുടെ ലക്ഷണം). ആദ്യത്തേത് അധികാരിവർഗ്ഗത്തിന്റെ താല്പര്യങ്ങൾക്കൊത്ത് നിശ്ചിതമാർഗ്ഗത്തിലൂടെയുള്ള മാറ്റത്തിലേക്കും രണ്ടാമത്തേത് സ്വയം വളർച്ചയിലേക്കും നയിക്കുന്നു' എന്ന് നിങ്ങൾ എഴുതിയത്.

എനിക്കു തോന്നുന്നത് ഇതാണ്; വ്യവസ്ഥിതിയിലെ മാറ്റം, മതത്തിലെ മാറ്റം, ആശയസംഘട്ടനം, യുക്തിബോധം, വളർച്ച ഇവയെല്ലാം പരസ്പരം ബന്ധപ്പെട്ടവയാണ്. ഒരു വ്യവസ്ഥയ്ക്ക് അതിന്റേതായ സമ്പദ്ഘടനയുണ്ടായിരിക്കും. പൊതുവെ ഈ സമ്പദ്ഘടനയാണ് ഈ വ്യവസ്ഥയുടെ ആശയഘടനയേയും മതത്തിന്റെ സ്വഭാവത്തേയുമൊക്കെ നിയന്ത്രിക്കുന്നത്. (ഫ്യൂഡൽകാലത്തേയും ഇന്നത്തേയും മതത്തിന്റെ സ്വഭാവത്തിലുള്ള വ്യത്യാസം കാണുക) സമ്പദ്ഘടനയ്ക്ക് വ്യവസ്ഥയെ ഉൾക്കൊള്ളാനാവാതെയാകുമ്പോൾ വ്യവസ്ഥയുടെ ആശയതലത്തിൽ (superstructure) അസ്വാസ്ഥ്യങ്ങൾ കണ്ടുതുടങ്ങുന്നു. അപ്പോൾ മനുഷ്യൻ യുക്തിയുപയോഗിച്ച് പരിഹാരം തേടുന്നു. ഒരു പുതിയവ്യവസ്ഥ കെട്ടിപ്പടുക്കുന്നു. അതിൽ മതത്തിന്റേയും ആശയതലത്തിന്റേയും സ്വഭാവം പാടേ മാറിയിരിക്കും. (കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലും മതമുണ്ടല്ലോ. പക്ഷേ അത് ചൂഷകന്റെ ഉപകരണമല്ല.)

ഒരു വ്യവസ്ഥയിൽ ആ വ്യവസ്ഥയേക്കാൾ അതീതമായ ഒരു ആശയരൂപം ഉണ്ടാകുന്നത് തീരെ അസാദ്ധ്യമാണ്. മനുഷ്യന്റെ വളർച്ച ഏറെക്കുറെ പൂർണ്ണമായും അവൻ ജീവിക്കുന്ന വ്യവസ്ഥിതിയാൽ പരിമിതമാക്കപ്പെടുന്നു. ഏറ്റവുമധികം വളർച്ച നേടിയയാൾ വിപ്ലവകാരിയാണ്. പിന്നെ താങ്കൾ പറയുന്ന സ്വയം വളർച്ചയുടെ കാര്യം. ഭൂരിഭാഗം ചൂഷണം ചെയ്യപ്പെടുന്ന സമൂഹത്തിൽ എത്രപേർക്കതു കഴിയും? സമൂഹത്തെയാകെ ഒന്നു കാണൂ.

ജനങ്ങളിൽ ശാസ്ത്രീയചിന്താഗതി പരത്താൻ മാർക്സിസ്റ്റ് പാർട്ടി കുറേയൊക്കെ ശ്രമിക്കുന്നുണ്ട്.

ശാസ്ത്രസാഹിത്യപരിഷത്തുമായി പാർട്ടി വളരെ അടുപ്പത്തിലാണ്. അവർ ഇടക്കിടെ സെമിനാറുകൾ സംഘടിപ്പിക്കാറുണ്ടല്ലോ. ശാസ്ത്രസാഹിത്യപരിഷത്തിന്റെ ജീപ്പുജാഥക്ക് സ്വീകരണം നല്കാൻ പാർട്ടിയുടെ കേന്ദ്രത്തിൽ നിന്ന് കൊച്ചുവിഭാഗങ്ങൾക്ക് നിർദ്ദേശമുണ്ട്. പെരിഞ്ഞനത്ത് പാർട്ടി യൂണിറ്റിനും കോളേജിലെ S. F. I. യൂണിറ്റിനും ഈ നിർദ്ദേശം കിട്ടിയിരിക്കുന്നു.

*Reason Romanticism and Revolution* നവമ്പർ അവസാനം തന്നാൽ മതിയോ? പരീക്ഷ നവമ്പർ 18-ാംതീയതിയോ മറ്റോ കഴിയും അതു കഴിഞ്ഞ് വായിച്ചശേഷം കൊടുത്തയച്ചാൽ മതിയെങ്കിൽ അറിയിക്കുക. വിവരം അടുത്താഴ്ച തന്നെ അറിയിക്കണം. 20-ാംതീയതി ക്ലാസ് അവസാനിച്ചേക്കും.

മാർക്സ്-ഏംഗൽസ് കൃതികളുടെ ലിസ്റ്റ് ഇതോടൊപ്പം വെയ്ക്കുന്നു.

*Grundrisse* ആദ്യം വായിച്ചപ്പോൾ പകർത്തിയെടുത്തതാണ്, *Grundrisse* യുടെ appendix ആയി കൊടുത്തിരുന്നത്.

ഇനിയിപ്പോൾ Grundrisse വാങ്ങിയ സ്ഥിതിയ്ക്ക് ഇതിന്റെ ആവശ്യമില്ല. ലിസ്റ്റിൽ'ü' ഇട്ടിരിക്കുന്ന കൃതികളൊക്കെ Marx-Engels: Selected Works (3 Vols.)-ൽ ഉണ്ട്. ഓർമ്മയിൽനിന്നാണ് tick ചെയ്തത്. വേറെ ചില മുഖ്യകൃതികളും പിന്നെ അവരുടെ ശ്രദ്ധേയമായ ചില കത്തുകളും ലേഖനങ്ങളും Selected works ൽഉണ്ട്.

പിന്നെ 'സമസ്യ' ഒറ്റ പ്രതിയായി വില്പനയില്ലത്രെ. കോളേജിലെ ഒരു ബാബുവാണ് വിതരണക്കാരൻ. 'സമസ്യ' നിന്നുപോകാതിരിക്കാൻ പണം ആവശ്യമാണല്ലോ. വരിക്കാരനാകുന്നോ? രണ്ടാംലക്കം ഈയാഴ്ചതന്നെ പുറത്തുവരും.

വേറെ വിശേഷമില്ല.

നിറുത്തുന്നു

സുബ്രഹ്മണ്യദാസ്

14.10.1977

P S: College Union Inauguration-ന് Dr. K.N. Raj-നെ ക്ഷണിക്കാൻ പരിപാടിയിട്ടിട്ടുണ്ട്. അയാൾവരുന്നെങ്കിൽഅറിയിക്കാം. വരുമല്ലോ. മിക്കവാറും ഉച്ചകഴിഞ്ഞായിരിക്കും inauguration.

ബ്രഹ്മപുത്രന്,

'ജ്വാല'കളും നിങ്ങളുടെ മറ്റുപുസ്തകങ്ങളും കിട്ടിക്കാണുമല്ലോ. 'ജ്വാല' അടുത്ത ആഴ്ച തന്നെ തിരിച്ചുതന്നാൽ നന്ന്.

നിങ്ങളുടെ ഏതെങ്കിലും പുസ്തകങ്ങൾ വല്ലതും ഇനിയും എന്റെ കൈവശം ഉണ്ടെങ്കിൽ അറിയിക്കുക. 'Beyond Communism' തിങ്കളാഴ്ചയോ മറ്റോ കൊടുത്തയക്കാം. അത് എന്നെ നിരാശപ്പെടുത്തി. 'Reason Romanticism & Revolution' എങ്ങനെയുണ്ട്? വായിച്ചു കഴിഞ്ഞെങ്കിൽ അത് തിങ്കളാഴ്ച കൊടുത്തയക്കാമോ? ഇവിടെ ഇലക്ഷന്റെ ബഹളമാണ്. തിങ്കളാഴ്ചയാണ് അതെന്ന് അറിഞ്ഞുകാണുമല്ലോ! വിജയം മിക്കവാറും S. F. I. ജനതാസഖ്യത്തിനായിരിക്കും. 3 മുതൽ 8 വരെ തൃശ്ശൂർ ടൗൺഹാളിൽ Book Exhibition ഉണ്ടെന്നത് അറിഞ്ഞോ? വിദ്യാഭ്യാസ പുസ്തകപ്രദർശനമാണെന്നു തോന്നുന്നു. 'സമസ്യ' കിട്ടിയില്ല. അതിന്റെ രണ്ടാംലക്കം അടുത്തുതന്നെ—ഒരുപക്ഷെ മൂന്നു നാലു ദിവസത്തിനകം—ഇറങ്ങുമെന്നു പറഞ്ഞു. ഒന്നാം ലക്കത്തെക്കാൾ അതു കേമമാകുമെന്നാണറിവ്.

നിറുത്തുന്നു.

സുബ്രഹ്മണ്യദാസ്.

18/10/1977

ബ്രഹ്മപുത്രൻ,

ശങ്കരപ്പിള്ളയുടെ കവിത, 'ആനന്ദൻ', ഇതോടൊപ്പമുണ്ട്. 'കവിത 1150'ൽ വന്നതാണ്, വെള്ളിയാഴ്ച Union Inauguration ആയിരുന്നു. അറിയിക്കാൻപറ്റിയില്ല. അതിനുള്ള വകയും ഉണ്ടായിരുന്നില്ല. കക്കാടും കോവിലനുമാണ് വന്നത്. രണ്ടുപേരും പത്തുമിനുട്ടുവീതം പ്രസംഗിച്ചു. കൂവാനുള്ള വക പോലും ഉണ്ടായിരുന്നില്ല, പ്രസംഗത്തിൽ. കക്കാട് ഫ്രേസറുടെ തടിയൻ പുസ്തകവും (*Golden Bough*) താങ്ങിപ്പിടിച്ചാണ് എത്തിയത്.

Inaugurationനെപ്പറ്റി വലിയ സ്വപ്നങ്ങളൊക്കെ ഉണ്ടായിരുന്നതാണ്. Dr. K.N. Raj നെക്കൊണ്ട് ഉദ്ഘാടനം, അതുകഴിഞ്ഞ് പ്രഗത്ഭരെ പങ്കെടുപ്പിച്ച് സെമിനാർ, രാത്രി കാവാലത്തിന്റെ നാടകം ഇതൊക്കെയായിരുന്നു പരിപാടി. Raj നെ ക്ഷണിക്കാൻ തിരുവനന്തപുരത്ത് പോയിരുന്നതാണ്. അയാളിങ്ങനെ പരിപാടികൾക്കൊന്നും പോകാറില്ലത്രേ. മറ്റുള്ളവരേയും മാത്യു കുര്യൻ, ജേക്കബ് ഈപ്പൻ, ഗോവിന്ദപ്പിള്ള—കിട്ടിയില്ല. ഈ വർഷത്തെ ഭാരവാഹികൾക്കാണെങ്കിൽ താല്പര്യവും ഉണ്ടായിരുന്നില്ല. ആകെ താല്പര്യമുണ്ടായിരുന്നത് ബാബു (സമസ്യയുടെ വിതരണക്കാരൻ)വിനു മാത്രമാണ്.

ഒരു Forum രൂപീകരിക്കാനും ഇടതുപക്ഷ ചായ്‌വോടെ പ്രവർത്തിക്കാനും അയാൾക്കു പരിപാടിയുണ്ട്. പിന്നെ, 'സമസ്യ'യ്ക്ക് തപാലിടപാടുകളൊന്നുമില്ലത്രേ. വിതരണം വ്യക്തികൾ വഴിക്കാണ്. 'സമസ്യ'യ്ക്ക് തപാലഡ്രസ്സേയില്ല. രണ്ടാം ലക്കത്തിൽ കാര്യമായൊന്നുമില്ല. മൂന്നാമത്തേതു തൊട്ടു രാജീവന്റെ നീണ്ട ലേഖനം ആരംഭിക്കുന്നു. അതിൽനിന്ന് കാര്യമായെന്തെങ്കിലും പ്രതീക്ഷിക്കാം.

നിറുത്തട്ടെ,

സുബ്രഹ്മണ്യദാസ്.

2 Nov. 1977

ബ്രഹ്മപുത്രൻ,

'സമസ്യ'യെപ്പറ്റി ഞാൻ മുമ്പെഴുതിയത് തിരുത്താനാണ് ഈ കത്ത്. സമസ്യയുടെ വരിപ്പ ണം നേരിട്ടു സ്വീകരിക്കുന്നുണ്ട്.

രണ്ടാം ലക്കത്തിലെ പരസ്യം ഇതാണ്:

സമസ്യ

രാഷ്ട്രീയ-സാഹിത്യ- സാംസ്കാരിക മാസിക

വിലവിവരം: ഒറ്റപ്രതി രൂപ 1.50

വാർഷികവരിസംഖ്യ: 15.00

ഏജൻസികൾക്കും കോപ്പികൾക്കും,

മാനേജർ, സമസ്യ

തലശ്ശേരി- 1

രണ്ടാംലക്കത്തെപ്പറ്റി ഞാനെഴുതിയതും തെറ്റായിരുന്നു. ഇതിൽ വായിക്കാൻ കുറച്ചുണ്ട്: മാർക്സിസം-ലെനിനിസത്തെപ്പറ്റി അൽബേനിയൻ ലേബർപാർട്ടി നേതാവിന്റെ ലേഖനത്തിന്റെ ആദ്യഖണ്ഡം (തിരുത്തൽവാദംകൊണ്ട് പരിപൂരിതമായ യൂറോപ്പിൽ വിപ്ലവകരമായ മാർക്സിസം ലെനിനിസം വിജയിക്കുകതന്നെ ചെയ്യും—എൻവർഓജ.)

സച്ചിദാനന്ദന്റെ ലേഖനപരമ്പരയിലെ (കലയും മാർക്സിസവും ചില സമകാലീന പ്രശ്നങ്ങൾ) ആദ്യഭാഗം, നെരൂദയുടെ ചില കവിതകൾ, പുതിയ റഷ്യൻഭരണഘടനയുടെ വിമർശനം—ഇങ്ങനെയൊക്കെ. എൻവർഓജയുടെയും സച്ചിദാനന്ദന്റെയും ലേഖനങ്ങൾ വളരെ ശ്രദ്ധേയമാണ്. സമസ്യയുടെ ഈ ലക്കം തൃശ്ശൂർ ചെട്ടിയങ്ങാടിയിൽ ഒരു കടയിൽ വില്ക്കാനിട്ടിട്ടുണ്ട്. ഒരു പക്ഷെ ഇത് ഇതിനകം തന്നെ നിങ്ങൾക്കു കിട്ടിയിരിക്കുമെന്നു കരുതുന്നു.

പിന്നെ ഇവിടെയൊരിടത്ത് ഉത്തരായണം പ്രദർശിപ്പിക്കുന്നുണ്ട്. വലപ്പാട് കൈലാസിൽ. 24.11.77-ന് വ്യാഴാഴ്ച. നാലു പ്രദർശനങ്ങൾഉണ്ടെന്നാണോർമ്മ. Benefit Show ആണ്.

Sameeksha യുടെ 'Asan Centenary Volume' കിട്ടി. സച്ചിദാനന്ദന്റേതാണ്. ഉള്ളടക്കത്തിൽ കാര്യമായൊന്നും കണ്ടില്ല. പക്ഷേ ഇതിന്റെ Introduction ഉം അവസാനലേഖനവും 'And now Where We Go from Here?' കാമ്പുള്ളവയാണ്. Introduction-ൽ…

നിങ്ങളുടെ ക്ലാസ്സുകൾഎന്നാണാരംഭിക്കുക? ഉത്തരായണത്തിനു വരാൻപറ്റുമോ? ഇപ്പോൾ കണ്ടാൽ അതേപ്പറ്റി മുൻപുണ്ടായിരുന്ന അഭിപ്രായം പരിണമിക്കുമെന്നു തോന്നുന്നു.

വേറെ വിശേഷമൊന്നുമില്ല.

നിറുത്തട്ടെ

സുബ്രഹ്മണ്യദാസ്.

8/11/1977

PS: -സമസ്യയുടെ അടുത്തലക്കത്തിൽആരംഭിക്കുന്ന ബി. രാജീവന്റെ ലേഖനപരമ്പരയുടെ പേര്'വിപ്ലവത്തിന്റെ ജ്ഞാനസിദ്ധാന്തം' എന്നാണ്.

ഈയിടെ ഒരു വാരിക കിട്ടാറുണ്ട്: Economics and Political Weekly. ഇടതുപക്ഷ ചായ്വുള്ളതാണ് (മാർക്സിയൻ). Economics നേയും Political Science നെയും പറ്റി വളരെ ശ്രദ്ധേയമായതും ആഴമേറിയതുമായ ലേഖനങ്ങൾവരാറുണ്ട്, ഇതിൽ. സമകാലീന സാമ്പത്തിക രാഷ്ട്രീയ സംഭവങ്ങളെക്കുറിച്ചും (ഇന്ത്യൻ ആയാലും അന്തർദ്ദേശീയമായാലും) ഇവർ കുറിപ്പുകളിടുന്നു. ഈ വിഭാഗത്തിൽവളരെ ശ്രദ്ധേയമായ ഒരു വാരിക. കാര്യമാത്രപ്രസക്തം.

പിന്നെ നിങ്ങൾ അന്നു കൊടുത്തയച്ചിരുന്ന ആ ലഘുലേഖ 'അടിയന്തിരാവസ്ഥയും നമ്മുടെ കടമകളും' മറ്റുള്ളവയോടൊപ്പം തിരികെ കൊടുത്തയക്കാൻ ഞാൻ വിട്ടുപോയി. മറന്നതാണ്. എങ്ങിനെയാണിനി അതു തിരികെ തരിക? വളരെ ധൃതിയുണ്ടെങ്കിൽ തപാലിൽ അയച്ചു തരാം. എന്താണു വേണ്ടതെന്നാൽ അറിയിക്കുക.

ബ്രഹ്മപുത്രന്,

കത്തുകിട്ടിയിട്ട് ഒരാഴ്ചയിലധികമായി ചില മാനസിക പ്രശ്നങ്ങൾകൊണ്ട് മറുപടിയെഴുതാനായില്ല. കോളേജ് വിദ്യാഭ്യാസം ഞാൻ മുഴുവനായി ഉപേക്ഷിച്ചു. പരീക്ഷയെഴുതി ഡിഗ്രി നേടാനോ അതുവഴി എന്തെങ്കിലും ജോലി സമ്പാദിക്കാനോ ഉള്ള പരിപാടി പൂർണ്ണമായും ഉപേക്ഷിച്ചു. ഒരു കമ്മ്യൂണിസ്റ്റായി പ്രവർത്തിക്കാനാണ് അടുത്ത പരിപാടി. ഏറ്റവും ബുദ്ധിമുട്ടുപിടിച്ച പ്രശ്നമാണിത്. ഇടത്തരക്കാരന്റെ ജീവിതം നമ്മുടെ മനസ്സിൽ കുത്തിനിറച്ച പെറ്റി-ബൂർഷ്വാ കോംപ്ലക്സുകളും സമൂഹത്തിൽ നിന്നുള്ള അകൽച്ചയും എല്ലാം പിൻവെടിയേണ്ടിയിരിക്കുന്നു. കാരണം അദ്ധ്വാനിക്കുന്നവരുടെയിടയിൽ പ്രവർത്തിക്കുന്നതിന് അവരുടെ തരത്തിലുള്ള മാനസികഘടന സമ്പാദിക്കേണ്ടിയിരിക്കുന്നു.

നമ്മുടേത് - പെറ്റി ബൂർഷ്വാസിയിയുടേത്—തികച്ചും വൈയക്തികവും ഇടുങ്ങിയതുമായ ആത്മീയതയാണെന്നും ഏറ്റവും യഥാർത്ഥവും വികാസസാദ്ധ്യതയുള്ളതുമായ ആത്മീയത തൊഴിലാളികളുടെതാണെന്നും ഈയ്യിടെ കണ്ടപ്പോൾ കെ.ജി. ശങ്കരപ്പിള്ള പറഞ്ഞു. അതായത് നമുക്ക് അവരിൽ നിന്നാണ് പഠിക്കാനുള്ളത്, അവർക്ക് നമ്മിൽനിന്ന് പഠിക്കാനുള്ളതിനേക്കാൾ. സമൂഹത്തെ മാറ്റുന്നതിനായുള്ള വിപ്ലവപ്രവർത്തനത്തിന്റെ ആദ്യഘട്ടമായി ഓരോ വിപ്ലവകാരിയും തൊഴിലാളിവർഗ്ഗആത്മീയതയിലേക്ക് ഉയരേണ്ടിയിരിക്കുന്നു.

സച്ചിദാനന്ദനും ശങ്കരപ്പിള്ളയുമൊക്കെ (അവരുടേതായ രീതിയിൽ) ജനങ്ങളിൽനിന്നു പഠിക്കാൻ ശ്രമിക്കുന്നുണ്ട്. സച്ചിദാന്ദന്റെ പുതിയ കവിതകൾ വളരെ മാറിയിട്ടുണ്ട് തൃശ്ശൂരിനടുത്തുള്ള പട്ടിക്കാട് എന്ന സ്ഥലത്ത് ശങ്കരപ്പിള്ള ചില കവിതകൾ നിരക്ഷരരായ ചില തൊഴിലാളികൾക്ക് വായിച്ചു കേൾപ്പിച്ചു. പെറ്റിബൂർഷ്വാസി മഹത്തെന്നു വിശേഷിപ്പിക്കുന്ന പനി, കഷണ്ടി എന്നിവയൊന്നും അവർക്കിഷ്ടപ്പെട്ടില്ല. എന്നാൽ ബ്രെഹ്റ്റിന്റെ 'വായിക്കുന്ന തൊഴിലാളികളുടെ ചോദ്യങ്ങൾ' 'ഏഴുഗോപുരങ്ങളുള്ള തീബ്സ് ആരു നിർമ്മിച്ചു?... ' സച്ചിദാന്ദന്റെ 'ധൻബാദിലെ ഖനിതൊഴിലാളി' ശങ്കരപ്പിള്ളയുടെ 'മുണ്ട്' എന്നീ കവിതകൾ അവർ നന്നായി ആസ്വദിച്ചുവത്രേ, 'വായിക്കുന്ന തൊഴിലാളികളുടെ ചോദ്യങ്ങൾ' അവരാസ്വദിക്കുന്ന വിധം ശങ്കരപ്പിള്ളയ്ക്ക് മഹത്തായ ഒരനുഭൂതിയായിരുന്നുവെത്രേ. പെറ്റി ബൂർഷ്വാവായനക്കാരനെ മുന്നിൽക്കണ്ടെഴുതുന്നതിൽനിന്നു ഭിന്നമായി തൊഴിലാളികളെ—അദ്ധ്വാനിക്കുന്നവരെ ഉദ്ദേശിച്ച് എഴുതുന്ന സൃഷ്ടികളിലേയ്ക്ക് ഇവരൊക്കെ പുരോഗമിക്കുന്നു.

വെള്ളാനി[3]-യിലെ തൊഴിലാളി സംഘടന രജിസ്റ്റർ ചെയ്യാൻ കൊടുത്തുകഴിഞ്ഞു Rural Labourer's (LIBERATION എന്ന കള്ളപ്പേര്) Organisation എന്നാണ് പേര്.

കേരളത്തിൽ C. P. I. (M. L.)-ന്റെ ആദ്യത്തെ തൊഴിലാളിസംഘടനയായിരിക്കാം ഇത്. വെള്ളാനിയിൽനിന്ന് സമീപപ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാമെന്നൊക്കെ പ്രതീക്ഷ.

ജനങ്ങളെ മനസ്സിലാക്കുന്നതിന്റെയും സ്വയം മാറുന്നതിന്റേയും ഭാഗമായി മേയ് മാസത്തിൽ കേരളത്തിലെവിടെയെങ്കിലും യാത്രപോയാലോ എന്നാലോചിക്കുന്നു—എക്സ്കർഷനല്ല ഒരു

3: വെള്ളാനി: ഇരിഞ്ഞാലക്കുടയ്ക്കടുത്തുള്ള ഒരു ഗ്രാമം. അവിടെ നിന്നും വി. എസ്. രാമൻ എന്നൊരു വിദ്യാർത്ഥി കോളേജിലുണ്ടായിരുന്നു. ആദ്യകാല വിപ്ലവപ്രവർത്തനങ്ങൾ വെള്ളാനി കേന്ദ്രീകരിച്ചാണ് ആരംഭിച്ചത്. പാർട്ടിയിൽ ചേരാൻ പോയപ്പോൾ വെള്ളാനിയിൽ രാമന്റെ വീട്ടിൽ ഒരു ദിവസം താമസിച്ചു.

പക്ഷേ തീരെ പണം കൈവശം കരുതാതെയുള്ള ഒരു യാത്ര.
ഒന്നും ഉറപ്പിച്ചിട്ടില്ല.

താങ്കൾ മെഡിക്കൽ കോളേജ് ജീവിതത്തെപ്പറ്റിയോ കോളേജിന്റെ സമീപപ്രദേശങ്ങളെപ്പറ്റിയോ ഒന്നും എഴുതാറില്ലല്ലോ. എന്തൊക്കെയാണ് ക്ലാസ്സുകൾ, ഏതൊക്കെ രീതിയിൽപെട്ടവരാണ് സഹപാഠികൾ. മുൻപ് എഴുതിയിരുന്ന സുഹൃത്തിനെപ്പറ്റിയും പിന്നെയൊന്നും കണ്ടില്ല. എല്ലാം വിശദമായി എഴുതുമല്ലോ.



മാഗസിൻ അച്ചടിയുടെ കാര്യം കുറച്ചുകുഴപ്പത്തിലാണ്. ഇവിടത്തെ സ്റ്റാഫ് എഡിറ്റർ—അയാൾക്കാണല്ലോ അധികാരം മുഴുവൻ—ഇയാൾഒരു മുൻ R. S. S. പ്രവർത്തകനും പള്ളിമണിയുമാണ് —ഒരു സാധാരണകഥയിൽ മുല, തടവറ എന്നീ വാക്കുകൾ കണ്ട് ഞെട്ടിപ്പോയി. ഇക്കണക്കിന് 'വിദ്യാഭ്യാസം'33 അനുവദിക്കുമോ എന്തോ. അങ്ങനെയെങ്കിൽ മാഗസിൻ ഇറങ്ങില്ല. 'വിദ്യാഭ്യാസചർച്ച്' മറ്റേതെങ്കിലും മാസികയിലോ 'രസന'യിലോ 'സമസ്യ'യിലോ അച്ചടിക്കുകയും ചെയ്യും. ചർച്ചയുടെ കയ്യെഴുത്തുപ്രതി അടുത്ത കത്തിൽ അയച്ചുതരാം.

ഇതോടൊപ്പം സേനാധിപതിയുടെ 'മുരുകൻ' എന്ന പെയ്ന്റിങ്ങിന്റെ ഫോട്ടോ അയക്കുന്നു. പ്രദർശനത്തിന്റെ മുഖചിത്രമായി പ്രദർശിപ്പിച്ചിരുന്നതാണ്.

നിറപ്പൊട്ടുകളുടേയും പരുക്കൻപ്രതലത്തിന്റേയും സൗന്ദര്യം ഫോട്ടോയിൽ ഇല്ല. എങ്കിലും—

കനഡിയൻ M. L. പാർട്ടിയുടെ മുഖപത്രം People's Canada Daily News എനിക്കു വരുന്നുണ്ട്. എഴുതിയതനുസരിച്ച് വെറുതെ അയച്ചു തരുന്നതാണ്. ഒരുപാടു വിവരങ്ങൾ, അന്തർദേശീയ പ്രാധാന്യമുള്ളവ, ഇതിൽനിന്നും അറിയാനുണ്ട്. ഇവർ ചില പുസ്തകങ്ങളും അയച്ചുതന്നു—സൈദ്ധാന്തികപ്രാധാന്യമേറിയവ. ഇന്ത്യൻ M. L. പാർട്ടിയുമായി ഇവർക്ക് അടുത്ത ബന്ധമുണ്ട്. പുസ്തകങ്ങളുടെ കാര്യത്തിൽ ഈ മാസം ഞാൻ ഭാഗ്യവാനായിരുന്നു. പ്രധാനപ്പെട്ട ഒരുപാടെണ്ണം കിട്ടി.

സച്ചിദാനന്ദന്റെ 'കേരളകവിതാഗ്രന്ഥവരി' കവിതയുടെ വിലയാരാഞ്ഞ് മുൻപെഴുതിയിരുന്നല്ലോ. അവർ എനിക്കയച്ചുതന്ന കാർഡ് ഇതോടൊപ്പമയക്കുന്നു.

താങ്കൾക്കുള്ളത് വീട്ടിലായിരിക്കുമല്ലോ?

നിറുത്തുന്നു

സ്നേഹപൂർവ്വം

സുബ്രഹ്മണ്യദാസ്.

ബ്രഹ്മപുത്രന്,

കഴിഞ്ഞ രണ്ടുദിവസമായി ഞങ്ങൾ അമ്പലവയലിലാണ്. സിവിക്ചന്ദ്രന്റെ കൂടെ. ഇവിടത്തെ ടി.ബി. യിൽ താമസിയ്ക്കുന്നു. സിവിക് വളരെ സഹകരണമനോഭാവമുള്ള ആളാണ്. ഭാവി പ്രവർത്തനങ്ങളെപ്പറ്റി ഏറെക്കുറെ വ്യക്തമായ പരിപാടികൾ രൂപപ്പെട്ടുവരുന്നു. അതുകൊണ്ട് അടുത്തുതന്നെ നാട്ടിലേയ്ക്കു മടങ്ങാമെന്നു കരുതുന്നു.

വയനാട് മനോഹരമായ സ്ഥലമാണ്. എപ്പോഴും നല്ല തണുപ്പ്. അമ്പലവയലിൽ മലേറിയ ഇല്ല. ഇടക്കിടയ്ക്ക് മഴച്ചാറലുണ്ട്.

നാട്ടിലേയ്ക്കു വരുമ്പോൾ അതുവഴി വരാം. അപ്പോൾ കൂടുതൽ കാര്യങ്ങൾ സംസാരിയ്ക്കാം.

അശോകൻ, ദാസ്.

21-8-1978

ബ്രഹ്മപുത്രന്

'വിദ്യാഭ്യാസചർച്ച'യുടെ അഞ്ചുകോപ്പികൾകൂടി ഇതോടൊപ്പമയക്കുന്നു. കോപ്പികൾ അധികമുണ്ടെങ്കിൽ വാസു34വിനു കൊടുക്കുക. 'വിദ്യാർത്ഥികളുടെ മാനിഫെസ്റ്റോ'35യുടെ കോപ്പികൾ ഇതിനകം അവിടെ കിട്ടിക്കാണുമെന്നു കരുതുന്നു. (ഇല്ലെങ്കിൽ വാസുവിന്റെ പക്കൽ കാണും) ഒരു കോപ്പി എനിക്ക് അയച്ചുതരണം.

സച്ചിദാനന്ദനെ ഇതുവരെ കണ്ടില്ല. 'പ്രസക്തി'36യുടെ അച്ചടി തീർന്നിട്ടില്ല. അവസാനത്തെ കുറച്ചുപേജുകളും കവറും ഇനി അച്ചടിക്കാനുണ്ട്. എന്തായാലും ഇനി ഈ മാസം അവസാനത്തോടെയേ അതു പുറത്തിറങ്ങൂ. ശമ്പളദിവസത്തിനടുത്ത് പുറത്തിറങ്ങുന്നത് ഒരു കണക്കിനു നന്നായി.

'കൊമ്രേഡ്'37 ഒക്ടോബർ, 15നു പുറത്തിറങ്ങുന്ന വിവരം അറിഞ്ഞിരിക്കുമല്ലോ. (കലാകൗമുദിയിലെ പരസ്യം). 'പ്രേരണ'38അവിടെ എത്തിയോ?

നക്സലൈറ്റുകളെപ്പറ്റി 'മാതൃഭൂമി'യിൽ വരുന്ന ലേഖനപരമ്പര വായിക്കുന്നോ. ബുധനാഴ്ചയിലെ ലേഖനത്തിൽ മെഡി.കോളേജിനേയും പരാമർശിക്കുന്നുണ്ട്.

പരീക്ഷ എന്നവസാനിക്കും?

നിറുത്തട്ടെ,

സുബ്രഹ്മണ്യദാസ്.

22.9.78

വാസു: ഡോക്ടർ വാസു, ടി., കായണ്ണ പോലീസ് സ്റ്റേഷൻ ആക്രമണ കേസിൽ അറസ്റ്റിലായി. പിന്നീട് പാർടി പ്രവർത്തനങ്ങളിൽനിന്നും വിട്ടുനിന്നു. ഇപ്പോൾ അട്ടപ്പാടിയിൽ ക്ലിനിക്ക് നടത്തുന്നു.

വിദ്യാർത്ഥികളുടെ മാനിഫെസ്റ്റോ: സി. പി. ഐ. എം. എൽ. അടിയന്തിരാവസ്ഥയ്ക്കു ശേഷമുണ്ടായ വിദ്യാർത്ഥി മുന്നേറ്റത്തെ അഭിസംബോധന ചെയ്യാനുദ്ദേശിച്ച പ്രസിദ്ധീകരിച്ച ലഘുലേഖ.

പ്രസക്തി: സച്ചിദാനന്ദൻ പുതിയ കവികളെ പരിചയപ്പെടുത്തിക്കൊണ്ട് പ്രസിദ്ധീകരണമാരംഭിച്ച ലൈബ്രറി സീരീസ്.

കോമ്രേഡ്: കോട്ടയത്തുനിന്ന് കെ. എൻ. രാമചന്ദ്രന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ച സി. പി. ഐ.(എം. എൽ.) മുഖപത്രം.

ബ്രഹ്മപുത്രന്,

ഒക്ടോബർ 10-നകം വയനാട്ടിലേയ്ക്ക് പുറപ്പെടാനാണ് ഞങ്ങളുടെ ഇപ്പോഴത്തെ പരിപാടി. പരീക്ഷയും മറ്റുമായതുകൊണ്ട് മെഡിക്കൽ കോളേജിലേയ്ക്ക് വരുന്നില്ല. നെല്ലിക്കോട്ട് തങ്ങിയശേഷം വയനാട്ടിലേയ്ക്ക് പോകുന്നു. സിവിക്കിന്റെ കത്ത് ഇതുവരെ വന്നില്ല. യാതൊരു വിവരവും അറിഞ്ഞിട്ടുമില്ല. തിരക്കായതുകൊണ്ടാവും. അവിടെ ചെന്നാൽ ഒരുമിച്ച് വേണ്ടതു ചെയ്യാമല്ലോ. വീട്ടിൽനിന്ന് കുറച്ച് പണം കിട്ടിയിട്ടുണ്ട്. അവിടെ ബുക്ക്സ്റ്റാൾ തുടങ്ങാനായില്ലെങ്കിൽതന്നെ സീസണായതുകൊണ്ട് മറ്റുവല്ല ജോലിയും കിട്ടുമെന്നു പ്രതീക്ഷിയ്ക്കുന്നു. ജനങ്ങളെ അടുത്തറിയുകയും അവരോടൊത്ത് പ്രവർത്തിയ്ക്കുകയും ചെയ്യുക എന്നതാണ് പ്രധാനമായും നേടിയെടുക്കേണ്ടത്.

'പ്രസക്തി'യുടെ ആദ്യപുസ്തകം തയ്യാറായി.



നിങ്ങൾക്കുള്ള പുസ്തകങ്ങൾ അയച്ചുകൊടുക്കേണ്ടെന്ന് സച്ചിദാനന്ദനോടുപറയാം. നാട്ടിൽ വരുമ്പോൾ സച്ചിയുടെ വീട്ടിൽപോയി പുസ്തകങ്ങൾ വാങ്ങിക്കൊള്ളുമല്ലോ. രണ്ടാമത്തെ പുസ്തകം 'സോഷ്യൽ ഇമ്പീരിയലിസം' ഈ മാസം അവസാനം തയ്യാറാകും എന്നു പറയുന്നു. മൂന്നാമത്തെ പുസ്തകം മുമ്പ് അറിയിക്കാത്തതാണ് D. D. Kosambi-യുടെ ഭഗവദ്ഗീതയെപ്പറ്റിയുള്ള പഠനം. എം. ഗംഗാധരൻ വിവർത്തനം ചെയ്യുന്നു.

'സ്റ്റുഡന്റ്സ് മാനിഫെസ്റ്റോ' തനി രാഷ്ട്രീയഭാഷയാണെന്നു പറഞ്ഞതു നേരാണ്. ഇന്നു നമ്മുടെ ജീവിതം രാഷ്ട്രീയവുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു എന്നതുകൊണ്ടുതന്നെ അത് അനിവാര്യമല്ലേ. നമ്മുടെയൊക്കെ ചരിത്രപരമായ സ്ഥാനവും നാം ചെയ്യേണ്ട കാര്യങ്ങളും വിശദീകരിച്ചിട്ടുണ്ടെന്നതുകൊണ്ടുതന്നെ അത് വളരെ പ്രധാനവുമാണ്. ചാരുമജുംദാർ എന്നൊന്നും എടുത്തുപറയേണ്ടിയിരുന്നില്ല എന്ന് സച്ചിദാനന്ദൻപറഞ്ഞു.

പരിപാടിയിൽചെറിയൊരു മാറ്റം. 11-ാംതിയ്യതി തൃശ്ശൂരിൽ'പടയണി'39 കളിയ്ക്കുന്നുണ്ട്. അന്ന് സിവിക് വരും. അതുകൊണ്ട് പത്താം തിയ്യതി വെള്ളാനിയിലും പതിനൊന്നാം തിയ്യതി തൃശ്ശൂരും തങ്ങിയശേഷം 12-ാംതിയ്യതി രാവിലെ വയനാട്ടിലേയ്ക്ക് പുറപ്പെടാമെന്നു കരുതുന്നു.

ബ്രെഹ്റ്റിന്റെ കവിതകൾ തയ്യാറായത് സച്ചിദാനന്ദന്റെ വീട്ടിൽ വെച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിൽ ചെലവാകുമെന്നു തോന്നുന്നെങ്കിൽ കുറച്ചധികം കോപ്പികൾ എടുത്തുകൊള്ളൂ. 11-ാംതിയ്യതി രാത്രി തൃശ്ശൂർ വെച്ച് 'പടയണി'. റീജണൽ തിയ്യേറ്ററിൽ കാണാമെങ്കിൽ നമുക്കൊരുമിച്ച് കോഴിക്കോട്ടേക്കു മടങ്ങാം.

വിവരങ്ങൾ വല്ലതുമുണ്ടെങ്കിൽ പെട്ടെന്നു മറുപടിയെഴുതുക.

സസ്നേഹം

സുബ്രഹ്മണ്യദാസ്.

ബ്രഹ്മപുത്രൻ,

ഇന്നലെ കോളേജിൽപോയിരുന്നു. S. F. I. യ്ക്ക് എക്സിക്യൂട്ടീവിൽ ആകെ $4(2 + 2)$ സീറ്റുകളേയുള്ളു. അതിൽ രാജീവൻ മാത്രമേ നമ്മുടെ ഉറച്ച ആളായിട്ടുള്ളു. 'പടയണി' കൊണ്ടുവരാൻ അവർ ശ്രമിച്ചുനോക്കി. ആദ്യം ജനതക്കാർ അനുകൂലിച്ചെങ്കിലും ഇപ്പോൾ എതിർക്കുന്നു. ഇപ്പോഴത്തെ നിശ്ചയമനുസരിച്ച് 'ഹോമം' എന്നൊരു പീക്കറ നാടകമാണ് കൊണ്ടുവരുന്നത്.

മുരളിയുടെ നോട്ടീസ് ഇതോടൊപ്പമുണ്ട്. സച്ചിയാണ് അതെഴുതിയത്. ഇലക്ഷൻനാളിലാണിതു വിതരണം ചെയ്തത്. ഒരെണ്ണം പോലും താഴെവീണ കിടന്നിരുന്നില്ലത്രേ.

നിങ്ങളുടെ മാഗസിൻകണ്ടു. അറുബോറായിരിക്കുന്നല്ലോ. കഴിഞ്ഞവർഷത്തെ പകിട്ടുപോലും അതിന്നില്ല.

കോളേജിൽ ക്രൈംകാർ വന്നിരുന്നുവെന്നത് നേരാണ്. പാലായിൽവെച്ച് അശോകനെ ചോദ്യംചെയ്തതിനോടു ബന്ധപ്പെട്ടാവണം അവരിവിടെ വന്നത്. എന്തായാലും അവർക്കു മുമ്പാകെ ഞങ്ങൾ exposed ആയിക്കാണുമെന്നു തീർച്ച.

തിരികെ പോകുമ്പോൾ ഞാൻ college-ലേയ്ക്കു വരുന്നില്ല. Bus Stand-ലോ മറ്റോവെച്ച് കണ്ടുമുട്ടാൻ സൗകര്യത്തിൽ യാത്ര arrange ചെയ്യാം. വിവരങ്ങൾ പിന്നീടറിയിക്കാം.

'സോഷ്യൽസാമ്രാജ്യത്വ'ത്തിന്റെ അച്ചടി പകുതിയേ ആയിട്ടുള്ളു. അച്ചടി കൊള്ളാം. മറ്റു പുസ്തകങ്ങളുടെ അച്ചടി ഒന്നുമായിട്ടില്ല.

സോഷ്യൽ സാമ്രാജ്യത്വം: പ്രസക്തി ലൈബ്രറിയുടെ രണ്ടാമത്തെ പുസ്തകം.

രത്നമോഹൻ ഇപ്പോൾ പ്രസന്നനാണ്. ഇവിടത്തെ നമ്മുടെ സഖാക്കൾ എല്ലാവരുമതെ. അവരുടെ പ്രവർത്തനങ്ങൾ ആവേശം തരുന്നവയാണ്.

മറ്റുവിശേഷങ്ങൾ വഴിയേ.

രത്നമോഹൻ: 1978-ലെ ക്രൈസ്റ്റ്കോളേജിലെ എസ്. എഫ്. ഐ. യുടെ മാഗസിൻ എഡിറ്റർ.

ദാസ്.

25.11.78

സുഹൃത്തെ,

ഇവിടെ വന്ന ഉടനെ 'അമ്മ' അവതരിപ്പിക്കുന്നതിന്റെ തിര
ക്കിൽപ്പെട്ടു. അതുകൊണ്ട് കത്തെഴുതാനും മറ്റും വൈകി. സച്ചിയെക്കണ്ടു. 'ഗീത' യുടെ അച്ചടി തീർന്നിട്ടില്ല. എം. ഗംഗാധരൻ വിവർത്തനം തയ്യാറാക്കി അയച്ചുകൊടുക്കാൻവൈകുന്നതു കാരണം എന്നു പുസ്തകം തയ്യാറാകുമെന്ന് പറയാനാവില്ല.

അശോകന്റെ യാതൊരു വിവരവുമില്ല. അവൻ ഇപ്പോൾ 'Comrade'ൽ പ്രവർത്തിക്കുന്നു എന്നു കേൾക്കുന്നു. എന്റെ കത്തിനു മറുപടിയില്ല.

'അമ്മ' 15-നു തൃപ്രയാറും 16-ന് തൃശ്ശൂരും.

ഈയാഴ്ച നാട്ടിലേക്കു വരുന്നോ? അടുത്താഴ്ച വന്നാൽ 'അമ്മ' കാണാം. വെള്ളിയാഴ്ച 6-മണിക്ക് തൃശ്ശൂരിൽ. ടിക്കറ്റ് വേണമെങ്കിൽ മുൻകൂട്ടി ബുക്ക്ചെയ്യാം. വിവരങ്ങളറിയിക്കുക.

മറ്റുവിശേഷങ്ങളില്ല.

ദാസ്

7.2.1979

ബ്രഹ്മപുത്രന്,

കത്തു്, നിങ്ങൾവയനാട്ടിൽ വന്ന വിവരം കുട്ടനും (സിവിക്) പറഞ്ഞു. വയനാടെങ്ങനെ?

നിങ്ങൾപറഞ്ഞ സമയത്തിന് അങ്ങോട്ട് ഫോൺചെയ്യുരുന്നില്ല, അല്ലേ? 'പടയണി' അവതരിപ്പിക്കുന്നതിനുനേരെ ഇതുവരെ പോലീസ് ഭീഷണിയൊന്നും വന്നിട്ടില്ലല്ലോ. കാര്യം പരസ്യപ്പെടുത്തിക്കഴിഞ്ഞാൽ അതുണ്ടാകാൻ സാദ്ധ്യതയുണ്ട്. അമ്പലവയലിൽ പടയണി അവതരിപ്പിച്ച സംഘാടകർക്കുനേരെ ഭീഷണിയുണ്ടായിരുന്നു. കരുതിയിരിക്കണം. നിങ്ങൾ അനാവശ്യമായി exposed ആവാതിരിക്കാനും ശ്രദ്ധിക്കണം.

പ്രദീപും ജോസും42(ഇയാളെ എനിക്കു പരിചയമില്ല) എങ്ങനെ?

സച്ചിദാനന്ദന്റെ പരിപാടികൾ എന്തൊക്കെയാണെന്നറിയില്ല. പെറ്റിബൂർഷ്വാ അസുഖങ്ങൾ ഒരുപാടെണ്ണമുണ്ടയാൾക്ക്. അതങ്ങിനെ ചാഞ്ചാടിക്കൊണ്ടിരിക്കും. ശക്തമായ അനുഭവങ്ങൾ ഉണ്ടാവുമ്പോൾ കാര്യങ്ങൾ പഠിച്ചുകൊള്ളും.

നമ്മൾ കണ്ടതിനുശേഷം ഞാനയാളെ കണ്ടിട്ടില്ല.

ശിവശങ്കരന്റെ പുസ്തകം ഇതുവരെ വായന തുടങ്ങിയിട്ടില്ല. സമയം കിട്ടിയില്ല. ഇനിയിപ്പോൾ പെട്ടെന്ന് വായിച്ചുതീർക്കാം. അതായത് മാർച്ച് 1-ന മുമ്പ് പുസ്തകം അവിടെയെത്തിക്കാം. ആ തീയതിക്കു മുൻപ് പുസ്തകങ്ങൾ ആവശ്യമാണോ എന്ന് അയാളോടന്വേഷിക്കുക. അത്യാവശ്യമാണെങ്കിൽ postal മാർഗ്ഗം അയച്ചുകൊടുക്കാം.

കലാപരമായി പല പോരായ്മകളുണ്ടെങ്കിലും 'അമ്മ' ഒരു നല്ല നാടകമാണ്. അദ്ധ്വാനിക്കുന്ന ജനങ്ങൾക്കിടയിൽ അവതരിപ്പിക്കാൻ പറ്റിയ ഏറ്റവും നല്ല നാടകം. അടുത്തുതന്നെ 'സ്പാർട്ടാക്കസ്'(തലശ്ശേരി ടീം) നാടകമായിറങ്ങുന്നുണ്ട്. ഇവരുടെ അടുത്ത നാടകം 'യുദ്ധവും സമാധാനവും'.

അടുത്തലക്കം 'പ്രേരണ' താരതമ്യേന നന്നായിരിക്കും. March 1-ന പുറത്തിറങ്ങും.

ഞാൻ തിരിച്ചുപോകുന്ന വിവരം തീർച്ചയാക്കപ്പെട്ടിട്ടില്ല. മറ്റുചില പ്രശ്നങ്ങളുമായി കുടിക്കുഴഞ്ഞ് കിടക്കുകയാണ്. മാർച്ചിലേ ഇനി സാദ്ധ്യമാകൂ.

മറുപടി അയക്കുക. 'പടയണി' അവതരിപ്പിക്കുന്നതു സംബന്ധിച്ച വിശേഷങ്ങൾ അറിയിക്കണം.

അഭിവാദനങ്ങളോടെ

ദാസ്

23.2.79

ഞാനും ഇവിടെയുള്ള ഒരു തൊഴിലാളിസഖാവും കൂടി ചെറിയപുസ്തകങ്ങൾ അച്ചടിച്ചിറക്കാൻ പരിപാടിയിട്ടിട്ടുണ്ട്. അടിയന്തിരപ്രാധാന്യമുള്ള രാഷ്ട്രീയലേഖനങ്ങളായിരിക്കും ഉള്ളടക്കം. വിശദമായ വിവരങ്ങൾ തീരുമാനിക്കപ്പെട്ടിട്ടില്ല. കാര്യം രഹസ്യമായിരിക്കട്ടെ.

ബ്രഹ്മപുത്രൻ,

ഞാൻ വെള്ളിയാഴ്ചയോ ശനിയാഴ്ചയോ (March 1 or 2) അവിടെയെത്തും. മിക്കവാറും ശനിയാഴ്ച 2 മണിയോടെ. രാത്രി P. N. ദാസിന്റെ വീട്ടിൽ കൂടാനാവുമെങ്കിൽ നമുക്കന്നുതന്നെ അയാളെ കാണാം. അല്ലെങ്കിൽ പിറ്റേന്ന് രാവിലെ.

ഞാൻ ഇതിനുമുൻപയച്ച കത്ത് കിട്ടിക്കാണുമല്ലോ. വിശേഷങ്ങളുണ്ടെങ്കിൽ അറിയിക്കുക.

'പ്രസക്തി' പുസ്തകത്തിന്റെ അച്ചടി കഴിഞ്ഞു.

ഈയാഴ്ചതന്നെ അതു Postal ആയി അയക്കുന്നുണ്ട്.

എന്നാണ് നിങ്ങളുടെ പരീക്ഷ?

ശേഷം നേരിൽ

അഭിവാദനങ്ങളോടെ

ദാസ്

26.2.79

ശിവശങ്കരന്റെ പുസ്തകം വരുമ്പോൾ കൊണ്ടുവരാം

ബ്രഹ്മപുത്രന്

ഞാനിനിയും പ്രവർത്തനരംഗത്തേയ്ക്ക് പ്രവേശിച്ചിട്ടില്ല. ഒരാഴ്ചയ്ക്കകം സംഗതികൾ ശരിപ്പെടുമെന്നു കരുതുന്നു. ഇതിനിടയിൽ ഒട്ടേറെ സഖാക്കളുമായി ബന്ധപ്പെട്ടു.




നമ്മുടെ സഖാക്കൾ കരുത്തരും ധീരരുമാണ്. നമുക്കു സങ്കല്പിക്കാവുന്നതിനേക്കാൾ എത്രയോ ഉന്നതർ.

അവരിൽനിന്നുതന്നെ ഒട്ടേറെ പഠിയ്ക്കാനുണ്ട്.

അശോകന്റെ വിവരമൊന്നുമില്ല.

'കോമ്രേഡ്' പുറത്തിറങ്ങിയത് കണ്ടിരിയ്ക്കുമല്ലോ. 'പ്രേരണ' ഈയാഴ്ച തന്നെ പുറത്തിറങ്ങും. ഒരു പക്ഷെ ഇതിനകംതന്നെ കിട്ടിക്കാണമല്ലോ. അടുത്തലക്കം ഒക്ടോബർ വിപ്ലവപ്പതിപ്പാണ്. മെയ്ദിനപ്പതിപ്പിന്റെ രീതിയിലിറക്കാനാണ് ഉദ്ദേശിയ്ക്കുന്നത്. ബെക്കറ്റുമായി ഇന്റർവ്യൂ, 'സംഘഗാന'ത്തിന്റെ സ്ക്രിപ്റ്റ്, കവിതകളും ലേഖനങ്ങളും എന്നിങ്ങനെ ഉള്ളടക്കം. 'പടയണി' തൃശ്ശൂർ കളിച്ചതിൽ 1500 രൂപയോളം ലാഭമുണ്ടത്രെ.

'പടയണിയി'ൽ അഗ്നിപുത്രൻ വീണുകിടക്കുന്നതിന്റെ വിശദീകരണം ഇതാണ്: അഗ്നിപുത്രൻ പെറ്റിബൂർഷ്വാവിപ്ലവകാരിയുടെ പ്രതിനിധിയാണ്. ജനങ്ങളുടെ ജീവിതത്തിൽ നിന്നടലെടുത്ത വിപ്ലവാശയങ്ങൾ അവർക്കെത്തിച്ചു എന്നതാണ് ഇവരുടെ കടമ. ഈ ആശയങ്ങൾ ഗ്രഹിച്ചുകഴിഞ്ഞാൽ ജനങ്ങൾ ഈ വിപ്ലവകാരികളേക്കാൾ ശക്തമായ വർഗ്ഗസമരനിലപാട് സ്വീകരിയ്ക്കുന്നു.

പെറ്റിബൂർഷ്വാവിപ്ലവകാരികൾക്ക് ശത്രുവിന്റെ എതിർപ്പുകളെ നേരിടാനുള്ള കഴിവ് താരതമ്യേന തീരെ കുറവാണ്. ശത്രുവിന്റെ മുന്നിൽ അഗ്നിപുത്രൻ തളരുന്നു.

വർഗ്ഗസമരത്തിന്റെ ഔന്നത്യങ്ങളിലേയ്ക്ക് ഉയർത്തപ്പെട്ട ജനങ്ങളാണ് പിന്നീടയാളെ ഉയിർത്തെണീപ്പിയ്ക്കുന്നത്.

സച്ചിദാനന്ദൻ ചൊവ്വ, ബുധൻ, വ്യാഴം തീയതികളിൽ മെഡിക്കൽ കോളേജിൽ വി. ടി.-യുടെ ശസ്ത്രക്രിയയോടനുബന്ധിച്ച് എത്തുമെന്നറിഞ്ഞു. ഏതു തീയ്യതിയാണെന്നറിയില്ല. പ്രസക്തിയുടെ പുസ്തകങ്ങൾ ഉടനെ T. B. S.-നെ ഏല്പിച്ചുകാണുമല്ലോ.

ഗുരുവായൂരപ്പൻ കോളേജ് വിദ്യാർത്ഥികളുടെ ഒരു സംഘടന (DROP) അവതരിപ്പിച്ച തെരുവുനാടകത്തെപ്പറ്റി അറിഞ്ഞുകാണുമെന്നു. നമ്മുടെ ജനകീയനാടകവേദിയെ സംബന്ധിച്ചിടത്തോളം ഇത് അതിപ്രധാനവും അനന്തസാദ്ധ്യതകളുള്ളതുമായ ഒരു തുടക്കമാണ്. ഈ ശ്രമത്തെ കേരളത്തിലെമ്പാ

വി. ടി.: പ്രശസ്ത സാഹിത്യകാരൻ വി. ടി. നന്ദകുമാർ. സച്ചിദാനന്ദന്റെ സഹോദരിയുടെ ഭർത്താവായിരുന്നു.

ട്ടം വ്യാപിപ്പിക്കുന്നതിനെപ്പറ്റി നമ്മുടെ സാംസ്കാരിക വിഭാഗം ആലോചിച്ചുവരുന്നു. നാടകം കണ്ടിരുന്നുവോ?

പഠിപ്പ് എങ്ങിനെയിരിയ്ക്കുന്നു? നന്നായിത്തുടരുന്നുവെന്നു കരുതുന്നു. ഇതോടൊപ്പം മെഡിക്കൽ കോളേജിലുള്ളതോ അല്ലെങ്കിൽ മെഡിക്കൽകോളേജിലെ വിദ്യാർത്ഥികളുൾപ്പെടുന്നതോ ആയ എം. എൽ. സ്റ്റഡി ഗ്രൂപ്പുമായി ബന്ധപ്പെടുന്നതു നല്ലതാണ്. സംഘടനാരംഗത്തു പ്രവർത്തിക്കേണ്ട ആളുകളെ തിരഞ്ഞെടുക്കുന്നത് ഈ സ്റ്റഡിഗ്രൂപ്പുകളിൽനിന്നാണ്. പ്രവർത്തനത്തിനിറങ്ങുന്നില്ലെങ്കിൽതന്നെ വ്യക്തമായ രാഷ്ട്രീയബോധമുണ്ടാകാൻ ഈ ഗ്രൂപ്പുകൾ സഹായിയ്ക്കും.

എനിയ്ക്കിവിടെ ഒരു മേൽവിലാസമില്ലാത്തതുകൊണ്ട് ഇങ്ങോട്ടു കത്തെഴുതുക അസാദ്ധ്യമായിരിയ്ക്കുമല്ലോ. ഒരുപക്ഷേ ഈ മാസം അവസാനത്തോടെ ഞാൻ വീട്ടിൽപോയി വരുന്നുണ്ടാകും. അപ്പോൾ കോഴിക്കോട്ടോമറ്റോ വെച്ച് കാണാം. വിവരത്തിന് കത്തെഴുതാം.

എന്നെ സംബന്ധിച്ചിടത്തോളം ജീവിതത്തിലെ ഒരുഘട്ടം അവസാനിച്ചിരിയ്ക്കുന്നു. കൂടുതൽ ക്ലേശപൂർണ്ണമായ അടുത്തഘട്ടത്തിന്റെ തുടക്കമാണ്. സ്വയം ഒരു പുനർനിർമ്മാണം— മാനസികമായും കായികമായും —നടത്തുന്നുണ്ട്.

വീട് ഏതാണ്ട് മുഴുവനായിത്തന്നെ ഉപേക്ഷിയ്ക്കേണ്ടി വരും.

കൂടുതൽ വിവരങ്ങൾ പിന്നീട്

സസ്നേഹം

ദാസ്

P S: ഈ കത്ത് വായിച്ച ഉടനെ നശിപ്പിച്ചുകളയുക.

ബ്രഹ്മപുത്രൻ,

ഞാനിപ്പോൾ നാട്ടിലുണ്ട്. May 5 മുതൽ 20 വരെ. വരുംവഴി അങ്ങോട്ടുവരാതിരുന്നത് മനഃപൂർവ്വമാണ്. നിങ്ങളുടെ പരീക്ഷ മുഖ്യകാരണം.

പിന്നെ വിശേഷങ്ങളെന്തൊക്കെ?

പരീക്ഷ എന്നവസാനിക്കും? 20-ന മുൻപ് തീരുമെങ്കിൽ മുൻകൂട്ടി വിവരമറിയിച്ച് ഒരു ദിവസം ഇങ്ങോട്ടുവരിക.

മറുപടി എഴുതുമല്ലോ

സ്നേഹപൂർവ്വം,

സുബ്രഹ്മണ്യദാസ്,

കുടക്കര, പെരിഞ്ഞനം

9.5.1979

സുഹൃത്തേ,

രണ്ടു ദിവസം മുൻപ് ബാലു ഇവിടെ വന്നിരുന്നു. ഞാൻ കുറേദിവസം ഇവിടെ ഉണ്ടായിരുന്നില്ല—മലപ്പുറത്തായിരുന്നു. അതുകൊണ്ടാണ് നിങ്ങളുടെ കത്തുകൾക്ക് മറുപടി അയക്കാതിരുന്നത്. എട്ടുകാലിയും ആൽമരം എന്ന വിജയന്റെ മറ്റൊരു കഥയും ബാലുവിനെ ഏല്പിച്ചിട്ടുണ്ട്. നീ നവരാത്രിക്ക് നാട്ടിൽ വരുന്നുണ്ടെന്ന് അയാൾ പറഞ്ഞു.

വെങ്കിടി, സുഹൃത്ത്: സി. എസ്. വെങ്കിടേശ്വരൻ, ക്രൈസ്റ്റ് കോളേജിൽ ദാസിന്റെ ജൂനിയർ. സിനിമാ സാഹിത്യ പ്രവർത്തനങ്ങളിലെ കൂട്ടാളി. ഇതെഴുതുന്ന കാലത്ത് ബാംഗ്ലൂരിൽ ജോലിചെയ്യുകയായിരുന്നു. ഇപ്പോൾ തിരുവനന്തപുരം ഉലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ടാക്സേഷൻ സ്റ്റഡീസിൽ ഫാക്കൽറ്റി മെംബർ.

നിന്റെ കവിതകളെക്കുറിച്ചും പറഞ്ഞു—എന്നിട്ട് അതൊന്നും എന്തേ എനിക്കയച്ചുതരാതിരുന്നത്? ഞാൻ മുൻപ് അങ്ങനെ എഴുതിയതുകൊണ്ടാണോ? ഇതിനിടയ്ക്ക് ഒരു ദിവസം സച്ചിദാനന്ദനെ കണ്ടു. ബി.രാജീവനും കൂട്ടരും സാംസ്കാരികവേദിയിൽ നിന്നും രാജിവെച്ചു. ഇപ്പോൾ അവരെല്ലാംകൂടി പുതിയൊരു മാസിക തുടങ്ങാനുള്ള പരിപാടിയിലാണ്. ജോൺ അബ്രഹാം കയ്യൂരിനെപ്പറ്റി ഒരു സിനിമയെടുക്കാൻ പരിപാടിയുണ്ട്. അവരെല്ലാം കൂടി സഹകരിച്ചാണ്. കോഴിക്കോട്ടുള്ള സേതുവെല്ലാംകൂടി സിനിമയെപ്പറ്റിയുള്ള ഒരു ക്വാർട്ടർലി തുടങ്ങാനും പദ്ധതിയുണ്ട്. നടക്കുകയാണെങ്കിൽ നല്ലകാര്യം. നിങ്ങൾ 'പറങ്കിമല' കണ്ടുകാണുമല്ലോ. ആ സിനിമയെപ്പറ്റി തോന്നിയതെന്താണെന്ന് അറിയിക്കണം. ഞാൻ അന്വേഷിച്ചതിൽ ആകെ രണ്ടുപേർക്കു മാത്രമേ ആ ചിത്രം ഇഷ്ടമായിട്ടുള്ളൂ. വിജയകൃഷ്ണനും, കോഴിക്കോടനുമെല്ലാം എഴുതിയ നിരൂപണങ്ങൾ കണ്ടില്ലേ? അവരെല്ലാം സാംസ്കാരികമണ്ഡലത്തിലെ പോലീസുകാരാണെന്നു തോന്നും. ആളുകളൊക്കെ മാന്യന്മാരാണ്. അവർക്കെല്ലാം 'വേനൽ' അങ്ങേയറ്റം ഇഷ്ടമായിട്ടുണ്ടുതാനും. ഇക്കൂട്ടരെപ്പറ്റി എനിക്കു യാതൊരു പ്രതീക്ഷയുമില്ല. ഇതിനിടയ്ക്ക് കാമുവിനെ വായിച്ചു—അയാളുടേത് ഒരു western mind ആണ്. എനിക്കിഷ്ടമാകുന്നില്ല. കാരമസോവ് സഹോദരന്മാരും വീണ്ടും വായിച്ചു. അതുമായി മാത്രമേ സംവേദനം സാദ്ധ്യമാകുന്നുള്ളൂ

—നിങ്ങളുടെ കാമു തീരെ ഗുണമില്ല. ഡോസ്റ്റോയെവ്സ്കിയെ ഘട്ടങ്ങളിലായി ഇനിയും വായിക്കേണ്ടിവരും. *The Possessed* എനിക്കു തരണം—മറക്കരുത്.


ബാലു വളരെയധികം മാറിയിരിക്കുന്നു ഞാനൊട്ടും തന്നെ പ്രതീക്ഷിക്കാത്തവിധത്തിൽ, നിങ്ങളാണ് തീരെ മാറാത്തത്, ഇതിനിടയ്ക്കൊരു ദിവസം മദ്യപിച്ചു—ഓണത്തിന്. ഒരുപാട് പേരുണ്ടായിരുന്നു. പത്ത്, പതിമൂന്നുപേർ. ബുദ്ധിജീവികളൊന്നുമല്ല. നല്ല സുഖം കിട്ടി. ഒരു (ഉപ)സമൂഹത്തിൽ കുറച്ചുനേരത്തേക്കെങ്കിലും കൂട്ടായ്മയോടെ ജീവിക്കുന്നതിന്റെ സുഖം.

ജയപ്രകാശ്: പെരിഞ്ഞനത്തെ ദാസിന്റെ സുഹൃത്സംഘത്തിലെ സ്ഥിരാംഗം. ഇപ്പോൾ ഇന്ത്യൻ ഓവർസീസ് ബാങ്കിൽ ജോലിചെയ്യുന്നു.

പിറ്റേന്ന് ജയപ്രകാശനെയും (JP) കണ്ടു. നിങ്ങളെപ്പറ്റി പറഞ്ഞു. അശോകന്റെ പ്രസ്സിൻെറ പണി പൂർത്തിയായി. ഒരാഴ്ചക്കുള്ളിൽ തുടങ്ങും. 'ഹരിഃശ്രീ' എന്നാണ് പേര്. ഇപ്പോൾ തോന്നുന്നു, വെറുതെ എന്തിനാണ് ഇതൊക്കെ എഴുതിക്കൂട്ടുന്നതെന്ന്. എന്റെ സുഖങ്ങളും ദുഃഖങ്ങളും നിങ്ങളെ ഒരുപോലെ മടുപ്പിക്കുന്നതാണെങ്കിലോ?

നിങ്ങൾ എന്തൊക്കെയാണ് ചിന്തിക്കുന്നതെന്നുപോലും എനിക്കറിയില്ല. ഇതൊക്കെ വായി

ക്കുമ്പോഴും നിങ്ങൾ പൂജ്യവും കഴിഞ്ഞ് പിറകോട്ടുപോകുന്നുണ്ടാകുമോ—നാം തമ്മിൽ കഴിഞ്ഞതവണ കണ്ടപ്പോഴത്തെപ്പോലെ. അതൊക്കെ ഒഴിവാക്കാൻ പൊതുവായ കാര്യങ്ങൾ പറയാം. പത്രവാർത്തകൾപോലെ.



സച്ചിദാനന്ദന്റെ പുതിയ രണ്ടു കവിതാസമാഹരങ്ങൾകൂടി ഇറങ്ങുന്നുണ്ട്—പീഡനകാലവും സത്യവാങ്മൂലവും അരുൺഷൂരിയുടെ ആഗസ്റ്റ്-15 ലേഖനം കൊള്ളാം. ഓരോരുത്തർക്കും അവനവന്റെ സ്വന്തമായ പ്രശ്നങ്ങളാണ്. ഇതൊക്കെക്കഴിഞ്ഞ് ഒരൈക്യം ഏതുതലത്തിലാണ് സാദ്ധ്യമാകുക? അല്ലെങ്കിൽ ഐക്യമെന്നൊക്കെ പറയുന്നത് വളരെ അമൂർത്തമായ ഒരു concept ആയിരിക്കും—തിയ്യേറ്ററിൽ സിനിമകാണുന്ന പ്രേക്ഷകർ തമ്മിലുള്ള ഐക്യം പോലെ. ബുദ്ധന്റെയും ഗാന്ധിയുടേയും—പൊതുവിൽ ഇന്ത്യൻ മനസ്സിന്റെയും—പ്രത്യേകതകൾ: അവരുടെ വ്യക്തിജീവിതവും സാമൂഹ്യജീവിതവും രണ്ടു വിഭിന്നതലങ്ങളിലാണെന്നു തോന്നുന്നു. നിങ്ങൾ മുൻപു പറഞ്ഞിരുന്നില്ലേ, ഉന്മൂലനത്തോട് നിങ്ങൾക്ക് യോജിക്കാൻ കഴിയുന്നില്ലെന്ന്. രാഷ്ട്രീയമായി അതു തെറ്റാണെന്ന് സ്ഥാപിക്കാൻ എളുപ്പം കഴിയും. പക്ഷെ ധാർമ്മികമായി അതു തെറ്റോ ശരിയോ ആകാനുള്ള സാദ്ധ്യതകളില്ലേ? ഉന്മൂലനത്തിന്റെയല്ല, ഏതൊരു കൊലപാതകത്തിന്റെയും പ്രശ്നമാണ്. ധാർമ്മികമായി അതു തെറ്റാണെന്നു കരുതാനായാൽ ഒരു വ്യക്തി എന്ന നിലയിൽ ഒരാൾക്ക് അതിനെ അതിജീവിക്കാനോ (എതിർക്കാനോ) കഴിയും. പക്ഷെ എങ്കിൽപോലും സമൂഹത്തിൽ കൊലകളും ഉന്മൂലനങ്ങളും നടന്നുകൊണ്ടിരിക്കുകയും ചെയ്യും—പ്രത്യയശാസ്ത്രത്തിന്റെ പേരിലോ അല്ലാതെയോ, അതൊക്കെ പോകട്ടെ. ഞാനിതൊന്നുമല്ല പറയാനുദ്ദേശിച്ചത്.

പിന്നീട് എഴുതാം.


സ്നേഹപൂർവ്വം

ദാസ്

ബ്രഹ്മപുത്രൻ,

പറഞ്ഞിരുന്ന ലേഖനം തയ്യാറാക്കാൻ ഞാൻ വളരെയേറെ ശ്രമിച്ചു. കുറെ ആശയങ്ങൾ മനസ്സിലുണ്ടുതാനും.

പക്ഷെ ചർച്ചകളിൽ (നേരിട്ടുള്ള) അവ പറയാമെന്നല്ലാതെ എഴുതിപ്പിടിപ്പിക്കാൻ ശ്രമിച്ചാൽ അവ 'സോദ്ദേശ'മായിപ്പോകും. ഇന്നത്തെക്കാലത്ത് സോദ്ദേശലേഖനങ്ങൾ ഗുണത്തേക്കാളേറെ ദോഷഫലങ്ങളാണുണ്ടാക്കുക.



ആ ലേഖനമെഴുതാൻ പുറപ്പെട്ടിട്ട് രൂപംകൊണ്ടത് കേരളത്തിലെ ദേശീയപ്രശ്നത്തെക്കുറിച്ചുള്ള ആമുഖക്കുറിപ്പുകളാണ്: RSS-CPM സംഘട്ടനം പോലുള്ള പല പ്രശ്നങ്ങളുടെയും ചരിത്രപരമായ കാരണങ്ങളെക്കുറിച്ചൊരന്വേഷണം. അടുത്ത മാസത്തെ 'പ്രേരണ' RSS-CPM സംഘട്ടനത്തെക്കുറിച്ച് ഒരു ഫീച്ചർ തയ്യാറാക്കുന്നതിനാൽ അത് അവർക്കയച്ചുകൊടുത്തു.

ഇനിയെന്താണ് ചെയ്യേണ്ടത്? നിങ്ങൾതന്നെ കുറച്ചുപോയന്റുകൾ എഴുതി അയച്ചുതന്നാൽ ഞാൻ ഒന്നുകൂടി ശ്രമിക്കാം. അതല്ലെങ്കിൽ ആ പ്രശ്നത്തെക്കുറിച്ച് വല്ലവരും എഴുതിയ ലേഖനങ്ങളുണ്ടെങ്കിൽ അവരുടെ വാദമുഖങ്ങളെ ഖണ്ഡിച്ചുകൊണ്ട് ഒരെണ്ണം തയ്യാറാക്കാം. അത് എളുപ്പമാണ്.

അടുത്ത 'പ്രേരണ' മെഡിക്കൽ കോളേജ് പ്രശ്നത്തെക്കുറിച്ചുള്ളതാണെന്ന് പറഞ്ഞു.

എഴുതുമല്ലോ.

സ്നേഹത്തോടെ

ദാസ്

8.4.1981

ഈയിടെ Erich Fromm-ന്റെ മറ്റൊരു പുസ്തകംകൂടി വായിച്ചു. *The Sane Society*. അതേപ്പറ്റി നിങ്ങളെ അറിയിക്കണമെന്നു തോന്നി. അതുകൊണ്ട് ഈ കത്ത്. ഈ നൂറ്റാണ്ടിലെ മനുഷ്യന്റെ പ്രശ്നങ്ങൾ ഏറ്റവും നന്നായി, മനുഷ്യത്വത്തോടുകൂടി വിശകലനം ചെയ്യുന്നത് അയാളാണ്. അയാളുടെതന്നെ, '*The Art of Love* എന്ന പുസ്തകത്തെക്കുറിച്ച് ഞാൻ പറഞ്ഞിരുന്നല്ലോ. സാദ്ധ്യതയുണ്ടെങ്കിൽ അയാളുടെ ചില പുസ്തകങ്ങൾ (*Escape from Freedom, The Sane Society, Man for Himself*, ... etc.) വാങ്ങിയാൽ നമുക്കേറ്റവുമധികം പ്രയോജനപ്പെടും. കടം വാങ്ങിയതല്ലായിരുന്നെങ്കിൽ *Sane Society* ഞാനങ്ങോട്ട് അയച്ചു തരുമായിരുന്നു.

സച്ചിദാനന്ദനും രാജീവനുമെല്ലാംകൂടി പുതിയൊരു മാസിക തുടങ്ങാൻ പോകുന്നവിവരം അറിഞ്ഞുകാണുമല്ലോ. അവരെല്ലാവരും കൂടെ ഒരുദിവസം ഇവിടെ വന്നിരുന്നു. അച്ചടി മിക്കവാറും ഇവിടത്തെ പ്രസ്സിലായിരിക്കും. അശോകന്റെ പ്രസ്സിന്റെ പേര് 'ഹരിഃശ്രീ'. ഫിറ്റിങ്ങൊക്കെ ഏറെക്കുറെ പൂർത്തിയായി. ജോൺ അബ്രഹാം കയ്യൂർസമരം പിടിക്കുന്ന കാര്യവും അറിഞ്ഞു കാണുമല്ലോ.

വിശേഷങ്ങൾ അറിയിക്കുമല്ലോ

സ്നേഹത്തോടെ

ദാസ്.

സുഹൃത്തേ,

കത്തുകിട്ടി. എനിക്ക് വളരെ സന്തോഷമായി. അങ്ങനെയെങ്കിലും നിങ്ങളൊന്നു പ്രതികരിച്ചല്ലോ.

നിങ്ങൾ മാനുഷികബന്ധങ്ങളിൽ മാത്രമേ വിശ്വസിക്കുന്നുള്ളൂ എന്ന് എഴുതിയല്ലോ. യഥാർത്ഥത്തിൽ അതു തന്നെയാണ് പ്രശ്നം. യാഥാർത്ഥ മാനുഷിക ബന്ധങ്ങളിൽ നിന്ന് അന്യവല്ക്കരിക്കപ്പെടുകയും അതിന്റെ പീഡനങ്ങൾ അനുഭവിക്കുകയും ചെയ്യുന്നവരാണ് ഇന്ന് ഭൂരിപക്ഷംപേരും. മാർക്സിസം ഇന്ന് അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട ഒരു പ്രതിസന്ധിയും അതു തന്നെയാണ്.

ഏതൊരു വ്യക്തിയും ഇതേപ്പറ്റി conscious ആണോ അല്ലയോ എന്നതാണ് പ്രശ്നം.

ഉദയകുമാർ: തിരുവനന്തപുരം ജില്ലയിൽ ജനകീയസാംസ്കാരിക വേദിയുമായി സഹകരിച്ച പ്രവർത്തിച്ചരുന്നു. ഇതെഴുതുന്ന കാലത്ത് യൂണിവേഴ്സിറ്റി കോളേജ് വിദ്യാർത്ഥി. പ്രേരണയിലും മറ്റുപ്രസിദ്ധീകരണങ്ങളിലും ശ്രദ്ധേയമായ ലേഖനങ്ങൾ എഴുതിയിരുന്നു. ഇപ്പോൾ ദൽഹി യൂണിവേഴ്സിറ്റിയിൽ ഇംഗ്ലീഷ് വിഭാഗം പ്രൊഫസർ.

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകളെപ്പറ്റി എഴുതുമ്പോൾ ഉദയകുമാർ എന്നൊരാൾ ഇത് നന്നായി അവതരിപ്പിക്കുന്നുണ്ട്:

> '... തന്റെ ആത്മനിഷ്ഠതയുടെ വൈരുദ്ധ്യങ്ങളിൽ നിന്ന് ആർക്കും രക്ഷപ്പെടാനാവില്ല. അവയെ ആദർശവൽക്കരിച്ച് സ്വന്തം അഹംബോധത്തെ സംതൃപ്തമാക്കുന്നതു പോലെതന്നെ ഹീനമാണ് അവയിൽ നിന്ന് സാമാന്യവൽക്കരണങ്ങളിലേക്ക് പലായനം ചെയ്യാൻ ശ്രമിക്കുന്നതും. ആദ്യത്തേത് ദുഃഖത്തിൽ മുങ്ങിത്താഴുന്നതായുള്ള ആത്മനാടകീകരണത്തിലും രണ്ടാമത്തേത് ദുഃഖത്തിൽ നിന്ന് വിമുക്തിനേടിയതായി സ്വയം വിശ്വസിപ്പിക്കുന്നവന്റെ കപടനാട്യത്തിലും പര്യവസാനിക്കുന്നു... അയാൾ കുറ്റബോധത്തെ സ്വന്തം ആത്മബോധത്തിന്റെ കേന്ദ്രമാക്കുമ്പോൾ നൈതികമായി അയാളുടെ പാത രണ്ടായി പിരിയുന്നു. ഒന്ന്, തന്റെ അസ്തിത്വത്തിന്റെ അന്തഃശ്ശൂന്യതയിൽ നിന്നും ഉണ്മയുടെ ധ്രുവത്തിലേക്ക് സ്വയം മാറുവാനുള്ള ശ്രമമായി കുറ്റബോധത്തെ വളർത്തുക. രണ്ട്, ഈ കുറ്റബോധത്തിന്റെ ബാദ്ധ്യതകളെ അംഗീകരിക്കുകയും, സ്വയം ആദർശവൽക്കരിച്ച് അതിന്റെ ഉത്തരവാദിത്തങ്ങളിൽ നിന്നും ആത്മനിഷ്ഠതലത്തിൽ ഒഴിവാക്കുകയും ചെയ്യുക. ബലിമൃഗമായി സ്വയം അവരോധിച്ച് വൈകാരികമായി ഗൂഢസംതൃപ്തി നേടുന്നതിനുള്ള സാദ്ധ്യതകൾ ഈ സന്ദർഭത്തിൽ ഒരു കവിയെ നായാടുവാനിടയുണ്ട്. സ്വന്തം ആത്മവൈരുദ്ധ്യങ്ങളെ അംഗീകരിക്കുകയും അവയ്ക്കെതിരെ പൊരുതുകയും ചെയ്യുക എന്ന വേദനാജനകമായ പരിഹാരമാർഗ്ഗമായി അയാൾ ഈ നവീനകാൽപനികതയെ തെറ്റിദ്ധരിക്കുകയും ചെയ്തേക്കാം. വിശേഷിച്ച് സ്വന്തം അവസ്ഥയുടെ പരിമിതികളെക്കുറിച്ചുള്ള ഉൽക്കടബോധത്തിലേക്ക് സത്യസന്ധരായ ആത്മവിമർശകരെ വലിച്ചെറിയുന്ന ഒരു കാലമാണ് നമ്മുടേത്.
>
> ആത്മസത്തക്ക് ബാഹ്യമായ ശക്തികളിലേക്ക് സ്വയം അന്യവത്ക്കരിക്കാനുള്ള പ്രവണതയോടൊപ്പം തന്നെ കുറ്റബോധത്തെ നാടകീകരിച്ച് ക്രിയാബദ്ധതയെ പ്രതിരോധി

> ക്കുവാനുള്ള അബോധപരിശ്രമങ്ങളെയും നാം സ്വയം കീഴടക്കേണ്ടതുണ്ട്. ബാലചന്ദ്രൻ എന്ന കവിയെ മാപ്പുസാക്ഷി കൊണ്ടെത്തിച്ചിരിക്കുന്ന ദശാസന്ധി, ഇതാണ്. ഈ അവസ്ഥ ഉന്നയിക്കുന്ന സങ്കീർണ്ണമായ ഉത്തരവാദിത്തത്തെ അയാൾ എങ്ങനെ നേരിടുന്നു എന്നതാണ് ഇനിയുള്ള സംഗതമായ പ്രശ്നം.'

എനിക്ക് എന്റേയും മറ്റുപലരുടേയും അനുഭവങ്ങളിൽ നിന്നും ശരിയാണെന്ന് തോന്നിയ ഒരു കാര്യമായതിനാലാണ്, ഇതിവിടെ പകർത്തിയത് (മാപ്പുസാക്ഷി എന്ന കവിതയുമായി ഈ അഭിപ്രായങ്ങൾ എത്ര കണ്ട് പൊരുത്തമുള്ളതാണെന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ടെങ്കിൽകൂടി. നിങ്ങളെ ഇതു സ്പർശിക്കുന്നില്ലെങ്കിൽ ചുമ്മാ അവഗണിക്കുക.)

നിങ്ങൾ പോകുന്നതിന് മുൻപ് ഗാന്ധിയെ കുറിച്ച് തയ്യാറാക്കിയ ആ കുറിപ്പുകൾ എനിക്കു തരണം. മറക്കരുത്. ഇനി എന്നാണ് നിങ്ങളെ കാണുക? അടുത്ത ഞായറാഴ്ച രാവിലെ 10- നു കൊടുങ്ങല്ലൂരിൽ 'ഇനിയും മരിച്ചിട്ടില്ലാത്ത നമ്മൾ' (14-6-81) പ്രദർശിപ്പിക്കുന്നുണ്ട്. വരുന്നോ? അല്ലെങ്കിൽ മറ്റൊരു ദിവസം പറയുക (എല്ലാം ഉന്നിക്കുട്ടിക്കഴിഞ്ഞിട്ടു മതി.)

സ്നേഹത്തോടെ,

ദാസ്

ജൂൺ 10-1981

ബ്രഹ്മപുത്രന്,

കത്തുകിട്ടി. മാഗസിൻ സൂര്യകാന്തിയിൽനിന്നും കിട്ടി. അത് കഴിഞ്ഞകൊല്ലത്തിലേതിനേക്കാൾ മോശമായിട്ടുണ്ടല്ലോ.

ചിത്രകലാപ്രദർശനം മാഗസിൻ കമ്മിറ്റിയുടെ പേരിലായിരിയ്ക്കുമല്ലോ. എ. സി. കെ. രാജയുടെ അഡ്രസ്സ് എനിയ്ക്കറിയില്ല. രാജാവുമായി ബന്ധമുള്ള ആരെയും ഈയിടെ കാണാറുമില്ല. അവിടെ സാംസ്കാരികവേദിയുമായി ബന്ധമുള്ളവർക്ക് അഡ്രസ്സ് അറിയുമായിരിയ്ക്കും. അവർ വഴി ശ്രമിച്ചാൽ ഒരുപക്ഷെ സാദ്ധ്യമായേക്കും. അയാൾ തിരുവനന്തപുരത്താണ് താമസിക്കുന്നത്.

അശോകൻ പ്രസ്സ് വാങ്ങി നാട്ടിൽ തന്നെ കൂടാനാണ് പരിപാടി. വലിയ പ്രസ്സാണ്. സിലിണ്ടർ.

മറ്റുവിശേഷങ്ങൾ പിന്നീട്. മനസ്സിനു സ്വസ്ഥതയുണ്ടാകുമ്പോൾ എഴുതാം. തല്ക്കാലം നിറുത്തട്ടെ.

സ്നേഹത്തോടെ,

ദാസ്

ജൂൺ 30, 1981


വെങ്കിടിക്ക്,

കത്തു കിട്ടി. നിന്റെ ആത്മനിന്ദ കുറച്ചേറുന്നുണ്ട്. ആദ്യം നമുക്ക് സ്നേഹിക്കാൻ പഠിക്കാം; എന്നിട്ടും ഈ വ്യക്തിപരമായ പ്രശ്നങ്ങൾ ബാക്കി നിൽക്കുന്നുണ്ടെങ്കിൽ അവയ്ക്ക് അവയുടെ private space നിലനിർത്തിക്കൊണ്ടുതന്നെ (അങ്ങനെ ആവശ്യമായി വരുകയാണെങ്കിൽ).

ഇന്ന് നാം ഗാന്ധിയെപ്പറ്റി പറയുമ്പോഴും ഇന്നത്തെ നമ്മുടെ ജീവിതവുമായി ബന്ധപ്പെടുത്തിക്കൊണ്ടാണല്ലോ; അല്ലെങ്കിൽ ബന്ധമുള്ളതുകൊണ്ടാണല്ലോ—അങ്ങനേ തോന്നുന്നതുകൊണ്ടാണല്ലോ—നാം അതിനൊരുമ്പെടുന്നത്. അതുകൊണ്ട് ഞാൻ എന്റെ പ്രശ്നങ്ങളിൽനിന്നും തുടങ്ങാം.

ഇന്നോരോ വ്യക്തിയുടെയും ജീവിതം—അല്ലെങ്കിൽ വ്യക്തിപരമായ വിമോചനത്തിന്റെ പ്രശ്നം—രാഷ്ട്രീയവുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നു. വാസ്തവത്തിൽ personal liberation-നും സമൂഹത്തിന്റെ രാഷ്ട്രീയമായ വിമോചനവും ഒറ്റപ്രശ്നമെന്ന നിലയിലാണ് ഞാൻ കണ്ടിരുന്നത്.

പാർട്ടിയിൽ അംഗമാകുന്നതോടെ വ്യക്തിപരമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നുവെന്നും പിന്നീട് ചെയ്യാനുള്ളത് രാഷ്ട്രീയപ്രവർത്തനമാണെന്നും മറ്റുമുള്ള (അത്രമാത്രമാണെന്ന) വികലമായ ധാരണകൾ.



ഇന്നാലോചിക്കുമ്പോൾ, ശബരിമലയ്ക്കു പോകുന്ന ഒരാൾ അയ്യപ്പനുമായി, അല്ലെങ്കിൽ മതവുമായി … identified ആകുന്നപോലുള്ള ഒരു പ്രതിഭാസമായിരുന്നു അതെന്നോർത്ത് ചിരിവരുന്നു. ഒരുതരം രാഷ്ട്രീയമായ മദ്യപാനം. മിക്കവാറും പ്രവർത്തകരും ഇതിനു വിധേയരാണുതാനും.(നിങ്ങളുടെ മദൻമോഹൻ ഈയെടുത്ത് ഡൽഹിയ്ക്കു പോയി, അയാളുടെ ചേട്ടന്റെ അടുത്തേക്ക്).

ഈ negative identification കുറച്ചുകാലങ്ങൾക്കകം തകരുകയും, അതിനുവിധേയരായ ഓരോവ്യക്തികളേയും, നിസ്സഹായതയിലേക്കും അന്തസ്സംഘർഷങ്ങളിലേക്കും നയിക്കുകയും ചെയ്യുന്നു. ഒരു പക്ഷെ മദൻമോഹനും ഇതേ പ്രശ്നങ്ങൾ അഭിമുഖീകരിച്ചിരിക്കണം.

പക്ഷേ ഇന്നേവരെ ആരും ഉത്തരം കണ്ടെത്തിയിട്ടില്ലാത്ത ഒരു political liberation തന്നെയാണിത്. —political liberationന്റെയും personal liberation ന്റേതുമായ വ്യത്യസ്തവും അതേസമയം പരസ്പരം ബന്ധപ്പെട്ടതുമായ ഈ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കുമെന്നത്.

അതേ സമയം C P I (ML) ഒരു ഇരട്ടത്തെറ്റിന്റെ മൂർത്തീകരണമാണ്. വ്യക്തികളുടെ വിമോചനത്തിന്റെ പ്രശ്നം—alienation, fascism-ത്തിന്റെ അടിസ്ഥാനങ്ങൾ, etc. etc.— അതു ഇന്നേവരെ സ്പർശിച്ചിട്ടേയില്ല. അതേസമയം രാഷ്ട്രീയമായി, റഷ്യയ്ക്കും ചൈനയ്ക്കും ശേഷം, അല്ലെങ്കിൽ റഷ്യയും ചൈനയും നിലനില്ക്കുമ്പോൾ തന്നെ ലോകസമ്പദ് വ്യവസ്ഥയിലും രാഷ്ട്രീയ സാഹ

ചര്യങ്ങളിലും ഉണ്ടായിട്ടുള്ള മാറ്റങ്ങളെപ്പറ്റി ശ്രദ്ധചെലുത്താനോ അവയെ അടിസ്ഥാനമാക്കി വിപ്ലവത്തെപ്പറ്റിത്തന്നെയുള്ള കാഴ്ചപ്പാടുകൾ പുതുക്കിപ്പണിയാനോ അവർ തയ്യാറായിട്ടേയില്ല. രാഷ്ട്രീയത്തിൽ sectarian എന്നും dogmatic എന്നുമൊക്കെ പറയുന്നതിന്റെ ഏറ്റവും വികൃതമായ മൂർത്തരൂപമാണത്. എന്നാൽ പുതിയ ഒന്നിനായുള്ള അന്വേഷണത്തിന്റെ ഭാഗമായി അതിലെത്തിപ്പെട്ടവരായി വളരെയധികം നല്ല മനുഷ്യരുണ്ടുതാനും.

മാർക്യൂസ് ഇങ്ങനെയൊക്കെ പറയുന്നു:

'What is the dialectic of liberation with which we here are concerned? It is the construction of a free society, a construction which depends in the first place on the prevalence of the vital need for abolishing the established systems of servitude; and secondly, and this is decisive, it depends on the vital commitment, the striving, conscious as well as sub-and un-conscious, for the qualitatively different values of a free human existence. Without the emergence of such new needs and satisfactions, the needs and satisfactions of free men, all change in the social institutions, no matter how great, would only replace one system of servitude by another system of servitude. Nor can the emergence—and I should like to emphasize this—nor can the emergence of such new needs and satisfactions be envisaged as a mere by-product, the mere result, of changed social institutions. We have seen this, it is a fact of experience. The development of the new institutions must already be carried out and carried through by men with the new needs.'

'... As to needs, I think we have to distinguish between the need for changing intolerable conditions of existence and the need for changing the society as a whole. The two are by no means identical, they are by no means in harmony.'

ഇതോടൊപ്പം ഇന്ത്യയുടെ പ്രത്യേക അവസ്ഥകൂടി നിങ്ങൾ കണക്കിലെടുക്കുക; തനതായ വികാസമുള്ള ഒരു സമൂഹത്തിന്മേൽ പുറമേനിന്ന് തികച്ചും വ്യത്യസ്തവും വികസിതവുമായ ഒരു സമൂഹം (സാമ്രാജ്യത്വശക്തികൾ) ആധിപത്യം ചെലുത്തുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ. കഴിഞ്ഞകാല സ്വാതന്ത്ര്യസമരങ്ങളിൽ ഈ അധിനിവേശക്കാർക്കെതിരെ പോരാടാനുള്ള ഒരു methodology (ശാസ്ത്രീയമായ) വികസിക്കത്തക്കരീതിയിൽ ഇന്ത്യൻ സമൂഹം പുരോഗതി നേടിയിരുന്നില്ല. സാമ്രാജ്യത്വശക്തികളാൽ ഉണർത്തപ്പെട്ടതും അടിച്ചമർത്തലിനു വിധേയവുമായ ഇന്ത്യൻ ദേശീയതയ്ക്ക് അന്ന് അതിന്റെ ധാർമ്മികതകൊണ്ടുമാത്രമേ മർദ്ദകരെ ചെറുക്കാനാവുമായിരുന്നുള്ളൂ; ഗാന്ധി അതിന്റെ മൂർത്തരൂപവും.

വിപ്ലവത്തിന്റെ ദാർശനിക പ്രശ്നങ്ങൾ: കെ. വേണു എഴുതിയ പുസ്തകം. 1980-ൽ സി. പി. ഐ. (എം. എൽ.) പ്രസിദ്ധീകരിച്ചത്. അക്കാലത്തെ പാർട്ടിയുടെ താത്ത്വിക നിലപാടുകൾ വിശദീകരിക്കാൻ ശ്രമിച്ച പുസ്തകം.

ഇന്നാകട്ടെ ഈ ധാർമ്മികത ഒരു പുറന്തോട് മാത്രമായി മാറിക്കഴിഞ്ഞു. ഒരുപക്ഷെ ഇന്ത്യയെപ്പോലെ അഴിമതിയും വൃത്തികേടുകളും നിറഞ്ഞ, പൊയ്മുഖങ്ങൾ ഇത്രയേറെയുള്ള ഒരു രാജ്യം വേറെയുണ്ടാവില്ല. ഈ സാമൂഹ്യാപചയമാകട്ടെ പിന്തിരിപ്പൻ ഫാസിസം (RSS)മുതൽ ഭീകരവാദം (നക്സൽബാരിയുടെ പിൻഗാമികൾ)വരെയുള്ള എല്ലാ വൈകൃതങ്ങളുടെയും വളമായിത്തന്നെ നിൽക്കുന്നു. scientific methodology

ഇല്ലാത്തതിന്റെ എല്ലാ ദൂഷ്യങ്ങളും 'വിപ്ലവത്തിന്റെ ദാർശനികപ്രശ്ന'ങ്ങളിലുമുണ്ട്, 1967-ലെ ഗാന്ധിയാണ് ചാരുമജൂംദാർ എന്നെനിക്കു തോന്നുന്നു. ഇന്ന് സമൂഹത്തിലില്ലാത്ത ഒരു ധാർമ്മികതയെമാത്രം അടിസ്ഥാനമാക്കി എങ്ങനെ ഗാന്ധിക്കു നിലനിൽക്കാനാവും ?

'I want to remind you that flowers, by themselves, have no power whatsoever, other than the power of men and women who protect them and take care of them against aggression and destruction'

പൂക്കളെ സംരക്ഷിക്കാനുള്ള ഈ പ്രവർത്തനങ്ങളുടെ ശരിയായ രൂപങ്ങൾ എന്തൊക്കെയാണെന്ന് ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു. ഞാനെന്തൊക്കെയോ എഴുതുന്നു.

നിങ്ങൾക്കതിൽ ഒരർത്ഥവും തോന്നുന്നില്ലെങ്കിൽ ക്ഷമിക്കുക. ഒരു പക്ഷെ നമ്മുടെ നാട്ടിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള cultural alienation ന്റെ victims ആണ് നാമെല്ലാം. ലോജിക്കലായി ആലോചിച്ചു നോക്കുമ്പോൾ ഭാവി അത്ര വലിയ ശുഭപ്രതീക്ഷക്കൊന്നും വകനൽകുന്നില്ല. ഒരു പക്ഷെ എല്ലാ നന്മകളെയും ചവിട്ടിമെതിച്ചുകൊണ്ട് ഫാസിസത്തിന്റെ/dehumanization ന്റെ കനത്ത ബൂട്ടുകൾ മുന്നോട്ടുപോയേക്കാം. എങ്കിലും, നിന്റെ സ്നേഹം മാത്രം പ്രതീക്ഷിച്ചുകൊണ്ട്,

ദാസ്

ജൂലൈ 18

PS: നിങ്ങൾ ആവശ്യപ്പെട്ട പുസ്തകം കൈമാറിപ്പോയി; മറ്റാരുടേയോ കൈവശമാണിപ്പോൾ.

സുഹൃത്തേ,

നിങ്ങൾ വന്നപ്പോൾ ഞാൻ ഏതെങ്കിലും തരത്തിൽ മോശമായി പെരുമാറിയെങ്കിൽ ക്ഷമിക്കുക. മിക്കവാറും എല്ലായ്പോഴും തന്നെ രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ചാലോചിച്ചു കഴിയുന്നതു കൊണ്ട് ഞാനിപ്പോൾ ഒരു കംപ്യൂട്ടർ പോലെയായിട്ടുണ്ട് എന്റെ പെരുമാറ്റത്തിലും (സ്വഭാവത്തിലും) ആ തകരാറുണ്ടാകും. പക്ഷെ നിങ്ങളുടെ പെരുമാറ്റം (സ്വഭാവം) അതിന്റെ നേരെ എതിരായ രീതിയിലാണ്. വളരെ ഭദ്രമായും വിശുദ്ധിയോടെയുമാണ് നിങ്ങൾ നിങ്ങളുടെ secret self സൂക്ഷിക്കുന്നത്

ഈ പൊരുത്തക്കേടുകൾ ഒക്കെയുള്ളതിനാലാവാം അന്നങ്ങനെ പിരിയേണ്ടിവന്നത്.

ഇങ്ങനെയൊക്കെയായിട്ടും എനിക്കു നിങ്ങളോട് അടുപ്പം തോന്നുന്നതുകൊണ്ട് ഈ കത്ത്. ഇനി മറുപടി എഴുതാതിരിക്കുകയോ എഴുതുകയോ ആകാം —ഇഷ്ടംപോലെ.

സ്നേഹത്തോടെ,

ദാസ്

18-7-81

വെങ്കിടിയ്ക്ക്,

ഗൊദാർദ് അയാളുടെ 2 ou 3 choses que je sais d'elle. എന്ന സിനിമയിൽ ഒരിടത്ത് സ്വന്തം ശബ്ദത്തിൽ ഇങ്ങനെ പറയുന്നുണ്ടത്രേ:

Perhaps an object like this will make it possible to link up… ,to move from one subject to another, from living in society to being together. But then, since social relationships are always ambiguous, since my thought is only a unit, … since an immense moat seperates the subjective certitude that I have for myself from objective truth that I am for others, since! never stop finding myself guilty, even though I feel innocent, since every event transforms my daily life, since I always seem to fail to communicate… since… since since cannot tear away from the objectivity that crushes, nor from the subjectivity that isolates me, since it is'nt possible for me, either to raise myself into Being, nor to fall into No thingness… , it is necessary that I listen, It is necessary that I look around me more than ever… the world… my fellow creatures… my brothers…

എന്നിങ്ങനെ.

ബ്രഹ്മപുത്രൻ,

കത്തുകിട്ടിയിട്ട് കുറെയേറെ നാളായി. മനസ്സിനുതീരെ സ്വസ്ഥതയില്ലാതിരുന്നതു കൊണ്ടാണ് മറുപടി അയക്കാൻ വൈകിയതു്. ചിത്രകലാ പ്രദർശനം കഴിഞ്ഞോ? അതിന്റെ വിശേഷങ്ങളെക്കുറിച്ചും പ്രതികരണങ്ങളെക്കുറിച്ചും വിശദമായെഴുതുമല്ലോ. 'പറങ്കിമല' കണ്ടോ? അതേപ്പറ്റി പൊതുവിലുള്ള അഭിപ്രായമെന്തെന്നറിയാൻ താല്പര്യമുണ്ട്.

ഇതിനിടയ്ക്ക് ഒരു മാസിക തുടങ്ങുന്ന കാര്യം ആലോചനയിൽ വന്നതാണ്. മറ്റുസൗകര്യങ്ങളെല്ലാം ഒത്തുവരികയും ചെയ്തു. പക്ഷെ അതുണ്ടാക്കുന്ന tension നെക്കുറിച്ച് ഓർത്തപ്പോൾ വേണ്ടെന്നുവെച്ചു. രാഷ്ട്രീയജീവിതത്തിലും വ്യക്തിജീവിതത്തിലും ഒരേപോലെ ഇന്റഗ്രിറ്റി നില നിർത്തുക പ്രയാസമാണ്. 'അവസ്ഥ' നിങ്ങൾ മുഴുവൻ വായിച്ചോ? എന്താണഭിപ്രായം?

ഇതിനിടയ്ക്ക് Paulo Freire ന്റെ ഒരു പുസ്തകം കിട്ടി. Pedagogy of the Oppressed വിദ്യാഭ്യാസ ചിന്തകൾതന്നെ.

നിങ്ങളുടെ കോളേജ് മാഗസിനോ ചർച്ചകൾക്കോ ഉപയോഗകരമാകുന്ന കുറേകാര്യങ്ങൾ ഇതിലുണ്ട്. ആവശ്യമെങ്കിൽ ഇങ്ങോട്ടുവരുമ്പോൾ തരാം.

ഹർഷൻ
നിങ്ങളെക്കാണാൻ വരുന്നെന്നു പറഞ്ഞിരുന്നു. കണ്ടിരുന്നോ? സച്ചിദാനന്ദന്റെ പുതിയകവിതകൾ എങ്ങനെ?

4: ഹർഷൻ: പെരിഞ്ഞനത്ത് ദാസിന്റെ അയൽക്കാരനും സുഹൃത്തും. ഇതെഴുതുന്ന കാലത്ത് നാട്ടിൽ സുധ ആയുർവ്വേദിക്സ് എന്ന സ്ഥാപനം തുടങ്ങാനുള്ള ശ്രമത്തിലായിരുന്നു.

അശോകൻ പ്രസ്സ് വാങ്ങിയകാര്യം എഴുതിയിരുന്നല്ലോ. ഇപ്പോൾ അതിന്റെ കെട്ടിടംപണിയിലാണ്. ഓണത്തിനടുത്ത് അത് തുടങ്ങുമെന്നുതോന്നുന്നു. മറ്റുവിശേഷങ്ങൾ പിന്നീട്. നിറുത്തട്ടെ.

സ്നേഹത്തോടെ,

ദാസ്.

1981 ജൂലൈ 30


ഈയാഴ്ച ഞാൻ കോഴിക്കോട്ട് വരുന്നു. സമയവും സൗകര്യവും ഒത്തുകിട്ടിയാൽ അങ്ങോട്ടുവരാം.

സച്ചിക്ക്,

ഞങ്ങൾ ഇന്നലെ അവിടെ വന്നിരുന്നു.

കാണാൻ കഴിഞ്ഞില്ലല്ലോ. പറയാൻ ഉദ്ദേശിച്ച ഒരുകാര്യം സൂചിപ്പിക്കാൻ വേണ്ടി ഈ കത്ത്

മാസികയുടെപ്രശ്നം ചർച്ചചെയ്യാൻ കൂടിയ യോഗം എന്തേ ഇത്ര ഫോർമൽ ആയിപ്പോയി. ഒരു അവസ്ഥയെ transcend ചെയ്തതിന്റെ ഫലമായാണ് നമ്മൾ ഒത്തുകൂടിയതെന്ന് രാജീവൻ പറഞ്ഞല്ലോ.




പക്ഷെ transcendence-നെത്തുടർന്നുണ്ടാവേണ്ട ഐക്യം (സംഘടനാപരമായ യോജിപ്പല്ല, ചില കാര്യങ്ങളിലെങ്കിലും ഏറെക്കുറെ സമാനമായ മാനസികാവസ്ഥ പുലർത്തുന്നുവെന്ന് പരസ്പരം മനസ്സിലാക്കുന്ന, ആത്മനിഷ്ഠമായ അനുഭവങ്ങൾക്കും ആഗ്രഹങ്ങൾക്കുമപ്പുറം പുതിയൊരു സാമൂഹ്യാവബോധത്തിനും മൂല്യരൂപീകരണത്തിനും തുടക്കമിടുന്നതിന്റെ പ്രാരംഭമായുണ്ടാവേണ്ട മാനസികമായ ഒരുമ) അവിടെ പങ്കുകൊണ്ട ആളുകൾ തമ്മിൽ ഉണ്ടായിരുന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കിയത്. വിഭിന്നമണ്ഡലങ്ങളിൽ അനുഭവങ്ങൾ ഉള്ള ആളുകൾ തങ്ങളുടെ അനുഭവങ്ങൾ ഫോർമൽ ആയല്ലാതെ പരസ്പരം പങ്കുവെക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നതിലൂടെ മാത്രമല്ലേ നമുക്ക് sectarianism-ത്തെയും dogmatism-ത്തെയും അതിജീവിക്കാനാവുകയുള്ളൂ? ഇന്നത്തെ അന്തരീക്ഷം ആവശ്യപ്പെടുന്ന വിധത്തിൽ മാസികയുടെയും (വ്യക്തികളുടെയും) creativity-യ്ക്കു തുടക്കമിടാൻ അപ്പോൾ മാത്രമല്ലേ നമുക്കു സാദ്ധ്യമാകുകയുള്ളൂ? എഴുപതുകളിൽ കലാ-സാഹിത്യരംഗത്തു

നിങ്ങൾ ചെയ്ത പ്രവർത്തനത്തിൽ നിന്ന് വിഭിന്നമായ സമീപനരീതി ഇന്നാവശ്യമാണെന്ന് തോന്നുന്നു. ഞാൻ discussion എന്നു പറഞ്ഞപ്പോളുദ്ദേശിച്ചത് താത്ത്വിക ചർച്ചകളെയല്ല; അനുഭവങ്ങളെ താത്ത്വികമായിക്കൂടി പങ്കിടാനുള്ള ഒരു ശ്രമത്തെയാണ്. ഉള്ളുതുറന്നു സംസാരിക്കാൻ അന്ന് പലരും(രാജീവനടക്കം ) മടിക്കുന്നതുപോലെ തോന്നി.

എഴുപതുകളിലെ കലയും സാഹിത്യവും അന്നത്തെ മരവിച്ച അവസ്ഥയെ മറികടക്കാൻ എന്നെ സഹായിച്ചിട്ടുണ്ട്—അതുപോലെ, പ്രത്യയശാസ്ത്രം എന്ന നിലയിൽ മാർക്സിസവും സംഘടന എന്ന നിലയിൽ പാർട്ടിയും എന്നെ സഹായിച്ചിട്ടുണ്ട്. പക്ഷെ ഇന്ന് ഇവ മൂന്നിനോടുമുള്ള എന്റെ സമീപനത്തിൽ ഗുണപരമായിത്തന്നെ മാറ്റമുണ്ടായിട്ടുണ്ട്.

വളരെ സാമാന്യമായിട്ടെങ്കിലും ഇതേ അനുഭവങ്ങൾ പങ്കിടുന്ന മറ്റു പലരുമുണ്ടെന്നും ഞാൻ മനസ്സിലാക്കുന്നു. പക്ഷേ വീണ്ടും ജീവിതത്തെ അഭിമുഖീകരിക്കാൻ ശ്രമിക്കുമ്പോൾ പഴയകാര്യങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തേണ്ടി വരുന്നു. ഉദാഹരണത്തിന്, പാർട്ടി അസംബന്ധമാണെന്നു പറയുമ്പോൾ (പാർട്ടിയ്ക്ക് തെറ്റുകളും കുറവുകളും ഉണ്ടെന്നോ, അവ തിരുത്തപ്പെടാവുന്നവയാണെന്നോ ഞാൻ കരുതുന്നില്ല.) പക്ഷെ ഇന്നത്തെ പാർട്ടി അശാസ്ത്രീയവും അസംബന്ധവുമായിരിക്കെത്തന്നെ അത് സമകാലിക സമൂഹത്തിന്റെ അസ്തിത്വസംബന്ധിയായ സത്യത്തെക്കൂടി പ്രതിഫലിപ്പിക്കുന്നില്ലേ?) അതെന്തുകൊണ്ട് ആ രൂപത്തിൽ നിലനിൽക്കുന്നുവെന്ന് ദാർശനികമായും സാമൂഹ്യശാസ്ത്രപരമായും മനസ്സിലാക്കപ്പെടേണ്ടതുണ്ട്. അതല്ലെങ്കിൽ, നമ്മുടെ നാട്ടിൽ വർദ്ധിച്ച വരുന്ന രാഷ്ട്രീയവും വർഗ്ഗീയവുമായ കൊലപാതകങ്ങൾ (മേലൂർ, R. S. S.–C. P. M. സംഘട്ടനം, കേണിച്ചിറ etc.) എന്തുകൊണ്ട് സംഭവിക്കുന്നുവെന്ന് മനസ്സിലാക്കേണ്ടിവരുന്നു.

മേലൂർ, കേണിച്ചിറ: മേലൂർ, തൃശ്ശൂർ ജില്ലയിൽ കൊടകരയ്ക്കടുത്ത പ്രദേശം. സി. പി. ഐ. (എം. എൽ.) പ്രവർത്തകരും സി. പി. ഐ.(എം.) പ്രവർത്തകരും നിരന്തരം സംഘർഷത്തിലേർപ്പെട്ടിരുന്ന അക്കാലത്ത്. വയനാട് ജില്ലയിലെ കേണിച്ചിറയിലാണ് സി. പി. ഐ. (എം. എൽ.) അക്കാലത്തെ പ്രധാന രാഷ്ട്രീയ മുന്നേറ്റമായിക്കണ്ട രണ്ടു കൊലപാതകങ്ങൾ നടന്നത്. വയനാട് ജില്ലാ സെക്രട്ടറിയായിരുന്ന ദാസിന് ഈ കൊലപാതകങ്ങളിൽ നേതൃത്വപരമായ പങ്കുണ്ടായിരുന്നു.

അല്ലെങ്കിൽ കേരള മന്ത്രിസഭയിൽ ഈയടുത്തയിടെ സംഭവിച്ച മാറ്റങ്ങൾ പഠിക്കേണ്ടിവരുന്നു. പോപ്പുലർ സിനിമകൾ സാമൂഹ്യജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം വിശകലനം ചെയ്യപ്പെടേണ്ടിവരുന്നു. കലാ-സാഹിത്യരംഗത്ത് പൊതുവെയുള്ള മരവിപ്പിന്റെ കാരണം പഠനവിധേയമാക്കേണ്ടി വരുന്നു.

ഈ മണ്ഡലങ്ങളിൽ (ഏതെങ്കിലുമൊന്നിൽ) ഇന്ന് സ്വാധീനം ചെലുത്തുന്ന, നിലവിലുള്ള ധാരണകളെയും മൂല്യങ്ങളെയും നമുക്ക് (മാസികയ്ക്ക്) സൃഷ്ടിപരമായി അതിലംഘിക്കാൻ കഴിഞ്ഞാൽ മാത്രമേ മാസികയ്ക്ക് അതിന്റെ പ്രധാനകർമ്മം നിർവ്വഹിക്കാനാവൂ എന്ന് ഞാൻ കരുതുന്നു. ഇത്തരം സമൂർത്തപ്രശ്നങ്ങളിൽ നിന്ന്, കലാപത്തിനുശേഷവും, രാജീവനെപ്പോലുള്ളവർ അകന്നുനിൽക്കുന്നത് എന്തുകൊണ്ടാണ് ?

ഖസാക്കിന്റെ ഇതിഹാസത്തിന്റെ ആത്മനിഷ്ഠമായ പരിമിതികളെ അതിജീവിക്കുന്ന മഹത്തായ ഇതിഹാസങ്ങളുടെ കാലം വരുമെന്ന പ്രതീക്ഷകളോടെ,

സ്നേഹത്തോടെ,

സുബ്രഹ്മണ്യദാസ്

30-11-1981

കുടക്കര, പെരിഞ്ഞനം

സുഹൃത്തെ,

നിങ്ങൾ എന്തേ മറുപടി അയച്ചില്ല? അടുത്തൊന്നും കത്തയച്ചില്ല?

SARTRE-ന്റെ രചനകളുടെ സമാഹാരം നിങ്ങളുടെ കൈവശം ഉണ്ടെന്നു പറഞ്ഞിരുന്നില്ലേ? അതൊന്ന് അയച്ചുതരാമോ? വായിച്ചതിനുശേഷം കഴിയുംവേഗം വീട്ടിൽ തിരിച്ചേല്പിക്കാം.

നിങ്ങളുടെ പക്കൽനിന്നും മുൻപു വാങ്ങിച്ചവ തിരിച്ചേല്പിച്ചിരുന്നു. 'Sarte by Himself' എന്ന പേരിൽ അയാളുടെ autobiographical film script ഈയിടെ വായിച്ചു. അപ്പോഴാണ് നിങ്ങളുടെ കൈവശമുള്ള പുസ്തകം വായിക്കണമെന്നു തോന്നിയത്.

പുതിയ മാസിക—ഉത്തരം—ജനുവരി അവസാനത്തോടെ പുറത്തിറക്കുമെന്നാണ് കരുതുന്നത്. Bi-monthly. ജനറൽ എഡിറ്റർ സച്ചിദാനന്ദൻ.

കഴിഞ്ഞമാസം ഞാൻ Gandhi-യുടെ ആത്മകഥ വായിച്ചു. നമ്മൾ കഴിഞ്ഞതവണ കണ്ടുപിരിഞ്ഞതിൽ പിന്നീട് ഞാൻ ആശയപരമായി വളരെയേറെ മാറിയിട്ടുണ്ട്. ഇനി കാണുമ്പോൾ പറയാം.

കഴിഞ്ഞതവണ വന്നിട്ട് നിങ്ങളെന്തേ ഇങ്ങോട്ടുവന്നില്ല?

മറ്റുകാര്യങ്ങൾ നിങ്ങൾ മറുപടി അയക്കുമെങ്കിൽ മാത്രം.

സ്നേഹത്തോടെ,

ദാസ്

സച്ചിദാനന്ദന്റെ (മാതൃഭൂമിയിലെ) പുതിയ കവിത എങ്ങിനെ?

സുഹൃത്തേ,

കത്ത് ഇന്നാണ കിട്ടിയത്.

നിങ്ങൾ എന്നാണ് ഇങ്ങോട്ടു വരുന്നതെന്ന് അറിയിക്കുമല്ലോ ഞാൻ കുറച്ചുദിവസം എങ്ങോട്ടെങ്കിലും പോകാനുദ്ദേശിക്കുന്നു.

ഇനിയിപ്പോൾ നിങ്ങൾ വന്നിട്ടേ പോകുന്നുള്ളൂ.

അതിനിടയ്ക്ക് ബാലുവിനെ കാണുന്നുമില്ല. അറിയിക്കുമല്ലോ. വരുമ്പോൾ നിങ്ങളുടെ കവിതകൾ എനിക്കു തരണം. മറക്കരുത്. കഴിഞ്ഞ ഒരു കൊല്ലം എന്നെ സംബന്ധിച്ചിടത്തോളം തീവ്രമായ മാനസിക സംഘർഷങ്ങളുടെ കാലമായിരുന്നു. വൈകാരികമായും താത്വികതലത്തിലും ഇപ്പോൾ അതൊക്കെ അതിജീവിച്ചു. മനസ്സിന് ഒരുതരം ശാന്തിയും സ്വസ്ഥതയുമുണ്ട്. മുമ്പൊക്കെ മാർക്സിസവും ജീവിതവും (ലളിതമായി പറഞ്ഞാൽ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയും ഖസാക്കിന്റെ ഇതിഹാസവും) എന്റെയുള്ളിൽ പരസ്പരം കൂടിചേരാത്ത രണ്ടു തുരുത്തുകളായിരുന്നു.

ഇങ്ങനെയൊന്നുമല്ല അതു പറയേണ്ടത് .

എന്തായാലും ഇപ്പോൾ അതൊക്കെ പുതിയൊരു രീതിയിൽ, സംഘർഷങ്ങളില്ലാത്ത വിധത്തിൽ കാണാനാവുന്നുണ്ട്. ഇങ്ങനെയൊന്നുമല്ല ഇതെഴുതേണ്ടത്.

പക്ഷേ ഇപ്പോൾ നിങ്ങൾക്കെഴുതുമ്പോൾ ഇങ്ങനെയെ പറയാനാവുന്നുള്ളൂ . നിങ്ങൾക്കു താല്പര്യമുള്ള ഒരു കാര്യം പറയാം CPI (ML) ന്റെ ഒരു സജീവപ്രവർത്തകൻ, ഒരർത്ഥത്തിൽ പാർട്ടി ലൈനിന്റെ നേരെ എതിരായ ഒരു നിലപാട്—നിങ്ങളൊക്കെ പലപ്പോഴും പറയാറുള്ളതിനോട് സാമ്യമുള്ള നിലപാട്—സ്വീകരിച്ചിരിക്കുന്നു. അയാളുടെ ഒരു ലേഖനം രണ്ടാഴ്ചമുമ്പുള്ള മാതൃഭൂമി വാരാന്ത്യപ്പതിപ്പിൽ —മണി മുഴങ്ങുന്നതാർക്കുവേണ്ടി? കെ.രാമചന്ദ്രക്കുറുപ്പ്, വന്നിട്ടുണ്ട്. വായിച്ചുനോക്കൂ.

കിട്ടിയില്ലെങ്കിൽ ഞാൻ തരാം. രാഷ്ട്രീയവും ധാർമ്മികതയും തമ്മിലുള്ള ബന്ധം ആണ് മുഖ്യപ്രതിപാദ്യം.

സാർത്രിന്റെ പുസ്തകം നിങ്ങൾ വരുമ്പോൾ കൊണ്ടുവന്നാൽ മതി. ബുദ്ധമതത്തെപ്പറ്റി ഏതെങ്കിലും നല്ല പഠനങ്ങൾ കൈയ്യിലുണ്ടോ? ഇതിനിടയ്ക്ക് വായിച്ച ഒരു നോവൽ എനിക്കിഷ്ടമായി—മണിക് വന്ദ്യോപാദ്ധ്യായയുടെ പാവകളിയുടെ കഥ.

എഴുതുമല്ലോ.

സ്നേഹത്തോടെ,

സുബ്രഹ്മണ്യദാസ്

21-12-1981

ബ്രഹ്മപുത്രന്

'ഉത്തരം' ജനവരി അവസാനം പുറത്തിറക്കത്തക്കവിധത്തിൽ പ്രവർത്തനങ്ങൾ നടക്കുന്നു. സച്ചിദാനന്ദനാണ് ജനറൽ എഡിറ്റർ. അച്ചടി മിക്കവാറും ഇവിടെയായിരിയ്ക്കും.

ദ്വൈമാസികയായിട്ടാണ്. കോപ്പിക്ക് മൂന്നുരൂപ. അറുപതിനടുത്ത പേജുകൾ. സച്ചിദാനന്ദൻ, രാജീവൻ, കവിയൂർ ബാലൻ etc. തുടങ്ങിയവരുടെ ഉത്തരവാദിത്തത്തിലായിരിക്കും മാസികയുടെ നടത്തിപ്പ്. വിവരങ്ങളൊക്കെ ഇതിനകം അറിഞ്ഞുകാണുമെന്നു കരുതുന്നു.

നിങ്ങളുടെ മാസികയുടെ പ്രവർത്തനങ്ങളൊക്കെ എന്തായി? ഹർഷനും നിങ്ങളും തമ്മിൽ കണ്ടിരുന്നുവെന്ന് ഇടയ്ക്ക് അവൻ ഇവിടെ വന്നപ്പോൾ പറഞ്ഞിരുന്നു.

കേരളവർമ്മയിലെ ചിലർ ചേർന്ന് 'മൗനം' എന്ന പേരിലൊരു ലഘുലേഖ ഈയിടെ പുറത്തിറക്കി. സി. ആർ. പരമേശ്വരന്റെ രണ്ടുലേഖനങ്ങളും ശങ്കരപ്പിള്ളയുടെ കവിതയുമാണ്(കഷണ്ടി) ഉള്ളടക്കം.

അവിടത്തെ വിശേഷങ്ങളെന്തൊക്കെ?

സ്നേഹത്തോടെ,

സുബ്രഹ്മണ്യദാസ്

3.12.1981

സുഹൃത്തേ,

നിങ്ങൾ പറയുന്ന കുറ്റബോധം എനിക്കു മനസ്സിലാകുന്നേയില്ല. ഒന്നുകിൽ നിങ്ങൾ സ്വയം സൃഷ്ടിച്ച ഒരു മിഥ്യയോ അല്ലെങ്കിൽ ഫോർമാലിറ്റിയുടെ മറ്റൊരു രൂപമോ ആയിരിക്കണം അത്. അല്ലെങ്കിൽ മറ്റെന്താണെന്ന് നിങ്ങളെനിക്കു വ്യക്തമാക്കിത്തരേണ്ടിയിരിക്കുന്നു. ഇരിഞ്ഞാലക്കുടവരെ വന്നിട്ട് നിങ്ങൾ തിരികെപോയതെന്തിന്?

കാര്യങ്ങളെ ഞാൻ മനസ്സിലാക്കുന്നതിങ്ങനെയാണ്:

നിങ്ങൾ സ്വയംസൃഷ്ടിച്ച മിഥ്യാധാരണകളുടെ shell-നുള്ളിൽ തൽക്കാലം നിങ്ങൾ സുരക്ഷിതനാണ്. അതിനപ്പുറം കാര്യങ്ങളെ അഭിമുഖീകരിക്കാൻ നിങ്ങൾ തയ്യാറുമല്ല. വാസ്തവത്തിൽ സ്വാഭാവികമായ വികാര-വിചാരങ്ങൾവരെ പ്രകടിപ്പിക്കാൻ നിങ്ങൾ തയ്യാറുമല്ല. അതിന് കുറ്റബോധമെന്നല്ല പറയുന്നത്.

ഇക്കാര്യങ്ങൾ വ്യക്തമാക്കിയിട്ടേ മറ്റുപ്രശ്നങ്ങളെക്കുറിച്ച് നിങ്ങൾക്കെഴുതുന്നുഴുതുന്നുള്ളൂ. അല്ലെങ്കിൽ നിങ്ങളുടെ സത്യസന്ധത എനിക്കു ബോധ്യമാകില്ല, നിങ്ങൾ മുൻപു വാഗ്ദത്തം ചെയ്തിരുന്നിട്ടുപോലും ഗാന്ധിയെക്കുറിച്ച് നിങ്ങളെഴുതിയ കുറിപ്പുകൾ എന്തേ എനിക്കെത്തിച്ചുതന്നില്ല?

സ്നേഹത്തോടെ

ദാസ്

P.S. ഫാസിസത്തെക്കുറിച്ചുള്ള Anthologyയും പോളൊഫ്രെയറുടെ പുസ്തകവും അയച്ചുതരാമോ?

Bruce Brown എന്നൊരാളുടെ *Marx, Freud and the Critique of Everyday Life* എന്ന പുസ്തകം കിട്ടുമെങ്കിൽ സംഘടിപ്പിച്ചു വായിക്കുക. Monthly Review Press-ന്റേതാണ്.

നല്ലൊരനുഭവമായിരിക്കും. ക്ലാസിക്കൽ മാർക്സിസ്റ്റുകൾ ശ്രദ്ധിക്കാത്ത മാർക്സിസത്തിന്റെ പുതിയ മുഖം.

> ‘In the current stage of development of repressive society, even the Self itself has become problematic within this society each individual is non-identical with her/himself. In place of the former unity, unity of the self, there is only a succession or even a simultaneity of fragmentary perceptions in a fragmentary environment.
>
> Under these circumstances, the unification of individual experiences within a frame work capable of giving them meaning is rendered even more difficult, if not impossible. The individual unable to find a means of identifying him/herself within the frame work of segmented experience in which family, home, work, leisure, consumption, politics etc. are all divided up—becomes even farther removed from a dialectical

comprehension in creative praxis: Through a systematisation of confusion as Andre Breton might have called it, the individual must discover the hidden principles of order underlying a chaotic existence.

'An enormous amount of energy is available for this task for the terms of survival defined by this society the unconditional surrender of the Self to the logic of bureaucratic power, the individuals acquiescence in his/her own dismemberment, the endless pursuit of Pseudo-gratification by which the consumer is him/herself consumed—make every day existence impossible to tolerate and lead a growing number of people into a total refusal of this reductive fragmentation. However this refusal and the aspirations toward subjective autonomy and toward a restoration of the essential wholeness of the self—which it implies. Come up against the total mobilisation of the repressive society's formidable powers of containment and manipulation. Under these circumstances, they are foredoomed to failure unless they succeed from the very start in breaking free of the 'blockade' imposed upon them by the system's success in maintaining the maximum isolation of the individual. Otherwise, the creative energies released by this refusal confined to the monadic solitude of the individual imagination, can only find an outlet in fantasy as the individual attempts to discover his/her Self through an inward journey—A journey which lead to passivity or even madness. As Murry Bookchin has put it, to drop out in this sense is to 'Drop in'.

—Bruce Brown

സുഹൃത്തെ,

ഗാന്ധിയൻ കുറിപ്പുകളും സത്യസന്ധതയും തമ്മിൽ ഞാൻ ബന്ധപ്പെടുത്തിയില്ലല്ലോ; അത് നിങ്ങളുടെ തെറ്റിദ്ധാരണയാണ്–

ഞാൻ വഴികണ്ടെത്തിയെന്ന നിങ്ങളുടെ തെറ്റായ സൂചന പോലെത്തന്നെ. നിലവിലുള്ള കാര്യങ്ങളോടുള്ള വിയോജിപ്പ് പൊതുവിൽ നാമെല്ലാം ഒരേപോലെ പങ്കിടുന്നതല്ലേ?

ഞാൻ പാർട്ടി വിടാനുള്ള കാര്യങ്ങൾ നിങ്ങളോട് സൂചിപ്പിച്ചിരുന്നു എന്നാണോർമ്മ.

എന്നിട്ടും നിങ്ങൾ കുറ്റബോധത്തെപ്പറ്റി പറയുമ്പോൾ, എനിക്കതു മനസ്സിലാക്കാനാവുന്നില്ല. അല്ലെങ്കിൽ, അക്കാര്യം വിട്ടുകളയുക.

ഗാന്ധി ഏതുതരത്തിൽ വ്യത്യസ്തമായ ഒരനുഭവമായി തോന്നിയെന്ന് പറയാമോ? അല്ലെങ്കിൽ ആനന്ദ് പറയുന്ന ഇക്കാര്യങ്ങളെക്കുറിച്ച് നിങ്ങളുടെ പ്രതികരണങ്ങളെഴുതു: ഗാന്ധിയൻ പ്രസ്ഥാനം ചലനാത്മകമായിരുന്നു: ഒരർത്ഥത്തിൽ. അല്ലെങ്കിൽ മറ്റുഭീകരപ്രസ്ഥാനങ്ങളെക്കാളെങ്കിലും വിപ്ലവപരവുമായിരുന്നു. വൈഷ്ണവതയിൽ കുടുങ്ങിപ്പോയി എന്നതായിരുന്നില്ല ഗാന്ധിസത്തിനുപറ്റിയ തെറ്റ്.

ഗാന്ധിസം സ്വീകരിച്ച വൈഷ്ണവതയുടെ സമൂഹപരത ആവശ്യമായിരുന്നു. അതു നേടിയിടത്തോളം ധാർമ്മികതയും. വാസ്തവത്തിൽ ഇന്ത്യയിൽ ഇന്ന് ഏതെങ്കിലും വിധത്തിൽ ധാർമ്മികബോധം നിലനിൽക്കുന്നുണ്ടെങ്കിൽ അതിന് നാം ഗാന്ധിയൻ പ്രസ്ഥാനത്തോടു കടപ്പെട്ടിരിക്കുന്നു. ഗാന്ധിസം വിസ്മരിക്കപ്പെടാൻ കാരണം അത് യുക്തിപരവും ശാസ്ത്രീയവും ആയ രീതിക്കുപകരം ധാർമ്മികതയെ മാത്രം അവലംബിച്ചതായിരിക്കും.

കത്തെഴുമ്പോൾ ഞാൻ ഒരു condition-ഉം വെക്കുന്നില്ലല്ലോ.

നിങ്ങൾ പ്രതികരിക്കുമെന്നു കരുതുന്നതുകൊണ്ട് എഴുതുന്നു. മറിച്ചുതോന്നുന്നെങ്കിൽ ക്ഷമിക്കുക.

സ്നേഹത്തോടെ

ദാസ്

P.S. പുസ്തകങ്ങൾ കിട്ടി. പോളൊ ഫ്രയർ കൊള്ളാം.

സുഹൃത്തേ,

'അവസ്ഥയുടെ' അവസാനം എന്തേ നിങ്ങൾക്കിഷ്ടമായില്ലെന്നു പറഞ്ഞു? നിങ്ങൾ ഒരേകാന്തഗോപുരത്തിൽത്തന്നെയാണെന്നു തോന്നുന്നു. അക്കാര്യത്തിൽ നാം തമ്മിലുള്ള പൊരുത്തക്കേടുകൊണ്ടുതന്നെയാവാം, നിങ്ങളുടെ കഴിഞ്ഞ കത്തുമായി എനിക്കൊട്ടും പൊരുത്തപ്പെടാനാവുന്നില്ല.

ചില കാര്യങ്ങളിൽ നിങ്ങൾ പുലർത്തുന്ന ഈ absolute idealisation കൊള്ളില്ല. ഒരു രസവുമില്ലാത്ത പരിപാടിയാണത്. ഇനിയും അതുപോലുള്ള സൃഷ്ടികൾ അയച്ചുതന്നാൽ ഞാനതു വല്ല പ്രസിദ്ധീകരണങ്ങൾക്കും അയച്ചുകൊടുക്കും. ഇതുതന്നെ ആർക്കെങ്കിലും അയച്ചു കൊടുത്താലോ എന്നാലോചിക്കുന്നു.

അല്ലെങ്കിൽ ഒരുപക്ഷെ നമ്മുടെ വീക്ഷണങ്ങൾ തമ്മിലുള്ള പൊരുത്തക്കേടുകൊണ്ടാവാം. നിങ്ങളെ സംബന്ധിച്ചിടത്തോളം വ്യക്തിയാണ് പ്രധാനം.

സ്വയം ഉള്ളടങ്ങിയ ഒരുതരം വ്യക്തി. ഞാനിതുമായി യോജിക്കില്ല. എന്നെ സംബന്ധിച്ചിടത്തോളം ഏതൊരു വ്യക്തിയേക്കാളും പ്രാധാന്യം ബന്ധങ്ങൾക്കാണ്.

ലോകത്തുള്ള സൃഷ്ടിപരമായ ഒരേയൊരു കാര്യവും ജീവിതത്തിൽ പ്രതീക്ഷ നിലനിർത്തുന്ന ഒരേയൊരു കാര്യവും ബന്ധങ്ങൾ മാത്രമാണ്.

വ്യക്തിയുടെ നീതിയെക്കുറിച്ച് എനിക്കാലോചിക്കാനേ വയ്യ; ബന്ധത്തിന്റെ നീതിമാത്രം. (ഒരു പക്ഷേ, നമ്മുടെ ജീവിതവീക്ഷണങ്ങൾ തമ്മിലുള്ള വ്യത്യാസം കൊണ്ടാവാം). അവസ്ഥ ഈ പ്രശ്നങ്ങൾ കുറെയെങ്കിലും വിശകലനം ചെയ്യുന്നുണ്ടല്ലോ; പക്ഷേ വലിയൊരു ഇതിഹാസത്തിന്റെ ഭാഗം മാത്രമേ ആകുന്നുള്ളു അത്. ഈയിടെ പറങ്കിമല എന്നൊരു സിനിമ കണ്ടു. നിങ്ങൾ അതു കണ്ടാൽ അതേപ്പറ്റിയുള്ള അഭിപ്രായം അറിയിക്കണം. സച്ചിദാനന്ദന്റെ കവിത—വേനൽമഴ പുതിയ പ്രേരണയിലുണ്ട്. സനൽദാസിന്റെ ആത്മഹത്യയെക്കുറിച്ച്.

'മൃണ്മയമായ ശരീരത്തിന്റെ സുഖാന്വേഷണങ്ങളും ഹിരണ്മയമായ ആത്മാവിന്റെ അർത്ഥാന്വേഷണങ്ങളും അവന്റെ കപ്പലിന്റെ അണിയവും

പാമരവും നെടുകെ പിളർന്നു.'

എന്നൊക്കെയുള്ള വരികൾ. ഞാനൊരു മാസിക തുടങ്ങുന്ന കാര്യം പറഞ്ഞിരുന്നല്ലോ—അത് വേണ്ടെന്നുവെച്ചു.

മറ്റു സൗകര്യങ്ങളൊക്കെ ഒത്തതാണ് (അശോകൻ ഒരു സിലിണ്ടർ പ്രസ്സ് വാങ്ങിയിരിക്കുന്നു—ഇവിടെ തന്നെ). പക്ഷെ അതിന്റെ tension താങ്ങാൻ വയ്യ. രാഷ്ട്രീയ ജീവിതത്തിലും വ്യക്തി ജീവിതത്തിലും ഒരു പോലെ ഇന്റഗ്രിറ്റി കാത്തു സൂക്ഷിക്കാൻ വലിയ ബുദ്ധിമുട്ടാണ്. വില്യംറീഷിന്റെ പുസ്തകത്തെക്കുറിച്ചുള്ള അഭിപ്രായം പറയുക. ഞാനത് മുൻപ് വായിച്ചതാണ്.

കെ.പി. അപ്പന്റെ പുതിയ ലേഖനത്തിലെ വാക്ക് 'ശിഥിലസമാധി' കൊള്ളാം. ഇപ്പോൾ മഴയില്ല.

കുറച്ചുമുമ്പ് മഴപെയ്തിരുന്നു. നിറുത്തട്ടെ.

സ്നേഹത്തോടെ, ദാസ്.

നിങ്ങളുടെ പുതിയ കത്ത് ഇപ്പോൾ കിട്ടി. നിങ്ങൾ വിശദമായെഴുതു. നിങ്ങൾ ഇപ്പോൾ വായിക്കുന്ന പുസ്തകങ്ങളെക്കുറിച്ചെഴുതാമോ? ഗാന്ധിയെക്കുറിച്ചുള്ള ആ കുറിപ്പുകളോ? ഞാനിതൊക്കെ എഴുതിയെഴുതി നിങ്ങളെ manipulate ചെയ്യുകയല്ല എന്നതിന് എന്താണുറപ്പ്?

എനിക്കായി ഒരു പുസ്തകം അന്വേഷിക്കാമോ? Marx, Engels: *Pre-capitalist Socio-Economic Formations* ഇങ്ങനെയൊരു പുസ്തകമുണ്ടെന്ന തന്നെ അറിയുന്നത് ഈയടുത്തയിടെയാണ്. ഇന്ത്യയെക്കുറിച്ചുള്ള പഠനങ്ങൾക്ക് അതു സഹായകരമാകും എന്നു കരുതുന്നു. ഒരുപക്ഷെ സമാഹാരമാകും. റഷ്യക്കാരുടെ പ്രസിദ്ധീകരണമാണ്. പിന്നെ, Samar Amin എന്നൊരു സമ്പദ്ശാസ്ത്രകാരനെപ്പറ്റി പറഞ്ഞുകേൾക്കുന്നുണ്ട്. ഈയിടെ underdevelopment നെയും Neo-Colonialism-ത്തെയും കുറിച്ചൊക്കെ എഴുതുന്നയാൾ. അയാളുടെ വല്ലതും വായിച്ചിട്ടുണ്ടോ ?

നിങ്ങൾ ഏതെങ്കിലുമൊരു വിഷയത്തിൽ creative ആയി പഠനം നടത്താമോ? ശ്രമിച്ചു നോക്കു, എങ്കിൽ എനിക്കേറ്റവും സന്തോഷമാകും. ഏറ്റോ ?

സുഹൃത്തേ,

കത്തും പുസ്തകവും കിട്ടി. ലൂക്കാച്ചിന്റെ ഒരു ഗംഭീരസാധനമാണ്. ലോക കമ്മ്യൂ: പ്രസ്ഥാനത്തിനകത്ത് ഇന്നു നടക്കുന്ന തരംതാണ ആശയസമരങ്ങളെ അതിജീവിച്ചുകൊണ്ട് മാർക്സിസത്തിനുതന്നെ പുതിയൊരു മാനം നൽകാൻ അതിനു കഴിയുമെന്നു തോന്നുന്നു. വ്യക്തിപരമായി എന്റെ തന്നെ ഒരു പാട് പ്രശ്നങ്ങൾ പരിഹരിക്കാൻ അതു സഹായിച്ചു. എന്റെ ആശയപരമായ മാറ്റങ്ങൾ വ്യക്തമാക്കാൻ ലൂക്കാച്ചിന്റെ തന്നെ വാക്കുകൾ ഉപയോഗിക്കട്ടെ.

'the essential point of the new method: the manner and direction of the abstraction and though experiments are not determined by epistomological or methodological (and least of all logical) standpoint but by the thing itself, ie. the ontological nature of the material in question.'

വേണുവിന്റെ പുസ്തകം (വിപ്ലവത്തിന്റെ ദാർശനികപ്രശ്നങ്ങൾ) നിങ്ങൾ വായിച്ചില്ലല്ലോ. അതിലെ അനിവാര്യതയും യാദൃച്ഛികതയും എന്ന അദ്ധ്യായത്തിൽ വളരെ മൗലികമായ പല കാര്യങ്ങളും അയാൾ പറയുന്നുണ്ട്. പക്ഷെ വർഗ്ഗസമരത്തെക്കുറിച്ചൊക്കെ പറയുമ്പോൾ അയാൾ പള്ളി പ്രസംഗത്തിലേക്കു നീങ്ങുന്നു) 'ദാർശനികപ്രശ്നങ്ങ'ളുടെ ഈ പൂർവ്വാപരവൈരുദ്ധ്യത്തിനു കാരണം.

—അതൊക്കെ പോകട്ടെ! താനന്ന് ഒന്നും പറഞ്ഞില്ലല്ലോ... ആ കഥ മുഴുപ്പിച്ചോ? നീയെന്തൊക്കെയാണ് ആലോചിക്കുന്നത് എന്ന് എഴുതുക. കോസംബിയുടെ ആ പുസ്തകം കൊള്ളുകയില്ല. അതൊരു വരണ്ട സാധനമാണ്. തനിക്കെന്താ മാർക്സിസത്തിനോട് ഈയിടെയിത്ര ചായ്വ് കൂടാൻ? ഗാന്ധിയെ മനസ്സിലാക്കാൻ (മാർക്സിസ്റ്റുകൾക്ക്) ലൂക്കാച്ചിന്റെ മുകളിൽ കൊടുത്ത ഉദ്ധരണിയല്ലേ സഹായിക്കുകയുള്ളൂ? കഴിഞ്ഞ ലക്കം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്ന കൽപ്പറ്റ നാരായണന്റെ ലേഖനത്തിലെ ഒരു വരി എനിക്കിഷ്ടമായി: ജി. കുമാരപിള്ളയെക്കുറിച്ച് പറയുമ്പോൾ... വ്യക്തികളോട് സ്വകാര്യമായി സമൂഹത്തെക്കുറിച്ചപവാദം പറയുന്ന... എന്ന വരി. നിങ്ങളെന്തെങ്കിലും എഴുതുകയോ പറയുകയോ ചെയ്തിട്ട് എത്ര കാലമായി. അതുകൊണ്ട് ഇനി നിങ്ങൾക്ക് പറയുവാനുള്ള സമയമാണ്. അതു കഴിഞ്ഞിട്ടേ ഞാനിനി ഒരക്ഷരമെങ്കിലും മിണ്ടുന്നുള്ളൂ. നീയെന്തൊക്കെയാണു ആലോചിക്കുന്നതെന്നെഴുതുക. മുഴുവനും എഴുതണം

സ്നേഹത്തോടെ

ദാസ്.

വെങ്കിടിയ്ക്ക്,

പുസ്തകങ്ങൾ കിട്ടി.അതിനൊപ്പം നിങ്ങളുടെ ഒരു കത്തെങ്കിലും കാണുമെന്നു കരുതി ഇത്രയും ദിവസം കാത്തു. നിങ്ങൾ അവസാനമയച്ച കത്തിനെക്കുറിച്ചാണെങ്കിൽ അതിലെ ഒരക്ഷരം പോലും എനിക്കു മനസ്സിലായില്ല. എന്താണ് നിങ്ങൾ അതിലുദ്ദേശിച്ചിരിക്കുന്നതെന്നു പറയൂ-ബുദ്ധിമുട്ടാവില്ലെങ്കിൽ.

*Crowds and Power* വായിച്ചു. ഞാൻ പ്രതീക്ഷിച്ചപോലുള്ള ഗുണമൊന്നും അതിനില്ലായിരുന്നു. അതിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾ തന്നെയാണ് Sartre അയാളുടെ രചനകളിൽ വളരെ നല്ല രീതിയിൽ അവതരിപ്പിച്ചിരിക്കുന്നതെന്നു തോന്നി. മറ്റേ പുസ്തകം വായിക്കാൻ തുടങ്ങുന്നു.

ഇതിനിടയ്ക്ക് ശ്രീ നാരായണഗുരുവിന്റെ സമാഹൃതകൃതികളുടെ ആദ്യത്തെ മൂന്നു വാല്യങ്ങൾ കിട്ടി.—പ്രൊ: ജി. ബാലകൃഷ്ണൻ നായരുടെ വ്യാഖ്യാനം. ആകെ രസമുണ്ട്.

എന്തെങ്കിലും എഴുതു സാർ.

സുബ്രഹ്മണ്യദാസ്

4-2-82

പോക്കുവെയിലിന്റെ ഒരു review ഉത്തരം പ്രസിദ്ധീകരിക്കുന്നുണ്ട്. തിരുവനന്തപുരം-കാർ തയ്യാറാക്കിയത്. അതു കർമ്മപ്രേരകമല്ല എന്നെല്ലാം പറഞ്ഞ്...

വെങ്കിടിയ്ക്ക്,

മറ്റേ കത്തെഴുതിവെച്ചിട്ട് കുറച്ചു ദിവസങ്ങളായി. എന്തുകൊണ്ടോ അയയ്ക്കാൻ കഴിഞ്ഞില്ല. ഉത്തരം അച്ചടി തുടങ്ങുന്നു: കെ.ജി. സുബ്രഹ്മണ്യവുമായി ഇന്റർവ്യൂ, ആനന്ദിന്റെ നോവലിന്റെ ഭാഗങ്ങൾ, പോളണ്ടിലെ സംഭവവികാസങ്ങളെക്കുറിച്ച് ഫീച്ചർ എന്നിങ്ങനെ വിഭവങ്ങൾ, എൻ. എസ്. മാധവന്റെ കഥകൾ വായിച്ചിരുന്നോ? ചൂളൈമേടിലെ ശവങ്ങൾ. ഞാൻ രണ്ടുദിവസം മുമ്പാണ് വായിച്ചത്—അതും അതിന്റെ മുഖവുരയും എനിക്കിഷ്ടമായി.പറയൂ…

വേണ്ട.ഈ കത്ത് പിന്നീടൊരിക്കൽ അയയ്ക്കാം.

ഇതിനുമുകളിലുള്ളത് കുറച്ചു ദിവസങ്ങൾക്കു മുൻപെഴുതിയതാണ്. അതിനുശേഷം 'പോക്കുവെയിൽ' കണ്ടു. മനോഹരമായ ഒരു സിനിമയാണത്.എങ്ങനെ അതിനെപ്പറ്റി വാക്കുകളിൽ പ്രകടിപ്പിക്കണമെന്നറിയില്ല. കവബത്തയുടെ നോവൽ ഇല്ലേ—'സഹശയനം' അതുപോലെ, ഉറങ്ങുന്ന സുന്ദരികളോടൊപ്പം ആ വൃദ്ധൻ കഴിയുമ്പോൾ, അയാൾ അപ്പോൾ അനുഭവിക്കുന്ന യാഥാർത്ഥ്യവും അയാളുടെ ഭൂതകാല ജീവിതവും etc… etc… തമ്മിലുള്ള മനോഹരമായ ബന്ധമില്ലേ?

അതുപോലെ ഒരവസ്ഥയാണ് 'പോക്കുവെയിൽ' കാണുമ്പോൾ, നമ്മുടെ ഓരോരുത്തരുടേയും ഭൂതകാലവും വർത്തമാനകാല അവസ്ഥയും ബാഹ്യപ്രകൃതിയും (സമൂഹ) എല്ലാം തമ്മിൽ ബന്ധപ്പെടുത്തിയിയൊരു സംവേദനസാദ്ധ്യത അതു തുറന്നുതരുന്നതുപോലെ തോന്നി. ഇതിനേക്കാൾ നല്ല ഒരു സിനിമ ഉണ്ടാകുന്നതുവരെ, ഇതിനെന്തെല്ലാം കുറ്റങ്ങളും കുറവുകളും ഉണ്ടായാലും ഇതിനെ വിമർശിക്കുക അസാദ്ധ്യമാണ്.

നീ മറുപടി എഴുതുക.

അധികാരത്തിന്റെ (power) പ്രശ്നങ്ങളെക്കുറിച്ച് പഠിയ്ക്കുന്ന പുസ്തകങ്ങൾ കൈയ്യിലുണ്ടോ? ഉണ്ടെങ്കിൽ (നല്ലതാണെങ്കിൽ മതി) അയച്ചു തരാമോ?

മറ്റൊരുപാട് കാര്യങ്ങളുണ്ട്. അതൊക്കെ പിന്നീടെഴുതാം.

മറുപടി അയക്കുക.

സ്നേഹത്തോടെ

സുബ്രഹ്മണ്യദാസ്.

വെങ്കിടിക്ക്,

ഞാൻ നിന്നെ hurt ചെയ്യാനുദ്ദേശിച്ചില്ല. ഞാൻ സ്വയം hurt ചെയ്യപ്പെട്ട അവസ്ഥയിലായിരുന്നു—വളരെയധികം. വളരെയധികം വിധങ്ങളിൽ. അതുകൊണ്ട് ആ കത്തിൽ അങ്ങനെ വന്നുപോയതാണ് ക്ഷമിക്കുക. എന്റെ അപ്പോഴത്തെ അവസ്ഥ നിനക്ക് സങ്കല്പിക്കാൻപോലും കഴിയാത്തതാണ്—ഇപ്പോഴത്തേയും. ഒരാൾ സ്വന്തം ജീവിതത്തിന്റെ വിശ്വാസമായി കരുതിയിരുന്ന ബന്ധങ്ങൾ ഒന്നൊന്നായി പൊട്ടിപ്പൊട്ടി ഇല്ലാതാവുന്നത് നിസ്സഹായനായി നോക്കിനിൽക്കേണ്ടിവരുന്ന ഒരവസ്ഥ ഒന്നാലോചിച്ചു നോക്കൂ. ഒരാളെപ്പോലും വെറുക്കാനോ കുറ്റക്കാരനാണെന്ന കരുതാനോ കഴിയാനാകാതെ, അങ്ങനെ നന്മയിലുള്ള വിശ്വാസം തിന്മകൊണ്ടെങ്കിലും നികത്താനാകാതെ ഉള്ളുപൊള്ളയായിത്തീരുന്ന അവസ്ഥ നിനക്കു സങ്കല്പിക്കാൻ കഴിയുമോ?

ഇപ്പോൾ, ഇതെഴുതുമ്പോൾ എനിക്കു കുറേ ദുഃഖമുണ്ട്. ദുഃഖം പോലും അനുഭവപ്പെടാതെ എപ്പോഴാണ് ഭ്രാന്തുവരികയെന്ന് ഭയന്നിരുന്ന അവസ്ഥയായിരുന്നു അപ്പോൾ. അതൊക്കെ എഴുതി വേണമെങ്കിൽ അപ്പോൾ നിന്റെ സഹാനുഭൂതി നേടാൻ കഴിയും.

അതിനേക്കാൾ നിന്നെ പ്രകോപിപ്പിക്കാൻ അപ്പോൾ ഞാനാഗ്രഹിച്ചു എന്നത് നേര്. പക്ഷെ അത് സ്നേഹത്തോടെയും വിശ്വാസത്തോടെയും തന്നെയായിരുന്നു. മനുഷ്യത്വമുള്ള ഒരു പ്രതികരണം പ്രതീക്ഷിച്ചുകൊണ്ടുമാത്രം. വയ്യ, man ഇതെഴുതുമ്പോൾ ഞാൻ ആരിൽ നിന്നും ഒന്നുംതന്നെ ആവശ്യപ്പെടുന്നില്ല. ഈ feelings പരിശുദ്ധമാണെന്ന് മാത്രം ധരിച്ചാൽ മതി.

കത്തെഴുതിവെച്ചിട്ട് രണ്ടു ദിവസമായി, സച്ചിദാനന്ദന്റെ... ഒരു ജീവിതത്തിന്റെ അവശിഷ്ടങ്ങൾ... ഇതിനിടയ്ക്ക് വായിച്ചു. അതിൽ രസമുള്ള ചില വരികളുണ്ട്—ഇപ്പോൾ കണ്ടെത്തിയവ. തന്റെ sister-ടെ വിവാഹമുണ്ടെന്ന് ബാലു പറഞ്ഞു.

'അവസ്ഥ'യെക്കുറിച്ച് ഞാനെഴുതിയത് നിങ്ങൾ വായിക്കേണ്ട ആവശ്യമില്ല. അത് നക്സലൈറ്റുകളെ ഉദ്ദേശിച്ച് മാത്രം എഴുതിയതാണ്. പരിമിതമായ ഉദ്ദേശങ്ങളോടെ കുറച്ചുകാര്യങ്ങൾ കുറച്ചുപേരോട് പറയാൻവേണ്ടി ഞാൻ വാസ്തവത്തിൽ 'അവസ്ഥ'യെ ഉപയോഗപ്പെടുത്തുകയായിരുന്നു.

എങ്ങനെയാണ് ഇക്കാലത്ത് മനുഷ്യർ സ്വന്തം ഉണ്മയ്ക്ക് പ്രകാശനം കണ്ടെത്തുക. രാഷ്ട്രീയത്തിന് അപ്രധാനമല്ലാത്ത ഒരു സ്ഥാനമുള്ള ഏതെങ്കിലും movement-ലൂടെ മാത്രമേ അതു സാദ്ധ്യമാകൂ എന്നു തോന്നുന്നു.ഒരിക്കൽ ഞങ്ങളത് ശ്രമിക്കുകയും പരാജയപ്പെടുകയും ചെയ്തതാണ്. movement-ന്റെ സൈദ്ധാന്തികമായ തകരാറുകളാണ് അതിനു കാരണമെന്ന നിഗമനത്തിലാണ് ഞാനിപ്പോൾ.അതു പരിഹരിക്കാൻ ശ്രമിക്കുക എന്നതുതന്നെ ഒരർത്ഥത്തിൽ ഉണ്മയുടെ പ്രകാശനമാണ് കർണ്ണാടകത്തിലെ നല്ല രാഷ്ട്രീയത്തിന്റെ സ്ഥിതിയെന്താണ്. ലോഹ്യസോഷ്യലിസ്റ്റുകൾ. അവിടെ എന്താണ് ഈ Centre for Information Education and Developmental Studies കൂടുതലറിയാൻ വളരെ താല്പര്യമുണ്ട്. വിശദവിവരങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് സ്നേഹത്തോടെ,

ദാസ്
16-03-1982

താനിനി എന്നാണ് ഇങ്ങോട്ട് വരുന്നത് ? മെയ് മാസത്തിലോ?

Fawal Turki എന്നൊരു പാലസ്തീൻകാരൻ എഴുതി. 'പാലസ്തീൻ ഒരു രാജ്യമല്ല. ഒരു മാനസികാവസ്ഥയാണ്.' കേരളത്തെപ്പറ്റിയും അതുതന്നെ പറയാമെന്നുതോന്നുന്നു.

'കൊടുങ്കാറ്റുചീറിവരുന്ന കറുത്തരാത്രികളിൽ
അടക്കാനാവാത്ത ദുഃഖഭാരത്താൽ,
കുഞ്ഞേ, ഞാൻ നിലവിളിച്ചുപോയിട്ടുണ്ട്
പക്ഷേ, പ്രശാന്തമായ പുലർകാലമെത്തുമ്പോൾ
പ്രപഞ്ചത്തിന്റെ മുഴുവൻ പ്രതിച്ഛായ
എന്നിൽത്തന്നെ സ്വരൂപിച്ച് എന്നെത്തന്നെ മറന്നുകിടക്കുമ്പോൾ,
അപ്പോൾ മാത്രമേ കുഞ്ഞേ, സുഖമെന്തെന്നു ഞാനറിഞ്ഞിട്ടുള്ളൂ.'

—പകലുകൾ, രാത്രികൾ

18-3-1982

പിണക്കം മാറിയോ? താൻ ഇതിനുമുൻപയച്ച കത്തിന്റെ സാരമെന്താണ്? അതെന്തായാലും പറഞ്ഞേ തീരൂ. ഏതെങ്കിലും രൂപത്തിൽ നീ നിന്നെത്തന്നെ ഉണ്മയായി പ്രകാശിപ്പിക്കുന്ന തുകാണാൻ എനിക്കു വലിയ ആഗ്രഹമുണ്ട്. തൽക്കാലം എഴുത്തിലെങ്കിലും മറുപടി എഴുതു. അവിടുത്തെ സുഹൃത്തുക്കളെപ്പറ്റിയും.

ഭാരതീയകവിതകളുടെ ഒരു സമാഹാരം (4 vols.) ICCR പ്രസിദ്ധീകരിച്ചിട്ടുണ്ട്. അയ്യപ്പപ്പണിക്കർ എഡിറ്റു ചെയ്തു മലയാളവിഭാഗത്തിൽ സച്ചിദാനന്ദൻ, ശങ്കരപിള്ള,... എല്ലാവരുമുണ്ട്.

ഈയ്യിടെ 'നളിനി' വായിച്ചു. കുമാരനാശാന്റെ. താൻ വായിച്ചിട്ടുണ്ടോ, അത് രസമുള്ള ഒരു സാധനമാണ് ഞങ്ങൾ നക്സലൈറ്റ് 'മൂല്യബോധമുള്ളവരെ' സംബന്ധിച്ച്.

കടമ്മനിട്ട രാമകൃഷ്ണൻ ഊട്ടിയിൽ വെച്ച് ചിത്രീകരണം നടക്കുന്ന ഒരു കൊമേസ്യൽ ചിത്രത്തിൽ അഭിനയിക്കുന്നുവത്രേ. ജീവിതം creative ആയ ഒരു സമൂഹത്തിലേ നന്മയും സ്നേഹവും വിപ്ലവവുമൊക്കെ ഉണ്ടാകാൻ സാദ്ധ്യതയുള്ളു. കേരളത്തിൽ ജീവിതം നിർമ്മാണാത്മകമാണ്. എല്ലാവരും നിർമ്മിക്കുകയാണ്. വീടുകൾ, മതിലുകൾ, റോഡുകൾ, അങ്ങനെ, അങ്ങനെ... ഇവിടെ കർഷകവൃത്തിയ്ക്കു പ്രാധാന്യമുള്ള പ്രദേശങ്ങളും മറ്റിടങ്ങളും തമ്മിൽ ധ്രുവങ്ങളുടെ അകലമാണ്. ജീവിതത്തിന്റെ creativity കുറെയെങ്കിലും ഉള്ളത് കൃഷിയ്ക്കു പ്രാധാന്യമുള്ള ഇടങ്ങളിലാണ്. പക്ഷെ അതുപോലും ഇന്നത്തെ NGO-gulf-CITU സംസ്കാരത്തിൽപ്പെട്ട് നശിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ വളരാൻ പോകുന്നത് അധികാരത്തിന്റെ മൂർത്തികളായിരിക്കും. Christ College എന്നെ വല്ലാതെ അത്ഭുതപ്പെടുത്തി. അവിടെ രജതജൂബിലിയാഘോഷത്തിന് കവിയരങ്ങും പ്രസംഗങ്ങളുമൊക്കെ നടന്നുകൊണ്ടിരിക്കുമ്പോൾ ആ വലിയ ഓഡിറ്റോറിയം നിറയെ വിദ്യാർത്ഥികൾ നിശ്ശബ്ദരായിരുന്ന് കേട്ടുകൊണ്ടിരിക്കുന്നു. എന്തോ?

17-3-1982

വെങ്കിടിയ്ക്ക്,

എന്റെ കത്തു കിട്ടിയില്ലേ? എന്തേ മറുപടി അയച്ചില്ല? ഞാൻ ഇതിനിടെ ബെർഗ്മാന്റെ രണ്ടു സിനിമകൾ കണ്ടു: Wild Strawberries-ഉം Silence-ഉം ഗംഭീരമായ അനുഭവങ്ങളായിരുന്നു. അതുരണ്ടും. വാക്കുകളിൽ പറയാനാവാത്ത വിധം മഹത്തായ... അയാളോട് ബഹുമാനം തോന്നിപ്പോയി. ആരോടെങ്കിലും പുതുതായി ബഹുമാനം തോന്നിയാൽ ജീവിതത്തിന് പുതിയൊരർത്ഥം ലഭിച്ചതുപോലെയാണ്.

മറുപടിയെഴുതു. മറ്റു പ്രശ്നങ്ങളൊന്നുമില്ലെങ്കിൽ,

സ്നേഹത്തോടെ,

ദാസ്

1-4-1982

ബ്രഹ്മപുത്രൻ,

'ഉത്തര'ത്തിന്റെ അച്ചടി വളരെ സാവധാനമാണ് നീങ്ങുന്നത്. ബെർഗ്മാന്റെ ആ ചിത്രങ്ങൾ കണ്ടത് വളരെ നന്നായെന്ന് തോന്നുന്നു. 'സൈലൻസി'നെകുറിച്ച് ഒരു ചെറിയ കുറിപ്പെഴുതി 'പ്രേരണയ്ക്ക്' അയച്ചുകൊടുത്തു.

'സോഷ്യലിസ്റ്റ് കഥകൾ' പുറത്തിറങ്ങി. ടി കെ രാമചന്ദ്രന്റെ അവതാരിക രസമുണ്ട്.

നിങ്ങളുടെ ചോദ്യാവലിയിൽ ചിലതിനെങ്കിലും ഉത്തരം മുൻകൂട്ടി നിർദ്ദേശിക്കുന്ന സ്വഭാവമുണ്ട്. അതുകൊണ്ടുതന്നെ അവ പ്രകോപനപരമായും തോന്നി. ഒരുപക്ഷേ. പുറമേനിന്നുനോക്കുന്ന ഒരാളായതിനാൽ തോന്നിയതാവണം. ഉദാഹരണത്തിന് അദ്ധ്യാപക വിദ്യാർത്ഥി ബന്ധം അടിമയും ഉടമയും തമ്മിലുള്ളതാണോ എന്ന ചോദ്യം. അച്ചടിക്കുമ്പോഴെങ്കിലും അതിന്റെ രൂപത്തിൽ മാറ്റം വരുത്തണമെന്ന തോന്നുന്നു.

മറ്റുവിശേഷങ്ങൾ പിന്നീടെഴുതാം.

സ്നേഹത്തോടെ,

ദാസ്

1.4.1982

ബ്രഹ്മപുത്രന്

കത്തുകിട്ടിയെങ്കിലും വരാൻ പറ്റിയില്ല.

ഒരു mood തോന്നിയില്ല.

Magazine ന്റെ കാര്യം എഡിറ്ററും മറ്റും സംസാരിക്കുമല്ലോ.

'ഉത്തരം' മേയിലേ പുറത്തിറങ്ങൂ.

ഒരുനോവൽ വായിക്കുന്നു. Lawrence Durell-ന്റെ 'Alexandria Quartet' നല്ലൊരു പുസ്തകമാണ്. ഈ പുസ്തകം വായിക്കാൻ കഴിഞ്ഞതിൽ നമുക്കു തൃപ്തിതോന്നും.

മറ്റൊന്നുമില്ല.

സ്നേഹത്തോടെ,

സുബ്രഹ്മണ്യദാസ്.

26 4 82



# അനുബന്ധങ്ങൾ

# കെ. ജി. സുബ്രഹ്മണ്യദാസ്

കെ. ജി. സുബ്രഹ്മണ്യദാസ്, ഇക്കഴിഞ്ഞ ജൂലൈ 14-ന് വടക്കാഞ്ചേരിയ്ക്കടുത്ത് റെയിലിൽ തലവെച്ച് ആത്മഹത്യചെയ്തു. മരിക്കുമ്പോൾ പോക്കറ്റിൽ 'ഉത്തര'ത്തിനുവേണ്ടി എഴുതിയ 'അധികാരവ്യവസ്ഥയിലെ വർഗ്ഗസമരം' എന്ന ലേഖനമുണ്ടായിരുന്നു. അതിനുകീഴെ ഇത്രയു ടി കുറിച്ചിട്ടിരുന്നു. ജീവിതത്തിന്റെ —ഒരു കമ്മ്യൂണിസ്റ്റുകാരനെ സംബന്ധിച്ചിടത്തോളം സ്വന്തം ജനതയുടെ ജീവിതത്തിന്റെ—creativity അനുഭവപ്പെടുന്ന കാലത്തോളം അയാൾക്ക് സ്വയം നശിപ്പിക്കാനാവില്ല. അതു കൊണ്ട് മരണത്തിനുതന്നെ creativity-യുടെ നിഗൂഢാവരണം നല്കേണ്ടിവരുന്നു. കൂടാതെ കുത്തിക്കോറിയ ചില ഇംഗ്ലീഷ് വാചകങ്ങളും: 'Keralites are a lost people.' 'Our language, Malayalam, is gradually losing its objectivity' 'THE SEEDS OF RESISTANCE' എന്നിങ്ങനെ .

ദാസിന്റെ ആത്മഹത്യയെ പ്രകീർത്തിക്കുകയോ അപഗ്രഥിയ്ക്കുകയോ ചെയ്യുക ഈ കുറിപ്പിന്റെ ലക്ഷ്യമല്ല. വ്യക്തിപരമായി ദാസിനെയും ദാസിന്റെ സംഘർഷങ്ങളെയും അടുത്തറിയുന്നവരെ വേദനിപ്പിക്കുന്നുവെങ്കിലും അമ്പരപ്പിക്കുന്നതായിരുന്നില്ല ഇത്തരം ഒരന്ത്യം. വിദ്യാർത്ഥിയാ യിരുന്ന കാലംമുതലേ കൗമാരസഹജമായ ലാഘവബുദ്ധിയല്ല, ഒരു യുവബുദ്ധിജീവിയുടെ ഗൗരവസ്വഭാവമാണ് സുബ്രഹ്മണ്യദാസിനുണ്ടായിരുന്നത്. വായനയിലും ചിന്തയിലും കലാ സ്വാദനത്തിലുമെല്ലാം ദാസ് പക്വസ്വഭാവം പ്രദർശിപ്പിച്ചിരുന്നു. ദാസിന്റെ പ്രഥമപ്രണയം ചിത്രകലയായിരുന്നു. അന്ത്യംവരെ ഒരു രഹസ്യമെന്നോണം ദാസ് ചിത്രകലയെക്കുറിച്ചുവാ യിക്കുകയും ആധുനികചിത്രങ്ങൾ ശേഖരിച്ചു സൂക്ഷിക്കുകയും അടുത്ത സുഹൃദ്വലയത്തിൽ ചിത്രകലയെക്കുറിച്ചു സംസാരിക്കുകയും ചെയ്യുമായിരുന്നു. മാസികകളുടെ മാർജിനുകളി ലും, പകർത്തിവെച്ച കവിതകളുടെ—കവിതയായിരുന്നു ദാസിന്റെ മറ്റൊരു തീവ്രവികാരം— അരികുകളിലും അപൂർവ്വമായൊരു മൗലികതയുള്ള സ്കെച്ചുകൾവരച്ചിടുകയും ചെയ്യുമായിരു ന്നു. ഹെബ്ബാറിന്റെയും ഹുസൈനിന്റെയും മറ്റും രേഖാചിത്രങ്ങളോടും കെ.ജി. സുബ്രഹ്മണ്യ ത്തിന്റെയും ജോഗെൻചൗധുരിയുടെയും ഗണേഷ് പൈനിന്റെയും മറ്റും പെയ്ന്റിങ്ങുകളോടും ദാസിന് പ്രത്യേക ആഭിമുഖ്യമുണ്ടായിരുന്നു. കെ.സി.എസ്. പണിക്കരെക്കുറിച്ച് കേരളസാമൂ ഹ്യപരിണാമവുമായി ബന്ധപ്പെടുത്തി ഒരിക്കൽഒരു ചെറിയ പഠനവും ദാസ് എഴുതുകയുണ്ടാ

യി. അതു പിന്നീട് നശിപ്പിക്കപ്പെട്ടെങ്കിലും. കവിതയുടെ ആസ്വാദനത്തിലും തെരഞ്ഞെടുപ്പിലും സൂക്ഷ്മമായ വിവേചനബുദ്ധിയും ഉയർന്ന സംവേദകത്വവും ദാസ് പുലർത്തിയിരുന്നു. വിദ്യാർത്ഥിയായിരുന്ന കാലത്ത് അരവിന്ദന്റെ 'കാഞ്ചനസീത'യെക്കുറിച്ചെഴുതിയ പഠനത്തിലും, വിദ്യാഭ്യാസത്തെക്കുറിച്ചെഴുതിയ വിമർശനക്കുറിപ്പുകളിലും പില്ക്കാലത്തെ ദാസിന്റെ പരിണാമത്തിന്റെ സൂചനകളുണ്ട്.

എക്കാലത്തും മൂല്യബദ്ധമായിരുന്ന ദാസിന്റെ അന്വേഷണങ്ങൾ. അതിന്റെ ഭാഗമായാണ് അന്യവത്കൃതമായ ഒരു സമൂഹത്തിൽ മനുഷ്യത്വത്തിന്റെ ഒരു തുരുത്തായി താൻ കണ്ട മാവോയിസ്റ്റ് വിപ്ലവപ്രസ്ഥാനത്തിലേയ്ക്ക് ദാസ് ആകർഷിക്കപ്പെട്ടത്. അന്വേഷണത്തിന്റെ ഭാഗമായാണ് ദാസ് കുറച്ചുകാലം തികഞ്ഞ ആത്മാർത്ഥതയോടെതന്നെ പ്രസ്ഥാനത്തിൽ പ്രവർത്തിച്ചത്. പരമാവധി അതിൽ പിടിച്ചുനില്ക്കാൻ ശ്രമിക്കയും ചെയ്തു. കേരളീയ ജനജീവിതത്തിന്റെ യാഥാർത്ഥ്യവും പ്രസ്ഥാനത്തിന്റെ അമൂർത്തമായ സിദ്ധാന്തവത്കരണവും തമ്മിലുള്ള വൈരുദ്ധ്യം സ്വന്തം അനുഭവത്തിലൂടെ ബോദ്ധ്യപ്പെട്ട ദാസ് ഒടുവിൽ പാർട്ടിവിട്ടു പുറത്തുവന്നു. എന്നാൽ ഒരു കമ്മ്യൂണിസ്റ്റുകാരനെപ്പോലെ തന്റെ അന്വേഷണം ഉയർന്നൊരു തലത്തിൽ തുടരുകയായിരുന്നു തുടർന്നും ദാസ് ചെയ്തത്. മറ്റു പലരെയുംപോലെ അരാജകവാദത്തിലേയ്ക്കോ 'കരീറിസ'ത്തിലേയ്ക്കോ തിരിയുകയല്ലായിരുന്നു. സത്യം കണ്ടെത്താനുള്ള തീക്ഷ്ണവും ഹതാശവുമായ ആ യത്നങ്ങൾ അപൂർവ്വമായി മാത്രമേ ലേഖനങ്ങളുടെയോ കത്തുകളിലൂടെയോ രൂപത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നുള്ളു. പല ലേഖനങ്ങളും എഴുതിക്കീറിക്കളയുകയായിരുന്നു പതിവ്. പ്രസിദ്ധീകരിക്കപ്പെട്ടവയിൽ പ്രേരണയിൽവന്ന 'കേരളത്തിന്റെ ദേശീയപ്രശ്നം' 'അവസ്ഥ'യെക്കുറിച്ചുള്ള പഠനം, കത്തുകൾഎന്നിവ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടല്ലോ. സമീപകാലത്ത് ആത്മീയവാദത്തെ മനസ്സിലാക്കാനുള്ള ശ്രമങ്ങൾ ദാസ് നടത്തിയിരുന്നുവെങ്കിലും, മാർക്സിസത്തിന്റെ അടിസ്ഥാനധാരണകളിൽതന്നെയാണ് ആ യുവാവ് ഉറച്ചുനിന്നിരുന്നത്. അതേസമയം, സാമ്പ്രദായിക മാർക്സിസത്തിന്റെ അപര്യാപ്തതയെക്കുറിച്ചുള്ള വർദ്ധിച്ച ബോധം, സാർത്ര്, ല്യൂക്കാച്ച് തുടങ്ങിയവരുടെ, രീതിയെയും ഓണ്ടോളജിയെയും സംബന്ധിച്ച ആശയങ്ങളുടെ പ്രസക്തി കണ്ടെത്താൻ ദാസിനെ പ്രേരിപ്പിച്ചിരുന്നു. പൊസിറ്റിവിസ്റ്റ് ആശയവാദത്തിനെതിരായി മാർക്സിസത്തിൽ നടക്കുന്ന സൈദ്ധാന്തിക സമരത്തിന്റെ പ്രാധാന്യം ദാസ് ശരിക്കും ഉൾക്കൊണ്ടിരുന്നുവെന്ന് സമീപകാലത്തെടുത്ത കുറിപ്പുകളിലും പകർത്തിവെച്ച ഉദ്ധരണങ്ങളിൽനിന്നും വ്യക്തമാകുന്നുണ്ട്. സാർത്രിന്റെ 'In search of Method', ല്യൂക്കാച്ചിന്റെ 'Ontology of Social Being' മാർക്സിന്റെ ആദ്യകാലകൃതികൾ, അനന്തമൂർത്തിയുടെ നോവലുകൾ, ഹെസ്സെയുടെ 'സിദ്ധാർത്ഥ', അന്യവത്കരണത്തെക്കുറിച്ചുള്ള പഠനങ്ങൾ, കേരളചരിത്രത്തെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ സമീപകാലത്ത് ദാസ് വീണ്ടും വീണ്ടും വായിച്ചിരുന്നവയായിരുന്നു ഇതെല്ലാം. സംഭാഷണങ്ങളിലൂടെ ദാസ് പ്രകടിപ്പിക്കാറുള്ള ആശയങ്ങളുടെ അഗാധത ലേഖനങ്ങളിൽ പൂർണ്ണമായും പ്രതിഫലിപ്പിക്കാൻദാസിനുകഴിഞ്ഞിരുന്നോ എന്നു സംശയമാണ്. ഒടുവിലത്തെ കുറിപ്പിൽ മലയാളഭാഷയുടെ അപര്യാപ്തതയെക്കുറിച്ചുള്ള വാക്യം ഇങ്ങനെകൂടി വന്നതാകാം.

'ഉത്തര'ത്തിന്റെ പത്രാധിപസമിതിയംഗമായിരുന്നു സുബ്രഹ്മണ്യദാസ്. തനിക്ക് ഒന്നുംചെയ്യാൻ കഴിഞ്ഞില്ലെന്നതിന്റെ പേരിൽ ഒന്നാംലക്കത്തിൽ സമിതിയിൽ തന്റെ പേര് പ്രസിദ്ധീകരിക്കരുതെന്നും രണ്ടാംലക്കത്തിൽ എഴുതാമെന്നും ദാസ് പറഞ്ഞിരുന്നു. ഇതോടൊപ്പം പ്രകാശിപ്പിക്കുന്ന തികഞ്ഞ മൗലികതയുള്ള 'അധികാരവ്യവസ്ഥയിലെ വർഗ്ഗസമരം' എഴുതപ്പെ

ട്ടത് ആത്മഹത്യക്ക് രണ്ടുമൂന്നുദിവസം മുമ്പ് മാത്രമാണ്. അടുത്തു പരിചയപ്പെട്ടവർക്കാർക്കും മറക്കാൻകഴിയാത്ത ആ ചൈതന്യവത്തായ വ്യക്തിത്വത്തിനുമുമ്പിൽ ഉത്തരം പ്രവർത്തകർ ശിരസ്സുകുനിക്കുന്നു.

# ഒഴിഞ്ഞമുറി

സച്ചിദാനന്ദൻ

വിദ്യാർത്ഥിയും വി
പ്ലവപ്രവർത്തകനും
സുഹൃത്തുമായിരുന്ന
കെ. ജി. സുബ്രഹ്മണ്യദാസ്
1982 ജൂലൈ 14-ന
റെയിലിൽ തല വെ
ച്ച ജീവനൊടുക്കി.

മഴ

മഴയായിരുന്നു
ജനലിൽവന്നു മരണമെന്നെ വിളിച്ചപ്പോൾ
മഴയായിരുന്നു
ദുഃസ്വപ്നങ്ങളുടെ വാതിൽചാരി
ഞാൻ അഭയംതേടി ഇറങ്ങിനടന്നപ്പോൾ
മഴയായിരുന്നു
കുളങ്ങൾ ഉത്കണ്ഠയുടെ കൃഷ്ണമണികൾപോലെ
ഞങ്ങളുടെനേരെ തിരിഞ്ഞപ്പോൾ
മഴയായിരുന്നു
വളഞ്ഞവഴിയുടെ കാവിയിൽ
അന്ത്യയാത്രയുടെ കാലടികൾ പതിയുമ്പോൾ
മഴയായിരുന്നു.

ഞാനും മരണവും ഒന്നിച്ചിവിടെ വണ്ടിയിറങ്ങുമ്പോൾ
മഴയായിരുന്നു
എന്നെ താവളം കാണിച്ചുതന്ന്
മരണം ഒറ്റയ്ക്കു വേറെ ഭിക്ഷതേടി മടങ്ങിപ്പോയപ്പോൾ
മഴയായിരുന്നു
കിളികളുടെപാട്ടും തോഴരുടെ ചിരിയും
കേൾക്കാതിരിയ്ക്കാൻ ഞാൻ കാതുപൊത്തിയപ്പോൾ

മഴയായിരുന്നു
എന്റെ ജനതയുടെയും ഭാഷയുടെയും വറ്റിപ്പോകുന്ന
നദികളെക്കുറിച്ചു ഞാൻ നീലമഷിയിൽ കുത്തിക്കോറുമ്പോൾ
മഴയായിരുന്നു
അമ്മയുടെ മടിയിലെന്നപോലെ
ഇരുമ്പിന്റെ വാത്സല്യത്തിൽ ഞാൻ തലവെയ്ക്കുമ്പോൾ
മഴയായിരുന്നു
ചെവിയിൽ ചക്രങ്ങൾ യമകാലത്തിൽ മുഴങ്ങിയുയർന്നപ്പോൾ
മഴയായിരുന്നു
ഉരുക്കുചെണ്ടകൾ എന്റെ തൊണ്ടയിലെ
നിലച്ച വാക്കുകളെ ഞെരിച്ചു-
കടന്നുപോകുമ്പോൾ.
അറ്റുപോയ ശിരസ്സ്
ഉടലിന്റെ നീലയുടുപ്പിട്ട പ്രതാപം കാണുമ്പോൾ
എനിക്കു ചിരിക്കണമെന്നുണ്ട്;
കായ് ഇവിടെ, തടി അവിടെയും
വായ് ഇവിടെ, കൈ അവിടെയും
ഇച്ഛ ഇവിടെ, കർമ്മം അവിടെയും
ബുദ്ധി ഇവിടെ, ഹൃദയം അവിടെയും
ഉണങ്ങിയ മരത്തിൽനിന്ന് വിളഞ്ഞ വയൽതേടി
കിളി പറന്നുപോയി,
പിളർന്ന മനംപോലെ ജഡവും രണ്ടായി.
പോരാളിയുടെ ചോരപുരണ്ട
കുറ്റന്റെ കൊമ്പുകൾപോലെ പാളങ്ങൾ തിളങ്ങുന്നു
അവയ്ക്കിടയിലൂടെ ശിരസ്സും താഴ്ത്തി
സുഹൃത്തിന്റ വരവുകാണുമ്പോൾ
എനിയ്ക്കു ചിരിയ്ക്കണമെന്നുണ്ട്:
രണ്ടായിമുറിഞ്ഞ ശരീരംപോലെയാണ്
ഞങ്ങളുമിപ്പോൾ.
കവിയുടെ ഭാഷയിൽപറഞ്ഞാൽ:
സ്നേഹത്താൽ പൂവിടുന്ന വൃക്ഷങ്ങളെപ്പോലെ
ഞങ്ങളൊന്നിച്ചു പുഷ്പിച്ചു
രോഷത്താൽ കവിയുന്ന പുഴകളെപ്പോലെ
ഞങ്ങളൊന്നിച്ചു പടിയിറങ്ങിപ്പോയി
താവളങ്ങളുടെ വ്രണങ്ങളുമായി ഞങ്ങൾ തിരിച്ചുവന്നു.
ചേറിൽ പൂണ്ടുകിടന്ന് ചെറുപ്പക്കാരെ വിഴുങ്ങുന്ന
ആ കറുത്ത മുതല രണ്ടായി മുറിച്ചിട്ട
ശരീരംപോലെയാണ് ഞങ്ങളുമിപ്പോൾ;

ഈ കുതിർന്ന മണ്ണ്, പച്ചനിലാവ്,
ബലിയുടെ വിപിനങ്ങൾ, ഋതുക്കളുടെ ദീനചക്രം.
മരിച്ചവരുടെ മൂകഭാഷ-
എല്ലാം ഞങ്ങൾക്കിടയിൽ നല്കുന്നു.
'സൗഹൃദത്തിന്റെ മുൾച്ചെടിയിൽ
മരണത്തിന്റെ നീലപ്പൂ വിടർന്നിരിക്കുന്നു.'
ഒറ്റപ്പെട്ട കുട്ടിയെപ്പോലെ അവനിതാ
എനിയ്ക്കും വെയിലിനും മീതെ കുനിഞ്ഞിരിയ്ക്കുന്നു.
മടക്കയാത്രയ്ക്കു സമയമായി
അശ്വാരൂഢരായ പനകൾ ഇനിയെന്നെ
അവയുടെ പച്ചക്കൈകളിൽ വഹിക്കും.
കുട്ടികൾമരിച്ച വീടുകൾക്കും
അകംമരവിച്ച ആശ്രമങ്ങൾക്കുംമീതേ
അവരെന്നെ ഉടലോടുചേർത്തു വഹിയ്ക്കും-
അമ്മയുടെ അഗ്നിയിലേയ്ക്കു്
കാഴ്ചകളുടെ കടലിലേയ്ക്ക്.

## അമ്മ

ഒരമ്മയുടെ കണ്ണീരിന് കടലുകളിൽ
ഒരു രണ്ടാം പ്രളയമാരംഭിക്കാൻ കഴിയും'
മകനേ, എന്റെ സ്നേഹമുള്ളമകനേ,
ഏതു കുരുടൻ ദൈവത്തിനുവേണ്ടിയാണ്
നീ ബലിയായത്?
ഭരദേവതയുടെ കാവിൽ ഞാൻ
പാട്ടും കുരുതിയും കഴിച്ചല്ലോ.
മകനേ, എന്റെ കരുണയുള്ള മകനേ,
ഏതു മാന്ത്രികവൃക്ഷം കായ്ക്കുവാനാണ്
നീ നിന്റെ ചോരകൊണ്ടു ഭൂമി നനച്ചത്?
ഓരോ പിറന്നാളിനും നിന്റെ പേർചൊല്ലി
ഓരോ തേന്മാവു ഞാൻ നട്ടല്ലോ
മകനേ എന്റെ ധൈര്യമുള്ള മകനേ
ഏതു പൂതത്തിനു മുലചുരത്തിയിട്ടാണു
നിന്നെ അവൾ തട്ടിപ്പറിച്ചെടുത്തത്?
കടുകും മുളകും അടുപ്പിലെറിഞ്ഞ്
നിനക്കു ഞാൻ ഏലസ്സുജപിച്ചുകെട്ടിച്ചല്ലോ.
മകനേ, എന്റെ ബുദ്ധിയുള്ള മകനേ,
ഏതു ഭാഷയുടെ ചിറയുറയ്ക്കുവാനാണ്

നീ നിന്നെത്തന്നെ അറുത്തിട്ടത്?
വയമ്പിന്റെ ചവർപ്പൂറുന്ന നാവിൽ
ഞാൻ സ്വർണ്ണംകൊണ്ടു ഹരിഃശ്രീയെഴുതിയതാണല്ലോ
'ഒരമ്മയുടെ നിലവിളിയ്ക്കു മലകളിൽ
ഒരു ഹിമപാതമാരംഭിയ്ക്കാൻ കഴിയും'
കുരിശിൽ മരിച്ചവന്റെ അമ്മ ഞാനാണ്
കുരുക്ഷേത്രധൂളിയിൽ കിടന്നുരുണ്ടവളും ഞാനാണ്
പടയോട്ടങ്ങളുടെയെല്ലാം കുളമ്പുകൾ
ചവിട്ടിമെതിച്ച താരാട്ടാണു ഞാൻ.
യജ്ഞപതികളുടെ ഹവിസ്സിൽ വീഴുന്ന
പശുവിന്റെ ശാപമാണു ഞാൻ
രണഭൂമികളിൽ അഴിച്ചിട്ട മുടിയുമായി അലയുന്ന
ഭൂമിയുടെ നഷ്ടപ്പെട്ട ശാന്തിയാണു ഞാൻ
പുലരിയിലും നിലാവിലുംനിന്ന്
കുട്ടികളുടെ ചോരകഴുകിക്കളയുന്ന
ദീനരുടെ മഴയാണു ഞാൻ
'ഒരമ്മയുടെ നെടുവീർപ്പിന് ഭൂമിയിൽ
ഒരു കാട്ടുതീയാരംഭിയ്ക്കാൻ കഴിയും'
കത്തട്ടെ പാപത്തിന്റെ കിഴക്കൻ മധുരകൾ,
കത്തട്ടെ കൊലയാളികളുടെ സൊദോം ഗൊമോറകൾ.
തെളിയട്ടെ കനകമെന്നതുപോലെ കനലിൽ
വയലും വീടും മനവും കാവും
പാറയുടെ മുതുപിളർന്നൊഴുകട്ടെയെന്റെ മകൻ,
ഉറവയുടെ തെളിവാർന്ന പാട്ടുപാടുന്നവൻ
ഭൂമിയുടെ തോടുപൊളിച്ചുയരട്ടെയെന്റെ മകൻ,
ബലിനീലമാറ്റി ചുകപ്പുടുപ്പിട്ടവൻ
മരണത്തെ മഞ്ഞുപോലലിയിച്ചുയിർപ്പവൻ
പുലരിയുടെ കിരണത്തെ മുരളിയാക്കുന്നവൻ
ഉണരട്ടെയുണരട്ടെയുയരട്ടെ എന്റെ മകൻ

## ഒഴിഞ്ഞ മുറി

മുക്കുറ്റിയിതളുകളും പ്രാവിൻതൂവലുകളും കൊണ്ടു
പണിതുയർത്തിയതാണീ മുറി.
'വാക്കുകൾക്കും പ്രതീകങ്ങൾ'ക്കുംതാഴെ
മനുഷ്യരുടെയും മൃഗങ്ങളുടേയും മന്ത്രവാദം:
ഹുസൈന്റെ മേഘതുല്യമായ നീലക്കുതിരകൾ,
ഹെബ്ബാറിന്റെ ചിറകുനീർത്തി

ചോരചിന്തുന്ന പോർക്കോഴികൾ,
അമൃതയുടെ യാതന തിളക്കിയ ലോലരായ ഗ്രാമീണർ,
സുധീറിന്റെ കരുത്തരും ഏകാകികളുമായ നാഗരികർ,
ഇലകൾപോലെ പെരുത്തുപെരുത്തുവരുന്ന
ജോഗെന്റെ ആണുങ്ങളും പെണ്ണുങ്ങളും
ഗുലാംമൊഹമ്മദിന്റെ വർണ്ണശബളമായ ഗൃഹാതുരത്വങ്ങൾ...
പിന്നെ അവൻ അവന്റേതാക്കിയ കവിതകൾ:
പദ്യത്തിന്റെ ദീർഘവൃത്തങ്ങളിലും
ഗദ്യത്തിന്റെ സമചതുരങ്ങളിലും
തരളമായഹൃദയം പൂഴ്ത്തുന്ന ശീലമുള്ളവർ—
കടമ്പുവൃക്ഷങ്ങളുടെ വിജനതയിൽ
സ്വയം മുറിവേല്പിച്ചു ചോരയൊലിപ്പിക്കുന്ന സുഗത,
പാറപ്പുറത്തു വെയിലിന്നൊപ്പം പല്ലുരച്ചു മൂർച്ചകൂട്ടുകയും
ഒറ്റയ്ക്കു കുഞ്ഞുങ്ങളെയോർത്തു തലയറയുകയും ചെയ്യുന്ന
വ്യാകുലരായ കലാപകാരികൾ...
യാത്രികരിറങ്ങിപ്പോയ തീവണ്ടിമുറിയിൽ
ബാക്കിയായ പത്രങ്ങളും ചീട്ടുകളുംപോലെ
അവന്റെ അനാഥമായ പുസ്തകങ്ങൾ:
സ്നേഹത്തിനു ചരിത്രത്തിന്റെ കണ്ണുകളും
ഉരുക്കിന്റെ പേശികളും നല്കിയ മാർക്സ്,
വോൾഗയുടെ സൂര്യനെപ്പോലെ ഉദിച്ചുയർന്ന്
രാത്രിയുടെ പ്രവചനംപോലെ അസ്തമിച്ച ലെനിൻ,
ലാവോത്സുവിന്റെ കാരുണ്യത്തെ
താഴ്വരകളിലേയ്ക്കു പിടിച്ചിറക്കിയ രക്തസ്നാതനായ
ആ പുതിയ ബുദ്ധൻ, മാവോ,
ഈ വിചിത്രസൗഹൃദങ്ങൾക്കിടയിൽ,
നരകാഗ്നിയിൽ കൈചൂടാക്കിയ ദസ്തയെഫ്സ്കി,
ഇരുണ്ട ഗോപുരങ്ങളുടെ പിരിയൻ കോവണികൾ
കയറിയിറങ്ങി രക്തം തുപ്പുന്ന കാഫ്ക,
നദിയുടെ ഈണങ്ങൾക്കു കാതോർത്തിരിക്കുന്ന
ഹെസ്സെയുടെ സിദ്ധാർത്ഥൻ...
എല്ലാറ്റിലും അവന്റെ നിശ്ശബ്ദമായ രക്തം
ചിതറിവീണിരിക്കുന്നു
ഒരാൾക്കും അവനെ രക്ഷിക്കാനായില്ല.
തടവറയിൽ അവസാനം വായിച്ചുകൊണ്ടിരുന്ന
പുസ്തകം നിവർത്തിവെച്ച്
തടവുകാരൻ തൂക്കുമരത്തിലേയ്ക്കു നടന്നുപോയിരിക്കുന്നു.
ബാക്കിയായത് നീലക്കടലാസ്സിൽ

കുത്തിക്കോറിയ ചില വരികൾമാത്രം.
അവസാനത്തെ ഹൃദയസ്പന്ദനത്തിന്റെ ചിറകടി മാത്രം
അവസാനത്തെ നെടുവീർപ്പിന്റെ
ഇളംചൂടറ്റ പ്രതിദ്ധ്വനി മാത്രം.
ഉരിഞ്ഞിട്ട പേരും ഊരിവെച്ച ചെരിപ്പും മാത്രം.
ജീവിയ്ക്കപ്പെടാത്ത ഒരു ജീവിതം മുഴുവൻ
ഈ മുറിയിൽ അവനെ കാത്തിരിയ്ക്കുന്നു.
ജീവിയ്ക്കപ്പെടാത്ത ഒരു ജീവിതം,
പ്രതീക്ഷകളുടെയും സാദ്ധ്യതകളുടേയും
കുഴിയ്ക്കപ്പെടാത്ത ഒരു ഖനി.

കുറിപ്പ്: സുബ്രഹ്മണ്യദാസിന് പ്രിയപ്പെട്ടവരായിരുന്ന ഇന്ത്യൻ ചിത്രകാരന്മാരുടെ സൂചനകൾ; തുടർന്ന് പ്രിയപ്പെട്ട എഴുത്തുകാരുടെയും.

# അനുബന്ധം

... ഇപ്പോൾ പ്രധാനപ്പെട്ട ഒരു പ്രശ്നം, എന്തുകൊണ്ട് ഈ കാര്യങ്ങൾ സംഘടനയ്ക്കുള്ളിൽ വെച്ചുതന്നെ എനിക്കവതരിപ്പിക്കാൻ കഴിഞ്ഞില്ല എന്നതാണ്. വാസ്തവത്തിൽ സംഘടനയ്ക്കുള്ളിലായിരുന്നപ്പോൾതന്നെ ഈ പ്രശ്നങ്ങൾ എന്റെയുള്ളിൽ വിങ്ങിനിൽക്കുകയും എന്നെ നിരന്തരം അലോസരപ്പെടുത്തുകയും എന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയും ചെയ്തിരുന്നുവെങ്കിൽ തന്നെ, പാർട്ടിലൈനിനെതിരായ ഒരു ചിന്തപോലും ഭാഷയുടെ രൂപത്തിലാക്കുവാനോ ബോധപൂർവ്വം അപഗ്രഥിക്കുവാനോ ഞാൻ ധൈര്യപ്പെട്ടിരുന്നില്ല. ഇതിൽ എന്റെ വ്യക്തിരപമായ ഉത്തരവാദിത്വം അംഗീകരിക്കുമ്പോൾതന്നെ യാഥാർത്ഥ്യത്തെ എങ്ങനെ സമീപിക്കണം എന്ന രീതി (method)യെ സംബന്ധിച്ച് പാർട്ടിക്കുള്ളിൽ ഇന്നും നിലനിൽക്കുന്ന ചില തെറ്റായ വശങ്ങൾകൂടി ചൂണ്ടിക്കാണിക്കപ്പെടേണ്ടതുണ്ട്.

പ്രവർത്തനങ്ങളിലൂടെ ഉയർന്നുവരുന്ന പുതിയ പ്രശ്നങ്ങളെ പാർട്ടിലൈനിന്റെ പരിമിതികൾക്കുള്ളിലൊതുക്കാനാണ് പാർട്ടി ശ്രമിക്കുന്നത്. അല്ലെങ്കിൽ പുതിയ കാഡർമാരെ അങ്ങനെയാണ് പരിശീലിപ്പിക്കുന്നത്.

അതേപോലെതന്നെ, സാമൂഹ്യജീവിതത്തിന്റെ സങ്കീർണ്ണതകളിൽനിന്നും ഉയർന്നുവരുന്ന പുതിയ പ്രശ്നങ്ങളെ ക്ലാസ്സിക്കൽ മാർക്സിസ്റ്റ് വിശകലനങ്ങൾ നൽകുന്ന നിഗമനങ്ങളിലേക്ക് തിരുകിക്കൊള്ളിക്കാനുള്ള ശ്രമങ്ങളാണ് പാർട്ടി നടത്തുന്നത്.

ക്ലാസിക്കൽ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് വിശകലനങ്ങളിൽ നിന്നും വസ്തുനിഷ്ഠയാഥാർത്ഥ്യം എത്രയോ കൂടുതൽ മുന്നോട്ടുപോയിരിക്കുന്നു. മിക്കവാറും എല്ലാ ലോകരാഷ്ട്രങ്ങളിലും അവ കൂടുതൽ സങ്കീർണ്ണമായിത്തീർന്നിരിക്കുന്നു. വളരെ ഗൗരവമുള്ള ഈ പ്രശ്നത്തിന്റെ തത്വശാസ്ത്രങ്ങൾ എനിക്ക് അവ്യക്തമാണ്.

ഈ സങ്കീർണ്ണതകളെക്കൂടി ഉൾക്കൊള്ളുന്ന ഒരു സമഗ്രദർശനത്തിന്റെ അഭാവത്തിൽ, അതിലൂടെ മാർക്സിസം -ലെനിനിസത്തിൽത്തന്നെയുണ്ടാകുന്ന വികാസത്തിന്റെ അഭാവത്തിൽ, യഥാർത്ഥത്തിൽ പ്രസ്ഥാനം വിഭാഗീയമായി മാറുകയാണു ചെയ്യുക.

'വിപ്ലവപരമായ ബഹുജനലൈനി'ന്റെ ഉദാഹരണം തന്നെയെടുക്കുക. പാർട്ടിലൈനനുസരിച്ച് നടത്തിയിരുന്ന മുൻകാലപ്രവർത്തനങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിയാതിരുന്ന സാഹചര്യമാണ് വസ്തുനിഷ്ഠമായി നിലനിന്നിരുന്നത്. കേരളത്തിന്റെ സാമൂഹ്യസാഹചര്യം ക്ലാസിക്കൽ മാർക്സിസത്തിന്റെ വിശകലനങ്ങളിൽ ഒതുങ്ങുന്നില്ല. അതേ സമയം ക്ലാസിക്കൽ മാർക്സി

സത്തിന്റെ വിശകലനങ്ങളിലേക്ക് പുതിയ സാഹചര്യത്തെ തിരുകിക്കൊള്ളിക്കാൻ നടത്തുന്ന വിഫലശ്രമമാണ് ഈ വിപ്ലവപരമായ ബഹുജനലൈൻ. ഇന്നത്തെ സങ്കീർണ്ണ സാമൂഹ്യസാഹചര്യത്തിൽ വിപ്ലവപരമായ ബഹുജനലൈൻ വസ്തുനിഷ്ഠമായി നടക്കുന്ന രണ്ടുലൈൻ സമരത്തിന്റെ ഭാഗമായിവരുന്നില്ല.

(യാഥാർത്ഥ്യത്തിനനുസൃതമായി രൂപംനൽകാത്ത ഒരു ആത്മനിഷ്ഠഘടകത്തിന് പുതിയ ചില പരിഷ്കാരങ്ങൾ നൽകിയാൽ അത് രണ്ടുലൈൻസമരത്തിന്റെ ഭാഗമാകില്ലല്ലോ).

കൺവെൻഷനിൽ വിപ്ലവപരമായ ബഹുജനലൈനിനെക്കുറിച്ച് ചർച്ച സജീവമാകാതിരുന്നതിനുള്ള കാരണവും മറ്റൊന്നല്ല.

—നാം കാഡർമാരെകുറ്റപ്പെടുത്തുന്നതിൽ അർത്ഥമില്ല. അതേസമയം ശരിയായ ഒരു രണ്ടുലൈൻ സമരം—വസ്തുനിഷ്ഠ സാഹചര്യങ്ങൾക്കനുയോജ്യമായ ഒരു രാഷ്ട്രീയലൈനിന്റെ അഭാവത്തിൽ നമുക്കതിനെ വികസിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽകൂടി—കൺവെൻഷനിൽ ഉരുത്തിരിഞ്ഞു വരുകയുണ്ടായി.

സൈനികലൈനിന്റേയും ബഹുജനലൈനിന്റേയും പ്രശ്നത്തിൽ ശരിയായ ഒരു രാഷ്ട്രീയ ലൈനിന്റെ അഭാവം തന്നെയാണ് സംസ്ഥാന കമ്മറ്റിയുടെ ഉത്തരവാദപ്പെട്ട രണ്ടു സഖാക്കളെയും —സണ്ണി, പ്രകാശൻ—RC51 യേയും ഒത്തുതീർപ്പിന്റെ രൂപത്തിലുള്ള ചർച്ചകൾക്ക് അബോധപൂർവ്വമെങ്കിലും പ്രേരിപ്പിച്ചതും.

യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുന്നതിൽ പ്രകടിപ്പിക്കുന്ന തെറ്റായ സമ്പ്രദായം (method) അത് മാർക്സിസ്റ്റ്-ലെനിനിസ്റ്റ് വിരുദ്ധമാണ് —ഈ കുറിപ്പുകളെതന്നെ തെറ്റായി ധരിക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു.

ഞാൻ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ ഇതാണ്: ക്ലാസിക്കൽ മാർക്സിസം-ലെനിനിസത്തിന്റെ വിശകലനങ്ങളിൽ നിന്നും തികച്ചും വിഭിന്നമായ ഒരു സാഹചര്യമാണ് ഇന്ന് ലോകത്തെമ്പാടുമുള്ള രാജ്യങ്ങളിൽ നിലനിൽക്കുന്നത്. അതുകൊണ്ട്, ക്ലാസിക്കൽ മാർക്സിസം-ലെനിനിസത്തിന്റെ വിശകലന നിഗമനങ്ങളെ ഉപേക്ഷിക്കുകയും, അതേസമയം മാർക്സിസത്തിന്റെ വിപ്ലവപരവും സചേതനവുമായ അന്തഃസത്തയെ അടിസ്ഥാനമാക്കിയുള്ള ഒരു പുതിയ വിശകലനത്തിനു സന്നദ്ധമാകുകയും ചെയ്യുന്നതിലൂടെ മാത്രമേ ഇന്ന് വിപ്ലവത്തിന്റെ വസ്തുനിഷ്ഠമായ സാഹചര്യങ്ങൾക്കനുസൃതമായ ആത്മനിഷ്ഠഘടകത്തിന് രൂപം നൽകാനാവൂ.

വാസ്തവത്തിൽ ഇതിന്റെ തുടക്കം സെക്രട്ടറി സഖാവി52ന്റെ രേഖയിൽതന്നെയുണ്ട്: കേരളത്തിലെ സവിശേഷസാഹചര്യങ്ങളെ വിലയിരുത്തുമ്പോൾ ഫ്യൂഡൽ ഉല്പാദനബന്ധങ്ങളിൽ അടിസ്ഥാനപരമായ മാറ്റമുണ്ടായിട്ടുണ്ടെങ്കിൽതന്നെ ഉല്പാദനശക്തികൾ സാരമായ മാറ്റമില്ലാതെ നിലനിൽക്കുന്നു എന്ന വസ്തുത ആ രേഖ ചൂണ്ടിക്കാട്ടുന്നുണ്ട്. ലോകത്തിലെ കൊളോണിയൽ-പുത്തൻ കൊളോണിയൽ രാഷ്ട്രങ്ങളിലെല്ലാം തന്നെ ഈ രീതിയിൽ മാറ്റം നടന്നുകൊണ്ടിരിക്കുകയല്ലേ എന്നത് പഠനാർഹമാണ്. ഇന്ത്യയിലെ മറ്റുസംസ്ഥാനങ്ങളിലെ അവസ്ഥയും തഥൈവ.

ഇത് ക്ലാസ്സിക്കൽ നിഗമനങ്ങളിലൊതുങ്ങാത്ത പുതിയ വർഗ്ഗബന്ധങ്ങൾക്കാണ് രൂപം നൽകുന്നത്. മാർക്സിന്റെ ഒരുദ്ധരണി ഈ പ്രശ്നം പരിശോധിക്കാൻ സഹായകമാണ്:

'... തുണ്ടുഭൂമികളുടെ ഉടമകളായ കൃഷിക്കാർ ഒരു വലിയ വിഭാഗമാണ്. പരസ്പരം ബഹുമുഖമായ ബന്ധങ്ങളിലേയ്ക്ക് പ്രവേശിക്കാതെ, ഒരു പോലെയുള്ള സാഹചര്യങ്ങളിലാണ് അവർ ജീവിക്കുന്നത്. അവരുടെ ഉല്പാദനരീതി പരസ്പരബന്ധങ്ങളിലേക്ക് കൊണ്ടുവരുന്നതിനുപകരം

അവരെ തമ്മിൽ തമ്മിൽ ഒററപ്പെടുത്തുന്നു. ലക്ഷക്കണക്കിന് കുടുംബങ്ങൾ അവരുടെ ജീവിതരീതിയെയും താല്പര്യങ്ങളെയും സംസ്കാരത്തെയും മറ്റുവർഗ്ഗങ്ങളുടേതിൽനിന്നും വേർതിരിക്കുകയും മറ്റു വർഗ്ഗങ്ങളുമായി ശത്രുത പുലർത്തുന്ന എതിർചേരിയിൽ അവരെ ഉൾപ്പെടുത്തുകയും ചെയ്യുന്ന സാമ്പത്തികജീവിത സാഹചര്യങ്ങളിൽ ജീവിക്കുന്നിടത്തോളം അവർ ഒരു വർഗ്ഗമാകുന്നു... '

അപൂർവ്വം ചില പോക്കറ്റുകളിലുള്ള തൊഴിലാളികളൊഴികെ (അവരുടെ വർഗ്ഗസ്വഭാവം തന്നെ ആഴത്തിലുള്ള വിശകലനങ്ങൾക്കു വിധേയമാക്കേണ്ടതാണ്) വർഗ്ഗമെന്നു വിളിക്കാവുന്ന ഒരു ജനവിഭാഗത്തെയും ഈ ക്ലാസിക്കൽ നിർവചനമനുസരിച്ച് നമുക്കു കേരളത്തിൽ കണ്ടെത്താനാവില്ല. കർഷകരും ഉദ്യോഗസ്ഥരും ചെറുകിടക്കച്ചവടക്കാരും വിദേശവാസികളും (gulf emigrants) ചെറുകിട സ്ഥാപനങ്ങളിലേയുംമറ്റും തൊഴിലാളികളുമെല്ലാംതന്നെ ഇടത്തരക്കാരെന്നു പൊതുവിൽ പറയാവുന്ന വിഭാഗത്തിൽ പെടുന്നവരാണ്.

ഈ ജനവിഭാഗമാണ് യഥാർത്ഥത്തിൽ ഫാസിസ്റ്റ് ശക്തികളുടെ അടിത്തറയായി നില്ക്കുന്നത്. അടിയന്തിരാവസ്ഥയോട് കേരളത്തിലെ ജനങ്ങൾ പ്രകടിപ്പിച്ച നിസ്സംഗതയും, മറ്റുസംസ്ഥാനങ്ങളിൽനിന്നു വിഭിന്നമായി പഴയ ഭരണാധികാരികളെതന്നെ അധികാരത്തിലേറ്റാൻ അവർ പ്രകടിപ്പിച്ച സന്നദ്ധതയും ഇതിനേറ്റവും നല്ല തെളിവാണ്. തങ്ങളുടെ താല്പര്യങ്ങൾ ആര് ഏറ്റവും നന്നായി സംരക്ഷിക്കുമെന്ന് ഉറപ്പുനൽകുന്നുവോ അക്കൂട്ടരെ അവർ അധികാരത്തിലേറ്റുന്നു. അടിയന്തരാവസ്ഥക്കാലത്ത് മാളങ്ങളിലൊളിച്ച സോഷ്യൽ ഫാസിസ്റ്റുകൾ അടിയന്തരാവസ്ഥയെ തുടർന്നുള്ള തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടതും, തുടർന്ന് അവർ വീണ്ടും അധികാരത്തിലേറിയതും ഇത് സ്ഥിരീകരിക്കുന്നു. ഇരു വിഭാഗങ്ങളോടും കൂറുപുലർത്തുന്ന ഈ വിഭാഗത്തിന് വിപ്ലവപ്രസ്ഥാനത്തോടുള്ള മനോഭാവവും ഇതുതന്നെ ആയിരിക്കും. മാർക്സിന്റെ ഉദ്ധരണിയുടെ തുടർച്ച നോക്കുക;

'തുണ്ടുഭൂമികളുടെ ഉടമകളായ ഈ കൃഷിക്കാരുടെയിടയിൽ പ്രദേശികമായ പരസ്പരബന്ധം മാത്രമുള്ളിടത്തോളം അവരുടെ താല്പര്യങ്ങളുടെ വ്യക്തിത്വം സാമുദായികമോ, ദേശീയമോ ആയ കെട്ടുപാട് ഉണ്ടാക്കുന്നില്ലെങ്കിൽ അവർ ഒരു വർഗ്ഗമല്ല. തങ്ങളുടെ വർഗ്ഗതാൽപര്യങ്ങൾ തങ്ങളുടെ സ്വന്തംപേരിൽ പാർലിമെന്റിലൂടെയായാലും ഒരു സമ്മേളനത്തിലൂടെയായാലും പ്രബലപ്പെടുത്തുവാൻ, തൽഫലമായി അവർ കഴിവില്ലാത്തവരാണ്. അവർക്ക് സ്വയം പ്രതിനിധീകരിക്കാനാവില്ല. അവർ പ്രതിനിധീകരിക്കപ്പെടേണ്ടിയിരിക്കുന്നു.

അവരുടെ പ്രതിനിധി ഒരേസമയം അവരുടെ യജമാനനും അവരുടെ മീതെ അധികാരിയും അനിയന്ത്രിതമായ ഭരണാധികാരശക്തിയും ആവേണ്ടിയിരിക്കുന്നു

'മറ്റു വർഗ്ഗങ്ങളിൽ നിന്ന് അവരെ സംരക്ഷിക്കുകയും മുകളിൽ നിന്ന് അവർക്കു മഴയും വെളിച്ചവും നൽകുകയും ചെയ്യുന്ന ശക്തി. സമൂഹത്തെ അധികാരത്തിൻ കീഴിലാക്കുന്ന നിയമനിർവാഹകശക്തിയിലാണ് അതുകൊണ്ട്, ചെറുകിടകൃഷിക്കാരുടെ രാഷ്ട്രീയ സ്വാധീനം അതിന്റെ ഒടുവിലത്തെ അഭിവ്യഞ്ജനം കാണുന്നത്.'

—(പതിനെട്ടാം ബ്രൂമെർ)

പൊതുവിൽപറഞ്ഞാൽ ഈ ഇടത്തരക്കാരെ നേടിയെടുക്കാൻ ഫാസിസ്റ്റുകളും സോഷ്യൽ ഫാസിസ്റ്റുകളും ചേരിതിരിഞ്ഞു നടത്തുന്ന ശ്രമങ്ങളാണ് കേരളത്തിലെ കക്ഷിരാഷ്ട്രീയം.

ഇത്തരമൊരു സാമൂഹ്യസാഹചര്യത്തിൽ ഈ വിപ്ലവവർഗ്ഗങ്ങളെ തങ്ങളുടെ വശത്തേക്ക് നേടിയെടുക്കുക എന്ന ശ്രമകരമായ പണിയാണ് കേരളത്തിലെ വിപ്ലവപ്രസ്ഥാനം നേരിടുന്ന

ത്.

ഇതോടൊപ്പം പറയാനുള്ള മറ്റൊരു വസ്തുത, ചൈനയിലും, റഷ്യയിലും വിപ്ലവം വിജയകരമായി മുന്നേറിയപ്പോൾ അതിന് അടിത്തറയായി അവിടത്തെ വിപ്ലവവർഗ്ഗങ്ങളുടെ നേതൃത്വത്തിൽ ബഹുജനങ്ങളുടെ രാഷ്ട്രീയവും സാംസ്കാരികവുമായ ദേശീയഐക്യം കെട്ടിപ്പടുക്കാൻ കഴിഞ്ഞിരുന്നു എന്നതാണ്. ഈ ദേശീയ ഐക്യത്തിന്റെ അടിത്തറമേലാണ് വിപ്ലവപാർട്ടിക്കും സേനക്കും നിലനിൽക്കാനും വർഗ്ഗശത്രുക്കളെ തകർക്കാനും കഴിഞ്ഞത്. സാമ്രാജ്യത്വവും തിരുത്തൽവാദവും ഫ്യൂഡൽ അവശിഷ്ടങ്ങളുംചേർന്ന് ഒരു അവിയൽ പരുവത്തിലെത്തിച്ചിരിക്കുന്ന കേരളത്തിന്റെ സ്ഥിതി എത്രയോ സങ്കീർണ്ണമാണ്. ഇന്നും സമരം ചെയ്യുന്ന നാഗാമിസോ കലാപകാരികൾക്ക് അവരുടെ പോരാട്ടം തുടരാൻ കഴിയുന്നത് അവിടെ ഈ സങ്കീർണ്ണതകൾ ഇല്ലാത്തതിനാലാണ്.

നക്സൽബാരിയും ശ്രീകാകുളവുംപോലും വലിയൊരു പരിധിവരെ ഈ ഐക്യം നിലനിർത്തിയിരുന്നില്ലേ ?

കേരളത്തിലെ ഈ സങ്കീർണ്ണ സാഹചര്യങ്ങൾക്കനുസൃതമായ ആത്മനിഷ്ഠഘടകത്തിന് രൂപംനല്കുന്നതിൽ ചാരുമജ്ശുംദാരുടെ തൊഴിലാളി വർഗ്ഗവിപ്ലവലൈൻ നിഷേധാത്മകമായ പങ്കാണ് വഹിക്കുന്നതെന്ന് ഞാൻ കരുതുന്നു.

ഇതുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ കൂടി താഴെ കൊടുക്കുന്നു.

1. വസ്തുനിഷ്ഠ സാഹചര്യങ്ങളുമായി പൊരുത്തമില്ലാത്ത ഒരു രാഷ്ട്രീയലൈനിനെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു സംഘടനയിൽ ആരോഗ്യകരമായ രണ്ടുലൈൻ സമരം നടക്കുകയെന്നത് അസംഭാവ്യമാണ്. ഈ സാഹചര്യത്തിൽ പാർട്ടിക്കുള്ളിലും സഖാക്കൾക്കുള്ളിലും നിലനിൽക്കുന്ന അന്തഃസംഘർഷങ്ങൾ ഏതൊരു പാർട്ടിയും ഇന്ന് അംഗീകരിച്ചിരിക്കേണ്ട 'വിപ്ലവപരമായ ബഹുജനലൈൻ' പോലും സ്വീകരിക്കുന്നതിനെ തടസ്സപ്പെടുത്തുന്നു. ഇത്തരമൊരു സാഹചര്യത്തിൽ സംസ്ഥാന കമ്മറ്റി സ്വയം പുനഃപരിശോധിക്കുകയും തിരുത്തുകയും ചെയ്യുന്നതിനു പകരം അതിലെ ഉത്തരവാദിത്വവും പക്വതയുമുള്ള പല സഖാക്കളേയും പുറത്താക്കിയതിൽ വ്യക്തിപരമായി എനിക്കു പ്രതിഷേധമുണ്ട്. കാരണം അവരുടെ മുൻകൈപ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നത് തെറ്റായ രാഷ്ട്രീയലൈനാണെന്നതുതന്നെ.

   സജീവമായ രണ്ടുലൈൻസമരം നടക്കുന്ന ഒരു ജില്ലാകമ്മറ്റിയെങ്കിലും നമുക്കുണ്ടോ? പാർട്ടി സംഘടന ഏറെക്കുറെ കെട്ടിപ്പടുക്കപ്പെട്ടുകഴിഞ്ഞിട്ടുള്ള ഇന്നും ഓരോ പാർട്ടി സംഘാടകനും നേരിടുന്ന യഥാർത്ഥ വെല്ലുവിളി ആരോഗ്യകരമായ രണ്ടുലൈൻ സമരം വികസിപ്പിക്കുക എന്നതിനു പകരം ഉള്ളയാളുകളെ എങ്ങനെയെങ്കിലും കൂട്ടിയിണക്കികൊണ്ടുപോകുക എന്നതല്ലേ?

2. സംഘടനയിൽ നിന്നും വളരെയധികം സഖാക്കൾ വിട്ടുപോകുന്നതിനേയും ... അങ്ങേയറ്റം കൂറുള്ള ഈ സഖാക്കളെല്ലാം തന്നെ ഒരിക്കലും പാർട്ടി ലൈനിനെതിരായി ചിന്തിക്കാൻ ധൈര്യപ്പെടുന്നില്ല. തങ്ങളുടെ പ്രശ്നങ്ങൾ ദാർശനികവും അമൂർത്തവുമാണെന്ന് ധരിച്ചവശരാകുന്ന ഈ സഖാക്കൾ വ്യക്തിത്വവിഘടനത്തിനും, മനോരോഗങ്ങൾക്കും വിധേയരാവുകയോ ഒരുതരം സ്വപ്നജീവികളാവുകയോ ചെയ്യുന്നു... അടിസ്ഥാന കാരണം ഇതുതന്നെയാണ്.

ഒരു ഭീകരപ്രസ്ഥാനത്തിന് ഒരു ഉപസമൂഹമാകാൻ (sub-society) കഴിയുമെങ്കിൽതന്നെയും ഒരു മാർക്സിസ്റ്റ് ലെനിനിസ്റ്റ് പ്രസ്ഥാനത്തിന് ഒരിക്കലും ഒരു ഉപസമൂഹമാകാൻ കഴിയില്ല.

കാരണം അതിനെ നയിക്കുന്ന പ്രത്യയശാസ്ത്രം സമൂഹവുമായി സചേതനബന്ധം പുലർത്തുന്നതാണെന്നതുതന്നെ.

എന്നാൽ സമൂഹത്തേയും പ്രസ്ഥാനത്തേയും പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണി—രാഷ്ട്രീയലൈൻ—സംവേദനക്ഷമമല്ലാതായിത്തീർന്നാൽ, ഒരു വിപ്ലവപ്രസ്ഥാനത്തിനു സംഭവിക്കാവുന്ന ഏറ്റവും വലിയ ദുരന്തമായിരിക്കും അത്.

അന്തഃസംഘർഷങ്ങൾ നിറഞ്ഞ ഒരു ത്രിശങ്കുസ്വർഗ്ഗത്തിൽ അത് സ്വയം മുട്ടിത്തിരിയേണ്ടിവരും.

ഈ അന്തഃസംഘർഷങ്ങൾ സ്വയം അനുഭവിക്കുന്നില്ലെന്ന്—മാവോ പറയുന്ന personal ease of mind അനുഭവിക്കുന്നുവെന്ന് —സംഘടനയിലെ ഉത്തരവാദിത്വമുള്ള ഏതെങ്കിലും സഖാവിന് പറയാനാവുമോ?

എങ്കിൽ ഒരു വശത്ത് സ്റ്റാലിനും മറുവശത്ത് ആശയവാദവും നയിക്കുന്ന ഒരു വിഭജിതവ്യക്തിത്വമായിരിക്കും അയാളുടേത്.

## കോൺസൻട്രേഷൻ ക്യാമ്പിൽനിന്നു പുറത്തുവന്ന ഒരാളുടെ അനുഭൂതി...

സഖാക്കളെ,

ഞാൻ അന്ന് അവിടെ നിന്നു പോന്നപ്പോൾ വാസ്തവത്തിൽ എന്റെ മാനസിക നിലയെപ്പറ്റിത്തന്നെ എനിക്കു സംശയമുണ്ടായിരുന്നു.

പക്ഷെ ഇന്ന് അതിനെ അതിജീവിയ്ക്കാനും മറ്റു പലരുടെയും അനുഭവങ്ങൾ കൈമാറാനും എന്റെ പ്രവർത്തനങ്ങളെ സമചിത്തതയോടെ വിലയിരുത്താനും കഴിഞ്ഞതിന്റെ വെളിച്ചത്തിൽ ചില കാര്യങ്ങൾ എനിയ്ക്ക് അവതരിപ്പിക്കാനുണ്ട്.

C M ന്റെ വിപ്ലവലൈൻ തന്നെയാണ് ശരിയെന്ന് സഖാക്കൾ വിശ്വസിക്കുന്നുവെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ അടിയന്തിരാവസ്ഥയോടുള്ള കേരളജനതയുടെ പ്രതികരണവും കേരളസംസ്ഥാനരൂപീകരണത്തിനുശേഷം ഇന്നേവരെയുള്ള കാലയളവിൽ വിവിധ കക്ഷി രാഷ്ട്രീയക്കാരോട് തെരഞ്ഞെടുപ്പുകളിലും മറ്റുംഇവിടത്തെ ജനത പ്രതികരിച്ചതിന്റെവിവിധവശങ്ങളെ വിലയിരുത്തി കാണാൻ ഞാനാഗ്രഹിക്കുന്നു.

അങ്ങനെയെങ്കിലും സമൂർത്ത സാഹചര്യങ്ങളെ ആസ്പദമാക്കി ഒരു ചർച്ചയ്ക്കു കളമൊരുങ്ങട്ടെ.

സ: രാജന്റെ ആത്മഹത്യ etc. സഖാക്കളുടെ മനോസംഘർഷം.

സഖാക്കളേ,

കേരളത്തിലെ സങ്കീർണ്ണ സാമൂഹ്യവ്യവസ്ഥയിൽ വിപ്ലവത്തിന്റെ ആത്മനിഷ്ഠ ഘടകമെന്നതിന് സ: ചാരുമജ്ഹുംദാരുടെ തൊഴിലാളിവർഗ്ഗവിപ്ലവലൈനിന്ന് ഉൾക്കൊള്ളവുന്നതിനേക്കാൾ അർത്ഥവ്യാപ്തിയുണ്ടെന്ന് ഞാൻ കരുതുന്നു.

സമൂർത്തയാഥാർത്ഥ്യത്തിനനുരൂപമല്ലാത്ത രാഷ്ട്രീയലൈനിനാൽ നയിയ്ക്കപ്പെടുന്നൊരു സംഘടനയല്ലാത്തതിനാൽ ഓരോ സംഘാടകസഖാവും ഇന്ന് യഥാർത്ഥത്തിൽ നേരിടുന്ന വെല്ലുവിളി രണ്ടുലൈൻ സമരം വികസിപ്പിക്കുക എന്നതല്ല, പകരം ഉള്ളയാളുകളെ എങ്ങനെയെങ്കിലും കൂട്ടിയിണക്കിക്കൊണ്ടു പോവുക എന്നതല്ലേ?

ഇതെന്റെ രാജിക്കത്തായി സ്വീകരിയ്ക്കുക.

രണ്ടുമൂന്നു കാര്യങ്ങളാണ് പ്രധാനമായും ഇത്തരമൊരു തീരുമാനമെടുക്കാനും സംഘടനയുടെ ഉത്തരവാദിത്വങ്ങളിൽനിന്നൊഴിയുവാനും എന്നെ പ്രേരിപ്പിച്ചത്:

1. വിപ്ലവത്തിന്റെ ആത്മനിഷ്ഠഘടകം എന്നുപറയുമ്പോൾ ഇന്നത്തെ കാലഘട്ടത്തിൽ മാർക്സിസ്റ്റ്-ലെനിനിസ്റ്റുകൾ ഉദ്ദേശിക്കുന്ന അർത്ഥവ്യാപ്തി കേരളത്തിലെ വിപ്ലവപ്രസ്ഥാനത്തിന് അവകാശപ്പെടാൻ കഴിയില്ലെന്നത്.
2. ഇത്തരം ഒരു സമഗ്രവീക്ഷണത്തിന്റെ അഭാവത്തിൽ ഏറ്റവുമധികം അന്തഃസംഘർഷങ്ങൾ നിറഞ്ഞ മറ്റൊരു ഉപസമൂഹം മാത്രമായി കേരളത്തിലെ വിപ്ലവപ്രസ്ഥാനം മാറിക്കൊണ്ടിരിക്കുന്നു എന്നത്.
3. ഇതിന്റെ പ്രശ്നങ്ങൾ അനുഭവിക്കുമ്പോൾതന്നെ ഇതിനെ എങ്ങനെ നേരിടണമെന്നതിനെക്കുറിച്ച് ഞാനനുഭവിച്ച അവ്യക്തതയും ഒറ്റപ്പെടലും

ഇവയെ സാധൂകരിയ്ക്കാനായി ഒരു കത്തിലൊതുക്കാവുന്നതിലധികം അനുഭവങ്ങൾ എനിയ്ക്കു നിരത്തി വെയ്ക്കാനാവും പക്ഷേ

അതുകൊണ്ടുമാത്രം…

അടിയന്തരാവസ്ഥയ്ക്കുശേഷം പാർട്ടി പുനഃസംഘടിപ്പിച്ചതിൽ പിന്നെയും വളരെയധികം സഖാക്കൾ പാർട്ടി വിട്ടുപോയതിനെ ആ സഖാക്കളുടെ തകരാറെന്ന നിലയിൽ വ്യാഖ്യാനിക്കുന്നത് തെറ്റല്ലേ?

വാസ്തവത്തിൽ രാഷ്ട്രീയമായും സംഘടനാപരമായും ഈ യഥാർത്ഥ പ്രതിസന്ധിയുടെ പ്രകടിതരൂപമല്ലേ അത്?

ജനങ്ങളുടെ ജീവിതത്തിന്റെയും മാർക്സിസത്തിന്റെ തന്നെയും സജീവവും സചേതനവുമായ വശം നമ്മുടെ പാർട്ടിയിൽ നിഷേധിയ്ക്കപ്പെടുന്നതായി എനിയ്ക്കനുഭവപ്പെട്ടു…

# ക്രൈസ്റ്റ് കോളേജ് മാഗസിൻ 1978: വിദ്യാഭ്യാസചർച്ച

- ക്യാൻസർ—ആറ്റൂർ രവിവർമ്മ
- ചരിത്രം—പി. ഉദയഭാനു
- വിയർപ്പും സാഹിത്യവും—ലൂഷുൺ ബിരുദം ചുമക്കുന്ന സാറന്മാർ—യു. പി. ജയരാജ്
- വൈദ്യവിദ്യാഭ്യാസം—ടി. പി. നാസർ
- സംഭാഷണശക്തി വീണ്ടെടുക്കാം—സി. ആർ. പരമേശ്വരൻ
- കലാലയ വിദ്യാഭ്യാസത്തെപ്പറ്റി—പി. കെ. അനിൽ
- ധൈഷണിക സ്വാതന്ത്ര്യത്തിനൊരു മുഖവുര—സി. പവിത്രൻ

## വിദ്യാഭ്യാസം എന്ന ഗൂഢാലോചന

— ഒരു സംഘം വിദ്യാർത്ഥികൾ

ചൂഷണത്തിലും അനീതിയിലും അധിഷ്ഠിതമായ ഇന്ത്യൻ സാമൂഹ്യവ്യവസ്ഥയെ മാറ്റമില്ലാതെ നിലനിർത്താനും നടത്തിക്കൊണ്ടു പോകാനുമുള്ള ഒരു ഉദ്യോഗസ്ഥവൃന്ദത്തെ സൃഷ്ടിക്കുകയാണ് ഇന്നത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ജനകോടികളെ നിരക്ഷരരാക്കി നിർത്തി, സമ്പന്ന വർഗ്ഗത്തിലെ യുവാക്കൾക്കുമാത്രം വിദ്യാഭ്യാസത്തിന് അവസരം നല്കുകവഴി അധീശവർഗ്ഗങ്ങൾ സ്വന്തം ആധിപത്യം സംരക്ഷിക്കുന്നു. സമ്പന്നന്റെ മാനസിക സമീപനങ്ങൾ വിദ്യാർത്ഥികളിൽ അടിച്ചേല്പിക്കപ്പെടുന്നു. ഉപരിവർഗ്ഗത്തിന്റെ സാഹിത്യവും ശാസ്ത്രവും സാമ്പത്തികവിജ്ഞാനവും ജനാധിപത്യമൂല്യങ്ങളുടെ മറവിൽ വിദ്യാർത്ഥികളിൽ കുത്തിവെക്കപ്പെടുന്നു. നിലനില്ക്കുന്ന വർഗ്ഗാധിഷ്ഠിതമായ സാമൂഹ്യവ്യവസ്ഥയുടെ പശ്ചാത്തലത്തിൽ മാത്രമേ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തേയും പാഠ്യപദ്ധതികളേയും വിലയിരുത്താൻ കഴി

യൂ എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഉപരിവർഗ്ഗപാരമ്പര്യത്തിൽ തന്നെ പഠിച്ചുവളരുന്നതുകൊണ്ടാവാം, നമ്മുടെ വിദ്യാഭ്യാസ പണ്ഡിതർ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളെ ജീവിതയാഥാർത്ഥ്യത്തിന്റെ പ്രായോഗിക പശ്ചാത്തലത്തിൽ നിന്നടർത്തിമാറ്റുകയും, പാശ്ചാത്യ വിദ്യാഭ്യാസരീതികളുടെ വിവേക ശൂന്യമായ അനുകരണത്തിന്റെ രൂപത്തിൽ ലളിതമായ പരിഹാരങ്ങൾ നിർദ്ദേശിച്ചു സ്വയം തൃപ്തിയുടയുകയുമാണ് പതിവ്. ഇത്തരം ഉപരിപ്ലവമായ പരിഷ്കരണങ്ങൾകൊണ്ട് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം മാറുകയില്ലെന്നും സാമൂഹ്യവ്യവസ്ഥിതിയുടെ സമൂല പരിവർത്തനത്തിലൂടെ ജനങ്ങൾ സ്വയം തിരിച്ചറിയുകയും സ്വന്തം സംസ്കാരം കണ്ടെത്തുകയും ചെയ്യുമ്പോൾ മാത്രമേ വിദ്യാഭ്യാസം പ്രായോഗികവും ജനകീയസംസ്കാരവും ജനകീയ ശൈലിയുമായി സചേതനബന്ധമുള്ള ഒരു സ്വാഭാവിക പ്രക്രിയയായി മാറുകയുള്ളൂ എന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഈ വീക്ഷണകോണിലുള്ള ചില അപഗ്രഥനങ്ങളാണ് ഊ ചർച്ചയിൽ ഞങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഈ കോളേജിലെ ഒരുസംഘം ലേഖകർക്കു പുറമേ ക്ഷണിക്കപ്പെട്ട കുറച്ചു സുഹൃത്തുക്കളും ഈ ചർച്ചയിൽ പങ്കെടുക്കുന്നുണ്ട്. ഈ കോളേജിലെ പൂർവ്വവിദ്യാർത്ഥിയും കവിയും കഥാകൃത്തുമായ സി.ആർ. പരമേശ്വരൻ ഒരു കത്തിലൂടെയും യുവകഥാകൃത്തായ യു.പി. ജയരാജ് ഒരു ചെറുകഥയിലൂടെയും കവിയും പത്രാധിപരുമായ പി. ഉദയഭാനു ഒരു കവിതയിലൂടെയും തങ്ങളുടെ പ്രതികരണങ്ങൾ രേഖപ്പെടുത്തുന്നു. പ്രസിദ്ധ ലാറ്റിൻ അമേരിക്കൻചിന്തകനായ പോളോഫ്രെയറിന്റെ വിദ്യാഭ്യാസചിന്തകളെപ്പറ്റി സി. പവിത്രൻ എഴുതിയ ഒരു ലേഖനവും സാഹിത്യത്തെപ്പറ്റി ആധുനിക ചൈനീസ് സാഹിത്യകാരനായ ലൂഷുൺ ചെയ്ത ഒരു പ്രസംഗവും ഈ ചർച്ചയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ അപചയത്തെ അതിശക്തമായ ഒരു ബിംബത്തിലൂടെ സന്നിഹിതമാക്കുന്ന ആറ്റൂർ രവിവർമ്മയുടെ ക്യാൻസർ സദയാനുവാദത്തോടെ പുനഃപ്രസിദ്ധീകരിച്ചിരിക്കുന്നു. വിദ്യാർത്ഥികളായ ടി.പി. നാസർ (കോഴിക്കോട്ട് മെഡിക്കൽകോളേജ്), പി.കെ. അനിൽ (ക്രൈസ്റ്റ് കോളേജ്) എന്നിവരും താന്താങ്ങളുടെ വിദ്യാഭ്യാസ മണ്ഡലങ്ങളെപ്പറ്റിയുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നുണ്ട്.ഈ ചർച്ചയിൽ സഹകരിച്ച എഴുത്തുകാർക്ക് പ്രത്യേകം കൃതജ്ഞത രേഖപ്പെടുത്തുന്നു.

## വിദ്യ സ്വകാര്യമൂലധനമായി മാറുന്നു

ഫ്യൂഡൽ വിദ്യാഭ്യാസത്തെ അപേക്ഷിച്ച് മുതലാളിത്ത വിദ്യാഭ്യാസസമ്പ്രദായം കുറെക്കൂടി ജനകീയവും പുരോഗമനോന്മുഖവുമാണ്. ഫ്യൂഡൽവ്യവസ്ഥിതിയേക്കാൾ മുതലാളിത്തവ്യവസ്ഥിതിയിൽ വിദ്യാസമ്പന്നരുടെ ശതമാനം കൂടുതലാണ്. എന്നാൽ മുതലാളിത്തവ്യവസ്ഥ വിദ്യയേയും സ്വകാര്യമൂലധനമാക്കി മാറ്റിയിരിക്കുന്നു. വിദ്യയുടെ രണ്ടുഘട്ടങ്ങളിൽ വസ്തുനിഷ്ഠയാഥാർത്ഥ്യത്തിന്റെ പഠനം ആത്മനിഷ്ഠജ്ഞാനമായിത്തീരുന്ന ആദ്യഘട്ടവും ആത്മനിഷ്ഠജ്ഞാനം വസ്തുനിഷ്ഠയാഥാർത്ഥ്യത്തെ മാറ്റിത്തീർക്കുന്നതിനുള്ള പ്രവർത്തനത്തെ സഹായിക്കുന്ന രണ്ടാംഘട്ടവും. ആദ്യഘട്ടം അതിനെ സ്വകാര്യമൂലധനമായി ശേഖരിക്കുന്നതിന് വ്യക്തിയ്ക്ക് അവസരം നല്കുന്നു. സമൂഹത്തിന്റെതന്നെ ഉല്പന്നവും പൊതുസ്വത്തുമായ ആശയങ്ങൾ (വിദ്യ), മുതലാളിത്തവ്യവസ്ഥിതിയുടെ തൊഴിൽ വിഭജനമനുസരിച്ച് ബൂർഷ്വാ വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ ചില വ്യക്തികളുടെ സ്വകാര്യസ്വത്തായിത്തീരുന്നതോടെ അത് സമൂഹത്തിൽനിന്ന് അന്യവത്കരിക്കപ്പെടുന്നു. അതോടെ സമൂഹത്തിന്റെ പൊതു ഉത്പന്നവും പൊതുസ്വത്തുമായിരുന്ന വിദ്യ ചില വ്യക്തികളുടെ സ്വകാര്യമൂലധനമായിമാറുന്നു (ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദാ

യമനുസരിച്ച് പണരൂപത്തിൽ മൂലധനമിറക്കാൻ കഴിവുള്ളവർക്കേ വിദ്യ ലഭിക്കൂ എന്ന വസ്തുത വിദ്യ സ്വകാര്യമൂലധനമായി മാറുന്നതിന്റെ സാമ്പത്തിക വശത്തെ സൂചിപ്പിക്കുന്നു. അദ്ധ്വാനിക്കുന്ന ജനങ്ങൾ ഭൂരിപക്ഷവും നിരക്ഷരരായി തുടരുന്നതിന്റെ പിന്നിലെ മുഖ്യകാരണം ഇതാണ്). ഇതോടെ വിദ്യാഭ്യാസം അതിന്റെ സാമൂഹികഭാവത്തിൽനിന്ന് പൂർണ്ണമായും അകറ്റപ്പെടുകയും മുതലാളിത്ത കച്ചവടസ്വഭാവം അതിനു കൈവരികയും ചെയ്യുന്നു. സമൂഹത്തിലെ പ്രായോഗികപ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് അവയെക്കുറിച്ചുള്ള ശാസ്ത്രീയപരിജ്ഞാനമാണെന്നതിനാൽ അതിനു വളരെയധികം സാമൂഹിക പ്രാധാന്യമുണ്ട്. അതുകൊണ്ടുതന്നെ വിദ്യയെ സ്വകാര്യമൂലധനമാക്കിമാറ്റിയ വിദ്യാസമ്പന്നന് അയാളുടെ വിദ്യയ്ക്കുവേണ്ട പ്രായോഗികസാമ്പത്തിക പശ്ചാത്തലമൊരുക്കിയ കായികാദ്ധ്വാനിയേക്കാൾ കൂടുതൽ സാമൂഹ്യപദവിയും വേതനവും ലഭിക്കുന്നു. വിദ്യാസമ്പന്നൻ ബൂർഷ്വാവത്കരിക്കപ്പെടുന്നു. അറിവ്(വിദ്യ) സ്വകാര്യമൂലധനമോ കച്ചവടച്ചരക്കോ അല്ലാതായിത്തീരുന്ന സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് സാമൂഹ്യക്രമങ്ങളിൽ മാത്രമേ അതിന് സ്വന്തം സാമൂഹികസ്വഭാവം തിരിച്ചുകിട്ടുകയുള്ളൂ. അത്തരമൊരു സാമൂഹ്യക്രമത്തിൽ മാത്രമേ സമൂഹത്തിന്റെ പൊതു ഉത്പന്നമായ വിദ്യ സമൂഹത്തിന്റെ പൊതു സ്വത്തായിത്തീരുകയുള്ളൂ. മുതലാളിത്തവ്യവസ്ഥിതിയിൽ ബൂർഷ്വായുടെ ആവശ്യങ്ങൾക്കനുസരിച്ച് ഏകപക്ഷീയവും ഹ്രസ്വദൃഷ്ടിയുള്ളതും ഇടുങ്ങിയതുമായി സ്പെഷ്യലൈസ് ചെയ്യപ്പെട്ട വിദ്യാഭ്യാസരീതി സമൂഹത്തിന്റെ ആകെയുള്ള പുരോഗതിക്ക് പ്രയോജനകരമാകുംവിധത്തിൽ നവീകരിക്കപ്പെടുകയുള്ളൂ.

ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെക്കുറിച്ച് സമഗ്രമായൊരു കാഴ്ചപ്പാടുൾക്കൊള്ളുന്ന ഈ ലേഖനം രൂപപ്പെടുത്തുന്നതിനായി വിദ്യാർത്ഥികളുമായി പ്രത്യക്ഷമായും പരോക്ഷമായും ഉള്ള ചർച്ചകളിലേർപ്പെടാനും അതിലൂടെ ലഭിക്കുന്ന അഭിപ്രായങ്ങൾ ലേഖനരൂപത്തിൽ പ്രസിദ്ധപ്പെടുത്താനും ഈ സംരംഭത്തിൽ കാര്യമായ താല്പര്യം പ്രകടിപ്പിച്ച രാമൻ, അശോക്കുമാർ, വെങ്കിടേശ്വരൻ, മുരളി, അശോകൻ തുടങ്ങി ഒട്ടേറെ വിദ്യാർത്ഥി സുഹൃത്തുക്കൾ മാസികാസമിതിയിലെ വിദ്യാർത്ഥി അംഗങ്ങളെ സഹായിക്കുകയുണ്ടായി; 'വിദ്യാഭ്യാസം എന്ന ഗൂഢാലോചന' ഈ കലാലയത്തിലെ ഭൂരിപക്ഷം വരുന്ന ഉദ്ബുദ്ധരായ വിദ്യാർത്ഥികളുടെ അഭിപ്രായങ്ങളെ പ്രതിനിധീകരിക്കുന്നു. വിദ്യാർത്ഥികൾക്കിടയിൽ ഒരു തുറന്ന ചർച്ചയ്ക്കായി ഞങ്ങൾ ഈ ലേഖനം സമർപ്പിക്കുന്നു.

— ചീഫ് സ്റ്റുഡന്റ് എഡിറ്റർ

## വിദ്യാഭ്യാസം എന്ന ഗൂഢാലോചന

— ഒരു സംഘം ലേഖകർ

ഇന്ത്യൻ വിദ്യാഭ്യാസം, സാമാന്യജനതയ്ക്കെതിരായി അധീശവർഗങ്ങൾ നൂറ്റാണ്ടുകളായി നടത്തിപ്പോരുന്ന ഒരു ഗൂഢാലോചനയുടെ ഭാഗമാണ്. ബ്രിട്ടീഷ് സാമ്രാജ്യാധിപതികളിൽ നിന്നും ഇന്ത്യൻ ഉപരിവർഗ്ഗം ഏറ്റുവാങ്ങിയ ജനവിരുദ്ധ പാരമ്പര്യം ഇനിയും ചോദ്യംചെയ്യപ്പെടാതെ അധികകാലം തുടരുകയില്ല. വിദ്യാഭ്യാസരംഗത്ത് മൂർച്ഛിച്ച കഴിഞ്ഞ പ്രതിസന്ധി, ഉപരിവർഗ്ഗത്തിന്റെ വംശനാശത്തിന്റെ ആദ്യത്തെ സൂചനയാണ്. ചൈനയിലെ 'മസ്തിഷ്കപ്രക്ഷാളന'ത്തെയും ഇന്ത്യയിലെ 'ജനാധിപത്യ വിദ്യാഭ്യാസ'ത്തെയും താരതമ്യപ്പെടുത്തിയിട്ടുള്ള ഇരുണ്ട പ്രഭാഷണങ്ങൾക്കും, പരീക്ഷാപരിഷ്കരണത്തെയും ഒബ്ജക്റ്റീവ് ടൈപ്പ് ചോദ്യങ്ങളേയും കേന്ദ്രീകൃത പേപ്പർ വാല്യുവേഷൻ പ്രശ്നങ്ങളേയും, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തേയും 'ടെൻ പ്ലസ് ടു പ്ലസ് ത്രീ'യെയും യു.ജി.സി. ശമ്പളനിരക്കുകളേയും കുറിച്ച് ഉറക്കെയുറക്കെ നടത്തുന്ന ചർച്ചകൾക്കും, സത്യം കണ്ടെറിയുന്നതിൽനിന്നും യുവാക്കളെ തടയാനാവില്ല. 'സ്വാതന്ത്ര്യം' നേടി മൂന്നുദശകം കഴിഞ്ഞിട്ടും ജനസംഖ്യയുടെ മൂന്നിൽ രണ്ടു ഭാഗത്തെയും ഗ്രസിച്ചിരിക്കുന്ന നിരക്ഷരതയുടേയും വർഷംതോറും വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മയുടേയും വിദ്യാർത്ഥികൾക്കിടയിൽ പടർന്നുപിടിക്കുന്ന കലാപ മനസ്ഥിതിയുടേയും ഉത്തരവാദിത്തം മുഴുവൻ 'ജനസംഖ്യാ വർദ്ധന'വെന്ന ഒരൊറ്റ രാത്രിഞ്ചരനിൽ ചാരിവെച്ച് അധികാരികൾക്ക് രക്ഷപ്പെടാനാവില്ല. ഇന്ത്യയിൽ ഇന്നു നിലനില്ക്കുന്ന വർണ്ണവ്യവസ്ഥയുടെയും ചൂഷണാധിഷ്ഠിതമായ ഉല്പാദനസമ്പ്രദായത്തിന്റെയും പശ്ചാത്തലത്തിൽ നിന്നും, വിദ്യാഭ്യാസ പ്രശ്നങ്ങളെ അടർത്തിമാറ്റാനാവില്ല. രാഷ്ട്രീയത്തിൽനിന്നും വേർപെടുത്തി വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിക്കുകതന്നെ സാദ്ധ്യമല്ല. മുതലാളിത്തരാജ്യങ്ങളിലാകെത്തന്നെ രാഷ്ട്രീയ സ്ഥാപനങ്ങളും വിദ്യാഭ്യാസവും അത്രമേൽ ബന്ധപ്പെട്ടു കിടക്കുന്നു. മതത്തിലൂടെയും സ്വകാര്യസ്വത്തിലൂടെയും സ്വന്തം വീക്ഷണങ്ങൾ ബഹുജനങ്ങളിൽ കുത്തിവെയ്ക്കുകയും ഒപ്പം തങ്ങളുടെ വിദ്യാഭ്യാസ സമ്പ്രദായം 'അരാഷ്ട്രീയ'വും 'നിഷ്പക്ഷ'വും 'ജനാധിപത്യപര'വുമാണെന്നു നടിക്കുകയുമാണ് ഉപരിവർഗ്ഗങ്ങളുടെ ഗൂഢതന്ത്രം. വിദ്യാഭ്യാസത്തെ പ്രയോഗത്തിൽ നിന്നും അടർത്തിമാറ്റുന്നതിലൂടെ യാഥാർത്ഥ്യം കാണുവാനുള്ള വിദ്യാർത്ഥികളുടെ കണ്ണു പൊട്ടിച്ചുകളയുകയാണ് ബൂർഷ്വാവിദ്യാഭ്യാസം ചെയ്യുന്നത്. കായികാ

ദ്ധ്വാനത്തിൽനിന്നും ഒഴിഞ്ഞു മാറാനും ബഹുജനങ്ങളോട് പുച്ഛം വളർത്താനും അതു വിദ്യാർത്ഥിയെ പ്രേരിപ്പിക്കുന്നു. ഉപരിവർഗ്ഗജീവിതരീതികളുടെ അലസപ്രലോഭനങ്ങളിലൂടെ അതു യുവാവിനെ ജനങ്ങളിൽനിന്നുമകറ്റുന്നു, അവന്റെ നാവരിഞ്ഞുകളയുന്നു; സാമാന്യജനതയുമായി സംവദിക്കാനുള്ള ശേഷി നഷ്ടപ്പെട്ട യുവാക്കൾ ഉപരിവർഗ്ഗത്തിന്റെ ഊമകളും ഷണ്ഡരുമായ ഭൃത്യന്മാരായി ആയുസ്സപോക്കുന്നു. ബൂർഷ്വാ അവന് കായികാദ്ധ്വാനത്തിൽനിന്നും 'രക്ഷ' നല്കുന്നു, പകരമായി അവൻ താൻ ആജീവനാന്തം ബൂർഷ്വായുടെ അടിമയായിരുന്നുകൊള്ളാമെന്നും യജമാനൻമാരുടെ ഭരണകൂടത്തെയും ചൂഷണത്തെയും ഒരിക്കൽ പോലും ചോദ്യം ചെയ്യുകയില്ലെന്നും പ്രതിജ്ഞയെടുക്കുന്നു—ഈ രഹസ്യക്കരാറിനെയാണു നാം 'വിദ്യാഭ്യാസം' എന്ന പേരിൽ വിശേഷിപ്പിച്ചു പോരുന്നത്.

ശാസ്ത്രവിഷയങ്ങളെ സാമൂഹ്യശാസ്ത്രവിഷയങ്ങളായാലും പ്രകൃതിശാസ്ത്രവിഷയങ്ങളായാലും ശരിയായി പഠിക്കുന്നതിനും അവയുടെ ചരിത്രപരമായ സ്ഥാനം മനസ്സിലാക്കേണ്ടതുണ്ട്. ചരിത്രവിജ്ഞാനം എന്നാൽ എന്താണ്? വസ്തുവിന്റെ കാലത്തിലുള്ള നിലനില്പിനെ പഠിക്കുന്ന വിജ്ഞാനമാണ് ചരിത്രം.

അനന്തമായ വസ്തുസഞ്ചയത്തെയാണ് നാം പ്രപഞ്ചം എന്നു വിളിക്കുന്നത്. പ്രാപഞ്ചിക പദാർത്ഥം സാമാന്യമായെടുത്താൽ സാർവത്രികവും സർവതന്ത്രസ്വതന്ത്രവും അനാപേക്ഷികവുമാണ്. പ്രപഞ്ചം കാലത്തിലും സ്ഥലത്തിലും അനന്തമാണ്. പ്രാപഞ്ചികപദാർത്ഥത്തിന്റെ കാലത്തിലുള്ള നിലനില്പ് അനന്തമാണ്. അതുകൊണ്ട് അതിന്റെ ചരിത്രം അനന്തമാണ്. എന്നാൽ ഇത് സാമാന്യവസ്തുവിന്റെ കാര്യത്തിൽ മാത്രമാണ്. മനുഷ്യൻ, കല്ല്, മണ്ണ്, ജന്തു, നക്ഷത്രം—ഇവയെല്ലാം അനന്തമായ വസ്തുസഞ്ചയത്തിലെ പ്രത്യേക രൂപങ്ങളാണ്. പ്രപഞ്ചമേഖലകൾപോലും സാമാന്യപ്രപഞ്ചത്തിന്റെ പ്രത്യേക ഭാഗങ്ങളാണ്. ഈ സവിശേഷവസ്തുരൂപങ്ങൾ പരസ്പരാശ്രിതങ്ങളും ആദ്യന്തങ്ങളുള്ളവയുമാകുന്നു. അതുകൊണ്ട് അവയുടെ കാലത്തിലുള്ള നിലനില്പു പരിമിതമാണ്. അവയുടെ ചരിത്രവും ആദ്യാന്തങ്ങളുള്ളതും മറ്റുള്ളവയുടേതുമായി ആപേക്ഷികമായതും ആണ്.

ചരിത്രപരമായി പറഞ്ഞാൽ ഒരു വസ്തു ആവിർഭവിക്കുന്നത് സാമാന്യപദാർത്ഥത്തിന്റെ അനന്തമായ തുടർച്ചയുടെ ചരിത്രചലനങ്ങളിൽനിന്നാണ്. അത് സ്വന്തമായൊരു ചരിത്രത്തോടൊപ്പം സാമാന്യവസ്തുവിന്റെ അനന്തമായ തുടർച്ചയുടെ ചരിത്രത്തേയും പ്രതിനിധീകരിക്കുന്നു. ആ സവിശേഷവസ്തു തിരോഭവിക്കുന്നതും സാമാന്യവസ്തുവിന്റെ അനന്തമായ തുടർച്ചയിലേയ്ക്കു തന്നെ. അങ്ങിനെ സാമാന്യവസ്തുവിന്റെ അനന്തത പ്രാവർത്തികമാകുന്നത് സവിശേഷവസ്തുക്കളുടെ ആദ്യന്തങ്ങളുള്ള അസ്തിത്വത്തിലൂടെയാണ്. അപ്പോൾ സാമാന്യവസ്തുവിന്റെ ചരിത്രത്തിന്റെ അനന്തത, സാർവത്രികത, സർവതന്ത്രസ്വതന്ത്രത എന്നിവ നിലനില്ക്കുന്നതു വിശേഷവസ്തുവിന്റെ ചരിത്രത്തിന്റെ ആദ്യന്തസ്വഭാവം, സാപേക്ഷികത, പരസ്പരാശ്രയത്വം എന്നിവയിലൂടെയാണ്. "ഒരു വസ്തു ഒന്നായിരിക്കുമ്പോൾ തന്നെ മറെറാന്നു കൂടിയാണ്" എന്ന് ഏംഗൽസ് പറയുന്നു.

നിലനില്പുള്ള എന്തിനും ചരിത്രമുണ്ട്. നിലനില്പുള്ള എന്തിന്റെയും ചരിത്രം, ചരിത്രപരമായ അനന്തതയിൽ നിന്നാരംഭിച്ച് ചരിത്രപരമായ അനന്തതയിലേക്കു തിരോഭവിക്കുന്നു. മനുഷ്യചരിത്രം തന്നെ വസ്തുവിന്റെ ചരിത്രപരമായ തുടർച്ചയിൽനിന്നും ആവിർഭവിച്ചതും ചരിത്രപരമായ തുടർച്ച നിലനിർത്തുന്നതുമായ ഒന്നാണ്.

വസ്തുവിന്റെ നിലനില്പ് ചലനാധിഷ്ഠിതമാണ്. ഗുണപരമായി വ്യത്യസ്തങ്ങളായ വസ്തുക്കൾ

ക്കും ഗുണപരമായി വ്യത്യസ്തങ്ങളായ ചലനങ്ങളായിരിക്കും. ഈ അർത്ഥത്തിൽ പ്രപഞ്ചത്തെ അനന്തമായ വസ്തുസഞ്ചയം എന്നപോലെതന്നെ അനന്തമായ ചലനസഞ്ചയം എന്നും പറയാവുന്നതുമാണ്. ഗുണപരമായി വ്യത്യസ്തങ്ങളായ ചലനങ്ങളെ പഠിക്കുന്ന ഗുണപരമായി വ്യത്യസ്തങ്ങളായ വിജ്ഞാനങ്ങളാണ് ശാസ്ത്രങ്ങൾ. ജൈവശാസ്ത്രങ്ങൾ ജൈവചലനങ്ങളേയും സാമൂഹ്യശാസ്ത്രങ്ങൾ സാമൂഹ്യചലനങ്ങളേയും പഠിക്കുന്നു. ഊർജ്ജതന്ത്രം, 'സംഭവങ്ങൾ' എത്രയ്ക്ക് സംഭവിക്കുന്നു എന്നുപഠിക്കുന്നു; രസതന്ത്രം സംഭവങ്ങൾ എങ്ങനെ സംഭവിക്കുന്നു എന്നും. ഊർജ്ജതന്ത്രം പഠിക്കുന്ന വിഷയങ്ങൾ താപം, പ്രകാശം, വൈദ്യുതി. ഇവയെല്ലാമാണ്. രസതന്ത്രം സംശ്ലേഷണങ്ങളേയും വിശ്ലേഷണങ്ങളേയും പഠിക്കുന്നു. രസതന്ത്രത്തിനു രണ്ടു വിഭാഗങ്ങളുണ്ട്: ജൈവരസതന്ത്രവും അജൈവരസതന്ത്രവും. അജൈവവസ്തുക്കളുടെ സംശ്ലേഷ-വിശേഷങ്ങളിലൂടെ കുറേക്കൂടി ഉയർന്നഘട്ടത്തിൽ ജൈവവസ്തു ആവിർഭവിക്കുന്നു. ജൈവവസ്തുക്കളിൽവെച്ച് ഏറ്റവും ഉയർന്ന ജീവിയാണ് മനുഷ്യൻ. കൂടുതൽ ഉയർന്നതും സങ്കീർണ്ണവുമായ സാമൂഹ്യചലനങ്ങൾ മനുഷ്യന്റെമാത്രം പ്രത്യേകതയാണ്. ഇവയെക്കുറിച്ചുള്ള പഠനമാണ് സാമൂഹ്യശാസ്ത്രങ്ങൾ.

## സാമൂഹ്യശാസ്ത്രങ്ങൾ

പ്രതികൂലാവസ്ഥയിലുള്ള പ്രകൃതിയുമായുള്ള സമരത്തിൽനിന്നും വളർന്നു വന്നതാണ് മനുഷ്യന്റെ സാമൂഹ്യബോധം. മനുഷ്യസമൂഹത്തിന്റെ വളർച്ചയുടെ വ്യത്യസ്തഘട്ടങ്ങളെക്കുറിച്ചു പഠിക്കുന്ന ശാസ്ത്രമാണ് 'സാമൂഹ്യശാസ്ത്രം'. പ്രാകൃത സാമൂഹ്യവ്യവസ്ഥയിൽനിന്നാരംഭിച്ച് അടിമ-ഉടമ വ്യവസ്ഥിതി, നാടുവാഴിത്തവ്യവസ്ഥിതി, മുതലാളിത്തവ്യവസ്ഥിതി എന്നിവയിലൂടെ മനുഷ്യൻ സാമൂഹ്യവികാസത്തിന്റെ കുറേക്കൂടി ഉയർന്ന ഘട്ടമായ സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥിതിയിൽ എത്തിച്ചേരുന്നു. അതെങ്ങനെ, എന്തുകൊണ്ട് എന്നുള്ള വിശകലനമാണ് സാമൂഹ്യശാസ്ത്രത്തിന്റെ പഠനം. രാഷ്ട്രതന്ത്രം, സമ്പദ്ശാസ്ത്രം, ചരിത്രം എന്നിവ സാമൂഹ്യശാസ്ത്രത്തിന്റെ ഘടകങ്ങളാകുന്നു.

> എവിടെ നിന്നുമാണ് ശരിയായ ആശയങ്ങൾ ഉത്ഭവിക്കുന്നത് ? അവ ആകാശത്തുനിന്നും പൊട്ടിവീഴുകയാണോ? അല്ല, അവ മനസ്സിൽ തന്നെ പിറവികൊള്ളുന്നവയാണോ? അല്ല. സാമൂഹ്യപ്രവർത്തനത്തിൽനിന്നു മാത്രമാണ് ശരിയായ ആശയങ്ങൾ മത്സരിക്കുന്നത്. ഉല്പാദനത്തിനുവേണ്ടിയുള്ള സമരം, വർഗ്ഗസമരം, ശാസ്ത്രീയ പരീക്ഷണങ്ങൾ എന്നീ മൂന്നുതരത്തിലുള്ള സാമൂഹ്യപ്രവർത്തനങ്ങളിൽനിന്നാണ് ശരിയായ ആശയങ്ങൾ രൂപംകൊള്ളുന്നത്. മനുഷ്യന്റെ സാമൂഹ്യമായ നിലനില്പാണ് അവന്റെ ചിന്തയെ നിയന്ത്രിക്കുന്നതും, ഉദ്ബുദ്ധവർഗ്ഗത്തിന്റെ പ്രത്യേകതയായ ഈ ആശയങ്ങൾ ജനലക്ഷങ്ങൾ ഒരിക്കൽ ഗ്രഹിച്ചുകഴിഞ്ഞാൽ അത് ഒരു ഭൗതികശക്തിയായി വളരുകയും സമുദായത്തെ മാത്രമല്ല, ലോകത്തെയാകെത്തന്നെ മാറ്റിമറിക്കുകയും ചെയ്യുന്നു.

## ക്യാൻസർ

— ആറ്റൂർ രവിവർമ്മ

കോളേജിലേയ്ക്കു രണ്ടു വഴികൾ
വായയും മലദ്വാരവും പോലെ:
കൂട്ടം കൂട്ടമായി പെൺകുട്ടികളും ആൺകുട്ടികളും
ഓറഞ്ചുകൂട്ടങ്ങൾപോലെ
അതിന്റെ പതനത്തിലൂടെ
അന്നനാളം, ആമാശയം, വൻകുടൽ,
ചെറുകുടൽപോലുള്ള ഇടനാഴികൾ, പൂമുഖങ്ങൾ,
ക്ലാസ്സ്മുറികളിലൂടെയും, നീങ്ങിക്കൊണ്ടിരുന്നു.
കുന്നിൻമുകളിൽ അതിന്റെ നിവർന്നുനില്പ്
വെള്ളയുടുപ്പിട്ട ഒരു മാന്യന്റേതുപോലെയായിരുന്നു.
ശ്വാസോച്ഛ്വാസം, നാഡിമിടിപ്പ്, ശരീരതാപം,
നാവ്, കണ്ണ്, ചെവി, രക്തം, മലം, മൂത്രം
എല്ലാം സമനില പുലർത്തുന്ന ഒരു മാന്യന്റേതുതന്നെയായായിരുന്നു.
ഒരിക്കൽ തലവേദനതോന്നി.
കണക്കുകൾ എവിടെയോ തെറ്റുന്നുണ്ട്.
കൂട്ടിയതോ കിഴിച്ചതോ ശരാശരിയെടുത്തതോ.
തുടർച്ചയായി വായുക്ഷോഭമുണ്ടായി
വായിക്കുമ്പോൾ ക്ഷോഭിക്കുന്നു
ശരീരത്തിന്റെ താപനില ഏറി
കാലത്തു നൂറെറാന്ന്, ഉച്ചയ്ക്ക് നൂറ്റിരണ്ട്,
വൈകുന്നേരം നൂറ്റിമൂന്ന്, നൂറ്റിമൂന്ന്, എന്നിങ്ങനെ
സന്നിപാതമൂർഛയിൽ കൊല്ലപ്പെട്ട തന്തയുടെ പ്രേതം
രാജകുമാരനോടു പറഞ്ഞകഥ അതു പുലമ്പിക്കൊണ്ടിരുന്നു.
കരയിലോ വെള്ളത്തിലോ ആകാശത്തിലോ
എന്തോ ചീയുന്നുണ്ട്.
തൊട്ടാലറിയാതെ, വിളിച്ചാൽ കേൾക്കാതെ
അനക്കമില്ലാതെ കിടന്ന അതിന്റെ തൊണ്ടയിൽ
നേർത്ത കുഴൽവഴി തുള്ളിതുള്ളിയായി
സ്കോളർഷിപ്പുകൾ, ലോണുകൾ, കൺസെഷനുകൾ തുടങ്ങിയവ
വീഴ്ത്തിക്കൊണ്ടിരുന്നു.
അതു കണ്ണു മിഴിക്കുകയോ ചുണ്ടനക്കുകയോ മൂളുകയോ ചെയ്തില്ല.
ചോദ്യങ്ങളെല്ലാം ചോർന്നുപോയിരുന്നു.
മന്ത്രിമാരുടെയും വൈസ്ചാൻസലർമാരുടെയും
എം.പി. മാരുടെയും രക്തം അതിന്റെ ധമനികളിൽ
ഇറ്റിറ്റായി സംക്രമിപ്പിച്ചുകൊണ്ടിരുന്നു.

എന്നാൽ രക്തത്തിന്റെ ക്കുട്ടേ തെറ്റിയിരുന്നു.
ഒടുക്കത്തെക്കയ്യായി മുഖം മൂടിയിട്ട്
തിളങ്ങുന്ന, മൂർച്ചയുള്ള ആയുധങ്ങൾ കടത്തിയപ്പോൾ
തൊണ്ടയിലും അന്നനാളത്തിലും കുടലുകളിലും ശ്വാസകോശങ്ങളിലും
രോഗം പരന്നു കഴിഞ്ഞിരുന്നു!
ഇറയങ്ങളിലും അറകളിലും ഓവറകളിലും എല്ലാ വഴികളിലും
മാരകമായ വിധം പരന്നുകഴിഞ്ഞ അതിന്റെ നാറ്റം
സ്വന്തം വംശനാശത്തിന്റേതായിരുന്നു.

## ചരിത്രപഠനം

പ്രകൃതിയുമായി മനുഷ്യൻ നടത്തിപ്പോരുന്ന സുദീർഘമായ സമരത്തിന്റെ ഇതിഹാസമാണ് ചരിത്രം. ചരിത്രത്തിന്റെ 'ഭൗതികാടിസ്ഥാനം ഉല്പാദനശക്തികളും ഉല്പാദനബന്ധങ്ങളുമാണ്. തിയെറി, മിഗ്നെത്, ഗ്വിസോത് തുടങ്ങിയ ഫ്രഞ്ച് ബൂർഷ്വചരിത്രകാരന്മാർ വർഗ്ഗങ്ങളെയും വർഗ്ഗ സമരത്തെയും ആദ്യമായി ചൂണ്ടിക്കാട്ടി. ആദംസ്മിത്തും ഡേവിഡ് റിക്കാർഡോവും വർഗ്ഗങ്ങളുടെ നിലനില്പിന് സാമ്പത്തിക ജീവിതത്തിലുള്ള അധിഷ്ഠാനം വ്യക്തമാക്കാൻ ശ്രമിച്ചു. സെയിൻറ് സെമോൺ, ഫ്യൂറിയൻ, ഓലൻ തുടങ്ങിയ 'ഉട്ടോപ്യൻ സോഷ്യലിസ്റ്റുകൾ' ഭാവിയിലെ സ്ഥിതിസമത്വത്തിന്റെ രൂപരേഖകൾ സ്വപ്നംകണ്ടു. പത്തൊമ്പതാം നൂറ്റാണ്ടിലെ റഷ്യൻ ജനാധിപത്യവാദികളായിരുന്ന ബെലിൻസ്കി, ഹെർസെൻ, ചെർനിഷേവ്സ്കി തുടങ്ങിയവർ സാമൂഹ്യവികാസത്തിന്റെ സാമ്പത്തികാടിസ്ഥാനത്തെക്കുറിച്ചും, ചൂഷകരും ചൂഷിതരും തമ്മിലുള്ള വർഗ്ഗ സംഘർഷങ്ങളെക്കുറിച്ചും, കലയുടെയും തത്ത്വചിന്തയുടെയും മറ്റും വിപ്ലവപരമായ അടിസ്ഥാനത്തെക്കുറിച്ചും പുതിയ ആശയങ്ങൾ സംഭാവന ചെയ്തു. പലപ്പോഴും അശാസ്ത്രീയവും അപൂർണ്ണവുമായിരുന്ന ഈ കണ്ടെത്തലുകൾക്കും ശാസ്ത്രീയതയും പൂർണ്ണതയും നല്കുകയാണ് കാൾ മാർക്സും ഫ്രെഡറിക് ഏംഗൽസും ചെയ്തത്. അവർ ആദർശവാദപരമായ സമീപനത്തിന്റെ നിരർത്ഥകത തെളിയിക്കുകയും വൈരുദ്ധ്യാത്മക ഭൗതികവാദ ത്തിന്റെ ദാർശനികമായ പിൻബലത്തോടെ ചരിത്രത്തിന്റെ അടിയൊഴുക്കുകളെ വിപ്ലവകരമായി നിർവചിക്കുകയും ചെയ്തു. സാമൂഹാസ്തിത്വമാണ് സാമൂഹ്യാവബോധത്തെ നിർവചിക്കുന്നതെന്നും സാമ്പത്തിക സാമൂഹ്യ രൂപീകരണങ്ങളുടെ (Socio-economic formation) ഒരു പരമ്പരയാണ് മനുഷ്യചരിത്രമെന്നും, അതു പ്രാകൃത കമ്മ്യൂണിസ്റ്റുഘട്ടം, അടിമസമൂഹം, ഫ്യൂഡൽ സമൂഹം, മുതലാളിത്ത സമൂഹം, സോഷ്യലിസ്റ്റ് സമൂഹം, കമ്മ്യൂണിസ്റ്റ് സമൂഹം എന്നീ ഘട്ടങ്ങളിലൂടെ കടന്നുപോകുന്നുവെന്നും അവർ സിദ്ധാന്തിച്ചു.

കുടുംബത്തിന്റെയും, സ്വകാര്യസ്വത്തിന്റെയും ഭരണകൂടത്തിന്റെയും രൂപീകരണത്തെക്കുറിച്ചും ആദ്യമായി ശാസ്ത്രീയമായി സംസാരിച്ചത് അവരായിരുന്നു. തൊഴിൽ വിഭജനത്തിന്റെ അനുക്രമവികാസങ്ങളെക്കുറിച്ചും, ഉല്പാദനോപകരണങ്ങളുടെയും ഉല്പാദനശക്തികളുടെയും പരിണാമങ്ങളെക്കുറിച്ചും, ഓരോ ഘട്ടത്തിലും 'ഉല്പാദനശക്തികളും ഉല്പാദനബന്ധങ്ങളും തമ്മിൽ വർദ്ധിച്ചുവരുന്ന സംഘർഷത്തിന്റെ മൂലകാരണങ്ങളെക്കുറിച്ചും അവർ ഇന്നോളം ചോദ്യം ചെയ്യപ്പെട്ടിട്ടില്ലാത്ത കാഴ്ചപ്പാടുകൾ അവതരിപ്പിച്ചു. ചരിത്രമെന്നാൽ കുറെ വീരനായകന്മാരുടെ സൃഷ്ടിയല്ലെന്നും, ജനങ്ങളാണ് അദ്ധ്വാനത്തിലൂടെ ചരിത്രം നിർമ്മിക്കുന്നതെന്നും അവർ

തെളിയിച്ചു. ജനങ്ങൾ ചരിത്രം സൃഷ്ടിക്കുന്നു എന്നു പറയുന്നത് നാല് അർത്ഥത്തിലാണ്: ഒന്നാമതായി അദ്ധ്വാനത്തിലൂടെ ഭൗതികസമ്പത്ത് ഉല്പാദിപ്പിക്കുന്നത്—ഭക്ഷണവും വസ്ത്രവും വീടും ഗ്രാമങ്ങളും നഗരങ്ങളും റോഡുകളും പാലങ്ങളും യന്ത്രങ്ങളും വ്യവസായശാലകളും നിർമ്മിക്കുന്നതു്—ജനങ്ങൾ, അദ്ധ്വാനിക്കുന്ന ജനങ്ങൾ ആണ്. രണ്ടാമതായി, സാങ്കേതിക പുരോഗതിയുടെ സ്രഷ്ടാക്കൾ ജനങ്ങളാണ്—സ്വയം അറിയാതെതന്നെ ദിനംതോറും വർഷംതോറും നൂറ്റാണ്ടുതോറും അവർ അദ്ധ്വാനോപകരണങ്ങൾ കൂടുതൽ കൂടുതൽ സൂക്ഷ്മവും പൂർണ്ണവുമാക്കിക്കൊണ്ടിരിക്കുന്നു. മൂന്നാമതായി: സാമൂഹ്യവിപ്ലവങ്ങളുടെയെല്ലാം നിർണ്ണായകശക്തി ജനങ്ങളാണ്: അടിമസമൂഹത്തിന്റെ അടിത്തറ തകർത്തത് അടിമകളുടെ കലാപങ്ങളായിരുന്നു. കൂലിപ്പണിക്കാരും നഗരങ്ങളിലെ ദരിദ്രജനങ്ങളും ഫ്യൂഡൽസമൂഹത്തെ മുതലാളിത്ത സമൂഹത്തിലേയ്ക്കു പരിണമിപ്പിച്ച ബൂർഷ്വാവിപ്ലവങ്ങളുടെ മുഖ്യശക്തിയായിരുന്നു. സോഷ്യലിസ്റ്റ് സമൂഹത്തിന്റെ സൃഷ്ടിയിൽ കർഷകരും തൊഴിലാളികളുമാണ് മുന്നണിപ്പടയാളികൾ. നാലാമതായി, മനുഷ്യനെ മനുഷ്യനാക്കുന്ന എല്ലാ മൂല്യങ്ങളും—ആത്മീയമൂല്യങ്ങളും സൗന്ദര്യാത്മകമൂല്യങ്ങളും ധാർമ്മികമൂല്യങ്ങളും—സൃഷ്ടിച്ചതും അധ്വാനിക്കുന്ന ജനങ്ങളായിരുന്നു.

ഏഴുവാതിലുകളുള്ള തീബ്സ്
ആരു നിർമ്മിച്ചു ?
ഗ്രന്ഥങ്ങൾ പറയുന്നു: രാജാക്കന്മാർ.
കൽത്തറയിൽനിന്നും കല്ലുചുമന്നത് രാജാക്കന്മാരോ?
വീണ്ടുംവീണ്ടും തകർക്കപ്പെട്ട ബാബിലോൺ വീണ്ടുംവീണ്ടും
പണിയുയർത്തിയതാരു് ?
സ്വർണ്ണം തിളങ്ങുന്ന 'ലീമ'യിലെ
പണിക്കാർക്കുചുറ്റും
ഏതു ഭിത്തികളുണ്ടായിരുന്നു?
ചീനയിലെ പണിതീർത്ത മതിലിൽ സായാഹ്നം പരന്നപ്പോൾ
കല്പണിക്കാർ പോയതെവിടെ?
മഹത്തായ റോമിൽ എവിടെയും വിജയ കമാനങ്ങൾ
—അവയുയർത്തിയതാരു് ? സീസറന്മാർ വിജയം നേടിയത് ആരുടെമേൽ ?
ബൈസാന്റിയത്തിൽ
കൊട്ടാരങ്ങൾ മാത്രമോ,
ജനങ്ങൾ ജീവിച്ചതെവിടെ ?
അത്‌ലാന്റിക് പോലും സമുദ്രത്താൽ ഗ്രസിക്കപ്പെട്ട ഐതിഹാസിക
രാത്രിയിൽ മുങ്ങിത്താഴുന്നവർ അടിമകളെ വിളിച്ചലറുന്നതുകേട്ടു.
യുവാവായ അലക്സാണ്ടർ ഇന്ത്യ കീഴടക്കി. തനിച്ചോ?
സീസർ ഗാൾജനതയെ കീഴ്പ്പെടുത്തി.
ഒരു വെപ്പുകാരൻപോലും കൂടെയില്ലായിരുന്നോ?
സൈന്യം തകർന്നപ്പോൾ സ്പെയിനിലെ ഫിലിപ്പ് വിലപിച്ചു.
മറ്റാരും കരഞ്ഞില്ലേ?
ഫ്രെഡറിക് രണ്ടാമൻ സപ്തവത്സര യുദ്ധം ജയിച്ചു
അയാൾക്കൊപ്പം ജയം നേടിയതാർ?

ഓരോ പേജിലും ആരെങ്കിലും ജയിക്കുന്നു
വിജയികളുടെ വിരുന്നൊരുക്കിയതാർ?
ഓരോ ദശകത്തിലും ഓരോ മഹാൻ, ആരുടെ ചെലവിൽ?
എത്രയോ പ്രസ്താവനകൾ, എത്രയോ ചോദ്യങ്ങൾ.

ബ്രെഹ്ശ്റ്റിന്റെ വായിക്കുന്ന തൊഴിലാളിയുടെ ഈ ചോദ്യങ്ങൾ ആവർത്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നവയാണ് ഇന്നത്തെ ചരിത്രപാഠപുസ്തകങ്ങൾ. ചരിത്രത്തിലെ വീരനായകന്മാർ സ്വയംഭൂവാണെന്ന പോലെ അവതരിപ്പിക്കപ്പെടുന്നു. വാസ്തവത്തിൽ മറ്റെല്ലാ പ്രതിഭാശാലികളെയും പോലെ നേതാക്കന്മാരും ഉയരുന്നത് ചരിത്രപരമായ അനിവാര്യതയിൽ നിന്നാണ്. ഉല്പാദനം ഒരു മഹത്തായ ശാസ്ത്രീയ കണ്ടുപിടുത്തം ആവശ്യപ്പെടുമ്പോഴാണ് ഒരു വലിയ ശാസ്ത്രജ്ഞനുണ്ടാകുന്നതെന്ന പോലെ, സമൂഹത്തിൽ വളരെ അടിസ്ഥാനപരമായ മാറ്റങ്ങളുണ്ടാകുന്ന സന്ദർഭങ്ങളിലാണ് ഈ മാറ്റത്തിനും നേതൃത്വം കൊടുക്കുന്ന നേതാക്കൾ ഉണ്ടാകുന്നത്. അവരുടെ ശക്തി ജനങ്ങളിൽനിന്നു വരുന്ന ശക്തിയാണ്. ഒരു പ്രത്യേക സന്ദർഭത്തിൽ ആ പ്രത്യേക വ്യക്തിതന്നെ നേതൃസ്ഥാനത്തേക്കു വരുന്നുവെന്നതും യാദൃച്ഛികം മാത്രമാണ്; ഒരു വ്യക്തി ഇല്ലായിരുന്നെങ്കിൽ മറ്റൊരുവ്യക്തി ആ ഒഴിവുനികത്തുവാൻ നിശ്ചയമായും ഉയർന്നു വരും. ഇങ്ങിനെ യാദൃച്ഛികമായി ചരിത്രത്തിൽ സ്ഥാനം നേടാനിടവരുന്ന കുറെ വ്യക്തികളുടെ അതിശയോക്തിയും ആരാധനയും കലർന്ന കഥകളാണ് പലപ്പോഴും പാഠപുസ്തകങ്ങളിലെ ചരിത്രം, പ്രധാന 'തിയ്യതി'കളുടേയും 'സംഭവ'ങ്ങളുടെയും വെട്ടിപ്പിടിത്തങ്ങളുടേയും യുക്തിശൂന്യമായ ഒരു കുമ്പാരമാണിത്. ലോകചരിത്ര പാഠങ്ങളിൽ കുറെ യുദ്ധങ്ങളും വീരപുരുഷന്മാരും മാത്രമേയുള്ളു. യുദ്ധങ്ങളുടെ അടിസ്ഥാനകാരണങ്ങൾ ശാസ്ത്രീയമായി, വിശകലനം ചെയ്യപ്പെടുന്നില്ല. സാമ്രാജ്യത്വയുദ്ധങ്ങൾ 'ലോകമഹായുദ്ധം' എന്ന ഗംഭീരവും അതേസമയം നിഷ്കളങ്കവുമായ നാമധേയത്തിൽ നീതീകരിക്കപ്പെടുന്നു. 'വിപ്ലവം' എന്ന പദം ഏറ്റവും വിചിത്രമായ അർത്ഥങ്ങളിൽ ഉപയോഗിക്കപ്പെടുന്നു.

ഇംഗ്ലണ്ടിലെ 'രക്തരഹിതവിപ്ലവം' 'അമേരിക്കൻ വിപ്ലവം', 'ഫ്രഞ്ചുവിപ്ലവം', പിന്നെ റഷ്യൻ-ചൈനീസ് വിപ്ലവങ്ങളും—ഈ വിപ്ലവങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ, ബൂർഷ്വാ ജനാധിപത്യ വിപ്ലവങ്ങളും സോഷ്യലിസ്റ്റ് വിപ്ലവങ്ങളും തമ്മിൽ ലക്ഷ്യത്തിലും മാർഗ്ഗത്തിലും ദർശനത്തിലുമുള്ള മൗലികമായ അന്തരങ്ങൾ, ശ്രദ്ധാപൂർവ്വം മറച്ചുവെക്കപ്പെടുന്നു. രാഷ്ട്രങ്ങളുടെ ചരിത്രത്തിൽ ജനങ്ങൾക്ക് യാതൊരു പ്രാമുഖ്യവും നല്കപ്പെടുന്നില്ല. സംസ്കാരം എന്ന ഉപരിഘടനയെക്കുറിച്ചുള്ള സംസാരംതന്നെ അപൂർവ്വമാണ്. റഷ്യൻവിപ്ലവത്തെക്കുറിച്ച് പറയുമ്പോൾ ടോൾസ്റ്റോയിയുടേയോ, ചെഖോവിന്റേയോ, പിറകേ വന്ന ഗോർക്കിയുടേയോ, മയക്കോഫ്സ്കിയുടെയോ പേരു പറയുന്നില്ല; ചൈനീസ് വിപ്ലവത്തെക്കുറിച്ച് പറയുമ്പോൾ ലൂ-ഷുണിന്റെ കാര്യവും പരാമർശിക്കുന്നില്ല. പക്ഷേ, ഫ്രഞ്ചുവിപ്ലവത്തെക്കുറിച്ചു പറയുമ്പോൾ 'റൂസ്സോ-വോൾട്ടെയർ-മൊണ്ടെസ്ക്യൂ' എന്ന ചരണം ആലപിക്കണമെന്നതും നിർബ്ബന്ധമാണ്. ഓരോ കാലഘട്ടത്തിലും ജനങ്ങൾ എങ്ങിനെ ജീവിച്ചിരുന്നു, അവരുടെ പാട്ടും ആട്ടവും കഥയും കവിതയും എന്തായിരുന്നു, അവർ എങ്ങിനെ ചിന്തിച്ചിരുന്നു തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് നാം ഒന്നുമറിയുന്നില്ല. അവർ ഒരു പരാക്രമിയുടെ യജ്ഞത്തിൽ എരിക്കപ്പെടേണ്ട ഹവിസ്സുകൾ മാത്രം, ഒരു ഏകാധിപതിയുടെ പിറകിൽ നടന്നുപോവുകയും പൊരുതിവീഴുകയും ചെയ്യുന്ന നാമശൂന്യരായ നിഴലുകൾമാത്രം, ചരിത്രപരിണാമത്തിൽ ചിന്തകൾക്കും ആശയങ്ങൾക്കുമുള്ള നിർണ്ണായകമായ സ്ഥാനം അംഗീകരിക്കാത്തതിനാൽ വിപ്ലവങ്ങളേയും പ്രതിവിപ്ലവങ്ങളേ

യും കുറിച്ചുള്ള കാഴ്ചപ്പാട് വികലവും, ഉപരിപ്ലവവുമായിത്തീരുന്നു. ഓരോ കാലഘട്ടത്തിലും നിലനില്ക്കുകയും പരസ്പരം മല്ലടിക്കുകയും ചെയ്യുന്ന ഉപരിവർഗ്ഗത്തിന്റെയും അദ്ധ്വാനിവർഗ്ഗത്തിന്റെയും പ്രത്യയശാസ്ത്രങ്ങൾ എങ്ങിനെ സംസ്കാരത്തിന്റെ അടിത്തറയായ സാമ്പത്തികബന്ധങ്ങളെ മാറ്റിമറിയ്ക്കുന്നു എന്നും ഈ ചിത്രങ്ങൾ വ്യക്തമാക്കുന്നില്ല. ബൂർഷ്വാ ചരിത്രകാരന്മാരും, സാമൂഹ്യശാസ്ത്രജ്ഞരും 'പുരോഗതി'യെന്ന ആശയത്തെത്തന്നെ നിരാകരിക്കുകയും അതിനുപകരം നിഷ്പക്ഷമെന്നു തോന്നിക്കുന്ന 'സാമൂഹ്യപരിവർത്തനം' തുടങ്ങിയ വാക്കുകൾ ഉപയോഗിക്കുകയും ചെയ്യുന്നു. ജർമ്മൻ സാമ്രാജ്യത്വത്തിന്റെ താത്വികാചാര്യനായ ഓസ്റ്റ് വാൾഡ് സ്പെംഗ്ലറുടെ 'ചാക്രിക സിദ്ധാന്ത'മനുസരിച്ച്, വികാസം, ഉച്ചകോടി, പതനം എന്നീ ഘട്ടങ്ങളിലൂടെ കടന്നുപോകുന്ന വിഷമവൃത്തത്തിൽ നിന്നും ഒരു സമൂഹത്തിനും ഒരിക്കലും രക്ഷപ്പെടാനാവില്ല. സ്പെംഗ്ലറുടെ അഭിപ്രായത്തിൽ (The decline of the west) മുതലാളിത്തമാണ് സംസ്കാരത്തിന്റെ മൂർദ്ധന്യാവസ്ഥ. അതു തകർത്താൽ മനുഷ്യരാശി പ്രാകൃതത്വത്തിലേക്കു നിപതിക്കും. അതുകൊണ്ട് മുതലാളിത്തത്തിനെതിരായ യുദ്ധം അനാവശ്യവും അപകടകരവും വ്യർത്ഥവുമാണ്. സ്പെംഗ്ലറുടെ ചാക്രികസിദ്ധാന്തത്തിന്റെ വ്യത്യസ്തമായ ഒരു പുനരാവിഷ്കരണമാണ് ആർനോൾഡ് ടോയൻബീയിൽ കാണുക. ആശയവാദിയായ ടോയൻബീയും സമൂഹത്തിന്റെ അനുക്രമപുരോഗതി അംഗീകരിക്കുന്നില്ല. അതിനെ അയാൾ 'പുരോഗതി എന്ന മിഥ്യ' എന്നാണ് വിശേഷിപ്പിക്കുന്നത്. മുതലാളിത്തത്തെ ന്യായീകരിക്കുവാനായി ബൂർഷ്വാ ചരിത്രകാരന്മാർ ഉപയോഗിച്ചു വരുന്ന നിരവധി കൗശല ങ്ങളിൽ ഒന്നുമാത്രമാണിത്. "ജനങ്ങളുടെ മുതലാളിത്തം", "ക്ഷേമരാഷ്ട്രം" തുടങ്ങിയ വിചിത്രസംജ്ഞകളിലൂടെ അവർ യഥാർത്ഥ ജനകീയ ജനാധിപത്യത്തിന്റെ സാക്ഷാത്കാരം തടയാമെന്നു വ്യാമോഹിക്കുന്നു. ഈ ബൂർഷ്വാ ചരിത്രവീക്ഷണങ്ങൾ തന്നെയാണ് നമ്മുടെ ചരിത്രപാഠപുസ്തകങ്ങൾ വിദ്യാർത്ഥികളിൽ കുത്തിനിറയ്ക്കാൻ ശ്രമിക്കുന്നത്.

ഇന്ത്യാചരിത്രപാഠങ്ങളുടെ കഥയും വ്യത്യസ്തമല്ല. നാഷണൽ ബുക്ക് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കപ്പെട്ട നാലു ചരിത്രപാഠപുസ്തകങ്ങൾ (ആർ.എസ്. ശർമ്മയുടെ 'പ്രാചീന ഭാരതം', ഡോ. റോമിലാ ഥാപ്പറുടെ 'മദ്ധ്യകാലഭാരതം', ഡോ. ബിപിൻചന്ദ്രയുടെ 'ആധുനികഭാരതം', ഡോ:ബിപിൻചന്ദ്ര, ഡോ: ബാരുൺ ഡേ, ഡോ:താമലേശ് ത്രിപാഠി എന്നിവർ ചേർന്നെഴുതിയ 'സ്വാതന്ത്ര്യസമരം'), 'സ്വാതന്ത്ര്യം പുനഃസ്ഥാപിക്കാൻ പ്രതിജ്ഞാബദ്ധമായ' നമ്മുടെ പുത്തൻസർക്കാരിന്റെ സംശയവിമർശനങ്ങൾക്കു പാത്രമായതും സമീപകാലത്താണല്ലോ. ഇന്ത്യയുടെ അധികാരക്കൈമാറ്റത്തെക്കുറിച്ചും 'സ്വാതന്ത്ര്യത്തിലേക്കും' (Towards Freedom 1937–'47) എന്ന പത്തുവാല്യങ്ങളുള്ള ഒരു ബൃഹദ്ഗ്രന്ഥം തയ്യാറാക്കാൻ ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസേർച്ചിനെ ഏല്പിച്ചിരുന്നത്, ഈ കൗൺസിലിൽ 'കമ്മ്യൂണിസ്റ്റുകാരുടെ നുഴഞ്ഞുകയറ്റ'മുണ്ടെന്നു ഭയന്നും 'ഭാരതീയ വിദ്യാഭവ'ന്നും 1977 ജൂണിൽ കൈമാറിയതും നമ്മുടെ ബൂർഷ്വാഭരണകൂടത്തിന്റെ തനിസ്വഭാവം വ്യക്തമാക്കുന്നുണ്ട്, ചരിത്രത്തോടുള്ള വസ്തുനിഷ്ഠമായ സമീപനത്തെ അധികാരിവർഗ്ഗം എന്നും, ഭയപ്പെട്ടുപോന്നിട്ടുണ്ട്. അതുകൊണ്ടാണ് മേല്പറഞ്ഞ എഴുത്തുകാരുടെയും ഡി. ഡി. കോസാംബിയെപ്പോലുള്ള ഭൗതികവാദികളായ ചരിത്രകാരന്മാരുടേയും കൃതികൾ (Myth and Reality, Introduction to the Study of Indian History, The Culture and Civilisation of Ancient India തുടങ്ങിയവ) ഇന്നും ശ്രദ്ധാപൂർവ്വം നമ്മുടെ കലാലയങ്ങളിൽനിന്നു അകറ്റി നിർത്തപ്പെടുന്നത് നമ്മുടെ ചരിത്രപാഠപുസ്തകങ്ങളധികവും യാഥാസ്ഥിതികരായ സവർണ്ണഹിന്ദുക്കളുടെ കൃതികളാണെന്നതു

ഇന്ത്യൻ ചരിത്രത്തിനുതന്നെ സാരമായ വൈകല്യം വരുത്തിവെച്ചിട്ടുണ്ട്. ഹിന്ദുരാജാക്കന്മാരുടെ ഭരണകാലത്തെ സുവർണ്ണകാലങ്ങളായും ഇതരഘട്ടങ്ങളെ അസഹിഷ്ണുതയുടേയും ചോരക്കൊതിയുടെയും ഘട്ടങ്ങളായും ചിത്രീകരിക്കാനുള്ള പ്രവണത ഇതിനൊരുദാഹരണം മാത്രമാണ്. 'ദേശീയ ചരിത്രകാരനായി പ്രകീർത്തിക്കപ്പെടുന്ന ആർ. സി. മജുംദാർതന്നെ ഇത്തരം വികലവീക്ഷണങ്ങളുടേയും ദർശനരാഹിത്യത്തിന്റെയും മകുടോദാഹരണമാണല്ലോ. 18-ഉം 19-ഉം നൂറ്റാണ്ടുകളിൽ മൂന്നുകൂട്ടം ഇന്ത്യാചരിത്രകാരന്മാരുണ്ടായിരുന്നു. വില്യം ജോൺസിനാൽ നയിക്കപ്പെട്ട, 'പൌരസ്ത്യന്മാർ' (orientalists)-മുസ്ലിങ്ങളുടെ വരവിനു മുമ്പുള്ള ഇന്ത്യയുടെ ഭൂതകാലത്തെ പ്രകീർത്തിച്ച അവരിൽ നിന്നാണ് പിന്നീടും ഹിന്ദുവർഗ്ഗീയവാദികൾ തങ്ങളുടെ ആശയങ്ങൾ കടംകൊണ്ടത്; ജെയിംസ് മില്ലിന്റെ നേതൃത്വത്തിലുള്ള പ്രയോജനവാദികൾ" (Utilitarians)—ഇന്ത്യാചരിത്രത്തെ ഹിന്ദു-മുസ്ലീം- ബ്രിട്ടീഷ് (ക്രിസ്ത്യൻ) ഘട്ടങ്ങളായി തരംതിരിച്ച് ഹിന്ദുഭരണാധികാരികളെ ചെറുതാക്കുകയും അന്ത്യകാലത്തെ മുസ്ലിം അധികാരികളെ പ്രകീർത്തിക്കുകയും ചെയ്തവരാണിവർ; ഇതിനു തിരിച്ചടിയായി വന്ന 'ദേശീയവാദികൾ' (Nationalists) —ഹിന്ദുഭരണകാലങ്ങളെ 'സൗവർണ്ണ' കാലങ്ങളായി കണ്ടവർ.

ഈ വിഭജനങ്ങൾതന്നെയും രണ്ടുതരത്തിൽ തെറ്റാണ്: ഹിന്ദുഘട്ടമെന്നറിയപ്പെടുന്ന കാലയളവിൽ തന്നെയാണ് ബുദ്ധന്മാരും മൗര്യന്മാരും ജൈനന്മാരും ശാകന്മാരും കുശാനരും ഇന്തോ-ഗ്രീക്കുകാരും ഭരിച്ചിരുന്നത്. 'മുസ്ലീംഘട്ടം' കൃത്യമായി എന്നാരംഭിച്ചു എന്നു പറയാനാവില്ല. ഉത്തരേന്ത്യയിൽ ആധിപത്യം സ്ഥാപിച്ച് എത്രയോ കഴിഞ്ഞാണ് ഡെക്കാനിൽ മുസ്ലിങ്ങൾ ആധിപത്യം നേടിയത്—ഇതു വെറും വസ്തുതാപരമായ തെറ്റുകളാണ്. എന്നാൽ കൂടുതൽ പ്രധാനം വീക്ഷണപരമായ തെറ്റാണ്. ഇന്നുവരെയുള്ള ഇന്ത്യാചരിത്രത്തെ വിലയിരുത്തേണ്ടതും ഉല്പാദനക്രിയയുടെയും ഉല്പാദനബന്ധങ്ങളുടെയും അടിസ്ഥാനത്തിൽ പ്രാകൃതസമൂഹം, അടിമസമൂഹം, ഫ്യൂഡൽ സമൂഹം, മുതലാളിത്തം (സാമ്രാജ്യത്വം) എന്നീഘട്ടങ്ങളിലൂടെ കടന്നുപോകുന്നതായിട്ടാണ്. ഈ ഓരോ ഘട്ടത്തിലും നിലനിന്നിരുന്ന വൈരുദ്ധ്യങ്ങളേയും, വർഗ്ഗസമരത്തിന്റെ ഗതിവിഗതികളെയും കുറിച്ചു പ്രതിപാദിക്കുന്നതിലൂടെ മാത്രമേ ചരിത്രത്തിന്റെ സത്യം കണ്ടെത്താൻ കഴിയൂ. നരഭോജികളായ ഫ്യൂഡൽ യജമാനന്മാരുടെയും, സ്വേച്ഛാധിപധികളായ രാജാക്കന്മാരുടെയും, ചൂഷണവർഗ്ഗത്തിന്നനുകൂലമായി നിയമവും പുരാണവും ധർമ്മസംഹിതകളും മാറ്റിയെഴുതിപ്പോന്ന ബ്രാഹ്മണമേധാവികളുടേയും, കൊളോണിയലിസത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും നുഴഞ്ഞു കയറ്റങ്ങളുടെയും, മുതലാളിത്തത്തിന്റെയും ബ്യൂറോക്രസിയുടെയും വളർച്ചയുടെയും ക്രൂരയാഥാർത്ഥ്യങ്ങൾ മറച്ചുവെക്കുന്നതിനാണ് ഇന്ത്യാചരിത്രകാരന്മാർ ചരിത്രത്തെ ഹിന്ദു-മുസ്ലിം-ബ്രിട്ടീഷ്- സ്വാതന്ത്ര്യാനന്തരഘട്ടങ്ങളായി വിഭജിച്ചു പോന്നിട്ടുള്ളത്.

> ഏതു മണ്ഡലത്തിലായാലും നമ്മുടെ തലച്ചോറിനകത്തു നിന്നും പരസ്പരബന്ധങ്ങൾ കണ്ടുപിടിക്കുകയെന്നതല്ല, വസ്തുതകളിൽനിന്നും അവയെ കണ്ടെത്തുകയെന്നതാണ് ഇപ്പോൾ പ്രശ്നം.
>
> ചരിത്രത്തിന്റെ ഗതി എന്തുതന്നെയായാലും മനുഷ്യൻ അതിനെ സൃഷ്ടിക്കുന്നതും ഇങ്ങിനെയാണ്: 'അവരവർ ബോധപൂർവ്വം ഇച്ഛിക്കുന്ന ലക്ഷ്യങ്ങളെ ഓരോരുത്തരും പിന്തുടരുന്നു. ഈ അനേകം ഇച്ഛകളുടെ നാനാദിശകളിലുമുള്ള പ്രവർത്തനങ്ങളുടേയും ബാഹ്യലോകത്തിൽ അവ ഉളവാക്കുന്ന നാനാമുഖമായ സ്വാധീനങ്ങളുടേയും പരിണത

ഫലം തന്നെയാണ് ചരിത്രം. അതുകൊണ്ട് അത് അനേകം വ്യക്തികളുടെ ഇച്ഛകളുടെ പ്രശ്നം കൂടിയാണ്. ഇച്ഛയെ നിർണ്ണയിക്കുന്നത് ആവേശമോ അനുചിന്തനമോ ആണ്. എന്നാൽ ആവേശത്തെയോ അനുചിന്തനത്തെയോ നേരിട്ടുനിർണ്ണയിക്കുന്ന ഉത്തോലകങ്ങൾ പലതരത്തിലാവാം. ഭാഗികമായി അവ ബാഹ്യവസ്തുക്കളാവാം. ഭാഗികമായി അവ ആദർശപരമായ ഉദ്ദേശ്യങ്ങളായെന്നു വരാം. ഉൽക്കർഷേച്ഛ, “സത്യത്തിനും നീതിയ്ക്കും വേണ്ടിയുള്ള വെമ്പൽ”, വ്യക്തിവിദ്വേഷം, എന്നുവേണ്ട നാനാതരത്തിലുള്ള തനി വ്യക്തിപരമായ ഇച്ഛാനിഷ്ടങ്ങൾ പോലുമാവാം. എന്നാൽ ഒരുഭാഗത്തു ചരിത്രത്തിൽ പ്രാവർത്തികമാകുന്ന അനേകം വ്യക്തിഗത ഇച്ഛകളിൽ ഭൂരിഭാഗവും ഉദ്ദിഷ്ടമായവയിൽനിന്നു വിഭിന്നവും പലപ്പോഴും വിപരീതവുമായ ഫലങ്ങളാണുളവാക്കുന്നതെന്നും അതുകൊണ്ടും മൊത്തം ഫലത്തെവെച്ചു നോക്കുമ്പോൾ ഈ ചോദനകൾക്കു രണ്ടാംകിട പ്രാധാന്യമേയുള്ളവെന്നും നാം കണ്ടുകഴിഞ്ഞു. മറുവശത്താകട്ടെ, പുതിയൊരു ചോദ്യമുദിക്കുന്നു: ഈ ചോദനകളുടെ പിന്നിലുള്ള ചാലകശക്തികളേതാണ്? കർമ്മശാലികളുടെ തലച്ചോറിൽ ഈ ചോദനകളായി മാറുന്ന ചരിത്രഹേതുക്കൾ ഏതെല്ലാമാണ്?

ചരിത്രത്തിലെ കർമ്മശാലികളുടെ ചോദനകളുടെ പിന്നിൽ—അറിഞ്ഞോ അറിയാതെയോ, പലപ്പോഴും അറിയാതെ—കിടക്കുന്നതും യഥാർത്ഥത്തിൽ ചരിത്രത്തിന്റെ അന്തിമചാലകശക്തികളായിട്ടുള്ളതുമായ പ്രേരകശക്തികളെ പരിശോധിക്കുന്ന പ്രശ്നം വരുമ്പോൾ, എത്ര ഉന്നതന്മാരായിരുന്നാലും ഒറ്റയ്ക്കൊറ്റയ്ക്കുള്ള വ്യക്തികളുടെ ചോദനകളേക്കാൾ വമ്പിച്ച ജനസമൂഹങ്ങളെ, ജനതകളെയാകെ, ഓരോ ജനതയിലുമുള്ള വർഗ്ഗങ്ങളെയാകെ, ചലിപ്പിയ്ക്കുന്ന ചോദനകളെയാണു കണക്കിലെടുക്കേണ്ടത്. അതിൽത്തന്നെ പ്രധാനമായിട്ടുള്ളത് തീപ്പെട്ടിക്കൊള്ളിയുടേതുപോലെ നൈമിഷികമായി ആളിയണയുന്ന ജ്വാലകളല്ല, ചരിത്രപരമായ വമ്പിച്ച പരിവർത്തനത്തിൽ കലാശിക്കുന്ന ദീർഘകാലപ്രവർത്തനമാണ്. കർമ്മനിരതരായ ജനസമൂഹങ്ങളുടേയും മഹാന്മാരെന്നു പറയുന്ന അവരുടെ നേതാക്കളുടേയും മനസ്സിൽ വ്യക്തമായോ അവ്യക്തമായോ, നേരിട്ടോ പ്രത്യയശാസ്ത്രരൂപത്തിലോ അതുമല്ലെങ്കിൽ കാല്പനികരൂപത്തിൽ പോലുമോ, പ്രതിഫലിക്കുന്ന പ്രേരകഹേതുക്കൾ കണ്ടെത്തുകയെന്നതാണ് ചരിത്രത്തിലൊട്ടാകെയും അതാതു കാലഘട്ടങ്ങളിലും രാജ്യങ്ങളിലും പ്രാബല്യത്തിലുള്ള നിയമങ്ങളെ മനസ്സിലാക്കാനുള്ള ഒരേയൊരു മാർഗ്ഗം. മനുഷ്യരെ ചലിപ്പിക്കുന്ന സകലതും അവരുടെ മനസ്സിലൂടെ കടന്നുപോയേ തീരൂ. എന്നാൽ മനസ്സിൽ അത് എന്തുരൂപമെടുക്കുമെന്നത് സാഹചര്യങ്ങളെ ഒട്ടേറെ ആശ്രയിച്ചിരിക്കും.

19-ാം നൂറ്റാണ്ടിന്റെ ആരംഭംമുതലേ ഭൂപ്രഭുക്കൾ, ബൂർഷ്വാസി (ഇടത്തരക്കാർ), എന്നീ രണ്ടുവർഗ്ഗങ്ങൾ തമ്മിൽ മേധാവിത്വത്തിനു വേണ്ടിയുള്ള വടംവലിയായിരുന്നു ഇംഗ്ലണ്ടിലെ മുഴുവൻ രാഷ്ട്രീയസമരത്തിന്റെയും കേന്ദ്രബിന്ദു. 1830-നു ശേഷമാകട്ടെ അധികാരത്തിനുവേണ്ടി മത്സരിക്കുന്ന മൂന്നാമത്തെ ശക്തിയായി തൊഴിലാളിവർഗ്ഗത്തെ, പ്രോലെറ്റേറിയറ്റിനെ, പല രാജ്യങ്ങളിലും അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ മൂന്നു വൻവർഗ്ഗങ്ങളുടെ സമരത്തിലും അവരുടെ താല്പര്യങ്ങൾ തമ്മിലുള്ള സംഘട്ടനത്തിലുമാണ് ആധുനികലോകചരിത്രത്തിന്റെ ചാലകശക്തി സ്ഥിതി ചെയ്യുന്നത്.

ഒരു വ്യക്തി പ്രവർത്തിക്കണമെങ്കിൽ അയാളുടെ പ്രവർത്തനത്തിനുള്ള പ്രേരകശ

ക്തികൾ: തലച്ചോറിലൂടെ കടന്ന് അയാളുടെ ഇച്ഛയുടെ ചോദനയായി രൂപാന്തരപ്പെടണമെന്നതു പോലെതന്നെ, ഭരിക്കുന്ന വർഗ്ഗമേതായാലും സിവിൽ സമുദായത്തിന്റെ എല്ലാ ആവശ്യങ്ങൾക്കും നിയമങ്ങളുടെ രൂപത്തിൽ പൊതുസാധുത ലഭിക്കണമെങ്കിൽ അവ ഭരണകൂടത്തിന്റെ ഇച്ഛയിലൂടെ കടക്കാതെ നിവൃത്തിയില്ല. ഇതാണ് കാര്യത്തിന്റെ ഔപചാരികവശം, സ്വയം വിദിതമായ വശം. എന്നാൽ വ്യക്തിയുടേതായാലും ശരി, ഭരണകൂടത്തിന്റേതായാലും ശരി, കേവലം ഔപചാരികമായ ഈ ഇച്ഛയുടെ പൊരുളെന്താണെന്ന ചോദ്യം ഉദിക്കുന്നു. ആ പൊരുൾ എവിടെനിന്നു വന്നു? എന്തുകൊണ്ട് ഇന്നകാര്യം ഇച്ഛിക്കുന്നു, മറ്റൊന്നും ഇച്ഛിക്കുന്നില്ല? ഇതിനുള്ള ഉത്തരം തേടുമ്പോൾ, സിവിൽ സമുദായത്തിന്റെ മാറിവരുന്ന ആവശ്യങ്ങളും ഏതെങ്കിലും വർഗ്ഗത്തിന്റെ ആധിപത്യവും അവസാന വിശകലനത്തിൽ ഉല്പാദനശക്തികളുടേയും വിനിമയബന്ധങ്ങളുടേയും വളർച്ചയുമാണ് ആധുനിക ചരിത്രത്തിൽ ഭരണകൂടത്തിന്റെ ഇച്ഛയെ മൊത്തത്തിൽ നിർണ്ണയിക്കുന്നതെന്ന് നാം കണ്ടെത്തുന്നു.

മനുഷ്യന്റെമേലുള്ള പ്രത്യയശാസ്ത്രപരമായ ആദ്യത്തെ അധികാരശക്തിയെന്ന നിലയ്ക്കാണ് ഭരണകൂടം നമ്മെ നേരിടുന്നത്. ആഭ്യന്തരവൈദേശികാക്രമണങ്ങൾക്കെതിരായി സ്വന്തം താല്പര്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി സമുദായം ഒരുപകരണം സൃഷ്ടിക്കുന്നു. ആ ഉപകരണമാണ് ഭരണകൂടം. നിലവിൽവന്നുകഴിയേണ്ട താമസം, ഈ ഉപകരണം സമുദായത്തിൽനിന്നു സ്വതന്ത്രമായി നില്ക്കുന്നു. അത് എത്രകണ്ടു കൂടുതൽ ഏതെങ്കിലുമൊരു വർഗ്ഗത്തിന്റേ ഉപകരണമായിത്തീരുന്നുവോ, എത്രകണ്ടു കൂടുതൽ ആ വർഗ്ഗത്തിന്റെ മേധാവിത്വം നേരിട്ടു നടപ്പാക്കുന്നുവോ, അത്ര കണ്ടു കൂടുതൽ അതു സമുദായത്തിൽനിന്നു വിട്ടുനില്ക്കുന്നു. ഭരണാധികാരിവർഗ്ഗത്തിനെതിരായ മർദ്ദിതവർഗ്ഗത്തിന്റെ സമരം അവശ്യമായും ഒരു രാഷ്ട്രീയ സമരമായിത്തീരുന്നു; പ്രധാനമായും അധികാരിവർഗ്ഗത്തിന്റെ രാഷ്ട്രീയമേധാവിത്വത്തിനെതിരായ സമരമായി വളരുന്നു.

## ചരിത്രം

— പി. ഉദയഭാനു

ഞാനൊരു ചരിത്രവിദ്യാർത്ഥിയായിരുന്നു.
അമേരിക്ക, ബ്രിട്ടൻ, പടിഞ്ഞാറൻ നാടുകൾ
ഇവയിലൊന്നും പെടാത്ത ലോകചരിത്രം വേറെയും.
ഇന്ത്യാ ചരിത്രത്തിനു പുറമെ കേരളചരിത്രവും.
ഞങ്ങളുടെ അദ്ധ്യാപകർ തൊണ്ട ശരിയാക്കി പഠിച്ചതൊക്കെ ഛർദ്ദിച്ചു.
അശോകനും ചന്ദ്രഗുപ്തനും സാമൂതിരിയും
അവരുടെ നാവിൻതുമ്പിൽ പുളകങ്ങളുണർത്തി.
അവരുടെ കണ്ണുകളിൽ ഭൂതകാലസ്മൃതികൾ അഭിമാനത്തിന്റെ തിളക്കം പൂശി.
ക്ലാസ്സിലെപ്പോഴും മുൻബെഞ്ചിലായിരുന്ന ഞാൻ
വിസ്മയത്തോടെ നോക്കിയിരുന്നു.
അങ്ങിനെ നോക്കിയിരിക്കെ, എന്റെ നാട്ടിന്റേ പഴയ പ്രതാപത്തിൽ,
ചക്രവർത്തിമാരുടെ ദയാശീലത്തിൽ,

സമ്പന്നതയിൽ, പ്രജാക്ഷേമ തൽപരതയിൽ
എന്റെ മനസ്സ് വിനമ്രയായി.
... അങ്ങിനെയിരിക്കെ ഒരു പ്രഭാതത്തിൽ
പെട്ടെന്നൊരു ഉഷ്ണക്കാറ്റടിച്ചു.
ഇന്നും കോളേജ് ക്ലാസ്സ്മുറിയുടെ പ്ലാറ്റുഫോമിൽ
അതേ പ്രസംഗങ്ങൾ ആവർത്തിക്കപ്പെടുന്നു.
ഒന്നും മാറിയിട്ടില്ല—
അദ്ധ്യാപകരുടെ കാലുറകൾ ബെൽബോട്ടമായിരിക്കുന്നുവെന്ന് മാത്രം
അവരുടെ തലമുടി പിറകിൽ വളർന്നിറങ്ങിയിരിക്കുന്നുവെന്നുമാത്രം
ചരിത്രപ്രസംഗത്തിനും പഴയ എരിവും പുളിയുമുണ്ട്.
അവരുടെ കണ്ണുകളിൽ അതേ അഭിമാനം തിളങ്ങുന്നു.
എന്നാൽ,
ഒരു പ്രഭാതത്തിൽ അവിചാരിതമായടിച്ച ഉഷ്ണക്കാറ്റ്
മുൻബെഞ്ചുകാരിൽ ചിലരെ കുലുക്കിയുണർത്തിയിരിക്കുന്നു —
ചരിത്രമിതൊന്നുമല്ലെന്ന് അവർ കണ്ടെത്തിയിരിക്കുന്നു
പിൻബെഞ്ചിലുറങ്ങിയിരുന്നവരിൽ ചിലരും
വരികൾക്കിടയിൽ വായിക്കാൻ പഠിച്ചിരിക്കുന്നു.
കിരീടധാരികളുടെ ദുരന്തത്തിന്റെ കഥകൾ
അവർ ചേർത്തു വായിച്ചുതുടങ്ങിയിരിക്കുന്നു.
പണ്ടില്ലാത്ത ഒരു ചരിത്രബോധത്തിന്റെ
നേരിയ അലകൾ അവരിൽ ചിറകടിച്ചുതുടങ്ങിയിരിക്കുന്നു.
ചവറ്റുകുട്ടയിൽ ചിതറിവീഴുന്ന കിരീടത്തുണ്ടുകൾ പെറുക്കിക്കൂട്ടാൻ
ഇന്നത്തെ കുട്ടികൾ ധൃതിപ്പെടുന്നതേയില്ല.
ചരിത്രമൊരു മുടന്തുകാലൻ പട്ടിയോ തേവിടിശ്ശിയോ അല്ലെന്ന്
ഈ ചെറുപ്പക്കാർക്ക് മനസ്സിലായിത്തുടങ്ങിയിരിക്കുന്നു.
... അങ്ങിനെയിരിക്കെ വീണ്ടുമൊരു ഉഷ്ണക്കാറ്റ് ആഞ്ഞുവീശി.
സ്വന്തം ചിത്രക്കൂടങ്ങളിലിരുന്ന് നമ്മെ വിചാരണ ചെയ്യുന്നവർ
ചരിത്രത്തിന്റെ വിധിന്യായങ്ങൾ വായിച്ചുനോക്കുന്നില്ല.
റോമിലേക്ക് ഇനിയും പാതകൾ നീണ്ടുവരുന്നതും അവരറിയുന്നതേയില്ല.

## രാഷ്ട്രതന്ത്രം

ഭരണകൂടവും സർക്കാരുമായി (State and Government) മനുഷ്യനെ ബന്ധപ്പെടുത്തി പ്രതിപാദിക്കുന്നതാണ് രാഷ്ട്രതന്ത്രം എന്നു പറഞ്ഞാണ് പാഠപുസ്തകകാരൻ വിഷയം അവതരിപ്പിക്കുന്നത്. ഭരണകൂടം രാഷ്ട്രതന്ത്രപഠനത്തിന്റെ കേന്ദ്രവിഷയമാണ്. ജനങ്ങൾ തമ്മിലുള്ള സംഘർഷങ്ങളും മറ്റും നിയന്ത്രിക്കാനുള്ള ഒന്നാണത്രേ ഭരണകൂടം. പാഠപുസ്തകം തുടരുന്നു: "ഇന്നത്തെ രീതിയിലുള്ള ഭരണകൂടം നിലവിൽ വന്നത് രാജാവും ജനങ്ങളും തമ്മിലുള്ള സംഘർഷത്തിലൂടെയാണ്. ജനങ്ങൾ കൂടുതൽ അവകാശങ്ങളും ആനുകൂല്യങ്ങളും ഉന്നയിച്ചു. അധികാരം അന്തിമമായി തങ്ങളുടേതാണെന്നു ജനങ്ങൾ മനസ്സിലാക്കി. അങ്ങിനെയാണു ഇന്നത്തെ രീതിയിലുള്ള ജനാധിപത്യം ഉദയംചെയ്തതും സർക്കാരിൽ ജനങ്ങൾക്കു പ്രാതിനിധ്യം ലഭിച്ചതും. ജനാധിപത്യത്തിൻകീഴിൽ ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി നിയമങ്ങൾ നിർമ്മിക്കപ്പെട്ടു. ജനങ്ങൾക്കു പരിപൂർണ്ണസ്വാതന്ത്ര്യവും അവകാശവും നൽകപ്പെട്ടിട്ടുണ്ട്. ഭരണകൂടത്തിന്റെ ഘടനയും അധികാരങ്ങളും പൗരന്മാരുടെ അവകാശങ്ങളും കടമകളും വിശദീകരിക്കുന്ന ഭരണഘടന നിർമ്മിക്കപ്പെട്ട നിയമങ്ങളെ വിശദീകരിക്കാനും നിയമപരമോ കുറ്റകരമോ ആയ കാര്യങ്ങൾ പരിഹരിക്കാനും പ്രതിവിധികൾ തീരുമാനിക്കാനും നീതിന്യായവകുപ്പുകളുണ്ട്. നിയമങ്ങൾ നിർമ്മിക്കാനും ആവശ്യാനുസരണം അവ പുതുക്കാനും മാറ്റിയെഴുതാനും ജനപ്രതിനിധികളടങ്ങുന്ന നിയമനിർമ്മാണസഭയുണ്ട്. കാര്യങ്ങൾ നേരാംവണ്ണം നടപ്പാക്കാൻ നിർവാഹകസമിതിയുമുണ്ട്. രാഷ്ട്രത്തെ സംരക്ഷിക്കാൻ സേനയും ആയുധങ്ങളും സാമൂഹ്യദ്രോഹികളെ തളച്ചിടാൻ ജയിലുകളുമുണ്ട്.

ഈ വിധമുള്ള ഒരു ജനകീയ ഭരണകൂടം നിലവിൽ വന്നതിൻഫലമായി കൃഷിയും കച്ചവടവും വാണിജ്യവും വ്യവസായവും പുരോഗമിച്ചു. അവ എല്ലാവിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കും പങ്കെടുക്കാവുന്ന ഒന്നായിമാറി. പുതിയ സർക്കാർ കൊണ്ടുവന്ന കുട്ടികളുടെ സംരക്ഷണവും വിദ്യാഭ്യാസവും, വ്യവസായ മേഖലയിൽ തൊഴിലാളികളുടെ സ്ഥിരത, സാംസ്കാരിക മണ്ഡലങ്ങളിലെ പ്രവർത്തനങ്ങൾ, വിശദമായ സാമ്പത്തിക നയങ്ങൾ,... ഇവ മധ്യകാല സർക്കാരുകൾക്കും അചിന്ത്യമായിരുന്നു." ചുരുക്കത്തിൽ രാഷ്ട്രതന്ത്രപാഠപുസ്തകം വിദ്യാർത്ഥിയെ ധരിപ്പിക്കുന്നത് ഇതൊക്കെയാണ്: ഇന്നത്തെ രീതിയിൽ ഉള്ള ഭരണകൂടം എല്ലാവിഭാഗം ജനങ്ങൾക്കും നന്മചെയ്യുന്നതിന് ഉദ്ദേശിച്ചുള്ളതാണ്. മനുഷ്യസമുദായത്തിന്റെ ചരിത്രത്തിൽ ഉണ്ടാകാവുന്നതിൽ ഏറ്റവും മഹത്തായതാണ് ഇന്നത്തെ ഭരണകൂടം. ഭരണകൂടവും ജനങ്ങൾതന്നെ തിരഞ്ഞെടുക്കുന്ന പ്രതിനിധികളടങ്ങുന്ന സർക്കാരും എല്ലാവിഭാഗം ജനങ്ങളുടേയും നന്മയ്ക്കും ക്ഷേമത്തിനുമായി പ്രവർത്തിക്കുന്നു.

പക്ഷേ യഥാർത്ഥത്തിൽ പാഠപുസ്തകക്കാരൻ പറയുന്ന ജനാധിപത്യം എന്താണ്? ഇന്നത്തെ ഭരണകൂടവും അതിന്റെ വിവിധ ഘടകങ്ങളും യഥാർത്ഥത്തിൽ എന്താണ്? പാഠപുസ്തകകാരൻ കൊട്ടിഘോഷിക്കുന്ന ഇന്നത്തെ ജനാധിപത്യവ്യവസ്ഥയിലും രണ്ടുവർഗ്ഗങ്ങൾ നിലനിൽക്കുന്നതായി നമുക്കു കാണാം. ചൂഷകനും അധ്വാനിയും. ഈ വർഗ്ഗങ്ങൾ നിരന്തരമായി സമരത്തിലാണ്. വർഗ്ഗസമരത്തെ അടിച്ചമർത്താനുള്ള ഒന്നായാണ് ഭരണകൂടം നിലവിൽ വന്നതും. ഏംഗൽസ് പറയുന്നു: "ഭരണകൂടം ആദികാലം മുതലേ നിലനിന്നിരുന്നില്ല. അതില്ലാത്ത സമൂഹങ്ങളുമുണ്ടായിരുന്നു; ഭരണകൂടത്തെയോ അതിന്റെ അധികാരങ്ങളെയോ പറ്റി യാതൊരു ധാരണയുമില്ലാത്തവ. സാമ്പത്തികവികാസത്തിന്റെ പ്രത്യേകഘട്ടത്തിൽ, അതു സമൂഹത്തെ വർഗ്ഗങ്ങളായി പിളർത്തിയപ്പോൾ, ആ പിളർപ്പിന്റെ ഫലമായി ഭരണകൂടമുണ്ടാ

യി.” അടിമകളോ അവരുടെ ഉടമകളോ ഇല്ലാതിരുന്ന പ്രാകൃത കമ്മ്യൂണിസ്റ്റ് സമൂഹത്തിൽ ഭരണകൂടമുണ്ടായിരുന്നില്ല. എന്നാൽ സാമ്പത്തിക വികാസത്തിന്റെ ഫലമായി ഒരുകൂട്ടംപേർ ഉല്പാദനോപകരണങ്ങൾ—ഭൂമിയും ആയുധങ്ങളും—സ്വകാര്യസ്വത്താക്കുകയും അദ്ധ്വാനിക്കുന്നവരെ സ്വന്തം അടിമകളാക്കുകയും ചെയ്തു. അങ്ങിനെ ചരിത്രത്തിൽ ആദ്യമായി രണ്ടുവർഗ്ഗങ്ങൾ നിലവിൽവന്നു: അടിമകളും അവരെ കൈയാളുന്ന ഉടമകളും. ബൂർഷ്വാപാഠപുസ്തകകാരന്മാർ കൊട്ടിഘോഷിക്കുന്ന പുരാതന ‘ഗ്രീക്ക് ജനാധിപത്യം’ അടിമയുടമ വ്യവസ്ഥ നിലനിന്നിരുന്ന കാലത്ത് ന്യൂനപക്ഷം വരുന്ന എല്ലാ ചൂഷകർക്കും അംഗത്വമുള്ള ഭരണകൂടമായിരുന്നു. അക്കാലത്തെ അടിമകളാകട്ടെ, ഈ ചൂഷകരുടെ തീർത്തും അസ്വതന്ത്രരായ സ്വകാര്യസ്വത്തും. എന്നാൽ ആദ്യത്തെ ഈ വർഗ്ഗസമൂഹത്തിൽതന്നെ ചൂഷിതജനത ഈ അടിച്ചമർത്തലിനെതിരെ പോരാടിയിരുന്നു. റോമാസാമ്രാജ്യത്തിലെ അടിമകൾ സ്പാർട്ടാക്കസിന്റെ നേതൃത്വത്തിൽ സംഘടിക്കുകയും വർഗ്ഗശത്രുക്കൾക്കെതിരെ സമരം ചെയ്യുകയും ചെയ്തു.

അടിമയുടമവ്യവസ്ഥയിലെ സംഘർഷങ്ങൾ അതിനെ ഫ്യൂഡൽ വ്യവസ്ഥയിലേക്കു പരിണമിപ്പിച്ചു. ഫ്യൂഡൽപ്രഭുവും അടിയാളനു (Serf) മായിരുന്നു ഈ വ്യവസ്ഥയിലെ വർഗ്ഗങ്ങൾ. ഫ്യൂഡലിസം കർഷകകലാപങ്ങളാൽ ശ്രദ്ധേയമാണ്. ഇത് അടിച്ചമർത്താൻ ഫ്യൂഡൽഭരണകൂടം ആവശ്യമായിവന്നു. ഏകാധിപത്യമോ ഫ്യൂഡൽപ്രഭുക്കളുടെ പ്രതിനിധികളടങ്ങുന്ന റിപ്പബ്ലിക്കൻ ഭരണകൂടമോ അക്കാലത്തു നിലനിന്നു.

വ്യാപാരത്തിന്റെ വികാസവും ലോകവിപണിയും പണവിനിമയത്തിന്റെ വികാസവും ഫ്യൂഡൽസമൂഹത്തിൽ ഒരു പുതിയ വർഗ്ഗത്തിനു ജന്മംനല്കി—മുതലാളിവർഗ്ഗം. ചരക്കുകൈമാറ്റത്തോടെയും പണത്തിന്റെ ശക്തി ഉയർന്നതോടെയും മൂലധനത്തിന്റെ ശക്തിയും വർദ്ധിച്ചു. പതിനെട്ടാം നൂറ്റാണ്ടിന്റെ അവ സാനത്തിലും പത്തൊമ്പതാം നൂറ്റാണ്ടിലും യൂറോപ്യൻ രാജ്യങ്ങളിൽ ബൂർഷ്വാവിപ്ലവങ്ങൾ നടന്നു. ഈ രാജ്യങ്ങളിൽ ഫ്യൂഡലിസം തുടച്ചുനീക്കപ്പെടുകയും ബൂർഷ്വാഭരണകൂടം നിലവിൽ വരികയും ചെയ്തു. ഉല്പാദനോപകരണങ്ങൾ മുതലാളിവർഗ്ഗം കൈയടക്കുകയും സ്വന്തം അദ്ധ്വാനശക്തി മാത്രം വിറ്റു ജീവിക്കേണ്ടിവരുന്ന ഒരു പുതിയ വർഗ്ഗത്തെ-തൊഴിലാളികളെ സൃഷ്ടിക്കുകയും ചെയ്തു. പാഠപുസ്തകകാരൻ പറയുന്ന ‘ഇന്നത്തെ രീതിയിലുള്ള ജനാധിപത്യഭരണകൂടം’ നിലവിൽ വന്നത് ഇങ്ങിനെയാണ്. ഭരണകൂടം നിലവിൽ വന്നതും വർഗ്ഗസമരത്തിന്റെ ഫലമായിട്ടായതിനാൽ ബൂർഷ്വാഭരണകൂടത്തെ വിശകലനം ചെയ്യേണ്ടതും വർഗ്ഗസമരത്തെ അടിസ്ഥാനമാക്കി വേണം.

മുതലാളിവർഗ്ഗത്തിന്, ഭൂരിപക്ഷം വരുന്ന തൊഴിലാളികളുടെ അധ്വാനശക്തിയെ ചൂഷണം ചെയ്യാനുള്ള ഒരുപകരണമാണ് ഇന്നത്തെ ഭരണകൂടം. ഈ ഭരണകൂടത്തിന്റേ ഭരണഘടനയും നിയമങ്ങളും മുതലാളിവർഗ്ഗത്തിന്റെ നന്മയെമാത്രം ലാക്കാക്കിയുള്ളതാണ്. അത് സ്വകാര്യമൂലധനം അനുവദിക്കുന്നു; ഉല്പാദനോപകരണങ്ങൾ ഒരു ന്യൂനപക്ഷം കൈയാളുന്നതിനെ നീതീകരിക്കുന്നു. ഉല്പാദനോപകരണങ്ങൾ പൊതുസ്വത്തല്ലാത്തിടത്തോളം കാലം അദ്ധ്വാനിക്കുന്നവർ ചൂഷണം ചെയ്യപ്പെടുന്നു. ചൂഷണം നിലനില്ക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥയിൽ സ്വാതന്ത്ര്യമെവിടെ? പാഠപുസ്തകക്കാരൻ കൊട്ടിഘോഷിക്കുന്ന ഇന്നത്തെ രീതിയിലുള്ള ജനാധിപത്യവ്യവസ്ഥയിലെ ‘സ്വാതന്ത്ര്യം’ യഥാർത്ഥത്തിൽ മുതലാളിവർഗ്ഗത്തിന്റെ മാത്രം സ്വാതന്ത്ര്യമാണ്.

കോടതിയും ജയിലുകളും പട്ടാളവും പോലീസും ആയുധങ്ങളും ബൂർഷ്വാ ഭരണകൂടത്തിന്റെ മർദ്ദനോപകരണങ്ങളാണ്. സ്വകാര്യസ്വത്തിനെതിരെ തൊഴിലാളികളോ അധ്വാനിക്കുന്നവരോ സംഘടിച്ചാൽ ഈ ഉപകരണങ്ങളെല്ലാം അവർക്കെതിരെ തിരിയുന്നതും നമുക്കു കാ

ണാം. ന്യൂനപക്ഷത്തിന്റെ താല്പര്യങ്ങൾക്കായി ഭൂരിപക്ഷം വരുന്ന അധ്വാനിക്കുന്നവരെ അടിച്ച മർത്തുന്ന ഭരണകൂടവും സർക്കാരും ഏതുവിധത്തിലാണ് 'എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കും', നന്മ ചെയ്യുന്നതിനെ ഉദ്ദേശിച്ചുള്ള ഒന്നാവുക?


യഥാർത്ഥരാഷ്ട്രതന്ത്രപഠനം വർഗ്ഗസമരത്തെ പഠിക്കുന്ന ഒന്നായതിനാൽ ബൂർഷ്വാസമൂഹത്തെക്കുറിച്ച് അതു നമ്മെ ഇങ്ങിനെ പഠിപ്പിക്കുന്നു: മുതലാളിത്തത്തിൽത്തന്നെ അതിനെ നശിപ്പിക്കാനും അങ്ങിനെ സമൂഹത്തെ പുരോഗതിയിലേക്കു നയിക്കാനുമുള്ള ശക്തികളുമുണ്ട്—തൊഴിലാളിവർഗ്ഗം. ശാസ്ത്രീയമായ പ്രത്യയശാസ്ത്രത്തിന്റെ സഹായത്തോടെ തൊഴിലാളി വർഗ്ഗത്തിനും ബൂർഷ്വാഭരണകൂടത്തെ ഒരു സാമൂഹ്യവിപ്ലവത്തിലൂടെ തച്ചുടയ്ക്കാനും തൊഴിലാളിവർഗ്ഗത്തിന്റേതായ ഒരു ഭരണകൂടം സ്ഥാപിക്കാനും കഴിയും. ഇന്നത്തെ യാഥാർത്ഥരാഷ്ട്രതന്ത്രപഠനം തൊഴിലാളി വർഗ്ഗവിപ്ലവത്തിന്റെ തന്ത്രങ്ങളെയും അടവുകളെയും കുറിച്ചുള്ള പഠനമാണ്.

> ബൂർഷ്വാശാസ്ത്രത്തിന്റേയും തത്വശാസ്ത്രത്തിന്റേയും നിയമത്തിന്റേയും രാഷ്ട്രീയധനശാസ്ത്രത്തിന്റേയും പത്രപ്രവർത്തനത്തിന്റേയും പ്രതിനിധികൾ ഭരണകൂടത്തിന്റെ പ്രശ്നത്തെപ്പോലെ, കരുതിക്കൂട്ടിയും അല്ലാതേയും, ഇത്രയേറെ കുട്ടിക്കുഴച്ചിട്ടുള്ള മറെറാരു പ്രശ്നം നിങ്ങൾ കണ്ടെത്താനിടയില്ല. ഭരണകൂടമെന്നതു ദൈവികവും അലൗകികവുമായ എന്തോ ഒന്നാണെന്നും മനുഷ്യരാശിയുടെ നാളിതുവരെയുള്ള നിലനില്പിന് ഉപോൽബലകമായ ഒരു ശക്തിയാണെന്നും അമാനുഷികവും മനുഷ്യാതീതവുമായ എന്തോ ഒന്നു ജനങ്ങൾക്കു പ്രദാനംചെയ്യുന്ന, അഥവാ ചെയ്യാൻ കഴിവുള്ള, അഥവാ കൂടെക്കൊണ്ടുവരുന്ന, ദിവ്യാത്ഭുതമായ ഒരു ശക്തിയാണെന്നും, അവരുടെ സിദ്ധാന്തങ്ങൾ അവകാശപ്പെടുന്നു. ചൂഷകവർഗ്ഗങ്ങളുടെ—ഭൂവുടമകളുടേയും മുതലാളികളുടേയും താല്പര്യങ്ങളുമായി അത്രയേറെ അടുത്തു ബന്ധപ്പെട്ടു കിടക്കുന്നതും അവരുടെ താല്പര്യങ്ങൾക്ക് അത്രയേറെ ഉതകുന്നതും ബൂർഷ്വാസിയെ പ്രതിനിധാനം ചെയ്യുന്ന മാന്യന്മാരുടെ എല്ലാ ആചാരങ്ങളിലും അഭിപ്രായങ്ങളിലും ശാസ്ത്രത്തിലും അത്രയേറെ ആണ്ടിറങ്ങിയിട്ടുള്ളതുമായ സിദ്ധാന്തങ്ങളാണ് ഇവ. മറേറതൊരു പ്രശ്നത്തെക്കാളും ഭരണാധികാരിവർഗ്ഗങ്ങളുടെ താല്പര്യത്തെ ബാധിയ്ക്കുന്നതുകൊണ്ടാണ് ഈ പ്രശ്നത്തെ ഇത്രയധികം കുട്ടിക്കുഴയ്ക്കുകയും സങ്കീർണ്ണമാക്കുകയും ചെയ്തിരിക്കുന്നത്. ഭരണകൂടത്തെക്കുറിച്ചുള്ള ഈ സിദ്ധാന്തങ്ങൾ സാമൂഹ്യമായ പ്രത്യേകാനുകൂല്യങ്ങളേയും ചൂഷണത്തിന്റെ നിലനില്പിനേയും മുതലാളിത്തത്തിന്റെ നിലനില്പിനേയും ന്യായീകരിക്കാൻ ഉപകരിക്കുന്നു. ഈ പ്രശ്നത്തിൽ നിഷ്പക്ഷത പ്രതീക്ഷിക്കുന്നത്, ശാസ്ത്രീയ വീക്ഷണമുള്ളവരാണെന്ന് അവകാശപ്പെടുന്നവരിൽനിന്നും ഈ വിഷയത്തെപ്പററി തികച്ചും ശാസ്ത്രീയമായ ഒരഭിപ്രായം ലഭിക്കുമെന്ന വിശ്വാസത്തിൽ അതിനെ സമീപിക്കുന്നത്, ഏററവും വലിയ തെററായിരിക്കുമെന്നു പറഞ്ഞത് ഇതുകൊണ്ടാണ്. ഭരണകൂടത്തിന്റെ പ്രശ്നവുമായി നിങ്ങൾ പരിചയപ്പെടുകയും അതിൽ വേണ്ടത്ര ആണ്ടിറങ്ങിച്ചെല്ലുകയും ചെയ്തുകഴിയുമ്പോൾ, ആ പ്രശ്നത്തിൽ, അതിന്റെ സിദ്ധാന്തത്തിലും തത്ത്വത്തിലും, വിവിധവർഗ്ഗങ്ങൾ തമ്മിൽ സമരം നടക്കുന്നത് നിങ്ങൾക്കെപ്പോഴും കാണാൻ കഴിയും. ഭരണകൂടത്തെക്കുറിച്ചുള്ള അഭിപ്രായ സംഘട്ടനത്തിലും ഭരണകൂടത്തിന്റെ പങ്കിനേയും പ്രാധാന്യത്തേയും സംബന്ധിച്ച വിലയിരുത്തലിലും ഈ 'സമരം' പ്രതിഫലിക്കുകയോ പ്രകടമാവുകയോ ചെയ്യുന്നുണ്ട്. ഒരു റിപ്പബ്ലിക് ഏതെല്ലാം രൂപ

ങ്ങൾ കൈക്കൊണ്ടു കൊള്ളട്ടെ, അതൊരു ബൂർഷ്വാറിപ്പബ്ലിക്കാണെങ്കിൽ, ഭൂമിയുടേയും ഫാക്ടറികളുടേയും സ്വകാര്യഉടമാവകാശം അതു നിലനിർത്തുന്നുണ്ടെങ്കിൽ, സ്വകാര്യമൂലധനം സമുദായത്തെയാകെ 'കൂലിയടിമത്ത'ത്തിലാക്കുന്നുണ്ടെങ്കിൽ, ആ ഭരണകൂടം കുറച്ചുപേർക്ക് മറ്റുള്ളവരെ അടിച്ചമർത്താനുള്ള ഒരു യന്ത്രമാണ്.

## സാമ്പത്തികശാസ്ത്രം

സാമൂഹ്യവ്യവസ്ഥിതികളുടെ മാറ്റങ്ങൾക്ക് അടിസ്ഥാനമായി വർത്തിക്കുന്നതും ഉൽപാ ദനത്തിൽ വരുന്ന മാറ്റങ്ങളാണ്. ഉല്പാദനത്തിന്റെ മൂന്നു ഘടകങ്ങളാണ് ഉല്പാദനശക്തികൾ, ഉല്പാദനബന്ധങ്ങൾ, ഉല്പാദനോപാധികൾ എന്നിവ. ഉല്പാദനോപകരണങ്ങളും അതുപയോഗിക്കുന്ന മനുഷ്യരുമാണ് ഉല്പാദന ശക്തികൾ; ഉല്പാദനശക്തികളും, ഉല്പാദനോപാധികൾ കൈയാളുന്നവരും തമ്മിലുള്ള ബന്ധമാണ് ഉല്പാദനബന്ധം; ഭൂമി, കെട്ടിടം മുതലായവ ഉല്പാദനോപാധികളും. മാറ്റം ആഗ്രഹിക്കുന്ന ഉല്പാദനശക്തികളും അതിനു വിഘാതമായി നിൽക്കുന്ന ഉല്പാദനബന്ധങ്ങളും തമ്മിലുള്ള സമരമാണ് സാമ്പത്തികവിപ്ലവങ്ങൾക്കും വഴിയൊരുക്കുന്നത്. ഉല്പാദനശക്തികൾ നിരന്തരം വളന്നുകൊണ്ടിരിക്കുന്നു. വളർന്നുകൊണ്ടിരിക്കുന്ന ഉല്പാദനശക്തികൾ വളർച്ചക്കും വിഘാതമായി നില്ക്കുന്ന ഉല്പാദനബന്ധങ്ങളെ തട്ടിത്തെറിപ്പിക്കുന്നു. പുതിയ ഉല്പാദനബന്ധത്തിൽ അവ വീണ്ടും വളരുകയും ഈ ബന്ധവും വളർച്ചക്കു തടസ്സമാകുമ്പോൾ ഇതിനെത്തകർത്ത് മുന്നേറുകയും ചെയ്യുന്നു.



സാമ്പത്തികശാസ്ത്രം ഒരു ശാസ്ത്രമെന്ന രൂപത്തിൽ വളരുന്നതും ആദംസ്മിത്തിനോടു കൂടിയാണ്. അതിനുമുൻപ് 'മർക്കന്റലിസം' മുതലായ പ്രാകൃതസാമ്പത്തികശാസ്ത്രരൂപങ്ങൾ നിലനിന്നിരുന്നു. ചരക്കിന്റെ മൂല്യം അതിലടങ്ങിയ അദ്ധ്വാനത്തിന്റെ മൂല്യമാണെന്ന സിദ്ധാന്തം കൊണ്ടുവരുന്നതും ആദംസ്മിത്താണ്. റിക്കാർഡോ ബൂർഷ്വാസാമ്പത്തികശാസ്ത്രത്തെ കൂടുതൽ വികസിപ്പിച്ചു. ഇവരുടെ പിൻതുടർച്ചക്കാരാകട്ടെ കാപ്പിറ്റലിസ്റ്റുകളുടെ ലാഭം വർദ്ധിപ്പിക്കാനായി ക്ലാസിക്കൽ സമ്പദ്ശാസ്ത്രത്തെ വളച്ചൊടിച്ചു. തൊഴിലാളികളുടെ അദ്ധ്വാനത്തെ ചൂഷണംചെയ്ത് കാപ്പിറ്റലിസ്റ്റുകൾ നേടുന്ന കൊള്ളലാഭം കാപ്പിറ്റലിസ്റ്റിന്റെ ന്യായമായ വിഹിതമാണെന്നും ഇവരിൽ പലരും സിദ്ധാന്തിച്ചു. ഇക്കൂട്ടരുടെ കയ്യിൽ വളർച്ച മുരടിച്ചുനിന്ന സമ്പദ്ശാസ്ത്രത്തെ തുടർന്നു വികസിപ്പിക്കാനായതും മാർക്സിനു മാത്രമാണ്. മാർക്സിന്റെ 'മൂലധനം' മുതലാളിത്ത ഉല്പാദനപ്രക്രിയയെയാകെ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു.

മിച്ചമൂല്യസിദ്ധാന്തമാണ് സമ്പദ്ശാസ്ത്രത്തിന് മാർക്സിന്റെ ഏറ്റവും വലിയ സംഭാവന. മുതലാളിത്തവ്യവസ്ഥയിൽ, അദ്ധ്വാനശക്തി ഒരു ചരക്കാണ്. ഇത് വിലയ്ക്കു വാങ്ങുന്ന മുതലാളി അതിന്റെ യഥാർത്ഥമൂല്യത്തിന്റെ ഒരുഭാഗം മാത്രമേ തൊഴിലാളിക്കു കൂലിയായി നല്കുന്നുള്ളൂ. ഇങ്ങിനെ ബാക്കിവരുന്ന മൂല്യമാണ് മിച്ചമൂല്യം. ബൂർഷ്വാസമ്പദ്ശാസ്ത്രജ്ഞർ പറയുന്ന മുതലാളിയുടെ വിഹിതം യഥാർത്ഥത്തിൽ തൊഴിലാളിയെ ചൂഷണം ചെയ്തെടുക്കുന്ന ഈ 'മിച്ചമൂ

ല്യ'മാണ്. ഒരു ചരക്കിന്റെ മൂല്യം നിർണ്ണയിക്കുന്നത് അതിലടങ്ങിയ, സാമൂഹികമായി ആവശ്യമായ അദ്ധ്വാനമാണെന്നും മാർക്സ് സിദ്ധാന്തിച്ചു. ശാസ്ത്രീയമായുള്ള സമ്പദ്ശാസ്ത്രപാഠങ്ങളല്ല മറിച്ച് കാപ്പിറ്റലിസ്റ്റിന്റെ പക്ഷത്തുനിന്നുള്ള പാഠങ്ങളാണ് ഇന്നത്തെ കാസ്സുറികളിൽ പഠിപ്പിക്കപ്പെടുന്നത്. ബൂർഷ്വാസാമ്പത്തികശാസ്ത്ര വിദ്യാഭ്യാസത്തിന്റെ നിർദ്ദോഷരീതിയാണ്. അതിന്റെ കാപട്യം മറച്ചുവെക്കാൻ സഹായിക്കുന്നത്.

ബൂർഷ്വാഉല്പാദനത്തിന് നാലുഘടകങ്ങൾ കാണുന്നു: ഭൂമി, മൂലധനം, സംഘടന, തൊഴിൽ. ബ്രഹ്മസൃഷ്ടമായ ചാതുർവർണ്ണം പോലെയാണ് ബൂർഷ്വാഇക്കണോമിസ്റ്റ് ചതുർവർഗ്ഗം സൃഷ്ടിച്ചിരിക്കുന്നത്—ജന്മി, മുതലാളി, സംഘാടകൻ, തൊഴിലാളി. ഇവരുടെ ധർമ്മങ്ങളും അവകാശങ്ങളും വിശദമായി പ്രതിപാദിക്കുന്നതത്രേ ബൂർഷ്വാപാഠപുസ്തകങ്ങൾ. സമ്പദ്വിതരണത്തിൽ ഭൂമി കൈയാളുന്നവനും—ജന്മി—ഉള്ള അവകാശമാണ് കരാർപാട്ടം (Contract rent). ഇതിനു താഴെപറയുന്ന ഘടകങ്ങളുണ്ട്

1. ഭൂമി പാട്ടക്കാരൻ ഉപയോഗിക്കുന്നതിനുള്ള വില (economic rent)
2. ഭൂമിക്കായി നിക്ഷേപിച്ചിട്ടുള്ള മൂലധനത്തിനുള്ള പലിശ
3. ഭൂമി പാട്ടത്തിനു കൊടുക്കാൻ ജന്മിയുടെ ഭാഗത്തുനിന്നും വേണ്ടിവരുന്ന 'അധികാദ്ധ്വാനം' (additional labour)
4. തേയ്മാനത്തിനും അറ്റകുറ്റപ്പണികൾക്കും വേണ്ടിയുള്ള തുക.

ഭൂമി ആരും സൃഷ്ടിച്ചതല്ല. അതുകൊണ്ട് അത് സമൂഹത്തിലെല്ലാവർക്കും ഒരുപോലെ അവകാശപ്പെട്ടതാണ്. അദ്ധ്വാനിക്കുന്ന മനുഷ്യരെ ചൂഷണംചെയ്യാനായി ഒരുകൂട്ടംപേർ അത് കൈയടക്കിവെക്കുന്നു. ഭൂമിക്കു മാത്രമായി പ്രത്യേകിച്ചു മൂല്യമില്ല, മനുഷ്യാദ്ധ്വാനം ഭൂമിയിൽ ചെലവഴിച്ചാൽ ലഭിക്കുന്ന ഉല്പന്നത്തിനാണ് മൂല്യമുള്ളത്. ചരക്കിന്റെമൂല്യം അദ്ധ്വാനത്തിന്റെ മൂല്യംതന്നെയാണെന്ന് ആഡംസ്മിത്തുപോലും പറയുന്നു. അതുകൊണ്ട് ഉല്പാദനത്തിന്റെ മൂല്യം അദ്ധ്വാനിക്കുന്നവനുമാത്രം അവകാശപ്പെട്ടതാണ്. ജന്മിയുടെ 'അദ്ധ്വാന'മായി ബൂർഷ്വാസാമ്പത്തികശാസ്ത്രജ്ഞൻ പറയുന്ന പാട്ടം പിരിക്കലിനും മറ്റും യഥാർത്ഥ അദ്ധ്വാനപ്രക്രിയയിൽ യാതൊരു പങ്കുമില്ല. അതുകൊണ്ട് ബൂർഷ്വാഇക്കണോമിസ്റ്റ് പറയുന്ന പാട്ടത്തിന്റെ വിവിധഘടകങ്ങൾ. ചൂഷണത്തിന്റെ ഫലമായി ജന്മിക്കു ലഭിക്കുന്ന മിച്ചമൂല്യത്തിന്റെ വിവിധ ഘടകങ്ങളാണ്.

പാട്ടത്തിൽനിന്നു പലിശയിലേക്കു വന്നാലോ?

പാഠപുസ്തകം പറയുന്നു: പണത്തിനു പലിശ എന്തിനാണെന്നോ? മൂലധനം എന്ന ചരക്കിന്റെ മൊത്തം ലഭ്യത വളരെ കുറവാണ്. അത് അങ്ങിനെ ദുരുപയോഗപ്പെടുത്തുവാൻ പാടില്ല. വളരെ അത്യാവശ്യമുള്ളവർ മാത്രമേ അതിനെ ഉപയോഗപ്പെടുത്തുവാൻ പാടുള്ളൂ. ഇതിന് ഒരു വില—പലിശ—നിശ്ചയിച്ചാൽ അത്യാവശ്യക്കാരല്ലേ അത് ഉപയോഗപ്പെടുത്തൂ.

പട്ടിക 15.1: ഇന്ത്യൻ ഗ്രാമങ്ങളിലാകെ ഭൂസ്വത്തിന്റെ വിതരണം

| ആകെ ഗ്രാമീണ ജനസംഖ്യയുടെ ശതമാനം | കൈവശഭൂമിയുടെ ശതമാനം | |
|---|---|---|
| | 1960-61 | 1970-71 |
| താഴ്ന്ന 70 | 16 | 15 |
| 70-80 | 9 | 8 |
| 80-90 | 16 | 16 |
| ഉയർന്ന 10 | 59 | 62 |

പക്ഷെ എന്താണ് ബൂർഷ്വാസമ്പദ്ശാസ്ത്രജ്ഞർ പറയുന്ന ഈ മൂലധനം? ഉല്പാദനത്തിനു മുൻപ് മൂലധനമുണ്ടായിരുന്നില്ല. അദ്ധ്വാനിക്കുന്നവനെ തലമുറകളായി ചൂഷണംചെയ്ത് മുതലാളി സംഭരിച്ചതാണ് മൂലധനം. ഇങ്ങിനെ സംഭരിക്കുന്ന പണംകൊണ്ടാണ് മുതലാളി ഉല്പാദനത്തിനാവശ്യമായ യന്ത്രങ്ങൾ, കെട്ടിടം എന്നിവ കയ്യാളുന്നത്. ഇത് മൂലധനത്തിന്റെ ഒരു ഭാഗമാണ്. അന്തിമ വിശകലനത്തിൽ ഈ യന്ത്രങ്ങളും കെട്ടിടങ്ങളും തൊഴിലാളിയുടെ അദ്ധ്വാനഫലമാണെന്നും കാണാം. മൂലധനത്തിനു ലഭ്യത കുറവായത് അതുണ്ടാക്കുവാൻ വളരെയധികം തൊഴിലാളികളുടെ അദ്ധ്വാനം ആവശ്യമായതുകൊണ്ടാണ്. തൊഴിലാളികളെ നിരന്തരമായി ചൂഷണംചെയ്ത് മൂലധനം സംഭരിച്ചു എന്നതു മാത്രമാണ് മുതലാളിയെ പലിശ വാങ്ങാൻ അർഹനാക്കുന്നത്.

നമ്മുടെ പ്രൊഫസർമാരുടേയും, ടെക്സ്റ്റ് പുസ്തകക്കാരുടേയും നവീന ബൂർഷ്വാശാസ്ത്രജ്ഞൻമാരുടേയും തലതൊട്ടപ്പനായ കെയ്ൻസ് പലിശയെപ്പറ്റി പറയുന്നതു നോക്കുക. "ആളുകളെ അവരുടെ സ്വത്ത്, പൂഴ്ത്തിവെപ്പൊഴികെ, മറ്റേതെങ്കിലും മാർഗ്ഗത്തിൽ സൂക്ഷിക്കുന്നതിനു പ്രേരിപ്പിക്കാൻ കൊടുക്കുന്ന സമ്മാനമാണ് പലിശ."

ബൂർഷ്വാസമ്പദ്ശാസ്ത്രമനുസരിച്ച് ഉല്പാദനത്തിൽ നടുനായകത്വം വഹിക്കുന്നത് സംഘാടകൻ (entrepreneur) ആണ്. പാഠപുസ്തകം പറയുന്നു: ഭൂമി, മൂലധനം, തൊഴിൽ എന്നീ മൂന്നുഘടകങ്ങളെ സംഘടിപ്പിക്കുകയാണ് ഇദ്ദേഹത്തിന്റെ ചുമതല. അതിന് ഇദ്ദേഹത്തിനു കിട്ടുന്ന പ്രതിഫലമത്രേ സാമാന്യ ലാഭം (normal profit). ഉല്പാദനപ്രക്രിയയിൽ ഇങ്ങിനെയൊരാളുടെ ആവശ്യമേയില്ലെന്നു വ്യക്തമാണ്. സോഷ്യലിസ്റ്റ് സാമൂഹ്യഉല്പാദനഘടനയിൽ ജന്മി. മുതലാളി, സംഘാടകൻ എന്നീ മൂന്നു ഘടകങ്ങളേയും കാണുകയില്ല. എല്ലാറ്റിന്റേയും സ്രഷ്ടാവായ തൊഴിലാളിയാണ് ഏതിന്റെയും ഉടമ. എന്നാൽ തൊഴിലാളിയെപ്പറ്റി പാഠപുസ്തകം പറയുന്നു: 'കൂലി എന്നതുകൊണ്ടും നാം വിവക്ഷിക്കുന്നതും താഴ്ന്നവരുമാനക്കാരുടെ വരവിനെയാണ്. ഇവരുടെ ആകെ വരുമാനം ലഭിക്കുന്നത് കൈകളുടേയോ തലച്ചോറിന്റേയോ അദ്ധ്വാനം കൊണ്ടാണ്. ഇവർ ആയുഷ്കാലം മുഴുവൻ ഒരു മുതലാളിയുടെ കീഴിൽ ജോലിചെയ്യുന്നു. മറ്റുവാക്കുകളിൽ, നാം ഈ വാക്ക്—കൂലി—കൊണ്ടു ഉദ്ദേശിക്കുന്നത് ഫാക്ടറി ജോലിക്കാർ, ഫോർമാൻമാർ, ഓഫീസ് ജോലിക്കാർ, അദ്ധ്യാപകർ, മറ്റു മദ്ധ്യവർഗ്ഗ ഉദ്യോഗസ്ഥർ എന്നിവരുടെ നക്കാപ്പിച്ചയെ (earnings) ആണ്. ഇവർ നിരന്തരമായ മേൽനോട്ടത്തിൽ മുഷിപ്പൻ ജോലിചെയ്ത് താരതമ്യേന സന്തോഷമായി ജീവിക്കുന്നു.' ബൂർഷ്വാ സമ്പദ്ശാസ്ത്രജ്ഞൻ തൊഴിലാളിയേയും ഒരു ചരക്കായാണ് കാണുന്നത്. മുതലാളിമാർക്ക് എപ്പോൾ വേണമെങ്കിലും വാങ്ങുകയോ ത്യജി

ക്കുകയോ ചെയ്യാവുന്ന ഒന്ന്. എല്ലാ സമ്പത്തിന്റേയും ഉറവിടവും അവകാശിയും തൊഴിലാളിയാണെന്നു മനസ്സിലാക്കാത്തതായി നടിക്കുന്നു. അദ്ധ്വാനത്തേയും തൊഴിലാളിയേയും തീരെ വിലയിടിച്ചു കാണിക്കുന്ന ബൂർഷ്വാ ചിന്താഗതി പുതിയ തലമുറയിലും കുത്തിവെക്കാനുദ്ദേശിച്ചുള്ളതാണ് ഇന്നത്തെ സമ്പദ്ശാസ്ത്രപാഠങ്ങൾ.

മുതലാളിത്ത സമ്പദ്വ്യവസ്ഥ ശാശ്വതമാണെന്നും ബൂർഷ്വാസമ്പദ്ശാസ്ത്രം പഠിപ്പിക്കുന്നു. ഈ വ്യവസ്ഥയെ അതേപടി നിലനിർത്തിക്കൊണ്ടുപോകാനുള്ള മാറ്റങ്ങളും അതിനാവശ്യമായ പരിഷ്കരണങ്ങളും ഒത്തുതീർപ്പുകളും പ്രാധാന്യത്തോടെ പഠിപ്പിക്കപ്പെടുന്നു. ഇതിനാവശ്യമായ വിതരണസമ്പ്രദായത്തിനും വിപണനസമ്പ്രദായത്തിനുമാണ്, ഉല്പാദനത്തിനല്ല പ്രാമുഖ്യം. ഉല്പാദനത്തിൽത്തന്നെ എങ്ങനെ 'ലാഭകരമായി' ഉല്പാദനം നിർവ്വഹിക്കാം എന്നതിനാണ് മുൻതൂക്കം. ഉല്പാദനത്തെപ്പറ്റിപറയുമ്പോൾ ഉല്പാദനശക്തികൾ, ഉല്പാദനബന്ധങ്ങൾ, ഉല്പാദനോപാധികൾ ഇവയെ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നില്ല. പകരം വിദ്യാർത്ഥികൾക്ക് കുറെ വസ്തുസ്ഥിതി വിവരങ്ങൾ മാത്രം നൽകുന്നു. ഉദാഹരണത്തിന് ഇരുമ്പുരുക്കു വ്യവസായത്തെപ്പറ്റിപ്പഠിക്കുമ്പോൾ എത്രയാളുകൾ ഈ ശാഖയിൽ പ്രവർത്തിക്കുന്നു, എത്ര അസംസ്കൃതവസ്തുക്കൾ ഉപയോഗപ്പെടുത്തുന്നു, എത്ര ഉല്പന്നങ്ങൾ വർഷംതോറും പുറത്തിറക്കുന്നു എന്നതല്ലാതെ ഈ വ്യവസായത്തിനും ഇന്ത്യൻ സമ്പദ്വ്യവസ്ഥയിലുള്ള സ്ഥാനമോ അതിലെ ഉല്പാദനബന്ധത്തിന്റെ സ്വഭാവങ്ങളോ പഠിപ്പിക്കുന്നില്ല.

കൃഷിയെപ്പറ്റിപ്പറയുമ്പോൾ കൃഷിയിടങ്ങൾ ഭൂരിഭാഗവും ചെറിയൊരു ന്യൂനപക്ഷത്തിന്റെ കയ്യിലാണെന്നതും ടെക്സ്റ്റ് പുസ്തകകാരൻ സൗകര്യപൂർവ്വം വിസ്മരിക്കുന്നു. പകരം ജനസംഖ്യയുടെ 70% പേർ കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരാണെന്നത് ഉല്പാദനം കുറയുന്നതിനുള്ള ഒരു മുഖ്യതടസ്സമായി അവർ കാണുന്നു. എന്നാൽ യഥാർത്ഥത്തിൽ ഉൽപാദനവർദ്ധനവിനുള്ള മുഖ്യതടസ്സം ഇന്ന് ഇന്ത്യയിൽ നിലവിലുള്ള ഫ്യൂഡൽബന്ധങ്ങളും കൃഷിയിടങ്ങൾ ന്യൂനപക്ഷംപേർ കയ്യാളുന്നതുമാണെന്നതും മറച്ചുവെക്കപ്പെടുന്നു. (പട്ടിക കാണുക).

സാമ്പത്തികശാസ്ത്രപഠനത്തെക്കുറിച്ചുള്ള ഈ ലേഖനം കൂടുതൽ ദീർഘിപ്പിക്കുന്നില്ല. സമ്പദ്ശാസ്ത്രപാഠങ്ങളിലാകെ തെളിഞ്ഞു നിൽക്കുന്നതും അതിന്റെ അശാസ്ത്രീയതയാണ്. അതാകട്ടെ ഇന്നത്തെ ഭരണകൂടത്തിന്റെ ചൂഷണോന്മുഖമായ സാമ്പത്തികനയങ്ങളെ ന്യായീകരിക്കാനായുള്ളതാണ്. പക്ഷെ ജനങ്ങളും യുവാക്കളും ഈ സാമ്പത്തികനയങ്ങളുടെ യഥാർത്ഥസ്വഭാവം മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. ഇത്തരം കപടന്യായീകരണങ്ങൾക്ക് ഇനിയും യാഥാർത്ഥ്യത്തെ മറച്ചുവെക്കാനാവില്ല. I

## കോമേഴ്സ്

മുതലാളിത്തത്തെ സ്ഥിരമായി നിലനിർത്താൻവേണ്ടി മാത്രം ഉദ്ദേശിച്ചുള്ളതാണ് കലാശാലകളിലെ വാണിജ്യപഠനം. യഥാർത്ഥ ജീവിതത്തിൽ നിന്നും ഇത്രയും അകന്ന വേറൊരു വിഷയവുമില്ല. ഇതു പഠിക്കുന്നവർക്ക് സാഹിത്യബോധം ആവശ്യമില്ലാത്തതിനാലാവാം അവരുടെ ഭാഷാപഠനം ആദ്യവർഷംതന്നെ അവസാനിക്കുന്നു. പിന്നെയുള്ള രണ്ടുവർഷങ്ങളിൽ വാണിജ്യസംബന്ധമായ വിഷയങ്ങൾ മാത്രമേയുള്ളൂ. അവരെല്ലാക്കാര്യവും മുതലാളിത്തവീക്ഷണത്തിലൂടെ നോക്കിക്കാണുന്നു. അങ്ങനെ അവരുടെ ജീവിതവീക്ഷണവും ആ ചട്ടക്കൂടിൽതന്നെ ഒതുങ്ങുന്നു. മുതലാളിയ്ക്കുണ്ടാവുന്നതും ഉണ്ടാകാവുന്നതുമായ വിഷമങ്ങളും അവയെ അതിജീവി

ക്കാനാവശ്യമായ വഴികളും പഠിപ്പിക്കപ്പെടുന്നു. ഇന്നത്തെ കോമേഴ്സ് വിദ്യാർത്ഥികൾ എറാൻമൂളികളാകുവാൻ മാത്രം വിധിക്കപ്പെട്ടവരാണ്.

വാണിജ്യത്തിന്റെ ചരിത്രം മനുഷ്യന്റെ ചരിത്രത്തോളം പഴക്കമുള്ളതാണ്. 'നാട്ടുകാരുടെ നന്മയെമാത്രം ലാക്കാക്കിയുള്ള നിഷ്കാമകർമ്മമായിരിക്കണം വാണിജ്യം'—ഭഗവദ്ഗീത പറയുന്നു. എങ്കിലും നമുക്കറിയാം ആർഷഭാരതത്തിന്റെ സുഗന്ധം വിതറുന്ന പുറങ്ങൾക്കിടയിൽ വായിക്കാനാകാത്ത ഒരായിരം കഥകൾ—വഞ്ചനയുടെയും ചതിയുടെയും മുഖമുള്ള വൈശ്യജാതി വർഗ്ഗസമ്പ്രദായത്തിന്റെ ഏറ്റവും വലിയ അനുഭാവികളായതിന്റെ കാരണവും മറെറാന്നല്ല. ഇന്നാവിദ്യയെല്ലാം പ്രത്യേകം പരിശീലിപ്പിക്കപ്പെട്ട ഉന്നതബിരുദക്കാരെക്കൊണ്ട് ചെയ്യുവരുന്നുവെന്നു മാത്രം.

ഭൂമിയിൽനിന്നു ചൂഷണം ചെയ്യപ്പെട്ടശേഷം യന്ത്രങ്ങളിലൂടെയും തൊഴിലാളികളിലൂടെയും രൂപമാറ്റം സംഭവിക്കുന്ന വസ്തുക്കൾ പണമുള്ളവനു ലഭ്യമാകുന്ന പ്രക്രിയയാണ് വാണിജ്യപഠനമെന്ന് പാഠപുസ്തകക്കാരൻ പറയുന്നു. ഇതിന്നിടയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു അസംസ്കൃതസാധനമാണു തൊഴിലാളി. അപ്പപ്പോൾ എറിഞ്ഞുകൊടുക്കാവുന്ന കൊച്ചുവർത്തമാനങ്ങൾക്ക് സമരങ്ങളെയും പണിമുടക്കുകളെയും പോലുള്ള 'ബുദ്ധിമുട്ട്'കളൊഴിവാക്കാൻ കഴിവുണ്ടെന്നും പുസ്തകങ്ങൾ മുതലാളിമാരെ ഉപദേശിക്കുന്നു.

കോമേഴ്സിന് യാതൊന്നിനെ സംബന്ധിച്ചും ഒരു മാനുഷികസമീപനമില്ല. തൊഴിലെന്നത് തികച്ചും നിർവ്വചനങ്ങളിലൊതുങ്ങുന്ന ഒരു വസ്തുവാണ്. മുതലാളിക്ക് ലാഭമുണ്ടാകുന്നത് തൊഴിലാളികൾ പണിയെടുക്കുന്നതിനാലാണെന്നും ഈ തൊഴിലാളികളുടെ അദ്ധ്വാനമാണ് മൂല്യം സൃഷ്ടിക്കുന്നതെന്നും ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന മൂല്യമാണ് മുതലാളിയുടെ ലാഭത്തിന്റെ ഉറവിടം എന്നുമല്ല പഠിപ്പിക്കുന്നത്. കൂലിയെന്നത് മുതലാളിയുടെ ഔദാര്യമായിട്ടാണ് വിദ്യാർത്ഥി കാണുന്നതും ഉദാഹരണത്തിന് ഒരു പാഠപുസ്തകം പറയുന്നു:

Since labour is very perishable, the labourer have only very little bargaining power. If they withhold labour it is lost for ever.

Labour is extremely perishable. If a worker does not work for a day, that day's work is lost for ever… Hence the workers have to work even if the wages are low.

ഇതു വായിച്ചാൽ "മുതലാളി തൊഴിലാളിയെക്കൊണ്ട് പണിയെടുപ്പിക്കുന്നതും തൊഴിലാളികളുടെ ക്ഷേമം മാത്രം ലക്ഷ്യമാക്കിക്കൊണ്ടാണ്. അതുകൊണ്ട് പണിമുടക്കിയും മറ്റും ആ കാരുണ്യനിധിയെ ഉപദ്രവിക്കുന്നതു ശരിയല്ല' എന്നാണ് തോന്നുക. മുതലാളിയും കാര്യക്കാരും (Capitalists & Entrepreneures) മാത്രമേ കോമേഴ്സ് വിദ്യാർത്ഥിയുടെ മുമ്പിൽ മനുഷ്യരായുള്ളൂ.

ബൂർഷ്വാധിപത്യം നിലനിർത്തിക്കൊണ്ടുപോകാനുള്ള ഭരണകൂടത്തിന്റെ ദുർമ്മോഹം ഇത്രയും വ്യക്തമായി കാണുന്ന മറ്റൊരുദാഹരണവുമില്ല. ഇന്ത്യൻ പാർലമെന്റിൽ ഇന്നു നാവിട്ടടിക്കുന്നവർക്കും അടിസ്ഥാനപരമായി ഈ മോഹമില്ലാതില്ല. ചാർട്ടേർഡ് എക്കൌണ്ടന്റോ കമ്പനിസെക്രട്ടറിയോ ആയി സ്വന്തം ജീവിതം ഭദ്രമാക്കാനുള്ള വാഞ്ഛ ഒട്ടനവധിപേരെ ഈ വഴിക്കു തിരിച്ചുവിട്ടിരിക്കുന്നു. കോളജുകളിലും ട്യൂട്ടോറിയലുകളിലുമായി പടർന്നുപന്തലിച്ചുകിടക്കുന്ന ഈ വിഷവൃക്ഷത്തിന്റെ തായ്വേരുകൾ ഇന്ത്യൻ മണ്ണിൽ ഇറങ്ങിക്കഴിഞ്ഞതായാണ് അധികാരികളുടെ വിശ്വാസം.

കോമേഴ്സ് ബിരുദപഠനം എത്രമാത്രം വഴിപിഴയ്ക്കപ്പെട്ടതാണെന്നു വ്യക്തമാകാൻ രണ്ടാംവർഷം പഠിപ്പിക്കുന്ന കാര്യങ്ങൾ മാത്രം എടുത്തുനോക്കിയാൽമതി. പ്രായോഗിക ജീവിതത്തിൽ

99 ശതമാനം പേർക്കും ഉപയോഗിക്കാനാവശ്യം വരാത്ത ഒട്ടനവധി കാര്യങ്ങൾ ഈ വർഷം പഠിപ്പിയ്ക്കപ്പെടുന്ന വാണിജ്യനിയമങ്ങളാണ് അവയിൽ പ്രധാനം. ഓരോ നിയമവും പഠിപ്പിച്ചു കഴിഞ്ഞാൽ, അവയെ ആരെങ്കിലും എതിർക്കാനൊരുങ്ങിയാൽ കിട്ടാവുന്ന വർഷങ്ങളോളം നീണ്ടുനില്ക്കുന്ന ജയിൽവാസത്തെപ്പറ്റിയും പറയുന്നുണ്ട്.

'കമ്പനി നിയമങ്ങളും സെക്രട്ടറിയുടെ കടമകളും' എന്നഭാഗം മുഴുവനും എങ്ങനെ ഒരു വൻകിട മുതലാളിത്ത സാമ്രാജ്യം കെട്ടിപ്പടുക്കാമെന്ന കാര്യം അടിമുതൽ മുടിവരെ വിവരിക്കുന്നു. കമ്പനിനിയമങ്ങളിൽ, ചതിച്ചും വഞ്ചിച്ചുംകൊണ്ട് കമ്പനികൾ ഉണ്ടാക്കിയശേഷം സഹമുതലാളിമാരെ വരച്ചവരയിൽ നിർത്തുന്ന വിധവും വിവരിക്കുന്നു. 'സമ്പൂർണ്ണസോഷ്യലിസം' നിലവിലുള്ള നമ്മുടെ രാജ്യത്തിൽ ലാഭവിഹിതത്തിന് അമിതപ്രാധാന്യം നല്കിയതിലെന്താണ് ചേതം?

കമ്പനിനിയമങ്ങളൊരിക്കൽപോലും ലാഭചേതക്കണക്കുകളിൽ നിന്നു മാറി തൊഴിൽ മൂല്യത്തെപ്പറ്റി പ്രതിപാദിക്കുന്നില്ല. ശേഷം പഠിപ്പിക്കുന്ന 'സെക്രട്ടറിയുടെ കടമകളാ'കട്ടെ മുതലാളിയുടെ നില സുരക്ഷിതമാക്കുവാനും അയാൾക്കുവേണ്ടി ചിന്തിക്കുവാനും കഴിവുള്ളവരെപ്പറ്റി വിവരിക്കുന്നു. കള്ളക്കണക്കുകൾ ഉണ്ടാക്കുന്നതിലും പൊങ്ങച്ച പ്രസ്താവനകൾ ചമയ്ക്കുന്നതിലും മുതലാളികൾക്ക് സഹായം നല്കുകയെന്നതാണ് ഒരു കമ്പനി സെക്രട്ടറിയുടെ പണി.

'മെർക്കണ്ടയിൽ നിയമങ്ങളും ഇൻഡസ്ട്രിയൽ നിയമങ്ങളും' എന്ന ഭാഗമാണ് പിന്നീടുള്ളത്. ഇതിലൊന്നാമത്തേത് തികച്ചും മുതലാളിത്ത ഇടപാടുകളെ ക്രമീകരിക്കുന്ന കരാറുകളെ പറ്റിയുള്ളവയാണ്. ബൂർഷ്വാസിയുടെ അന്തിമമായ ഒന്നുചേരലിനും ഇവ വഴികാട്ടുന്നു. രണ്ടാമത്തേതിൽ തൊഴിലാളികളെയും തൊഴിൽശാലകളെയും കുറിച്ചാണ് പഠിപ്പിക്കുന്നത്. എങ്ങനെയെല്ലാം തീറ്റപ്പെടുന്നവരാണ് തൊഴിലാളികളെന്നും എന്നിട്ടും 'നെറികേട്' കാട്ടി അവർ പണിമുടക്കുന്നത് തിന്മയാണെന്നും ഈ ഭാഗം പറയുന്നു. നെയ്യുകുട്ടിക്കുഴച്ച ചോറിൽ കുപ്പിച്ചില്ലു പൊട്ടിച്ചിട്ട് പട്ടികളെ കൊല്ലാൻ ശ്രമിക്കുന്നവരെ നമുക്കറിയാം. ബൂർഷ്വാനിയമങ്ങൾവഴി തൊഴിലാളികൾക്കു ലഭിക്കുന്ന പ്രതിഫലങ്ങൾ ഈ സംഗതിയെയാണ് ഓർമ്മിപ്പിക്കുന്നത്. കെട്ടുപിണഞ്ഞ ഒട്ടനവധി പ്രശ്നങ്ങളിൽ ഇവ കുടുങ്ങിക്കിടക്കും. നിരാലംബരാകുന്ന തൊഴിലാളികളോടുള്ള കടമയിൽനിന്ന് നിയമനീതിപ്രകാരം ഒഴിഞ്ഞുമാറുന്നതിന് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് ആക്ട് തന്നെ പ്രത്യക്ഷോദാഹരണമാണ്. എന്നാൽ നിരന്തരമായ ഓതലിൽ മയങ്ങിക്കഴിയുന്ന വിദ്യാർത്ഥികളിൽ ഇക്കാര്യങ്ങൾ വേർതിരിച്ചറിയാനുള്ള കഴിവ് നശിച്ചുപോവുകയും അവർ മുതലാളിത്തത്തിന്റെ പ്രചാരകരാവുകയും ചെയ്യുന്നു.

ഇന്ന് വാണിജ്യാദ്ധ്യാപകർക്കുള്ള ഏറ്റവും വലിയ പരാതി മിക്കവാറും കുട്ടികൾ ക്ലാസിൽ കയറുന്നില്ലെന്നതാണ്. കയറുന്നവർതന്നെ സ്വന്തം വേലകളിൽ മുഴുകിയിരിക്കും. കോൺട്രാക്ടുകളുടെ അവശ്യമായ വശങ്ങളെപറ്റി അലറുന്ന അദ്ധ്യാപകന് ഡെസ്കുകളിൽ രതിലീലകൾ പകർത്തിയും പാരഡികളുണ്ടാക്കിയും പാട്ടുപാടിയും കഴിയുന്ന ഇരകൾക്കു മുന്നിൽ എന്തുചെയ്യാനാവും? വാണിജ്യപഠനത്തിന്റെ നിരർത്ഥകതയെയാണിതു കാണിക്കുന്നത്. ലൈബ്രറിപ്പുസ്തകങ്ങൾ കരണ്ടുതിന്നും ഗുമസ്തൻമാഷന്മാരുടെ വായിൽനിന്നും ചിതറിവീഴുന്ന അവശിഷ്ടങ്ങൾ തിന്നും കഴിഞ്ഞവരുടെ കാലം മാറിത്തുടങ്ങി.

സിലബസ് മാറ്റങ്ങൾകൊണ്ടോ ചോദ്യബാങ്ക് രീതിയുടെ സമൂലമായ പരിവർത്തനംകൊണ്ടോ ഇവിടെയൊന്നും നേടാനാവില്ല. മുതലെടുക്കുന്നവനും തൊഴിലെടുക്കുന്നവനും തമ്മിലുള്ള അന്തരം നിലനില്ക്കുന്നിടത്തോളം കാലം ഈ നാടകവും തുടരും. തൊഴിലാളികളുടെ

ഒത്തൊരുമിച്ചുള്ള സമരത്തിലൂടെ ഭരണകൂടം തകർക്കപ്പെടുകയും അവയുടെ വേരുകൾ നശിപ്പിക്കപ്പെടുകയും ചെയ്യുമ്പോൾ മാത്രമേ ഈ നിലയ്ക്കു മാറ്റം വരൂ. അന്നുവരെ പുസ്തകക്കെട്ടുകളുമായി, മേദസ്സുനിറഞ്ഞ ശരീരവും വലിച്ചു കാറുകളിലും സ്കൂട്ടറുകളിലും പാഞ്ഞെത്തി, വായിലെ ചവറെല്ലാം ചിതറിത്തെറിപ്പിച്ച്, പണംവാങ്ങിത്തിരിച്ചുപോകുന്ന ബിരുദം ചുമക്കുന്ന സാറന്മാരുടെ ഭരണമായിരിക്കും. ഉയരമുള്ള കെട്ടിടങ്ങൾക്കും പൂന്തോട്ടങ്ങൾക്കുമിടയിൽ ചീഞ്ഞുനാറുന്ന ഈ ശവം വലിച്ചെടുത്തെറിയാൻ പണിയെടുക്കുന്നവനേ കഴിയൂ—കാരണം അവന്റെ ചോരയ്ക്കാണ് ചെമപ്പും ചൂടും വിയർപ്പിന്റെ ഉപ്പുരസവുമുള്ളത്.

## ഭാഷാപഠനം

ഭാഷയുടെയും സാഹിത്യത്തിന്റേയും പഠനത്തിനും രണ്ടു തരം ലക്ഷ്യങ്ങളാണുള്ളത്. ഒന്നും സൗന്ദര്യാത്മകമാണ്—ഭാവുകത്വത്തിന്റെ വികാസം. രണ്ടാമത്തേത് പ്രത്യയശാസ്ത്രപരമാണ്—ആശയലോകത്തിന്റെ വികാസം. ഇന്നത്തെ പാഠ്യക്രമം ഈ ലക്ഷ്യങ്ങൾ എത്രത്തോളം നിറവേറ്റുന്നു എന്നു പരിശോധിച്ചു നോക്കാം.

സമാന്യാസ്വാദനത്തെ സഹായിക്കുക എന്ന ഉദ്ദേശ്യം നിറവേറ്റാൻ ഇന്നത്തെ പാഠ്യപദ്ധതി പര്യാപ്തമല്ല. കീറ്റ്സിന്റേയും ഷെല്ലിയുടേയും ബ്രൗണിങ്ങിന്റേയും, കബീറിന്റേയും, തുളസീദാസിന്റേയും രീതിയിലല്ല ഇന്ന് കവിതയെഴുതപ്പെടുന്നത്. സാമൂഹ്യവ്യവസ്ഥിതിയിലുണ്ടായ മാറ്റം ഭാഷയുടെയും ഭാവനയുടെയും രീതികളെ വേരോടെ മാറ്റിക്കഴിഞ്ഞിരിക്കുന്നു. നെരൂദ, വയെഹോ, ബ്രഹ്ശ്റ്റ്, കെ. ജി. ശങ്കരപ്പിള്ള, സച്ചിദാനന്ദൻ, കടമ്മനിട്ട രാമകൃഷ്ണൻ തുടങ്ങിയ ആധുനിക വിപ്ലവകവികളുടേയോ യേറ്റ്സ്, ഹിമനഥ്, ടെഡ്ഹ്യൂസ്, എം. ഗോവിന്ദൻ, അയ്യപ്പപ്പണിക്കർ തുടങ്ങിയ ആധുനിക ബൂർഷ്വാകവികളുടെയോ കവിത മനസ്സിലാക്കാൻ, ഉള്ളൂരും ആശാനും, കീറ്റ്സും ടെന്നിസണും വിദ്യാർത്ഥികളെ സഹായിക്കുകയില്ല. മാത്രമല്ല, സംവേദനത്തിനു തടസ്സമായി തീരുകയും ചെയ്യും. ആധുനികകലാസാഹിത്യങ്ങൾ ആസ്വദിക്കുന്നതിന് ഇന്നും യുവാക്കൾക്കുള്ള പ്രധാനമാനസിക പ്രതിബന്ധം യാഥാസ്ഥിതികമായ പാഠപുസ്തകങ്ങളിലൂടെയും യാഥാസ്ഥിതികരായ അദ്ധ്യാപകരിലൂടെയും അവരിൽ കുത്തിനിറയ്ക്കപ്പെടുന്ന മുൻവിധികളും പ്രാകൃതധാരണകളുമാണ്. ഇന്നിൽ ജീവിക്കുന്ന അവരുടെ മനസ്സിന്റെ നവീനതയും മൗലികതയും തീർത്തും നഷ്ടപ്പെടുത്തി പഴയകാലത്തിന്റെ ഭാവുകത്വത്തിലേക്കു തിരിച്ചുകൊണ്ടുപോവുകയുമാണ് ക്ലാസ്സുമുറികളിലെ സാഹിത്യപഠനം ചെയ്യുന്നത്. ആധുനികകാലത്തെ മനസ്സിലാക്കുന്നതിൽനിന്നും യുവാക്കളെ തടയുക, അങ്ങനെ പരിവർത്തനത്തെ തടുക്കുക എന്ന ഉപരിവർഗ്ഗപ്രത്യയശാസ്ത്രം തന്നെയാണ് ഇക്കാര്യത്തിലും പ്രവർത്തിക്കുന്നത്.

ഇനി ആശയലോകത്തേക്കു കടന്നാലോ? ഡിഗ്രിക്ലാസ്സുകളിൽ കഴിഞ്ഞവർഷംവരെ നിലനിന്നിരുന്ന രണ്ടാം ഗദ്യപുസ്തകം ഒരെഴുത്തുകാരന്റെതന്നെ പ്രബന്ധങ്ങളുടെ സമാഹാരമായിരുന്നുവല്ലോ. ആർനോൾഡ് ടോയൻബി, ആൽഡസ് ഹക്സ്ലി, ജോർജ് ഓർവെൽ, സി. പി. സ്നോ—അടുത്തകാലത്തും ഇവരുടെയെല്ലാം സമാഹാരങ്ങളായിരുന്നു തെരഞ്ഞെടുക്കപ്പെട്ടിരുന്നത്. ബൂർഷ്വാലോകം 'സ്വതന്ത്രചിന്തകരായി കൊട്ടിഘോഷിക്കുന്ന ഈ എഴുത്തുകാരെല്ലാം തന്നെ പ്രതിലോമകാരികളായിരുന്നു എന്നത് ശ്രദ്ധേയമാണ്. ലോകത്തെ അതേപടി നിലനിർത്തുവാൻ നിങ്ങൾ സ്വതന്ത്രരാണ് എന്നാണ് ഈ 'സ്വതന്ത്ര' ചിന്തകർ പഠിപ്പിക്കുന്ന മൊത്തം പാഠം. അന്ധമായ വിപ്ലവവിരോധം നിറഞ്ഞുനില്ക്കുന്ന കുറെ പാഠങ്ങളിലൂടെ വിദ്യാർ

ത്ഥി സാവധാനം മുതലാളിത്തവ്യവസ്ഥയുടെ അടിമയാക്കപ്പെടുന്നു. പ്രത്യക്ഷത്തിൽ 'സമഗ്രാധിപത്യ'ത്തെക്കുറിച്ചുള്ള 'ഉദാത്ത' വിചിന്തനങ്ങളായി തോന്നാമെങ്കിലും (ഇന്ത്യൻ സാഹചര്യത്തിൽ) ഓർവെല്ലും ഹക്സ്ലിയുമെല്ലാം വിദ്യാർത്ഥികളിൽ ബാക്കിയിടുന്ന സന്ദേശം ഇതാണ്: 'വിപ്ലവം വെറുതെയാണ്, മാറ്റം തെറ്റാണ്. കഴിവുകുറവാണെങ്കിൽ ഒരു ക്ലാർക്കാവുക; കഴിവുണ്ടെങ്കിൽ ഐ.എ.എസ്സെഴുതി സർക്കാരിനെ സേവിക്കു.' 'മനുഷ്യൻ ഇപ്പോൾ ഭൂമിയിൽനിന്നും ചന്ദ്രനിലേക്കും അവിടെനിന്നും തിരിച്ചും യാത്രചെയ്യാൻ പദ്ധതി ഒരുക്കുകയാണ് ' എന്ന വാചകം 1978-ൽ പഠിപ്പിക്കേണ്ടിവരുന്ന അദ്ധ്യാപകന്റെ സ്ഥിതി അസൂയാവഹമല്ല. (Exploring space—Nevin Sullivan).

ഭാവിയിലെ ലോകത്തെക്കുറിച്ചുള്ള ഉജ്ജ്വലമായ ശുഭദർശനങ്ങളുൾക്കൊള്ളുന്ന ഒരു പാഠമുണ്ട്, പ്രീഡിഗ്രിയുടെ ഇംഗ്ലീഷ് ഗദ്യപാഠപുസ്തകത്തിൽ (Life and Literature)— James Hemmingന്റെ Day after Tomorrow. ആരോഗ്യത്തിന്റെ കാര്യത്തിൽ ഒന്നു ശ്രദ്ധിക്കുകയും യുദ്ധങ്ങൾ ഒഴിവാക്കുകയും ചെയ്താൽ മറ്റന്നാൾ ലോകം പൂങ്കാവനമായി മാറും എന്നാണ് ഹമ്മിംഗിന്റെ അഭിപ്രായം. യുദ്ധങ്ങളുടെ അടിസ്ഥാനകാരണങ്ങൾ സാമ്പത്തിക വിതരണത്തിന്റെ കുഴപ്പങ്ങൾ, വർഗ്ഗവ്യത്യാസവും വർഗ്ഗസംഘർഷവും—ഇവയൊന്നുംതന്നെ കണക്കിലെടുക്കാത്ത ഉപരിപ്ലവമായ ഇത്തരം അഭിപ്രായപ്രകടനങ്ങൾ വിദ്യാർത്ഥികളുടെ ചിന്താശക്തിയെ ചോദ്യം ചെയ്യുന്നവയാണ്. ഗാന്ധിയുടെ ആത്മകഥയിൽനിന്ന് 'സത്യവും അഹിംസയും' എന്നൊരുഭാഗം എടുത്തുചേർത്തിരിക്കുന്നു. അഹിംസാസിദ്ധാന്തം അധികാരിവർഗ്ഗങ്ങളുടെ കയ്യിൽ എങ്ങനെ ഏറ്റവും വലിയ ഹിംസയുടെ ആയുധമായി മാറി എന്നറിയാവുന്ന വിദ്യാർത്ഥികൾക്കും, ഭരണകൂടത്തിന്റെ ഹിംസ'നിയമം' എന്ന പേരിൽ ന്യായീകരിക്കപ്പെടുകയും അതിന്നെതിരായ ജനങ്ങളുടെ മുന്നേറ്റം 'അക്രമം' എന്നപേരിൽ അടിച്ചമർത്തപ്പെടുകയും ചെയ്യുന്നതും നിത്യവും കണ്ടറിയുന്നവർക്ക് ഈ അഹിംസാസിദ്ധാന്തത്തിന്റെ കെണി പെട്ടെന്നു തിരിച്ചറിയാൻ കഴിയും. അതേ പാഠപുസ്തകത്തിലെ നെഹ്റുവിന്റെ പ്രസംഗത്തിലും (Universities have much to teach us), റോബർട്ട് ലിന്റിന്റെ ലേഖനത്തിലും മറ്റും നിഴലിക്കുന്ന സമീപനവും ഉപരിവർഗ്ഗത്തിന്റേതു തന്നെ. മനുഷ്യസംസ്കാരത്തിൽ ജനങ്ങൾക്കും അദ്ധ്വാനത്തിനുമുള്ള പങ്കുകാണാതെ അതിനെ കേവലം ചില 'പ്രതിഭാശാലികളുടെ'—റാഫേൽ, ഷേക്സ്പിയർ, ബിഥോവൻ തുടങ്ങിയവർ—അത്ഭുതസൃഷ്ടിയായിക്കാണുന്ന സി.ഇ.എം. ജോഡിന്റെ കാഴ്ചപ്പാടിനും ഇതേ വൈകൃതമുണ്ട്.

ഒന്നാംവർഷ ഡിഗ്രിയുടെ ഗദ്യപാഠപുസ്തകത്തിന്റെ കഥയും വളരെയൊന്നും വ്യത്യസ്തമല്ല. മറ്റെല്ലാ ടെക്സ്റ്റ് പുസ്തകങ്ങളേയുംപോലെ തികച്ചും അപര്യാപ്തമായി എഡിറ്റ് ചെയ്യപ്പെട്ട ഈ പുസ്തകത്തിൽ രണ്ടാം ആഗോളസാമ്രാജ്യത്വയുദ്ധത്തിന്റെ കാലത്തും ചർച്ചിൽ ചെയ്ത യുദ്ധക്കൊതി നിറഞ്ഞ ഒരു പ്രസംഗം, രാധാകൃഷ്ണൻ ഒരു വേദാന്തപ്രഭാഷണം (The ancient Asian view of man)—ഇത് ഇന്ത്യയിലും മറ്റുമുണ്ടായിരുന്ന അനേകം ഭൗതികചിന്താധാരകളെക്കുറിച്ച് നിശ്ശബ്ദത പാലിക്കുന്നു എന്നതു ശ്രദ്ധേയമാണ്. സാംഖ്യം, ന്യായം, മീംമാംസാ, യദൃച്ഛാവാദം, ലോകായതം, ചാർവാകസിദ്ധാന്തം, ബുദ്ധ-ജൈനദർശനങ്ങൾ മുതലായ ഭൗതികദർശനങ്ങളെക്കുറിച്ച് മിക്കവാറും മൗനം ദീക്ഷിക്കുകയും, ചെയ്യുന്നു.

രണ്ടാം ഭാഷകളായ മലയാളത്തിന്റെയും ഹിന്ദിയുടേയും പാഠപുസ്തകങ്ങളെ ഈ രീതിയിൽ വിശകലനം ചെയ്യാൻ സ്ഥലപരിമിതി ഞങ്ങളെ അനുവദിക്കുന്നില്ല 'രാഷ്ട്രഭാഷ' എന്നപേരിൽ അടിച്ചേല്പിക്കപ്പെടുന്ന ഉത്തരേന്ത്യൻ ഭാഷയ്ക്ക് —ഇന്ത്യയിലെ ഉപരിവർഗ്ഗാധിപത്യവും ബ്രാഹ്മണാധിപത്യവും ഹിന്ദിയുടെ അധീശത്വവുമെല്ലാം പരസ്പരം ബന്ധപ്പെട്ട സാമൂഹ്യപ്രതിഭാസങ്ങ

ളാണ്. ഇന്ത്യൻ ഉപരിവർഗത്തിന്റെ ഏറ്റവും നീചരായ പ്രതിനിധികൾ ഉത്തരേന്ത്യക്കാരാണ ല്ലോ—ഒരുവിധത്തിലും രാഷ്ട്രഭാഷയായിരിക്കാനുള്ള അർഹതയോ നീതീകരണമോ ഇല്ലെന്നു മാത്രം കൂട്ടത്തിൽ സൂചിപ്പിച്ചുകൊള്ളട്ടെ.

## വിദ്യാർത്ഥി സമൂഹം

നിലവിലുള്ള, സാമൂഹ്യസാമ്പത്തികവ്യവസ്ഥയോടു പൊരുത്തപ്പെട്ടുപോകുംവിധം യുവാക്കളു ടെ മനസ്സിനെ രൂപപ്പെടുത്തിയെടുക്കുക എന്നതാണ് ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തി ന്റെ ലക്ഷ്യം. യുവാവിനും 'വിദ്യ' നല്കുക എന്നതേക്കാളേറെ അയാളുടെ പ്രതികരണശേഷിയെ ചൂഷകവർഗ്ഗത്തിനും അതിന്റെ വിഭിന്ന സ്ഥാപിതതാല്പര്യങ്ങൾക്കും അനുയോജ്യമാംവിധം ചു രുക്കിയെടുക്കുക എന്നതാണ് ഇന്നത്തെ ഇന്ത്യൻ കലാശാലകളുടെ ധർമ്മം. സ്വന്തം വിഷ യത്തിൽ വിദ്യാർത്ഥി നേടുന്ന അറിവിനേക്കാളേറെ പരീക്ഷകൾക്കും അതിന് സന്നിഹിതനാ കാൻ അവശ്യംവേണ്ട ഹാജരിനും പരീക്ഷകളിൽ അയാൾ നേടുന്ന മാർക്കിനുമാണ് പ്രാധാ ന്യം നല്കപ്പെടുന്നത് എന്നതും മേല്പറഞ്ഞതിനെ ന്യായീകരിക്കുന്നു. സമൂഹത്തിൽനിന്നും അതി ന്റെ യഥാർത്ഥപ്രശ്നങ്ങളിൽനിന്നും ഒഴിച്ചുമാറ്റപ്പെട്ടു, ജയിൽമുറികളോടു സാമ്യമുള്ള ക്ലാസ്സ്മുറിക ളിൽ തന്റെ ജീവിതത്തിന്റെ ഏറ്റവും തിളക്കമുറ്റ പത്തുപതിനഞ്ചു വർഷങ്ങൾ കഴിച്ചുകൂട്ടുന്നതോ ടെ സമൂഹത്തോടും അതിന്റെ പ്രശ്നങ്ങളോടും ഉള്ള യുവാവിന്റെ പ്രതികരണശേഷി അയാളുടെ സ്വാർത്ഥതാല്പര്യങ്ങളുടെ പേരിൽമാത്രം പ്രകടമാകുന്ന ഒന്നായി ചുരുങ്ങുന്നു; സമൂഹത്തിന്റെ ഒട്ടാകെയുള്ള മുന്നേറ്റങ്ങളിൽനിന്ന് യുവാവ് അകറ്റപ്പെടുകയും, അങ്ങിനെ അയാൾ ചൂഷകവർ ഗ്ഗത്തിന്റേയും അതിന്റെ ഭരണകൂടത്തിന്റെയും ദല്ലാളായി മാറുകയും ചെയ്യുന്നു.

ക്ലാസ്സ്മുറികളോട്, പാഠപുസ്തകങ്ങളോട്, സിലബസ്സുകളോട്, അദ്ധ്യാപകരോട്, ഇന്നത്തെ രീതിയിലുള്ള വിദ്യാർത്ഥി സംഘടനകളോടും വിദ്യാർത്ഥി സമരങ്ങളോടും, ചോദ്യബാങ്കുകളോ ട്, പരീക്ഷകളോട്, വിദ്യാലയജീവിതത്തിലെ മറ്റു പ്രവർത്തനങ്ങളോട്, ബിരുദസർട്ടിഫിക്കറ്റുക ളോടും, അതുകഴിഞ്ഞു ലഭിക്കാവുന്ന ഉദ്യോഗങ്ങളോട്, പൊതുവെ സമൂഹത്തോട് ഉള്ള വിദ്യാർ ത്ഥിയുടെ പ്രതികരണരീതിയുടെ അടിസ്ഥാനത്തിൽ അയാളെ. ചൂഷകഭരണകൂടത്തിനും എത്രക ണ്ട് സ്വാധീനിക്കാൻ കഴിഞ്ഞു എന്നും അനുമാനിക്കാം. ഇവയെല്ലാം ഇന്നത്തെ ഭരണകൂടം വി ദ്യാർത്ഥികൾക്ക് അനുവദിച്ചുതന്നിട്ടുള്ള 'കടമകളും' 'അവകാശങ്ങളും' 'സ്വാതന്ത്ര്യ'ങ്ങളുമാണ്. ഇവയോട് അനുകൂലമായ സമീപനം കൈക്കൊള്ളുന്ന വിദ്യാർത്ഥിയാകട്ടെ, ഇവ അനുവദിച്ചു തന്നിട്ടുള്ള ഭരണകൂടത്തോടും സാമൂഹ്യവ്യവസ്ഥയോടും സഹഭാവം പുലർത്തുന്നു.

ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും ക്ലാസുമുറികളെ വെറുപ്പാണ്. മിക്ക ക്ലാസ്സുകളിലും കാണാ വുന്ന ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ ഇതിനു തെളിവാണ്. ഹാജർനിബന്ധന, ചോദ്യബാങ്കുകൾ ക്കു പറഞ്ഞുകിട്ടുന്ന 'റെഡിമെയ്ഡ്' ഉത്തരങ്ങൾ, ലക്ചർനോട്ടുകൾ ഇവയാണ് വിദ്യാർത്ഥി കളെ അങ്ങോട്ടാകർഷിക്കുന്നത്.

പരീക്ഷയ്ക്കു സഹായിക്കുന്ന ഘടകങ്ങൾ മാത്രമാണ് ഇന്നത്തെ ഒരു വിദ്യാർത്ഥിയെ സം ബന്ധിച്ചേടത്തോളം ക്ലാസ്സ്മുറിയും പാഠപുസ്തകവും ചോദ്യബാങ്കുകളും സിലബസ്സും അദ്ധ്യാപ കനും. ഗൈഡുപുസ്തകത്തിന്റേയോ ഉത്തരബാങ്കിന്റേയോ 'മാന്യത' പോലും ഇന്നത്തെ അദ്ധ്യാ പകനില്ല. ഇന്നും ഭൂരിപക്ഷം വിദ്യാർത്ഥികളും പ്രധാനമായിക്കരുതുന്നതും പരീക്ഷയെയാണ്. പരീക്ഷയ്ക്ക് എത്രകണ്ടു സഹായകമായിരിക്കും എന്നതിന്റെ അടിസ്ഥാനത്തിലാണ് വിദ്യാർത്ഥി

പട്ടിക 15.2: 'വിദ്യാസമ്പന്നർ'ക്കിടയിലെ തൊഴിലില്ലായ്മ—ഇന്ത്യയിൽ: എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കണക്കുകൾ

| വർഷം (വർഷാവസാന കണക്കുകൾ) | മെട്രിക്കുലേറ്റ് | ഹയർ സെക്കൻഡറി | ബിരുദധാരികൾ | ആകെ |
|---|---|---|---|---|
| 1961 | 463633 | 70811 | 55786 | 590230 |
| 1965 | 580265 | 175510 | 86051 | 841533 |
| 1970 | 1101194 | 443884 | 276538 | 1526250 |
| 1975 | 2641200 | 1128100 | 935900 | 4805200 |

കൾ ക്ലാസ്സ്മുറിയേയും പാഠപുസ്തകത്തെയും സിലബസ്സിനെയും അദ്ധ്യാപകനെയും സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്നത്. ഇന്നത്തെ വിദ്യാഭ്യാസം പരീക്ഷയെമാത്രം ലാക്കാക്കിയുള്ളതാണെന്നും ഭൂരിപക്ഷം വിദ്യാർത്ഥികളും മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്. സ്വന്തം വിഷയത്തിലുള്ള അറിവിനല്ല, പരീക്ഷയിൽ നേടുന്ന മാർക്കിനാണ് പ്രാധാന്യം എന്നും അവർക്കറിയാം. പണ്ടു സിലബസ്സിനുണ്ടായിരുന്ന പ്രാധാന്യം ഇന്നു ചോദ്യബാങ്കുകൾ കരസ്ഥമാക്കിയിരിക്കുന്നു. അതായത്, വിദ്യാഭ്യാസസമ്പ്രദായത്തിന്റെ പിന്തിരിപ്പൻ സ്വഭാവത്തെക്കുറിച്ച് വിദ്യാർത്ഥികൾ കൂടുതൽ ബോധവാന്മാരായിരിക്കുന്നു. പരീക്ഷകൾക്കു വിദ്യാർത്ഥികൾ നല്കുന്ന പ്രാധാന്യമാകട്ടെ നിലനില്പിനെ കേന്ദ്രീകരിച്ചുള്ളതാണ്. കൂടുതൽ മാർക്കുകൾ രേഖപ്പെടുത്തിയ. ബിരുദ സർട്ടിഫിക്കറ്റുകൾ തങ്ങളുടെ ഭാവി ജീവിതത്തിനും കൂടുതൽ പ്രയോജനപ്രദമാണെന്നും അവർ കരുതുന്നു. അതിന്റെ സഹായത്തോടെ ലഭിക്കുമെന്നു പറയപ്പെടുന്ന സ്ഥിരവരുമാനമുള്ള ഉദ്യോഗം അവരെ കൊതിപ്പിക്കുന്നു. ക്ലാസുമുറികളിൽ ഒഴിഞ്ഞു കിടക്കുന്ന ബഞ്ചുകളും ഡസ്കുകളും പരീക്ഷാഹാളുകളിൽ താരതമ്യേന നികത്തപ്പെടുന്നത് ഇതുകൊണ്ടാണ്.

എന്നാൽ ഇത്തരം 'വിദ്യാഭ്യാസം' നേടിയ ഭൂരിപക്ഷംപേരും ഇന്നും തൊഴിൽരഹിതരാണ്. രജിസ്റ്റർചെയ്ത വിദ്യാസമ്പന്നരായ തൊഴിൽരഹിതരുടെ എണ്ണം ഇന്ത്യയിൽ 50ലക്ഷത്തിലേറെയാണ്. ഇത്രയധികം പേർക്ക് തൊഴിൽ നൽകാൻ ഇന്നത്തെ പിന്തിരിപ്പൻ ഭരണകൂടത്തിന്റെ സാമ്പത്തിക-സാമൂഹ്യപരിപാടികൾക്കും കഴിയുകയില്ല. വർഷങ്ങൾ പിന്നിടും തോറും ഇവരുടെ സംഖ്യ കൂടി വന്നിട്ടേയുള്ളു. ക്ലാസ്സ്മുറികളിലും പരീക്ഷാഹാളുകളിലും ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ വിദ്യാർത്ഥികൾ പ്രശ്നങ്ങളുടെ ഗൗരവം മനസ്സിലാക്കിക്കഴിഞ്ഞു എന്നതിന്റെ സൂചനയാണ്. തങ്ങൾക്കു തൊഴിലവസരങ്ങൾ നിഷേധിക്കപ്പെട്ടതിന്റെ പിന്നിലുള്ള സാമ്പത്തിക-സാമൂഹ്യ സാഹചര്യങ്ങളെപ്പറ്റി കുറേപ്പേരെങ്കിലും ബോധവാന്മാരായിക്കഴിഞ്ഞു. ഈ സാഹചര്യങ്ങളെ ഒരു ജനകീയവിപ്ലവത്തിലൂടെ മാറ്റുന്നതിലൂടെ, ഇന്നത്തെ ഇന്ത്യൻ പിന്തിരിപ്പൻ ഭരണകൂടത്തെ അടിച്ചുടയ്ക്കുന്നതിലൂടെ, ഒരു ജനകീയ ജനാധിപത്യഭരണകൂടം സ്ഥാപിക്കുന്നതിലൂടെ മാത്രമേ തങ്ങളുടെ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാവൂ എന്നവർ മനസ്സിലാക്കിയിരിക്കുന്നു.

കലാലയങ്ങളിലെ ഇന്നത്തെ രീതിയിലുള്ള വിദ്യാർത്ഥിസംഘടനകളോടും തെരഞ്ഞെടുപ്പുകളോടും സമരരീതികളോടും ഉള്ള വിദ്യാർത്ഥികളുടെ സമീപനരീതിയിൽ മാറ്റം വന്നിട്ടുണ്ട്. അടിയന്തരാവസ്ഥയ്ക്കു ശേഷം ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകളോട് വിദ്യാർത്ഥികൾക്കുണ്ടായ അനുഭാവം അവരുടെ രാഷ്ട്രീയമായ ഉണർവ്വിനെ സൂചിപ്പിക്കുന്നു. സമൂഹത്തോട് വി

ദ്യാർത്ഥികൾക്കുള്ള സമീപനത്തിലും മാറ്റംവന്നിട്ടുണ്ട്. വടക്കൻ സംസ്ഥാനങ്ങളിലും ആന്ധ്രാ പ്രദേശിലും മറ്റുമുണ്ടായ ജനകീയ മുന്നേറ്റങ്ങളിൽ വിദ്യാർത്ഥികളും പങ്കാളികളായിരുന്നു. ഇന്നത്തെ കലാലയസമരങ്ങൾ നിസ്സാരാവശ്യങ്ങൾക്കായി ഒരു ന്യൂനപക്ഷം നടത്തുന്നവയാണ്; വിദ്യാർത്ഥികളുടെ യഥാർത്ഥ പ്രശ്നങ്ങളെ അവ സ്പർശിക്കാറേയില്ല. ബോറടിപ്പിക്കുന്ന ക്ലാസ്സുമുറികളിൽനിന്നും ഇവ തങ്ങൾക്കു രക്ഷനൽകുന്നു എന്നതിനാൽ വിദ്യാർത്ഥികളിൽ ഭൂരിഭാഗവും ഇവയോടു സഹഭാവം പുലർത്തുന്നു.

പിന്തിരിപ്പൻഭരണകൂടം വിദ്യാർത്ഥിസമൂഹത്തിനു നല്കിയിരിക്കുന്ന 'കടമ'കളേയും 'അവകാശ'ങ്ങളേയും 'സ്വാതന്ത്ര്യ'ങ്ങളേയും വിമർശനാത്മകമായ വിശകലനങ്ങളിലൂടെ സമീപിക്കുകയും അങ്ങിനെ ഭരണകൂടത്തിന്റെ ഇത്തരം പിന്തിരിപ്പൻതട്ടിപ്പുകളെ പുറത്തുകൊണ്ടുവരികയും അവയോട്ട് വിപ്ലവോന്മുഖമായ നിഷേധഭാവം പുലർത്തുകയും ചെയ്യുന്നതിലൂടെ മാത്രമേ, വിദ്യാഭ്യാസസമ്പ്രദായത്തിന്റെ പ്രശ്നങ്ങൾക്കും സമൂഹത്തിന്റെ ഒട്ടാകെയുള്ള പ്രശ്നങ്ങളിലുള്ള സ്ഥാനം മനസ്സിലാക്കി പ്രവർത്തിക്കുന്നതിലൂടെ മാത്രമേ ഇന്നത്തെ വിദ്യാർത്ഥിസമൂഹത്തിനും തങ്ങളുടെ വിപ്ലവകരമായ, സാമൂഹികമായ കടമ നിർവ്വഹിക്കാൻ കഴിയുകയുള്ളൂ; സമൂഹത്തിലെ മറ്റു സ്ഥാപനങ്ങളെ അപേക്ഷിച്ച് വിദ്യാലയങ്ങൾക്കും ജനങ്ങളിലുള്ള സ്വാധീനം കൂടുതലാണ്. വിദ്യാലയങ്ങളോട്ട് അവർ ആദരവും സഹഭാവവും പ്രതീക്ഷകളും പുലത്തുന്നു. ഇളംതലമുറകളുടെ മനസ്സിനെ സമൂഹത്തിനും പ്രയോജനപ്രദമായ വിധത്തിൽ വളർത്താൻ, അവരുടെ സാമൂഹ്യവ്യക്തിത്വത്തിന് രൂപംനല്കാൻ വിദ്യാലയങ്ങൾക്കു കഴിയുമെന്നും ജനങ്ങൾ പ്രതീക്ഷിക്കുന്നു. മദ്ധ്യവർഗ്ഗത്തിൽപ്പെട്ട ഭൂരിപക്ഷം രക്ഷിതാക്കളും തങ്ങളുടെ അന്തിമപ്രതീക്ഷയായി വിദ്യാലയങ്ങളെ ഉറ്റുനോക്കുന്നു. അതിനാൽ ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ സാമൂഹ്യവിരുദ്ധസ്വഭാവവും പരിമിതികളും പൊള്ളത്തരവും ജനങ്ങളെ മനസ്സിലാക്കിക്കൊടുക്കേണ്ടതും വിദ്യാർത്ഥികളുടെ കടമയാണ്. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിന്റേയും ശിക്ഷണരീതികളുടെയും വർഗ്ഗസ്വഭാവവും നിഷ്പ്രയോജനകരതയും അവരെ പറഞ്ഞു മനസ്സിലാക്കാനും, ഭൂരിപക്ഷം വരുന്ന ജനങ്ങൾ ഇതൊക്കെ മനസ്സിലാകത്തക്ക രീതിയിലുള്ള പ്രചരണങ്ങളും പ്രക്ഷോഭണങ്ങളും സംഘടിപ്പിക്കാനും സഹായകമായ വിധത്തിൽ ഒരു സംഘടന വിദ്യാർത്ഥിവർഗ്ഗം കെട്ടിപ്പടുക്കേണ്ടതുണ്ട്. ഇവയിലൂടെ മാത്രമേ ഇന്നത്തെ പിന്തിരിപ്പൻഭരണകൂടം തങ്ങൾക്കു കല്പിച്ചുതന്ന കപടസ്ഥാനങ്ങളും 'സമ്മാന'ങ്ങളും നിഷേധിക്കാനും സമൂഹത്തെ പുരോഗതിയിലേക്കു നയിക്കുന്ന വിപ്ലവപ്രവത്തനങ്ങളിൽ ഭാഗഭാക്കുകളാകാനും വിദ്യാർത്ഥികൾക്കു കഴിയൂ.

## വിയർപ്പും സാഹിത്യവും: ലൂഷുൺ

ലൂഷുൻ (1883–1936): ആധുനികചൈനീസ് സാഹിത്യത്തിന്റെ പിതാവ്. ചൈനയിലെ ആധുനിക സാംസ്കാരിക വിപ്ലവത്തിന്റെ നായകനായി ലൂഷുൻ ഇന്ന് ലോകമെങ്ങും അറിയപ്പെടുന്നു.

ഷാങ്ഹായിലെ ഒരു പ്രൊഫസർ സാഹിത്യത്തെക്കുറിച്ച് ഇങ്ങിനെ പറയുന്നു: സാഹിത്യം നിലനില്ക്കുന്നതാകണമെങ്കിൽ അതും സനാതനമായ മാനുഷിക മൂല്യങ്ങളെ ആവിഷ്കരിക്കണം. ഉദാഹരണത്തിന് ഇംഗ്ലണ്ടിൽ ഷേക്സ്പിയറും വേറെ ഒന്നു രണ്ടു പേരും സനാതനമായ മനുഷ്യപ്രകൃതിയെക്കുറിച്ച് എഴുതി; അതുകൊണ്ട് അവരുടെ കൃതികൾ വായിക്കപ്പെടുന്നു. മറ്റെഴുത്തുകാർ ഇതു ചെയ്യുന്നതിൽ പരാജയപ്പെട്ടു, അതുകൊണ്ടും അവരുടെ കൃതികൾ നാമാവശേഷമായി.

വിശദീകരിക്കുംതോറും പരിഭ്രമം വർദ്ധിപ്പിക്കുന്ന ഒരു കേസാണിത്. ആദ്യ കാലങ്ങളിലെ പല ഇംഗ്ലീഷ് സാഹിത്യ കൃതികളും നഷ്ടപ്പെട്ടിരിക്കണം എന്നു ഞാൻ വിചാരിക്കുന്നു. എങ്കിലും സനാതന മനുഷ്യപ്രകൃതിയെ ആവിഷ്കരിക്കാത്തതുകൊണ്ടാണ് അവ നഷ്ടപ്പെട്ടതെന്നു ഞാൻ അറിഞ്ഞിരുന്നില്ല. ഇപ്പോൾ എനിക്കും അതു മനസ്സിലായി. പക്ഷേ ആ കൃതികളൊക്കെ നശിച്ചുപോയെങ്കിൽ നമ്മുടെ പ്രൊഫസർ അവ എങ്ങിനെ വായിച്ചുവെന്നും അവയിലൊന്നും തന്നെ ശ്വാശ്വതമാനമൂല്യങ്ങൾ ഇല്ലെന്ന് എങ്ങിനെ തീർച്ചപ്പെടുത്തിയെന്നും എനിക്കു മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്.

നിലനിൽക്കുന്ന സാഹിത്യമെല്ലാം നല്ലതാണ്. നഷ്ടപ്പെട്ടതെല്ലാം ചീത്തയും. ആകാശത്തിനു കീഴിലുള്ളതെല്ലാം പിടിച്ചടക്കുന്നവൻ രാജാവാണ്, അതു പറ്റാത്തവൻ കള്ളനും, ചരിത്രത്തെക്കുറിച്ചുള്ള ഈ ചൈനീസ്സിദ്ധാന്തം സാഹിത്യത്തിനും ബാധകമാണെന്നു പറയരുതേ!

അല്ല, മനുഷ്യപ്രകൃതി ഒരിക്കലും മാറാത്തതാണോ?

ആൾക്കുരങ്ങ്, വാനരമനുഷ്യൻ, അതിപ്രാ കൃതമനുഷ്യൻ, പ്രാചീനമനുഷ്യൻ, ആധുനികമനുഷ്യൻ, ഭാവിയിലെ മനുഷ്യൻ... ഇങ്ങിനെ ജീവികൾക്ക് പരിണമിക്കാൻ കഴിയുമെങ്കിൽ മനുഷ്യപ്രകൃതിക്ക് സ്ഥിരമായി നില്ക്കുക സാദ്ധ്യമല്ല. പ്രാചീനമനുഷ്യന്റെ പോലും വികാരങ്ങൾ നമുക്കൂഹിക്കാൻ കഴിയുമോ എന്നു സംശയമാണ്, വാനരമനുഷ്യന്റെ കാര്യം പറയുകയേ വേണ്ട. അതുകൊണ്ടും ഭാവി മനുഷ്യർ നമ്മെ മനസ്സിലാക്കാനും ഇടയില്ല. സതാതന മനുഷ്യപ്രകൃതിയെക്കുറിച്ച് എഴുതുക തീർച്ചയായും പ്രയാസം തന്നെ.

വിയർക്കലിന്റെ കാര്യമെടുക്കാം. അതിപ്രാചീനകാലത്തും മനുഷ്യൻ വിയർത്തിരിക്കണം, അവൻ ഇന്നും വിയർക്കുന്നു, ഇനിയും കുറച്ചുകാലംകൂടി വിയർക്കും. അപ്പോൾ ഇതു താരതമ്യേന സതാതനമായ ഒരു മനുഷ്യഗുണമാണെന്നു പറയണം. എന്നാൽ 'അതിസുന്ദരി'കളായ ചെറുപ്പക്കാരികളുടെ വിയർപ്പ് സുരഭിലമാണ്. 'കാളകളെപ്പോലെ ഊമക'ളായ തൊഴിലാളികളുടെ വിയർപ്പിനും ദുർഗന്ധമാണ്. അനശ്വരമായ കൃതികളെഴുതി ശാശ്വതകീർത്തി സമ്പാദിക്കണമെങ്കിൽ സുരഭിലമായ വിയർപ്പിനെ വർണ്ണിക്കുകയാണോ നല്ലത്, അതോ നാറുന്ന വിയർപ്പിനെയോ? ഈ പ്രശ്നം പരിഹരിക്കുന്നതുവരെ സാഹിത്യത്തിൽ എഴുത്തുകാരന്റെ നില ഭയങ്കരമായി കുഴപ്പം പിടിച്ചതാണ്.

ഉദാഹരണത്തിന് ഇംഗ്ലണ്ടിലെ ആദ്യകാല നോവലുകളിലധികവും കുലസ്ത്രീകൾക്കുവേണ്ടിയാണ് എഴുതപ്പെട്ടിരുന്നതെന്നും ഞാൻ കേട്ടിട്ടുണ്ട്. അപ്പോൾ സ്വാഭാവികമായും സുരഭിലമായ വിയർപ്പിനായിരുന്നു മുൻതൂക്കം. എന്നാൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ, റഷ്യൻസാഹിത്യത്തിന്റെ സ്വാധീനത്തിൽ നാറുന്ന വിയർപ്പിന്റെ ഒരു ദുർഗന്ധപ്രസരം തന്നെ ഉണ്ടായിരുന്നു. ഇതിൽ ഏതു തരമാണ് മറ്റേതിനെ അതിജീവിക്കുക എന്നും പറയാൻ കാലമായിട്ടില്ല.

ചൈനയിൽ താവോമതക്കാർ താവോവിനെപറ്റി (ബ്രഹ്മം) പ്രസംഗിക്കുന്നതും നിരൂപകർ സാഹിത്യത്തെക്കുറിച്ച് വിശദീകരിക്കുന്നതും കേട്ടാൽ നാം ചൂളിപ്പോവും—വിയർക്കാൻ ധൈര്യമില്ലാത്തതുകൊണ്ട്. ഒരുപക്ഷേ ഇതായിരിക്കാം ചൈനക്കാരുടെ സനാതനമനുഷ്യപ്രകൃതി.

ഡിസമ്പർ 23, 1927.

## പരീക്ഷകൾ

പരീക്ഷകളുടെ സങ്കല്പം തന്നെ മുതലാളിത്തത്തിന്റെ വാണിജ്യ മത്സരവുമായി ബന്ധപ്പെട്ട ഒന്നാണ്. മുതലാളിത്ത ലോകത്തിലെ ഉൽപാദകൻ ലോകത്തെ മുഴുവൻ കാണുന്നത് ഒരു മാർക്കറ്റായിട്ടാണ്, മനുഷ്യരെയെല്ലാം ചരക്കുകളായിട്ടും. ഈ മനുഷ്യച്ചരക്കുകൾക്കു വില യിടുന്ന ഏർപ്പാടുകളിൽ ഒന്നാണ് 'പരീക്ഷ'. വിദ്യാർത്ഥികളുടെ സർഗ്ഗശക്തിയേയും മൗലിക തയെയും അവഗണിക്കുകയും കാണാതെ പഠിക്കാനും ഓർമ്മിച്ചുവെക്കാനുമുള്ള അവരുടെ കഴിവിനെ മാത്രം പരീക്ഷിയ്ക്കുകയും ചെയ്യുന്ന ഈ പരീക്ഷാസമ്പ്രദായം വിദ്യാർത്ഥികളെ മനു ഷ്യർ എന്ന നിലയിലല്ല, കംപ്യൂട്ടറുകൾ എന്ന നിലയിലാണ് വിലയിരുത്തുന്നത്. 'വസ്തുനി ഷ്ഠ'മെന്ന പേരിൽ കൊണ്ടാടപ്പെടുന്ന പുതിയ പരീക്ഷാസമ്പ്രദായം ഈ കംപ്യൂട്ടറുകളുടെ വി ശ്വസ്തതാനിർണ്ണയത്തിന് യാന്ത്രികമായ കണിശത നൽകുകയും ചെയ്യുന്നു. മൗലികചിന്തയെ നിരുത്സാഹപ്പെടുത്തുകയും കുത്തിനിറയ്ക്കപ്പെടുന്ന വിവരങ്ങളും അക്കങ്ങളും തീയതികളും ഓർ മ്മിക്കാനും തികട്ടി പുറത്തെടുക്കാനും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതു വഴി അവരെ ഇന്ന് ഇന്ത്യയെ ഭരിക്കുന്ന മുതലാളിമാരുടെയും വ്യാപാരികളുടെയും വിശ്വസ്തരായ ഗുമസ്തന്മാരാക്കാനാണ് ഈ പരീക്ഷകൾ സഹായിക്കുന്നത്. അവയുടെ ലക്ഷ്യം കഴിയുന്നത്ര വിദ്യാർത്ഥികളെ 'ഉദ്യോഗ'ങ്ങൾക്ക് പ്രാപ്തരാക്കുകയെന്നതല്ല, കഴിയുന്നത്രപേരെ 'തോല്പിക്കു കയും ജോലി നിഷേധിക്കുകയും അങ്ങിനെ കുത്തകമുതലാളിത്തത്തിന്റെ ഫലമായുണ്ടാകുന്ന തൊഴിലില്ലായ്മയുടെ ഭീകരമായ കുതിച്ചുകയറ്റത്തെ (കുറച്ചെങ്കിലും) ജനങ്ങളുടെ കണ്ണിൽനി ന്നു മറച്ചുവെക്കുകയുമാണ്. ഫ്രഞ്ച് വിദ്യാഭ്യാസവിദഗ്ധനായ പെറോൺ പറഞ്ഞതുപോലെ "ഈ പരീക്ഷകൾ വിദ്യാർത്ഥികളുടെ മാനസികജീവിതത്തിൽ സംഘർഷങ്ങൾ നിറയ്ക്കുകയും അവരെ ഞെരമ്പുരോഗികളാക്കുകയും ചെയ്യുന്നു." നമ്മുടെ യുവാക്കളിൽ വർദ്ധിച്ചുവരുന്ന മാ നസികരോഗങ്ങൾക്ക് പല കാരണങ്ങളിലൊന്ന് ഈ കാളപ്പൂട്ടുമത്സരമാണ്. പരീക്ഷയിൽ ലഭിക്കുന്ന 'മാർക്കുകൾ' ഒരു വിദ്യാർത്ഥിയുടെ ഭാവി മുഴുവൻ നിശ്ചയിക്കുന്നു—ഒരു ജീവിതത്തി ന്റെ ഗതിമുഴുവൻ നിർണ്ണയിക്കുന്നു. ഈ പരീക്ഷകൾക്കു പുറമേയാണ് ഓരോ ഉദ്യോഗത്തിനും വേറെവേറെ 'ടെസ്റ്റുകളും' 'ഇന്റേർവ്യൂ'കളും മറ്റുംനടത്തുന്നത്. അങ്ങിനെ ജീവിതത്തിലെ ഏറ്റ വും സർഗ്ഗാത്മകമായ കാലഘട്ടം—യൗവനം—മുഴുവനും 'ചോദ്യബാങ്ക്'കളിലെ നിക്ഷേപമായി തുരുമ്പുപിടിക്കുന്നു. പി.എസ്.സി. ഗൈഡുകൾ കാർന്നുതിന്ന് വിദ്യാർത്ഥികൾ എലികളിൽ നിന്നും വ്യത്യസ്തരല്ലാതായിത്തീരുന്നു. ഗൈഡുകൾതിന്നു അവരുടെ വയറുകൾ നിറയുകയും ഒഴിയുകയും ചെയ്തുകഴിയുമ്പോൾ അവർ മുതലാളിത്തത്തിന്റെ മാർജ്ജാരനു ഭക്ഷണമായി അവസാനിക്കുകയും ചെയ്യുന്നു. അങ്ങിനെ അനുക്രമം യുവാക്കളെ ഷണ്ഡരാക്കുകയാണ് നമ്മു ടെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെയും പരീക്ഷകളുടെയും നിഗൂഢലക്ഷ്യം.

ചൈനയിൽ നിലവിലിരുന്ന ബൂർഷ്വാ പരീക്ഷാസമ്പ്രദായത്തെ പരാമർശിച്ച് മാവോ പറ ഞ്ഞു: "ഇന്നത്തെ പരീക്ഷാസമ്പ്രദായം ജനങ്ങളുടെ രീതിയിലല്ല, ശത്രുവിനോടും ഏറ്റുമുട്ടുന്ന രീതിയിലാണ്. വക്രവും വിചിത്രവുമായ ചോദ്യങ്ങൾ ചോദിച്ച് മിന്നലാക്രമണം നടത്തുന്ന ഒരു രീതിയാണത്. ഞാനതംഗീകരിക്കുന്നില്ല. അത് യുവാക്കളുടെ സർവ്വതോന്മുഖമായ കഴിവുകളെ നശിപ്പിക്കുന്നു. ഈ രീതി പൂർണ്ണമായും മാറേണ്ടതുണ്ട്. ചോദ്യങ്ങൾ മുൻകൂ ട്ടി പ്രസിദ്ധപ്പെടുത്തുന്നതിനോട് ഞാനനുകൂലമാണ്. വിദ്യാർത്ഥികൾ അവ പഠിച്ച് പുസ്തക ങ്ങളുടെ സഹായത്തോടെ ഉത്തരമെഴുതട്ടെ. അതായത് 'ചുവന്ന മുറിയിലെ സ്വപ്ന'ത്തിൽ

5: ത്സാവോ സ്യെ-ചിൻ (?-1963) എഴുതിയ ഒരു പഴയ ചൈനീസ് നോവൽ.

നിന്ന് ഇരുപതുചോദ്യങ്ങൾ തയ്യാറാക്കിയാൽ ഏതെങ്കിലും വിദ്യാർത്ഥികൾ അവയിൽ പകുതി ചോദ്യങ്ങൾക്ക് നന്നായി ഉത്തരമെഴുതുകയാണെങ്കിൽ, ആ ഉത്തരങ്ങളിൽ ചിലത് വളരെ നല്ലതും സൃഷ്ട്യുന്മുഖമായ ആശയങ്ങൾ ഉൾക്കൊള്ളുന്നതുമാണെങ്കിൽ അവർക്കു നൂറുശതമാനം മാർക്കും നല്കാം. വേറെ ചില വിദ്യാർത്ഥികൾ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുകയാണങ്കിൽ, പക്ഷേ അവരുടെ ഉത്തരങ്ങൾ ക്ലാസ്സുറികളുടേയും പാഠപുസ്തകങ്ങളുടേയും ലളിതമായ പകർപ്പുകൾ മാത്രമാണെങ്കിൽ, അവയിൽ സൃഷ്ട്യുമുഖമായ ആശയങ്ങൾ ഒന്നുംതന്നെയില്ലെങ്കിൽ അവർക്കും അമ്പതോ അറുപതോ ശതമാനം മാർക്കുനല്കാം. പരീക്ഷകളിൽ 'അന്യോന്യം ചെവിയിൽ മന്ത്രിക്കുന്നതും സ്ഥാനം മാറിയിരിക്കുന്നതും അനുവദിക്കേണ്ടതുണ്ട്. നിങ്ങളുടെ ശരിയായ ഉത്തരം ഞാൻ പകർത്തിയെഴുതിയാൽ എന്റേതും ശരിയായി കണക്കാക്കേണ്ടതുണ്ട്. അന്യോന്യം ചെവിയിൽ മന്ത്രിക്കുന്നതും സ്ഥാനം മാറിയിരുന്നു പരീക്ഷയെഴുതുന്നതും മുമ്പ് രഹസ്യമായാണ് ചെയ്തിരുന്നത്, ഇപ്പോഴതും പരസ്യമായി ചെയ്യാൻ അനുവദിക്കുക. നിങ്ങൾ ശരിയായ ഉത്തരമെഴുതുമ്പോൾ ഒന്നും ചെയ്യാനാവാതെ ഇരിക്കുന്ന ഞാൻ അതു പകർത്തുകയാണെങ്കിൽ അതിൽ കുഴപ്പമൊന്നുമില്ല. നമുക്കതൊന്നു പരീക്ഷിച്ചു നോക്കാം. നമ്മൾ ജീവിക്കുന്ന രീതിയിലാണ് കാര്യങ്ങൾ ചെയ്യേണ്ടത്, ജീവസ്സറ്റ രീതിയിലല്ല."

6: Mao Tse-tung Unrehearsed by Stuart-Schram (Pelican 1974) Pages 204-205.

ഇന്നത്തെ സമ്പ്രദായത്തിൽ പരീക്ഷകൾ വിദ്യാർത്ഥികളെ മനുഷ്യവ്യക്തികളെന്ന നിലയിലല്ല, ഒരു പട്ടികയിലെ ഒരക്കം മാത്രമായിട്ടാണ് കാണുന്നത്. സ്ഥിരം ചോദ്യങ്ങൾക്ക് നല്കപ്പെടുന്ന കാർന്നുതിന്ന ഉത്തരങ്ങളുടെ രൂപത്തിൽ. വിദ്യാർത്ഥികളുടെ ചിട്ടപ്പെടുത്തിയ അബോധപ്രതികരണങ്ങൾ: (conditioned refluxes) അളക്കാൻ മാത്രമേ അവയ്ക്കു കഴിയുന്നുള്ളൂ. തികച്ചും കൃത്രിമമായ അന്തരീക്ഷത്തിൽ വലിഞ്ഞുമുറുകുന്ന നാഡികളുടെ മേൽനോട്ടത്തിൽ രണ്ടോ മൂന്നോ മണിക്കൂറിൽ എഴുതപ്പെടുന്ന ഈ ഉത്തരങ്ങൾ വിദ്യാർത്ഥിയുടെ ധൈഷണികമായ പക്വതയും മൗലികതയും വൈവിധ്യമാർന്ന പ്രതിഭകളും ഒന്നും പ്രതിഫലിപ്പിക്കുന്നില്ല. ശാരീരികമായ പ്രതിരോധനത്തിനും സന്ദർഭാനുസൃതമായ അയവിറക്കലിനും വിദ്യാർത്ഥിക്കും എത്ര കഴിവുണ്ടെന്നതിനേയും വിദ്യാർത്ഥിയുടെ 'ഭാഗ്യ'ത്തേയും ഉത്തരക്കടലാസുനോക്കുന്ന അദ്ധ്യാപകന്റെ മൂഡിനേയും ഔദാര്യത്തേയും ആശ്രയിച്ചിരിക്കുന്നു അവന്റെ വിജയം. വിദ്യാർത്ഥിയുടെ പ്രതികരണങ്ങൾ (refluxes) അഭിലഷണീയമാണോ അല്ലയോ എന്നതാണ പരീക്ഷകൻ പരിശോധിക്കുന്നത്—അഭിലഷണീയതയാകട്ടെ തികച്ചും ആത്മനിഷ്ഠമാണ് ഒരു ഉത്തരത്തിന്റെ അഭിലഷണീയത നിർണ്ണയിക്കുന്നതിൽ പരീക്ഷകന്റെ വൈയക്തികമായ ഇഷ്ടാനിഷ്ടങ്ങൾക്കും വർഗ്ഗപരമായ പശ്ചാത്തലത്തിനും പങ്കുണ്ട്.

## ബിരുദം ചുമക്കുന്ന സാറന്മാർ

— യു.പി. ജയരാജ്

ബിരുദധാരികളായ സാറന്മാരെ ഞങ്ങൾ എന്നും ബഹുമാനിച്ചുവന്നു. സാറന്മാരെ ഞങ്ങൾ അതിയായി ഇഷ്ടപ്പെട്ടു. സാറന്മാരുടെ വാക്ക്, നോട്ടം, മണം, കുപ്പായം, കാലിലെ വള്ളിച്ചെരിപ്പ് ഒക്കെയും. പൊതുവെ സാറന്മാരുടെ സാമീപ്യം ഞങ്ങൾക്കു ഒരു സുരക്ഷിതത്വം സൃഷ്ടിക്കുന്നതായി ഞങ്ങൾ ധരിച്ചു.

അന്നു, തെക്കേപാടത്തെ കന്നുപൂട്ടൽ കഴിഞ്ഞു, തോട്ടിലിറങ്ങി ചെളിയും ചേറും തേച്ചുകഴുകി, കമ്മാരൻ ചായക്കടയിൽനിന്നും മീനും പൂളയും തിന്ന്, തീ പറക്കുന്ന വെയിലിൽ ആൽമരത്തിന്റെ തണലിൽ തലക്കെട്ടുവിരിച്ചു, ഞങ്ങൾ ലോഡിറക്കി കിഴക്കോട്ടുപോകുന്ന ലോറികൾ വരുന്നതും കാത്തിരിക്കുകയായിരുന്നു. ഉച്ചസമയത്തു ഡ്രൈവർമാർ മൂന്നുനേരത്തേക്കുള്ള ശാപ്പാട്ട് ഒന്നിച്ചുതട്ടുന്ന നേരമായതിനാൽ വണ്ടികൾ പലപ്പോഴും വരാൻ വൈകും. അപ്പോൾ ഞങ്ങൾ ഇച്ചിരി രാഷ്ട്രീയവും പത്രവാർത്തയും പറയും. ചിരുകണ്ടന്റെ മോൻ സത്യപാലൻ പാടത്തെ പണിക്കിറങ്ങുന്നതിന്നുമുമ്പ് നാലഞ്ചുക്ലാസ്സ് പഠിച്ചുതുകൊണ്ടു പത്രത്തിലെ വിവരമെല്ലാം അവനാണ് പറയുക.

“ഇന്നലെ ബെൽച്ചിയിൽ നമ്മളെ ജാതിക്കാർ ഏഴുപേരെ ചുട്ടുകൊന്നിട്ടുണ്ട്.” അന്നു സത്യപാലൻ പറഞ്ഞു. പെട്ടെന്നു തങ്ങളുടെ ചുണ്ടിലെ ചിരിവറ്റി. എന്ത്, ആര്, എന്താ കാരണം, ആരാ മരിച്ചത്. ഞങ്ങളുടെ ജിജ്ഞാസക്ക് എന്നും തളരാത്ത ചോദ്യങ്ങളുടെ നാവുകൾ മാത്രമെ ഉള്ളൂ.

“ബീഹാറിലെ പുലയന്മാരെ ഏഴുപേരെയാണ് കൊന്നത്. ജന്മിയുടെ ആൾക്കാരാണ് കൊന്നത്. പക്ഷേ, പത്രത്തിൽ ശരിക്കൊന്നും കൊടുത്തിട്ടില്ല.” തീ ചിതറുന്ന വെയിലിന്റെ മൃഗതൃഷ്ണയിലേക്കു നോക്കിക്കൊണ്ടു സത്യപാലൻ പറഞ്ഞു. വെയിലിന്റെ കനലടിക്കുന്നതുകൊണ്ടായിരിക്കാം അവന്റെ മുഖമിത്ര കഠിനം.

അപ്പോഴാണ് ദൂരെനിന്നും ഞങ്ങടെ സാറന്മാരിലൊരാൾ ഇങ്ങോട്ടു നടന്നുവരുന്നതു കണ്ടത്, കൂളിങ് ഗ്ലാസ് മുഖത്തുണ്ടെങ്കിലും വെയിലിന്റെ കൊടുമ താങ്ങാനാവാതെ സാറു പേപ്പറുചുരുട്ടി തല മീതെ പിടിക്കുകയും തുവാലകൊണ്ടു കഴുത്തും മുഖവും തുടക്കുകയും ഒക്കെ ചെയ്തുകൊണ്ടിരുന്നു. “സാറെങ്ങോട്ടാ സാറേ”, ഞാൻ ചോദിച്ചു. “ഈ തീ പറക്കുന്ന വെയിലില് ”.

“വൈകുന്നേരം കോളേജിലൊരു കവിസമ്മേളനമുണ്ട് ” സാറു പറഞ്ഞു. “പലരും വരുന്നുണ്ട്. നേരത്തെ പോയി വേണ്ട ഏർപ്പാടുകൾ ചെയ്യണം.” ഞാൻ പിന്നെ ഒന്നും ചോദിച്ചി ല്ല. കവിതയ്ക്കും ഞങ്ങൾക്കും എന്തു ബന്ധം?

“അപ്പഴേ സാറേ, പേപ്പറിൽ ഏതാണ്ടൊക്കെ ഉണ്ടല്ലോ.” കൊമ്പൻ ചോദിച്ചു. “ബീഹാറിലെ ബൊച്ചിയിൽ ഏതോ കൊലയൊ കൊള്ളിവെപ്പോ ഒക്കെ.”

“ങാഹാ, ഇന്ത്യൻ എക്സ്പ്രസ്സിൽ ഞാനും കണ്ടു. അത് ഏതാണ്ടു രണ്ടുസംഘം ഗുണ്ടകളുടെ അടിപിടിയാ. അവിടൊക്കെ ഒരുമാതിരി ക്രിമിനൽ മൈൻഡുള്ള ആൾക്കാരാണെന്നേ. അവറ്റകൾക്കും: സി.ആർ.പി. മാത്രമേ ചേരൂ. മര്യാദക്കിരിക്കില്ല.”

പെട്ടെന്നു സത്യപാലൻ ആഞ്ഞൊന്നുതുപ്പി. ഇത്തിരിതെറ്റിയെങ്കിൽ സാറിന്റേ മേലായേനെ. ഇവനെന്തിനാ ഈ തീ പറക്കുന്ന വെയിലത്തു ഉള്ള ഉമിനീരും തുപ്പിക്കളയുന്നത്. അപ്പോഴ് ബസ്സുവന്നു. സാറ് അതിൽ കയറി. “ഇവനൊക്കെ എന്തിനാ അക്ഷരം പഠിച്ചത്. ഇവനൊക്കെ എന്തുവാ കോളേജിൽ പഠിപ്പിക്കുന്നത്.” ഞാനെങ്ങും കണ്ടിട്ടില്ലാത്ത ഒരു വിറയലോടെ കൊമ്പൻ ചോദിച്ചു. “ഇവനൊക്കെ ഇനി എന്നാ ഇതൊക്കെ മനസ്സിലാവുന്നത്.”

“മനസ്സിലാവാഞ്ഞിട്ടല്ല.” സത്യപാലൻ കാർക്കശ്യത്തോടെ പറഞ്ഞു. “പുലയാടി മോനൊക്കെ എല്ലാം അറിയാം. അറിയില്ലെന്നു നടിക്കുകയാണ്. ”

അത്രയുമായപ്പോൾ സാമിക്കണ്ണ് ഇടപ്പെട്ടു. “അല്ല സത്യപാലാ, ഇവറ്റകൾക്കു പലതിനും ഒന്നുമറിയില്ല. ഇവരുടെ കോളേജിൽ പഠിക്കുന്നതും പഠിപ്പിക്കുന്നതും ഒക്കെ തുറന്ന കണ്ണുപോലും അടച്ചുകളയുന്ന കാര്യങ്ങളാണ്.”

പിന്നെ ആരുമൊന്നും ഉരിയാടിയില്ല. സാമിക്കണ്ണിന്ന് അറിയാമായിരിക്കാം. എന്നും അന്തിമയങ്ങിയാൽ കുന്നിൻമുകളിൽ പഠിക്കാൻ പോകുന്നവൻ അവനാണല്ലോ.

## അദ്ധ്യാപകസമൂഹം

നമ്മുടെ അദ്ധ്യാപകരിൽ ഭൂരിഭാഗവും തങ്ങളുടെ തൊഴിൽ തെരഞ്ഞെടുത്തവരല്ല, ഈ തൊഴിലിൽ വന്നുപെട്ടവരാണ്. ഇത് അവരുടെ കുറ്റമാണെന്ന യാതൊരു സൂചനയും ഇവിടെയില്ല. ശാസ്ത്രജ്ഞന്മാർക്കും ചിത്രകാരന്മാർക്കും ഗുമസ്തരാകേണ്ടിവരുന്ന ഒരു വ്യവസ്ഥയിൽ മറ്റു പല തൊഴിലും പറ്റിയവർക്കും അദ്ധ്യാപകരാകേണ്ടി വരുന്നതു സ്വാഭാവികം മാത്രമാണ്. എന്നാൽ തങ്ങൾക്കിണങ്ങാത്ത ഒരു ജോലിയിലെത്തിപ്പെട്ടിട്ടും ഈ അന്യവത്കരണത്തിന് കാരണമായ സാമൂഹ്യവ്യവസ്ഥയെക്കുറിച്ചും അതു മാറ്റിയെടുക്കേണ്ട വിധങ്ങളെക്കുറിച്ചും ഗൗരവമായി ചിന്തിക്കുന്നില്ല എന്നത് അദ്ധ്യാപകരുടെ കുറ്റംതന്നെയാണ്. മെച്ചപ്പെട്ട സേവനവ്യവസ്ഥകളെക്കുറിച്ച് ഉൽക്കണ്ഠപ്പെടുന്നതിനിടയിൽ തങ്ങൾ ഏതുവർഗ്ഗത്തെയാണ് സേവിക്കുന്നത് എന്നതിനെക്കുറിച്ചും തങ്ങൾക്ക് നല്കപ്പെട്ട പാഠ്യപദ്ധതികളുടേയും അടിച്ചേല്പിക്കപ്പെടുന്ന സമ്പ്രദായങ്ങളുടേയും യഥാർത്ഥ സ്വഭാവത്തെക്കുറിച്ചും ചിന്തിക്കാൻ അവർ മെനക്കെടുന്നില്ല. ഗവണ്മെണ്ട് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ, പി.സി.ടി.എ., ഏ.കെ.പി.സി.ടി.എ., നാഷണൽഫോറം ഓഫ് ടീച്ചേഴ്സ് തുടങ്ങിയ കോളേജ് അദ്ധ്യാപക സംഘടനകളുടെ പ്രവർത്തനം പ്രധാനമായും സാമ്പത്തികസമരങ്ങളിൽ ഒതുങ്ങിനില്ക്കുന്നു. വിദ്യാഭ്യാസസമ്പ്രദായത്തെക്കുറിച്ച് വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും ഇടയിൽ വിമർശനാത്മകമായ ഒരവബോധം വളർത്തിയെടുക്കാൻ അവർക്കു കഴിഞ്ഞിട്ടില്ല. അദ്ധ്യാപകർക്ക് ഒരളവോളം വിദ്യാർത്ഥികളെ പരീക്ഷിക്കാൻ അവസരം നല്കപ്പെടുന്നുണ്ടെങ്കിലും വിദ്യാർത്ഥികൾക്ക് അദ്ധ്യാപകരെ പരസ്യമായി വിലയിരുത്താൻ അവസരം നല്കുന്നില്ലാത്തതിനാൽ അദ്ധ്യാപകർക്ക് തങ്ങളുടെ പോരായ്മകൾ മനസ്സിലാക്കാൻ അവസരം കിട്ടുന്നില്ല. പുസ്തകവായനയുടേയും അവബോധത്തിന്റെയും കാര്യത്തിൽ വിദ്യാർത്ഥികളേക്കാൾ എത്രയോ പുറകിലാണ് അദ്ധ്യാപകർ. ബിരുദമെടുക്കുന്നതോടെ പഠനം അവസാനിക്കുന്നുവെന്ന് അവരിലധികംപേരും കരുതുന്നു. ബിരുദം വിജ്ഞാനത്തിനു സമമായി കാണുന്നതിന്റെ പൊള്ളത്തരം എടുത്തുപറയേണ്ടതില്ലല്ലോ.

വിഷയത്തിന്റെ ശരിയായ വശം പറഞ്ഞുമനസ്സിലാക്കാൻ അവസരം ലഭിച്ചാലും ഒഴിഞ്ഞുമാറുന്ന കൂട്ടത്തിലാണ് നമ്മുടെ അദ്ധ്യാപകർ. ഇവർ ടെക്സ്റ്റിൽ ഉള്ളതുമാത്രം (അതും പരീക്ഷയ്ക്കുവരുന്നതുമാത്രം) പഠിപ്പിക്കുന്നു. ലേബർ, പ്രോഫിറ്റ് എന്നിവയെപ്പറ്റി സവിസ്തരം പ്രസംഗിക്കുന്ന സാമ്പത്തിക ശാസ്ത്രാദ്ധ്യാപകൻ മിച്ചമൂല്യസിദ്ധാന്തത്തെപ്പറ്റി പറയുകതന്നെയില്ല. പലരും ചോദ്യബാങ്കുകൾക്കുള്ള ഉത്തരമെഴുതിക്കൊടുത്തു കൃതകൃത്യരാകുന്നു. ഗൈഡുനോക്കി പഠിക്കാൻ വിദ്യാർത്ഥികളെ ഉപദേശിക്കുന്നവരുമുണ്ട്. പിന്നെയൊരു വിഭാഗം അദ്ധ്യാപകർ, തങ്ങളുടെ വിഷയത്തോടും വിദ്യാർത്ഥികളോടും അങ്ങേയറ്റം ആത്മാർത്ഥത പുലർത്തുന്നവരാണ്. ഇവർ, പാഠ്യക്രമത്തിന്റേയും പാഠപുസ്തകങ്ങളുടേയും നാലുചുമരുകൾക്കുള്ളിൽനിന്ന്, കഴിവിന്റെ പരമാവധി വിദ്യാർത്ഥിയെ പഠിക്കാൻ സഹായിക്കുന്നു. സ്വതന്ത്രമായി ചിന്തിക്കുന്ന ഒരു വിദ്യാർത്ഥിക്ക് ഇവരുടെ ആത്മാർത്ഥത ഒരു ശാപമായാണ് അനുഭവപ്പെടുക. ക്ലാസിൽ ഹാജരാകാനും, ഉറങ്ങാതെയിരുന്നു ക്ലാസ്സ് ശ്രദ്ധിക്കാനും ആവശ്യപ്പെടുകവഴി ഇവർ വിദ്യാർത്ഥികളെ ഏറ്റവുമധികം ദ്രോഹിക്കുന്നു. അദ്ധ്യാപകന്റെ ഒരേ ഒരു ചുമതല വിദ്യാർത്ഥിയെ പരീക്ഷയ്ക്കു തയ്യാറാക്കുക എന്നതായിത്തീർന്നിരിക്കുന്നു. സ്വന്തം മേഖലയിലെ ആധുനികവിജ്ഞാനം ഉൾക്കൊള്ളാനുള്ള ശ്രമങ്ങൾതന്നെയും വിരളമാണ്. പുസ്തകങ്ങൾ വാങ്ങാൻ ആവശ്യമായ ശമ്പളം അവർക്കു നല്കുന്നില്ല എന്നും പരാതിയുണ്ടായേക്കാം. ആ പരാതിയിൽ ഏറെ ശരിയുണ്ടുതാനും. എങ്കിലും ഇപ്പോഴുള്ള പരിമിതമായ വായനശാലാ സൗകര്യംതന്നേയും ഉപയോ

ഗപ്പെടുത്താതെ ഏതെങ്കിലും വിധത്തിൽ ഉപരിവർഗ്ഗത്തിന്റെ അംഗീകാരം നേടാനായി സമ്പ ത്തുണ്ടാക്കാനുള്ള 'ചെന്നായ്പ്പന്തയ' (പ്രയോഗം ചെ ഗുവേരായുടേതു്) ത്തിലേർപ്പെട്ടിരിക്കുന്ന ഭൂരിപക്ഷം അദ്ധ്യാപകർക്കും ഇങ്ങിനെ പറയാനുള്ള ധാർമ്മികാവകാശമില്ല. അവരുടെ സ്ഥിരം ചർച്ചകൾക്കു—ഫ്രിഡ്ജുകളേയും, കാറുകളേയും, ഫാഷനുകളേയും കുറിച്ചുള്ള സ്റ്റാഫ്റൂം ചർച്ച കൾക്ക്—പുസ്തകവായനയുടെ വലിയ ആവശ്യവുമില്ല.

"ക്ലാസ്മുറികൾക്ക് എല്ലായിടത്തും ഒരൊറ്റ മുഖച്ഛായയാണ്:
ശവകുടീരങ്ങളുടേയോ നന്നങ്ങാടികളുടേയോ ഛായ;
അദ്ധ്യാപകർക്കെല്ലാം ഒരൊറ്റ മുഖഛായയാണ്.
ഇംഗ്ലീഷുപഠിപ്പിക്കുന്നവർക്ക് ഷേക്സ്പിയറിന്റെ ഛായ;
സമ്പദ്ശാസ്ത്രം പഠിപ്പിക്കുന്നവർക്ക് ആദംസ്മിത്തിന്റേതു്;
സയൻസുകാർക്കു ഗലീലിയോവിന്റേതു്.
പത്തുവർഷത്തെ അവിരാമമായ അധരസേവനം കഴിയുമ്പോൾ
എല്ലാവരും ഗാന്ധിയുടെ മഹാത്മച്ഛായ കൈവരിക്കുന്നു.
സഹനത്തിന്റെ മരുഭൂമിപോലത്തെ അതേ മുഴുക്കഷണ്ടി,
ഗീതാരഹസ്യംപോലത്തെ അതേ പാഴ്ചിരി,
നിർമ്മമതയുടെ ക്ലാവുകയറിയ അതേ കൂപ്പുകൈ.
ജീവിക്കുന്നവരുടെ മുഖച്ഛായ ഒരാൾക്കുമില്ല.
എല്ലാവർക്കും ഗ്രന്ഥപ്പുരകളിലെ എണ്ണച്ഛായാചിത്രങ്ങളിൽനിന്നോ
കാഴ്ചബംഗ്ലാവുകളുടെ പ്രതിമക്കൂട്ടുകളിൽനിന്നോ ഇറങ്ങിവന്നതുപോലെ.
ഗുഹകൾപോലുള്ള സ്റ്റാഫ്റൂമുകളിലിരുന്നു് തുമ്മിയും നുണപറഞ്ഞും
അസൂയയും അലവൻസും ആസ്ത്മയും സിനിസിസവും ബാധിച്ച്
എല്ലാ ഇന്ത്യക്കാരേയും കാത്തുനില്ക്കുന്ന
വിവർണ്ണമായ നിർവ്വാണത്തിലേക്ക്
കാലുറയും കണ്ണടയുമിട്ടു് അവർ സാവധാനം നടന്നടുക്കുന്നു.
(എങ്കിലും ഞാനിവരെ വെറുക്കുകയില്ല,
കാരണം ക്ലാസുമുറി മുഴുവനും ഒരു പെരുമ്പാമ്പിന്റെ വായിലാണ്.
ഈ വായ്ക്കകത്തു് നിസ്സഹായരായ ഇരകളുടെ അദൃശ്യസാഹോദര്യം പഠിക്കുന്നവ
നേയും പഠിപ്പിക്കുന്നവനേയും ഒരുമിപ്പിക്കുന്നു.)
ഒരു ഇന്ത്യൻ വിദ്യാർത്ഥിയുടെ ആത്മഗതം.

അദ്ധ്യാപകർക്കും സമൂഹപരിവർത്തനത്തിൽ വലിയ പങ്ക് വഹിക്കാനുണ്ടെന്നു് ഞങ്ങൾ വിചാരിക്കുന്നു. യുവമനസ്സുകളിൽ പാഠപുസ്തകജ്ഞാനം കുത്തിവെക്കുന്നതിലുപരിയായി ചിലതു ചെയ്യാനവർക്കു കഴിയും. വിപ്ലവത്തിന്റെ ധൈഷണികമായ പിൻസേനയായി വർത്തിക്കാനും, വിദ്യാർത്ഥികളുമായി ക്ലാസ്സുറിക്കകത്തും പുറത്തുമുള്ള ചർച്ചകളിലൂടെ അവരെ എസ്റ്റാബ്ലിഷ്മെന്റിന്റെ യഥാർത്ഥ സ്വഭാവങ്ങളെ മനസ്സിലാക്കുന്നതിനും തങ്ങൾക്കു നല്കപ്പെട്ട പാഠ്യപദ്ധതി ഉപയോഗിച്ചുതന്നെ അതിന്റെ പ്രതിലോമ സ്വഭാവം വിദ്യാർത്ഥികൾക്കു ചൂണ്ടിക്കാണിച്ചു കൊടുക്കുന്നതിനും ഇന്നുള്ള പരിമിതികൾക്കകത്തു നിന്നുകൊണ്ടുതന്നെ അവർക്കു കഴിയണം. അപ്പോൾ മാത്രമേ അദ്ധ്യാപകരെന്ന നിലയ്ക്കുള്ള തങ്ങളുടെ യഥാർത്ഥധർമ്മം അവർ നിർവ്വഹി

ക്കുന്നുള്ളു, സമീപഭാവിയിൽത്തന്നെ അവർ ഈ പ്രാഥമികധർമ്മത്തിലേക്ക് വിളിച്ചുണർത്തപ്പെടുകതന്നെ ചെയ്യും.

## തെരഞ്ഞെടുപ്പുകളും വിദ്യാർത്ഥിസമൂഹവും

കോളേജ് യൂണിയൻ തിരഞ്ഞെടുപ്പുകൾക്ക് പ്രധാനമായി രണ്ടുലക്ഷ്യങ്ങളാണ് ഉള്ളതായി പറഞ്ഞുകേൾക്കുന്നത്. ഒന്ന്, കലാലയഭരണത്തിൽ വിദ്യാർത്ഥികളുടെ ഭാഗഭാഗികത്വം ഉറപ്പുവരുത്തുക. രണ്ട്, അവർക്ക് ജനാധിപത്യപരിശീലനം നല്കുക.

ഒന്നാമത്തെ ലക്ഷ്യം തിരഞ്ഞെടുപ്പുകൾ ഒരിക്കലും നേടാറില്ലെന്നത് എല്ലാവർക്കുമറിയാം. അദ്ധ്യാപകരെ തിരഞ്ഞെടുക്കുന്നതിലോ, പാഠ്യപദ്ധതികൾ നിശ്ചയിക്കുന്നതിലോ, ഫീസുനിരക്കുകൾ നിശ്ചയിക്കുന്നതിലോ ഒന്നും തന്നെ "തിരഞ്ഞെടുക്കപ്പെട്ട' വിദ്യാർത്ഥി പ്രതിനിധികൾക്കു യാതൊരധികാരവുമില്ല. ഗവണ്മെന്റോ മാനേജ്മെന്റോ എടുക്കുന്ന തീരുമാനങ്ങൾക്കു മൂകസാക്ഷികളായിരിക്കാനോ അവരുടെ ഇംഗിതങ്ങൾ നടത്തിക്കൊടുക്കുന്ന ഉപകരണങ്ങളായിരിക്കാനോ ആണ് അവർ 'തിരഞ്ഞെടുക്കപ്പെട്ട'ന്നത്; ഒരു കോളേജ് മാഗസിന്റെ സ്റ്റുഡന്റ് എഡിറ്റർക്ക്—മാഗസിനുള്ള പണം പൂർണ്ണമായും വിദ്യാർത്ഥികളുടേതായിരുന്നിട്ടും —മാഗസിൻ നടത്തിപ്പിൽ പൂർണ്ണമായ അധികാരം നൽകുന്ന കോളേജുകൾ കേരളത്തിലെത്രയുണ്ട്? ഒരു സ്റ്റുഡന്റ് ചെയർമാന് ഉൽഘാടനവേളകളിൽ മേലങ്കിയണിഞ്ഞും വേദിക്ക് ഒരലങ്കാരമായിരിക്കാമെന്നല്ലാതെ വിദ്യാർത്ഥിസമൂഹത്തെ മുഴുവൻ ബാധിക്കുന്ന അടിയന്തിര പ്രശ്നങ്ങളിൽ തീരുമാനമെടുക്കാൻ എന്തധികാരമാണു നൽകപ്പെടുന്നത്? അങ്ങിനെ ഒന്നാമത്തെ ലക്ഷ്യത്തെ സംബന്ധിച്ചിടത്തോളം തിരഞ്ഞെടുപ്പ് ഒരു പ്രഹസനം മാത്രമാണെന്നു വരുന്നു.

രണ്ടാമത്തെ ലക്ഷ്യം നേടിയെടുക്കുന്നതിൽ യൂണിയൻ തിരഞ്ഞെടുപ്പുകൾ തികച്ചും വിജയം നേടുന്നുണ്ടെന്നു പറയണം: കാരണം ബൂർഷ്വാജനാധിപത്യപ്രഹസനത്തിന് സ്വയം തയ്യാറെടുക്കാൻ അത് വിദ്യാർത്ഥികൾക്ക് ശരിക്കും അവസരം നൽകുന്നുണ്ട്! തത്വദീക്ഷയില്ലാത്ത കൂട്ടുകെട്ടുകൾ, പരസ്പരവഞ്ചനകൾ, സത്യത്തിന്റെ സ്ഥാനത്തും വാഗ്സാമർത്ഥ്യത്തെ (demagogy) പ്രതിഷ്ഠിക്കുന്ന സമ്പ്രദായം അജ്ഞതയെ ചൂഷണം ചെയ്യുന്ന തരംതാഴ്ന്ന പ്രചരണതന്ത്രങ്ങൾ, സ്ഥാനാർഥികളെ തിരഞ്ഞെടുക്കുന്നതിലുള്ള വിചിത്രവും സങ്കുചിതവുമായ മാനദണ്ഡങ്ങൾ - ഇങ്ങിനെ നമ്മുടെ 'വൻ' തിരഞ്ഞെടുപ്പുകളിലെ എല്ലാ കുത്സിതപ്രവണതകൾക്കും വിദ്യാർത്ഥികളെ ഒരുക്കിയെടുക്കാൻ ഇന്നത്തെ യൂണിയൻ തിരഞ്ഞെടുപ്പുകൾക്കു കഴിയുന്നുണ്ട്.

ബൂർഷ്വാപാർലിമെന്ററി സമ്പ്രദായത്തിൽ തിരഞ്ഞെടുപ്പുകൾക്കുള്ള ധർമ്മമെന്താണെന്നും നമുക്കറിയാം. ഉപരിവർഗത്തിന് വളരുവാനും സമ്പാദിക്കാനും അവരുടെ ചൂഷണാധിഷ്ഠിതമായ സംസ്കാരത്തെ അധ്വാനിക്കുന്ന വർഗങ്ങൾക്കുമേൽ അടിച്ചേല്പിക്കുവാനും ജനങ്ങളുടെ അനുമതിനേടുക എന്നതാണ് അത്. ഉപരിവർഗത്തിന്റെ ഈ തന്ത്രം ഇന്ത്യൻ ജനത മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ട്. അതുകൊണ്ടാണ് ഓരോ തിരഞ്ഞെടുപ്പിലും മൊത്തം പോൾ ചെയ്ത വോട്ടുകളുടെ ശതമാനം കുറഞ്ഞുകുറഞ്ഞുവരുന്നത്.

അതേസമയം അറിവില്ലാത്ത ജനങ്ങളെ മൂലധനമാക്കി അധികാര വ്യവസായം പടുത്തുയർത്തുന്ന പല നിറത്തിലുംപെട്ട രാഷ്ട്രീയകക്ഷികളാകട്ടെ, തങ്ങളുടെ അധികാരവും അഴിമതിക്കുള്ള അവസരവും നഷ്ടപ്പെട്ടേക്കുമോ എന്ന ഭയന്ന് ഇതു സമ്മതിച്ചുകൊടുക്കാൻ തയ്യാറില്ല.

ഇപ്പോഴും ജനങ്ങൾ തിരഞ്ഞെടുപ്പിൽ വിശ്വസിക്കുന്നു, അതുകൊണ്ട് ഞങ്ങൾ തിരഞ്ഞെടുപ്പുമാർഗ്ഗം ഉപേക്ഷിക്കുന്നില്ല എന്നാണല്ലോ നമ്മുടെ പല രാഷ്ട്രീയകക്ഷികളും സ്വയം നീതീകരിക്കുന്നതും. ജനങ്ങൾക്കും ബൂർഷ്വാജനാധിപത്യാവകാശങ്ങൾ(!) പോലും നഷ്ടപ്പെട്ട ഒരു സന്ദർഭത്തിൽ അവ തിരിച്ചുപിടിക്കുവാൻ തിരഞ്ഞെടുപ്പിൽ പങ്കെടുക്കേണ്ടിവന്നിരിക്കാം; എന്നാൽ 'നഷ്ടപ്പെട്ട' അവകാശങ്ങൾ 'തിരിച്ചുകിട്ടിയതു'കൊണ്ടു തങ്ങളുടെ ജീവിതത്തിൽ വലിയ മാറ്റമൊന്നുമുണ്ടായിട്ടില്ലെന്ന് അവർ മനസ്സിലാക്കിയിരിക്കുന്നു. അധികാരാന്വേഷികളായ നമ്മുടെ ഔദ്യോഗിക പാർട്ടികളുടെ പോഷകസംഘടനകളായ വിദ്യാർത്ഥിസംഘടനകൾക്ക് തങ്ങളുടെ മാതൃസംഘടനകൾ പിന്തുടർന്നുപോരുന്ന അതേ വഞ്ചനകളും തന്ത്രങ്ങളും പഠിക്കുവാനുള്ള ഒരു കളരിയായിട്ടാണ് സ്കൂൾ കോളേജ് യൂണിയൻ തിരഞ്ഞെടുപ്പുകൾ ഉപയോഗിക്കുന്നത്. ഈ സംഘടനകൾ വിദ്യാർത്ഥി 'വർഗ'ത്തിന്റെപേരിൽ നടത്തപ്പെടുന്ന സമരങ്ങളുടെ സ്വഭാവമാകട്ടെ രാഷ്ട്രീയ ട്രേഡ് യൂണിയനുകൾ നടത്തുന്ന സാമ്പത്തിക സമരങ്ങളുടേതു തന്നെയാണ്.

സാമ്പത്തിക സമരങ്ങളുടെ ലക്ഷ്യം ചൂഷകർക്കു സ്വന്തം അദ്ധ്വാനം വിൽക്കുവാൻ തങ്ങൾക്കു സമ്മതമായ വ്യവസ്ഥകൾ നിശ്ചയിക്കുകയും അങ്ങിനെ ചൂഷകർക്കും ചൂഷണവും അദ്ധ്വാനിക്ക് അടിമത്തവും തുടർന്നുപോകാനുള്ള സാഹചര്യം സൃഷ്ടിക്കുകയുമാണല്ലോ. പരിഷ്കരണവാദത്തിന്റേതായ ഈ മാർഗ്ഗം തന്നെയാണ് വിദ്യാർത്ഥികളും പിൻതുടരുന്നത്. പീഡിതവർഗ്ഗങ്ങളുമായി താദാത്മ്യംപ്രാപിക്കേണ്ടതിനു പകരം വിദ്യാർത്ഥികൾ സ്വയം ഒരു 'വർഗ്ഗ'മാണെന്ന മിഥ്യ പ്രചരിപ്പിക്കുകയും നിസ്സാരമായ സമരങ്ങൾക്കായി യുവാക്കളുടെ സർഗ്ഗശക്തിയെ തിരിച്ചുവിടുകയും ചെയ്യുകവഴി, സമൂഹത്തിലെ വർഗവ്യത്യാസങ്ങളെ മറച്ചുവെക്കുകയും എസ്റ്റാബ്ലിഷ്മെന്റിന്റെ വിശ്വസ്തസേവകരായി വർത്തിക്കുവാൻ വിദ്യാർത്ഥികളെ തയ്യാറാക്കുകയുമാണ് ഈ വിദ്യാർത്ഥി സംഘടനകൾ ചെയ്യുന്നത്. ഇന്നത്തെ പാഠ്യപദ്ധതികളുടെ ഗൂഢാലോചനയോടൊപ്പം തന്നെ വിദ്യാർത്ഥിസംഘടനകളുടെ ഈ പ്രയത്നവും വിജയിച്ചിട്ടുണ്ടെന്നതിന് ഏറ്റവും നല്ല തെളിവ് സോവിയറ്റ് സാമ്രാജ്യത്വത്തിന്റെ പിന്തുണയോടെ ഇന്ത്യയിൽ നടന്ന സ്വേച്ഛാധിപത്യത്തിന്റെ പത്തൊമ്പതുമാസക്കാലത്തു വിദ്യർത്ഥി 'വർഗം' പ്രത്യേകിച്ചു നമ്മുടെ സംസ്ഥാനത്തെ വിദ്യാർത്ഥി 'വർഗം' പുലർത്തിയ ഞെട്ടിപ്പിക്കുന്ന അച്ചടക്കംതന്നെയാണ്. വിദ്യാർത്ഥികൾ സ്വയം ഒരു വർഗ്ഗമെന്ന നിലയിൽ സ്വയം മോചിപ്പിക്കപ്പെടുകയില്ലെന്നും ചൂഷിതവർഗത്തിന്റെ ഉയിർത്തെഴുന്നേല്പിലൂടെ മനുഷ്യരാശിമുഴുവൻ മോചിപ്പിക്കപ്പെടുന്നതിന്റെ ഭാഗമായി മാത്രമേ വിദ്യാർത്ഥികൾക്കും യഥാർത്ഥ സ്വാതന്ത്ര്യം ലഭിക്കുകയുള്ളൂന്നും മനസ്സിലാക്കി തിരഞ്ഞെടുപ്പ് സമ്പ്രദായത്തെ തിരസ്കരിക്കുകയും ഈ ഉയിർത്തെഴുന്നേല്പിനെ ത്വരിതപ്പെടുത്തുന്നതിനുള്ള ധൈഷണികവും ഭൗതികവുമായ പ്രവർത്തനങ്ങളിൽ പങ്കുകൊള്ളുകയുമാണ് വിദ്യാർത്ഥികൾ ചെയ്യേണ്ടതെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അതിന് ഇന്നത്തെ ആലസ്യത്തിൽനിന്നും ഫാഷൻ പരേഡുകളിൽനിന്നും സ്നോബറികളിൽനിന്നും വിജ്ഞാനവിമുഖതയിൽനിന്നും വിദ്യാർത്ഥികൾ സ്വയം മോചിപ്പിക്കേണ്ടിയിരിക്കുന്നു. ഒരുകൂട്ടം കോമാളികളായിരിക്കുന്നതിനുപകരം അവർ ഗൗരവബുദ്ധികളായ ചിന്തകരും വിമർശകരും സ്രഷ്ടാക്കളുമായി മാറുകയും നവീനജനാധിപത്യസംസ്കാരത്തിനും സ്വന്തം സംഭാവനകൾ നല്കുകയും വേണ്ടിയിരിക്കുന്നു.

## ശാസ്ത്രപഠനം

ആദ്യകാലങ്ങളിൽ ശാസ്ത്രവും തത്ത്വചിന്തയും പരസ്പരം ഗാഢമായി ബന്ധപ്പെട്ടിരുന്നു. പ്രകൃതിയുടെ ചലനങ്ങളെയും പ്രതിഭാസങ്ങളെയും വിശകലനം ചെയ്യുന്നതിൽ ശാസ്ത്രവും ഇവയെ സംബന്ധിക്കുന്ന പൊതുനിയമങ്ങൾ കണ്ടെത്തുന്നതിൽ, തത്ത്വചിന്തയും ശ്രദ്ധകേന്ദ്രീകരിച്ചു. മനുഷ്യചരിത്രത്തിലുടനീളം അറിവു വികസിപ്പിക്കുന്നതിൽ ഇവ അന്യോന്യം സഹായിച്ചുപോന്നു. പ്രപഞ്ചത്തെക്കുറിച്ചുള്ള വൈരുദ്ധ്യാത്മകവീക്ഷണം പുരാതന ഗ്രീക്ക് ദാർശനികർ മുതലേ നിലനിന്നിരുന്നു. പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഹെഗലിലൂടെ ആശയവാദത്തിലേയ്ക്കു തിരിഞ്ഞു് വളർച്ചമുരടിച്ചുനിന്ന വൈരുദ്ധ്യാത്മകസമ്പ്രദായത്തിനും അന്നേവരെയുണ്ടായ ശാസ്ത്രവികാസത്തിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയരൂപം നല്കിയതു് മാർക്സും ഏംഗൽസുമാണ്. 'പ്രകൃതിയിലെ വൈരുദ്ധ്യാത്മകത.', എന്ന ഗ്രന്ഥത്തിൽ ശാസ്ത്രീയവൈരുദ്ധ്യാത്മക ഭൗതികവാദത്തെ പ്രകൃതിശാസ്ത്രവുമായി ബന്ധപ്പെടുത്തി എംഗൽസും പ്രതിപാദിക്കുന്നുണ്ട്; . 1875 – '82 കാലം വരെയുള്ള പ്രകൃതിശാസ്ത്രങ്ങളുടെ വളർച്ചയെ വൈരുദ്ധ്യാത്മകതയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നുമുണ്ട്. വൈരുദ്ധ്യാത്മകതയുടെ പൊതുനിയമങ്ങൾ എല്ലാ ശാസ്ത്രവിഷയങ്ങൾക്കും ഒരുപോലെ ബാധകമാണ്.

പ്രകൃതിപ്രതിഭാസങ്ങളെക്കുറിച്ചുള്ള മനുഷ്യന്റെ അറിവിന്റെ വളർച്ച വൈരുദ്ധ്യാത്മകമാണ്, ചുറ്റുപാടുമുള്ള പ്രതിഭാസങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടുകൊണ്ടും അവയാൽ നിയന്ത്രിക്കപ്പെട്ടുകൊണ്ടും ഉള്ളതാണ് ഓരോ പ്രതിഭാസവും എന്നു മനസ്സിലാക്കി പരിശോധിച്ചാൽ മാത്രമേ പ്രകൃതിയുടെ ഏതു പ്രതിഭാസത്തെയും നമുക്കു മനസ്സിലാക്കുവാനും വ്യാഖ്യാനിക്കുവാനും കഴിയൂ. സദാ ചലിക്കുകയും നവീകരിക്കപ്പെടുകയും മാറിക്കൊണ്ടിരിക്കുകയും വളരുകയും ചെയ്യുന്ന ഒന്നാണ് പ്രകൃതി. അതുകൊണ്ടു പ്രതിഭാസങ്ങളേയും വസ്തുക്കളേയും അവയുടെ ചലനം, മാറ്റം, വളർച്ച, ഉത്ഭവം, നാശം എന്നിവയുടെ അടിസ്ഥാനത്തിൽനിന്നു കൂടി വിശകലനം ചെയ്യേണ്ടതുണ്ട്. ഓരോ വസ്തുവിലും ഉണ്ടാകുന്ന പരിണാമപരമായ മാറ്റത്തിന്റെ ഫലമായി ഗുണപരമായ മാറ്റം സംഭവിക്കുന്നു. താപനില കുറയുമ്പോൾ ജലം ഖരരൂപത്തിലാകുകയും താപനില കൂടുമ്പോൾ ആവിയാകുന്നതും, ഇതിനുദാഹരണങ്ങളാണ്. പ്രകൃതിയിലുള്ള എല്ലാ പ്രതിഭാസങ്ങളിലും വൈരുദ്ധ്യങ്ങളുണ്ട്. അവയിലെല്ലാം നിഷേധാത്മകവും ക്രിയാത്മകവുമായ വശങ്ങളുണ്ട്. അവയ്ക്കൊരു ഭൂതവും ഭാവിയുമുണ്ട്. നശിച്ചുപോകുന്നതും വളർന്നു വരുന്നതുമായ ഭാഗങ്ങളുണ്ട്. വിരുദ്ധശക്തികളുടെ സംഘട്ടനവും പഴയതും പുതിയതും തമ്മിലും നശിച്ചുപോകുന്നതും ജനിച്ചുവരുന്നതും തമ്മിലും മാഞ്ഞു പോകുന്നതും മറഞ്ഞുപോകുന്നതും വളർന്നുവരുന്നതും തമ്മിലും ഉള്ള ഈ സമരമാണ് വികാസം. പ്രകൃതിയുടെയും പരിമാണമാറ്റങ്ങളിൽ നിന്നു ഗുണപരമായ മാറ്റങ്ങളിലേക്കും ഉള്ള രൂപാന്തരത്തിന്റെ ആന്തരികസത്ത. പ്രശസ്തശാസ്ത്രജ്ഞനും ഗ്രന്ഥകാരനുമായ ജെ. ഡി. ബർനാൽ തന്റെ വിഖ്യാതമായ ഗ്രന്ഥത്തിൽ (Science in History, 4 Vols.) ശാസ്ത്രചരിത്രത്തെ വിശകലനം ചെയ്യുന്നതു് വൈരുദ്ധ്യാത്മകവാദത്തിന്റെ ഈ പൊതുനിയമങ്ങളെ അടിസ്ഥാനമാക്കിയാണ്. എന്നാൽ ശാസ്ത്രത്തെ അതിന്റെ വൈരുദ്ധ്യാത്മകസ്വഭാവത്തിൽ നിന്നകറ്റി ദൈവശാസ്ത്രത്തിന്റെ (Theology) രീതിയിലാണ് നമ്മുടെ ക്ലാസ്സുറികളിൽ അവതരിപ്പിക്കപ്പെടുന്നതു്. ശാസ്ത്രമെന്നാൽ അവരെ സംബന്ധിച്ചേടത്തോളം പരസ്പരബന്ധമില്ലാത്ത, അമൂർത്തമായ ഒരുപാടു് വസ്തുതകളുടെ കൂമ്പാരമാണ്. ശാസ്ത്രസിദ്ധാന്തങ്ങളാകട്ടെ അവയുടെ ചരിത്രപരമായ സ്ഥാനത്തിൽനിന്നും അതിനോടുബന്ധപ്പെട്ട മറ്റുസിദ്ധാന്തങ്ങളിൽ നിന്നും വേർപെടുത്തിയാണ് പഠിപ്പിക്കപ്പെടുന്നതു്. ഏതെങ്കിലുമൊരു ശാസ്ത്രസിദ്ധാന്തം പഠി

പ്പിക്കപ്പെട്ടാൽ അത് അന്തിമമാണെന്നും അതു പ്രതിനിധാനം ചെയ്യുന്ന വസ്തുതകളെ സംബന്ധിച്ചിടത്തോളം അന്തിമസത്യം അതാണെന്നും ഉള്ള ബോധമാണ് വിദ്യാർത്ഥിയിലുണ്ടാവുക. വസ്തുതകളുടേയും പ്രതിഭാസങ്ങളുടെയും പൊതുസ്വഭാവങ്ങളായ പരസ്പരബന്ധമോ അവയുടെ ചലനസ്വഭാവമോ, പരിണാമസ്വഭാവമോ (തീരെ പ്രാഥമികമായവയിലൊഴിച്ച്) സ്പർശിക്കുന്നു പോലുമില്ല. ഏതെങ്കിലുമൊരു ശാസ്ത്രസിദ്ധാന്തം പ്രീഡിഗ്രിക്ലാസ്സുകളിൽ പഠിപ്പിക്കുന്നതിൽ നിന്നും നവീകരിക്കപ്പെട്ട (Advanced)രീതിയിലാണ് ഡിഗ്രി ക്ലാസ്സുകളിൽ പഠിപ്പിക്കുക. എന്നാൽ ഇവ രണ്ടും തമ്മിലെ പരസ്പരബന്ധം വ്യക്തമാക്കാറില്ല.

ശാസ്ത്രവിഷയങ്ങളെപ്പറ്റി ശാസ്ത്രീയമായ ഒരു ബോധം വിദ്യാർത്ഥികളിൽ ഉണ്ടാക്കുകയല്ല ഇന്നത്തെ ശാസ്ത്രക്ലാസ്സുകളുടെ ലക്ഷ്യം, പകരം അവ വിദ്യാർത്ഥികൾക്ക് ഒരുപാട് വസ്തുതകൾ പകർന്നു കൊടുക്കുന്നു. വസ്തുതകളുടെ പരസ്പരബന്ധമോ ശാസ്ത്രചരിത്രത്തിൽ അവയുടെ സ്ഥാനമോ ഏറ്റവും പുതിയ ശാസ്ത്രീയജ്ഞാനവുമായി അവ എത്രയടുത്ത് ബന്ധപ്പെട്ടിരിക്കുന്നുവെന്നതോ പ്രശ്നമല്ല. (പരീക്ഷാപരിഷ്കരണപദ്ധതിയനുസരിച്ച പ്രത്യക്ഷപ്പെട്ട ചോദ്യബാങ്കുകളോടെ ശാസ്ത്രവസ്തുതകൾക്കു മുമ്പുണ്ടായിരുന്ന പരസ്പരബന്ധം പോലും നഷ്ടപ്പെട്ടിരിക്കുന്നു; പകരം ഇന്നത്തെ ശാസ്ത്രക്ലാസുകൾ 'സംസാരിക്കുന്ന ഉത്തരബാങ്കുക'ളായി മാറിയിരിക്കുന്നു).

പരീക്ഷാകടലാസിൽ കാണുന്ന അഞ്ചോപത്തോ ചോദ്യങ്ങൾക്ക് റെഡിമേഡ് ഉത്തരമെഴുതാൻ വിദ്യാർത്ഥിയെ പ്രാപ്തരാക്കുകയെന്നതാണ് ഇന്നത്തെ ശാസ്ത്രക്ലാസ്സുകളുടെ ഏകലക്ഷ്യം.

ഇവ്വിധമുള്ള തിയറി ക്ലാസ്സുകൾക്കൊപ്പം പ്രാക്ടിക്കൽ ക്ലാസ്സുകളും സാഘോഷം നടത്തപ്പെടുന്നുണ്ട്. ഗൈഡുകൾ നോക്കി, അല്ലെങ്കിൽ മനഃപാഠമാക്കി 'പരീക്ഷണങ്ങൾ' ചെയ്യുന്നതായി അഭിനയിക്കുകയാണ് ഇവിടെ വിദ്യാർത്ഥികളുടെ കടമ. കോഴ്സിന്റെ അവസാനം ഇതിനൊരു പരീക്ഷ കൂടെ നടത്തപ്പെടുന്നുണ്ട്.

ഈവിധമുള്ള ശുദ്ധശാസ്ത്ര (pure science) ക്ലാസ്സുകൾ എത്ര സമർത്ഥനായ വിദ്യാർത്ഥിയേയും സിലബസ്സിന്റേയും പരീക്ഷകളുടേയും ചുറ്റളവിൽ തളച്ചിടുന്നു. അയാളുടെ ശാസ്ത്രീയമായ സർഗ്ഗശക്തിക്കും ഈ ക്ലാസുകളിൽ യാതൊരു പ്രാധാന്യവുമില്ല; മറിച്ച് അതിനെ മുരടിപ്പിക്കാൻ മാത്രമേ ഇവ സഹായിക്കൂ. ശുദ്ധശാസ്ത്രപഠനം ശാസ്ത്രത്തിന്റെ വളർച്ചയ്ക്കും മുതൽക്കൂട്ടേകുന്ന ശാസ്ത്രജ്ഞരെ സൃഷ്ടിക്കാനുദ്ദേശിച്ചുള്ളതാണെന്ന ഓർക്കുക.

ശുദ്ധശാസ്ത്രത്തിൽ ബിരുദം നേടിയവരിൽ ആകെ അഞ്ചോ ആറോ ശതമാനംപേരേ ശാസ്ത്രശാഖയിൽ പ്രവർത്തിക്കുന്നവരായുള്ളൂ. ജീവിതത്തിന്റെ നിരവധി സാധാരണ പ്രവർത്തനങ്ങളിൽനിന്നും ഉല്പാദനപ്രക്രിയയിൽ പൂർണ്ണമായി ഒഴിച്ചു നിർത്തപ്പെട്ടതാകയാൽ ശേഷിക്കുന്നവരുടെ ജീവിതത്തിൽ ശാസ്ത്രപഠനംകൊണ്ട് യാതൊരു പ്രയോജനവുമുണ്ടാകാറില്ല. പരീക്ഷകളിൽ ഊന്നിയ ഒന്നായതിനാൽ അത് ഒരാളിൽ ശാസ്ത്രീയവീക്ഷണരീതിപോലും വളർത്തുന്നില്ല.

പ്രയുക്തശാസ്ത്രം (Applied science) പഠിപ്പിക്കുന്ന രീതിയിൽ കൂടുതൽ വൈരുദ്ധ്യങ്ങൾ കാണാം. സമൂഹവുമായി നേരിട്ടു ബന്ധമുള്ള വൈദ്യം, കൃഷി, സാങ്കേതികശാസ്ത്രങ്ങൾ ഇവ വിദ്യാർത്ഥിയെ സമൂഹത്തിൽനിന്നു പൂർണ്ണമായും അകറ്റിനിർത്തപ്പെടുന്ന ഒരു ദീർഘകാല കോഴ്സിലൂടെയാണ് പഠിപ്പിക്കപ്പെടുന്നത്. പഠനസമയത്തിൽ പകുതിയിലേറെയും സൈദ്ധാന്തികഭാഗങ്ങൾ പഠിപ്പിക്കാൻ ചെലവഴിക്കപ്പെടുന്നു. മെഡിക്കൽ കോളേജുകളിൽ അധികസമയവും സിദ്ധാന്തങ്ങളുടെ പഠനങ്ങൾക്കായാണ് വിനിയോഗിക്കപ്പെടുന്നതെന്നും ഈ സിദ്ധാന്തങ്ങളിൽ പലതും തന്നെ കാലാഹരണപ്പെട്ടവയാണ് എന്നും കോഴിക്കോട് മെഡിക്കൽ കോളേജ് വിദ്യാർത്ഥി

ആയ ടി.പി. നാസർ എഴുതുന്നു.

ഇതിന്റെ ദോഷഫലങ്ങൾ നമ്മുടെ സമൂഹത്തിൽ തന്നെ പ്രകടമാണ്. ഇന്നത്തെ ഒരു സാങ്കേതിക വിദ്യാർത്ഥി സ്വന്തം ജ്ഞാനം സമൂഹത്തിൽ പ്രയോഗിക്കുമ്പോൾ അതു കേവലം ഏകപക്ഷീയമായിത്തീരുന്നു. പാഠപുസ്തകങ്ങളിൽ നിന്നും പഠിച്ച വിജ്ഞാനം—അതും യൂറോപ്യൻ നാടുകളിൽനിന്നും ഇറക്കുമതി ചെയ്യപ്പെട്ടവ—ഒരു സാങ്കേതികശാസ്ത്രജ്ഞൻ എന്തെങ്കിലും ഒന്നിന്റെ നിർമ്മിതിക്കായി ഉപയോഗപ്പെടുത്തുമ്പോൾ അത് ഉല്പാദനസ്വഭാവം തീരെയില്ലാത്ത പകർത്തൽ മാത്രമേ ആകുന്നുള്ളൂ. തലമുറകളായി ഉല്പാദനപ്രക്രിയയിലേർപ്പെട്ടിരുന്ന ജനങ്ങളുടെ ജ്ഞാനത്തിന് അവിടെ യാതൊരു സ്ഥാനവുമില്ലാതാകുന്ന അറിവിന്റെ ഉപയോഗം പകർത്തൽ മാത്രമാകയാൽ അതു പുരോഗമനസ്വഭാവം നശിച്ച, ഒറ്റപ്പെട്ട ഒന്നായിത്തീരുന്നു. ഒരു കൃഷിവിദഗ്ധൻ കൃഷിയെപ്പറ്റിയുള്ള തന്റെ ശാസ്ത്രീയജ്ഞാനം എവിടെയെങ്കിലും പ്രയോഗിക്കുന്നതിനു മുൻപ് അവിടത്തെ കർഷകൻ അന്നേവരെ നേടിയ പ്രായോഗികജ്ഞാനം കൂടി അറിയേണ്ടതുണ്ട്. അല്ലാത്തപക്ഷം അയാളുടെ ജ്ഞാനം ദോഷകരമായിത്തീർന്നേക്കും. ശാസ്ത്രജ്ഞരുടേയും വിദഗ്ധരുടേയും ജനങ്ങളുമായുള്ള ഗാഢമായ ബന്ധത്തിലൂടെ യേ, പരസ്പരമുള്ള വിജ്ഞാനകൈമാറ്റത്തിലൂടെയേ, സമൂഹത്തിനു പുരോഗതിയുണ്ടാവൂ. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം ഇതിനെ തടയുന്നു. ഇന്ത്യൻപദ്ധതികളുടെ പരാജയത്തിന് ഇതും ഒരു കാരണമാണ്. ഇന്ത്യയിൽ ഇന്ന് വൈദ്യശാസ്ത്രം പഠിച്ചവനും സാങ്കേതികശാസ്ത്രജ്ഞനും വിദഗ്ധനും ജനങ്ങളിൽനിന്നും തീരെ അകന്നുനില്ക്കുന്നു. അവർ ബൂർഷ്വാ-പെറ്റിബൂർഷ്വാ വർഗ്ഗത്തിന്റെ സേവകരായിത്തീർന്നിരിക്കുന്നു. കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിലാകട്ടെ ഇന്റലിജൻഷ്യയും ജനങ്ങളും പരസ്പരം ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. ഉല്പാദനവും സമൂഹത്തിലെ ഐക്യവും വർദ്ധിപ്പിക്കുന്നതിലൂടെ സമൂഹത്തെ മുന്നോട്ടു നയിക്കാൻ ഇതു സഹായിക്കുന്നു. ഇന്ത്യയെ അപേക്ഷിച്ച് കമ്മ്യൂണിസ്റ്റ് ചൈനയുടെ സാമ്പത്തിക സാമൂഹ്യവികസനത്തിനും ഇതൊരു കാരണമാണ്.

## കോളേജ് മാസികകൾ

വിദ്യാർത്ഥികളുടെ ക്രിയാത്മകവാസനകളെ വളർത്തുന്നതിലും വികസിപ്പിക്കുന്നതിലും നല്ലൊരു പങ്കുവഹിക്കാൻ ഒരു കോളേജ് മാസികയ്ക്കു കഴിയും. സാധാരണയായി ഇവ ഒരു സുവനീർ പോലെയാകാറാണ് പതിവ്. കുറെ ഫോട്ടോകളും കായിക കലാപ്രകടനങ്ങളുടെ ചിത്രങ്ങളും പേജു നിറയ്ക്കാൻ വിദ്യാർത്ഥികളുടെ സൃഷ്ടികളും. അവ നിരുപദ്രവങ്ങളും നിർവീര്യങ്ങളുമായിരിയ്ക്കാൻ അധികൃതർ പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. തൽഫലമായി മാസികകളുടെ ഉള്ളടക്കം ഒരിടത്തേക്കും നയിക്കാത്ത ഒരുപാടു വാക്കുകളുടെ ഒരു കുമ്പാരമായിത്തീരുന്നു.

ഗൗരവപൂർണ്ണമായ വിഷയങ്ങളെക്കുറിച്ച് ചർച്ചകളും മറ്റും സംഘടിപ്പിയ്ക്കാൻ മാഗസിനുകൾക്ക് കഴിയും. വിദ്യാർത്ഥികൾ സ്വയം ഒരു സമൂഹമല്ലെന്നും, സമൂഹത്തിന്റെ ഒരു ഭാഗം മാത്രമാണ് അവരെന്നതും പ്രത്യക്ഷമാണ്. വിദ്യാർത്ഥികളുടെതന്നെ പല പ്രശ്നങ്ങളും സമൂഹം പൊതുവിൽ നേരിടുന്ന പ്രശ്നങ്ങളുടെ ഭാഗമായാണ്—പ്രത്യക്ഷപ്പെടാറ്. അതുകൊണ്ടുതന്നെ സമൂഹത്തെ നേരിടുന്ന യഥാർത്ഥപ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനും വിലയിരുത്താനും മാഗസിനുകളിലൂടെ വിദ്യാർത്ഥികൾക്കു കഴിയും. വിദ്യാർത്ഥികളുടെമേൽ അധികാരിവർഗ്ഗം നടത്തുന്ന ഓരോ അഴിമതിയും മാഗസിനുകളിലൂടെ തുറന്നുകാട്ടപ്പെടേണ്ടതാണ്. ഇതിലൂടെ സമൂഹത്തിൽ സ്വന്തം സ്ഥാനം കണ്ടെത്താനും അതിലൂടെ സമൂഹത്തെ മാറ്റുന്ന വിപ്ലവപ്രവർത്തനങ്ങളിൽ പങ്കാ

ളികളാവാനും കോളേജുമാസികകൾ വിദ്യാർത്ഥികളെ സഹായിക്കും. ഈ ചർച്ചതന്നെ. അതിനൊരു തെളിവാണല്ലോ.

വിദ്യാർത്ഥികളും അദ്ധ്യാപകരും ശരിയായ വർഗ്ഗവീക്ഷണം സ്വീകരിക്കുകയും തങ്ങളെ സ്വയം 'വർഗ്ഗ'ങ്ങളായിക്കാണാതെ മനുഷ്യരാശിയുടെ മുഴുവൻ വിമോചകരായ കർഷകരിലും തൊഴിലാളികളിലും തങ്ങളുടെ യഥാർത്ഥബന്ധുക്കളെ കണ്ടെത്തുകയും ചെയ്യുന്നതുവരെ നമ്മുടെ ജീവിതവും നമ്മുടെ സംസ്കാരവും നമ്മുടെ വിദ്യാഭ്യാസവും ജീർണ്ണിച്ചുകൊണ്ടേയിരിക്കും. ജീവൻ കൊടുത്തേ ജീവിതം രക്ഷിക്കാനാകൂ എന്ന മനസ്സിലാക്കുകയും, തങ്ങൾ ശിശുപ്രകൃതരാണെന്നറിഞ്ഞ് വയലിലും തൊഴിൽശാലകളിലുമുള്ള പരിചയസമ്പന്നരായ മനുഷ്യഭൂരിപക്ഷ ത്തിൽ അലിഞ്ഞുചേരുകയും അവരിൽനിന്നു പഠിക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്യുന്ന യഥാർത്ഥ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടേയും ഒരു സമൂഹമുണ്ടാകുമ്പോൾ, സ്വകാര്യമൂലധനവും ചൂഷണവും അവസാനിപ്പിക്കുവാനും മനുഷ്യവർഗ്ഗത്തെ യഥാർത്ഥ ജനാധിപത്യത്തിലേക്കും സ്ഥിതി സമത്വത്തിലേക്കും വിമോചിപ്പിക്കുവാനുമുള്ള അന്തിമസംഗരം സംഭവിക്കുകതന്നെ ചെയ്യും. അപ്പോൾ മാറുന്നത് വിദ്യാഭ്യാസ രംഗമായിരിക്കില്ല; അപ്പോൾ അടിത്തറയും മേൽക്കുരയും മാറും, മണ്ണും മനുഷ്യനും മാറും, ചിന്തയും വികാരവും മാറും. തന്നെപ്പോലെ തന്റെ അയൽക്കാരനേയും സ്നേഹിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുന്ന വർഗ്ഗരഹിതസമുദായത്തിന്റെ ഉദയസൂചനകൾ കൊണ്ട് കിഴക്കുമുഴുവൻ നിറയും. വസന്തത്തിന്റെ ഇടിമുഴക്കം ഇന്ത്യയുടെ ആകാശത്തെയും പ്രക്ഷുബ്ധമാക്കിക്കഴിഞ്ഞു. ചൂഷകരുടെ വംശനാശത്തിന്റെ ദുർഗ്ഗന്ധം സർവ്വകലാശാലകളുടെ ഇരുണ്ട ഇടനാഴികളിലും പരന്നുകഴിഞ്ഞു. ഇനി ഒരു നിമിഷം പോലും നാം അടിമകളായിരിക്കുകയില്ല. നാം കീഴടങ്ങുകയില്ല.

കുറിപ്പ്: ഈ മാഗസിന്റെ സ്റ്റാഫ് എഡിറ്ററായിരുന്നയാളുടെ തികച്ചും ഏകപക്ഷീയമായ പ്രവർത്തനങ്ങളുടെ ഫലമായി ഈ. നീണ്ട ലേഖനത്തിനും ചിലയിടങ്ങളിൽ അംഗഭംഗം സംഭവിക്കുകയോ, ലേഖനത്തിന്റെ പൊതുവെയുള്ള ക്രമം വികലപ്പെടുകയോ ചെയ്തിട്ടുണ്ട്. ('വിയർപ്പും സാഹിത്യവും' എന്ന ലൂഷുൺന്റെ ലേഖനം ഭാഷാപഠനത്തോടൊപ്പവും, ശാസ്ത്രപഠനം 'കോമേഴ്സി'നെത്തുടർന്നുമാണ് അച്ചടിക്കേണ്ടിയിരുന്നത്. ഭാഷാപഠനം, പരീക്ഷകൾ, അദ്ധ്യാപകസമൂഹം, വിദ്യാർത്ഥിസമൂഹം, തെരഞ്ഞെടുപ്പുകളും വിദ്യാർത്ഥി സമൂഹവും, കോളേജ് മാസികകൾ എന്നിങ്ങനെയാണ് തുടർന്നുള്ള ഭാഗങ്ങളുടെ ശരിയായ ക്രമം.

— എഡിറ്റർ

## സംഭാഷണ ശക്തി വീണ്ടെടുക്കാം: സി ആർ. പരമേശ്വരൻ

പ്രിയ സുഹൃത്തെ,

സമൂഹത്തിലെ 'അഴുക്കു'കളിൽനിന്നെല്ലാം വളരെ അകലെ ശ്രദ്ധാപൂർവ്വം സ്ഥാപിക്കപ്പെട്ടിരിക്കുന്ന സരസ്വതീക്ഷേത്രത്തിലേക്ക് വീട്ടിലെ ഇല്ലായ്മകളെ ഒരു കള്ളക്കടത്തു സാധനം പോലെ നിങ്ങൾ കടത്തിക്കൊണ്ടുവരുന്നു. സാധാരണക്കാരനിൽനിന്ന് ഉയർത്തി നിങ്ങളെ സംസ്കാരസമ്പന്നനാക്കാമെന്നു വാഗ്ദാനംചെയ്തിട്ടുള്ള വിദ്യാഭ്യാസവിചക്ഷണനോടു നിങ്ങൾ ചെയ്യുന്ന കടുത്ത കൃതഘ്നതയാണത്. നിങ്ങളോടൊപ്പം ജനിച്ചവരിൽ ഒരു നല്ലപങ്ക് അക്ഷരാഭ്യാസംപോലും ലഭിക്കാതെ ജീവിച്ചുതീരുന്നു. നിങ്ങളോടൊപ്പം പ്രൈമറി വിദ്യാഭ്യാസം തുടങ്ങിയ നൂറുപേരിൽ കഷ്ടിച്ച് നിങ്ങളൊരാൾ മാത്രമാണ് കോളേജിലെത്തിച്ചേർത്തിരിക്കുന്നതെന്നും സ്ഥിതിവിവരക്കണക്കുകൾ. വിദ്യാഭ്യാസത്തിന്റെ ഓരോ ഘട്ടത്തിലും നിങ്ങളിൽനിന്നും കൂട്ടുപിരിഞ്ഞും എവിടെയൊക്കെയോ മുങ്ങിപ്പോയ ചെറുപ്പക്കാരിലൊരാൾ ഒരിക്കലൊരു സുകുമാരന്റെ കഥകളിലൊ മറ്റൊ ഉയിർത്തെഴുന്നേറ്റുവെന്നും വരാം. വിദ്യാഭ്യാസ പ്രവർത്തകരും മാതാപിതാക്കളും പറയുന്നു: അഴുക്കുചാലുകളിലേക്കു പോയവർ പോകട്ടെ. നിങ്ങൾ അവസരത്തിനൊത്തുയരുക. ഒരു എടുപ്പുകുതിരയുടെ സജീവതയോടെ ബസ്സിലും കാൽനടയിലും നിങ്ങൾ ആവർത്തിക്കുന്ന നീണ്ട യാത്രകൾ, അറവുകാരന്റെ നിസ്സംഗതയോടെ നിങ്ങൾക്കുമേൽ നടത്തപ്പെടുന്ന വ്യാകരണക്ലാസ്സുകൾ, ഇതൊന്നവസാനിക്കുകയില്ലേ എന്നു ഭയപ്പെട്ടുപോകുന്ന നീണ്ട അപരാഹ്നങ്ങൾ, ഓർമ്മശക്തി വളരെ കുറവായ നിങ്ങളെ പീഡിപ്പിക്കുവാനായി അടുപ്പിച്ചടുപ്പിച്ചെത്തുന്ന പരീക്ഷകൾ, നിങ്ങളെന്തെല്ലാം അനുഭവിക്കുന്നു! 'കോളേജ് ജീവിതം എത്ര സന്തോഷപ്രദം' എന്നു വിസ്മയിക്കുന്ന മന്ദബുദ്ധിയോടും നിങ്ങൾ അസൂയപ്പെടുന്നു. ഞങ്ങളുടെ കാര്യം പറയാം, പരീക്ഷാഹാളിലും ഇന്റർവ്യൂ മുറികളിലും, ഗുമസ്തമേശകൂ പുറകിലും ഞങ്ങളുടെ മുഖങ്ങളിലെ ആത്മവിശ്വാസക്കുറവും, അപകർഷബോധവും നിരീക്ഷിച്ചറിഞ്ഞിട്ടുള്ള വിദ്യാഭ്യാസക്കമ്മീഷനുകൾ, പറയരോടുള്ള ഗാന്ധിയുടെ കാരുണ്യം അനുസ്മരിപ്പിക്കുംവിധം ഞങ്ങളെ First Generation of Educated എന്നു വിളിച്ചുപോന്നു. അവിടങ്ങളിലേക്കൊക്കെ ധാരാളമായി പ്രവഹിക്കുന്നുണ്ടെന്നു പറയപ്പെടുന്ന ദുബായ് പണമോ അല്പസ്വല്പം വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളൊ കാര്യങ്ങളിൽ പറയത്തക്ക മാറ്റമൊന്നും വരുത്തിയിട്ടില്ലെങ്കിൽ, അടിമയുടെ പുറത്തെ പൊള്ളൽപ്പാടുകൾ പോലെ ഏതു തിരക്കിലും തിരിച്ചറിയാനാവുന്ന ഈ ഗ്രാമീണമായ സംഭ്രമം നിങ്ങളിൽ കുറച്ചുപേരെങ്കിലും ഉൾക്കൊള്ളുന്നുണ്ടാവുമെന്ന് ഞാൻ കരുതുന്നു. പുറംജീവിതമെന്ന അരവുയന്ത്രത്തിലേക്കുള്ള കൺവെയർ ആയി വർത്തിക്കുന്നതുകൊണ്ട് നിങ്ങളുടെ വിദ്യാലയത്തിനെക്കുറിച്ചുള്ള ഓർമ്മകൾ ക്രമേണ തിക്തമായിത്തീരാൻ തുടങ്ങുന്നു. നാമമാത്രമായ നിങ്ങളുടെ കോളേജ് സ്വപ്നങ്ങൾപോലും ഈ വാഹകസജ്ജീകരണത്തിലെ താല്ക്കാലികമായ സഞ്ചാരസുഖമായിരുന്നുവല്ലൊ എന്നു നിങ്ങൾ വേദനിക്കാൻ തുടങ്ങുകയായി. വിദ്യാഭ്യാസം കഴിഞ്ഞിറങ്ങുമ്പോൾ കടുത്ത ആദർശവാദിയായ നിങ്ങൾ നിസ്സംഗരായ ഒരു കൂട്ടം ആളുകളോടും അനാവശ്യമായി ഒച്ചവെക്കാൻ തുടങ്ങുന്നു; "എന്തുചെയ്യുകയായിരുന്നു നിങ്ങൾ? സെയന്റ് സ്റ്റീഫൻസിൽനിന്നും പഠിച്ചിറങ്ങുന്ന നാളത്തെ ഭരണകർത്താക്കൾക്ക് കുറെക്കൂടി ഭരണീയരെ സൃഷ്ടിക്കാൻ മുതിർന്ന കുട്ടികൾ ഉറങ്ങുന്നതും കാത്തുകിടക്കുകയോ?"

ശരിയാണ്. നിങ്ങൾക്കുമുമ്പേ കോളേജ് കുന്നിറങ്ങിപ്പോയവർ ചെയ്യുന്നതും ഫലത്തിലി

തൊക്കെത്തന്നെയാണ്. നിങ്ങൾ സ്വയം നല്കേണ്ട ആദ്യത്തെ താക്കീത്. ജീവിതവും ജീവസന്ധാരണവും തമ്മിലുള്ള അന്തരം എന്തെന്നുപോലുമറിയാതെ ജീവിക്കേണ്ടവരാണ് ഞങ്ങളിൽ ഏറിയപങ്കും. ജീവിതത്തിനും പ്രത്യേകിച്ചൊരു സ്വതന്ത്രമാനം നല്കുന്ന അപൂർവ്വം ചിലരാകട്ടെ, കാര്യങ്ങൾ തങ്ങൾക്കുപോലും വളരെ ശോചനീയമാക്കിത്തീർത്തിരിക്കുന്നു. ചെയ്തുതീർക്കേണ്ടതായ ജോലി, ദൂരം, നിസ്സംഗമായ ചുറ്റുപാടുകൾ, നീണ്ടുകിടക്കുന്ന ജീവിതം, നിസ്സാരസുഖങ്ങളുടെ വിളി, കടുത്ത യുക്തിയുക്തതയാലും നീതിബോധത്താലും ശപിക്കപ്പെട്ട ഇവർ ഏതെങ്കിലുമൊക്കെ വിധത്തിൽ സ്വയം മുറിവേല്പിച്ച് കഴിഞ്ഞുകൂടുന്നു. വെറും വൈകാരികവും വ്യക്തിപരവുമായ കലാപങ്ങൾകൊണ്ട് പെട്ടെന്ന് കാലിടറിപ്പോകുന്നു. ഞങ്ങളുടെ എല്ലാവരുടേയും ജീവിതങ്ങളെ ഏതെങ്കിലും ഘട്ടത്തിലോ ഏതെങ്കിലും അളവിലോ ഒരു ഗൃഹസ്ഥന്റെ ആത്മാവും ആവേശിച്ചിരിക്കുന്നു. യുവജനങ്ങളെക്കുറിച്ചുള്ള ഈ ശോചനീയമായ സത്യത്തിൽനിന്നു നമുക്കു തുടങ്ങുക. നാം യുവജന കമ്പനത്തെക്കുറിച്ച് പ്രസംഗിക്കാറുണ്ടെങ്കിൽ അതും ഈ രാജ്യത്തെ യുവാക്കളെക്കുറിച്ചാവില്ലല്ലോ. വിദ്യാഭ്യാസത്തിനുശേഷം ഇന്ത്യൻ യുവാവിന്റെ ആദ്യത്തെ കുതിപ്പ് നിസ്സംഗതയെന്ന ദേശീയസ്വഭാവത്തിൽ അലിഞ്ഞുചേരാനാണ്. അങ്ങിനെ പതിനഞ്ചോ പതിനേഴോ വർഷം നമുക്ക് വിദ്യാദാനം നല്കിയ സ്ഥാപനങ്ങൾ തങ്ങളേറ്റെടുത്ത കടമ. ഈ രാജ്യത്തിലെ 70% ജനങ്ങളുടെ മൃഗതുല്യമായ ജീവിതത്തിൽ നിന്നും അവരുടെ സംസ്കാരത്തിൽ നിന്നും നമ്മെ മാറ്റിപ്പാർപ്പിക്കുക എന്ന കടമ നിർവ്വഹിച്ച ആശ്വാസത്തോടെ ദീർഘശ്വാസം വിടുന്നു. ജനങ്ങൾ അനുഭവിക്കുന്ന വിശപ്പിന്റെയും അജ്ഞതയുടേയും അവമതികളുടെയും വെടിമരുന്നുപുരയിൽ നിന്നും സുരക്ഷിത ദൂരത്തിലാണ് നമ്മുടെ ശാസ്ത്രീയചിന്തയുടെ അഗ്നി എപ്പോഴും സ്ഥിതിചെയ്യുന്നതെന്നും അവർ ഉറപ്പുവരുത്തിയിരിക്കുന്നു. നമ്മുടെ ജീവിതരീതികളാകട്ടെ, ജനങ്ങളുമായുള്ള ആശയവിനിമയത്തിനും നമ്മെ അനർഹരാക്കിയുമിരിക്കുന്നു. എന്തെല്ലാം സാദ്ധ്യതകളാണ് നമുക്കു മുന്നിലുള്ളത്! സെൻട്രൽ സെക്രട്ടറിയേറ്റിലൊ അഹമ്മദാബാദിലെ പാണ്ടികശാലകളിലൊ ടൈപ്പടിച്ചു മുന്നേറുന്നതോടൊപ്പംതന്നെ, പെട്ടെന്നൊരു ദിവസം ഞാനുമൊരു അന്യനാണല്ലോ എന്ന ആഹ്ലാദകരമായ അപരോക്ഷജ്ഞാനം സമ്പാദിക്കുന്ന അധുനാതന കഥാകൃത്താകാം; കാമിച്ച പെൺകുട്ടിയെ ഭഗവൽ സന്നിധിയിൽ മാലയിടുന്ന നവ വരനാകാം; ഗ്രാമീണ ദാരിദ്ര്യത്തെ ചിത്രീകരിക്കുന്ന 'ഷോട്ടു'കളുടെ ഊർജ്ജസ്വലതയേയും കലാത്മകതയെയും കുറിച്ചും ചർച്ചചെയ്യുന്ന ന്യൂവേവ് സിനിമയുടെ ഭാവുകനാവാം; എന്തിന്, അപകടകരമല്ലാത്ത അർദ്ധവിപ്ലവങ്ങൾപോലും അവർ അനുവദിച്ചുതരും, ഇടക്കൊക്കെയൊന്നു പരിഹസിക്കുമെങ്കിൽ കൂടി. (ഗുരുവായൂരപ്പന്റെ ഭക്തന്മാർ യുക്തിവാദികൾക്കായി വാകച്ചാർത്തോ 'ഉച്ചപൂജ' യോ കഴിച്ചതായുള്ള വാർത്തയും, എൻ.ജി.ഒ. അദ്ധ്യാപകസമരം പരാജയപ്പെട്ടതല്ലെന്നും ഈ പിൻമാറ്റം മറെറാരു സമര'തന്ത്രം' മാത്രമാണെന്നും ഉള്ള ദേശാഭിമാനി വാരികയുടെ വിശദീകരണവും ഇതാ ഇപ്പോൾ വായിച്ചതേയുള്ളൂ!) നിത്യവെള്ളയും തിരഞ്ഞെടുപ്പുഫലങ്ങളും, സ്ഥിതിവിവരണക്കണക്കുകളും ആലഭാരങ്ങളുമായി, കാലമങ്ങിനെപോകുന്നു. പട്ടിണിമരണങ്ങളും, അടിച്ചമർത്തപ്പെടുന്ന അന്തർജ്ജാതമായ കലാപങ്ങളും, നാൾതോറും പെരുകിവരുന്ന ആത്മഹത്യകളും, അവയുടെ പിന്നിലെ മാനുഷികാവസ്ഥയുടെ അഴുകലിനെക്കുറിച്ചുള്ള ഓർമ്മപോലും ജനിപ്പിക്കാതെ വെറും പത്രവാർത്തകളായി വിസ്മരിക്കപ്പെടുന്നു. ഒടുവിൽ, എല്ലാം പെയ്തുതീരുമ്പോൾ ആറ്റൂരിന്റെ ലഘുകവിതയിലെ വിവേകിയുടേതുപോലെയുള്ള, 'പാത്രത്തിനൊപ്പം ആകൃതി മാറുന്നതും നിറമോ ഗന്ധമോ സ്വാദോ ഇല്ലാത്തതുമായ വിശുദ്ധിയാകുന്ന ഞാൻ' എന്ന തിരി

ച്ചറിവു മാത്രം ബാക്കി.

Conformism എന്ന മഹാപാപം അങ്ങിനെ മധ്യവർഗ്ഗക്കാരന്റെ സുരക്ഷിതമായ മതമായിരിക്കുന്നു. ഏതു ദുഷ്ടസാഹചര്യത്തിലാണോ ഒരു കുട്ടി പട്ടിണി കിടക്കാനിടയാകുന്നത് അതേ സാഹചര്യം തന്നെയാണ് നമ്മുടെ വ്യക്തിജീവിതത്തിൽ ഇഷ്ടപ്പെടാത്ത ഒരു ഉദ്യോഗമായോ ഏകാകിതയായോ തകർന്ന സദാചാരമായോ, അസംതൃപ്തമായ ലൈംഗികതയായോ, ഞരമ്പുരോഗമായോ, സർവ്വോപരി സ്വന്തം അല്പത്വമായോ പ്രതിഫലിക്കുന്നതെന്ന് മനസ്സിലാക്കാൻ നാം വിസമ്മതിക്കുന്നു. വിശക്കുന്നവർ വിശപ്പിൽനിന്നുള്ള മോചനത്തിനായി നടത്തുന്ന സമരത്തിന്റെ ഭാഗമായിത്തീരുമ്പോഴെ നമ്മുടെ ആത്മീയവ്യവസ്ഥകളിൽനിന്നുള്ള മോചനവും സാക്ഷാത്ക്കരിക്കപ്പെടുന്നുള്ളൂ എന്നും മനസ്സിലാക്കിക്കഴിഞ്ഞിട്ടും ആശയവിനിമയത്തിനുള്ള മാദ്ധ്യമത്തിനായി നാം തപ്പിത്തടയുന്നു. ഒരു സമൂലപരിവർത്തനത്തിനുവേണ്ട ദുരന്തങ്ങളും പീഡിതരും, ജ്ഞാനികളും, ഇവിടെ ധാരാളം. പക്ഷേ, പരസ്പരം സംവദിക്കാനുള്ള ഭാഷമാത്രം ആരോ നമ്മിൽനിന്നും ചോർത്തിയെടുത്തിരിക്കുന്നു. പ്രത്യയശാസ്ത്രത്തെ ജനങ്ങളുടെ ഭാഷയിൽ പരാവർത്തനം ചെയ്തുകൊടുക്കാൻ കഴിയാതെ പോയതിനാൽ അവരുടെ വിമോചനത്തിനായി സ്വയം സമർപ്പിച്ച അഭ്യസ്തവിദ്യനായ വിപ്ലവകാരിയെ കരുതിക്കായി പിടിച്ചുകൊടുക്കേണ്ടി വന്ന ഗതികേടുപോലും ഇവിടത്തെ ജനങ്ങൾക്കുണ്ടായി! ഇന്നത്തെ വികലധർമ്മങ്ങളുടെ അനുസാരിയായി പ്രവർത്തിക്കാനാഗ്രഹിക്കാത്ത ഏതൊരാളും—കലാകാരനോ രാഷ്ട്രീയപ്രവർത്തകനോ ആരായാലും—പ്രാഥമികമായും ചെയ്യേണ്ടത് ഉന്നതവിദ്യാഭ്യാസം മൂലം അയാൾക്കു നഷ്ടപ്പെട്ട സംഭാഷണശക്തി തിരിച്ചെടുക്കാനുള്ള ശ്രമത്തിൽ മുഴുകുകയാണ്. സ്വന്തം ദീനതകളെ ജന്മാവകാശമായിക്കരുതി ദിനങ്ങൾ കഴിക്കുന്ന മനുഷ്യനിൽനിന്നും നാം പുലർത്തുന്ന ദൂരം നമ്മുടെ പൗരുഷത്തെ വെല്ലുവിളിച്ചുകൊണ്ട് ദിനംപ്രതി വർദ്ധിച്ചുവരുന്നു. ഒരു സമൂഹത്തിന്റെ ആത്മാഭിമാനവും അവകാശബോധവും ക്രൂരമായി വേദനിക്കപ്പെടുന്ന ഒരു നിമിഷത്തിലേ മറെറല്ലാ ആരവങ്ങളെയും വെല്ലുന്ന വിധത്തിൽ 'നീതിനീതി' എന്നലറാൻ അതിനു കഴിയൂ. മതസംഘടനകളും, ഭരണകൂടവും, രാഷ്ട്രീയവിശ്വാസഘാതകരും അസ്തവീര്യമാക്കിയിരിക്കുന്നതും അത്തരമൊരു സാമൂഹ്യബോധത്തെയാണ്. അതിഭൗതികചിന്താരീതികളിൽ മുഴുകിക്കഴിയുന്ന ബുദ്ധിജീവിയിലും മന്ദബുദ്ധിയായ പട്ടാളക്കാരനിലും, കൃഷിക്കാരനിലും അസ്തപ്രജ്ഞമായിരിക്കുന്ന ഈ ഇന്ദ്രിയങ്ങൾ എന്നെങ്കിലും ഒരിക്കൽ, സംവേദനക്ഷമമാകാതിരിക്കാൻ നിവൃത്തിയില്ല. ഈ ലീനമായ സംവേദനക്ഷമതയെ ഉണർത്താനായി നമുക്കും അത്യുച്ചത്തിൽ പാടുകയോ പ്രസംഗിക്കുകയൊ നമ്മുടെ ലോകങ്ങളെ വേർതിരിക്കുന്ന കടുത്ത കരിങ്കൽ ചുമരുകളിൽ തലയിട്ടടിക്കുകയോ, ചോരവീഴ്ത്തുകയോ ചെയ്യേണ്ടതായി വരും. അനൗപചാരികമായ ഒരു സ്വയം വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി മാത്രമെ ആശയവിനിമയത്തിനുള്ള നമ്മുടെ കഴിവ് വീണ്ടെടുക്കാനാവൂ. ബൂർഷ്വാ വിദ്യാഭ്യാസവിദഗ്ധൻ വിദ്യാലയത്തിനെ ഒരു മിനിയേച്ചർ സമൂഹമായി കാണുമ്പോൾ, വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന വർഗ്ഗസംഘർഷങ്ങളെ അർത്ഥപൂർണ്ണമായി പഠിക്കാനാകുംവിധം സമൂഹത്തിനെ ഒരു വലിയ വിദ്യാലയമായി കണക്കാക്കുകയാണ് നാം വേണ്ടത്. വർത്തമാനകാലജീവിതത്തിന്റെ ഉപരിതലത്തിനെ പൊതിയുന്ന അസത്യങ്ങളെ ഭേദിച്ച് അതിന്റെ അന്തർധാരകളെ മനസ്സിരുത്തി പഠിക്കാനുതകുന്ന വിപ്ലവാത്മകമായ ഒരു പുതിയ സെൻസിബിലിറ്റി നമ്മുടെ ഉള്ളിൽ തന്നെ വളർത്താനും അതിനെ കൊടുങ്കാറ്റുപോലെ ജനജീവിതത്തിലേക്കും പടർത്താനും നമുക്കു കഴിയണം,

'തീക്ഷ്ണമായ ജീവിക്കലി'ന് സ്വയം സമർപ്പിച്ച ഒരാൾക്കു മാത്രമെ ഈ ദുഷ്കരവും അനാകർഷകംപോലുമായ കർത്തവ്യത്തിൽ മുഴുകാനാവൂ. He who gives life shall save it എന്ന് പ്രതിജ്ഞാബദ്ധനാകുന്ന ഒരാൾക്കുമാത്രം. നമ്മുടെ സാംസ്കാരികപ്രവർത്തനങ്ങളെല്ലാം തന്നെ സംഭാഷണം നടത്താനുള്ള ആത്മാർത്ഥമായ ശ്രമങ്ങളിൽ നിന്നുരുത്തിരിയുന്നതാവണം. കവിക്ക് സ്വന്തം സ്വകാര്യ സൃഷ്ടികളോടുള്ളതൊ, മനുഷ്യരൂപം പോയിട്ട് അല്പം മനുഷ്യത്വമെങ്കിലും കോരിയിടാനാവാത്ത താന്ത്രിക് പെയിന്റർക്ക് തന്റെ ക്യാൻവാസിനോടുള്ളതോ ആയ അഭൗമമായ കമ്മിറ്റ്മെന്റിനോടും ഈ സമർപ്പണബോധത്തെ തുലനംചെയ്തുകൂടാ. നമ്മുടെ സാംസ്കാരിക പ്രവർത്തനങ്ങൾ ജനജീവിതത്തിൽ ഒരു നേരിയ ചലനംപോലും ഉളവാക്കുവാൻ അപര്യാപ്തമാകുന്നുവെങ്കിൽ, സാംസ്കാരികമായ പ്രതിസന്ധിഘട്ടങ്ങളിൽ മനുഷ്യനേർപ്പെടുന്ന സംഘർഷാവസ്ഥകളിൽനിന്നുള്ള ഏറിയാൽ 'വിപ്ലവാത്മക'മായ ഒളിച്ചോട്ടം തന്നെയാവും അതും. നാം നേടുന്ന പുതിയ സ്വാതന്ത്ര്യബോധം പ്രത്യയശാസ്ത്രത്തിനും കാലദേശാനുസൃതമായ വികാസം അനുവദിക്കാതെ അതിനെ മാനസികമായ നിർബ്ബന്ധബുദ്ധിയിൽ തളച്ചിടുകയല്ല, മറിച്ച് കൂടുതൽ കൂടുതൽ മനുഷ്യജീവിതവുമായി അടുത്തുവരുന്നു എന്നതിനാൽ മനസ്സിനെ കൂടുതൽ സംവേദനക്ഷമമാക്കുകയാണ് ചെയ്യുന്നത്. ഈ മാനസികമായ തീക്ഷ്ണത മനുഷ്യചേതനകളുടെ താളവട്ടത്തെ നിഷേധിക്കുകയോ അതിന്നടിമയായി വർത്തിക്കുകയോ ചെയ്യുന്നില്ല. (ചോദനകളിൽനിന്നും പൂർണ്ണമായി മോചിക്കപ്പെടുന്നവ അമാനുഷികത്വമായി പരിണമിച്ചേക്കാം. അമാനുഷികത്വം ചിലപ്പോൾ ആവേശകരമായി തീർന്നേക്കാമെങ്കിലും പ്രതിലോമകാരികളുടെ കയ്യിൽ ഏറ്റവും എളുപ്പം അപചയം സംഭവിക്കുന്നത് അതിന്നായിരിക്കുമെന്നും നാം കണ്ടറിഞ്ഞതാണല്ലൊ).

പ്രവർത്തനങ്ങളുടെ നാന്ദിയായി, ചരിത്രം നമ്മെ കൊണ്ടെത്തിച്ചിരിക്കുന്ന അവസ്ഥയിൽ നിന്നുകൊണ്ട്, 'ഞാനാരാണ്' എന്ന ചോദ്യത്തിന് ഉത്തരം കണ്ടുപിടിക്കുകയാണ്, ഇതഃപര്യന്തമുള്ള സ്വന്തം ജീവിതകഥയെ സ്വരൂപിക്കുകയും, ചരിത്ര-പ്രത്യയശാസ്ത്രങ്ങളുടെ വെളിച്ചത്തിൽ അതിനെ വിശകലനം ചെയ്യുകയുമാണ് നമ്മുടെ കർത്തവ്യം. പുതിയതായി സമ്പാദിച്ച ഈ സ്ഥലകാലബോധത്താൽ, നമുക്കു ചുറ്റും ജീവത്തായതെന്നു നാം മുൻപു കരുതിയിരുന്ന പല പ്രസ്ഥാനങ്ങളും വ്യക്തികളും ജനജീവിതത്തെ ആവേശിച്ചിരിക്കുന്ന ചാവുകളാണെന്ന് നമുക്കു തള്ളിക്കളയേണ്ടതായും വരും. Perhaps truth is a woman —എന്ന് നീത്ഷേ പറയുന്നതും വാസ്തവികതയുടെ പ്രച്ഛന്നസ്വഭാവത്തെക്കുറിച്ചാണ്. നമ്മുടെ സ്വാതന്ത്ര്യബോധം വളരുന്നതോടൊപ്പം, നമുക്കു ചുറ്റും ഇത്തരം ചാവുകളുടെ ഒരു പടയണിതന്നെ കണ്ടു നാം അമ്പരക്കും; organs of speech-നെക്കുറിച്ച് വിദ്യാർത്ഥികളെ പഠിപ്പിച്ചതിനുശേഷം, സത്യം പറയാനുപയോഗിക്കേണ്ട. അവയവത്തെ കാലുനക്കാൻ ഉപയോഗിക്കുന്ന പണ്ഡിതരും, ഈ കാലംപിഴച്ച കാലത്തും കോപ്പുണ്ണിയമ്മാവന്റെ ക്ഷൗരക്കത്തി വീണ്ടെടുക്കാനാവാത്തതിൽ അവസാദം കൊള്ളുന്ന കഥാകൃത്തും, വിദ്യാർത്ഥിസുഹൃത്ത് രാജന്റേതടക്കം എത്രയോ അപമൃതിക്കേസുകളിൽ നീതി നടത്തിത്തരാം എന്നും പൊള്ളവാക്കു പറയുന്ന മജിസ്ട്രേട്ടും, സംഘടിതമേഖലകളിൽ എത്രയും എളുപ്പമാംവിധം വിലപേശൽ സമരങ്ങൾ നടത്തി തൊഴിലാളികളുടെ മനസ്സിൽ വൈറ്റ്കോളർ മനോഭാവം കുത്തിവെച്ച്, അവനെ നിരായുധനാക്കിയ തറവാടിക്കമ്മ്യൂണിസ്റ്റുകാരനും പുരോഗാമിത്വത്തിന്റെയും, മാനുഷികത്വത്തിന്റേയും. പ്രച്ഛന്നവേഷങ്ങൾ ധരിച്ച് ശരിയായ കമ്മ്യൂണിക്കേഷനെ അസാദ്ധ്യമാക്കുന്ന പ്രേതാത്മാക്കളായിരുന്നു എന്നും നാം മനസ്സിലാക്കും.

നമ്മുടെ പഠനങ്ങളിൽ ജനജീവിതവും ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങളുമായിരിക്കണം ഏറ്റവും സുരക്ഷിതമായ പ്രമാണ സൂചനകൾ. സ്വാതന്ത്ര്യസമ്പാദനത്തിന്റെ പ്രക്രിയയിൽ നമ്മെ സഹായിക്കുന്ന, നാം എക്കാലത്തും നന്ദിപൂർവ്വം സ്മരിക്കേണ്ടതായ, വ്യക്തികളും പ്രസ്ഥാനങ്ങളും പുസ്തകങ്ങളുമുണ്ടാകാം. പക്ഷേ, ജനകീയസത്യത്തെ സാക്ഷാത്ക്കരിക്കുവാൻ ഇവ നമുക്കും സഹായകമല്ലാതാകുന്നിടത്തുവെച്ച് വേർപാടിന്റെ യാതൊരു വികൃതഗോഷ്ടികളുമെന്യേ അവയോടു നാം യാത്ര പറയേണ്ടിവരും. ജനങ്ങളിൽനിന്നു അകന്നു നിൽക്കുമ്പോൾ നമുക്കും കിട്ടുന്നത് ഉത്തരങ്ങളല്ല, മറിച്ച് മിഥ്യാധാരണകളാണ്. വസ്തുതകളെക്കുറിച്ചുള്ള നമ്മുടെ ദർശനങ്ങൾ കാവ്യസുന്ദരമായിരിക്കെത്തന്നെ വസ്തുക്കളുടെ യഥാർത്ഥ സന്ദർഭങ്ങൾ വികൃതമായിത്തന്നെ തുടരുന്നു. നിർഭാഗ്യവശാൽ നാം ഈ വികൃതസന്ദർഭങ്ങളിൽ നിന്നാണല്ലൊ ജോലി തുടങ്ങേണ്ടതു്. നാം കമ്മ്യൂണിസ്റ്റ് സ്വർഗ്ഗത്തിലല്ല, മറിച്ച സിനിമാസംസ്കാരവും, പരസ്യഹോർഡിങ്ങുകളും, മതത്തിന്റെ അതിസങ്കീർണ്ണമായ സ്വാധീനവും, ഷണ്ഡമായ ബുദ്ധിജീവിതവും, ഭരണകൂടത്തിന്റെ ക്രൂരമായ മസിൽപവറും ചൂഴ്ന്ന ലോകത്തിലാണ് ജീവിക്കുന്നതെന്നും അതുല്യമായ ജനശക്തിക്കു മാത്രമെ ഇവയെ നേരിട്ടു തോൽപ്പിക്കാനാവൂ എന്നും ഉള്ള യാഥാർത്ഥ്യത്തിലേക്കു നാം ഉണരുകതന്നെ വേണം. അതിനാൽ കല്ലെറിയുന്നതിനും കഴുത്തുവെട്ടുന്നതിനും മുമ്പായി നാം വേണ്ടതു്, ഒരു സമൂലപരിക്രമണത്തിനെക്കുറിച്ച് നാം സൂക്ഷിക്കുന്ന വികലധാരണകളെയും, സ്വന്തം കൃത്രിമത്വങ്ങളെയും ഏറ്റവും മൂർച്ചയേറിയ കല്ലുകളാൽ സ്വയം ആഞ്ഞാഞ്ഞെറിയുകയാണ്. നാളെ ജനിക്കാനിരിക്കുന്നവന്റെ നക്ഷത്രം നിങ്ങളുടെ മനസ്സിന്റെ ആകാശത്തിലും വ്യക്തമായി തെളിഞ്ഞു കഴിഞ്ഞു എന്നും ഉറപ്പായതിനുശേഷം മാത്രം കണ്ണുനീരിലും രക്തത്തിലും ദ്രുഷിതമായ ഒരു യാത്ര ആരംഭിക്കുക.

ഒരു കത്തിനു താങ്ങാവുന്നതിലുമധികം നിഷേധങ്ങൾ അതിൽ നിറച്ച കഴിഞ്ഞ ഈ പൂർവ്വവിദ്യാർത്ഥി എന്താശംസിക്കട്ടെ? ഇത്രമാത്രം: നിങ്ങൾ കോളേജിൽനിന്നും പുറത്തു കടക്കുമ്പോഴേക്കും, തന്നോടു തന്നെയുള്ള ഈ ക്രൂരമായ സമരമെങ്കിലും പൂർത്തിയാകട്ടെ. തെറ്റി, ആമരണം നീണ്ടുനില്ക്കുന്ന ഈ സമരത്തിനും ഒരു സ്വഭാവമെങ്കിലും കൈവരട്ടെ എന്നും ഈയാൾ ഏറ്റവും ഊഷ്മളമായ സ്നേഹത്തോടെ ആശംസിക്കുന്നു.

## വൈദ്യവിദ്യാഭ്യാസം

— ടി. പി. നാസർ
(കോഴിക്കോട് മെഡിക്കൽ കോളേജ്)

രാഷ്ട്രത്തിന്റെ ആസൂത്രിതാവശ്യങ്ങൾക്ക് സേവനംനല്കാൻ പ്രാപ്തമാകത്തക്കവിധം വിദ്യാഭ്യാസത്തിന്റെ കഴിവുകളെ സമാഹരിക്കുകയും വികസിപ്പിക്കുകയും ചെയ്യുകയാണ് ഒരു രാഷ്ട്രത്തിന്റെ വിദ്യാഭ്യാസനയങ്ങളുടെ ലക്ഷ്യമെങ്കിൽ അവിടെ ഇന്ത്യ പരാജയപ്പെട്ടിരിക്കുന്നു.

ഒരു വൈദ്യവിദ്യാർത്ഥി എന്ന നിലയിൽ ഇന്ത്യയിലെ വൈദ്യശാസ്ത്രപഠനത്തെക്കുറിച്ച പറയുമ്പോൾ ഇതു കൂടുതൽ വ്യക്തമാകുന്നു. ഗവണ്മെന്റുടമയിലല്ലാതെതന്നെ സ്വകാര്യസ്ഥാപനങ്ങളായും മെഡിക്കൽ കോളേജുകൾ ഇന്ന് ഇന്ത്യയിലുണ്ട്, വൈദ്യശാസ്ത്രത്തിന്റെ അടിസ്ഥാനതത്വങ്ങൾപോലും ബലികഴിക്കപ്പെട്ടാണ് ഇവിടെ പഠനവും പരിശീലനവും നടക്കുന്നതും. ഇത്തരം സ്ഥാപനങ്ങൾ ബുദ്ധിപരമായി വികാസം പ്രാപിച്ചിട്ടുള്ളവരെ സൗകര്യപൂർവ്വം മാറ്റിനിർത്തുകയും സമ്പന്നവർഗ്ഗത്തിന്റെ കുത്തകയായി മാറ്റുകയും ചെയ്യുന്നു.

മററെല്ലാ വിദ്യാഭ്യാസ വിഭാഗങ്ങളിലെയും പോലെ വൈദ്യശാസ്ത്രപഠനരംഗത്തും, സിലബസ്സിന്റെ കാര്യത്തിൽ മാത്രമല്ല, വർഷങ്ങളായി നിലവിലുള്ള അദ്ധ്യയനരീതികളിലും പാഠപുസ്തകങ്ങളിലും പരീക്ഷാസമ്പ്രദായത്തിലും യാതൊരു പരിവർത്തനവും കാണുന്നില്ല. അതിനൊരു ശ്രമവും നടക്കുന്നുമില്ല. പകരം നഗ്നപാദഭിഷഗ്വരന്മാരേയും സങ്കരകോഴ്സുകളും സൃഷ്ടിച്ച്, ഉള്ളതിനെ വളരാനനുവദിക്കാതിരിക്കുകയുമാണ് ചെയ്യുന്നത്. വൈദ്യശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം, ഇന്നത്തെ പഠനം ഒട്ടും സമഗ്രമല്ല. ഇത്ര ദീർഘിച്ച കാലയളവിലും കുറഞ്ഞ പ്രായോഗികപരിശീലനമേ ലഭിക്കുന്നു. പകരം തിയറി പഠനത്തിനാകട്ടെ അനാവശ്യമായി സമയം ചെലവഴിക്കുന്നു. പരീക്ഷകളിലെ മാർക്കും ഒരു വിദ്യാർത്ഥിയുടെ കഴിവിന്റെ അഥവാ വിജ്ഞാനത്തിന്റെ മാനദണ്ഡമായി കണക്കാക്കുന്ന സമ്പ്രദായം ഈ രംഗത്തും ബാലിശമായി നിലനില്ക്കുന്നു. ഇവിടെ വിദ്യാർത്ഥിയുടെ കഴിവിനേക്കാളേറെ പരീക്ഷകനെയാണ് വിജയം ആശ്രയിച്ചിരിക്കുന്നത്. വൈദ്യശാസ്ത്രപഠനത്തിൻ കീഴിലുള്ള ഡിപ്പാർട്ടുമെന്റുകൾ ഒന്നും തന്നെ സ്വയംപര്യാപ്തമായിട്ടില്ലാത്തതുകൊണ്ടും സമകാലികമായ വൈദ്യശാസ്ത്രപുരോഗതി ഉൾക്കൊള്ളുവാനും അതിനെക്കുറിച്ച് സമൂഹത്തെ ബോധവാന്മാരാക്കുവാനുമുള്ള ഒരു പദ്ധതിയുടെ അഭാവവും വൈദ്യശാസ്ത്രപഠനത്തെ വളരെക്കാലം പിന്നോട്ടുകൊണ്ടുപോയിരിക്കുന്നു.

## കലാലയ വിദ്യാഭ്യാസത്തെപറ്റി

— പി. കെ. അനിൽ

ഇന്നത്തെ വിദ്യാഭ്യാസവ്യവസ്ഥിതി ഏതെങ്കിലും ഒരു വിഭാഗം വിദ്യാർത്ഥികളെയെങ്കിലും സംതൃപ്തരാക്കുന്നുണ്ടോ? ഇല്ലെന്നായിരിക്കും ഉത്തരം. സിലബസ് കൂട്ടലും കുറയ്ക്കലുമാണ് വിദ്യാഭ്യാസപരിഷ്ക്കാരമെന്ന് ധരിച്ചവരായ സർവ്വകലാശാലകളും ഗവർമ്മെണ്ടുകളുമാണ് നമുക്കുള്ളത്.

അടുത്തകാലത്തായി സംസ്ഥാന ഗവർമ്മെണ്ട് ഏർപ്പെടുത്തിയിട്ടുള്ള ഏറ്റവും വലിയ വിദ്യാഭ്യാസപരിഷ്കാരമാണ് 'ഗ്രൂപ്പ് സിസ്റ്റം'! അത് വിദ്യാർത്ഥികൾക്ക് നന്മയോ തിന്മയോ ആണ് ചെയ്യുക എന്നു വിദ്യാഭ്യാസ വിദഗ്ധർ ചിന്തിച്ചില്ലെങ്കിൽ വിദ്യാർത്ഥികളെങ്കിലും ചിന്തിക്കേണ്ടിവരും. സർവ്വകലാശാലകളുടെ 'പരിഷ്കരണ'ങ്ങളെക്കുറിച്ച് എഴുതുകയാണെങ്കിൽ അതുതന്നെ ഒരു ബൃഹദ്ഗ്രന്ഥത്തിനു വകയുണ്ട്. പാഠപുസ്തകത്തിൽ വേഡ്സ്വർത്തിന്റെ കവിതയ്ക്കു പകരം കീറ്റ്സിന്റെ കവിത അടിച്ചുചേർത്തത് ഒരു വർഷത്തെ സുപ്രധാനനേട്ടമായെണ്ണുന്ന സർവ്വകലാശാലകളാണ് ഇന്നു നമുക്കുള്ളത്.

പഴയ ഗുരുകുല സമ്പ്രദായം ഇന്നത്തേതിനേക്കാൾ ഉപയോഗപ്രദമായിരുന്നു. അക്ഷരാഭ്യാസത്തിനൊപ്പം ജീവിതത്തിലെ മറ്റു പ്രവർത്തനങ്ങളും നായാട്ടും കൃഷിചെയ്യലും ഭക്ഷണം പാകം ചെയ്യലും വിദ്യാർത്ഥി പരിശീലിച്ചിരുന്നു. കുറെ ഇംഗ്ലീഷ് വാക്കുകൾ പെറുക്കിവെക്കാൻ കഴിഞ്ഞാൽ ഒരാൾ വിദ്യാസമ്പന്നനായി എന്ന ധാരണ സാധാരണക്കാരിലും സാധാരണക്കാരല്ലാത്തവരിലും ഇന്നത്തെ വിദ്യാഭ്യാസരീതിയുടെ ഫലമായി പടർന്നു പിടിച്ചിരിക്കയാണ്. പഠനസമയത്തിന്റെ നാലിൽ മൂന്നു ശതമാനവും ഭാഷാപഠനത്തിനായി ചെലവഴിക്കപ്പെടേണ്ടിവരുന്നതിനാൽ ശാസ്ത്രവിഷയങ്ങളുടെ പഠനത്തിനുവേണ്ട സമയം വിദ്യാർത്ഥിക്കു നഷ്ടപ്പെടുന്നു. (എന്നാൽ വിക്ടോറിയൻ ശൈലിയിലുള്ള ഇന്നത്തെ ഇംഗ്ലീഷ് ക്ലാസ്സുകൾ ആധുനിക ഭാഷയിൽ (Modern English) എഴുതപ്പെട്ട സമകാലിക ശാസ്ത്രലേഖനങ്ങൾ മനസ്സിലാക്കാൻ വിദ്യാർത്ഥിയെ ഒട്ടും സഹായിക്കുന്നുമില്ല.) ഗണിതശാസ്ത്രമോ ഊർജ്ജതന്ത്രമോ രസതന്ത്രമോ ഒരു വിഷയമായി പഠിക്കുന്ന വിദ്യാർത്ഥിക്കും, പഠനം കഴിഞ്ഞും സർട്ടിഫിക്കറ്റ് കിട്ടണമെങ്കിൽ അവന്റെ വിഷയത്തിൽ മുഴുവൻ മാർക്കും കിട്ടിയാലും ഭാഷയിൽ വിജയിച്ചിരിക്കണമെന്ന നിബന്ധനയുടെ പൊള്ളത്തരം ആലോചിക്കുക. ഇത്രയൊക്കെ പറഞ്ഞതിൽനിന്നും നാം പഴയ ഗുരുകുല സമ്പ്രദായത്തിലേക്ക് തിരിഞ്ഞു നടക്കണമെന്ന സൂചനയൊന്നുമില്ല.

ഇന്നത്തെ വിദ്യാഭ്യാസം ഇങ്ങിനെ ചീഞ്ഞുനാറിയതിൽ അദ്ധ്യാപകർക്കുള്ള പങ്ക് ഒട്ടും കുറവല്ല. "ഇത് പരീക്ഷക്ക് ചോദിക്കാൻ വഴിയില്ല, അതുകൊണ്ട് വിട്ടുകളയാം" എന്നു ശഠിക്കുന്ന അദ്ധ്യാപകൻ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനതത്വത്തിനും തന്നെ കോടാലിവെക്കുകയല്ലേ? പക്ഷേ, നിയമത്തിനുമുന്നിൽ പാവം അദ്ധ്യാപകൻ എന്തുചെയ്യും? നിശ്ചിതമണിക്കൂറുകൾക്കുള്ളിൽ ധാരാളം പഠിപ്പിക്കാൻ—തെറ്റിപ്പോയി, ഓതിക്കൊടുക്കാൻ—അയാൾ നിർബ്ബന്ധിതനാണ്. വിദ്യാർത്ഥികൾ പഠിക്കുന്നോ ഇല്ലയോ എന്നന്വേഷിക്കാൻ അയാൾ ബാദ്ധ്യസ്ഥനല്ല.

ഈ വ്യവസ്ഥിതിയുടെ മാറ്റത്തിനു വേണ്ടിയാണ് ഇന്നത്തെ വിദ്യാർത്ഥികൾ ദാഹിക്കുന്നത്—ശാസ്ത്രീയബോധവും പ്രായോഗികബുദ്ധിയുമുള്ള ആസൂത്രണത്തിനു വേണ്ടി. വിദ്യാഭ്യാസ കാലം 11+1+3-ൽനിന്ന്, 10+2+3 ആക്കിയതുകൊണ്ടോ ചോദ്യബാങ്കുകൾ കൊണ്ടോ Cancellation-ൽ നിന്നു Improvement- ആക്കിയതുകൊണ്ടോ വലിയ വിശേഷമൊന്നുമില്ല.

ഇന്നത്തെ വിദ്യാഭ്യാസം ഒരു കൂട്ടം പുസ്തകപ്പുഴുക്കളേയും സ്വപ്നജീവികളേയും മാത്രമേ സൃഷ്ടിക്കുന്നുള്ളു. കുറെ വാചകങ്ങളും സമ വാക്യങ്ങളും തീരെ പ്രയോജനരഹിതമായി കാണാപാഠം പഠിപ്പിക്കുന്നതിനു പകരം ജീവിതത്തിനു പ്രയോജനകരമായ, ജീവിതത്തിൽ പ്രയോഗസാദ്ധ്യതയുള്ള വിവരങ്ങൾ പഠിപ്പിക്കാൻ വിദ്യാലയങ്ങൾക്കു കഴിയണം. ഇന്ന് 'വിദ്യ'യാണെന്ന് ആരും പറയാത്ത കൃഷി, മത്സ്യബന്ധനം, കെട്ടിടനിർമ്മാണം (മരപ്പണി, കൽപ്പണി), സാങ്കേതിക ഉപകരണങ്ങളുടെ നിർമ്മാണം എന്നിവയെക്കുറിച്ചുള്ള അറിവ് ഇന്നത്തെ ക്ലാസുമുറികൾ തരുന്ന അറിവിനെ അപേക്ഷിച്ച് എത്രയോ ഇരട്ടി മാനുഷികവും മഹത്തും പ്രയോജനകരവുമാ

ണ്. അശാസ്ത്രീയമായ പഠനവും പരിശീലനവും മൂലം പ്രകൃതിസമ്പത്തിന്റെ ഒരു ഭാഗംപോലും ചൂഷണം ചെയ്യാൻ നമ്മുടെ നാട്ടിലെ അദ്ധ്വാനിക്കുന്ന ജനങ്ങൾക്കു കഴിയുന്നില്ല. ഇതുകൊണ്ടു ദ്ദേശിക്കുന്നത് 'കടലാസിൽ' കൃഷി ചെയ്യുകയും കാലിവളർത്തുകയും യന്ത്രസാമഗ്രികൾ നിർമ്മിക്കുകയും ചെയ്യുന്ന (ഇന്നത്തെ എഞ്ചിനീയറന്മാരും കൃഷി സാങ്കേതിക വിദഗ്ധരും പോലുള്ള) ഒരു തലമുറയെയല്ല, അദ്ധ്വാനിക്കാൻ മനസ്സുള്ള, വിവരമുള്ള, സൗകര്യമുള്ള സാമൂഹ്യബോധവും ലക്ഷ്യബോധവുമുള്ള ഒരു തലമുറയെയാണ്.

സ്കൂൾ ഫൈനൽ കഴിയുന്ന വിദ്യാർത്ഥി കോളേജിലെത്തുമ്പോൾ അവനും ലക്ഷ്യമൊന്നുമില്ല. ലക്ഷ്യമില്ലാത്ത കുറെ വർഷങ്ങൾ അവിടെ തള്ളുന്നു. ലക്ഷ്യമില്ലാതെ പുറത്തിറങ്ങുന്നു. ഈ ലക്ഷ്യമില്ലാത്ത വിദ്യാഭ്യാസം തന്നെയാണ് വിദ്യാർത്ഥിയെ ലക്ഷ്യബോധമില്ലാത്തവനാക്കുന്നതും. പ്രാഥമികവിദ്യാഭ്യാസം കഴിയുമ്പോഴേക്കും ഏതെങ്കിലും ഒരു ലക്ഷ്യം കാണാൻ വിദ്യാർത്ഥികൾക്കു കഴിയണം. (സാധാരണ പറയപ്പെടുമ്പോലെ ഡോക്ടറോ എൻജിനീയറോ ശാസ്ത്രജ്ഞനോ IAS കാരനോ ആയിത്തീരുക എന്ന 'ഉന്നത' ലക്ഷ്യമല്ല ഇവിടെ ഉദ്ദേശിക്കുന്നത്).

ദൽഹിയിലെ വൈസ്രോയിക്ക് ഗുമസ്തന്മാരെ സൃഷ്ടിക്കാൻ ആരംഭിച്ച വിദ്യാഭ്യാസം ഇന്നും പുരോഗമിച്ച് പുരോഗമിച്ച് ബോംബയിലെ മാർവാഡിക്ക് ഗുമസ്തന്മാരെ സൃഷ്ടിക്കുന്ന പരുവത്തിൽ എത്തിനിൽക്കുന്നു. സ്വാതന്ത്ര്യത്തിന്റെ കയ്പ് മുപ്പതുകൊല്ലം ആസ്വദിച്ചിട്ടും നാമിന്നും അടിമത്തത്തിന്റെ ഈ പടുകുഴിയിൽ തന്നെ; മോചനമില്ലാതെ, മോചനത്തിനും ശ്രമിക്കാൻ കെൽപ്പില്ലാതെ.

ഈ വിദ്യാഭ്യാസവ്യവസ്ഥയ ആകെ ഒന്നുടച്ചു വാർത്തില്ലെങ്കിൽ, പത്തുകൊല്ലത്തിനകം തൊഴിലില്ലായ്മ നിർമ്മാർജ്ജനം ചെയ്യും എന്നും മറ്റുമുള്ള വാഗ്ദാനങ്ങൾ, ശബ്ദംകൊണ്ടു നിരന്തരം മലിനപ്പെട്ടുകൊണ്ടിരിക്കുന്ന അന്തരീക്ഷത്തെ ഒന്നുകൂടി മലിനപ്പെടുത്താനേ ഉതകുകയുള്ളൂ.

## ധൈഷണിക സ്വാതന്ത്ര്യത്തിനൊരു മുഖവുര

— സി. പവിത്രൻ

### പോളോഫ്രെയറിന്റെ ചിന്തകളെക്കുറിച്ചൊരു വിചിന്തനം

നമുക്കു മാറ്റാവുന്ന ഒരവസ്ഥയായി സാമൂഹ്യയാഥാർത്ഥ്യത്തെ കാണാൻ നാം ശീലിക്കണം ഈ നിരീക്ഷണം നമുക്കു മോചനം നല്കുന്ന പ്രവർത്തനത്തിന്റെ പ്രേരകശക്തിയായി നില്ക്കും. നമ്മുടെ യാഥാർത്ഥ്യം ഒരു ആകസ്മികതയിൽ നിന്ന് ഉടലെടുത്തതല്ല. അതുകൊണ്ടുതന്നെ ഈ യാഥാർത്ഥ്യം ഒരാകസ്മികതയാൽ തുടച്ചുനീക്കപ്പെടുകയില്ല. ജീവൽപ്രശ്നങ്ങളിലധിഷ്ഠിതമായ മോചനത്തിന്റെ വിദ്യാഭ്യാസത്തിന് രൂപം നല്കുകയെന്നത് നമ്മുടെ ചരിത്രപരമായ കർത്തവ്യമാണ്.

അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം സൂക്ഷ്മമായ അപഗ്രഥനത്തിനു വിധേയമാക്കണം. മനുഷ്യന്റെ വളർച്ചയെക്കുറിച്ചുള്ള യാന്ത്രികമായ സങ്കല്പങ്ങളാണ് ഇന്നും ക്ലാസ് മുറികളെ ഭരിക്കുന്നതും ചലനമറ്റ ഒന്നായാണ് യാഥാർത്ഥ്യത്തെ അദ്ധ്യപകൻ ക്ലാസ്സുറികളിൽ അവതരിപ്പിക്കുന്നതും. അല്ലെങ്കിൽ വിദ്യാർത്ഥിക്ക് അന്യമായ, അവന്റെ ജീവിതാനുഭവങ്ങൾക്ക് അന്യമായ ഒരു വിഷയത്തെക്കുറിച്ച് അയാൾ വാചാലമായി സംസാരിക്കുന്നു. തന്റെ വിവരണത്തിന്റെ ഉള്ളടക്കം വിദ്യാർത്ഥിയുടെമേൽ അടിച്ചേല്പിക്കുന്നു. ക്ലാസുമുറികളിൽ വാക്കുകൾക്ക് അവയുടെ

മൂർത്തമായ സ്വഭാവം നഷ്ടപ്പെടുന്നു. പൊള്ളയായതും ഒറ്റപ്പെട്ടതും ആയ വാചാലതയായി വാക്കുകൾ പരിണമിക്കുന്നു.

ഈ വിദ്യാഭ്യാസരീതിയുടെ പ്രകടമായ ഒരു സവിശേഷത പദസൗന്ദര്യപരത ആണ്, വാക്കുകളുടെ ചലനാത്മകശക്തിയല്ല. ആജ്ഞാശക്തിയുള്ള ഒരു മനുഷ്യൻ കനിഞ്ഞുനല്കുന്ന ഒന്നാണ് അറിവ് എന്നതാണ് ക്ലാസ്സുറിക്കകത്തെ അറിവിനെക്കുറിച്ചുള്ള സങ്കല്പം. അങ്ങിനെ, വിവരിക്കപ്പെട്ടത് പകർത്തുകയും ഓർമ്മിക്കുകയും ആവർത്തിക്കുകയും ചെയ്യുന്ന ഒരുപകരണം മാത്രമാണ് വിദ്യാർത്ഥി. അന്വേഷണവും ഒരുമിച്ചുള്ള പ്രവർത്തനവുമാണ് മനുഷ്യത്വത്തിന്റെ മാനദണ്ഡം. എന്നാൽ, സംവാദം ക്ലാസ് മുറികളിൽ അസാദ്ധ്യമായ ഒന്നാണ് എന്ന തോന്നലാണ് വിദ്യാർത്ഥികൾക്കുണ്ടാവുന്നത്. സംവാദത്തിനുള്ള വിദ്യാർത്ഥിയുടെ ഇച്ഛയെ കൊല്ലാൻ പോന്നതാണ് ക്ലാസുമുറികളുടെ ഘടന. അറിവ് കൂട്ടായ അന്വേഷണത്തിലൂടെ നേടുന്നു എന്ന ധാരണയെ ക്ലാസുമുറികളുടെ ജ്യാമിതി (geometry) തകർക്കുന്നു. വിദ്യാർത്ഥികളുടെ പൂർണ്ണമായ അജ്ഞതയാണ് അദ്ധ്യാപകൻ തന്റെ നിലനില്പിന്റെ നീതീകരണമായിക്കാണുന്നത്; ക്ലാസുമുറിക്കകത്തെ എല്ലാ തീരുമാനങ്ങളും തന്റേതാണ്.

ചുറ്റുപാടുകളോട് സമർത്ഥമായി പൊരുത്തപ്പെട്ടു കഴിയുന്ന യുവാവ്—നമ്മെ സംബന്ധിച്ചേടത്തോളം വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം ഇതാണ്. വിമർശനബുദ്ധിയല്ല, നിഷ്ക്രിയത്വമാണ് ഈ രീതി വളർത്തുന്നത്. വിമർശനബുദ്ധി വിദ്യാർത്ഥിയെ സംബന്ധിച്ചേടത്തോളം ഒരാപത്താണ് എന്ന് മേധാവിത്വം കരുതുന്നു. അറിവ് ലോകത്തെ മാറ്റാനുള്ളതല്ല, മറിച്ച് പകർത്താനും ഓർമ്മിക്കാനും വീണ്ടും ആവർത്തിക്കാനുമുള്ളതാണ്. അങ്ങിനെ അറിവിന്റെ ചലനാത്മകസ്വഭാവം മിക്കവർക്കും അജ്ഞമാവുന്നു. വിദ്യാർത്ഥി തന്റെമേൽ അടിച്ചേല്പിക്കപ്പെട്ട നിർവികാരത്വം ഏറ്റെടുത്ത് ചുറ്റുപാടുകളോട് പൊരുത്തപ്പെട്ടു കഴിയുന്നു.

പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള തെറ്റായ ധാരണകളാണ് നമ്മെ ഈ പതനത്തിലെത്തിക്കുന്നത്. നമ്മൾ നിലനില്ക്കുന്നു അത്രതന്നെ. നമ്മുടെ വിദ്യാഭ്യാസരീതി ഈ കാഴ്ചപ്പാടിനുമേലാണ് പണിതിരിക്കുന്നത്. മനുഷ്യൻ ഒരു കാണിമാത്രമാണ്, സ്രഷ്ടാവല്ല. കാഴ്ചപ്പാടിൽ മനുഷ്യൻ ബോധമുള്ള ജീവിയല്ല; ബോധം പേറിനടക്കുന്ന ഒരാൾ മാത്രം—വിദ്യാഭ്യാസം നേടിയവൻ ചുറ്റുപാടുകളുമായി പൊരുത്തപ്പെട്ടു കഴിയുന്നു എന്ന സങ്കല്പം. മനുഷ്യനെക്കുറിച്ചും ചുറ്റുപാടിനെക്കുറിച്ചുമുള്ള വികലമായ ധാരണകളുടെ സൃഷ്ടിയാണ് യുവാക്കളുടെ നിർവികാരത്വം. ഇതും സത്യത്തിൽ മേധാവിത്വത്തിന്റെ സുരക്ഷിതത്വമാണ്. ഇതിനു പാകത്തിലാണ് പാഠ്യപദ്ധതിയുടെ അസൂത്രണം.

എന്നാൽ കാലം മാറുകയാണ്. വിമർശനബുദ്ധിയോടെ ചുറ്റുപാടുകളെ വിലയിരുത്താൻ നാം ശീലിക്കുകയാണ്. കർമ്മാധിഷ്ഠിതമായ സംവാദത്തിലൂടെ മാത്രമാണ് മനുഷ്യജീവിതത്തിന് അർത്ഥം സിദ്ധിക്കുന്നത് എന്നും ഇന്നു നമുക്കറിയാം. സത്യത്തിൽ ഒരദ്ധ്യാപകനും വിദ്യാർത്ഥിക്കുവേണ്ടി ചിന്തിക്കാൻ സാധ്യമല്ല. തന്റെ ചിന്ത അവന്റെ മേൽ അടിച്ചേല്പിക്കാനും സാധ്യമല്ല. യഥാർത്ഥചിന്ത, അതായത് സാമൂഹ്യയാഥാർത്ഥ്യത്തെക്കുറിച്ചുള്ള ചിന്ത, ഏകാന്തതയിലല്ലാ, സംവാദത്തിലാണ് നടക്കുന്നത്.

സംവാദത്തിന്റെ സംസ്കാരമാണ് നാം ലക്ഷ്യം വെക്കുന്നത് സംവാദത്തെ ഒരു മാനുഷികപ്രതിഭാസമായി അപഗ്രഥിക്കുമ്പോൾ, സംവാദത്തിന്റെ സാരമെന്തെന്നും മനസ്സിലാവുന്നു—വാക്കാണത്. എന്നാൽ വാക്ക് സംവാദത്തെ സാധ്യമാക്കുന്ന വെറുമൊരുപകരണം മാത്രമല്ല. വാക്കിനകത്തും രണ്ടു മാനങ്ങൾ (dimensions) കാണാനാവും. ചിന്തയും പ്രവർത്തനവും, ഇതി

ലൊന്നിനെ ത്യജിക്കുന്നപക്ഷം മറ്റൊന്നിനും നിലനില്പ് ഇല്ലാതാവും.അങ്ങിനെ ശരിയായ ഒരു വാക്ക് ഉച്ചരിക്കുകയെന്നുവെച്ചാൽ ലോകത്തെ മാറ്റലാണ്. ഒരു വാക്കിൽനിന്നും കർമ്മത്തിന്റെ മാനം ചോർത്തിക്കളഞ്ഞാൽ സ്വാഭാവികമായി ചിന്തക്കും ക്ഷീണം സംഭവിക്കും. വാക്ക് അലസമായ ശബ്ദമായി മാറുന്നു, ശൂന്യമായ വാക്കായി പരിണമിക്കുന്നു.

നിലനില്ക്കുകയെന്നുവെച്ചാൽ ലോകത്തെ മാറ്റലാണ് എന്ന് യുവാക്കൾ നേരിട്ടു മനസ്സിലാക്കുന്നത് സംവാദത്തിലാണ്. തന്റെ ആജ്ഞാശക്തിക്കും സംവാദത്തിന്റെ പശ്ചാത്തലത്തിൽ പ്രസക്തിയില്ലെന്ന് അദ്ധ്യാപകനും ബോധ്യമാവും. ശിക്ഷകന്റെ ളോഹ വലിച്ചെറിയാൻ അയാൾ നിർബ്ബന്ധിതനാവും. അങ്ങിനെ ശിക്ഷകനും ശിക്ഷിതനും തമ്മിലുള്ള അതിർവരമ്പ് ഇല്ലാതാവുന്നു. സാമൂഹ്യയാഥാർത്ഥ്യത്തെ മാറ്റാനാനുള്ള പ്രവർത്തനത്തിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും പങ്കാളികളാണെന്ന നിലവരുന്നു. സംവാദത്തിൽ പദസംഗീതപരതയ്ക്കു സ്ഥാനമില്ല. വാക്കുകളുടെ ചലനാത്മകസ്വഭാവമാണ് അവിടെ കാര്യം.

ജീവൽപ്രശ്നങ്ങളിലധിഷ്ഠിതമായ വിദ്യാഭ്യാസമാണു നമ്മുടെ ഉന്നം. യഥാർത്ഥ സംസ്കാരവും അറിവും നിലനിർത്തുന്ന ഒരു വ്യവസ്ഥയാണ് വിദ്യഭ്യാസരംഗത്തു നിലവിലുള്ളതെന്നു ചൂണ്ടിക്കാണിക്കപ്പെടാറുണ്ട്—എന്നാൽ, ഈ വിദ്യാഭ്യാസരീതിക്ക് ശരിയായ അറിവോ സംസ്കാരമോ ഇന്നേവരെ നേടാനൊത്തില്ലെന്നു നാം കണ്ടുകഴിഞ്ഞതാണ്—ഒന്നും ബന്ധപ്പെടുത്താതെ വിവരങ്ങൾ ശേഖരിക്കുന്ന അദ്ധ്യാപകനും ഈ വിവരങ്ങൾ യാന്ത്രികമായി പകർത്തുകയും ഓർമ്മിക്കുകയും ചെയ്യുന്ന വിദ്യാർത്ഥിക്കും സാമൂഹ്യയാഥാർത്ഥ്യത്തെ മാറ്റാനാവില്ല. ക്ലാസുമുറികൾ സംവാദത്തിന്റെ സംസ്കാരം വളർത്തുന്ന എന്നനില വന്നാൽ നമ്മുടെ ജീവൽപ്രശ്നങ്ങളെ വിമർശനബുദ്ധിയോടെ വിലയിരുത്താൻ നമുക്കുകഴിയും. സാമൂഹ്യ യാഥാർത്ഥ്യത്തെ മാറ്റാനുള്ള യഥാർത്ഥമായ അറിവുനേടലാണ് സംവാദത്തിന്റെ ലക്ഷ്യം. ഇതിന്റെ തുടക്കത്തിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും നിശിതമായ ഒരാത്മപരിശോധനയ്ക്കു ഒരുങ്ങേണ്ടിവരും. പാഠ്യവിഷയം വിദ്യാർത്ഥികളുടെ വിലയിരുത്തലിനുവേണ്ടി വിടുന്നു. വിദ്യാർത്ഥികളുടെ വിലയിരുത്തലിന്റെ വെളിച്ചത്തിൽ തന്റെ മുൻവിധികളെ അദ്ധ്യാപകൻ പുനഃപരിശോധിക്കുന്നു.

നിലവിലുള്ള വിദ്യാഭ്യാസരീതി യുവാക്കളിലുള്ള വിമർശനബുദ്ധിയും സർഗ്ഗാത്മകശക്തിയും നശിപ്പിക്കുന്നു. എന്നാൽ യാഥാർത്ഥ്യത്തെ നിരന്തരം നേരിട്ടുകൊണ്ടു മുന്നേറുക എന്നതാണ് ജീവൽ പ്രശ്നങ്ങളിലധിഷ്ഠിതമായ വിദ്യാഭ്യാസത്തിന്റെ രീതി. ആദ്യത്തെ രീതി ബോധത്തെ കൊല്ലുന്നു, രണ്ടാമത്തേതാകട്ടെ ബോധത്തിന്റെ ഉദയമാണ് കുറിക്കുന്നത്.

അങ്ങിനെ തങ്ങളേയും സമൂഹത്തേയും നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് കൂടുതൽ ബോധവാന്മാരാവുന്നതോടെ വിദ്യാർത്ഥികൾക്കും കൂടുതൽ വെല്ലുവിളികൾ നേരിടേണ്ടിവരും. ഈ വെല്ലുവിളികളെ ഒരു പ്രത്യേക ചരിത്രപശ്ചാത്തലവുമായി ബന്ധപ്പെടുത്തി പഠിക്കാൻ അവർക്കു സാധിക്കും. കൂടുതൽ വെല്ലുവിളികൾ പുതിയ അറിവുകൾ തരുന്നു. അങ്ങിനെ സോദ്ദേശ്യമായ ഒരു കർമ്മപദ്ധതിയിൽ തങ്ങളെല്ലാം പങ്കാളികളാണെന്ന ബോധം അവർക്കുണ്ടാവുന്നു.

## 15.1 Communist International

Arise ye prisoners of starvation. Arise ye wretched of the earth:
For justice thunders condemnation. A better world's in birth.
No more traditions chains shall bind us.
Arise ye slaves no more in thrall.
The earth shall rise on new foundations.
We have been naught, we shall be all.

Chorus:
'Tis the final conflict.
Let each stand in his place.
The internationale shall be the human race.



We want no condescending saviours
to rule us from their judgement hall.
We workers ask not for their favours.
Let us consult for all.
To make the thief disgorge his booty, to free the spirit from its cell.
We must ourselves decide our duty, we must decide and do it well.

(Repeat Chorus)

The law oppresses us and tricks us.
The wage slave system drains our blood.
The rich are free from obligations. The laws the poor delude.
Too long we've languished in subjection.
Equality has other laws. "No rights": says she, "without their duties,
no claims on equals without cause"

(Repeat Chorus)

Behold them seated in their glory,
the kings of mine and rail and soil.
What have you read in all their story but how they plundered toil?
Fruits of the workers' toil are buried in strongholds of the idle few
In working for their restitution, the men will only claim their due.

(Repeat Chorus)

We toilers from all fields united,
join hand in hand with all who work.
The earth belongs to us, the workers.
No room here for the shirk.
How many on our flesh have fattened.
But if the bloody birds of prey
Shall vanish from the sky some morning.
The blessed sunlight will stay.

(Repeat Chorus)

## പിൻകുറിപ്പ്

— അശോക്കുമാർ

ആറുവർഷക്കാലം വേണ്ടിവന്നു ഈ പുസ്തകം രൂപപ്പെടുത്താൻ. ആദ്യത്തെ പകുതി നിഷ്ക്രിയത്വമായിരുന്നു. പിന്നീട് ഓരോ പ്രാവശ്യവും പുസ്തകം തീരുമ്പോൾ എന്തെങ്കിലും പുതിയ കണ്ടെത്തൽ സംഭവിച്ചിരിക്കും.

ഇനി എന്തുണ്ടെങ്കിലും അടുത്ത എഡിഷനിൽ ചേർക്കാം എന്ന ഉറച്ചതീരുമാനത്തോടെ ഈ പുസ്തകം വായനക്കാർക്കു സമർപ്പിക്കട്ടെ.

പുസ്തകത്തിലൂടെ കടന്നുപോയ അനന്തമായ സന്ദർഭങ്ങളിൽ എപ്പോഴോ ദാസിനെ മരണത്തിനു വിട്ടുകൊടുത്തതിൽ വിഷമം തോന്നി. ആവർത്തിച്ചുള്ള വായനയിൽ തെളിഞ്ഞുതെളിഞ്ഞുവരുന്ന ആശയങ്ങളുടെ സത്യസന്ധതയും ആഴവും ദാസിലൂടെ മലയാളത്തിനു കിട്ടുമായിരുന്ന എന്തൊക്കെയോ നഷ്ടപ്പെട്ടിരിക്കുന്നു എന്നു തോന്നിപ്പിച്ചു.

'വിദ്യാഭ്യാസം ഉപേക്ഷിച്ച്' എന്നുള്ള പ്രസ്താവനയുടെ ആഴം വായനക്കാരനു ബോദ്ധ്യപ്പെടാനാണ് 'വിദ്യാഭ്യാസചർച്ച' അതേപടി അനുബന്ധത്തിൽ ചേർത്തത്. ഈ ചർച്ച സച്ചിദാനന്ദനും ദാസും ചേർന്നാണ് എഡിറ്റു ചെയ്തത്. ലേ ഔട്ട് ചെയ്ത് പ്രിന്റിങ്ങിന്റെ ചുമതലയേറ്റത് ദാസ് ആയിരുന്നു.

അടിയന്തിരാവസ്ഥയ്ക്കുശേഷം കേരളരാഷ്ട്രീയത്തിൽ സംഭവിച്ച ഉണർവ്വിന്റെയും അത് പൊടുന്നനെ തളർന്നതിന്റെയും കാരണങ്ങൾ ഇന്നും തർക്കവിഷയമാണ്.

ഈ കാലയളവിലെ എല്ലാഘട്ടങ്ങളിലൂടെയും കടന്നുപോകുകയും ക്രിയാത്മകമായി ഇടപെടാൻ ശ്രമിക്കുകയും ചെയ്ത ഒരു യുവാവിന്റെ ജീവിതമാണ് ഈ പുസ്തകത്തിൽ.

കലാലയവിദ്യാഭ്യാസത്തിന്റെ പരിമിതി ബോദ്ധ്യപ്പെടുകയും അതിന്റെ പരിഹാരം ഗൗരവപൂർവ്വം അന്വേഷിക്കാൻ അന്നു ലഭ്യമായ എല്ലാ വഴികളിലൂടെയും സഞ്ചരിച്ച് മാർക്സിസ്റ്റ് തത്ത്വശാസ്ത്രത്തിലെത്തിച്ചേരുകയും ചെയ്ത ദാസ് ആ കാലഘട്ടത്തിന്റെ മുഴുവൻ പ്രതിനിധിയാണ്.

സമൂഹത്തിന്റെ ഭാവിയായി താൻ കണ്ടെത്തിയ മാർക്സിസത്തിന്റെ പ്രായോഗം സി.പി.ഐ. എം.എൽ. പാർട്ടിയിൽ പ്രവർത്തിക്കുന്നതിലൂടെ സാക്ഷാത്കരിക്കാൻ കഴിയുമെന്ന ഉറച്ചവിശ്വാസത്തോടെയാണ് ദാസ് വയനാട് എത്തിച്ചേർന്നത്. പാർട്ടിനേതൃത്വത്തിന്റെ അന്തഃസ്സാരശൂന്യത ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് വയനാടു ജില്ലാസെക്രട്ടറി സ്ഥാനവും പാർട്ടി അംഗത്വവുമുപേക്ഷിച്ച് സ്വയം കണ്ടെത്താനും അതിലൂടെ തന്റെ സമൂഹത്തെ മാറ്റിത്തീർക്കാനുമായി കൂടുതൽ തീക്ഷ്ണമായ വായനയിലേക്കും പഠനങ്ങളിലേക്കും തിരിഞ്ഞു.

അക്കാലത്തെഴുതിയ ലേഖനങ്ങളുടെയും കത്തുകളുടെയും ഇടപെട്ട സംവാദങ്ങളുടെയും ലഭ്യമായ രേഖകളാണ് ഈ പുസ്തകത്തിൽ. കനപ്പെട്ട താത്ത്വിക-രാഷ്ട്രീയ ഗ്രന്ഥങ്ങളോടൊപ്പം തന്നെ ആദ്ധ്യാത്മിക രചനകളും സാഹിത്യകൃതികളും സിനിമയും ചിത്രകലയും ദാസിന്റെ പഠനങ്ങളിൽ ഉൾപ്പെട്ടിരുന്നു. യാത്രകളും പ്രണയവും വിനോദവും ദാസിന് അന്യമായിരുന്നില്ല. ജീവിതത്തിന്റെ ആഘോഷങ്ങളോട്ട് കടുത്ത ആഭിമുഖ്യം പുലർത്തിയിരുന്നു ദാസ്.

'ദിക്കറ്റുപോയ' അന്നത്തെ രാഷ്ട്രീയ അവസ്ഥയോട് തന്റെ മരണത്തിലൂടെ പ്രതികരിക്കുകയായിരുന്നു ദാസ്.

മുപ്പതുവർഷങ്ങൾക്കുശേഷം ഈ രചനകളോടുള്ള പ്രതികരണങ്ങൾ ഒരു ക്രിയാത്മകതയുടെ തുടക്കമായി കാണാം.

പ്രക്ഷുബ്ധമായ 1980'കളോട് മലയാളികൾ, സാധാരണക്കാരും കലാകാരന്മാരും പ്രതികരിച്ചത് പ്രതികരിക്കാതിരിക്കുന്നതിലൂടെയോ മൗനത്തിലൂടെയോ ആയിരുന്നു. കെ. ജി. സുബ്രഹ്മണ്യദാസിനെക്കുറിച്ചുള്ള പി. കെ. അശോക് കുമാർ എഡിറ്റു ചെയ്തിട്ടുള്ള പുസ്തകം 'സുബ്രഹ്മണ്യദാസ് ഇന്നും' അതിറങ്ങിയതിനുശേഷമാണ് ഞാൻ വായിക്കുന്നത്. അങ്ങനെയാണ് അപരിചിതനായ ദാസ് എന്റെ ജീവിതത്തിൽ പ്രവേശിക്കുന്നത്. താൻ ജീവിച്ച കാലത്തെ ഈ ചെറുപ്പക്കാരൻ നേരിട്ട സത്യസന്ധത ഇന്നും അപൂർവമാണ്. അദ്ഭുതാവഹമായ ആർജവത്തോടെ ആയിരുന്നു ദാസ് ആശയങ്ങളോടും പുസ്തകങ്ങളോടും ഫിലിമുകളോടും വ്യക്തികളോടും പ്രതികരിച്ചത്. ഇന്നും നമ്മുടെ കൂടെ ഉണ്ടാകേണ്ട ആളെന്ന് പലപ്പോഴും ദാസ് അദ്ദേഹത്തെക്കുറിച്ചുള്ള പുസ്തകത്തിലൂടെ ഓർമിപ്പിക്കുന്നു. ഇടതുപക്ഷ ആശയങ്ങൾ പിന്നോട്ടടിച്ച ഈ കാലത്തിൽ ദാസിന്റെ നിരീക്ഷണങ്ങൾ ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ വല്ലാതെ മിസ് ചെയ്യുന്നു.

— എൻ. എസ്. മാധവൻ

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014